# പാരിസ്ഥിതികസ്ത്രീവാദം -
## ഒ.എൻ.വി കവിതകളിൽ

കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാള – കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**ശ്രീകല. സി.ഇ**

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2019

# ECOFEMINISM – IN THE POEMS OF O.N.V.

**Thesis submitted under the**
**Department of Malayalam and Kerala Studies**
**of Calicut University for the Award of**
**DOCTOR OF PHILOSOPHY**

**SREEKALA. C.E**

**CALICUT UNIVERSITY**

**DEPARTMENT OF MALAYALAM AND**
**KERALA STUDIES**

**2019**

# സത്യവാചകം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ, അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല

തിയ്യതി :

**ശ്രീകല. സി.ഇ**

**ഡോ. എസ്. ശ്രീകുമാരി**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
പ്രോവിഡൻസ് വിമൻസ് കോളേജ്, കോഴിക്കോട്
(ഗവേഷണ മാർഗ്ഗദർശി,
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല)

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പിഎച്ച്.ഡി. ബിരുദത്തിനുവേണ്ടി **ശ്രീകല. സി.ഇ** സമർപ്പിക്കുന്ന **'പാരിസ്ഥിതികസ്ത്രീവാദം - ഒ.എൻ.വി കവിതകളിൽ'** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയ്യതി :

**ഡോ. എസ്. ശ്രീകുമാരി**

# കൃതജ്ഞത

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി തയ്യാറാക്കിയ പ്രബന്ധത്തിന്റെ രചനയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകിയ ഡോ. എസ്. ശ്രീകുമാരി ടീച്ചറോട് എനിക്ക് അകമഴിഞ്ഞ നന്ദിയും കടപ്പാടുമുണ്ട്.

പ്രബന്ധ പൂർത്തീകരണത്തിനായി പ്രോത്സാഹനം നൽകിയ വകുപ്പുമേധാവി ഡോ. എൽ. തോമസ്കുട്ടി, ഗവേഷണകാലയളവിൽ വകുപ്പധ്യക്ഷനായിരുന്ന ഡോ. അനിൽ വള്ളത്തോൾ, ഡോ. ഉമർ തറമേൽ എന്നിവർ നൽകിയ സഹായത്തിന് അളവറ്റ നന്ദിയുണ്ട്. ഗവേഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ തന്ന മലയാളവിഭാഗത്തിലെ മറ്റ് അധ്യാപകരായ ഡോ. പി. സോമനാഥൻ, ഡോ. എം. ബി. മനോജ്, ഡോ. ആർ.വി.എം. ദിവാകരൻ എന്നിവരോടും ഓഫീസ് ജീവനക്കാരോടും എനിക്ക് അതിരറ്റ നന്ദിയുണ്ട്.

ഗവേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉപദേശനിർദ്ദേശങ്ങൾ നൽകിയ കേരളവർമ്മകോളേജ് പ്രിൻസിപ്പാൾ ഡോ. കൃഷ്ണകുമാരി, ആലുവ യു.സി. കോളേജ് അധ്യാപിക ഡോ. മ്യൂസ് മേരി ജോർജ്ജ്, ചുങ്കത്തറ മാർത്തോമാകോളേജ് അധ്യാപിക മിനി പ്രസാദ്, കോഴിക്കോട് ഗവ. ആർട്സ് കോളേജ് അധ്യാപകൻ ഡോ. സത്യൻ എന്നിവരെ നന്ദിയോടെയല്ലാതെ ഓർക്കാൻ കഴിയില്ല. പ്രബന്ധത്തിന്റെ പ്രൂഫ് വായനയ്ക്കും നിർദ്ദേശങ്ങൾ തരാനും സമയം കണ്ടെത്തിയ ഡോ. ലിൻസിയെ നന്ദിയോടെ സ്മരിക്കുന്നു.

ഗവേഷണ പൂർത്തീകരണത്തിനായി പ്രചോദനവും പിന്തുണയും നല്കിയ എന്റെ ഭർത്താവ് ഹരികൃഷ്ണനോടും അമ്മയോടും അച്ഛനോടും അശോകേട്ടനോടും ശുഭയോടും ഉള്ള നന്ദി വാക്കുകളിൽ ഒതുക്കാൻ കഴിയില്ല. മക്കളായ ബാലാജിയും ശ്രീഭദ്രയും എന്നും ഒരു കൈത്താങ്ങായി സ്നേഹം പകർന്ന് എനിക്കൊപ്പമുണ്ടായി.

റഫറൻസിനായി സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി, സി.എച്ച്. മുഹമ്മദ് കോയ ലൈബ്രറി, തൃശ്ശൂർ അപ്പൻതമ്പുരാൻ ലൈബ്രറി, കേരളസാഹിത്യ അക്കാദമി, അന്വേഷി വിമൻസ് ലൈബ്രറി, ആലുവ യു.സി.കോളേജ് ലൈബ്രറി, മഞ്ചേരി പബ്ലിക് ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാർക്കും സമയബന്ധിതമായി പ്രബന്ധം ഡി.റ്റി.പി. ചെയ്തു തന്ന ബിനാ ഫോട്ടോസ്റ്റാറ്റിലെ ബാലു ഏട്ടനും മറ്റ് ജീവനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി സമർപ്പിക്കുന്നു.

**ശ്രീകല. സി.ഇ**

# ഉള്ളടക്കം


| | | പുറം |
|---|---|---|
| | ആമുഖം | 1 – 11 |
| അധ്യായം ഒന്ന് | പാരിസ്ഥിതികസ്ത്രീവാദം സിദ്ധാന്തവും പ്രയോഗവും | 12 – 83 |
| 1.1 | പരിസ്ഥിതിചിന്ത പ്രാരംഭവും ചരിത്രവും | |
| 1.1.1 | പരിസ്ഥിതിശാസ്ത്രം | |
| 1.1.2 | പ്രതിരോധത്തിന്റെ പാഠങ്ങൾ | |
| 1.1.2.1 | റേച്ചൽ കാഴ്സൺ | |
| 1.1.2.2 | ഇ.എഫ്. ഷൂമാക്കർ | |
| 1.1.2.3 | മസനോബു ഫുക്കുവോക്ക | |
| 1.1.3 | സംഘടനകളും പരിസ്ഥിതി പ്രവർത്തനവും | |
| 1.1.3.1 | അതിജീവനത്തിന്റെ ആശങ്കകൾ | |
| 1.1.3.1(a) | ഗ്രീൻപീസ് | |
| 1.1.3.1(b) | ചിപ്കോപ്രസ്ഥാനം | |
| 1.1.3.1(c) | നർമ്മദ ബചാവോ ആന്ദോളൻ | |
| 1.1.4 | പരിസ്ഥിതി പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും കേരളപരിസരത്തിൽ | |
| 1.1.5 | പരിസ്ഥിതിവാദം:വ്യത്യസ്ത ദാർശനിക പദ്ധതികൾ | |
| 1.1.5.1 | ഗഹനപരിസ്ഥിതിവാദം | |
| 1.1.5.2 | സാമൂഹ്യപരിസ്ഥിതിവാദം | |
| 1.1.5.3 | പാരിസ്ഥിതികമാർക്സിസം | |
| 1.1.5.4 | പാരിസ്ഥിതികസ്ത്രീവാദം | |
| 1.2 | സ്ത്രീവാദം : പ്രസ്ഥാനവും നിർവ്വചനവും | |
| 1.2.1 | സ്ത്രീവാദം-ചരിത്രപശ്ചാത്തലം | |
| 1.2.1.1 | അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം | |
| 1.2.1.2 | സ്വത്വത്തെ കണ്ടെത്താനുള്ള ശ്രമം | |
| 1.2.1.3 | സ്വന്തമായൊരിടത്തെക്കുറിച്ചുള്ള ബോധവും ആവശ്യകതയും | |
| 1.2.2 | സ്ത്രീവാദം - പ്രസക്തിയും പ്രാധാന്യവും | |
| 1.2.3 | സ്ത്രീവാദം-വീക്ഷണങ്ങളും വിശകലനങ്ങളും | |
| 1.2.4 | സ്ത്രീവാദം-വ്യത്യസ്തതലങ്ങൾ | |

| | | |
|---|---|---|
| 1.2.5 | സ്ത്രീവാദത്തിന്റെ ഉണർവ്വ് ഇന്ത്യയിൽ | |
| 1.2.6 | സ്ത്രീവാദം കേരള പരിസരത്തിൽ | |
| 1.2.7 | സ്ത്രീ സംഘടനയുടെ ആവശ്യകത | |
| 1.3 | പാരിസ്ഥിതികസ്ത്രീവാദം: അർത്ഥവ്യാപ്തി | |
| 1.3.1 | ഇക്കോഫെമിനിസം: പ്രധാനവക്താക്കളും കൃതികളും | |
| 1.3.2 | പാരിസ്ഥിതികസ്ത്രീവാദം : വിവിധധാരകൾ | |
| 1.3.3 | പാരിസ്ഥിതികസ്ത്രീവാദം ഇന്ത്യയിൽ | |
| **അധ്യായം രണ്ട്** | **പെണ്ണും പ്രകൃതിയും മലയാളകവിതയിൽ** | 84 – 152 |
| 2.1 | പ്രകൃതിയും സ്ത്രീയും | |
| 2.1.1 | പരിസ്ഥിതിദർശനം മലയാളത്തിൽ | |
| 2.1.2 | പാരിസ്ഥിതികസ്ത്രീവാദം കേരളത്തിൽ | |
| 2.2 | പരിസ്ഥിതി-സ്ത്രീ അവതരണം ആധുനിക ഘട്ടത്തിൽ | |
| 2.2.1 | ലേഖനം | |
| 2.2.2 | നോവൽ | |
| 2.2.3 | കഥ | |
| 2.2.4 | കവിത | |
| 2.2.5 | പുതുകവിതകൾ | |
| **അധ്യായം മൂന്ന്** | **ഒ.എൻ.വി. രചനയുടെ വഴികൾ** | 153 – 252 |
| 3.1 | ബാല്യവും വിദ്യാഭ്യാസവും | |
| 3.1.1 | ഉന്നതവിദ്യാഭ്യാസം | |
| 3.1.2 | ഒ.എൻ.വിയെ സ്വാധീനിച്ച വ്യക്തികൾ | |
| 3.1.3 | കർമ്മരംഗം | |
| 3.1.4 | പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യ നവോത്ഥാനവും | |
| 3.1.5 | പുരോഗമന സാഹിത്യപ്രസ്ഥാനവും ഒ.എൻ.വിയും | |
| 3.2 | ഒ.എൻ.വിയുടെ കാവ്യജീവിതം പ്രാരംഭം | |
| 3.2.1 | മാറിവന്ന സാമൂഹ്യപരിതസ്ഥിതിയും ഒ.എൻ.വിയുടെ ആദ്യകാലരചനകളും | |
| 3.3 | ഒ.എൻ.വി രചനയുടെ രണ്ടാംഘട്ടം | |
| 3.4 | ഒ.എൻ.വി രചനയുടെ മൂന്നാംഘട്ടം | |
| 3.5 | ഒ.എൻ.വിയുടെ ഗാനങ്ങൾ | |
| 3.5.1 | സിനിമാഗാനങ്ങൾ | |

| | | |
|---|---|---|
| 3.5.2 | നാടകഗാനങ്ങൾ | |
| 3.5.3 | ഒ.എൻ.വിയുടെ നാടകഗാനശൈലി | |
| 3.5.4 | അടിസ്ഥാനവർഗ്ഗത്തോടുള്ള മമത | |
| 3.6 | ഒ.എൻ.വിയുടെ നാടകഗാനങ്ങളിലെ സ്ത്രീ അവതരണം | |
| **അധ്യായം നാല്** | **പ്രകൃതി-സ്ത്രീ ആവിഷ്കാരം ഒ.എൻ.വി കവിതയിൽ** | 253 – 331 |
| 4.1 | പ്രകൃതി-സ്ത്രീഅവതരണം ആദ്യഘട്ട കവിതകളിൽ | |
| 4.2 | പ്രകൃതി-സ്ത്രീ അവതരണം തെരഞ്ഞെടുത്ത കവിതകളിൽ | |
| 4.2.1 | ഒ.എൻ.വി കവിതകളിലെ മുത്തശ്ശി | |
| 4.2.2 | പെങ്ങൾ ഒ.എൻ.വി കവിതകളിൽ | |
| 4.2.3 | മാതൃസങ്കല്പവും ഒ.എൻ.വി കവിതയും | |
| **ഉപസംഹാരം** | | 332 – 341 |
| **ഗ്രന്ഥസൂചി** | | 342 – 363 |
| അനുബന്ധം-1 | **ഒ.എൻ.വി ഗ്രന്ഥസൂചി** | 364 – 371 |
| അനുബന്ധം-2 | **ഒ.എൻ.വിയും പുരസ്കാരങ്ങളും** | 372 – 374 |
| അനുബന്ധം-3 | **പൂർവ്വപഠനങ്ങൾ, ഒ.എൻ.വി കവിതകളെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധങ്ങൾ** | 375 – 378 |
| അനുബന്ധം-4 | **പദസൂചി** | 379 – 380 |

# ആമുഖം

സഹിതസ്വഭാവമുള്ള സാഹിത്യം ഒരു ജനതയുടെ സംസ്കാരത്തിന്റെ കണ്ണാടിയാണ്. പരസ്പരാപേക്ഷയുള്ള അനേകം വിഷയങ്ങൾ, വികാരവിചാരങ്ങൾ, സൗന്ദര്യാനുഭവങ്ങൾ, ആശയാദർശങ്ങൾ എന്നിവയെല്ലാം ഇതിൽ ഒത്തുചേരുന്നു. ശബ്ദവും അർത്ഥവും ചേരുമ്പോൾ ജനിക്കുന്ന സാഹിത്യം പദാവലിയെയാണ് പ്രതിരൂപമാക്കുന്നത്. അതതു കാലഘട്ടത്തിലെ ജീവിതത്തെക്കുറിച്ച് സാഹിത്യം അനുവാചകന് വ്യക്തമായ ധാരണ നൽകുന്നുണ്ട്. ഗദ്യം പദ്യം എന്നീ രണ്ടു സാഹിത്യരൂപങ്ങളുള്ളതിൽ പദ്യരൂപത്തിലുള്ളതിനെ കവിത എന്നു പറയുന്നു. കവി എന്ന ശബ്ദത്തിൽ നിന്നും വ്യുല്പന്നമായ ഭാവനാമമാണ് കവിത. ഇതിൽ ആശയാവിഷ്കാരങ്ങൾക്ക് സൗന്ദര്യം വർദ്ധിക്കുന്നു. സാമൂഹികപ്രതിബദ്ധത കാത്തുസൂക്ഷിക്കുന്ന വ്യക്തിയാണ് യഥാർത്ഥ കവി. അതുകൊണ്ടുതന്നെ അതതുകാലത്തുള്ള സാമൂഹ്യസാംസ്കാരിക രാഷ്ട്രീയപ്രശ്നങ്ങളെ ആവിഷ്കരിക്കാനുള്ള ഒരു മാർഗ്ഗമാകുന്നുണ്ട് കവിതാരചന. ഒരു നാടിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നതിലും അത് സമൂഹമനസ്സിൽ രൂഢമൂലമാക്കുന്നതിലും അവിടുത്തെ സാമൂഹികവ്യവഹാരങ്ങൾക്ക് പങ്കുണ്ട്. ഒരു ജനതയെ സാംസ്കാരികമായ ഔന്നത്യത്തിലെത്തിക്കുന്നതിൽ കലാസാഹിത്യങ്ങൾ നിർണ്ണായകസ്ഥാനം വഹിക്കുന്നു. അതിൽ കവിതയുടെ സ്ഥാനം ശ്രദ്ധേയമാണ്. സമൂഹത്തിന്റെ വിശ്വാസങ്ങളും അഭിരുചികളും ഈടുവയ്പുകളും തലമുറകൾക്ക് പകർന്നുനൽകാൻ കവിതയ്ക്ക് കഴിയും. അതുകൊണ്ടുതന്നെ കവിതാപഠനങ്ങൾക്ക് പ്രസക്തി ഏറുന്നു.

ആധുനികസമൂഹത്തിലെ സ്ത്രീ-പുരുഷസങ്കല്പങ്ങൾക്ക് സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയമാനങ്ങൾ ഉണ്ട്. സംസ്കാരചരിത്രത്തിന്റെ പ്രാരംഭകാലം മുതൽ സംസ്കാരത്തിന്റെ ആധിപത്യം വഹിക്കുന്നത് പുരുഷനാണ്. പുരുഷാധിപത്യവ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീയുടെ അടിമത്തം സ്വാഭാവികമാണ്. അത്തരം സാമൂഹികചുറ്റുപാടിൽ സ്ത്രീ രണ്ടാംകിടപൗരയാണെന്ന് പരികല്പന ചെയ്യപ്പെടു

ന്നു. സ്ത്രീക്കുമേൽ അധികാരം സ്ഥാപിക്കാൻ പുരുഷനെ സഹായിക്കുന്ന എല്ലാ വ്യവസ്ഥിതികളെയും ആൺകോയ്മ എന്ന് വ്യവഹരിക്കാം. വർഗ്ഗാടിസ്ഥാനത്തിൽ താൻ ഉൾക്കൊള്ളുന്ന ജൈവപരിസ്ഥിതിയിൽ നിന്നും സ്ത്രീക്ക് നിരവധി ചൂഷണങ്ങൾ നേരിടേണ്ടി വരുന്നു. കുടുംബം, വിദ്യാഭ്യാസം, തൊഴിൽ, പൊതുഇടങ്ങൾ തുടങ്ങി സ്ത്രീ വ്യാപരിക്കുന്ന മേഖലകളിലെല്ലാം പുരുഷൻ സൃഷ്ടിക്കുന്ന പ്രതിരോധത്തെ ചെറുത്തുതോൽപ്പിച്ച് തുല്യപദവിയുള്ള വ്യക്തിയായി ജീവിക്കാൻ സ്ത്രീയെ പ്രാപ്തയാക്കുക എന്നതാണ് സ്ത്രീപക്ഷചിന്തയുടെ ദർശനം.

ആൺകോയ്മയുടെ അധികാരത്തിനുകീഴിൽ അരികുവൽകരിക്കപ്പെട്ട സ്ത്രീത്വത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരിക എന്നതാണ് ഫെമിനിസം കൊണ്ട് അർത്ഥമാക്കുന്നത്. സ്ത്രീയോടെന്നതുപോലെ പ്രകൃതിയോടും മനുഷ്യൻ പ്രകടമാക്കുന്ന അധിനിവേശസ്വഭാവത്തെ എതിർത്തുകൊണ്ട് പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുക എന്നതാണ് പരിസ്ഥിതിവാദത്തിന്റെ പഠനമേഖല ലക്ഷ്യമാക്കുന്നത്. ഭൂമിയുടെ സവിശേഷമായ ജൈവപരിസരങ്ങളിൽ മനുഷ്യൻ ഏല്പിക്കുന്ന ആഘാതങ്ങൾ ഒട്ടേറെ പാരിസ്ഥിതികപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതിനെതിരെ പരിസ്ഥിതിപ്രവർത്തകരും അതതുകാലത്തെ ഭരണകൂടവും സാംസ്കാരിക പ്രവർത്തകരും പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. എങ്കിലും ലോകത്ത് ഇന്ന് ദർശിക്കാൻ കഴിയുന്നത് പ്രകൃതിയുമായുള്ള സമരസപ്പെടലിന്റേതല്ല മറിച്ച് കീഴടക്കലിന്റെ ചിഹ്നങ്ങളാണ്.

ഇവിടെ മനുഷ്യൻ-പ്രകൃതി ബന്ധത്തിൽ വിള്ളലുകൾ തീർക്കുന്ന ഉപഭോഗസംസ്കാരം പ്രകൃതിയെ ലാഭം കൊയ്യാനുള്ള വില്പനച്ചരക്കാക്കുന്നു. ഭൂമിയെ മാതാവായിക്കണ്ട ഒരു ജൈവദർശനത്തിന് പ്രസക്തി ഇല്ലാതെയാകുന്ന സാഹചര്യം ഉണ്ടായി. പ്രജനനം, പരിപാലനം, ഉൽപാദനം എന്നീ സൃഷ്ട്യുന്മുഖവും ജൈവികവുമായ ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ സമാനത പുലർത്തുന്നവരായി പരിഗണിക്കപ്പെട്ട പ്രകൃതിയും സ്ത്രീയും ഒരേപോലെ ചൂഷണങ്ങൾക്കിരയാക്കപ്പെ

ടുന്ന അവസ്ഥ സംജാതമായി. സാമൂഹികപ്രതിബദ്ധതയുള്ള സാഹിത്യകാരന്മാർ പ്രകൃതിക്കും സ്ത്രീക്കും നേരിടേണ്ടി വരുന്ന ദുഃഖകരവും നിന്ദ്യവുമായ അവസ്ഥ കളെ രചനയ്ക്ക് വിഷയമാക്കി. അതിൽ പെണ്ണും പ്രകൃതിയും പരസ്പരപൂരകമാ കുന്ന ഒരു പ്രപഞ്ചദർശനത്തെയാണ് ഒ.എൻ.വി കവിത സാക്ഷാൽക്കരിക്കുന്നത്. പ്രകൃത്യുപാസന, പാരിസ്ഥിതികവ്യഥ, സ്ത്രീപക്ഷചിന്ത, സാമൂഹിക നീതിയുടെ പേരിലുള്ള ആകുലതകൾ, വിശ്വമാനവികത തുടങ്ങിയവയൊക്കെ ചേർന്ന ഒരു വിതാനത്തിലുള്ള ഒ.എൻ.വി കവിതകളെ പരിസ്ഥിതിചിന്തയുടെയും സ്ത്രീവാദചി ന്തയുടെയും അടിസ്ഥാനത്തിൽ പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

**പഠനലക്ഷ്യം**

'പാരിസ്ഥിതികസ്ത്രീവാദം – ഒ.എൻ.വി കവിതകളിൽ' എന്ന ഈ ഗവേഷ ണപ്രബന്ധത്തിൽ ഒ.എൻ.വിയുടെ തെരഞ്ഞെടുത്ത കവിതകളെ സ്ത്രീവാദ ത്തെയും പരിസ്ഥിതിവാദത്തെയും അടിസ്ഥാനമാക്കി പഠനവിധേയമാക്കുന്നു. അതിലൂടെ കവി കൈക്കൊണ്ട പരിസ്ഥിതിചിന്ത, സ്ത്രീപക്ഷ നിലപാടുകൾ എന്നിവ വിശകലനം ചെയ്യുന്നു. ജീവിതത്തിലും സമൂഹത്തിലും ഉണ്ടാകുന്ന പരി വർത്തനത്തിനനുസരിച്ച് കവിയുടെ വീക്ഷണഗതിയിൽ വ്യത്യാസമുണ്ടാകു ന്നുണ്ടോ എന്നും ഒ.എൻ.വി. കവിതയുടെ പരിണാമത്തിന് ആധാരമായ വസ്തുത എന്തെന്നും പ്രബന്ധത്തിൽ ചർച്ചചെയ്യുന്നു.

**പഠനമേഖല**

പഠനത്തിനാവശ്യമായ കവിതകൾ ശേഖരിക്കുന്നതിന് പ്രഥമാകരങ്ങളായിട്ടു ള്ളത് *ഒ.എൻ.വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം, ആദ്യകാല കവിത കൾ, പുനരപി, കടൽശംഖുകൾ, സൂര്യന്റെ മരണം, അനശ്വരതയിലേക്ക്, ഒ.എൻ.വി യുടെ ഗാനങ്ങൾ* എന്നീ കൃതികളാണ്. 'ഉപ്പ്', 'മുത്തശ്ശിമുല്ല', 'പെങ്ങൾ', 'കുഞ്ഞേട് ത്തി', 'കോതമ്പുമണികൾ', 'കായൽക്കാഴ്ചകൾ', 'വിശുദ്ധി', 'ബലിക്കുന്നുകൾ',

'വന്ധ്യമേഘങ്ങൾ', 'ആവണിപ്പാടം', 'അമ്മ', 'മൈക്കലാഞ്ജലോ, മാപ്പ്', 'വ്യാകുല മാതാവ്', 'പുനരപി', 'ഭൂമിക്ക് ഒരു ചരമഗീതം', 'മലങ്കുറത്തി' എന്നീ കവിതകളാണ് വിശദപഠനത്തിനായി സ്വീകരിച്ചിട്ടുള്ളത്. ഒ.എൻ.വി കവിതകളെക്കുറിച്ച് വന്നി ട്ടുള്ള ഗ്രന്ഥങ്ങളും ലേഖനങ്ങളും പഠനത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**പൂർവ്വപഠനങ്ങൾ**

മലയാളസാഹിത്യത്തിൽ സ്ത്രീപക്ഷചിന്തകൾക്കും പരിസ്ഥിതിചിന്ത കൾക്കും പ്രാധാന്യം കൈവന്നതോടെ അവയെക്കുറിച്ചുള്ള പഠനങ്ങൾക്കും പ്രസക്തി ഏറി. ഒ.എൻ.വിയുടെ രചനകളെക്കുറിച്ച് ഏറെ പഠനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഒറ്റയൊറ്റ ലേഖനങ്ങൾ എന്നതിലുപരി സ്ത്രീവാദത്തെയോ പരിസ്ഥിതി വാദത്തെയോ അടിസ്ഥാനമാക്കി ഗൗരവമായ പഠനങ്ങൾ ഉണ്ടായിട്ടില്ല.

പി.സോമൻ *ഒരു ഭൂമി ഒരു ആകാശം ഒരു സൂര്യൻ* എന്ന ഒമ്പത് അധ്യായ ങ്ങൾ ഉള്ള കൃതിയിലൂടെ ഒ.എൻ.വി കവിതയെക്കുറിച്ചുള്ള സാമാന്യപഠനത്തിന് ശ്രമിച്ചിട്ടുണ്ട്. പി.സോമന്റെ തന്നെ *ഒ.എൻ.വിയുടെ കവിജന്മങ്ങൾ* എന്ന കൃതിയിൽ ഒ.എൻ.വി കവിതയിലെ പ്രകൃതിപാഠങ്ങളെക്കുറിച്ചും സ്ത്രീപക്ഷത്തെ ക്കുറിച്ചും സാംസ്കാരികമുദ്രകളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്. എം.എം. ബഷീർ എഡിറ്റുചെയ്ത *ഫീനിക്സിന്റെ സംഗീതം* എന്ന കൃതിയിൽ ഒ.എൻ.വി യുടെ സർഗ്ഗജീവിതത്തിലേക്കും വ്യക്തിജീവിതത്തിലേക്കും ആണ്ടിറങ്ങുന്ന പഠന ങ്ങൾ കാണാം. ഒ.എൻ.വി കവിതയിലെ ഋതുഭേദങ്ങളെക്കുറിച്ചും ബിംബയോജന കളെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും നടത്തിയ പഠനങ്ങൾ ഇതിൽ ഉൾക്കൊ ള്ളുന്നു. കെ.ബി.ശെൽവമണി എഡിറ്റുചെയ്ത *ഒ.എൻ.വി. പഠനം സംഭാഷണം ഓർമ്മ* എന്ന കൃതി ഒ.എൻ.വിയുടെ കാവ്യലോകത്തെ സമഗ്രമായി അവതരിപ്പിക്കു ന്നു.

പ്രതാപൻ തായാട്ട് സമാഹരിച്ച *ഒ.എൻ.വി. ജ്ഞാനപീഠം കയറിയ കവിത യുടെ ഉപ്പ്,* എഴുമറ്റൂർ രാജരാജവർമ്മയുടെ *അക്ഷരമുദ്ര* എന്നീ കൃതികളിൽ

ഒ.എൻ.വി എന്ന വ്യക്തിയെയും കവിതയെയും മറ്റു മേഖലകളെയും കുറിച്ച് ചർച്ച ചെയ്യുന്നു. *ഒ.എൻ.വി ജ്ഞാനപീഠം കയറിയ ഉപ്പിൽ* ഒ.എൻ.വി കവിതയിലെ പരിസ്ഥിതിബോധത്തെക്കുറിച്ചുള്ള ജോളി സക്കറിയ എഴുതിയ 'പരിസ്ഥിതിബോധത്തിന്റെ ദ്വന്ദ്വമാനങ്ങൾ എന്ന ലേഖനം ഉണ്ട്. ജ്ഞാനപീഠപുരസ്കാരലബ്ധിയിൽ എത്തിയ കവിക്ക് എഴുത്തുകാർ നൽകിയ സ്നേഹോപഹാരമാണ് *അക്ഷരമുദ്ര.* ഒ.എൻ.വി കവിതയിലെ നാടോടിപാരമ്പര്യത്തെക്കുറിച്ചും വിശ്വമാനവികതാദർശനത്തെക്കുറിച്ചും മൂല്യസങ്കല്പങ്ങളെക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

ഒ.എൻ.വി കവിതയെ വിമർശനാത്മകമായി സമീപിച്ച ഒരു രചനയാണ് പ്രസന്നരാജന്റെ *കേരളകവിതയിലെ കലിയും ചിരിയും*. ഒ.എൻ.വി കൃതികളെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന *മലയാളത്തിന്റെ സൂര്യഗീതങ്ങൾ* എന്ന പുസ്തകം എൻ. ജയകൃഷ്ണൻ സമാഹരിച്ചതാണ്. 'ഭൂമിക്ക് ഒരു ചരമഗീതം' എന്ന കവിതയെക്കുറിച്ചുള്ള വ്യത്യസ്തമായ മുപ്പത്തിരണ്ട് പഠനങ്ങളാണ് *ഭൂമിക്ക് ഒരു അമരഗീതം* എന്ന ഗ്രന്ഥത്തിലുള്ളത്. എൻ. ജയകൃഷ്ണൻ എഡിറ്റുചെയ്ത ഈ കൃതിയിൽ പരിസ്ഥിതിചിന്തയുടെ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് കവിതയെ സമീപിക്കുക മാത്രമല്ല വിവിധ വീക്ഷണകോണുകളിലൂടെ രചനയുടെ സമകാലിക പ്രസക്തിയും സാർവ്വലൗകികതയും കണ്ടെത്താനുള്ള ശ്രമവും നടത്തുന്നുണ്ട്. വിവിധതലമുറകളിലുള്ള എഴുത്തുകാരുടെ സമീപനത്തിലൂടെ 'ഭൂമിക്ക് ഒരു ചരമഗീതം' എന്ന കവിതയുൾക്കൊള്ളുന്ന വിവിധമാനങ്ങളെ അടുത്തറിയാൻ സാധിക്കുന്നു.

*പെണ്ണും പ്രകൃതിയും ഒ.എൻ.വി കവിതയിൽ* എന്ന പേരിൽ എസ്. അജയഘോഷ് സമാഹരിച്ച ഗ്രന്ഥത്തിൽ ആണധികാരവ്യവസ്ഥയിൽ ചവിട്ടിയരക്കപ്പെടുന്ന സ്ത്രീയുടെ നിസ്സഹായാവസ്ഥയിൽ വിലപിക്കുന്ന കവിയായി ഒ.എൻ.വിയെ അടയാളപ്പെടുത്തുന്നു. പെണ്ണും പ്രകൃതിയും ദുരന്തത്തിലാണ്ടുപോകുന്ന വർത്തമാനകാല പരിതോവസ്ഥയുടെ നേർക്കാഴ്ചകളാകുന്ന 'ഒരു നിഷാ

ദന്റെ താക്കീത്', 'കോതമ്പുമണികൾ', 'കൃഷ്ണപക്ഷത്തിലെ പാട്ട്' തുടങ്ങിയ കവിതകളുടെ പഠനങ്ങളാണ് ഇതിൽ ഉൾക്കൊള്ളുന്നത്. പ്രശാന്ത്കൃഷ്ണൻ എഡിറ്റുചെയ്ത *ഒ.എൻ.വി ഉപ്പിന്റെ മാധുര്യം* ഒ.എൻ.വിയുടെ സർഗ്ഗജീവിതത്തെ അനുസ്മരിക്കുന്ന ഒരു കൃതിയാണ്. ഒ.എൻ.വി. കവിതയിലെ ക്രൈസ്തവബിംബങ്ങളെക്കുറിച്ചുള്ള പഠനമാണ് ഫാദർ ജോൺസൺ കൊച്ചുതുണ്ടിലിന്റെ *ഒലിവിലയുടെ പച്ചഞരമ്പുകൾ.* പിരപ്പൻകോട് മുരളി എഡിറ്റുചെയ്ത *ഒ.എൻ.വി കാവ്യസംസ്കൃതി* എന്ന ഗ്രന്ഥം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് പ്രസിദ്ധീകരിച്ചത്. ഒ.എൻ.വിയുടെ അൻപത്തിനാലു കൃതികളുടെ അവതാരികകളും പഠനങ്ങളുമാണ് ഈ പുസ്തകത്തിൽ സമാഹരിക്കപ്പെട്ടിരിക്കുന്നത്.

ഒ.എൻ.വിയുടെ വിവിധകവിതകളെക്കുറിച്ചുള്ള പഠനങ്ങൾ സമാഹരിച്ച് എസ്. രാജശേഖരൻ *ഒയെൻവിക്കവിത* എന്ന പേരിൽ ഒരു കൃതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിച്ച ഇതിൽ ഒ.എൻ.വി കവിതയിലെ ഭാവുകത്വപരിണാമത്തെയും ആധാരശ്രുതിയെയും ചിഹ്നവ്യവസ്ഥയെയും മൂല്യസങ്കല്പത്തെയും പഠനവിധേയമാക്കുന്നു. *ഉജ്ജയിനി*യെ ആസ്പദമാക്കി *മുദ്ര* എന്ന പേരിൽ സുവർണ്ണനാലപ്പാട്ട് പഠനം നടത്തിയിട്ടുണ്ട്. കാളിദാസന്റെ കാവ്യലോകത്തിലേക്ക് ഒ.എൻ.വി നടത്തിയ യാത്രയെ രസസിദ്ധാന്തമനുസരിച്ച് വിശകലനം ചെയ്യുന്നു. *ഉജ്ജയിനിയിലെ കാളിദാസൻ* എന്ന കൃതിയിൽ *ഉജ്ജയിനി* എന്ന കാവ്യാഖ്യായികയെക്കുറിച്ചുള്ള വ്യത്യസ്തവീക്ഷണകോണുകളിലൂടെയുള്ള പഠനങ്ങളാണ് വാഗ്ഭവപ്രവർത്തകർ പ്രസിദ്ധീകരിച്ചിരിക്കുന്നത്. *കാളിദാസനെത്തേടി ഉജ്ജയിനിയിലൂടെ* എന്ന പഠനത്തിൽ പി.പി. ദാമോദരൻ *ഉജ്ജയിനി* എന്ന കൃതിയെയും അതിന്റെ രചനാസാധ്യതകളെയും നിരൂപണവിധേയമാക്കുന്നു.

ഒ.എൻ.വിയുടെ രചനാതന്ത്രങ്ങളിലേക്കും ആവിഷ്കരണോപാധികളിലേക്കും ഇറങ്ങിച്ചെല്ലാൻ സഹായകമാകുന്ന ഒരു രചനയാണ് ജോളിസക്കറിയ

യുടെ *ഒ.എൻ.വി കവിത മൊഴിയും പൊരുളും*. ഷൂബ കെ.സ്. *ചൂലും ചുംബനവും ഉത്തരാധുനിക കവിതാവിമർശനം* എന്ന കൃതിയിൽ 'ഭൂമിക്ക് ഒരു ചരമഗീതം' എന്ന കവിതയെ വിമർശനാത്മകമായി സമീപിക്കുന്നു. ഒ.എൻ.വി. എന്ന വ്യക്തി യെക്കുറിച്ചും കവിയെക്കുറിച്ചും ഓർമ്മക്കുറിപ്പുകളായും ആശംസകളായും സംഭാ ഷണങ്ങളായും ധാരാളം കൃതികൾ ഉണ്ടായിട്ടുണ്ട്. *ഒ.എൻ.വിയിലൂടെ, ഒ.എൻ.വി എന്റെ ഗുരുനാഥൻ, ഒ.എൻ.വി.കുറുപ്പ്, ഒ.എൻ.വി. ഓർമ്മകളിൽ സുഗന്ധം, ഒ. എൻ.വി. സ്നേഹാക്ഷരങ്ങളിലെ ഉപ്പ്, ഒ.എൻ.വി. ജീവിതം രാഷ്ട്രീയം കവിത* തുട ങ്ങിയവ. ഇതിനുപുറമെ 2010 ഒക്ടോബറിൽ മാതൃഭൂമിയും ഭാഷാപോഷിണിയും ഒ.എൻ.വി. പതിപ്പുകൾ ഇറക്കിയിട്ടുണ്ട്. നിരവധി ആനുകാലികങ്ങളിൽ ഒ.എൻ.വി യുടെ ഒറ്റയൊറ്റ കവിതകളെക്കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. പത്രമാധ്യമങ്ങളിലും ധാരാളം രചനകൾ ഒ.എൻ.വി എന്ന വ്യക്തിയെയും കവി യെയും കുറിച്ച് ഉണ്ടായിട്ടുണ്ട്. ചില ഗവേഷണപ്രബന്ധങ്ങളും എടുത്തുപറയേണ്ട തായിട്ടുണ്ട്.

**പഠനപ്രസക്തി**

മേല്പറഞ്ഞ പഠനങ്ങളിൽ ഒന്നുംതന്നെ സ്ത്രീവാദപരമായും പരിസ്ഥിതി വാദപരമായും ഉള്ള സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഒ.എൻ.വി കവിതകളെ വിശകലനാത്മകമായി പഠിക്കുന്നില്ല. എന്നാൽ ചില ഒറ്റയൊറ്റ കവിതകളെ പരി സ്ഥിതി പരിപ്രേക്ഷ്യത്തിന്റേയും സ്ത്രീപക്ഷനിലപാടിന്റേയും അടിസ്ഥാനത്തിൽ പഠനവിധേയമാക്കുന്നുണ്ട്. സ്ത്രീയെയും പ്രകൃതിയെയും താരതമ്യാത്മകമായി അവതരിപ്പിക്കുന്നതിന്റെ പൊരുത്തവും പൊരുത്തക്കേടുകളും ഒ.എൻ.വി അവതരി പ്പിക്കുന്നതെങ്ങനെ എന്നും മലയാള കവിതാസാഹിത്യചരിത്രത്തിൽ അവയ്ക്കുള്ള സ്ഥാനം എന്ത് എന്നുള്ളതും പഠനത്തിന് വിഷയമായിട്ടില്ല. സ്ത്രീയുടെ അനുഭവ ങ്ങളുടെയും ആവശ്യങ്ങളുടെയും വെളിച്ചത്തിൽ സാഹിത്യകൃതികളെ വായിക്കാ നുള്ള പ്രവണത ചരിത്രപരമായ ഒരു അനിവാര്യതയാണ്. അതുതന്നെയാണ് ഈ പഠനത്തെ പ്രസക്തമാക്കുന്നതും.

**രീതിശാസ്ത്രം**

ഒ.എൻ.വിയുടെ തെരഞ്ഞെടുത്തകവിതകളെ സ്ത്രീവാദത്തിന്റെയും പരിസ്ഥിതിവാദത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. അവയിലെ ആഖ്യാനസവിശേഷതകൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.

**പ്രബന്ധസ്വരൂപം**

'പാരിസ്ഥിതികസ്ത്രീവാദം - ഒ.എൻ.വി കവിതകളിൽ' എന്ന ഗവേഷണപ്രബന്ധത്തിൽ ആമുഖം, ഉപസംഹാരം, ഗ്രന്ഥസൂചി, അനുബന്ധം, എന്നിവയ്ക്കു പുറമെ നാല് അധ്യായങ്ങളാണ് ഉള്ളത്.

'പാരിസ്ഥിതികസ്ത്രീവാദം സിദ്ധാന്തവും പ്രയോഗവും' എന്ന ഒന്നാം അധ്യായത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പരിസ്ഥിതിചിന്തയുടെ പ്രാരംഭത്തെയും ചരിത്രത്തെയും വിശദീകരിച്ചതിനുശേഷം അതുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളെയും ദാർശനികപദ്ധതികളെയും വിശദീകരിക്കുന്നു. തുടർന്നുള്ള ഭാഗത്ത് സ്ത്രീവിമോചനവാദത്തിന്റെ ചരിത്രവും സൈദ്ധാന്തിക നിലപാടുകളും സൂചിപ്പിക്കുന്നു. അതോടൊപ്പം കേരളത്തിലെ സ്ത്രീ അവസ്ഥക്ക് നവോത്ഥാനമൂല്യങ്ങളുടെയും സാമൂഹ്യരാഷ്ട്രീയ ചിന്താഗതികളുടെയും സ്വാധീനം മൂലം ഉണ്ടായ മാറ്റങ്ങളെയും വിശകലനം ചെയ്യുന്നു. അവസാനഭാഗത്ത് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അർത്ഥവ്യാപ്തിയെയും രൂപീകരണത്തെയും സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ഈ ചിന്താഗതിയുടെ ഉണർവ് എപ്രകാരമാണ് എന്ന് അടയാളപ്പെടുത്തുകയും ചെയ്യുന്നു.

'പെണ്ണും പ്രകൃതിയും മലയാളകവിതയിൽ' എന്ന രണ്ടാം അധ്യായത്തിൽ ആദ്യഭാഗത്ത് ആധുനികഘട്ടം വരെയുള്ള പാരിസ്ഥിതികസ്ത്രീവാദചിന്തയെ വിശകലനം ചെയ്യുന്നു. രണ്ടാമതായി പരിസ്ഥിതി-സ്ത്രീ അവതരണം ആധുനിക ഘട്ടത്തിൽ എപ്രകാരമാണ് എന്നുള്ള പഠനമാണ്. ലേഖനം, നോവൽ, കഥ, കവിത

തുടങ്ങിയ സാഹിത്യരൂപങ്ങളിൽ പരിസ്ഥിതിയും സ്ത്രീയും ഉൾച്ചേർക്കപ്പെടുന്നത് എങ്ങനെ എന്നന്വേഷിക്കുന്നു. അധ്യായത്തിന്റെ അവസാനഭാഗത്ത് പുതുകവികളുടെ അനുഭവതലം സ്ത്രീജീവിതത്തിന്റെ വേദനയെയും, പ്രകൃതിയെയും സ്ത്രീയെയും വസ്തുവൽകരിക്കുമ്പോൾ അവർക്ക് നേരിടേണ്ടി വരുന്ന പ്രതിസന്ധികളെയും എങ്ങനെ അവതരിപ്പിക്കുന്നു എന്ന് നിരീക്ഷിക്കുന്നു.

'ഒ.എൻ.വി രചനയുടെ വഴികൾ' എന്ന മൂന്നാം അധ്യായത്തിൽ ഒ.എൻ.വിയുടെ ജനനവും ബാല്യവും കാവ്യജീവിതത്തിന്റെ പ്രാരംഭത്തെയും പുരോഗമന സാഹിത്യപ്രസ്ഥാനവുമായുള്ള ബന്ധത്തെയും സൂചിപ്പിക്കുന്നു. ഒ.എൻ.വിയുടെ രചനയുടെ രണ്ടാംഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന 1960കളോടെ രചനകളിൽ വന്ന മാറ്റത്തെ നിരീക്ഷിക്കുന്നു. പരിസ്ഥിതിചിന്തക്കും സ്ത്രീവാദചിന്തക്കും പ്രധാന്യം കൊടുക്കുന്ന എഴുപതുകളുടെ ഉത്തരാർദ്ധത്തോടെ രചനയിൽ വന്ന വ്യതിയാനത്തെ വിശകലനം ചെയ്യുന്നു. തുടർന്നുള്ള ഭാഗത്ത് ഒ.എൻ.വിയുടെ ഗാനങ്ങളെക്കുറിച്ചുള്ള നിരീക്ഷണമാണ് ഉൾക്കൊള്ളുന്നത്.

'പ്രകൃതി-സ്ത്രീ ആവിഷ്കാരം ഒ.എൻ.വി കവിതയിൽ' എന്ന അവസാന അധ്യായത്തിൽ പുരുഷാധികാരവ്യവസ്ഥയിലും എല്ലാം കമ്പോളവൽക്കരിക്കപ്പെടുന്ന സമൂഹത്തിലും സ്ത്രീക്കും പ്രകൃതിക്കും നേരിടേണ്ടി വരുന്ന പരിമിതപ്പെടുത്തലുകളെ ഒ.എൻ.വി എങ്ങനെ തന്റെ രചനകളിൽ ആവിഷ്കരിച്ചു എന്നന്വേഷിക്കുന്നു. ആദ്യകാലരചനകളിൽ നിന്നും ഈ ഘട്ടത്തിലേക്കെത്തുമ്പോൾ എഴുത്തിലും സമീപനത്തിലും കാഴ്ചപ്പാടുകളിലും സവിശേഷതകൾ അനുഭവപ്പെടുന്നുണ്ടോ എന്ന് വിശകലനം ചെയ്യുന്നു. പ്രധാനമായും പതിനാറ് കവിതകളാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 1970 കൾക്കുശേഷമാണ് പരിസ്ഥിതി ചിന്തയും സ്ത്രീവാദചിന്തയുമൊക്കെ സാഹിത്യത്തിൽ വേരുകളാഴ്ത്തുന്നത്. ഒ.എൻ.വിയുടെ ആദ്യഘട്ടകവിതകളിൽ ഇത്തരം ചിന്തകൾക്ക് പ്രധാന്യമുള്ള രചനനിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ള ഒരന്വേഷണം അധ്യായത്തിന്റെ ആദ്യഭാ

ഗത്ത് നടത്തുന്നു. ‘കവിയും കാട്ടാളനും’, ‘ചോറൂണ്’, ‘ഭൂമി’ തുടങ്ങിയ കവിതകളെ വിശകലനം ചെയ്യുന്നു.

അടുത്തഭാഗത്ത് തെരഞ്ഞെടുത്ത കവിതകളെക്കുറിച്ചുള്ള വിശദപഠനം നടത്തുന്നു. ഇവിടെ സ്ത്രീയുടെ വ്യത്യസ്തഭാവങ്ങളായി അമ്മ, പെങ്ങൾ, മുത്തശ്ശി എന്നിവരെ അടയാളപ്പെടുത്തുന്നതും സ്ത്രീ പ്രതിനിധാനങ്ങളെ സമൂഹം എങ്ങനെയാണ് അരികുവൽക്കരിച്ചിരിക്കുന്നത് എന്നും നിരീക്ഷിക്കുന്നു. ഭൂമിമാതാവ് എന്ന സങ്കല്പത്തോട് ഇവയ്ക്കുള്ള ബന്ധത്തെ, സാമ്യത്തെ പഠനവിധേയമാക്കുന്നു. മനുഷ്യനിൽ നിന്നും പരിസ്ഥിതിക്ക് നേരിടേണ്ടിവരുന്ന പീഡനങ്ങളെ കവി ഏതുരീതിയിൽ നോക്കിക്കാണുന്നു, കവിയുടെ പരിസ്ഥിതിചിന്ത എന്ത്, സ്ത്രീ അവതരണത്തിന്റെ പ്രത്യേകത എന്ത് തുടങ്ങിയ അന്വേഷണവും ഈ അധ്യായത്തിൽ നടത്തുന്നു.

‘ഉപ്പ്’, ‘മുത്തശ്ശിമുല്ല’ എന്നീ കവിതകളുടെ പഠനത്തിലൂടെ മുത്തശ്ശി എന്ന സ്ത്രീഭാവം കവി ഏതുരീതിയിൽ തന്റെ രചനകളിൽ ഉൾക്കൊള്ളിക്കുന്നു എന്നന്വേഷിക്കുന്നു. ആധുനികതലമുറ മുത്തശ്ശിമാർക്കുനൽകുന്ന സ്ഥാനം ഏതുതരത്തിലാണെന്നും ചിന്തിക്കുന്നു. സമകാലിക സമൂഹത്തിൽ കുടുംബത്തിലും പൊതുഇടങ്ങളിലും സഹോദരിമാർക്ക് അനുഭവിക്കേണ്ടിവരുന്ന പരാധീനതകളെ ഇതിവൃത്തമാക്കുന്ന കവിതകളാണ് ‘പെങ്ങൾ’, ‘കുഞ്ഞേട്ത്തി’, ‘കോതമ്പുമണികൾ’, ‘കായൽക്കാഴ്ചകൾ’, ‘വിശുദ്ധി’, ‘ബലിക്കുന്നുകൾ’, ‘വന്ധ്യമേഘങ്ങൾ’ എന്നിവ. സമകാലിക സമൂഹത്തിന്റെ സ്ത്രീവിരുദ്ധഭാവങ്ങളെ, സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന ചൂഷണങ്ങളെ, പ്രകൃതിക്കുനേരിടേണ്ടി വരുന്ന കടന്നുകയറ്റങ്ങളെ ഒക്കെ കവി ഈ കവിതകളിൽ വിഷയമാക്കുന്നുണ്ട്. സ്ത്രീമനസ്സിന്റെ അവതരണങ്ങളിലൂടെ തന്റെയുള്ളിലെ വിഹ്വലതകളെ കവി എപ്രകാരം അടയാളപ്പെടുത്തുന്നു എന്ന പഠനമാണിവിടെ നടത്തുന്നത്.

'ആവണിപ്പാടം', 'മലങ്കുറത്തി', 'അമ്മ', 'മൈക്കലാഞ്ജലോ, മാപ്പ്', 'വ്യാകുലമാതാവ്', 'പുനരപി', 'ഭൂമിക്ക് ഒരു ചരമഗീതം' തുടങ്ങിയ കവിതകളുടെ വിശദപഠനത്തിലൂടെ ഉദ്ദേശിക്കുന്നത് ഭൂമിയെ മാതൃസ്ഥാനത്തു കല്പിക്കുന്ന കവി മാതൃബിംബത്തെ എങ്ങനെയാണ് തന്റെ രചനകളിൽ ആവിഷ്കരിച്ചിരിക്കുന്നത് എന്നന്വേഷിക്കാനാണ്. പുഴയേയും പാടത്തെയും പക്ഷികളെയും തന്റെ കവിതയ്ക്ക് വിഷയമാക്കുമ്പോൾ മുന്നോട്ടുവയ്ക്കുന്ന പരിസ്ഥിതിദർശനം എന്താണ് എന്ന് നിരീക്ഷിക്കുന്നു. പലപ്പോഴും പൊതുഇടങ്ങളിൽ നിന്നും കുടുംബത്തിൽ നിന്നുപോലും ആക്രമണങ്ങൾ നേരിടേണ്ടിവരുമ്പോൾ അടിസ്ഥാനവർഗ്ഗത്തിനുനേരെ, സ്ത്രീത്വത്തിനുനേരെ, പ്രകൃതിക്കുനേരെ ഉണ്ടാകുന്ന ആക്രമണങ്ങളുടെ തനതായ ആവിഷ്കാരമാകുന്നുണ്ടോ ആ കവിത എന്ന് വിശകലനം ചെയ്യുന്നു. പ്രകൃതി - ഭൂമി-സ്ത്രീ ഇവ അനുക്രമമായി എങ്ങനെ ഒ.എൻ.വിയുടെ കവിതയിൽ അവതരിപ്പിക്കപ്പെട്ടു, ആദ്യകാലകവിതകളിൽ നിന്ന് സമകാല കവിതകളിലേക്കെത്തുമ്പോൾ ആശയങ്ങളിൽ വരുന്ന മാറ്റങ്ങൾ എപ്രകാരമാണ്, വിഷയവ്യാപ്തി ഏതുതരത്തിലാണ് എന്നുള്ള അന്വേഷണം കൂടി ഈ അധ്യായത്തിൽ നടത്തുന്നു.

നാല് അധ്യായങ്ങളിലായി നടത്തിയ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ഉപസംഹാരത്തിൽ ക്രോഡീകരിക്കുന്നു. ഒ.എൻ.വി കൃതികൾ, ഒ.എൻ.വിക്ക് ലഭിച്ച പുരസ്കാരങ്ങൾ, ഒ.എൻ.വി കവിതകളെക്കുറിച്ചുള്ള പൂർവ്വപഠനങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ, പദസൂചി എന്നിവ അനുബന്ധത്തിൽ ഉൾപ്പെടുത്തുന്നു.

# അധ്യായം 1

# പാരിസ്ഥിതികസ്ത്രീവാദം സിദ്ധാന്തവും പ്രയോഗവും

ദശലക്ഷക്കണക്കിന് വർഷങ്ങളുടെ സഞ്ചാരത്തിനൊടുവിലാണ് ഭൂമി ഇന്നു കാണുന്ന ജൈവവൈവിധ്യങ്ങളുടെ കലവറയായി മാറിയത്. കാലാകാലങ്ങളായി ഇവിടെ നടക്കുന്ന പ്രകൃതി പ്രതിഭാസങ്ങൾ ഭൂമിയുടെ ഘടനയിലും സ്വഭാവത്തിലും മാറ്റങ്ങൾ വരുത്തി. പരിണാമത്തിന്റെ ഒരു ഘട്ടത്തിൽ ഭൂമിയിൽ ജീവൻ നാമ്പെടുത്തു. തുടർന്ന് പ്രപഞ്ചം വിവിധങ്ങളായ സസ്യജന്തുജാലങ്ങളുടെ അഭയ കേന്ദ്രമായി. ജീവജാലങ്ങളും അജീവിയ ഘടകങ്ങളും സമരസപ്പെട്ടു കഴിയുന്ന ഇത്തരം വാസസ്ഥലങ്ങളെയും ചുറ്റുപാടുകളെയും പരിസ്ഥിതി എന്നു വിളിക്കാം. ഒരു ജീവിയെയോ അതിന്റെ ആവാസവ്യവസ്ഥയെയൊ ചുറ്റപ്പെട്ടിരിക്കുന്നതും അവയിൽ പ്രവർത്തിക്കുന്ന ഭൗതികവും രാസപരവും ജൈവപരവുമായ ഘടകങ്ങൾ ചേർന്നതുമാണ് പരിസ്ഥിതി. എന്നാൽ ഭൗതികശാസ്ത്രത്തിൽ ഒരു പദാർത്ഥം ഉൾക്കൊള്ളുന്ന ഊർജ്ജത്തിന്റെയും സവിശേഷതകളുടെയും ശേഖരമായി ഇത് വ്യാഖ്യാനിക്കപ്പെടുന്നു. സാമൂഹ്യശാസ്ത്രപ്രകാരം വ്യക്തിയുടെയോ സമൂഹത്തിന്റെയോ വികസനത്തെ സ്വാധീനിക്കുന്ന പ്രാഥമികഘടകവും ആകുന്നു. ഒരു ചുറ്റുപാടിലെ ജീവികളുടെ പരസ്പരപ്രവർത്തനങ്ങളെക്കുറിച്ചും അവയ്ക്ക് പരിസ്ഥിതിയുമായുള്ള ബന്ധത്തെക്കുറിച്ചും പഠിക്കുന്ന ശാസ്ത്രശാഖയാണ് പരിസ്ഥിതിവിജ്ഞാനം.

### 1.1 പരിസ്ഥിതി ചിന്ത : പ്രാരംഭവും ചരിത്രവും

പ്രകൃതിയിലലിഞ്ഞു ചേർന്ന് പൂർണ്ണമായും അതിലൊരംശമായി ജീവിച്ച മനുഷ്യകുലത്തിന്റെ ചരിത്രത്തിൽ ഭക്ഷ്യശേഖരണം, ഊരുചുറ്റിക്കൊണ്ട് കാലിമേയ്ക്കൽ, സ്ഥിരവാസമുറപ്പിച്ച് കൃഷിചെയ്യൽ, വ്യവസായവൽക്കരണം എന്നിങ്ങനെ വ്യക്തമായ നാല് വിഭവ ഉപയോഗരീതികൾ കാണാം. ആധുനികകാലത്ത് മനു

ഷ്യസമൂഹം നേടിയ വ്യാവസായിക പുരോഗതി ഭൂമിയിൽ വരുത്തിയ ദുരന്തങ്ങൾ നിരവധിയാണ്. പരിസ്ഥിതി മലിനീകരണം ഇന്ന് ഒരു ആഗോളപ്രശ്നമാണ്. മാലിന്യങ്ങൾ വേഗത്തിൽ വിഘടിക്കുന്നവയും ചിലത് കാലങ്ങളോളം നശിക്കാതെ നിലനിൽക്കുന്നവയുമുണ്ട്. പ്ലാസ്റ്റിക്കുകൾ, രാസകീടനാശിനികൾ, ആണവമാലിന്യങ്ങൾ, ലോഹമാലിന്യങ്ങൾ തുടങ്ങിയവയെ ഇല്ലാതാക്കാൻ വിഷമമാണ്. ഏത് ഘടകത്തെ മലിനമാക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി അന്തരീക്ഷമലിനീകരണം, ജലമലിനീകരണം, മണ്ണ് മലിനീകരണം എന്നിങ്ങനെ മലിനീകരണത്തെ പ്രധാനമായും മൂന്നു വിധത്തിൽ തരം തിരിക്കാം. ഇത്തരത്തിലുള്ള സാമൂഹ്യപ്രശ്നങ്ങളുടെ ഗഹനമായ പഠനമാണ് പരിസ്ഥിതിചിന്തയിൽ ഉൾക്കൊള്ളുന്നത്. പ്രകൃതി ജീവജാലങ്ങൾക്ക് കനിഞ്ഞുനൽകിയ വിഭവങ്ങളെ ഉപയോഗിച്ചതിലുള്ള ധൂർത്തും കരുതലില്ലായ്മയുമാണ് പരിസ്ഥിതിയെ ഇന്നത്തെ അവസ്ഥയിലും പ്രതിസന്ധിയിലും എത്തിച്ചത്. പരിസ്ഥിതിചിന്ത ശക്തമായത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. പ്രകൃതിയിൽ മനുഷ്യർ നടത്തുന്ന കൈകടത്തൽ പ്രകൃതി വിഭവങ്ങളുടെ ദൗർലഭ്യത്തിനും പ്രകൃതിയുടെ ജൈവസന്തുലനം തന്നെ തകരാറിലാക്കുന്നതിനും ഇടയാക്കുന്നു. തിരിച്ചറിവിന്റേതായ ഈ ബോധമാണ് പരിസ്ഥിതി ചിന്തയുടെ ഉദ്ഭവത്തിന് കാരണമായത്. പരിസ്ഥിതിവാദം മുന്നോട്ടുവയ്ക്കുന്നതാകട്ടെ മനുഷ്യൻ ഭൂമിയുടെ ഒരംശം മാത്രമാണെന്നും, അവനുമാത്രമുപയോഗത്തിനുള്ളതല്ല പ്രകൃതിയും അതിലെ വിഭവങ്ങളും എന്ന ഒരു നിലപാടും ആണ്.

ശാസ്ത്രസാങ്കേതികവിദ്യയുടെ കടന്നുകയറ്റവും നവീനമുതലാളിത്ത വ്യവസ്ഥിതിയിലെ പുതിയ വിജ്ഞാനപദ്ധതികളും കൂടിച്ചേരുന്ന ഇന്നത്തെ സാമൂഹ്യ അവസ്ഥ ജീവജാലങ്ങളുടെ നിലനില്പ് അസാധ്യമാക്കുന്നു. ഇത്തരം ചിന്തയും അറിവും ഈ വിധത്തിലുള്ള പ്രശ്നങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയെ ഉയർത്തിക്കാണിച്ചു. കോളനിവൽക്കരണം, ഗ്രാമീണകൈത്തൊഴിലുകളുടെ നശീകരണം, ആദിമസംസ്കാരത്തിനേറ്റ തകർച്ച, മുതലാളിത്തവൽക്കരണം

തുടങ്ങി മൂന്നാം ലോകരാജ്യങ്ങളിലെ പാരിസ്ഥിതികപ്രശ്നങ്ങൾക്ക് മനുഷ്യപീഡനത്തിന്റെ ഒരു മുഖം കൂടിയുണ്ട്. സാമ്പത്തികമായി ഉയർന്ന നിലവാരമുള്ള രാജ്യങ്ങൾ വിഭവചൂഷണത്തിനും കൂലി കുറഞ്ഞ തൊഴിലാളികൾക്കുവേണ്ടിയും മൂന്നാം ലോകരാജ്യങ്ങളെ ആശ്രയിക്കുന്നു. അധിനിവേശങ്ങളും യുദ്ധങ്ങളും അസ്വസ്ഥത നിറച്ച അന്തരീക്ഷത്തിലെ ജീവിതസാഹചര്യങ്ങൾ അവശ്യവിഭവങ്ങളായ ജലം, വായു, ഭക്ഷണം എന്നിവയുടെ ദൗർലഭ്യത്തിനും തൊഴിലില്ലായ്മയ്ക്കും കാരണമായി. ഇത്തരത്തിലുള്ള സാമൂഹികസാഹചര്യം മനുഷ്യനെ പരിസ്ഥിതിസന്തുലനം നിലനിർത്തിക്കൊണ്ടുതന്നെ എങ്ങനെ സാമൂഹികമായും സാംസ്കാരികമായും വ്യാവസായികമായും മുന്നേറാൻ കഴിയും എന്ന ഒരു ചോദ്യത്തിലേക്കെത്തിച്ചു. ഈ അവസ്ഥയിൽ പ്രപഞ്ചനീതിയിലധിഷ്ഠിതമായ ഒരു 'വികസനശാസ്ത്ര'മാണ് പരിസ്ഥിതി ചിന്ത എന്ന ബോധം ഉടലെടുക്കുകയും ചെയ്തു.

പ്രകൃതിയോടുള്ള മനുഷ്യന്റെ സമീപനത്തിന് വിവിധകാലഘട്ടങ്ങളിൽ വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. സാമൂഹ്യജീവിതത്തിന്റെ ചരിത്രവുമായി പരിസ്ഥിതിവാദവും വളരെയധികം ബന്ധപ്പെട്ടു നിൽക്കുന്നു. പ്രാചീനകാലത്ത് പ്രകൃതിയിൽ നിന്ന് നേരിട്ടും വേട്ടയാടിയും ഭക്ഷണം ശേഖരിച്ചിരുന്നു. ആദിമമനുഷ്യൻ മുതൽ വ്യവസായവൽക്കരണകാലത്തെ, വർത്തമാനകാല മനുഷ്യനെ വരെ ചേർത്തുവച്ച് അവരുടെ ചരിത്രത്തിന്റെ വികാസം ഏതൊക്കെ ഘട്ടങ്ങളിലൂടെ എന്നു കണക്കിലെടുത്തുവേണം പരിസ്ഥിതിപഠനം നടത്താൻ.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സർഗ്ഗാത്മക ബന്ധത്തെക്കുറിച്ച് അവൻ പുലർത്തുന്ന അസ്തിത്വപരമായ അവബോധമാണ് പരിസ്ഥിതിബോധം. ഈ ചിന്തയാകട്ടെ ഏതാണ്ട് മനുഷ്യകുലസംസ്കാരത്തിന്റെ ആരംഭകാലം മുതൽക്കുതന്നെ തുടർന്നുപോരുന്നതുമാണ്. പ്രാചീനകാലത്ത് വേട്ടയാടിയും കൃഷിചെയ്തും ജീവിതം മുന്നോട്ടുകൊണ്ടുപോയ മനുഷ്യൻ പ്രകൃതിയെ മെരുക്കാനും ചൊല്പടിക്കു നിർത്താനും സ്വന്തം ശ്രേയസ്സിന്റെ ഉപാദാനമാക്കി

അതിനെ മാറ്റുവാനുമുള്ള ശ്രമം ആദികാലം മുതൽക്കുതന്നെ നടത്തിയിരുന്നു. ''ഭൂമിയിലെ മറ്റ് എല്ലാ ചരാചരങ്ങളും പ്രകൃതി നിയമത്തിനനുസരിച്ച് മാത്രം പ്രവർത്തിക്കുമ്പോൾ മനുഷ്യൻ പ്രകൃതിനിയമത്തിന് സമാന്തരമായി സ്വന്തം നിയമങ്ങൾ കൂടി സൃഷ്ടിച്ച് പ്രവർത്തിക്കുകയും പ്രകൃതിയെ തന്റെ ഹിതത്തിന് അനുസൃതമായി മാറ്റിത്തീർക്കുകയും ചെയ്യുന്നു. മനുഷ്യാധ്വാനത്തിന്റേതാണ് ഈ നിയമം''[1]. ആധുനിക ജീവിതത്തിന്റെ ഒരു ശീലം തന്നെയായി മാറി ചൂഷണം എന്നത്. കൂടുതൽ സുഖസൗകര്യങ്ങൾ എന്നതിൽ കവിഞ്ഞ് അമിതലാഭം ഈ ചൂഷണങ്ങളെ നിയന്ത്രിക്കുകകൂടി ചെയ്തതോടെ ചൂഷണ പ്രക്രിയയ്ക്ക് അവസാനമില്ലാതെയായി.

പ്രപഞ്ചത്തിലുള്ളതെന്തും തങ്ങൾക്കവകാശപ്പെട്ടതാണെന്നും തന്റെ ഇഷ്ടത്തിനനുസരിച്ച് ഉപയോഗിക്കാനുള്ളതാണ് പ്രകൃതി വിഭവങ്ങൾ എന്നും ഉള്ള ധാർഷ്ട്യം കലർന്ന ചിന്ത മനുഷ്യനിൽ ഉണ്ടായി. ഇതോടെ പ്രകൃതി-മനുഷ്യ പാരസ്പര്യത്തെക്കുറിച്ചുള്ള ബോധം മറന്ന് അവളെ വെറും ഉപഭോഗവസ്തുവാക്കാനുള്ള ശ്രമം മനുഷ്യൻ ആരംഭിച്ചു. ഭൗതിക സാഹചര്യങ്ങൾ കെട്ടിപ്പടുക്കുന്നതിൽ നേടിയ പുരോഗതി മനുഷ്യനെ പുതിയ ശക്തിയായി ഉയർത്തി. അതോടൊപ്പം പ്രകൃതിയിൽ അത് ആഴമേറിയ മുറിവുകളുണ്ടാക്കുകയും ചെയ്തു. അജയ്യതയിലേക്കു കുതിച്ചുകയറാനുള്ള ത്വരയോടൊപ്പം താൻ പ്രകൃതിയിലേല്പ്പിക്കുന്ന ആഘാതങ്ങളെ സംബന്ധിച്ച ബോധവും അവനിൽ ശക്തമായി വന്നു. പരിസ്ഥിതി വിജ്ഞാനീയം എന്ന ഒരു ശാസ്ത്രശാഖ രൂപംകൊള്ളുന്നത് ഈ സാഹചര്യത്തിലാണ്. ചരിത്രാതീതകാലം മുതൽ മനുഷ്യനും പ്രകൃതിയുമായുള്ള പരസ്പരബന്ധത്തിന്റെ സ്വാഭാവികമായ വികാസം എന്നതിനപ്പുറം വിശാലമായ ഒരു അർത്ഥതലം ഇന്നത്തെ പരിസ്ഥിതി ചിന്തകൾക്കും സമീപനങ്ങൾക്കും ഉണ്ട്. വ്യവസായവൽക്കരണത്തിന്റെ ഭാഗമായ യന്ത്രോപകരണങ്ങളുടെ ആവിർഭാവവും അവ സൃഷ്ടിക്കുന്ന അന്തരീക്ഷമലിനീകരണവും ഇവിടെ പഠനവിഷയമാക്കുന്നുണ്ട്. എൺപതുകളുടെ ആരംഭത്തോടെ അതുവരെ പ്രപഞ്ചത്തെക്കുറിച്ചും മനുഷ്യജീവി

തത്തെക്കുറിച്ചും ഒക്കെ നിലവിലുണ്ടായിരുന്ന വിശ്വാസങ്ങളിലും ചിന്തകളിലും പ്രകടമായ മാറ്റങ്ങളുണ്ടായി. ഇത്തരം സാമൂഹ്യസാഹചര്യങ്ങളോട് ചേർന്നാണ് പരിസ്ഥിതിവാദം പ്രബലമായത്. ആഗോളതലത്തിൽ പരിസ്ഥിതി ചിന്തയ്ക്ക് പ്രാമുഖ്യം വന്നതോടെ കേരളത്തിലും അതിന്റെ അനുരണനങ്ങൾ ഉണ്ടായി. സൈലന്റ്വാലി പ്രശ്നത്തോടെ അതിന് പ്രാരംഭം കുറിച്ചു.

### 1.1.1 പരിസ്ഥിതിശാസ്ത്രം (Ecology)

ആധുനികവും ആധുനികാനന്തരവുമായ ചിന്തകളിലാണ് പരിസ്ഥിതിവാദം ഉൾപ്പെടുന്നത്. 'ഓയിക്കോസ്' (Oikos-house) ലോഗോസ് (Logos-discourse) എന്നീ ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'ഇക്കോളജി' (Ecology -പരിസ്ഥിതി ശാസ്ത്രം) എന്ന പദത്തിന്റെ ഉദ്ഭവം.[2] 1866 ൽ ഏണസ്റ്റ് ഹെക്കൽ (Ernst Haeckel) ആണ് ഇക്കോളജിയെ നിർവ്വചിച്ചത്. അതു പ്രകാരം ജീവികളും അവ യുടെ ഭൗതികവും ജൈവികവുമായ ചുറ്റുപാടുകളുമായുള്ള ബന്ധത്തെപ്പറ്റി പ്രതി പാദിക്കുന്ന ശാസ്ത്രശാഖയാണ് പരിസ്ഥിതിശാസ്ത്രം[3] ഇക്കോളജി മനുഷ്യന്റെ അതിജീവനത്തെക്കുറിക്കുന്ന ശാസ്ത്രം തന്നെയാണ്. ആധുനിക പരിസ്ഥിതി ശാസ്ത്രം ആരംഭിക്കുന്നതാകട്ടെ ചാൾസ് എൽട്ടന്റെ പഠനങ്ങളോടെയാണ്. വ്യത്യസ്ത ഇനം ജീവികൾക്കു പരസ്പരവും അവ ജീവിക്കുന്ന വാസസ്ഥല ത്തോടും അവയുടെ ജൈവപരവും ഭൗതികവുമായ പരിസ്ഥിതികളോടും ഉള്ള ബന്ധത്തെ അദ്ദേഹം നിർവചിച്ചു. സമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും പരിധികളുണ്ട് എന്ന ഒരു ചിന്തയും പരിസ്ഥിതിവാദം ഉയർത്തുന്നുണ്ട്. മനുഷ്യന്റെ സ്വാർത്ഥതയ്ക്കും അധികാരശക്തികൾക്കും ഇരയായി പ്രാണൻ തന്നെ വേർപെട്ട് പോകുന്ന നമ്മുടെ ആദിസംസ്കാരത്തെ, പ്രകൃതിയെ വീണ്ടെടുക്കാനുള്ള പ്രതി രോധത്തിന്റെ ശബ്ദമാണ് പരിസ്ഥിതിവാദത്തിൽ ഉയർന്നു കേൾക്കുന്നത്.

മനുഷ്യന്റെ അതിരുകടന്ന സാമ്രാജ്യത്വമോഹങ്ങളും എല്ലാം കൈയടക്കാനുള്ള അധിനിവേശചിന്തകളും മനുഷ്യനും പ്രകൃതിയുമായുള്ള സമവായത്തെ നഷ്ടപ്പെടുത്തുകയും അതുവഴി തന്റെതന്നെ നാശത്തിനുള്ള വഴിയൊരുക്കുകയും ചെയ്തു. നിലക്കാത്ത ലാഭേച്ഛയും ഈ മണ്ണിൽ അധിപൻ ഞാൻ എന്നു വരുത്തിത്തീർക്കാനുള്ള ബോധപൂർവ്വമായ പ്രവൃത്തിയും മൂലം മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഇവിടെ പീഡനമനുഭവിക്കുന്നത് തദ്ദേശീയരായ മനുഷ്യനും അവന്റെ സംസ്കാരവുമാകുന്നു. ഈ അവസ്ഥയിൽ അതിനെതിരെ രൂപംകൊണ്ട പ്രതിരോധമാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം. (Ecological Aesthetics or Environmental Aesthetics) പ്രകൃതിയേയും അതിൽ ജീവിക്കേണ്ട ഭാവിതലമുറയേയും അവരുടെ സംസ്കാരത്തേയും സംരക്ഷിക്കുവാനുള്ള മാനവികതയുടെ മുന്നേറ്റം തന്നെയാണിത്. ആദിവാസികളും ദളിതരും സ്ത്രീകളും ഇതിൽ സജീവമായി മുന്നേറുന്നു. മാനവികതാവാദപരമായ വ്യവഹാരങ്ങൾ എങ്ങനെ പ്രകൃതിയെ നമ്മുടെ അവബോധത്തിൽ നിന്നുമാറ്റി എന്നത് ഇവിടെ ചിന്താവിഷയമാകുന്നു. ഇത്തരമൊരു അവബോധം പ്രകാശിപ്പിച്ച പൂർവ്വചിന്താധാരകളേയും ആധുനികകാലത്തെ പ്രകൃത്യാരാധനയുള്ള ധാരകളെ കണ്ടെത്താനും അതിന്റെ ഭാഗമായി കലാസാഹിത്യാദികൃതികളെ പരിശോധിക്കാനും ഉള്ള ഒരു ദാർശനിക സമീപനമാണ് പരിസ്ഥിതിസൗന്ദര്യശാസ്ത്രം. ഹരിതനിരൂപണം എന്ന പേരുകൂടിയുള്ള ഇത് നമ്മുടെ ഭൗതികജീവിതപരിസരവും സാഹിത്യവുമായുള്ള ബന്ധത്തെപ്പറ്റിയുള്ള ഒരു പഠനവുമാകുന്നു.

### 1.1.2 പ്രതിരോധത്തിന്റെ പാഠങ്ങൾ

ജീവന്റെ നിലനില്പിനും തുടർച്ചയ്ക്കുമുള്ള പാരിസ്ഥിതിക സംവിധാനങ്ങളിൽ മുതലാളിത്ത വ്യവസ്ഥയുടെ അധികാരമോഹവും ഉപഭോഗതൃഷ്ണയും കൈയേറ്റം നടത്തിയപ്പോൾ ഭൂമി മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ഒരു കുപ്പത്തൊട്ടിയായി കരുതപ്പെട്ടു. ശാസ്ത്രസാങ്കേതിക വിദ്യയുടേയും ജനപ്പെരുപ്പത്തി

ന്റേയും വനനശീകരണത്തിന്റേയുമൊക്കെ ദുരന്തഫലങ്ങളിൽ നിന്ന് നമ്മുടെ പ്രകൃതിയെ സംരക്ഷിക്കേണ്ട നില സംജാതമായി. പരിസ്ഥിതിക്കും മനുഷ്യജീവിതത്തിനും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തെപ്പറ്റിയുള്ള പഠനപദ്ധതികൾ 1980 കളോടെ അമേരിക്കയിലും 1990 കളോടെ ഇംഗ്ലണ്ടിലും ശക്തിപ്രാപിച്ചു. ഷെറിൽഗ്ലോഫെൽറ്റിയുടെ *ദി ഇക്കോ ക്രിട്ടിസിസം റീഡർ* പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിലെ ഒരു നാഴികക്കല്ലാണ്. 19-ാം നൂറ്റാണ്ടിൽ പ്രകൃതിയേയും ജീവിതത്തെയും ആഘോഷമാക്കി മാറ്റിയ അമേരിക്കൻ സാഹിത്യത്തിലെ ത്രിമൂർത്തികളായ റാൽഫ്വാൽഡോ എമേഴ്സൺ, മാർഗരറ്റ് ഫുള്ളർ, തോറോ എന്നിവരുടെ കൃതികളിൽ നിന്നാണ് അമേരിക്കൻ പരിസ്ഥിതി സൗന്ദര്യശാസ്ത്രം ഊർജ്ജം ഉൾക്കൊണ്ടത്. കാല്പനിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് ഇംഗ്ലണ്ടിലെ പരിസ്ഥിതി സൗന്ദര്യശാസ്ത്രം തുടക്കം കുറിക്കുന്നത്. ജൊനാഥൻ ബേറ്റിന്റെ *റൊമാന്റിക് ഇക്കോളജി* (1991), റെയ്മണ്ട് വില്ല്യംസിന്റെ *ഗ്രാമവും നഗരവും* എന്നിവ ഈ രംഗത്തെ പ്രധാന കൃതികളാണ്. പരിസ്ഥിതി ചിന്തയെ വികസിപ്പിക്കുന്നതിൽ ശാസ്ത്രജ്ഞന്മാരും ദാർശനികരും കലാകാരന്മാരും സാഹിത്യകാരന്മാരും ഗണനീയമായ പങ്കുവഹിച്ചിട്ടുണ്ട്. പ്രാചീന സമൂഹങ്ങളെല്ലാം തന്നെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധമുള്ളവരായിരുന്നു. വ്യാവസായിക വിപ്ലവത്തിനുശേഷം പരിസ്ഥിതിയിൽ നിരവധി ഗവേഷണങ്ങളും പുതിയ ആശയങ്ങളും പ്രവർത്തനങ്ങളും നടപ്പിൽ വരുത്തി. പരിസ്ഥിതിയെക്കുറിച്ച് പഠിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത ചില വ്യക്തികളെപ്പറ്റി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. അമേരിക്കൻ കവിയും തത്വചിന്തകനുമായ ഹെന്റി തോറോയുടെ ലേഖനങ്ങളിലൂടെ ഇക്കോളജി, പരിസ്ഥിതി എന്നീ വിഷയങ്ങളെക്കുറിച്ച് ജനങ്ങളിൽ ബോധം ഉളവായി. ഇക്കോളജി എന്ന പഠനശാഖക്ക് തുടക്കമിട്ട വ്യക്തിയാണ് യൂജിൻ ഓഡം. ഇദ്ദേഹത്തിന്റെ 'ഇക്കോളജി' എന്ന ഗ്രന്ഥം പരിസ്ഥിതിപഠനങ്ങളിൽ വഴിത്തിരിവായി. സാമൂഹ്യജീവശാസ്ത്രം എന്ന ശാസ്ത്രശാഖക്ക് തുടക്കം കുറിച്ച ഇ.ഓ. വിൽസൺ ജന്തുശാസ്ത്രത്തിലും സമുദ്രശാസ്ത്രത്തിലും

വിദഗ്ദനായിരുന്നു. ഭൂമുഖത്ത് ജീവന്റെ അതിജീവനത്തിനുള്ള ഏക മാർഗ്ഗമായി ജൈവവൈവിധ്യത്തെ ഇദ്ദേഹം മുന്നോട്ടു വെച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ പ്രൊഫസറായിരുന്ന മാധവ് ഗാഡ്ഗിൽ ഇന്ത്യയിലെ പരിസ്ഥിതി പഠനത്തിനും പ്രവർത്തനത്തിനും അതുല്യ സംഭാവനകൾ നൽകി. വികസനരംഗത്തെ അനീതികളെ തുറന്നു കാട്ടുന്നതാണ് അദ്ദേഹത്തിന്റെ *പരിസ്ഥിതിയും നീതിയും* എന്ന ഗ്രന്ഥം. പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ പാനലിന്റെ അധ്യക്ഷനായി പ്രവർത്തിച്ച മാധവ് ഗാഡ്ഗിലിന്റെ കൃതികളാണ് *ഹ്യൂമൻ ഇക്കോളജി, കൺസർവേഷൻ ഓഫ് ഇക്കോളജി* എന്നിവ. എം.സി. മേത്ത, അൽമിത്ര പട്ടേൽ, എം.കെ. പ്രസാദ്, ജോൺ സി ജേക്കബ് തുടങ്ങി ഇനിയും പേരുകൾ എടുത്തുപറയേണ്ടതുണ്ട്. അവരിൽ പ്രധാനപ്പെട്ടവരാണ് റേച്ചൽ കാഴ്സൺ, ഷൂമാക്കർ, മസനോബു ഫുക്കുവോക്ക എന്നിവർ.

### 1.1.2.1 റേച്ചൽ കാഴ്സൺ (Rachel Carson, 1907-1964)

പാരിസ്ഥിതിക പ്രതിസന്ധികളെക്കുറിച്ചുള്ള ചർച്ചകൾ ശക്തമായിത്തീരുന്നത് 1960 കളിൽ ആണ്. 1962 ൽ റേച്ചൽ കാഴ്സൺ *നിശ്ശബ്ദവസന്തം* (The Silent Spring) എന്ന കൃതിയിലൂടെ സമൂഹത്തിനു മുന്നിൽ പാരിസ്ഥിതിക ദുരന്തങ്ങളുടെ ഭീകരമുഖം വ്യക്തമാക്കി. യുദ്ധാനന്തര അമേരിക്കയിൽ ശാസ്ത്രത്തെ ദൈവമായും ശാസ്ത്രജ്ഞരെ വിവേകമുള്ളവരായും കണക്കാക്കി. ആണവയുഗത്തിൽ താരതമ്യേന അന്തസ്സുകുറഞ്ഞ ജീവശാസ്ത്രം തിരഞ്ഞെടുത്തതും സ്ത്രീയായതും അവരെ ശാസ്ത്രത്തിനു പുറത്തുള്ള ഒരാളായി കരുതാൻ ഇടയാക്കി. ''ചെറിയ ഒരു ശാസ്ത്രസദസ്സിനോ, ബുദ്ധിജീവികൾക്കോ മാത്രം ഉതകുന്നതിനല്ലാതെ പൊതുസമൂഹത്തിനു വേണ്ടി തന്റെ അക്ഷരങ്ങളെ, ചിന്തകളെ അവർ വിനിയോഗിച്ചു. കാഴ്സന്റെ രചന മനുഷ്യരും പ്രകൃതിലോകവും തമ്മിലുള്ള ബന്ധത്തിന്റെ രൂപാന്തരത്തിനു നേതൃത്വം നൽകുകമാത്രമല്ല, പൊതുവായി പരിസ്ഥിതി സംബന്ധിയായ ഒരവബോധം ഉണർത്തിയെടുക്കുകയും ചെയ്തു.''[4]

ഡി.ഡി.റ്റി എന്ന രാസകീടനാശിനിയുടെ അമിത ഉപയോഗംമൂലം വസന്തം ഇല്ലാതാകുന്നതും അതിന്റെ ദൂഷ്യഫലങ്ങൾ പ്രകൃതിയെ ബാധിക്കുന്നതും ഭൂമി തരിശാകുന്നതും മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങൾ ആ വിഷബാധക്ക് വിധേയരാക്കപ്പെടുന്നതും *നിശ്ശബ്ദവസന്ത*ത്തിൽ കാണാം. ഈ ഘട്ടത്തിൽ തന്നെ ഹെന്റി ഡേവിഡ് തോറോ, ജോൺ മുയർ, അൽദോ ലിയ പോൾഡ്, ലൂയി മംഫോഡ് തുടങ്ങിയ ചിന്തകരുടെ പാരിസ്ഥിതികവും സൈദ്ധാന്തികവുമായ ആവിഷ്കാരങ്ങളുണ്ടായെങ്കിലും കാഴ്സന്റെ കൃതിയുടെ വായനയോടെയാണ് പരിസ്ഥിതി അവബോധം പാശ്ചാത്യരിൽ ഉണർന്നത്. രാസവളങ്ങളുടെയും അണ്വായുധങ്ങളുടെയും അമിത ഉപയോഗം പരിസ്ഥിതിയെ മലിനമാക്കുന്നു എന്ന കാര്യം ആധുനികകാലത്ത് വളരെ പരിചിതമായ ഒരു വസ്തുതയാണെങ്കിലും 1962 കാലഘട്ടത്തിൽ ആ വിഷയത്തെ അടിസ്ഥാനമാക്കി ഒരു രചന നടത്തുക ഗൗരവമേറിയ സംഭവമായിരുന്നു. വിഷാംശം കലർന്ന രാസവസ്തുക്കളുടെ ഉപയോഗം ഒട്ടേറെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് കാരണമാകും. എന്നാൽ ഇതിനെക്കുറിച്ച് ചിന്തിക്കാൻ നിൽക്കാതെ അവയുടെ ഉപയോഗത്തിന് അനുമതി നൽകുന്ന സർക്കാറിനെതിരെയുള്ള ഒരു വെല്ലുവിളി തന്നെയായിരുന്നു റേച്ചലിന്റെ *നിശ്ശബ്ദവസന്തം*. ഈ കൃതി പ്രകൃതിയുമായുള്ള തങ്ങളുടെ ബന്ധം പുനഃപരിശോധിക്കാൻ ഓരോ തലമുറയേയും പ്രേരിപ്പിക്കുന്നു. വിസ്മയവും വിനയവും നിറഞ്ഞ *നിശ്ശബ്ദവസന്തം* മറ്റെല്ലാ ജീവികളേയും പോലെ മനുഷ്യരും പ്രകൃതിയിലെ ജീവിത പ്രവാഹത്തിന്റെ ഒരു ഭാഗമാണെന്നും എന്നാൽ മനുഷ്യന് നിയന്ത്രിക്കാനുള്ളതല്ല പ്രകൃതി മറിച്ച് അതിന്റെ ഭാഗമായി ഒഴുകി നീങ്ങാനുള്ളതാണ് ജീവിതം എന്നും നമ്മെ ലളിതമായി ഓർമ്മിപ്പിക്കുന്നു. അതുതന്നെയാണ് റേച്ചൽ കാഴ്സണും അവരുടെ വാക്കുകളും ഇന്നും പ്രസക്തമാകുന്നതിന്റെ കാരണവും.

#### 1.1.2.2 ഇ.എഫ്. ഷൂമാക്കർ (1911-1977) (E.F. Schumacher)

വികസനത്തിന്റെ പരിധികളില്ലാത്ത വളർച്ചയുടെ പ്രതീകമായ പാശ്ചാത്യവി

കസനമാതൃകയുടെ പ്രധാന വിമർശകനായിരുന്നു ബ്രിട്ടീഷ് ചിന്തകനും ധനതത്വ ശാസ്ത്രജ്ഞനുമായ ഷൂമാക്കർ. ജർമ്മനിയിൽ ജനിച്ച ഇദ്ദേഹം വികസ്വരരാജ്യ ങ്ങൾ അനുവർത്തിക്കേണ്ട സാമ്പത്തിക ക്രമീകരണങ്ങളെക്കുറിച്ചും വികസനമാ തൃകകളെക്കുറിച്ചും 1973 ൽ രചിച്ച 'ചെറുതാണ് സുന്ദരം' (Small is beautiful) എന്ന ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നു. സാമ്പത്തിക വളർച്ചയേയും സാമ്പത്തിക ഭദ്ര തയേയും ലക്ഷ്യമാക്കുന്ന പാശ്ചാത്യതത്ത്വശാസ്ത്രത്തെ അന്ധമായി അനുകരിക്കു ന്നതിനെ അദ്ദേഹം വിമർശിക്കുന്നു. പരിഷ്ക്കാരത്തിന് ഭാവിയില്ലെന്നും പരിസ്ഥിതി തിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞില്ലെ ങ്കിൽ അത് നിലനിൽക്കുകയില്ല എന്നും ഷൂമാക്കർ സൂചിപ്പിച്ചു. ശാസ്ത്രസാങ്കേ തിക വിദ്യയുടെ മുന്നേറ്റം മൂലം മനുഷ്യന് പ്രകൃതിയോടുള്ള മനോഭാവത്തിലും ഇടപെടലുകളിലും മാറ്റമുണ്ടായി. ഇതുവഴി വലിയ വ്യവസായശാലകൾ സ്ഥാപിക്ക പ്പെട്ടു. മനുഷ്യന്റെ അധ്വാനം കുറയ്ക്കുന്ന യന്ത്രങ്ങൾ രംഗത്തുവരികയും സമയ ലാഭവും സാമ്പത്തിക ലാഭവും ഉണ്ടാകുകയും ചെയ്തു. ഉല്പാദന പ്രശ്നങ്ങൾ പരിഹരിച്ചു എന്ന് മനുഷ്യൻ അഹങ്കരിക്കാനും തുടങ്ങി. എന്നാൽ ഈ സംസ്കാരം മനുഷ്യനേയും പ്രകൃതിയേയും ഒരുപോലെ നശിപ്പിക്കുന്നതാണെന്ന് ഷൂമാക്കർ കുറ്റപ്പെടുത്തി. വർദ്ധിച്ചതോതിലുള്ള ഉല്പാദനം ഉപഭോഗത്തിന്റെ നിര ക്ക് കൂട്ടും; പ്രകൃതിയുടെ മേൽ അതിരുകടന്ന ചൂഷണത്തിനും ഇടയാക്കും. ആണ വോർജ്ജം ഉല്പാദിപ്പിക്കപ്പെടുമ്പോൾ പുറന്തള്ളപ്പെടുന്ന റേഡിയോ ആക്ടീവ് കിരണങ്ങൾ നശിപ്പിക്കാൻ സാധിക്കുകയില്ലെന്നും നൂറ്റാണ്ടുകളോളം സമൂഹ ത്തിനും പ്രകൃതിക്കും ദൂഷ്യഫലങ്ങൾ ഉണ്ടാകുമെന്നും ഷൂമാക്കർ അഭിപ്രായപ്പെ ട്ടു. ലളിതമായ ജീവിതരീതി വളർത്തിയെടുക്കാനും ഇടത്തരം സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള തൊഴിലധിഷ്ഠിതമായ ചെറുവ്യവസായങ്ങൾക്ക് പ്രാധാന്യം നൽകാനും അദ്ദേഹം ആഹ്വാനം ചെയ്തു.

### 1.1.2.3 മസനോബു ഫുക്കുവോക്ക

പ്രകൃതി കൃഷിരീതി ആവിഷ്ക്കരിച്ചത് ഫുക്കുവോക്കയാണ്. ആധുനിക രീതിയിലുള്ള പരിസ്ഥിതി നശീകരണ പ്രവണതയെ നിഷേധിക്കുന്ന രീതിയാണിതിനുള്ളത്. 1975 ൽ രചിച്ച *ഒറ്റ വൈക്കോൽ വിപ്ലവം* (The one straw Revolution) എന്ന ഗ്രന്ഥം ഇതിന്റെ താത്ത്വികത അവതരിപ്പിക്കുന്നു. ഫുക്കുവോക്കയുടെ സിദ്ധാന്തത്തിന്റെ കാതലാകട്ടെ ജൈവഊർജ്ജ ചക്രത്തിന്റെ നിലനില്പാണ് മണ്ണിന്റെ ദീർഘമായ ഉല്പാദന ശേഷിയുടെ അടിത്തറ എന്നതാണ്. മണ്ണ് ഇളക്കാതിരിക്കുക, കളകളെ ഉന്മൂലനാശം ചെയ്യാതിരിക്കുക, കീടനിയന്ത്രണം പ്രകൃതിക്കു വിടുക, വളം ചേർക്കാതിരിക്കുക എന്നിവയാണ് ജൈവകൃഷിരീതിയുടെ അടിസ്ഥാന തത്വങ്ങൾ. ഇതിനെ 'അയത്നകാർഷികവൃത്തി' എന്നുവിളിക്കുന്നു. സ്വാശ്രയവും അതോടൊപ്പം ജൈവികവുമായ കൃഷിരീതിയാണ് ഫുക്കുവോക്ക മുന്നോട്ടുവച്ചത്. കാർഷികരീതിയേയും അനുഭവങ്ങളേയും വിശദീകരിക്കുമ്പോഴും അവയുമായി ബന്ധപ്പെട്ട ജീവിതദർശനംകൂടി ഫുക്കുവോക്ക സൂചിപ്പിക്കുന്നുണ്ട്. പക്ഷെ മനുഷ്യസംസ്കാരത്തിന് പ്രാകൃതാവസ്ഥയിലേക്ക് സ്വമേധയാ ഒരു മടക്കയാത്ര സാധ്യമല്ല. അതുപോലെ പൂർണ്ണമായും പ്രകൃതിയിലേക്ക് മടങ്ങുക എന്നതും ആധുനിക മനുഷ്യനെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻപോലും കഴിയുന്നതുമല്ല. എന്നാൽ മനുഷ്യൻ ഇന്ന് നേരിടുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് പരിഹാരം കണ്ടെത്തണമെങ്കിൽ പ്രകൃതിയോടു കൂടുതൽ അടുത്തേ മതിയാകൂ എന്നതാണ് യാഥാർത്ഥ്യം.

### 1.1.3 സംഘടനകളും പരിസ്ഥിതി പ്രവർത്തനവും

മലയിടിച്ചും പാടംനികത്തിയും പുഴയിലെ മണലൂറ്റിയും മരങ്ങൾ വെട്ടിമാറ്റിയും മനുഷ്യൻ പ്രകൃതിയുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നു. അതിന്റെ പ്രത്യാഘാതങ്ങൾ ദാരുണവുമായിരിക്കും. അതുകൊണ്ടുതന്നെ പ്രകൃതിയുടെ തനിമ നിലനിർത്തേണ്ടത് ഓരോ ജീവിവർഗ്ഗത്തിന്റേയും നിലനിൽപിന് അത്യന്താ

പേക്ഷിതവുമാണ്. ''ഭൂമിയെ പരിപാലിച്ചെങ്കിൽ മാത്രമേ ഭൂമിയിൽ നിന്നും വിശപ്പ ടക്കാൻ ഭക്ഷ്യസാധനങ്ങളും നഗ്നതമറയ്ക്കുന്നതിന് ഉടയാടകളും കയറിക്കിടക്കു ന്നതിന് വാസഗൃഹങ്ങളും ഉണ്ടായി വരികയുള്ളൂ. നീരൊഴുക്കിന്റെ പ്രകൃതിക്കു ചേർന്ന സ്വഭാവത്തിന് കളങ്കം വരുത്തരുത്. ലോകമാസകലം മണ്ണിന്റെ സ്വഭാവ ത്തിനു മാറ്റം വന്നത് മനുഷ്യർ ഈ സത്യം മറന്നതുകൊണ്ടാണ്''[5] ലോകത്തിലെ ല്ലായിടത്തും പ്രകൃതിയുടെമേൽ കയ്യേറ്റം നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവയുടെ പ്രത്യാഘാതങ്ങൾ അനുഭവപ്പെട്ടുതുടങ്ങിയപ്പോൾ സമൂഹം ബോധവാൻമാരാ യിത്തുടങ്ങി. ലോകത്തിന്റെ പലഭാഗങ്ങളിലും പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിച്ചു. ഗവൺമെന്റ്തലത്തിലുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതിസംഘടനകൾ, പരിസ്ഥിതി നശീകരണത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ, ഒറ്റയാൾ പോരാട്ടങ്ങൾ തുടങ്ങിയ വ ഇവിടെ ചേർത്തുവായിക്കാവുന്നതാണ്. ബംഗ്ലാദേശ്, ഇന്ത്യ, ഇറാൻ, നേപ്പാൾ, പാക്കിസ്ഥാൻ, ശ്രീലങ്ക തുടങ്ങിയ രാഷ്ട്രങ്ങൾ അംഗങ്ങളായി പരിസരസംരക്ഷണ ത്തിന് സൗത്ത് ഏഷ്യ കോ-ഓപ്പറേറ്റീവ് എൻവയോൺമെന്റ് പ്രോഗ്രാം (South Asia Co-operative Environment Programme - SACEP) എന്നൊരു സംഘടന രൂപീ കരിക്കപ്പെട്ടിട്ടുണ്ട്.

1883-ൽ മുംബൈയിൽ പ്രകൃതിസംരക്ഷണം ലക്ഷ്യം വച്ച് സ്ഥാപിച്ച സംഘട നയാണ് ബോംബെ നാച്വറൽ ഹിസ്റ്ററി സൊസൈറ്റി (BNHS). 1890-ൽ കൊൽക്ക ത്തയിലെ ബോട്ടാണിക്കൽ ഗാർഡനിൽ ആരംഭിച്ച ബോട്ടാണിക്കൽ സർവ്വെ ഓഫ് ഇന്ത്യ 1955-ൽ വിപുലീകരിച്ചു. 1916-ൽ ആരംഭിച്ച സുവോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ZSI) ഇന്ത്യയിലെ ജന്തുവർഗ്ഗങ്ങളുടെ വിശദമായ സർവ്വെ നടത്തി വിവര ങ്ങൾ സമാഹരിക്കുന്നു. 1969-ൽ മുംബൈയിൽ പ്രവർത്തനം ആരംഭിച്ച വേൾഡ് വൈഡ് ഫണ്ട് ഓഫ് നേച്ചർ - ഇന്ത്യ (WWF - India) വന്യമൃഗസംരക്ഷ ണത്തെപ്പറ്റിയുള്ള പഠനങ്ങളിലും ബോധനപ്രവർത്തനങ്ങളിലും പരിസ്ഥിതി, വിക

സനം എന്നീ വിഷയങ്ങളിലും പ്രവർത്തനം വ്യാപിപ്പിച്ചു. 1971-ൽ ഇന്ത്യയിലെ പരിസരസംരക്ഷണത്തിനായ് നാഷണൽ കമ്മിറ്റി ഫോർ എൻവയോൺമെന്റ് അറ്റ് പ്ലാനിംഗ് ഏന്റ് കോ-ഓഡിനേഷൻ (National Committee for Environment at Planning and Co-ordination) രൂപീകരിക്കപ്പെട്ടിരുന്നു. ഹിമാലയൻ വനങ്ങൾ സംരക്ഷിക്കാൻ പ്രവർത്തിക്കുന്ന, വനനശീകരണത്തിനെതിരെയുള്ള മഹാപ്രസ്ഥാനമായി വളർന്ന ചിപ്കോയുടെ നേതൃത്വത്തിലുള്ള ആദ്യ സമരം 1973-ൽ നടന്നു. ചിപ്കോ പ്രസ്ഥാനത്തിൽനിന്നും പ്രചോദനമുൾക്കൊണ്ട് 1983-ൽ കർണ്ണാടകയിൽ രൂപംകൊണ്ട സംഘടനയാണ് എപ്പിക്കോ പ്രസ്ഥാനം (Appico Movement). ഡെറാഡൂണിലാണ് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (WII) 1982-ൽ പ്രവർത്തിക്കാൻ തുടങ്ങിയത്. 1984-ലെ ഭോപ്പാൽ വാതകദുരന്തത്തിനുശേഷം ഇന്ത്യയുടെ പരിസ്ഥിതി സംരക്ഷണത്തിനായി നിരവധി കർമ്മപദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തു. 1986-ൽ ഇന്ത്യയിലെ വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽനോട്ടത്തിൽ പരിസ്ഥിതി സംരക്ഷണനിയമം പാസ്സാക്കി. 1989-ൽ സെന്റർ ഫോർ എൻവയോൺമെന്റ് എജുക്കേഷൻ (CEE) അഹമ്മദാബാദിൽ ആരംഭിച്ചു. സാകോൺ (Salim Ali Centre for ornithology and natural history) കോയമ്പത്തൂർ ആസ്ഥാനമാക്കി 1990 മുതൽ പ്രവർത്തിക്കുന്നു.

ഗാസോലിൻ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് ഓടുന്ന വാഹനങ്ങളിൽനിന്ന് പുറന്തള്ളുന്ന പുകയുടെ അളവിന് പരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഡൽഹിപോലുള്ള നഗരങ്ങളിൽ 1998-ൽ എല്ലാ ബസ്സുകളിലും സി.എൻ.ജി. (Compressive Natural Gas) ഉപയോഗിക്കാൻ സുപ്രീംകോടതി വിധിച്ചു. വായുമലിനീകരണതോത് കുറയ്ക്കാൻവേണ്ടി രൂപംകൊണ്ട പദ്ധതിയാണ് 1997-ലെ ക്യോട്ടോ ഉടമ്പടി. വ്യാവസായിക പദ്ധതികളുമായി ബന്ധപ്പെട്ട് 1999-ൽ ദ എൻവയൺമെന്റ് നിയമം പ്രാബല്യത്തിൽവന്നു. വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥലം

കണ്ടെത്തുന്നതുമുതലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, പല ഘട്ടങ്ങളിലായി പുരോഗതിപ്രാപിക്കുന്ന വ്യവസായസംരംഭങ്ങളെ പരിസ്ഥിതിയെ മുൻനിർത്തി വിലയിരുത്തുക തുടങ്ങിയ കാര്യങ്ങൾക്കാണ് ഇതിൽ പ്രാമുഖ്യം കല്പിക്കുന്നത്. 2000–ൽ മുൻസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് നിയമം നിലവിൽവന്നു. മാലിന്യനിർമ്മാർജ്ജനത്തിൽ മുൻസിപ്പാലിറ്റികളുടെ പ്രവർത്തനങ്ങളെ ക്രമീകരിക്കുക, മാലിന്യങ്ങളുടെ ശേഖരണം നിക്ഷേപം സംസ്കരണം തുടങ്ങിയവ കാര്യക്ഷമമാക്കുക എന്നിവയാണ് ഇതിന്റെ പരിധിയിൽവരുന്നത്. ശബ്ദമലിനീകരണത്തിനെതിരായി 2002–ൽ ദ നോയിസ് പൊല്യൂഷൻ നടപ്പിൽവന്നു. ജൈവവൈവിധ്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തെ അടിസ്ഥാനമാക്കി 2002–ൽ ദ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് പ്രാബല്യത്തിൽ വന്നു. ഇങ്ങനെ നിരവധി ചെറുതും വലുതുമായ സംഘടനകളും പ്രസ്ഥാനങ്ങളും നിയമങ്ങളും നിലവിൽ ഉണ്ടെങ്കിലും അടിസ്ഥാനപരമായി പ്രകൃതിയോടുചേർന്ന് നിൽക്കുന്ന മനുഷ്യന്റെ ജീവിതം പരിസ്ഥിതിയുടെ താളവുമായി ഒത്തുപോകുമ്പോഴാണ് ഭൂമിയുമായി സന്തുലനാവസ്ഥയിലാകാൻ മനുഷ്യന് സാധിക്കുക.

### 1.1.3.1 അതിജീവനത്തിന്റെ ആശങ്കകൾ

എല്ലാം സാമൂഹികമോ ഭാഷാപരമോ ആയ നിർമ്മിതികളാണെന്ന ചിന്തകളെ പരിസ്ഥിതിസൗന്ദര്യശാസ്ത്രം നിരാകരിക്കുന്നു. എന്നും എപ്പോഴും മനുഷ്യാതീതസത്തയായി പ്രകൃതി നിലകൊള്ളുന്നു. മനുഷ്യനാൽ ചൂഷണം ചെയ്യപ്പെട്ടോ, വന്ധ്യയാക്കപ്പെട്ടോ, മുറിവേറ്റവളായോ അവൾ ഇവിടെയുണ്ട്. അതിനെ ഒരു ആശയമായോ സങ്കല്പമായോ നമുക്ക് ചുരുക്കാൻ കഴിയില്ല. ഈ കാഴ്ചപ്പാട് പരിസ്ഥിതിവാദികളിൽ രൂഢമൂലമാണ്. പരിസ്ഥിതിവാദത്തിന്റെ ഭാരതീയമായ കാഴ്ചപ്പാടിൽ പ്രകൃതിയും അതിലെ വസ്തുക്കളും പലപ്പോഴും ദൈവിക പരിവേഷമുള്ളവരാണ്. അതുകൊണ്ടുതന്നെ പ്രകൃതിയോട് എന്നും സഹജഭാവം പുലർത്തിക്കൊണ്ടായിരുന്നു നമ്മുടെ ഓരോ പ്രവൃത്തിയും നടന്നിരുന്നത്. ആധു

നികകാലത്തിലേക്കെത്തുമ്പോൾ ഈ ചിന്തകൾക്ക് മാറ്റം വന്നു. പ്രകൃതിയുടെ തനിമ നാശത്തിലേക്ക് കൂപ്പുകുത്തുകയായി. ഈ അവസരത്തിൽ പരിസ്ഥിതിക്കു വേണ്ടി ശബ്ദമുയർത്താൻ ഇന്ത്യയിലും പ്രവർത്തനങ്ങളുണ്ടായി. വനവിഭവങ്ങളു ടെയും പ്രകൃതിസമ്പത്തുകളുടെയും അമിതോപയോഗം പരിസ്ഥിതി സന്തുലനം തകരാറിലാക്കിയപ്പോൾ അതിനെതിരായി പലതരത്തിലുള്ള പരിസ്ഥിതി പ്രവർത്ത നങ്ങൾ ലോകത്തിന്റെ മറ്റുഭാഗങ്ങളിലെന്നപോലെ ഇന്ത്യയിലും ഉടലെടുക്കുകയു ണ്ടായി. ചിപ്കോ പ്രസ്ഥാനം, നർമ്മദ ബചാവോ ആന്ദോളൻ മുതലായവ ഇത്തര ത്തിൽ രൂപംകൊണ്ടവയിൽ പ്രാധാന്യം അർഹിക്കുന്നു. 1970കളിൽ രൂപംകൊണ്ട ഇവയുടെ അനുബന്ധപ്രവർത്തനങ്ങൾ ഇന്നും തുടരുന്നുമുണ്ട്.

**1.1.3.1 a ഗ്രീൻപീസ്**

പരിസ്ഥിതിക്കുവേണ്ടി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘടന യാണ് ഗ്രീൻപീസ്. അലാസ്കയ്ക്ക് സമീപമുള്ള അല്യൂഷ്യൻദ്വീപുകളിലെ ആം ചിറ്റ്ക എന്ന ചെറുദ്വീപിൽ 1970-ഓടെ അണുപരീക്ഷണം നടത്താൻ അമേരിക്ക തീരുമാനിച്ചു. ഇവിടെ അണുപരീക്ഷണം നടത്തിയാലുണ്ടാകുന്ന വിപത്തുകൾ മനസ്സിലാക്കിയ കാനഡയിലെ ഒരുകൂട്ടം പ്രകൃതിസ്നേഹികൾ അതിനെതിരെ പ്രതികരിച്ചു. ഇത് മാധ്യമശ്രദ്ധപിടിച്ചുപറ്റി. ആണവപരീക്ഷണങ്ങളുടെ ദൂഷ്യഫ ലങ്ങൾ ജനങ്ങൾ മനസ്സിലാക്കി. അമേരിക്ക ആ ദ്വീപിൽ ഇനിയൊരു അണുപരീ ക്ഷണം നടത്തില്ല എന്നു പ്രഖ്യാപിച്ചു. എന്നാൽ ആ പരിസ്ഥിതി പ്രവർത്തകർ തങ്ങളുടെ പ്രതിരോധശബ്ദം മുന്നോട്ടുകൊണ്ടുപാകാൻ തീരുമാനിക്കുകയും 1971 -ൽ ഗ്രീൻപീസ് പ്രസ്ഥാനം രൂപീകരിക്കുകയും ചെയ്തു. തുടർന്ന് അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിലും ഇത്തരം സംഘടനകൾ രൂപമെടുത്തു. ഇവ യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തുടങ്ങിയപ്പോൾ ഗ്രീൻപീസ് ഒരു ആഗോളസംഘടനയായി വളർന്നു.

റയിൻബോ വേറിയർ എന്നൊരു കപ്പൽ ഗ്രീൻപീസ് ഉപയോഗിച്ചിരുന്നു. പരിസ്ഥിതിക്ക് ഹാനികരമാകുന്ന ഏതുതരം പ്രവൃത്തിയേയും നിരീക്ഷിക്കുക എന്നതാണ് ഈ സംഘടനയുടെ പ്രധാന ഉത്തരവാദിത്തം. ഇവരുടെ പ്രതിരോധ മേഖലകൾ, പ്രവർത്തന പാതകൾ പല കൈവഴികളിലേക്കും നീളുന്നുണ്ട്. റേഡിയോ ആക്റ്റീവ് നിർഗമനവസ്തുക്കളിലെ വിഷമാലിന്യങ്ങളുടെ അന്തർദേശീയ തലത്തിലുള്ള വിപണനങ്ങളും അവികസിതരാജ്യങ്ങളിലുള്ള നിക്ഷേപിക്കലുകളും എതിർക്കപ്പെട്ടു. തിമിംഗലങ്ങളേയും കടൽപ്പന്നികളേയും സാമ്പത്തിക ലാഭത്തിനും വാണിജ്യാവശ്യങ്ങൾക്കുമായി വേട്ടയാടുന്നതിനെതിരെ ഇവരുടെ പ്രതിരോധശബ്ദവും പ്രവർത്തനങ്ങളും എത്തിയിരുന്നു. ഗ്രീൻപീസിന്റെ പ്രവർത്തനങ്ങൾ ഇന്ത്യയിലും ആരംഭിച്ചിട്ടുണ്ട്. 1984-ലെ ഭോപ്പാൽ ദുരന്തത്തിനെതിരെയുള്ള മുന്നേറ്റങ്ങൾ എടുത്തുപറയേണ്ടതാണ്. 1979ൽ ഹോളണ്ടിലെ ആംസ്റ്റർഡാം കേന്ദ്രീകരിച്ച് ഗ്രീൻപീസ് ഇന്റർനാഷണൽ രൂപീകരിച്ചു. ഇന്ന് നാല്പതോളം രാജ്യങ്ങളിൽ ഗ്രീൻപീസ് പ്രസ്ഥാനം പ്രവർത്തിക്കുന്നു. കാലാവസ്ഥാസംരക്ഷണം, കടലിലെ മാലിന്യനിക്ഷേപം തടയുക, ഓസോൺ പാളിയിൽവിള്ളലുണ്ടാക്കുന്ന രാസവസ്തുക്കളുടെ പുറംതള്ളൽ തടയുക, ആണവഭീഷണി ഇല്ലാതാക്കുക, ജീവികളുടേയും മറ്റും ജനിതകഘടനയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള പരീക്ഷണങ്ങൾ അവസാനിപ്പിക്കുക, ഭൂമിയിലെ ജൈവവൈവിധ്യം സംരക്ഷിക്കുക തുടങ്ങി ഗ്രീൻപീസിന്റെ പ്രവർത്തനങ്ങൾ നിരവധിയാണ്.

### 1.1.3.1.b ചിപ്കോപ്രസ്ഥാനം

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ സമര-പ്രസ്ഥാനങ്ങളിൽ പ്രശസ്തമായ ഒന്നാണ് ചിപ്കോ പ്രസ്ഥാനം. 1970-കളിൽ കാടുകളിലെ വൃക്ഷസമ്പത്ത് മുറിക്കുന്നതിന് കോൺട്രാക്ടർമാരെ അനുവദിക്കുന്ന ഉത്തർപ്രദേശ് സർക്കാരിനെതിരെ ഗ്രാമീണരും കർഷകരും സമരം നടത്തി. അക്രമരഹിതമായ ഈ സമരമാണ് ചിപ്കോ മൂവ്മെന്റ് എന്നറിയപ്പെടുന്നത്. ചിപ്കോ പ്രസ്ഥാനം പരിസ്ഥിതി

വാദത്തിന് നൽകിയ സംഭാവനകളിൽ പ്രധാനം ആവാസവ്യവസ്ഥയാണ് സ്ഥിരസ മ്പത്ത് എന്ന ചിന്തതന്നെയാണ്. സുന്ദർലാൽ ബഹുഗുണ, ചന്ദിപ്രസാദ്ഭട്ട് എന്നി വർ ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകി. 'വനങ്ങൾ ജനങ്ങൾക്കുവേണ്ടി' എന്ന മുദ്രാവാക്യവുമായി വനസംരക്ഷണത്തിനായ് നിലകൊള്ളുന്ന ഒരു പ്രസ്ഥാ നമാണ് ചിപ്കോപ്രസ്ഥാനം. 'മരങ്ങളെ പുണരുക' എന്നതാണ് 'ചിപ്കോ' എന്ന വാക്കിന്റെ അർത്ഥം. ഉത്തർപ്രദേശിലെ ചുമോലി ജില്ലയിലെ മണ്ഡൽ ഗ്രാമത്തിൽ 1973 മാർച്ച് 27-ന് ചിപ്കോയുടെ ആദ്യപ്രതിഷേധം ഉയർന്നു[6]. ഗാന്ധിജിയുടെ പ്രകൃതിചിന്തകളിൽ പ്രചോദിതരായി ഗാന്ധിശിഷ്യരായ മീരാബെൻ, സരളബെൻ, ബിമലബെൻ തുടങ്ങിയവർ ചിപ്കോയ്ക്ക് നേതൃത്വം നൽകി. വനനശീകരണം, വെള്ളപ്പൊക്കം, മണ്ണൊലിപ്പ്, വരൾച്ച തുടങ്ങിയവയെക്കുറിച്ചും അവയുടെ തുടർച്ച യായി പ്രകൃതിയിൽ ഉണ്ടാകുന്ന ഭീകരമായ പ്രത്യാഘാതങ്ങളെക്കുറിച്ചും ഗ്രാമീണ മേഖലകളിലെ അസംഘടിതരായ ജനതയെ ബോധവൽക്കരിക്കുക എന്ന ഒരു ലക്ഷ്യം ചിപ്കോ പ്രസ്ഥാനത്തിനുണ്ട്. മണ്ണിന്റെ മക്കളുടെ അടിയന്തിരാവശ്യ ങ്ങളെ പരിസ്ഥിതിശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളുമായി ഇവർ കൂട്ടിച്ചേർക്കുന്നു. ഉത്തർപ്രദേശിലെ ചുമോലിജില്ലയിൽ ആരംഭിച്ച ഈ പ്രസ്ഥാനം ഇന്ന് ഒരുപാട് കൈവഴികളോടെ വനനശീകരണത്തിനെതിരായ ഒരു മഹായജ്ഞമായി മാറിയിരി ക്കുന്നു. ഗ്രാമീണരായ സ്ത്രീകളായിരുന്നു ചിപ്കോ പ്രസ്ഥാനത്തിൽ പങ്കെടുത്ത വരിൽ ഒരുവിഭാഗം. ഉത്തർപ്രദേശിലും ഹിമാലയസാനുക്കളിലും ആരംഭിച്ച ഈ പ്രസ്ഥാനം ഇന്ത്യയിലെ മറ്റുപരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് പ്രചോദനവുമായിട്ടു ണ്ട്. സമാന്തര നോബൽ സമ്മാനം എന്ന പേരിൽ അറിയപ്പെടുന്ന റൈറ്റ് ലൈവ്‌ലി ഹുഡ് പുരസ്കാരം 1987-ൽ ചിപ്കോ പ്രസ്ഥാനത്തിന് ലഭിച്ചിരുന്നു. കച്ചവടമനഃ സ്ഥിതിയോടെയല്ലാതെ പ്രാദേശിക ജനങ്ങളുടെ അഭിലാഷത്തിനും വിശാലമായ പരിസ്ഥിതിസന്തുലനത്തിനും യോജിച്ചതരത്തിൽ വനസംരക്ഷണം നടപ്പിലാ ക്കണം എന്ന ഒരു ബോധവും ഇവർ ഉയർത്തുന്നുണ്ട്.

### 1.1.3.1.C നർമ്മദ ബചാവോ ആന്ദോളൻ

സ്വഛന്ദമായി ഒഴുകുന്ന നദിയെ തടുത്തുനിർത്തി അണക്കെട്ടുകൾ നിർമ്മിക്കുന്നത് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തകർക്കും. വ്യാവസായികാവശ്യങ്ങൾക്കുവേണ്ട ഊർജ്ജോല്പാദനം നടക്കും എന്നു മേന്മപറയാമെങ്കിലും ആയിരക്കണക്കിന് ജനങ്ങളെ, സമീപവാസികളെ അത് 'അഭയാർത്ഥികൾ' എന്ന നിലയിലെത്തിക്കുകയും ചെയ്യുന്നു. ഒരു നദിയിൽ വൻകിട അണക്കെട്ടുവരുമ്പോൾ നദീതീരത്തുള്ള എത്രയോ ഏക്കർ വനപ്രദേശങ്ങൾ വെള്ളത്തിനടിയിലാകുന്നു. ഒപ്പം അവിടത്തെ ജൈവവൈവിധ്യം വേരോടെ നഷ്ടപ്പെടാനും ഇടയാകും. ഇത്തരത്തിലുള്ള തിരിച്ചറിവാണ് നർമ്മദപ്രസ്ഥാനത്തിന്റെ ആരംഭത്തിന് നിദാനം. മുപ്പത് വലിയ അണക്കെട്ടുകളടക്കം മൂവായിരത്തിഇരുന്നൂറോളം അണക്കെട്ടുകളാണ് നർമ്മദനദിയിൽ നിർമ്മിക്കാൻ പദ്ധതിയിട്ടിയിരുന്നത്. ഈ നദിയുടെ സഞ്ചാരമാകട്ടെ മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലൂടെയാണ്. ഏറ്റവും വലുപ്പം കൂടിയ സർദാർ സരോവർ, നർമ്മദസാഗർ എന്നീ പദ്ധതികൾ നടപ്പിലാകുംപ്രകാരം രണ്ടുലക്ഷത്തിലധികം ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലാകുകയും പത്തുലക്ഷത്തോളംപേർക്ക് വാസസ്ഥലം അന്യമാകുകയും ചെയ്യും എന്നാണ് കണക്കുകൾ പറയുന്നത്. മേധാപട്ക്കറുടെ നേതൃത്വത്തിൽ ആദിവാസി സമൂഹവും ഗ്രാമീണജനതയും നർമ്മദബചാവോ ആന്ദോളൻ എന്ന പരിസ്ഥിതിപ്രസ്ഥാനത്തിന്റെ ഭാഗമായി നർമ്മദനദിയുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ പാരിസ്ഥിതിക ദുരന്തത്തിനെതിരെ വർഷങ്ങളായി സമരം നടത്തുകയാണ്. 2017 സപ്തംബർ 27-ന് അണക്കെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിച്ചു. മധ്യപ്രദേശിലെ സർവാനിയിലെ ഛോട്ടാ ഘാദാ ഗ്രാമത്തിൽ മേധാപട്ക്കറുടെ നേതൃത്വത്തിൽ ജലസത്യാഗ്രഹസമരം നടത്തുകയുണ്ടായി. വികസനസാധ്യതകളെക്കുറിച്ചുള്ള ശബ്ദങ്ങൾക്കിടയിൽ കുടിയിറക്കപ്പെടുന്നവരുടെയും ആവാസസ്ഥാനം നഷ്ടപ്പെടുന്നവരുടെയും അതിജീവനത്തിനുവേണ്ടിയുള്ള നിലവിളികൾ

എങ്ങുമെത്താതെ പോകുന്നു. ലോകത്തിന്റെ പലഭാഗത്തുനിന്നുമുള്ള പരിസ്ഥിതി സ്നേഹികളും പ്രവർത്തകരും ഈ സമരത്തിന് പിന്തുണയേകുന്നുണ്ട്. വികസനം നാടിന്റെ പുരോഗതിക്ക് അനിവാര്യംതന്നെയാണ്. എന്നാൽ അത് പരിസ്ഥിതി യുടെ നിലനിൽപ്പും അതിനെ ആശ്രയിച്ചുകഴിയുന്ന ജനങ്ങളുടെ സംരക്ഷണവും കൂടി മുന്നിൽകണ്ടുകൊണ്ടാവണം. പരിസ്ഥിതി സന്തുലനം തകരാറിലാക്കി ജല ത്തിന്റെ സ്വാഭാവിക ഒഴുക്കിനെയും വനത്തേയും വ്യാവസായികാവശ്യത്തിനുത കുംതരത്തിൽ രൂപമാറ്റം വരുത്തുന്നത് ഉചിതമാകില്ല. പ്രകൃതിക്കും പരിസ്ഥി തിക്കും പ്രാധാന്യം കല്പിച്ചുകൊണ്ടുള്ള ഒരു വികസനപദ്ധതിതന്നെ ആവിഷ്കരി ക്കപ്പെടേണ്ടതുണ്ട് എന്ന് സാരം.

### 1.1.4 പരിസ്ഥിതിപ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും കേരളപരിസരത്തിൽ

നിയമവിരുദ്ധമായും നിയമത്തിന് വിധേയമായും ഒട്ടേറെ പ്രവർത്തനങ്ങൾ പ്രകൃതിക്കുമേൽ നടപ്പാക്കപ്പെടുന്നുണ്ട്. വനനശീകരണത്തിനും പ്രകൃതിയിലുള്ള കൈകടത്തലുകൾക്കുമെതിരെ പല ഇടങ്ങളിലും ജനരോഷം ഉയർന്നിട്ടുമുണ്ട്. ജലസേചനപദ്ധതികൾ പലപ്പോഴും ഒരു ന്യൂനപക്ഷത്തിന് ഉതകുന്നതായിരിക്കും. എന്നാൽ അസംഘടിതരായ ഒരുപറ്റം ജനങ്ങളെ അത് ദോഷകരമായി ബാധിക്കു കയും ചെയ്യും. വനമേഖലകളിലേക്കുള്ള കടന്നുകയറ്റത്തിന്നെതിരെയുള്ള കേരള ത്തിലെ ആദ്യപ്രക്ഷോഭമാണ് സൈലന്റ്വാലി പ്രക്ഷോഭം. കേരളത്തിലെ എഴു ത്തുകാരുടെ നേതൃത്വത്തിൽ സൈലന്റ്വാലി വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു പരിസ്ഥിതി പ്രസ്ഥാനം രൂപം കൊണ്ടു. സൈലന്റ്വാലി പദ്ധതി നടപ്പിലാ യാൽ മനുഷ്യന്റെ അമൂല്യമായ ഒരു ജൈവപൈതൃകമാണ് ലോകത്തിന് നഷ്ടമാ കുക. മനുഷ്യസ്പർശത്തിൽനിന്നും വിമുക്തമായ, സമുദ്രനിരപ്പിൽനിന്നും 880 മുതൽ 1200 മീറ്റർവരെ ഉയരത്തിൽ 9000 ഹെക്ടറിലായി വ്യാപിച്ചുകിടക്കുന്ന സൈലന്റ്വാലി പാലക്കാട് ജില്ലയിൽ കുന്തിപ്പുഴയുടെ ഇരുകരകളിലുമായിട്ടാണ് പരന്നുകിടക്കുന്നത്. എന്തൊക്കെ സംരക്ഷണവ്യവസ്ഥകളും പദ്ധതികളും നടപ്പി

ലാക്കിയാലും സൈലന്റ്‌വാലി പദ്ധതി യാഥാർത്ഥ്യമാക്കുന്നത് പ്രദേശത്തിന് ദോഷകരമായിരിക്കും എന്ന വസ്തുത മനസ്സിലാക്കുന്നിടത്താണ് സൈലന്റ്‌വാലി പ്രസ്ഥാനം പ്രധാന്യമർഹിക്കുന്നത്.

ജലമലിനീകരണം, വനനശീകരണം, കണ്ടൽക്കാടുകളെ നശിപ്പിക്കൽ തുടങ്ങിയവയ്ക്കെതിരെ ചെറുതും വലുതുമായ ഒട്ടേറെ സമരങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. കല്ലേൻ പൊക്കുടൻ, മയിലമ്മ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ മാതൃകയാക്കപ്പെടേണ്ടതാണ്. ഭൂമിയുടെ പച്ചപ്പും പ്രസരിപ്പും വീണ്ടെടുക്കുന്നതിനായി ഒരുകൂട്ടം പ്രകൃതിസ്നേഹികൾ പരിസ്ഥിതി നാശത്തിനെയിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മുഹമ്മദ്കോയ എന്ന വ്യക്തി കോഴിക്കോട് കൊടുവള്ളിയിൽ അപൂർവ്വഇനം സസ്യജന്തുജാലങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്വകാര്യവനം സംരക്ഷിക്കുന്നുണ്ട്. കാസർഗോഡ് പുളിയങ്കുന്നത്ത് അബ്ദുൾകരീം എന്ന മനുഷ്യൻ ഉടുമ്പ്, മലയണ്ണാൻ, പാമ്പുകൾ, പക്ഷികൾ തുടങ്ങി പലയിനം ജീവജാലങ്ങളുള്ള ഒരു ചെറുവനം കാത്തുപോരുന്നു. പയ്യോളി കൊള്ളാവി കടപ്പുറത്ത് കടലാമ സംരക്ഷണത്തിനായുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് സുരേഷ്കുമാറും സംഘവും നെയ്തൽ എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുകയും കടലാമകളെ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു.

നദികളെ അഴുക്കുചാലുകളായി മാറ്റുന്നതിനെതിരെ നിളസംരക്ഷണസമിതി, ചാലിയാർ സംരക്ഷണസമിതി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നദികളിലെ മണൽവാരലും ഫാക്ടറികളിൽനിന്നും വരുന്ന മലിനജലം നദിയിലൊഴുക്കുന്നതും പ്ലാസ്റ്റിക് മാലിന്യങ്ങൾ നദിയിൽ നിക്ഷേപിക്കുന്നതും ഭൂമിയിലെ ജലവിതാനത്തിന് ഭീഷണിയാണ്. മാവൂർ ഗ്രാസിം ഇൻഡസ്ട്രിസിന്റെ പ്രവർത്തനഫലമായി ഉണ്ടായ പരിസ്ഥിതി മലിനീകരണത്തിനെതിരെ പ്രവർത്തിക്കാനായി

ഉയർന്നുവന്ന ജനകീയ പ്രതിരോധ പ്രസ്ഥാനമാണ് ചാലിയാർ സംരക്ഷണസമിതി എന്നറിയപ്പെടുന്നത്.

പാരിസ്ഥിതിക ദുരന്തത്തിന്റെ സമകാലിക ചിത്രമാണ് കരിമണൽ ഖനനം മൂലം ഏറെ നേർത്തുപോയ കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്ത്. 1965-ൽ റെയർ എർത്സ് ലിമിറ്റഡ് കരിണൽ ഖനനം ആരംഭിക്കുമ്പോൾ 89.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉണ്ടായിരുന്ന ആലപ്പാട് ഇന്ന് 7.95 ചതുരശ്രകിലോമീറ്റർ മാത്രമാണ് ഉൾക്കൊളളുന്നത്. ഐ.ആർ.ഇ എന്ന പൊതുമേഖലാസ്ഥാപനത്തിന്റെ ചുമതലയിലുള്ള ഖനനം മൂലം ആയിരക്കണക്കിന് കുടുംബങ്ങൾ പ്രദേശം വിട്ടു പോയി. പഞ്ചായത്തിലെ കാർഷികസമൃദ്ധിയും മത്സ്യസമ്പത്തും പഴങ്കഥയായി. കടലും കായലും ഒന്നിക്കാൻ 20 മീറ്റർ മാത്രം ദൂരം, അതിജീവനത്തിനായുള്ള അന്തിമസമരത്തിലാണ് ഇന്ന് ആലപ്പാട്ടുകാർ.

1962-ലാണ് കേരളശാസ്ത്രസാഹിത്യപരിഷത്ത് രൂപം കൊണ്ടത്. ശാസ്ത്രം ജനകീയമാക്കാനും വികസനത്തിന് ബദലുകൾ കണ്ടുപിടിച്ച് നടപ്പിലാക്കാനും ഈ സംഘടന യത്നിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെ പ്രവർത്തിച്ച ശാസ്ത്രസാഹിത്യപരിഷത്ത് വ്യവസായ ഉല്പാദനത്തിന്റെ ഫലമായി ഉണ്ടാക്കപ്പെടുന്ന മലിനവസ്തുക്കളെ നീക്കം ചെയ്യാനും അതിന്റെ ദൂഷ്യഫലങ്ങളെ ഇല്ലാതാക്കാനും മലിനീകരണനിവാരണസംവിധാനങ്ങൾ വ്യവസായസ്ഥാപനങ്ങളിൽ ഉണ്ടാക്കാൻ പ്രേരണചെലുത്തി. തെരുവുനാടകങ്ങളിൽക്കൂടിയും ലഘുലേഖകളിൽക്കൂടിയും പരിസരമലിനീകരണം, വനനശീകരണം തുടങ്ങിയവക്കെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളിൽ നിർണ്ണായകമായ സ്ഥാനം വഹിക്കാൻ ശാസ്ത്രസാഹിത്യപരിഷത്തിന് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതിക്ക് അനുകൂലമായി പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തി പ്രാദേശികമായ ചെറുകൂട്ടായ്മകളും ചെറുസംഘങ്ങളും ഇന്നുപ്രവർത്തിക്കുന്നു. പരിസ്ഥിതി മലിനീകരണത്തിനെതിരെ മനുഷ്യരുടെ ഒരു കൂട്ടായ പ്രവർത്തനം

അനിവാര്യമാണ് എന്ന ബോധത്തിലേക്ക് ഇവ നമ്മെ എത്തിക്കുന്നുണ്ട്. നാശത്തിലേക്കടുക്കുന്ന ഭൂമിയുടെ അതിജീവനത്തിനായി സകല ജീവജാലങ്ങളുടെയും വാസസ്ഥലമായ പ്രകൃതിയെ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയും ഉത്തരവാദിത്തവുമായി നാം കരുതേണ്ടതുണ്ട്.

### 1.1.5 പരിസ്ഥിതിവാദം : വ്യത്യസ്ത ദാർശനിക പദ്ധതികൾ

ലോകം ഇന്നു കീഴടക്കി ഭരിക്കുന്നത് പാശ്ചാത്യജീവിതദർശനവും അതിലൂന്നിയ പ്രയോഗങ്ങളുമാണ്. പാരിസ്ഥിതികമായ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകുകയും മാനവരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന ഒരു പ്രതിസന്ധിഘട്ടത്തിൽ സമൂഹത്തെ എത്തിക്കുകയും ചെയ്തത് ഈ ദർശനങ്ങളാണ്. ''രണ്ടു മാർഗ്ഗങ്ങളാണ് മനുഷ്യരാശിക്കു മുന്നിലുള്ളത്. ഒന്ന് ശ്രേയസ്സിന്റേതും മറ്റൊന്ന് പ്രേയസ്സിന്റേതും. എന്നെന്നേക്കും നിലനിൽക്കുന്ന, ഭൗതികവും ആദ്ധ്യാത്മികവുമായ മനുഷ്യപുരോഗതിയിലേക്ക് നയിക്കുന്ന മാർഗ്ഗമാണ് ശ്രേയസ്സിന്റേത്. ഭൗതികസുഖത്തെമാത്രം ലക്ഷ്യമിടുന്ന, ഏറെനാൾ കൊണ്ടുനടക്കാൻ കഴിയാത്ത, ഉപഭോഗത്തിലും ചൂഷണത്തിലും അധിഷ്ഠിതമായ മാർഗ്ഗമാണ് പ്രേയസ്സിന്റേത്. ഭാരതം ചിരകാലമായി ശ്രേഷ്ഠവും യോഗ്യവുമായി സ്വീകരിച്ചിരുന്ന മാർഗ്ഗം ശ്രേയസ്സിന്റേതായിരുന്നു. പാശ്ചാത്യലോകം പിന്തുടർന്ന പാത പ്രേയസ്സിന്റേതും''[7] ഭാരതീയ പാരമ്പര്യത്തിൽ ആരണ്യസംസ്കാരത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഭൂമിയെ മാതാവായികാണുന്ന ഭാരതീയരുടെ സഹജഭാവമാണ് പ്രകൃത്യാഭിമുഖ്യവും പരിസ്ഥിതിബോധവും. ഒറ്റപ്പെട്ട ഒരുപാട് ചിന്തകൾ പരിസ്ഥിതിവാദത്തിൽ വരുന്നുണ്ട്. എങ്കിലും പ്രധാനമായി നാല് ദാർശനികപദ്ധതികൾ അത് മുന്നോട്ടുവെയ്ക്കുന്നു.

#### 1.1.5.1 ഗഹനപരിസ്ഥിതിവാദം

ഏണസ്റ്റ് ഹാക്കിളിന്റെ പ്രകൃതിചിന്തയിൽനിന്നും പ്രചോദനമുൾക്കൊണ്ടും റേച്ചൽകഴ്സന്റെ നിരീക്ഷണങ്ങളിൽ ആകൃഷ്ടനായും നൊർവ്വീജിയൻ ചിന്തക

നായ അർണ്ണനേസ് (Arnenaaers) ഗഹനപരിസ്ഥിതിവാദത്തിന് തുടക്കം കുറിച്ചു. പരിസ്ഥിതിദർശനങ്ങളിൽ ആദ്യത്തേതാണ് ഗഹനപരിസ്ഥിതിവാദം. ഭൂമിയിലെ സകലജീവജാലങ്ങൾക്കും മനുഷ്യനും ഒരേ പ്രകൃതിയും സദാചാരവുമാണ്. പ്രകൃതി എല്ലാം നന്നായറിയുന്നു എന്നതാണ് ഗഹനപരിസ്ഥിതിവാദം മുന്നോട്ടുവയ്ക്കുന്ന ചിന്ത. രണ്ട് തത്വങ്ങളെ ഇത് ഉയർത്തിക്കാണിക്കുന്നു.

1. പ്രകൃതിയിലെ എല്ലാ സത്തകൾക്കും മനുഷ്യന് എന്നപോലെ മൂല്യവും, നിലനിൽപ്പിനും സ്വയം കണ്ടെത്താനുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ട്. മനുഷ്യന് അവന്റെ ആവശ്യത്തിനും ഇഷ്ടത്തിനും അനുസരിച്ച് മാറ്റുവാനുള്ളതല്ല പ്രകൃതിയിലെ വിഭവങ്ങൾ. അവന് പ്രയോജനപ്രദമാണോ എന്നു പരിശോധിച്ചിട്ടല്ല ഓരോന്നിന്റെയും മൂല്യം നിർണ്ണയിക്കപ്പെടുന്നതും. അതിനാൽ ജീവൻനിലനിർത്താനാവശ്യമായവ മാത്രം പ്രകൃതിയിൽനിന്നെടുക്കുക, അനാവശ്യ കൈകടത്തലുകൾ നടത്താതിരിക്കുക. എന്നാൽ ആധുനിക മനുഷ്യൻ ആവശ്യങ്ങൾക്കപ്പുറം സമ്പത്തിനും ആർഭാടത്തിനും വേണ്ടി പ്രകൃതിയെ ദുരുപയോഗം ചെയ്യുന്നു.

2. ജൈവകേന്ദ്രിത വ്യവസ്ഥയ്ക്ക് പ്രാമുഖ്യം നൽകുന്ന ഒരു ദർശനം കൈക്കൊള്ളുന്നു ഗഹനപരിസ്ഥിതിവാദം. പരിവർത്തനവിധേയമാക്കേണ്ടവയിൽ പ്രകൃതി വീക്ഷണവും മനുഷ്യന്റെ സമീപനവും സമ്പദ്ശാസ്ത്രവും ഒക്കെ ഉൾപ്പെടുന്നു. എന്നാൽ അഹിംസതത്വത്തിൽ അടിയുറച്ചതും ആയിരിക്കണം ഈ പ്രവർത്തനങ്ങൾ. ഹിന്ദു ബുദ്ധമതങ്ങളിലെ ധ്യാനവും പ്രകൃതിയിലുള്ള ലയവും ഗഹനപരിസ്ഥിതിവാദികളെ പ്രചോദിപ്പിക്കുന്ന കാര്യങ്ങളായി.

**1.1.5.2സാമൂഹ്യപരിസ്ഥിതിവാദം**

മുറ്റേബുക്ചിൻ എന്ന അമേരിക്കൻ ചിന്തകനാണ് സാമൂഹ്യപരിസ്ഥിതിവാദത്തിന് തുടക്കമിട്ടത്. പരിസ്ഥിതിപ്രശ്നങ്ങളുടെ സാമൂഹികവും സാംസ്കാരി

കവും സാമ്പത്തികവുമായ കാരണങ്ങളിൽ ശ്രദ്ധയൂന്നുന്നതോടൊപ്പം ഗഹനപരിസ്ഥിതിവാദത്തിന്റെ പോരായ്മകളെ വെളിപ്പെടുത്തുകയും അവ പരിഹരിക്കാൻ പുതുമാർഗ്ഗം തേടുകയും ചെയ്യുന്നു. പണ്ട് ഗ്രോത്രവർഗ്ഗങ്ങൾക്കിടയിൽ പുരുഷാധിപത്യം ഉടലെടുക്കുകയും സ്ത്രീകൾ വിധേയത്വമുള്ളവരായി മാറുകയും ചെയ്തു. ഇതേ അധികാരമാണ് പ്രകൃതിയുടെമേലും വ്യാപിച്ച ആധിപത്യപ്രവണത എന്ന് സാമൂഹ്യ പരിസ്ഥിതിവാദക്കാർ വിശ്വസിക്കുന്നു. ഗഹനപരിസ്ഥിതിവാദത്തിൽ മനുഷ്യകേന്ദ്രിതവാദത്തെ പ്രശ്നകാരണമായി കാണുകയും അതിന്റെ രോഗലക്ഷണങ്ങളെ തിരിച്ചറിയുകയും ചെയ്യുന്നുണ്ടെങ്കിലും സാമൂഹ്യകാരണങ്ങളെ കാണുന്നില്ല എന്ന് ഇക്കൂട്ടർ അഭിപ്രായപ്പെടുന്നു.

### 1.1.5.3 പാരിസ്ഥിതികമാർക്സിസം

മുതലാളിത്ത വ്യവസ്ഥിതിക്കു കീഴിൽ പ്രകൃതിക്കു നേരിടേണ്ടിവന്ന നാശത്തെയും അപചയത്തെയും വിലയിരുത്തണമെങ്കിൽ അധ്വാനം, ചൂഷണം, ഉല്പാദനം, ലാഭനിരക്ക്, മൂലധനവിതരണം തുടങ്ങിയ കാര്യങ്ങളെ പ്രശ്നാധിഷ്ഠിതമായി പഠിക്കേണ്ടതായിവരും എന്നതാണ് പാരിസ്ഥിതികമാർക്സിസം അടിസ്ഥാനമാക്കുന്നത്. റുഡോൾഫ് സാഹ്റെ ഈ ചിന്തയ്ക്ക് ആരംഭം കുറിച്ചു. പീറ്റർ ഡിക്കിൻസൺ, ഡേവിഡ് പെപ്പർ തുടങ്ങിയവർ ഇതിന്റെ വക്താക്കളാണ്. പുരുഷാധിഷ്ഠിതമായ സമൂഹത്തിന്റെ ഘടന തകർത്താൽ മാത്രമേ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന ഒരു സാമൂഹ്യപരിസരം സൃഷ്ടിക്കപ്പെടുകയുള്ളൂ. എന്നാൽ ശാസ്ത്രനേട്ടങ്ങളെ ഉൾക്കൊള്ളുന്നതോടൊപ്പം പഴയസമൂഹത്തിന്റെ നൈസർഗ്ഗിക ബന്ധങ്ങൾ നിലനിർത്തുകയും ചെയ്യുന്നു പാരിസ്ഥിതിക മാർക്സിസം.

### 1.1.5.4 പാരിസ്ഥിതികസ്ത്രീവാദം

1970 കളിൽ ഫ്രാൻസ്, ജർമ്മനി, ജപ്പാൻ, വെനിസ്വലെ, ഫിൻലാന്റ്, ഓസ്ട്രേലിയ എന്നിവിടങ്ങളിലാണ് ഇക്കോഫെമിനിസം രൂപംകൊണ്ടത്. ലിംഗഭേദം,

വംശീയത, ജൈവവൈവിധ്യം നിലനിർത്തേണ്ടതിന്റെ ആവശ്യകത, ലോകസമാധാനം തുടങ്ങിയ കാര്യങ്ങളെയെല്ലാം ഇഴചേർത്ത് പുതിയൊരു ചിന്താധാരയായി ഉയർന്നുവന്ന ദർശനമാണിത്. പാരിസ്ഥിതികസ്ത്രീവാദം മനുഷ്യസ്വത്വത്തിന്റെ മൂല്യങ്ങളിലും സമൂഹത്തിലെ സമത്വചിന്തയിലും പാരിസ്ഥിതിക നീതിയിലും അടിസ്ഥാനപ്പെടുത്തിയ സൈദ്ധാന്തിക പ്രവർത്തന പദ്ധതിതന്നെയാണ്. പുതിയ ലോകനിർമ്മിതിയെ ലക്ഷ്യമിടുന്ന ഇക്കോഫെമിനിസം പരിസ്ഥിതിവാദം, സ്ത്രീവാദം, സമത്വചിന്ത എന്നിവയെയെല്ലാം സമന്വയിപ്പിക്കാനുള്ള ശ്രമമാണ്. ഈ പുതിയ ലോകം അടിസ്ഥാനമാക്കുന്നതാകട്ടെ സാന്ത്വനം, കരുതൽ, പരിപാലനം തുടങ്ങിയ സ്ത്രൈണമൂല്യങ്ങളിൽ അധിഷ്ഠിതമായ രീതിയെ അല്ലെങ്കിൽ ഭൗമജനാധിപത്യത്തിൽ അടിസ്ഥാനപ്പെടുത്തിയ ലോകക്രമത്തെയാണ്. പരിപാലനസ്വഭാവം ഏറെയുള്ള സ്ത്രീക്കു നേരെ നടത്തുന്ന അക്രമങ്ങൾക്കും അന്യവൽകരണത്തിനും കീഴടക്കലിനുമെതിരെ അവൾ നടത്തുന്ന ബൗദ്ധികരാഷ്ട്രീയ പ്രതിരോധമാണ് സ്ത്രൈണമൂല്യങ്ങളുടെ വീണ്ടെടുപ്പിന് കാരണമാകുന്നത്. ജൈവദർശനത്തിന്റെ, പരിസ്ഥിതിദർശനത്തിന്റെ കാതലായ ഒരു ഭാഗമെന്ന നിലക്ക് സ്ത്രീവാദത്തെക്കുറിച്ചും ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്.

### 1.2 സ്ത്രീവാദം: പ്രസ്ഥാനവും നിർവ്വചനവും

പുരുഷാധിപത്യചിന്തകളുടെ ബഹുവിധമായ ചൂഷണങ്ങൾക്കെതിരെയുള്ള സ്ത്രീസമരങ്ങളുടെ തുടർച്ചയായിട്ടാണ് 1960കളിൽ സാഹിത്യവിമർശനരംഗത്ത് സ്ത്രീവാദത്തിന് ആരംഭം കുറിക്കുന്നത്. സ്വയംപര്യാപ്തവും യുക്തിഭദ്രവുമായ ഒരു സമീപനമായിട്ടാണ് ഈ കാലഘട്ടത്തിൽ സ്ത്രീവാദം കടന്നുവരുന്നത്. സമൂഹത്തിന്റെയും സാഹിത്യത്തിന്റെയും മുഖ്യധാരയിൽ നിന്ന് ഒഴിച്ചുനിർത്തപ്പെട്ട നിശ്ശബ്ദമായൊരു സാന്നിധ്യം മാത്രമായിരുന്നു എപ്പോഴും സ്ത്രീ. പുരുഷസമൂഹത്തിന്റെ താല്പര്യങ്ങളും ആവശ്യങ്ങളുമാണ് സ്ത്രീത്വത്തെ നിർവ്വചിച്ചിരുന്നത്. പുരുഷലോകത്തിന്റെ അരികുപറ്റി ജീവിക്കുന്നവളായി പുരുഷൻ സ്ത്രീയെ മാറ്റിയെടുക്കുകയായിരുന്നു. സ്വന്തമായ വ്യക്തിത്വം പടുത്തുയർത്താൻ അനുവദി

ക്കാതെ പുരുഷൻ അവളെ അടിച്ചമർത്തി. ആ ഇല്ലായ്മയിൽനിന്നും സ്വതന്ത്രമായ അസ്തിത്വവും ചിന്തയുമുള്ള ലിംഗജാതിയിലേക്കുള്ള പരിവർത്തനം തന്നെയാണ് സ്ത്രീവിമോചനം എന്ന വാക്കുകൊണ്ടർത്ഥമാക്കുന്നത്. ആൺകോയ്മയുടെ സ്വാർത്ഥതാല്പര്യങ്ങളിൽനിന്നും നിർവ്വചനങ്ങളിൽനിന്നും വിടുതൽതേടി സ്വത്വവും ഇടവും തേടാനുള്ള സ്ത്രീകളുടെ അടങ്ങാത്ത അഭിവാഞ്ജതന്നെയാണ് സ്ത്രീവാദത്തിന്റെ ഊർജ്ജമാകുന്നതും. ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം ലിംഗപരമായ അസമത്വം സ്ത്രീകൾക്കുമാത്രമല്ല ആ സമൂഹത്തിനാകെ ദൂരവ്യാപകമായ ദോഷം ചെയ്യുന്നു. സാമൂഹികമായ ഈ തിരിച്ചറിവ് അടിയന്തിരവും അനിവാര്യവുമാണ്. തിരിച്ചറിവിന്റേതായ ഈ ബോധംതന്നെയാണ് ഫെമിനിസം എന്ന പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴിവെച്ചതും.

മനുഷ്യസ്വാതന്ത്ര്യത്തിനും മോചനത്തിനും വേണ്ടിയുള്ള അനേകം ചലനങ്ങളിലൊന്നായ ഫെമിനിസം ലിംഗപദവി ബന്ധങ്ങളെ വിലയിരുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും സഹായിക്കുന്നു. ഒപ്പം മാനുഷികാനുഭവങ്ങളുടെ വ്യാഖ്യാനത്തിനുള്ള ഒരു മാർഗ്ഗംകൂടിയാകുന്നു. സ്ത്രീവാദം എന്നത് സോദ്ദേശ്യവും ഏകമുഖവുമായ അനേകം ആശയങ്ങളുടെ ഒരു സമുച്ചയമാണ്. സ്ത്രീപക്ഷവാദികളും ഇതേ ആശയത്തോട് താല്പര്യവും ആഭിമുഖ്യവും ഉള്ളവരുമായ ഒട്ടേറെപ്പേർ ഈ സിദ്ധാന്തത്തെ നിർവ്വചിക്കാനും വ്യാഖ്യാനിക്കാനും ശ്രമിച്ചിട്ടുണ്ട്. സ്ത്രീകളുടെ മോചനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരെല്ലാം തന്നെ ഫെമിനിസ്റ്റുകളാണ്. അതുകൊണ്ടുതന്നെ ഫെമിനിസത്തെ ഒരു നിർവ്വചനത്തിലൊതുക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യവുമല്ല. പുരുഷാധിപത്യഭാവത്തിനും മേധാവിത്തചിന്തകൾക്കും ഇടംകൊടുക്കാതെ നിലനിൽക്കാനുള്ള ശ്രമമായിട്ടാണ് സ്ത്രീവാദം രൂപപ്പെടുന്നത്.

‘‘1895 ഏപ്രിൽ 25-ാം തിയ്യതിയിലെ ‘അത്തെനം’ എന്ന ആനുകാലിക പ്രസിദ്ധീകരണത്തിൽ തന്റെ സ്വാതന്ത്ര്യം പടപൊരുതി തിരിച്ചുപിടിക്കാൻ കഴിവു

ള്ളവർ എന്ന വിശദീകരണത്തോടെ 'ഫെമിനിസ്റ്റ്' എന്ന വാക്ക് ആദ്യമായി പ്രയോഗിച്ചുകണ്ടു.''[8] സ്ത്രീകളുടെ സാമൂഹ്യപദവി നിർണ്ണയിക്കുന്നതിനു സഹായകമാകുന്ന ആശയമാണ് ഫെമിനിസം എന്നുപറയാം. യൂറോപ്പിൽ നവോത്ഥാനത്തിന്റെ ഫലമായി രൂപംകൊണ്ട ഫെമിനിസം സ്ത്രീകളെ പുരോഗതിയുടെ വെളിച്ചത്തിലേക്കു കൊണ്ടുവരിക എന്ന ലക്ഷ്യം മുന്നോട്ടുവച്ചു. ''ബൗദ്ധികവും സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതത്തിന്റെ എല്ലാവശങ്ങളിലും സ്ത്രീക്കുകൂടി പൂർണ്ണമായ പ്രാതിനിധ്യം ലഭിക്കുവാനും സാമൂഹിക ബന്ധങ്ങളെ രൂപപ്പെടുത്തുവാനും നടത്തിയ ചരിത്രപരവും ദേശീയവുമായ മുന്നേറ്റമാണ് ഫെമിനിസം.''[9] എല്ലാകാലത്തും തനിക്കനുഭവിക്കേണ്ടിവരുന്ന അടിച്ചമർത്തലിനും അസ്വാതന്ത്ര്യത്തിനുമെതിരെ പ്രതികരിച്ചുകൊണ്ടാണ് സ്ത്രീ തന്റെ സ്വത്വം നിർണ്ണയിക്കുന്നത്. ''ഒഴിവാക്കലിനോട് - പാർശ്വവൽക്കരണത്തോട് - സ്ത്രീപക്ഷത്തുനിന്നുയരുന്ന പ്രതികരണവും പ്രതിരോധവുമായി സ്ത്രീവാദത്തെ സങ്കല്പിക്കാം.''[10] എന്ന് ജെ. ദേവിക അഭിപ്രായപ്പെടുന്നു. ചരിത്രത്തിലും സംസ്കാരത്തിലും ലിംഗപരമായ അസമത്വം സാർവ്വത്രികമായി നിലനിൽക്കുക വഴി സ്ത്രീയുടെ മേൽ ചാർത്തപ്പെട്ട രണ്ടാംകിട പദവിയെ ഫെമിനിസം ചോദ്യം ചെയ്തു. മാതൃദായക്രമത്തിന്റെ പതനം പെൺജാതിയുടെ ആകെത്തന്നെയുള്ള ലോകചരിത്രപ്രധാനമായ പതനമായിരുന്നു. ഇതേ തുടർന്ന് കുടുംബഭരണം പുരുഷന്റെ മേൽനോട്ടത്തിലായി. സ്ത്രീതരം താഴ്ത്തപ്പെടുകയും അവന്റെ കാമപൂരണത്തിനും സന്താനോല്പാദനത്തിനുമുള്ള വെറുമൊരു ഉപകരണമായി പരിണമിക്കുകയും ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിൽ ഉണ്ടായ വോട്ടവകാശത്തിനു വേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടമാണ് സ്ത്രീവാദത്തിന് തുടക്കം കുറിച്ചത് എന്നു പറയാം. മതസാമൂഹ്യ ആചാരനിയമങ്ങളെ ചോദ്യം ചെയ്തുകൊണ്ടാണ് എവിടെയും സ്ത്രീവാദം ആരംഭിച്ചിട്ടുള്ളത്. ഒരേ വംശത്തിൽ പിറന്നിട്ടും പുരുഷനൊപ്പം കുടുംബജീവിതത്തിൽ അവന്റെ പാതിയായി ജീവിക്കുമ്പോഴും സ്ത്രീക്ക് ഒരുപാട് അസമത്വങ്ങളും അനീതികളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അത് അവളെ അസ

ന്തുഷ്ടയാക്കുകയും ചെയ്തു. ഇത്തരം ബന്ധനങ്ങളുടെ ചങ്ങലപൊട്ടിച്ചെറിയുമ്പോൾ അവൾ നേടുന്ന സ്വാതന്ത്ര്യത്തിന്റേതായ പുതിയ ഭൂമികയാണ് ഫെമിനിസത്തിന്റെ പൊരുൾ. ഇതൊരിക്കലും ഒരു സ്ത്രീ ചാപല്യമല്ല. യഥാർത്ഥത്തിൽ സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങൾ നടത്തുന്ന പ്രസ്ഥാനമാണ് ഫെമിനിസം എന്നു പറയാം. സൈദ്ധാന്തികമായി പരിമിതികൾ ഉണ്ടെങ്കിലും രാഷ്ട്രീയമായി നിർണ്ണായക ശക്തിയാണ് സ്ത്രീവാദം. മാനുഷികാനുഭവങ്ങളുടെ വ്യാഖ്യാനത്തിനുള്ള ഒരു മാർഗ്ഗംകൂടിയായ ഫെമിനിസം ഒരിക്കലും പുരുഷനോടുള്ള വിദ്വേഷം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നില്ല. ഈ നൂറ്റാണ്ടിൽ ഫെമിനിസത്തിന്റെ പ്രസക്തിയും ഇതാണ്.

### 1.2.1 സ്ത്രീവാദം - ചരിത്രപശ്ചാത്തലം

ചരിത്രപരമായ ദൃഷ്ടിയിൽ നോക്കിയാൽ ഫെമിനിസം എന്ന ആശയം ലോകത്തിൽ ഉടലെടുത്തത് യൂറോപ്യൻ നവോത്ഥാനത്തിന്റെ ഫലമായാണ് എന്നു പറയാം. 1789-ലെ ഫ്രഞ്ചുവിപ്ലവക്കാലത്താണ് സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ച് ആസൂത്രിതമായ മുന്നേറ്റങ്ങൾ ചരിത്രത്തിൽ ആരംഭിച്ചത്. ഇതോടൊപ്പം അമേരിക്കൻ സ്വാതന്ത്ര്യസമരവും സമൂഹത്തിൽ സ്വതന്ത്രചിന്തയുടേയും സ്ത്രീവാദചിന്തയുടേയും ക്രിയാത്മകമായ തുടക്കത്തിന് കാരണമായി. സ്ത്രീകളുടെ ചെറിയ ചെറിയ പ്രശ്നങ്ങളുടെ പരിഹാരത്തിൽ തുടങ്ങി കാലം ചെല്ലുമ്പോൾ ചിന്തകളിലും എഴുത്തുകളിലും വ്യാഖ്യാനങ്ങളിലും വ്യവഹാരങ്ങളിലും ഒക്കെ പടർന്നുപന്തലിച്ച ഒരു വലിയ സ്വാധീനശക്തിയായി ഫെമിനിസം വളർന്നു. സമൂഹചിന്തയിൽ ഒട്ടേറേ പൊളിച്ചെഴുത്തുകൾക്കും പുതിയ കർമ്മപദ്ധതികൾക്കും തുടക്കം കുറിക്കാൻ ഫെമിനിസത്തിനു കഴിഞ്ഞിട്ടുണ്ട്. അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടമായും സ്വത്വത്തെ കണ്ടെത്താനുള്ള ശ്രമമായും സാമ്പത്തികസമത്വം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളായും സ്ത്രീ സ്വകാര്യസ്വത്ത് എന്ന ചിന്തയിൽനിന്നും സ്വാതന്ത്ര്യം നേടുന്നതിനായുള്ള കർമ്മപദ്ധതിയായും ഫെമിനിസം രൂപം പ്രാപിച്ചു.

#### 1.2.1.1 അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം

ആദ്യകാലഫെമിനിസ്റ്റ് സമരങ്ങളിൽ ഏറ്റവും പ്രാമുഖ്യം ഉണ്ടായിരുന്നത് പുരുഷൻ അന്യായമായി കയ്യടക്കിവച്ചിരിക്കുന്ന എല്ലാ മേഖലകളേയും ചോദ്യംചെയ്യുക എന്നതിനായിരുന്നു. തുടർന്ന് സ്ത്രീ-പുരുഷബന്ധത്തിലുള്ള അധീശത്വ-വിധേയത്വ ബന്ധത്തെ വെല്ലുവിളിക്കുന്നതിന് തയ്യാറായി. സ്ത്രീ-പുരുഷസമത്വത്തിലധിഷ്ഠിതമായ ബന്ധങ്ങളെ ഉണ്ടാക്കുക എന്നതുതന്നെയാണ് ഇവയുടെ ലക്ഷ്യം. വോട്ടവകാശത്തിനുവേണ്ടിയുള്ള ആദ്യകാലസമരങ്ങളുടെ ഫലമായി അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചു. 1825-ൽ ഇംഗ്ലണ്ടിലെ സോഷ്യലിസ്റ്റ് ചിന്തകനായ വില്യം തോംപ്സൺ സ്ത്രീകളുടെ തുല്യവകാശങ്ങൾക്കും വോട്ടവകാശത്തിനും വേണ്ടി വാദിച്ചിരുന്നു. 1848-ലെ വനിതാവകാശസമ്മേളനത്തിൽ സ്ത്രീകളുടെ വോട്ടവകാശം, വിവാഹം, വേതനതുല്യത, വിദ്യാഭ്യാസം എന്നിവയ്ക്ക് വേണ്ടിയാണ് വാദിച്ചിരുന്നത്. മാർഗ്ഗരറ്റ് ഫുള്ളറുടെ *Women in the Nineteenth Centuary* എന്ന കൃതിയിൽ വ്യക്തിവാദത്തിൽ നിന്ന് സമൂഹവാദത്തിലേക്കുള്ള പരിവർത്തനത്തിന്റെ രേഖകൾ ഉണ്ട്. മേരി വൂൾസ്റ്റൺ ക്രാഫ്റ്റിന്റെ *വനിതാവകാശസമർത്ഥനം* (A Vindication of the Rights of women) എന്ന ഗ്രന്ഥത്തിൽ സ്ത്രീയുടെ അവകാശത്തിനും അന്തസ്സിനും വേണ്ടി വാദിക്കുന്നതോടൊപ്പം പുരുഷൻ സ്ത്രീയുടെ രക്ഷകൻ എന്ന സങ്കൽപത്തെ ചോദ്യം ചെയ്യുകയും ചെയ്തു.

അമേരിക്കയിലായിരുന്നു ഫെമിനിസം സുസംഘടിതമായ ഒരു വിമോചന പ്രസ്ഥാനം എന്ന നിലയിൽ ഉയർന്നുവന്നത്. 1830-കളിൽ അടിമത്തവിരുദ്ധപ്രസ്ഥാനമാണ് അമേരിക്കയിൽ സ്ത്രീകൾ സംഘടിക്കുന്നതിന് കാരണമായിത്തീർന്നത്. വീട്ടമ്മമാരെ തൊഴിൽ ജീവിതത്തിലേക്കു സ്വാഗതം ചെയ്തുകൊണ്ട് ബെറ്റി ഫ്രീഡൻ എന്ന അമേരിക്കൻ എഴുത്തുകാരി *The Femine Mystiche* എന്ന

ഗ്രന്ഥം രചിച്ചു. സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തിന് പ്രാധാന്യം കല്പിച്ചുകൊണ്ടാണ് ഫെമിനിസ്റ്റു ബൈബിൾ എന്നറിയപ്പെടുന്ന *സ്വന്തമായൊരു മുറി* (A room of ones own) വെർജീനിയ വുൾഫ് എഴുതിയത്. നൂറ്റാണ്ടുകളായി തങ്ങൾ അനുഭവിച്ചുപോന്ന പീഡനത്തിനും ചൂഷണത്തിനും അവഗണനക്കും എതിരെ, പുരുഷനും സ്ത്രീക്കും വെവ്വേറെ ഉണ്ടാക്കപ്പെട്ട നിയമചട്ടക്കൂടുകൾക്കെതിരെ സ്ത്രീകൾ സംഘടിതമായി പ്രതികരിച്ചതിന്റേയും പോരാടിയതിന്റേയും തുടർച്ചയാണ് യഥാർത്ഥത്തിൽ സ്ത്രീവാദ പ്രസ്ഥാനങ്ങൾ. കുടുംബത്തിലും സമൂഹത്തിലും ഒറ്റപ്പെടലിന്റേയും സാമ്പത്തിക അരാജകത്വത്തിന്റേയും അവഗണിക്കലുകളുടേയും ദൂഷ്യഫലങ്ങൾ അവൾക്ക് അനുഭവിക്കേണ്ടി വന്നു. സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സ്ത്രീവർഗ്ഗം തന്റെ സ്വത്വത്തെ തിരിച്ചറിയാൻ തുടങ്ങുകയും തടഞ്ഞുവയ്ക്കപ്പെട്ട അവകാശത്തെക്കുറിച്ച് ബോധവതികളാകുകയും ചെയ്തു. അങ്ങനെ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടമായി സ്ത്രീവാദം ശക്തിപ്രാപിച്ചു.

1642 ൽ നൂറോളം സ്ത്രീകൾ ചേർന്ന് ബ്രിട്ടന്റെ പൊതുസഭയിൽ സ്ത്രീകളുടെ പ്രശ്നത്തെക്കുറിച്ച് ഒരു നിവേദനം നൽകിയതാണ് സ്ത്രീയുണർവിന്റേതായ ആദ്യ സംഭവമായി ബ്രിട്ടനെ സംബന്ധിച്ച് കരുതപ്പെടുന്നത്. ''1789 ഒക്ടോബറിൽ ഫ്രഞ്ചുഭരണഘടനയെപ്പറ്റി പുരുഷന്മാർ വാദപ്രതിവാദങ്ങളിൽ മുഴുകിയിരിക്കെ പാരീസ് ടൗൺഹാളിലേക്ക് ആറായിരത്തോളം വരുന്ന സ്ത്രീകൾ ജാഥയായി നീങ്ങി. ആഹാരം വേണമെന്നായിരുന്നു അവരുടെ ആവശ്യം. എല്ലാ പ്രവർത്തികളിലും ഉൾപ്പെട്ട അദ്ധ്വാനിക്കുന്ന സ്ത്രീവിഭാഗത്തിന്റെ ജാഥയായിരുന്നു അത്.''[11] ഫ്രാൻസിലെ സ്ത്രീമുന്നേറ്റങ്ങളുടെ തുടക്കം തന്നെയായി അതിനെ കണക്കാക്കാം. ''ജർമ്മനിയിലാകട്ടെ 1790 ൽ ഹിപ്പൽ എന്ന വിദ്യാർത്ഥിനി സ്ത്രീകളുടെ അവകാശങ്ങളുടെ പ്രകടനപത്രികയുമായി രംഗത്തെത്തി''.[12]

**1.2.1.2 സ്വത്വത്തെ കണ്ടെത്താനുള്ള ശ്രമം**

ഫ്രഞ്ച് ചിന്തകയും നോവലിസ്റ്റുമായ സിമോൺ ദി ബുവ്വർ തന്റെ *second sex* എന്ന ഗ്രന്ഥത്തിൽ സമൂഹത്തിലെ സ്ത്രീപദവിയുടെ ചരിത്രം പഠനവിധേയമാക്കി. സ്ത്രീ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായി പരിണമിക്കുകയാണ് എന്ന ചിന്ത അവർ ഇതിലൂടെ പങ്കുവച്ചു. സ്ത്രീ എന്താണ് എന്നത് ബുവ്വർ *second sex* ൽ നിർവ്വചിക്കുന്നു. ''പുരുഷന്റെ അസ്തിത്വം കേവലസത്തയുടേതാകുമ്പോൾ സ്ത്രീയുടേത് അന്യത്വത്തിന്റേതാകുന്നു. പുരുഷൻ യഥാർത്ഥ സ്വത്വവും സ്ത്രീ അതിന്റെ അപരസ്വത്വവുമാകുന്നു. മനുഷ്യകുലം തന്നെ ഒരാൺ സങ്കല്പമാണ്. പുരുഷൻ സ്ത്രീയെ നിർവ്വചിക്കുന്നത് അവളുടെ നിലയിൽ നിന്നല്ല മറിച്ച് അവനുമായി ബന്ധപ്പെടുത്തിയാണ്. അവളുടെ സ്വതന്ത്രസ്വത്വം പരിഗണിക്കപ്പെടുന്നേയില്ല.''[13] പുരുഷൻ എന്നും അവന്റെ നിഴലായി മാത്രം സ്ത്രീയെ പരിഗണിക്കുന്നു. അവന് അവന്റെ കാൽക്കീഴിലിട്ട് ചവിട്ടിയരക്കാനും ആവശ്യമുള്ളപ്പോൾ ഉപയോഗിക്കുവാനും ഉള്ള ഒരു ഭോഗവസ്തു എന്ന നിലയിൽ നിന്ന് തന്റെ തന്നെ കഴിവിനേയും ആഗ്രഹങ്ങളേയും തിരിച്ചറിഞ്ഞ് യഥാർത്ഥമായ സ്ത്രീ സ്വത്വത്തിലേക്കെത്താൻ സ്ത്രീകൾ പരിശ്രമിക്കുവാൻ തുടങ്ങി എന്നതാണ് സ്ത്രീവാദ പ്രസ്ഥാനത്തെ പ്രസക്തമാക്കുന്നത്. സ്ത്രീപക്ഷ നിലപാടുകൾ പുലർത്തിയ എഴുത്തുകാരും ഈ ചിന്തയോട് താല്പര്യം പ്രകടിപ്പിച്ചവരും തൊഴിൽ രംഗത്തും കുടുംബത്തിനകത്തും പുറത്തും, സാമൂഹിക രംഗത്തും തന്റേതായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനും അഭിപ്രായങ്ങൾ തുറന്നു പറയാനും സ്ത്രീയെ പ്രേരിപ്പിച്ചു. അനുഭവിച്ച പീഡനങ്ങളിൽ നിന്നും തിക്താനുഭവങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് സ്വന്തം സ്വത്വത്തെ തിരിച്ചറിയാനുള്ള വ്യഗ്രതയും സമൂഹത്തിൽ ഒരു ഇടം കണ്ടെത്താനുള്ള ശ്രമവും സ്ത്രീകളിൽ നിന്നുണ്ടായി.

**1.2.1.3 സ്വന്തമായൊരിടത്തെക്കുറിച്ചുള്ള ബോധവും ആവശ്യകതയും**

സ്ത്രീയും പുരുഷനും നിയമത്തിനു മുന്നിൽ തുല്യരാണെന്ന് ഇന്ത്യൻ ഭര

ണഘടന ഉദ്ഘോഷിക്കുന്നു. പക്ഷെ ഈ സമത്വപദവി സ്ത്രീക്ക് അനുവദിച്ചുകൊടുക്കാൻ സമൂഹമോ ഭരണകൂടമോ ഒരിക്കലും തയ്യാറായിട്ടില്ല. പഴയകാലത്തെ അപേക്ഷിച്ച് ഇന്ന് അല്പാല്പം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്നു മാത്രം. ഇന്ത്യൻ ഗ്രാമങ്ങളിൽ പലതിലും ഇന്നും നടപ്പിലുള്ള നിയമം മതത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഹിന്ദുവ്യക്തി നിയമത്തിലെ പല അംശങ്ങളുമാകട്ടെ മനുസ്മൃതിയുടെ അടിസ്ഥാനത്തിലുള്ളതാണ് എന്നതാണ് വസ്തുത.

കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ന്യൂഹാം കോളേജിലും ഗിർറ്റൺ കോളേജിലും 1928 ഒക്ടോബറിൽ അവതരിപ്പിച്ച രണ്ടു പ്രബന്ധങ്ങളെ അടിസ്ഥാനമാക്കിയെഴുതിയ കൃതിയാണ് *A room of One's own*. ഇതിൽ വെർജീനിയ എഴുത്തുകാരികൾ രചനാവേളയിൽ അനുഭവിക്കുന്ന പ്രതിസന്ധികളെയും സ്ത്രീകളുടേതായ രചനാ പാരമ്പര്യത്തിന്റെ സാധ്യതകളെയും അടയാളപ്പെടുത്തുന്നു. കുടുംബം, ഭർത്താവ്, പ്രസവം, കുട്ടികൾ തുടങ്ങിയ ചിന്താപരിസരങ്ങളിൽ മാത്രം ജീവിക്കുന്ന സ്ത്രീക്ക് സ്വന്തമായൊരു അഭിപ്രായം പറയാനോ തന്റെ സർഗ്ഗാത്മകതയെ തുറന്നു കാണിക്കാൻ ഉതകുന്ന തരത്തിൽ എന്തെങ്കിലും രചനകളിൽ ഏർപ്പെടാനോ കഴിഞ്ഞിരുന്നില്ല. ഇത്തരത്തിൽ സ്വന്തം അഭിപ്രായവും കാഴ്ചപ്പാടും തുറന്നു കാട്ടണമെങ്കിൽ സ്വന്തമായൊരിടവും സാമ്പത്തിക ലഭ്യതയും ഉണ്ടാകണം എന്ന് വെർജീനിയ വൂൾഫ് എടുത്തു പറഞ്ഞു. ഈ 'ഇടം' നിഷേധിക്കുന്നതാകട്ടെ പുരുഷാധിപത്യ സമൂഹവുമാണ്. സ്ത്രീവാദ ചിന്താഗതികളുടെ പ്രചാരം ഇത്തരത്തിലുള്ള ഒരു ഇടത്തെക്കുറിച്ചുള്ള ബോധം പെൺ മനസ്സിൽ ഉയർത്തിക്കൊണ്ടുവന്നു. ''പുരുഷന് വിത്തിടാനുള്ള വിളനിലം മാത്രമാണ് സ്ത്രീ''[14] എന്ന നിലയിൽ നിന്ന് അദ്ധ്വാനിച്ച് അർഹമായ കൂലിനേടി സ്വന്തം കാഴ്ചപ്പാടിൽ സ്വാതന്ത്ര്യബോധത്തോടെ ചിന്തിക്കാനും പ്രവർത്തിക്കാനും തനിക്ക് കഴിയണം എന്ന ഒരു ബോധം സ്ത്രീയിൽ ഉടലെടുത്തു. ലിംഗസമത്വത്തിലധിഷ്ഠിതമായ സമൂഹത്തെ മാറ്റി ആണിനും പെണ്ണിനും തുല്യാവകാശം നൽകുന്ന ഒരു സമൂഹം ഭരണഘടന

അനുശാസിക്കുന്ന തരത്തിൽ വരേണ്ടിയിരിക്കുന്നു. കാരണം കുടുംബത്തിന്റേയും സമൂഹത്തിന്റേയും ഭദ്രമായ നിലനില്പ് സ്ത്രീകളിലാണ് എന്നതാണ് യഥാർത്ഥ്യം.

### 1.2.2 സ്ത്രീവാദം - പ്രസക്തിയും പ്രാധാന്യവും

മനുഷ്യവംശ ചരിത്രത്തിൽ ഇന്ന് നിലനിൽക്കുന്ന പാർശ്വവൽക്കരണങ്ങളിൽ ഏറ്റവും ആഴത്തിലുള്ളതും ശക്തമായതുമാണ് സ്ത്രീപുരുഷ വിവേചനം. പലപ്പോഴും തങ്ങൾ ഇരയാക്കപ്പെടുന്നതറിയാതെ നിലവിലുള്ള വ്യവസ്ഥ സ്വീകരിക്കുന്ന ഒരു സ്ത്രീസമൂഹം ഇന്നും ഉണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കുടുംബം, സമൂഹം എന്നീ വിഭാഗങ്ങളിൽ സ്ത്രീകൾക്കെന്നും ലഭിച്ചിരുന്നത് രണ്ടാംകിട പരിചരണം മാത്രമായിരുന്നു. ആധുനിക സ്ത്രീവാദചിന്തയുടെ ക്രിയാത്മകമായ തുടക്കം അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റേയും ഫ്രഞ്ചു വിപ്ലവത്തിന്റേയും പശ്ചാത്തലത്തിലാണ്. മേരി വൂൾസ്റ്റൺ ക്രാഫ്റ്റ് 1792 ൽ രചിച്ച A Vindcation of the Rights of Women എന്ന ഗ്രന്ഥത്തിൽ സ്ത്രീയെ പരതന്ത്രയായ വസ്തു എന്ന അവസ്ഥയിൽ നിന്ന് സ്വതന്ത്ര മനുഷ്യവ്യക്തിയായി സ്ഥാപിച്ചെടുക്കുന്നതിനായി വാദിച്ചു. സ്ത്രീ നീതിക്കും സ്ത്രീ സ്വാതന്ത്ര്യത്തിനും വേണ്ടി ശബ്ദമുയർത്തിയ ഈ കൃതിയിൽ അബലയും അധീരയുമാണ് സ്ത്രീ എന്ന സങ്കല്പം പുരുഷാധിപത്യലോകം കെട്ടിച്ചമച്ചതാണെന്നും തുല്യനീതി പ്രകൃതി നിയമമാണെന്നും വാദിക്കുന്നു.

സ്ത്രീകളുടെ യഥാർത്ഥ സാധ്യതകൾ മനസ്സിലാക്കണമെങ്കിൽ അവർക്ക് സ്വാതന്ത്ര്യവും വിദ്യാഭ്യാസവും ഉണ്ടാകണം. ഇതേ സമയത്തു തന്നെ വോട്ടവകാശം, വിവാഹം, വേതനം, വിദ്യാഭ്യാസം എന്നിങ്ങനെ എല്ലാ മണ്ഡലങ്ങളിലും അവൾ തുല്യത ആഗ്രഹിച്ചു തുടങ്ങി. വർഷങ്ങളായി സ്ത്രീ അനുഭവിച്ചിരുന്ന പീഡനങ്ങളും ക്രൂരതകളും അതിരു കടന്നപ്പോൾ തന്റേതായ ഇഷ്ടങ്ങൾ നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സ്ത്രീകൾ ചിന്തിക്കാൻ തുടങ്ങി. ''പരി

ഷ്കൃതിയിലേക്ക് കടന്നെത്തിയ മനുഷ്യവർഗ്ഗത്തിന്റെ കൈപിഴകളുടേയും തിന്മക ളുടേയും ഭാരം താങ്ങാൻ മാത്രം വിധിക്കപ്പെട്ടിരിക്കുന്ന വിഭാഗമാണ് സ്ത്രീകൾ എന്ന് മേരി വുൾസ്റ്റൺ ക്രാഫ്റ്റ് ചൂണ്ടിക്കാട്ടി.''[15]

ഇതേ രീതിയിൽ പ്രസക്തമാകുന്ന മറ്റു രണ്ടു കൃതികളാണ് മാർഗരറ്റ് ഫുള്ളറുടെ *Women in the 19th Century* (1845), ജോൺ സ്റ്റുവർട്ട് മില്ലിന്റെ *The Subjection of Women* (1869) എന്നിവ. ആദ്യത്തേതിൽ സ്ത്രീകളെ നിരന്തരമായി അടിച്ചമർത്തുന്നതിലെ സാംസ്കാരികവും മാനസികവുമായ പരിണിതഫലങ്ങളെ ക്കുറിച്ച് ചർച്ച ചെയ്തു. തന്റെ കഴിവ് മനസ്സിലാക്കി പുരുഷനിൽ നിന്ന് വേറിട്ട് സ്വതന്ത്രമായ വ്യക്തിത്വം നേടിയെടുക്കാൻ സ്ത്രീകൾ പരിശ്രമിക്കേണ്ടതിന്റെ പ്രാധാന്യത്തെയും അതിൽ എടുത്തു പറഞ്ഞു. സ്റ്റുവർട്ട് മില്ലിന്റെ ഗ്രന്ഥത്തിൽ മനുഷ്യരെന്ന നിലയിൽ സ്ത്രീക്കും പുരുഷനും തുല്യതയ്ക്കുള്ള അവസരമുണ്ട്. എന്നാൽ ഈ അവകാശം നിഷേധിക്കപ്പെട്ടതാണ് സ്ത്രീയുടെ അടിമത്തത്തിനു കാരണം എന്ന് സ്റ്റുവർട്ട്മിൽ തന്റെ ഗ്രന്ഥത്തിലൂടെ സ്ഥാപിക്കുന്നു.

കാലാകാലങ്ങളായി പുരുഷ മേൽക്കോയ്മയുടെ കീഴിൽ തളച്ചിടപ്പെട്ട സ്ത്രീക്ക് പുരുഷാധിപത്യ സമൂഹത്തിൽ നിന്ന് തങ്ങളുടെ വ്യക്തി സ്വാതന്ത്ര്യങ്ങ ളിലേക്കും പ്രവർത്തന സ്വാതന്ത്ര്യങ്ങളിലേക്കും മേധാവിത്ത വർഗ്ഗം നടത്തുന്ന അധിനിവേശങ്ങളെ, ഉഴുതുമറിക്കലുകളെ തടുത്തു നിർത്താനും അതിനെതിരെ പ്രതിരോധമാർജ്ജിക്കുവാനുമുള്ള ഒരു തീവ്രമായ ശ്രമമാണ് സ്ത്രീവാദം എന്ന താണ് അതിനെ പ്രസക്തമാക്കുന്നത്. ബൗദ്ധികവും തൊഴിൽപരവുമായ സ്വാത ന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, ലിംഗ മേധാവിത്തങ്ങളില്ലാത്ത പൊതുമണ്ഡല പ്രവർ ത്തനങ്ങൾ എന്നിങ്ങനെയുള്ള ചിന്താസരണികൾ മുറുകെപിടിക്കുന്ന സ്ത്രീവാദ പ്രസ്ഥാനം അതുകൊണ്ടുതന്നെ സമൂഹധാരയിലെ ഒഴിവാക്കാനാവാത്ത ഒരു പ്രസ്ഥാനമായി മാറി. സ്ത്രീവാദത്തിന്റെ ഒന്നാം ഘട്ടമെന്നു വിശേഷിപ്പിക്കപ്പെടുന്ന 1830-1930 കാലഘട്ടത്തിൽ സ്ത്രീ സ്വാതന്ത്ര്യവും സ്ത്രീവിമോചനവും സംബ

ഡിച്ച് അനേകം അവകാശ പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. നിരന്തരമായ സമരങ്ങളിലൂടെ വോട്ടവകാശവും പൗരത്വ പദവിയും ലഭിച്ചു. 1960 കളിൽ പൗരാവകാശ പ്രസ്ഥാനങ്ങൾ, കറുത്തവർഗ്ഗക്കാരുടെ സംഘടനകൾ തുടങ്ങിയവയുടെ ചരിത്ര പശ്ചാത്തലത്തിൽ സ്ത്രീവിമോചന പ്രസ്ഥാനവും ശക്തിയാർജ്ജിച്ചു. ആദ്യ ഘട്ടത്തിൽ സമത്വം വിദ്യാഭ്യാസം തുല്യാവകാശം തുടങ്ങിയ പ്രമേയങ്ങളായിരുന്നു. സ്ത്രീ ജീവിതം, ലൈംഗികാതിക്രമങ്ങൾ, സ്വന്തം ശരീരത്തിനുമേലുള്ള അവകാശം തുടങ്ങി സ്വകാര്യ ജീവിതത്തിൽ നേരിടേണ്ടി വരുന്ന മർദ്ദിതാവസ്ഥയ്ക്കു നേരെ അവൾ പോരാടാൻ തുടങ്ങി. അധികാരി വർഗ്ഗത്തിന്റെ ഭരണഘടനാചട്ടങ്ങൾ പലപ്പോഴും സ്ത്രീവിരുദ്ധമാണെന്ന ഒരു ബോധം സ്ത്രീക്ക് പെണ്ണിനെയും പ്രകൃതിയെയും ചരിത്രത്തെയും സമൂഹത്തിന്റെ സംസ്കാരത്തെയും കുറിച്ച് ഒരു വീണ്ടുവിചാരത്തിന് കാരണമായി. അതോടൊപ്പം ഇവയെക്കുറിച്ചുള്ള ഒരു നവ ചിന്ത രൂപപ്പെടുകയും ചെയ്തു. ''സ്ത്രീ-ശരീരവും ചിന്തയും- പുരുഷൻ എന്ന മേലാളന്റെ കീഴടക്കലിന് വിധേയമാക്കപ്പെടുന്നത് പലപ്പോഴും ലൈംഗിക താല്പര്യം എന്നതിലുപരി അധികാരം കൈപിടിയിൽ ഒതുക്കാനുള്ള ഒരു വ്യഗ്രതയാർന്ന ശ്രമമായി നടത്തപ്പെടുന്നതാണ് എന്ന ചിന്ത സ്ത്രൈണ പ്രതിരോധങ്ങൾക്ക് പ്രാധാന്യം നൽകുന്നു.''[16] മുതലാളിത്തത്തിന്റേയും പുരുഷാധിപത്യത്തിന്റേയും പ്രത്യശാസ്ത്രങ്ങളെ ചോദ്യം ചെയ്തുകൊണ്ടും സ്ത്രീ വിമോചനത്തിലൂടെ വ്യവസ്ഥിതിയുടെ സമഗ്ര നവീകരണം സാധ്യമാകും എന്ന് ചിന്തിച്ചും സ്ത്രീവാദം ഇന്നും സജീവമായും ശക്തമായും നിലനിൽക്കുന്നു. എങ്കിലും സമകാലികമായി സ്ത്രീ സമൂഹവും പരിസ്ഥിതിയും അടിസ്ഥാനവർഗ്ഗവും വളരെയധികം അസമത്വങ്ങളും അക്രമങ്ങളും നേരിടുന്നുണ്ട്. അതുകൊണ്ടു തന്നെ സൈദ്ധാന്തികമായ നിലപാടുകൾകൊണ്ടും പ്രവർത്തന പദ്ധതികൾകൊണ്ടും സ്ത്രീവാദം ഇനിയും ശക്തിയാർജ്ജിക്കേണ്ടതുണ്ട്.

### 1.2.3 സ്ത്രീവാദം - വീക്ഷണങ്ങളും വിശകലനങ്ങളും

പതിനെട്ടാം നൂറ്റാണ്ടിൽ ഫെമിനിസം ശക്തമായ ഒരു സാന്നിദ്ധ്യമായി

സാഹിത്യത്തിലും സമൂഹത്തിലും ഉയർന്നുവന്നത് പാശ്ചാത്യ രാജ്യങ്ങളിലാണ്. നൂറ്റാണ്ടുകളായി അനുഭവിച്ചുപോരുന്ന നരകയാതനകളിൽ നിന്നും മോചനം നേടുന്നതിനായി, തന്റെ അഭിപ്രായങ്ങൾക്കും ഇഷ്ടങ്ങൾക്കും തന്റേതായ ഒരു ഇടം കണ്ടെത്താനുമായി സ്ത്രീകൾ പ്രവർത്തിക്കാൻ തുടങ്ങി. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒഴിവാക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്ത, മനുഷ്യരാശിയുടെ നേർ പകുതിയായ സ്ത്രീയുടെ പ്രതിരോധങ്ങളുടേയും മുന്നേറ്റങ്ങളുടേയും ആകെയുള്ള കൂടിച്ചേരലാണ് സ്ത്രീവാദം. ഇത് ഒരു പ്രത്യയശാസ്ത്രം മാത്രമല്ല, സ്ത്രീവർഗ്ഗത്തിന്റെ പ്രായോഗികമായ ജീവിതരീതി കൂടിയാണ്. ലിംഗപദവി, ലൈംഗികത, ചരിത്രം, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങി ഒട്ടേറെ പഠനമേഖലകളെ സ്ത്രീവാദം പുനർനിർവ്വചിക്കുന്നുണ്ട്.

സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീവിമോചനത്തെ സംബന്ധിച്ചും അനേകം അവകാശ പ്രഖ്യാപനങ്ങളുണ്ടായ 1830-1930 കാലഘട്ടം ഫെമിനിസത്തിന്റെ ഒന്നാം ഘട്ടമെന്നു വിശേഷിപ്പിക്കപ്പെടുന്നു. സാമ്രാജ്യത്വ മുതലാളിത്ത വ്യവസ്ഥയോടുള്ള എതിർപ്പ് സമൂഹത്തിൽ വേരൂന്നിയ 1960 കളുടെ അന്ത്യത്തിൽ സ്ത്രീവാദപ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചു. സ്ത്രീകളുടെ അവകാശ സമരങ്ങളെ സൂചിപ്പിക്കാനായി 1872 ൽ അലക്സാണ്ട്രെ ഡ്യൂമോസ് ഫെമിനിസം എന്ന വാക്കുപയോഗിച്ചു.

സ്ത്രീയുടെ രക്ഷകനാണ് പുരുഷൻ എന്ന സങ്കല്പത്തെ ചോദ്യം ചെയ്ത ഫെമിനിസ്റ്റാണ് മേരി വൂൾസ്റ്റൺ ക്രാഫ്റ്റ്. സമൂഹത്തിലും കുടുംബത്തിലും സ്ത്രീയുടെ സാമ്പത്തികവും ശാരീരികവുമായ സംരക്ഷണം മുതൽ ബുദ്ധിപരമായ ആവശ്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും വരെ പുരുഷനെ സ്ത്രീക്ക് ആശ്രയിക്കേണ്ടിവരുന്നു എന്ന അത്യന്തം പരിതാപകരവും യഥാർത്ഥവുമായ അവസ്ഥയ്ക്കെതിരെ വൂൾസ്റ്റൺ ക്രാഫ്റ്റ് നിശിതവിമർശനമുയർത്തി. പരാജയങ്ങളുടെ പേരിൽ സ്ത്രീ എന്ന നിലയ്ക്ക് അവളെ വല്ലാതെ അപലപിക്കുന്നതോ, വിജയ

ത്തിൽ അതിരു കടന്ന് പുകഴ്ത്തുന്നതോ ശരിയല്ലെന്ന് ജോൺ സ്റ്റുവർട്ട് മിൽ അഭിപ്രായപ്പെട്ടു. മനുഷ്യർ എന്ന നിലയിൽ സ്ത്രീയും പുരുഷനും തുല്യരാണെന്നും സമത്വത്തിനുള്ള അവകാശം അവൾക്ക് നിഷേധിക്കപ്പെട്ടതുകൊണ്ടാണ് സ്ത്രീ അടിമത്തത്തിലായതെന്നും മിൽ വാദിച്ചു. വിവാഹത്തിൽ തീരുമാനമെടുക്കേണ്ട സ്വാതന്ത്ര്യം സ്ത്രീക്കുണ്ടായിരിക്കണം എന്നു പറഞ്ഞ മിൽ സ്ത്രീയുടെ വോട്ടവകാശത്തിനു വേണ്ടി 1866 ൽ ബ്രിട്ടീഷ് പാർലമെന്റിൽ ബിൽ അവതരിപ്പിച്ചു.

ഫ്രഞ്ചു വിപ്ലവത്തിനു മുമ്പ് അവിടത്തെ സമൂഹത്തിലെ സ്ത്രീകൾ സഞ്ചാര സ്വാതന്ത്ര്യവും സാമ്പത്തിക സ്വാതന്ത്ര്യവും ഉള്ളവളും പുരുഷനൊപ്പം തന്നെ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയുള്ളവളുമായിരുന്നു എന്നു പറയുന്ന ബുവ്വ ഗ്രാമീണ പശ്ചാത്തലത്തിലെ സ്ത്രീകൾ കഷ്ടത അനുഭവിച്ചതായും അമിതമായി തൊഴിൽ ചെയ്യേണ്ടി വന്നതായും പൊതുവിൽ ഭീരുക്കളായിരുന്നു എന്നതും സൂചിപ്പിച്ചു. ഫെമിനിസ്റ്റ് ചിന്താപദ്ധതിയുടെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയ ഗ്രന്ഥമാണ് ബുവ്വറുടെ *The Second Sex*. വ്യക്തിത്വത്തിന്റെ സ്ഥാപനത്തിനുവേണ്ടി പോരാടാനും പ്രവർത്തിക്കാനും സാഹചര്യങ്ങൾ ഉണ്ടായെങ്കിലും പുരുഷന്മാരുടെ ആജ്ഞാനുവർത്തികളായി വിധേയത്വത്തിന്റേയും ഭീരുത്വത്തിന്റേയും സംസ്കാരം ഉയർത്തിപ്പിടിച്ചത് അരാജകത്വം നിറഞ്ഞ അന്തരീക്ഷം ഉടലെടുക്കാൻ കാരണമായി. സമൂഹത്തിലും സാഹിത്യത്തിലും സ്ത്രീകൾ ഒരു പോലെ പ്രാന്തസ്ഥാനീയരാണെന്നും സാമ്പത്തികമായും രാഷ്ട്രീയമായും അവർ പലപ്പോഴും അടിച്ചമർത്തപ്പെടുന്നുവെന്നും സിമോൺ ദ ബുവ്വാർ അഭിപ്രായപ്പെട്ടു. യഥാർത്ഥത്തിൽ സമൂഹാവബോധത്തിലും ചരിത്രത്തിലും നൂറ്റാണ്ടുകളായി പ്രതിഷ്ഠിക്കപ്പെട്ട സ്ത്രീപരികല്പനകളെ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന കൃതിയാണ് ഫ്രഞ്ച് തത്വചിന്തകയും നോവലിസ്റ്റുമായ സിമോൺ ദി ബുവ്വറുടെ ദി *സെക്കന്റ് സെക്സ്.* ഭൗതികവും പ്രത്യയശാസ്ത്രപരവും ഭാഷാപരവുമായ പ്രതിസന്ധികളെ മറികടന്ന്, സ്ത്രീക്ക് തങ്ങളുടെ മേൽ പുരുഷാധിപത്യ ലോകം അടി

ച്ചേൽപിച്ച വിലങ്ങുകളെ പൊട്ടിച്ചെറിഞ്ഞ് അവളുടെ വിമോചന സ്വപ്നങ്ങൾ ആവിഷ്കരിക്കാൻ കഴിയുമെന്ന് വുൾസ്റ്റൺ ക്രാഫ്റ്റും, മില്ലറും, ബുവ്വറും ഒക്കെ തെളിയിച്ചു. സാമൂഹിക സാമ്പത്തിക നവീകരണവുമായി ബന്ധപ്പെട്ടുള്ള സ്ത്രീയുടെ സ്വയം തിരിച്ചറിയലുകളുടെ തീഷ്ണതയും വെളിപ്പെടുത്തലുകളുമാണ് ഇവിടെ കാണാൻ കഴിയുക.

രണ്ടാം ലോകമഹായുദ്ധാനന്തരം 1960 കളോടെ ആധുനിക ഫെമിനിസ്റ്റു പ്രസ്ഥാനം ശക്തിയാർജ്ജിച്ചു. പുരുഷന്റെ അധികാരഗർവ്വിനേയും സുഖതൃഷ്ണയേയും തൃപ്തിപ്പെടുത്തുന്ന ആശ്രിതമാത്രമാണ് അവന്റെ സങ്കല്പത്തിലേയും സാഹിത്യത്തിലേയും സ്ത്രീ. ഇക്കാലത്തെ സ്ത്രീവാദ ചിന്ത അടിസ്ഥാനമാക്കിയത് ലൈംഗികതയുടെ രാഷ്ട്രീയമാണ്. കുടുംബജീവിതം, ലൈംഗികത, ലൈംഗികാതിക്രമങ്ങൾ, സ്വശരീരത്തിലുള്ള അവകാശം എന്നിങ്ങനെ സ്ത്രീപുരുഷ ബന്ധങ്ങളിലെ സ്വകാര്യവൽകൃത മേഖലകൾ ചർച്ച ചെയ്യപ്പെടേണ്ടതാണെന്ന് ഈ ഘട്ടം തെളിയിച്ചു. രണ്ടാം തരംഗ ഫെമിനിസത്തിന് ആശയപരമായ കരുത്തു നൽകിയത് ബെറ്റിഫ്രീഡന്റെ *ഫെമിനിൻ മിസ്റ്റിക്* (1963), കെയ്റ്റ് മില്ലറ്റിന്റെ *സെക്ഷ്വൽ പൊളിറ്റിക്സ്* (1969), ജെർമെയൻ ഗ്രീറിന്റെ *ദ ഫീമെയിൽ യൂനക്* (1970), ഷൂലാമിത് ഫയർസ്റ്റോണിന്റെ *ദ ഡയലൈറ്റിക് ഓഫ് സെക്സ്* (1976) എന്നീ കൃതികളാണ്.

**1.2.4 സ്ത്രീവാദം വ്യത്യസ്ത തലങ്ങൾ**

സമീപനത്തിന്റേയും വിശകലനത്തിന്റേയും വ്യത്യസ്തതകൾ സ്ത്രീവാദത്തെ ഒട്ടേറെ തലങ്ങളിലെത്തിക്കുന്നു. സൈദ്ധാന്തികമായി നിലപാടുകളിൽ വൈവിധ്യം കൈക്കൊള്ളാനും ഇത് കാരണമായി. ലിബറൽ ഫെമിനിസം, റാഡിക്കൽ ഫെമിനിസം, സോഷ്യലിസ്റ്റ് ഫെമിനിസം, മാർക്സിസ്റ്റു ഫെമിനിസം, അസ്തിത്വവാദപരമായ ഫെമിനിസം, ഇക്കോഫെമിനിസം എന്നിങ്ങനെ വൈവിധ്യം നിറഞ്ഞ പഠനമേഖലകൾ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്.

സ്ത്രീവാദത്തെ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ നിന്ന് അടർത്തിമാറ്റിക്കാണുന്ന ആദ്യകാലരീതിയാണ് ലിബറൽ ഫെമിനിസം. സ്ത്രീക്കും പുരുഷനും തുല്യാവകാശം ഉറപ്പാക്കുന്ന നിയമങ്ങൾ ഉണ്ടാകണമെന്നും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഒരു കൂട്ടർ ഇതരരെക്കാൾ മെച്ചമാണ് എന്ന വിശ്വാസം ഇല്ലാതാക്കണമെന്നും ലിബറൽ സ്ത്രീവാദക്കാർ ആവശ്യപ്പെട്ടു. ലിംഗപരമായ നീതികേടുകളിലൂടെ പലപ്പോഴും സ്ത്രീകളുടെ കഴിവുകൾ സഫലീകൃതമാകാതെ പോകുന്നു എന്നും അതുകൊണ്ടു തന്നെ ലിംഗനീതിക്കായി സ്ത്രീകൾ പോരാടണമെന്നും ഇവർ വാദിച്ചു. ജോൺ സ്റ്റുവർട്ട് മിൽ, മേരിവുൾസ്റ്റൺ ക്രാഫ്റ്റ്, മാർഗരറ്റ് ഫുള്ളർ തുടങ്ങിയവർ ഇതിന്റെ വക്താക്കളാണ്. ‘‘നവോത്ഥാന ചിന്താപദ്ധതി അഴിച്ചുവിട്ട സ്വാതന്ത്ര്യ ചിന്തയുടേയും യുക്തിവിചാരത്തിന്റേയും ചുവടുപിടിച്ച് രൂപം പ്രാപിച്ചതാണ് ലിബറൽ തത്വചിന്ത. ഫ്യൂഡലിസത്തിന്റെ പതനവും ആധുനികയുഗത്തിന്റെ തിരനീക്കവും സന്ധിച്ച വേളയിൽ ലോക്ക്, റൂസ്സോ, ജോൺ സ്റ്റുവർട്ട് മിൽ തുടങ്ങിയ ചിന്തകർ ഉദ്ഘോഷിച്ച തുല്യാവകാശം, വ്യക്തിസ്വാതന്ത്ര്യം, വിവേചനം, നീതിബോധം തുടങ്ങിയ മൂല്യങ്ങളുടെ സ്ത്രൈണവൽക്കരണമോ സ്ത്രീവാദവൽക്കരണമോ ആണ് ലിബറൽ ഫെമിനിസം.’’[17] സമൂഹത്തിലെ പുരുഷമേധാവിത്തത്തിനെതിരെ ശക്തമായി പ്രതികരിക്കാൻ ഇവർ തയ്യാറായിട്ടില്ല.

ആൺകോയ്മ സംസ്കാരത്തിന്റെ മുഖമുദ്രയാണ് അധികാരം, അധീശത്വം, മത്സരം എന്നിവ. ഈ സംസ്കാരത്തെ അവകാശ സ്ഥാപനത്തിലൂടെയോ, നിയമനിർമ്മാണത്തിലൂടെയോ മാറ്റിയെടുക്കാൻ സാധിക്കുകയില്ലെന്ന് വിശ്വസിച്ചവരാണ് റാഡിക്കൽ ഫെമിനിസ്റ്റുകൾ. ഇവർ സ്ത്രീപുരുഷ വൈരുദ്ധ്യത്തെയും, സ്ത്രീപീഡനത്തെയും മറ്റെല്ലാ അടിമത്തത്തിന്റെയും അടിസ്ഥാനപരമായ കാരണമായി കരുതി. ലൈംഗികവർഗ്ഗ വ്യവസ്ഥിതിയെ ഉന്മൂലനം ചെയ്യാൻ രാഷ്ട്രീയമായി സംഘടിക്കുക എന്നതാണ് റാഡിക്കൽ ഫെമിനിസത്തിന്റെ മുഖ്യലക്ഷ്യം. സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം എന്തായിരിക്കണം എന്ന് നിർണ്ണയിക്കാനുള്ള പുരു

ഷന്റെ അവകാശത്തെ ചോദ്യം ചെയ്തവരാണ് റാഡിക്കൽ ഫെമിനിസ്റ്റുകൾ. സ്ത്രീയുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള സമഗ്രമായ ഒരു പുനർനിർമ്മിതിയിലൂടെ മാത്രമെ വിമോചനം യാഥാർത്ഥ്യമാകാൻ പോകുന്നുള്ളൂ എന്നവർ ചിന്തിച്ചു. കെയ്റ്റ് മില്ലറ്റിന്റെ *The Sexual Politics,* ഷുലാമിത് ഫയർസ്റ്റോണിന്റെ *The Dialectic of Sex* എന്നിവ ഈ വിഭാഗത്തിലെ ശ്രദ്ധേയമായ കൃതികളാണ്.

ഫെമിനിസം എന്ന പ്രസ്ഥാനത്തെ അതിന്റെ ലക്ഷ്യത്തിലെത്തിക്കണമെങ്കിൽ സ്ത്രീയുടെ വൈയക്തികതയും അവൾ നേരിട്ട പീഡനാനുഭവങ്ങളുടെ ആഴവും അവളുടെയുള്ളിലെ പുരുഷമേധാവിത്ത വ്യവസ്ഥയെക്കുറിച്ചുള്ള ധാരണയും കണക്കിലെടുത്തുകൊണ്ട് ഒരു വിമോചന സമരം തന്നെ നടത്തേണ്ടിയിരിക്കുന്നു എന്ന് വിശ്വസിച്ചവരാണ് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകൾ. വർഗ്ഗരഹിതമായ സമൂഹത്തിൽ സ്ത്രീപുരുഷ സമത്വം സ്വാഭാവികമാകുമെന്നും സ്വകാര്യസ്വത്തിന്റെ ഉന്മൂലനത്തിലൂടെ സ്ത്രീവിമോചനം സാധ്യമാകുമെന്നും അവർ കരുതി. മുതലാളിത്ത വ്യവസ്ഥയാണ് സ്ത്രീയനുഭവിക്കുന്ന പീഡനങ്ങൾക്കും അസ്വാതന്ത്ര്യങ്ങൾക്കും കാരണം എന്ന മാർക്സിയൻ സ്ത്രീവാദ ചിന്തയോട് ഇവർ യോജിക്കുന്നു. ജൂലിയറ്റ് മിച്ചൽ, ചാൾസ് ഫൗറയിർ തുടങ്ങിയവർ ഇതിന്റെ വക്താക്കളാണ്.

എംഗൽസിന്റെ 'കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉദ്ഭവം' എന്ന കൃതിയെ അടിസ്ഥാനമാക്കി തങ്ങളുടെ സൈദ്ധാന്തിക ചിന്തകളെ വിശകലനം ചെയ്ത് സ്ത്രീകളുടെ പ്രശ്നങ്ങളെകൂടി ഉൾക്കൊള്ളിച്ച് മാർക്സിസത്തെ നവീകരിക്കാനായിരുന്നു മാർക്സിസ്റ്റു ഫെമിനിസ്റ്റുകളുടെ ശ്രമം. ഇവർ അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിരിക്കുന്നത് സ്വാതന്ത്ര്യവും സമത്വവും ചൂഷണത്തിൽ നിന്നുള്ള മോചനവും ചൂഷകന് എതിരെയുള്ള ശക്തമായ പ്രതിരോധവും ആണ്. ''സ്ത്രീയുടെ അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും യഥാർത്ഥ കാരണം മുതലാളിത്ത വ്യവസ്ഥിതിയാണെന്നും ആ വർഗ്ഗവിഭജനം അവസാനിക്കു

ന്നതോടെ, സ്ത്രീവർഗ്ഗത്തിന്റെ വിധേയത്വവും അവസാനിക്കുമെന്നു വാദിക്കുന്ന മാർക്സിസ്റ്റു ഫെമിനിസം സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ അനുബന്ധം മാത്രമാണ്'[18] എന്നൊരഭിപ്രായവും ഉണ്ട്.

സിമോൺ ദ ബ്യൂവ്വാറിന്റെ *The Second Sex* എന്ന കൃതി അസ്തിത്വവാദ ഫെമിനിസം എന്നൊരു ധാരയ്ക്ക് തുടക്കം കുറിച്ചു. സ്ത്രീക്ക് പുരുഷനെപ്പോലെ തന്നെ സ്വതന്ത്രമായ അസ്തിത്വമുണ്ടെന്നും അത് ശരീരപരമായ ധർമ്മങ്ങളുടെയോ, ശാശ്വത സ്ത്രീ സങ്കല്പത്തിന്റെ അടിസ്ഥാനത്തിലോ അളന്നു തിട്ടപ്പെടുത്താൻ സാധ്യമല്ലെന്നും ഇവർ വാദിക്കുന്നു. ഒരു സ്ത്രീ അനുഭവിക്കുന്ന ഭൗതിക പരിതസ്ഥിതികൾ രൂപപ്പെടുത്തിയെടുക്കുന്ന സ്ത്രീ വ്യക്തിത്വത്തിനപ്പുറത്ത് സ്ത്രീയുടെ തനതായ സത്തയും അസ്തിത്വവും അന്വേഷിക്കുകയാണ് അസ്തിത്വവാദ ഫെമിനിസം. ''റാഡിക്കൽ ഫെമിനിസത്തിൽ നിന്ന് വികാസം പ്രാപിച്ച ശാഖയാണ് സാംസ്കാരിക ഫെമിനിസം എന്ന പേരിൽ വളർന്നത്. സ്ത്രീയുടെ അവകാശങ്ങൾ, വൈയക്തിക സാമൂഹിക പെരുമാറ്റ രീതികൾ എന്നിവ അടിസ്ഥാനമാക്കി സ്ത്രീ സംസ്കാരം എന്ന കേന്ദ്രാശയത്തിന് ഊന്നൽ നൽകുന്നു''[19] എന്നൊരു വാദവും ഉയർന്നു വന്നിട്ടുണ്ട്. സ്ത്രീയുടെ സ്വാഭാവികമായുള്ള സവിശേഷതകൾ തിരിച്ചറിഞ്ഞുകൊണ്ട് അതിനെ വിമോചനത്തിനും ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി ഉപയോഗപ്പെടുത്തുകയാണ് സാംസ്കാരിക സ്ത്രീവാദം ചെയ്യുന്നത്.

നിരവധി ആശയങ്ങളുടെ സങ്കലനമാണ് സമകാല സ്ത്രീവാദം. ലിംഗപദവി വ്യത്യാസങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ചുകൊണ്ട് അതേ സമയം നിരവധി വിജ്ഞാന സ്രോതസ്സുകളെ, നിലവിലുള്ള സിദ്ധാന്തങ്ങളെ, ജ്ഞാനമേഖലകളെ സമന്വയിപ്പിക്കുകയാണ് ഇന്ന് സ്ത്രീവാദം ചെയ്തുകൊണ്ടിരിക്കുന്നത്. പാരിസ്ഥിതികസ്ത്രീവാദം, ബ്ലാക്ക് ഫെമിനിസം (കീഴാളവർഗ്ഗ സ്ത്രീവാദം) കോളനി അനന്തര സ്ത്രീവാദം (Post Colonial Feminism) ദളിത് സ്ത്രീവാദം, ലെസ്ബിയൻ

ഫെമിനിസം, സൈബർ ഫെമിനിസം തുടങ്ങി ഒട്ടേറെ തലങ്ങൾ സമകാല സ്ത്രീവാദം ഉൾക്കൊള്ളുന്നുണ്ട്.

സ്ത്രീവാദത്തിനകത്തു തന്നെ നിലനിൽക്കുന്ന വംശീയമായ ഉച്ചനീചത്വങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുകളിൽ നിന്നും ഉടലെടുത്തതാണ് ബ്ലാക്ക് ഫെമിനിസം. സ്ത്രീയനുഭവങ്ങൾ സാർവ്വലൗകികമാണെന്ന കാഴ്ചപ്പാടിലായിരുന്നു സ്ത്രൈണാനുഭവങ്ങളെ പാശ്ചാത്യ സ്ത്രീവാദം കണക്കിലെടുത്തിരുന്നത്. ഇതിനെതിരായി മൂന്നാം ലോക അധിനിവേശാനന്തര സ്ത്രീവാദവുമായി ബന്ധപ്പെട്ടാണ് കീഴാള വർഗ്ഗ സ്ത്രീവാദം ഉയർന്നു വരുന്നത്. പടിഞ്ഞാറിനെ യഥാർത്ഥവും അധിനിവേശ രാജ്യങ്ങളിലെ സ്ത്രീയനുഭവങ്ങളെ അപരവുമായും കണക്കാക്കുന്നതിനെതിരെയുള്ള ഒരു നീക്കമായിരുന്നു ഇത്.

സ്ത്രീ എന്ന പദംകൊണ്ട് ലോകത്തിലെ മുഴുവൻ സ്ത്രീകളെയും സൂചിപ്പിക്കുമ്പോൾ കേവലമായ ലിംഗഭേദം മാത്രമാണ് പരിഗണിക്കപ്പെടുന്നത്. മുഖ്യധാര സ്ത്രീവാദം വംശീയവും വർഗ്ഗപരവുമായ വിവേചനങ്ങളെ കൃത്യമായി സംബോധന ചെയ്യുന്നില്ല എന്ന ചിന്തയിൽ നിന്നാണ് പോസ്റ്റ് കൊളോണിയൽ സ്ത്രീവാദം രൂപപ്പെടുന്നത്. ഒന്നാംലോക സ്ത്രീ, വിജ്ഞാനവും അധികാരവും അവകാശബോധവും രാഷ്ട്രീയാവബോധവും ഒക്കെയുള്ളവളായി ചിത്രീകരിക്കപ്പെടുമ്പോൾ കോളനിവാഴ്ചാനന്തര രാജ്യങ്ങളിലെ സ്ത്രീ അഭാവങ്ങളോടു കൂടി സൃഷ്ടിക്കപ്പെടുന്നു. മൂന്നാം ലോക രാജ്യങ്ങളിലെ സ്ത്രീകളുടെ അനുഭവ മണ്ഡലത്തെ സമൂഹത്തിനു മുന്നിൽ തുറന്നു കാണിക്കാനാണ് പോസ്റ്റ് കൊളോണിയൽ സ്ത്രീവാദം ശ്രമിക്കുന്നത്.

കീഴാളതയുടെ രാഷ്ട്രീയവും പ്രത്യയശാസ്ത്രവും തന്നെയാണ് ദളിത് സ്ത്രീവാദവും ഉൾക്കൊള്ളുന്നത്. ജാതീയവും വർഗ്ഗീയവുമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്ന മതസമൂഹമാണ് ഇന്നും ഇന്ത്യയിലുള്ളത്. ജാതീയവും വർണ്ണപരവും വർഗ്ഗപരവുമായ അടിച്ചമർത്തലുകളും കീഴടക്കലുകളും ദളിതർ അനുഭവി

ക്കുന്നുണ്ട്. ദളിത് സ്ത്രീകളാകട്ടെ ലൈംഗിക ചൂഷണങ്ങൾക്ക് വിധേയരാകുന്നു മുണ്ട്. ഇത്തരത്തിൽ ദളിത് സ്ത്രീകൾ അനുഭവിക്കുന്ന വർണ്ണ-ലിംഗപരമായ ചൂഷണവ്യവസ്ഥകളെയാണ് ദളിത് സ്ത്രീവാദം ചോദ്യംചെയ്യുന്നത്.

കുടുംബത്തിൽ സ്ത്രീയെന്നപോലെ ഭൂമിയുടെ നിലനിൽപ്പ് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ അടിസ്ഥാനമാക്കിയാണ്. സ്ത്രീക്കും പ്രകൃതിക്കും നേരെ യുള്ള ചൂഷണങ്ങളും അതിക്രമങ്ങളും പീഡനങ്ങളും പരസ്പരം ബന്ധപ്പെട്ടിരി ക്കുന്നു എന്ന ധാരണയിൽ നിന്നുയിർക്കൊണ്ടതും അതേസമയം സാമൂഹികമാറ്റ ത്തിനുവേണ്ടി ശബ്ദമുയർത്തുന്നതുമായ ഒരു പ്രായോഗിക സമീപനമാണ് പാരി സ്ഥിതികസ്ത്രീവാദം. സ്ത്രീവാദ ദർശനത്തെയും പരിസ്ഥിതിദർശനത്തെയും തമ്മിൽ കോർത്തിണക്കുന്ന ഒരു ചിന്താപദ്ധതിതന്നെയാണിത്. ഈ രീതിയിൽ ഒട്ടേറെ തടസ്സങ്ങളെ തരണം ചെയ്ത് സജീവമായ ഒരു ഫെമിനിസ്റ്റ് ഇടപെടൽ ഇന്ന് സമൂഹരാഷ്ട്രീയത്തിൽ ഉണ്ടാകുന്നുണ്ട്.

### 1.2.5 സ്ത്രീവാദത്തിന്റെ ഉണർവ് ഇന്ത്യയിൽ

വൈദേശിക ആക്രമണങ്ങളാൽ ഇന്ത്യൻ സാമ്പത്തികരംഗത്തും സാമൂഹി കരംഗത്തും ഒട്ടേറെ മാറ്റങ്ങളുണ്ടായി. ബ്രിട്ടീഷുകാരുടെ വരവോടെ ഇന്ത്യ കോള നിയായി മാറുകയും അവർ ലാഭത്തിനുവേണ്ടി നടത്തിയ കച്ചവടത്തിൽ പങ്കാളിക ളാവുകയും ചെയ്തു. ബ്രിട്ടീഷുകാർ നടപ്പാക്കിയ റോഡ്, റയിൽവേ, വാർത്താവി നിമയം, ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങി ജ്ഞാനത്തിന്റെയും ആധുനികതയുടേതു മായ പ്രവർത്തനപദ്ധതികൾ ഇന്ത്യൻ സമൂഹത്തിന്റെ ചിന്തകളിൽ നവീനമായ ചില ധാരണകൾ കൊണ്ടുവരികയും സമൂഹത്തിൽ നടമാടിയിരുന്ന സതി, ശൈശവ വിവാഹം, സ്ത്രീധനസമ്പ്രദായം, ബഹുഭാര്യാത്വം തുടങ്ങിയ അനാചാര ങ്ങൾക്കെതിരെ പ്രവർത്തിക്കാൻ ജനങ്ങളെ പ്രബുദ്ധരാക്കുകയും ചെയ്തു. ഇരുപ താം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലാണ് ഇന്ത്യയിൽ സ്ത്രീവാദം പ്രസ്ഥാനപരമായ ഒരു മുന്നേറ്റം നടത്തുന്നത്. മാറിമാറി വരുന്ന വൈദേശിക ആക്രമണവും ആധിപ

ത്യവും സ്ത്രീപുരുഷബന്ധങ്ങളിൽ പരിഷ്കരണം ആവശ്യമാണ് എന്ന ചിന്തയിൽ ഇന്ത്യൻ സമൂഹത്തെ എത്തിച്ചു. ഇതോടെ ഭാരതത്തിലെ പാരമ്പര്യ സ്ത്രീസങ്കല്പങ്ങൾക്ക് ആധുനികമായ കാഴ്ചപ്പാടുകൾ കൈവന്നുതുടങ്ങി. 'ദി വിമൻസ് ഇന്ത്യൻ അസ്സോസിയേഷൻ' എന്ന സംഘടന 1917-ൽ മദിരാശിയിൽ രൂപീകരിക്കപ്പെട്ടു. ഇന്ത്യയിലെ വനിതകളുടെ ആദ്യത്തെ സംഘടിത വേദിയായിരുന്നു ഇത്. 'ദി ഓൾ ഇന്ത്യ വിമെൻസ് കോൺഫറൻസും' 'ദി നാഷണൽ കൗൺസിൽ ഓഫ് വിമെനും' 1927 ലാണ് സ്ഥാപിക്കപ്പെട്ടത്. 1982 ലെ അഖിലേന്ത്യ ജനാധിപത്യ മഹിളാസംഘം ഇതിൽ എടുത്തു പറയത്തക്കതാണ്.

ഓരോ കാലത്തിലും സമൂഹത്തിലുണ്ടാകുന്ന ചലനങ്ങളും മാറ്റങ്ങളും തൊട്ടറിഞ്ഞ് അതിനനുസൃതമായ രീതിയിൽ ഇടപെടുന്നവരാണ് സാഹിത്യകാരന്മാർ. കവിതാരംഗത്ത് സ്ത്രീവാദപരമായ കാഴ്ചപ്പാടുകളോടെ രചന നടത്തിയവരാണ് അമൃതാ പ്രീതം, അർച്ചനാവർമ, രമണിഗുപ്ത, ഗൗരിദേശ് പാണ്ഡെ, ലളിതാ നായിക് തുടങ്ങിയവർ. രചനയുടെ ലോകത്ത് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവരിൽ മഹാശ്വേതാദേവി, മാലിനി ഭട്ടാചാര്യ, സരോജ് പഥക്, രാജം കൃഷ്ണൻ, മാധവിക്കുട്ടി, അനുരാധ, ജയപ്രഭ തുടങ്ങിയവരും ഉൾപെടുന്നു. പ്രത്യേകലക്ഷ്യത്തോടെ രചന നടത്തിയ ഇവരുടെ ശബ്ദം ഇന്ത്യയുടെ സമൂഹ്യചിന്താഗതിയിൽ പുതിയ ഭാവുകത്വം സൃഷ്ടിച്ചു. പരിസ്ഥിതിചിന്തകളിൽ പ്രാമുഖ്യമുള്ള പേരുകളാണ് മേധാപട്കർ, വന്ദനാശിവ എന്നിവരുടേത്.

### 1.2.6 സ്ത്രീവാദം കേരളപരിസരത്തിൽ

മക്കത്തായ - മരുമക്കത്തായ ദായക്രമങ്ങൾ നിലനിന്നിരുന്ന കേരളത്തിൽ ലിംഗപരവും ജാതീയവുമായി ഒട്ടേറെ അസമത്വങ്ങൾ നിലനിന്നിരുന്നു. ഇത്തരം വിഭാഗീയതകൾ സ്ത്രീകളെ വളരെയധികം ബുദ്ധിമുട്ടിച്ചിരുന്നു. എല്ലാ അടിച്ചമർത്തലകൾക്കും പീഡനങ്ങൾക്കും ഇടയിലും കേരളത്തിൽ സ്ത്രീകൾ സംഘടിക്കുകയും സമത്വത്തിനുവേണ്ടി പോരാടുകയും ചെയ്തിരുന്നു. അത്തരം മുന്നേറ്റ

ങ്ങളിൽ ആദ്യത്തെതാണ് 1859 ലെ മേൽമുണ്ട് സമരം(ചാന്നാർ കലാപം). സവർണ്ണ മേധാവിത്വത്തിനെതിരെ നടന്ന ഐതിഹാസികമായ ഒരു പോരാട്ടം തന്നെയായിരുന്നു ഇത്. മേൽജാതിയിലെ പുരുഷന് ലൈംഗികാധിനിവേശം നടത്താനുള്ള ഒരു വസ്തു മാത്രമായിരുന്നു അന്ന് സ്ത്രീ. 1859 ജൂലൈ 26 ന് തിരുവിതാംകൂർ രാജാവ് സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കാനുള്ള അവകാശം നടപ്പിൽവരുത്തി. പുരുഷന്റെ അധികാരശക്തിക്കു മേലുള്ള സ്ത്രീയുടെ പ്രതിരോധത്തിന്റെയും അവകാശത്തിന്റെയും വിജയരേഖയായി ഈ സമരം മാറി. 1905-ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന പുലയമഹായോഗത്തിൽ സ്ത്രീകൾ അവരുടെ കല്ലുമാലകൾ പൊട്ടിച്ചെറിഞ്ഞ് പ്രതിഷേധിച്ചു. ജാതീയമായ അടിമത്തത്തിനും സ്ത്രീയുടെ മേലുള്ള പുരുഷകാഴ്ചകൾക്കും എതിരെയുള്ള പ്രതിഷേധമായിരുന്നു ഇത്. സ്ത്രീയെ പുരുഷന് ആനന്ദിക്കാനുള്ള ഒരു വെറും ശരീരം ആക്കിത്തീർക്കുന്നതിനെതിരെ, തങ്ങളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നടന്ന ഇത്തരം പ്രവർത്തനങ്ങൾ പിൽക്കാല സ്ത്രീവിമോചനങ്ങൾക്ക് ഊർജ്ജം നൽകി.

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഒട്ടേറെ സ്ത്രീകൾ പൊതുരംഗത്തേക്ക് ഇറങ്ങിവന്നു. ഗാന്ധിസത്തിൽ വിശ്വസിക്കുകയും ആ മാർഗ്ഗത്തിൽ നിരുപാധികമായി നിലകൊള്ളുകയും ചെയ്തവരാണ് ഈ കാലഘട്ടത്തിലുള്ളത്. ഒ. കെ. മാധവിയമ്മ, കൗമുദിടീച്ചർ, ആനക്കര വടക്കത്ത് സുശീലാമ്മ എന്നിവർ അതിൽ പ്രമുഖരാണ്. ഭാര്യ, അമ്മ എന്നീ സ്ത്രീയവസ്ഥകൾക്കപ്പുറം അവരുടെ സാമൂഹ്യ പദവിയെക്കുറിച്ചുള്ള അന്വേഷണത്തിലും പങ്കാളികളാകുന്ന ഇവർ സ്വയം ത്യജിക്കാൻ തയ്യാറായിക്കൊണ്ട് സേവനനിരതമായ ഒരു ജീവിതം നയിച്ചു. ഇന്ത്യയിൽ എല്ലായിടത്തുമെന്നപോലെ കേരളത്തിലും ദേശീയസമരവുമായി ബന്ധപ്പെട്ടാണ് ആദ്യകാല സ്ത്രീപ്രസ്ഥാനങ്ങൾ രൂപംകൊണ്ടത്. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ സ്ത്രീകളുടെ ഒരു സംയുക്തകൺവെൻഷൻ 1942-ൽ കോഴി

ക്കോട്ട്വച്ച് നടന്നു. 1943- ൽ കേരള മഹിളാസംഘം തങ്കമ്മകൃഷ്ണപ്പിള്ള, കമലാക്ഷി, രാധമ്മതങ്കച്ചി എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടു.

കേരളത്തിൽ നടന്ന കർഷകസമരങ്ങളിലും സ്ത്രീപ്രാതിനിധ്യം ഉണ്ടായിരുന്നു. കാർഷികതൊഴിൽ മേഖലകളിലുണ്ടായിട്ടുള്ള സ്ത്രീസമരങ്ങൾ മിക്കതും പുരുഷമേൽക്കോയ്മയുടെ ചൂഷണത്തിനെതിരെയുള്ള ചെറുത്തുനില്പായിരുന്നു. വിറകിനും പുരമേയാനുള്ള പുല്ലിനും വേണ്ടിയുള്ള കർഷകസ്ത്രീകളുടെ സമരങ്ങൾ അതിജീവനശ്രമങ്ങളുടെ തുറന്നുകാട്ടലായിരുന്നു. ''ചീമേനി എസ്റ്റേറ്റ് പ്രദേശത്താണ് ഇതു നടന്നത്. സമരത്തിന് നേതൃത്വം നൽകിയത് എസ്റ്റേറ്റിന്റെ മുൻ ഉടമയായ സുബ്രഹ്മണ്യൻ തിരുമുൽപാടിന്റെ ഭാര്യ കാർത്ത്യായനിയമ്മയാണ്. ഒടുവിൽ അധികാരികൾ സ്ത്രീകളുടെ വിപ്ലവവീര്യത്തിനുമുന്നിൽ കീഴടങ്ങി''[20] എന്ന് തോലുവിറക് സമരത്തെകുറിച്ച് ആണ്ടലാട്ട് രേഖപ്പെടുത്തുന്നു. കയർതൊഴിലാളികളുടെ സമരങ്ങൾ ആലപ്പുഴ കേന്ദ്രീകരിച്ച് നടന്നു. നെല്ലെടുപ്പ് സമരത്തിൽ കെ. ദേവയാനിക്ക് നരകയാതനകൾ അനുഭവിക്കേണ്ടിവന്നു. ഗർഭിണിയായ സമയം ദാഹവും വിശപ്പുമടക്കി ശ്മശാനത്തിലെ തൊഴുത്തിൽ കഴിഞ്ഞതും അഭയസ്ഥാനത്തിനായുള്ള അലച്ചിലിൽ മകൾ നഷ്ടപ്പെട്ടപ്പോൾ സ്വയം നിയന്ത്രിക്കാനായതും മനസ്സിലുള്ള അടിയുറച്ച പ്രവർത്തനബോധത്താലാണ്.[21]

1948-ലെ പാലിയം ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട സമരത്തിൽ ആര്യപള്ളം, ഇ. എസ്. സരസ്വതി, പ്രിയദത്തകല്ലാട്ട്, പത്തിയിൽ പ്രിയദത്ത എന്നിവർ പങ്കെടുത്തു. ആദിവാസി, ദളിത് സമൂഹത്തിലും സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണത്തിനെതിരെ സംഘടിക്കാനുള്ള ശ്രമം ഉണ്ടായി. 1992- ൽ സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ 'ആദിവാസി വികസന പ്രവർത്തനസമിതി' വയനാട് കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെട്ടു. ലൈംഗികപീഡനങ്ങളേയും തൊഴിലില്ലായ്മയേയും പട്ടിണിമരണങ്ങളേയും അർഹതപ്പെട്ട ഭൂമി നേടിയെടുക്കുന്നതിനേയും ഈ സംഘടന ഗൗരവമായി സമീപിക്കുന്നു. ജാതീയമായും ലിംഗപരമായും കഠിനമായ പ്രശ്നങ്ങൾ ആദിവാസിസ്ത്രീകൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സ്വന്തം സമുദായ

ത്തിലെ അക്രമങ്ങളെ ചെറുക്കാനും ചൂഷണങ്ങളിൽ നിന്നും മോചിതയാകാനും അവർ നടത്തുന്ന പ്രതിരോധസമരങ്ങളും കേരളത്തിലെ സ്ത്രീമുന്നേറ്റ പ്രസ്ഥാന ങ്ങളിൽ പ്രാമുഖ്യമുള്ളതാകുന്നു.

അന്തർജനങ്ങൾ സമുദായത്തിലെ അനാചാരങ്ങൾ നിർബന്ധമായും അനു സരിക്കേണ്ടിവന്നിട്ടുണ്ട്. വസ്ത്രധാരണം, സഞ്ചാരം, വിവാഹം, ലൈംഗികത, വിദ്യാഭ്യാസം എന്നിങ്ങനെ എല്ലാ മേഖലകളിലും അടിച്ചമർത്തലുകൾ നേരിട്ടിരു ന്നു. പലപ്പോഴും അകാല വൈധവ്യം മാത്രമാണ് അവർക്ക് ബാക്കിയുണ്ടായിരുന്ന ത്. വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ സ്വസമുദായത്തിലെ സ്ത്രീകൾ നേരി ടുന്ന പ്രശ്നങ്ങളെ ഇല്ലാതാക്കാനും അവരുടെ ഉന്നമനത്തിനും സ്വാതന്ത്ര്യത്തിനു മായി പ്രവർത്തനങ്ങൾ നടന്നു. ഇതിൽ പ്രധാനപങ്കുവഹിച്ച ഒരു കൃതിയാണ് വി.ടി യുടെ *അടുക്കളയിൽനിന്നും അരങ്ങത്തേക്ക്* (1929). എം. ആർ. ബി. യുടെ *മറക്കുട യ്ക്കുള്ളിലെ മഹാനരകം* (1930), പ്രേംജിയുടെ *ഋതുമതി* (1934) എന്നിവ സ്ത്രീക ളുടെ ദീനചിത്രം വ്യക്തമാക്കിയതോടൊപ്പം സ്ത്രീയവസ്ഥ മെച്ചപ്പെടുത്താനുള്ള ശ്രമവും നടത്തി. ലൈംഗീകതയെക്കുറിച്ചും പാതിവ്രത്യത്തെക്കുറിച്ചും പരമ്പരാഗ തമായി നേടിയ ധാരണകൾ തിരുത്താനും സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനായി അവർ സ്വയം മുന്നിട്ടിറങ്ങേണ്ടുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്താനും ആണ് ഇത്തരം സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങളിലൂടെ ശ്രമിച്ചത്.

ആര്യപള്ളം, ലളിതാംബിക അന്തർജ്ജനം, പാർവ്വതി നെന്മിനി മംഗലം തുട ങ്ങിയവർ ഇതിന്റെ ഫലമായി രംഗത്തെത്തി. കുറിയേടത്തു താത്രി, പുരുഷലൈം ഗികതയ്ക്കും അധികാരത്തിനും എതിരെ നടത്തിയ ഒറ്റയാൾ വിപ്ലവം സ്ത്രീകൾക്ക് ഉണർവേകി. 1935-ൽ ലളിതാംബികഅന്തർജനം എഴുതിയ *സാവിത്രി അഥവാ വിധവാ വിവാഹം* എന്ന നാടകത്തിൽ നമ്പൂതിരി വിധവകളുടെ ദയനീയ ചിത്രമാണ് അവതരിപ്പിക്കുന്നത്. വിധവാവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നതി നായി എം.ആർ.ബി. വിധവയായ ഉമാദേവി അന്തർജനത്തെ വേളി കഴിച്ചു. വിപ്ലവ ഊർജ്ജമുള്ള പ്രവർത്തനമാണ് കല്ലാട്ട് കൃഷ്ണനുമായുള്ള മിശ്രവിവാഹത്തി

ലൂടെ പ്രിയദത്ത കല്ലാട്ട് കാഴചവെച്ചത്. *തൊഴിൽകേന്ദ്രത്തിലേക്ക്* എന്ന നാടകം അധ്വാനിച്ചു ജീവിക്കാനുള്ള സ്ത്രീആഗ്രഹത്തിന് പ്രാമുഖ്യം നൽകി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളും സംഘടിക്കലുകളും സമൂഹം സദാചാരം, ലൈംഗികത, ജാതീയത എന്നിവയുണർത്തുന്ന പ്രശ്നങ്ങളെ  മറിക്കടക്കാനുള്ള സ്ത്രീയുടെ ഇഛാശക്തിയെ തുറന്നുകാട്ടി. എങ്കിലും പൂർണ്ണമായും പൊതുധാരയിലേക്ക് ഉയർന്നു വരാൻ അവർക്കായില്ല.

പുരുഷൻ നോക്കിക്കണ്ട സ്ത്രീഭാവങ്ങളും വികാരങ്ങളും ആണ് മലയാള സാഹിത്യത്തിൽ ആധിപത്യം പുലർത്തിയിരുന്നത്. സ്ത്രീവാദത്തിന് പ്രസക്തി കൈവന്നപ്പോൾ  ആദ്യകാലത്ത് കൈകൊട്ടിപ്പാട്ടുകളും ദൈവസ്തുതികളും രചിച്ച സ്ത്രീകൾ രചനയുടെ പുതിയ ലോകം കണ്ടെത്താൻ തുടങ്ങി. സുഗുണബോധിനി, വിദ്യാവിനോദിനി, മഹിളാരത്നം, ഭാഷാപോഷിണി തുടങ്ങിയ  മാസികകൾ സ്ത്രീസ്വാതന്ത്ര്യത്തെയും സ്ത്രീവിദ്യാഭ്യാസത്തെയും എടുത്തുപറഞ്ഞു. ''സ്ത്രീധർമ്മം, ഭാര്യാധർമ്മം എന്നിവപോലെ  പുരുഷധർമ്മം, ഭർത്തൃധർമ്മം എന്നിവയും വേണമെന്ന് സൂചിപ്പിച്ച കെ. ലക്ഷ്മിയമ്മയുടെ *പുരുഷധർമ്മം* (ശാരദ-1906) വേറിട്ടൊരു  കാഴ്ചയായി.  നിലവിലിരുന്ന സാമൂഹികസാമ്പത്തിക സദാചാരവ്യവസ്ഥയോടുള്ള കലഹമായിരുന്നു എം.സരസ്വതി ഭായി എഴുതിയ 'തലച്ചോറില്ലാത്ത സ്ത്രീകൾ' (1911). മഹിളാരത്നം മാസികയിൽ വന്ന 'സ്ത്രീത്വം' എന്ന സരോജിനിയുടെ ലേഖനം (1914(1091- ധനുമാസം) പുരുഷനാൽ നിർമ്മിക്കപ്പെട്ട സ്ത്രീവിരുദ്ധ ബിംബങ്ങളെയും നിർവ്വചനങ്ങളെയും നിശിതമായി വിമർശിച്ചു.''[22] ഈ രീതിയിൽ പുരോഗമനാശയങ്ങളുമായി സ്ത്രീവിമോചനപ്രസ്ഥാനത്തിന് മുതൽക്കൂട്ടായി മാറിയ നിരവധി രചനകൾ സാഹിത്യരംഗത്തുണ്ടായി.

### 1.2.7 സ്ത്രീസംഘടനയുടെ ആവശ്യകത

കുടുംബത്തിലും പൊതുഇടത്തിലും ദുരനുഭവങ്ങൾ മാത്രമായിരുന്നു മിക്കപ്പോഴും സ്ത്രീകൾക്കുണ്ടായിരിക്കുക. സർവ്വമേഖലകളിലും നേരിടേണ്ടിവരുന്ന

അടിച്ചമർത്തലുകൾക്കെതിരെ ഒരു തുറന്ന പോരാട്ടത്തിന് സ്ത്രീകൾ ആഗ്രഹിച്ചു. പാശ്ചാത്യഫെമിനിസ്റ്റ് ചിന്താഗതികളിൽനിന്നും ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട് കേരളീയപാശ്ചാത്തലത്തിലും സ്ത്രീസ്വത്വാവിഷ്കാരത്തിനുവേണ്ടി സ്ത്രീസംഘടനകൾ ഉടലെടുത്തു. 1980 കളിലാണ് കേരളത്തിൽ സജീവമായ ഒരു ഫെമിനിസ്റ്റ് ഇടപെടൽ ഉണ്ടാകുന്നത്. സ്ത്രീപ്രശ്നങ്ങൾ സ്വകാര്യമല്ലെന്നും വ്യക്തിപരതയുടെ രാഷ്ട്രീയം അത് മുന്നോട്ടുവയ്ക്കുന്നു എന്നുമുള്ള ബോധം എല്ലാവിധ ചൂഷണങ്ങളേയും ചെറുക്കാനുള്ള മാനസിക ധൈര്യം ഉണ്ടാക്കി. സ്ത്രീകളുടേതായ ഒരു കൂട്ടായ്മ ഉണ്ടായേ തീരു എന്ന ബോധവും ശക്തമായി. അജിതയുടെ നേതൃത്വത്തിൽ 1984-ൽ കോഴിക്കോട് ബോധന സ്ഥാപിക്കപ്പെട്ടു, ഡോ. ഇന്ദിര, ജയശ്രീ എന്നിവരുടെ നേതൃത്വത്തിൽ പട്ടാമ്പിയിൽ മാനുഷി, കാസർഗോഡ് പ്രബുദ്ധത എന്നീ സംഘടനകൾ രൂപീകരിക്കപ്പെട്ടു. സ്ത്രീസ്വാതന്ത്ര്യത്തിന്റെ സമരവേദിയിൽ വിപ്ലാവവേശം നിറയ്ക്കാൻ ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. കോഴിക്കോട് അന്വേഷി കൗൺസിലിംഗ് സെന്റർ ആരംഭിച്ചതും പ്രവർത്തനങ്ങൾക്ക് നേട്ടമുണ്ടാക്കി.

തൃശ്ശൂരിലെ ചേതന, അന്നാജോസഫിന്റെ നേതൃത്വത്തിലുള്ള ഗ്രാമീണ മഹിളാസംഘം, തിരുവനന്തപുരത്തെ സഖി, സ്ത്രീപക്ഷ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് 1987-ൽ തൃശ്ശൂരിൽ സ്ഥാപിക്കപ്പെട്ട സമത തുടങ്ങിയവയും 1990-ൽ മിനി സുകുമാരന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്ത്രീപഠനകേന്ദ്രവും വനിതാലൈബ്രറിയും സ്ത്രീകളെ പൊതുഇടത്തിലേക്ക് ഇറങ്ങാൻ പ്രേരിപ്പിച്ചു.

സാമൂഹികവും സാംസ്കാരികവും സാമുദായികവുമായ മണ്ഡലങ്ങളിൽ സ്ത്രീകൾക്ക് വ്യക്തമായ മുന്നേറ്റം ഉണ്ടാക്കാൻ ഭാരതത്തിലേയും കേരളത്തിലേയും സ്ത്രീസംഘടനകൾക്ക് കഴിഞ്ഞിരുന്നു. എന്നിരുന്നാലും സ്ത്രീസ്വത്വത്തെയും, സ്വത്വാവിഷ്കാരസ്വാതന്ത്ര്യത്തെയും അടിച്ചമർത്താനുള്ള പ്രവണത ഇന്നും

സമൂഹത്തിൽ തീവ്രമായി നിലകൊള്ളുന്നുണ്ട്. സ്ത്രീയുടെ സുരക്ഷിതത്വവും ആത്മാഭിമാനവും ഉയർത്തിപ്പിടിച്ചുകൊണ്ട് വ്യക്തമായ ദിശാബോധം നൽകി സമൂഹത്തിലെ പൊതുധാരയിലേക്കെത്താനും സ്ത്രീകളുടേതായ ഒരു സംഘടിത ശക്തി ആവശ്യമാണ്. അധ്വാനിച്ച് ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകാനും സെക്സ് ടൂറിസത്തിനെതിരെ പ്രതികരിക്കാനും ഈ സംഘടിതശക്തി സഹായകമായി. മതപരമായ രംഗങ്ങളിലും, കുടുംബശ്രീ പ്രവർത്തനരംഗത്തും തൊഴിൽ കൂട്ടായ്മയിലും സ്ത്രീവാദപഠനരംഗത്തും ഇസ്ലാമിക ആദ്ധ്യാത്മിക പഠനരംഗത്തും ഉള്ള ഇടപെടലിന് അവസരമുണ്ടായ ഫെമിനിസ്റ്റ്പ്രസ്ഥാനത്തിന് അതുകൊണ്ടു തന്നെ സാമൂഹ്യപൊതുസ്ഥലങ്ങളിൽ വ്യക്തമായ ഒരു സ്ഥാനം ലഭിക്കുന്നുണ്ട്.

ആധുനികമായ ഉൽപാദനവികാസങ്ങളിലൂടെയും പുതിയ സൗഹൃദ ബന്ധങ്ങളിലൂടെയും സാമ്രാജ്യത്വസ്ഥാപനത്തിലൂടെയും ജീവിതം മുന്നോട്ടുനീങ്ങിയപ്പോൾ അതൊക്കെ പുരുഷന്റെ ലോകമായി മാറി. അവിടെ സ്ത്രീകൾ അകങ്ങളിൽ തളച്ചിടപ്പെടുകയായിരുന്നു. ഈ അവസ്ഥ സ്ത്രീ പ്രക്ഷോഭങ്ങൾക്ക് പുതിയ വഴിയൊരുക്കി. ഇതേ അവസരത്തിൽ സമൂഹത്തിൽ പ്രകൃതിചൂഷണം വർദ്ധിച്ചു വരുന്നതായി കാണാം. ഇതിനെതിരെ പ്രകൃത്യവബോധചിന്തകളും പ്രകൃതിസംരക്ഷണപ്രവർത്തനങ്ങളും സംഘടിപ്പിക്കപ്പെട്ടു. സ്ത്രീയും പ്രകൃതിയും ആധുനിക സമൂഹത്തിൽ ഏതാണ്ട് ഒരേ വിധത്തിൽ ചൂഷണങ്ങൾക്ക് വിധേയരാകുന്നുവെന്നും ചൂഷകസ്ഥാനത്തുള്ളത് പുരുഷവർഗ്ഗം മുന്നോട്ടുവയ്ക്കുന്ന താല്പര്യങ്ങളും അധികാരങ്ങളും തന്നെയാണെന്നുമുള്ള ബോധം പ്രകൃതി-സ്ത്രീ പ്രശ്നങ്ങളെ കോർത്തിണക്കുന്നതിന് നിമിത്തമായിത്തീർന്നു.

എഴുപതുകളിലെ സ്ത്രീവാദചിന്തയുടേയും പരിസ്ഥിതിചിന്തയുടേയും തുടർച്ചയായി കണക്കാക്കാവുന്ന ഈ പുതുബോധം സ്ത്രീവാദം, പരിസ്ഥിതിവാദം, സമത്വചിന്ത എന്നീ ആശയങ്ങളെ യോജിപ്പിച്ച് നവീനആദർശമായി ഉയർന്നു വരുന്ന സാഹചര്യം സമൂഹത്തിൽ സംജാതമായി. ചൂഷണമനുഭവിക്കുന്നതിൽ

സ്ത്രീയും പ്രകൃതിയും ഭിന്നരല്ല എന്നിടത്ത് ഇക്കോഫെമിനിസത്തിന് പ്രസക്തി ഏറുന്നു.

### 1.3 പാരിസ്ഥിതികസ്ത്രീവാദം: അർത്ഥവ്യാപ്തി

പരിസ്ഥിതിദർശന ചിന്തയെയും സ്ത്രീവാദചിന്തയെയും സമത്വചിന്തയെയും ഇഴചേർക്കുന്ന ഒരു ചിന്താപദ്ധതിയാണ് പാരിസ്ഥിതികസ്ത്രീവാദം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വളരെയധികം ശ്രദ്ധിക്കപ്പെട്ടതും ശ്രദ്ധ ആവശ്യപ്പെടുന്നതുമായ പാരിസ്ഥിതികസ്ത്രീവാദം പരിസ്ഥിതിവാദത്തെയും സ്ത്രീവാദത്തെയും കൂട്ടിയിണക്കുക എന്നതിലുപരി യഥാർത്ഥ മാനവികമൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു പ്രസ്ഥാനം തന്നെയാണ്. ശാസ്ത്രസാങ്കേതിക മേഖലകളിലെ പുത്തനുണർവ് വ്യവസായവൽക്കരണത്തിനും പരിസ്ഥിതി നാശത്തിനും കാരണമായി. പുരുഷമേധാവിത്വ ചിന്ത പരിസ്ഥിതിയെയും സ്ത്രീയെയും ഒരേ രീതിയിൽ ചൂഷണം ചെയ്യുന്നു എന്ന തിരിച്ചറിവ് ഇതിനെതിരായ ഒരു പ്രതിരോധ ചിന്തയ്ക്ക് ഇടയാക്കി. 1980കളോടെ പാരിസ്ഥിതികസ്ത്രീവാദചിന്താധാര രൂപപ്പെട്ടുവന്നു. ഇതിൽ സ്ത്രീവാദ ചിന്തയുടെ വിവിധഘട്ടങ്ങളിലുണ്ടായ പ്രധാനാശയങ്ങളെ സ്വീകരിക്കുകയും സ്ത്രീയെയും പ്രകൃതിയെയും കേന്ദ്രബിന്ദു ആക്കിക്കൊണ്ടുമുള്ള ഒരു ആശയധാരയാണ് ഇക്കോഫെമിനിസം സ്വീകരിക്കുന്നത്. ഈ ചിന്താപദ്ധതി സ്ത്രീവാദരാഷ്ട്രീയത്തെ കൂടുതൽ വിശാലവും വിപുലവുമാക്കി. പ്രകൃതിയോടുള്ള പരാക്രമം, സ്ത്രീയോടുള്ള പരാക്രമമാണ് എന്ന വിശ്വാസം ഇവർ കൈകൊള്ളുന്നതിനാൽ പ്രകൃതിസംരക്ഷണം തങ്ങളുടെ കർത്തവ്യവുമാണ് എന്ന ധാരണയും പുലർത്തുന്നു. സ്ത്രീപ്രശ്നങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കൊപ്പം തന്നെ പ്രാധാന്യമുള്ളതാണെന്നും രണ്ടും ഒരേ തരത്തിൽ പരിഗണിക്കപ്പെടേണ്ടതാണെന്ന ധാരണ പരിസ്ഥിതിചിന്തയിൽ അത്യാവശ്യമാണെന്നും പാരിസ്ഥിതികസ്ത്രീവാദികൾ വാദിക്കുന്നു. സ്ത്രീയുടെമേൽ പുരുഷൻ പുലർത്തുന്ന ആധിപത്യം പോലെയുള്ളതാണ് പ്രകൃതിയിലും പരിസ്ഥിതി

യിലും ആൺവർഗ്ഗം കൊണ്ടുനടക്കുന്ന മേൽക്കോയ്മഭാവം എന്നും ഇവർ സൂചിപ്പിക്കുന്നു. സ്ത്രീയിലും പുരുഷനിലുമുള്ള വ്യത്യാസത്തെ അധമമനഃസ്ഥിതിയോടെ നോക്കികാണാതെ സ്വന്തം സത്തയെ തിരിച്ചറിഞ്ഞ് അവൾ അവളായി തന്നെ നിന്ന് സ്വാതന്ത്ര്യവും സമത്വവും നേടണം. പുരുഷ ശരീരത്തോടല്ല മറിച്ച് സ്ത്രീയെയും പ്രകൃതിയെയും ഒരുപോലെ ചൂഷണത്തിന് വിധേയമാക്കുന്ന പുരുഷവർഗ്ഗമേധാവിത്ത വ്യവസ്ഥിതിയോടാണ് സ്ത്രീ കലഹിക്കേണ്ടത്. സ്ത്രീയുടെ സഹജഭാവത്തെ മറികടന്നും പ്രകൃതിയുടെ തനിമയെ കീഴ്പ്പെടുത്തിക്കൊണ്ടും ഉള്ള തന്റെ വിജയയാത്രയിൽ തന്റെ തന്നെ തായ്‌വേര് മുറിക്കുന്ന ഒരു പ്രവൃത്തിയാണ് അവൻ കാഴ്ച വയ്ക്കുന്നത്. ലോകത്ത് എവിടെ നോക്കിയാലും മാതൃദേവതാരൂപത്തെ ആരാധിക്കുന്നതു കാണാം. പുരുഷാധിപത്യം വേരുറപ്പിക്കുന്നതിനനുസരിച്ച് ആൺദൈവങ്ങളും ആവിർഭവിച്ചു. എന്നിരുന്നാലും മാതൃദേവതാരൂപത്തിലുള്ള ദേവീസങ്കല്പത്തിന്റെ പുനഃസ്ഥാപനമല്ല ഇക്കോഫെമിനിസം. അത് ഫെമിനിസത്തിന്റെ പരിസ്ഥിതിവാദവുമായ് ചേർന്നുള്ള മുന്നോട്ടുള്ള പ്രയാണം തന്നെയാണ്.

പൂർണ്ണമായ തകർച്ചയിലേക്കടുത്തുക്കൊണ്ടിരിക്കുന്ന നമ്മുടെ ആവാസവ്യവസ്ഥക്ക് നവജീവൻ നല്കുന്നതിനും അന്തരീക്ഷത്തിന്റെ സന്തുലിതാവസ്ഥക്ക് കാരണങ്ങളായ ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും വേണ്ടി പുതിയ പദ്ധതികളുമായി കടന്നുവരുന്ന ഇക്കോഫെമിനിസം എന്ന ചിന്താപദ്ധതി പ്രകൃതിയുടേയും സ്ത്രീയുടേയും മേലാധികാരി താനാണെന്ന പുരുഷവർഗ്ഗത്തിന്റെ യാഥാസ്ഥിതിക മനോഭാവത്തെ തള്ളികളയുന്നു. അതോടൊപ്പം സ്ത്രീസത്തയോട് വിരുദ്ധമനോഭാവം പ്രകടിപ്പിക്കുന്ന സമൂഹത്തിൽ പ്രകൃതിസംരക്ഷണത്തിന് തുടക്കം കുറിക്കൽ അസാധ്യമാകും എന്നും പ്രസ്താവിക്കുന്നു. എല്ലാവിധത്തിലുള്ള അധീശത്വഭാവങ്ങളും- ലോകരാഷ്ട്രങ്ങൾ അവികസിത രാഷ്ട്രങ്ങളുടെ മേൽകാണിക്കുന്ന മേലാളഭാവം , ബഹുരാഷ്ട്രകമ്പനികളുടെ അധികാരഭാവം- എളുപ്പത്തിൽ സ്ത്രീയെയും പ്രകൃതിയെയും ബാധിക്കുന്നു. അതുകൊണ്ടുതന്നെ

സമൂഹത്തിന്റെ അരക്ഷിതാവസ്ഥ ഇല്ലാതാക്കാനായി എല്ലാവിധത്തിലുമുള്ള മോചനശ്രമങ്ങളും തുടങ്ങേണ്ടത് സ്ത്രീയിൽനിന്നും പ്രകൃതിയിൽനിന്നുമാണ് എന്ന് ഇക്കോഫെമിനിസ്റ്റുകൾ വാദിക്കുന്നു. പ്രകൃതിയോടിണങ്ങിയുള്ള വികസ ന സംസ്കാരമെന്ന ലക്ഷ്യത്തിൽ മാത്രമെ സ്ത്രീ-പുരുഷാനുഭവങ്ങളെ തുല്യ നിലയിലെത്തിക്കാൻ കഴിയുകയുള്ളു എന്ന തിരിച്ചറിവാണ് പാരിസ്ഥിതികസ്ത്രീ വാദചിന്തയുടെ ആരംഭമായത്. എന്നാൽ പ്രകൃതിയിലേക്കുമടങ്ങുക എന്നൊരു സാധ്യതയിലല്ല ഇത് ഊന്നൽ നൽകുന്നത്. സ്ത്രീയുടെ ശാരീരികവ്യത്യസ്തത കളെ അംഗീകരിച്ചുകൊണ്ടും അനിയന്ത്രിതചൂഷണത്തിന് വിധേയമാകുന്ന പ്രകൃ തിയെ സമാന്തരമായി കണ്ടുകൊണ്ടുമാണ് പാരിസ്ഥിതികസ്ത്രീവാദം വികസിക്കു ന്നത്. പ്രകൃതി- സ്ത്രീപ്രശ്നങ്ങളെ തുല്യനിലയിൽ കാണുന്ന ഒരു ആഗോളകാ ഴ്ചപ്പാടാണ് ഇക്കോഫെമിനിസം മുന്നോട്ടുവയ്ക്കുന്നത്. ''സാമൂഹികമായ എല്ലാ ആധിപത്യ അധികാരഘടനകളേയും സമഗ്രമായി കാണാനും അത്തരം ഘടന എങ്ങനെ പ്രകൃതിയെയും സ്ത്രീയെയും വിനാശകരമായ നിലയിൽ ചൂഷണം ചെയ്യുന്നു എന്ന് മനസ്സിലാക്കാനും അതിനെതിരെ പ്രതിരോധത്തിന്റേതായ രാഷ്ട്രീയചിന്താപ്രവർത്തനപദ്ധതികൾ സ്വരൂപിക്കാനുമാണ് ഇക്കോഫെമി നിസത്തിന്റെ വിവിധ ചിന്താധാരകൾ ശ്രമിക്കുന്നത്.''[23]

പുരുഷാധിപത്യലോകത്തുനിന്നും നേരിടേണ്ടിവരുന്ന അക്രമവും ചൂഷ ണവും ആധിപത്യവ്യവസ്ഥയും ഒക്കെ ഒരുപോലെയാണ് പ്രകൃതിയെയും സ്ത്രീയെയും ബാധിക്കുന്നത്. ''സാന്ത്വനം, കരുതൽ, പരിപാലനം തുടങ്ങിയ സ്ത്രൈണമൂല്യങ്ങളിൽ അധിഷ്ഠിതമായ നീതി അല്ലെങ്കിൽ ഭൗമജനാധിപത്യ ത്തിൽ അടിസ്ഥാനപ്പെടുത്തിയ ലോകക്രമത്തിലൂടെ സംഭവിക്കേണ്ടുന്ന പുതിയ ലോകനിർമ്മിതിയാണ് ഇക്കോഫെമിനിസം ലക്ഷ്യമിടുന്നത്. മാനുഷികമൂല്യങ്ങ ളിലും സാമൂഹ്യസമത്വത്തിലും പാരിസ്ഥിതിക നീതിയിലും അടിസ്ഥാനപ്പെടു ത്തിയ സൈദ്ധാന്തിക പ്രവർത്തനപദ്ധതിയായ ഇക്കോഫെമിനിസം സ്ത്രീയു ടെയും പ്രകൃതിയുടേയും നേരേയുള്ള ചൂഷണത്തിന്റെ പ്രശ്നങ്ങളെ അഭി

സംബോധന ചെയ്യുന്നു. സ്ത്രീ പരിസ്ഥിതി പ്രശ്നങ്ങളെ വിമർശനബുദ്ധിയോടെ സമീപിക്കുന്നു, ലിംഗഭേദം, വംശീയത, ജൈവവൈവിധ്യം നിലനിൽക്കേണ്ടതിന്റെ ആവശ്യകത, ലോകസമാധാനം തുടങ്ങിയ കാര്യങ്ങളെയെല്ലാം ചേർത്തുവയ്ക്കുന്ന ദർശനമാണ് ഇക്കോഫെമിനിസം.''[24] ലോകത്തെവിടെയായാലും പ്രകൃതിക്ക് നേരെയുള്ള കയ്യേറ്റം ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്. ആധുനികലോകത്തിലെ വർദ്ധിച്ചതോതിലുള്ള സാങ്കതികവിദ്യയുടെ ഉപയോഗത്താൽ പുതിയ വിത്തിനങ്ങളും കീടനാശിനികളും കൃഷിരീതികളുമൊക്കെ മണ്ണിന്റെ തനതായ വളക്കൂറിനെയും പ്രത്യുല്പാദന അവസ്ഥയെയും തകരാറിലാക്കുന്നു. ഇത്തരത്തിൽ സ്ത്രീയുടെ ജൈവഘടനയിലും സാങ്കേതികവിദ്യയുടെ അമിതോപയോഗം പലതരം മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. സ്വാഭാവികമായ പുനരുല്പാദനപ്രക്രിയ സാങ്കേതികവിദ്യക്ക് കീഴ്പ്പെടുന്നു. പുരുഷൻ മേൽക്കോയ്മ നടിക്കുന്ന സാമൂഹികവ്യവസ്ഥിതിയിൽ സ്ത്രീയുടെ പ്രത്യുൽപാദനവ്യവസ്ഥയിന്മേൽ അവൻ ആധിപത്യം സ്ഥാപിക്കുന്നതുപോലെ മുതലാളിത്ത ഉല്പാദനപ്രക്രിയയിൽ പ്രകൃതിയുടെ മേലും മനുഷ്യവർഗ്ഗം ആധിപത്യം പുലർത്തുന്നു. ആധുനികയുഗത്തിൽ ശാസ്ത്രസാങ്കേതിക രംഗത്തിലുള്ള അറിവും അധികാരാധിപത്യവും കൈകോർക്കുമ്പോൾ സ്ത്രീ-പ്രകൃതിഘടകങ്ങൾ ഒരേപോലെ അന്യവൽക്കരിക്കപ്പെടുന്നു എന്നതാണ് പാരിസ്ഥിതികസ്ത്രീവാദ ചിന്താപദ്ധതിയുടെ ഉൾക്കാമ്പ്. ഏതു ദേശത്തായാലും തനിക്ക് താല്പര്യമനുസരിച്ച് ഉപയോഗിക്കാനുള്ള ഒരു ഉപഭോഗവസ്തുവായും പ്രത്യുൽപാദനഉപകരണമായും പുരുഷൻ സ്ത്രീയെ കാണുന്നു. പുരുഷന് കീഴടക്കാനുള്ള ഇടമായി മാത്രം പ്രകൃതിയെ കാണുന്ന പുരുഷാധികാരവ്യവസ്ഥയെ തകർക്കുകയും അതിന്റെ ഘടനയെ ശിഥിലമാക്കുകയുമാണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ഉദ്ദേശ്യം. മനുഷ്യനുൾപ്പെടെയുള്ള ജീവിവർഗ്ഗത്തിന്റെ നിലനിൽപ്പിനെയും മുന്നോട്ടുള്ള പ്രയാണത്തിനെയും തകർക്കുന്ന ഏതുതരം വികസനപ്രവർത്തനങ്ങൾക്കും, പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും തനിമയാർന്ന

ജൈവാവസ്ഥയെയും മലിനമാക്കുന്ന എല്ലാതരത്തിലുമുള്ള അധികാരസ്ഥാപനങ്ങൾക്കും എതിരെ പരിസ്ഥിതിവാദവും സ്ത്രീവാദവും ചിന്താപരമായും പ്രവർത്തിയിലും ഒന്നുചേരുന്ന ഇടത്താണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ തത്വങ്ങൾ സാർത്ഥകമാകുന്നത്.

### 1.3.1. ഇക്കോഫെമിനിസം : പ്രധാനവക്താക്കളും കൃതികളും

ലോകമഹായുദ്ധങ്ങളും അണ്വായുധ ഉല്പാദനവും പ്രയോഗവും കൊളോണിയൽ ചിന്താപദ്ധതികളും സമൂഹത്തിൽ സ്ത്രീ ഒരു രണ്ടാംകിട പൗരയാണെന്ന ധാരണയുളവാക്കി. തുടർന്ന് ഉണ്ടായ ആഗോളവൽകരണം സൃഷ്ടിച്ച മനോഭാവം സ്ത്രീയെയും പ്രകൃതിയെയും ഒരു ഉപഭോഗവസ്തുവാക്കി. സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള കെയ്യേറ്റങ്ങളും ആക്രമണങ്ങളും കൈക്കൊണ്ട നിഷേധാത്മക നിലപാടാണ് പാരിസ്ഥിതികസ്ത്രീവാദം എന്ന ചിന്താപദ്ധതിയുടെ പ്രചാരത്തിന് കാരണമാക്കിയത്. ഒറ്റയൊറ്റ പ്രതിഷേധങ്ങളിലൂടെയും സംഘടിതമായ പ്രവർത്തനങ്ങളിലൂടെയും ഇത്തരം ഒരു ആക്രമണമനോഭാവത്തിനെതിരെ പ്രതിഷേധിക്കേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ട ഒരു സംഘം പ്രവർത്തകരാണ് പരിസ്ഥിതിസംരക്ഷണം എന്ന കാഴ്ചപ്പാടുമായി മുന്നോട്ടുവന്നത്. അതിനെത്തുടർന്ന് ഉണ്ടായ പ്രവർത്തനങ്ങളുടെ ഫലമായി ലോകത്തെവിടെയും പരിസ്ഥിതിസ്ത്രീവാദദർശനം എന്ന ആശയം രൂപം കൊണ്ടു. ഇത് ആക്ടിവിസം എന്നതിലുപരി ഒരു സാംസ്കാരികപ്രവർത്തനമാണ്; സാമൂഹികപ്രതിബദ്ധതയുമാണ്. അതിജീവനത്തിന്റെ ആധാരമായ പ്രകൃതിയുടെ നിലനില്പിന് ഉണ്ടാകുന്ന ആഘാതം മനുഷ്യപ്രകൃതിയുടെ ജീവിതപരിസരങ്ങൾക്ക് അസുരക്ഷിതത്വം ഉണ്ടാക്കുന്നു. അതിനാൽ സാഹിത്യസാംസ്കാരികകൂട്ടയ്മകളിലൂടെയും പ്രതിബദ്ധതയിലൂടെയും ഇത്തരം ആക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കേണ്ടിയിരിക്കുന്നു. പാരിസ്ഥിതികസ്ത്രീവാദത്തിന്റെ പ്രസക്തിയും ഇതു തന്നെയാണ്. സാഹിത്യരചനകളിലൂടെയാണ് ആശയപ്രചരണം ക്ഷിപ്രസാധ്യമാകുന്നത്.

ഫ്രാൻസ്, ജർമ്മനി, ജപ്പാൻ, വെനിസ്വല, ഫിൻലന്റ്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ 1970കളുടെ മധ്യത്തിൽ ഇക്കോഫെമിനിസം രൂപംകൊണ്ടു. ശാസ്ത്രസാങ്കേതികവിദ്യയുടെ വികസനവും ഉപയോഗവും സാമ്പത്തിക സാമ്രാജ്യത്വത്തിന് കാരണമായതും സ്ത്രീകളുടെ രാഷ്ട്രീയപ്രവർത്തനത്തെയും സാമൂഹ്യ പുരോഗതിയെയും കുറിച്ചുണ്ടായിരുന്ന വിശ്വാസത്തിന് തകർച്ച നേരിട്ടതും പാരിസ്ഥിതിക സ്ത്രീവാദം ഒരു ദർശനവും പ്രവർത്തന പദ്ധതിയുമായി രൂപം കൊള്ളാൻ ഇടയാക്കി. 1974-ൽ ഫ്രഞ്ചു ഫെമിനിസ്റ്റായ ഫ്രാങ്കോയിഡ് ഡി യുബോൺ (Francoise d 'Eaubonne) *ഫെമിനിസം അല്ലെങ്കിൽ മരണം* (Le Feminisme ou la Mort (feminism or Death) എന്ന ഗ്രന്ഥത്തിലെ 'ഇക്കോഫെമിനിസത്തിന്റെ കാലം' (The time Ecofeminism) എന്ന അധ്യായത്തിൽ 'ഇക്കോഫെമിനിസം' എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചു. പാരിസ്ഥിതികസ്ത്രീവാദത്തിന് ദാർശനിക വ്യാഖ്യാനം നൽകിയതും 1972-ൽ ഇക്കോളജി-ഫെമിനിസം സെന്റർ സ്ഥാപിച്ചതും യുബോൺ തന്നെയാണ്. 1994-ൽ റൂത്ത് ഹൊട്ടൽ എന്ന അമേരിക്കൻ ലേഖിക ഈ ഗ്രന്ഥം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. മനുഷ്യനും പ്രകൃതിയും, സ്ത്രീയും പുരുഷനും തമ്മിലുള്ള യഥാർത്ഥമായ ബന്ധം നിലനിൽക്കാൻ പാരിസ്ഥിതികമായ ഒരു വിപ്ലവം അനിവാര്യമാണെന്നും നാളത്തെ തലമുറക്കായി ഭൂമിയേയും ഈ പ്രകൃതിയേയും കരുതിവയ്ക്കാൻ സ്ത്രീക്കുമാത്രമേ കഴിയൂ എന്നും യൂബോൺ ഈ ഗ്രന്ഥത്തിലൂടെ പറയുന്നു. പരിസ്ഥിതിപരമായ ഏതുതരം വിപ്ലവങ്ങൾക്കും നേതൃത്വം നൽകാൻ സ്ത്രീക്കുകഴിയുമെന്നും സ്ത്രൈണമൂല്യങ്ങളിൽ അധിഷ്ഠിതമായ ലോകത്തിൽ സമാധാനജീവിതം സാധ്യമാകുമെന്നും യൂബോൺ വിശ്വസിക്കുന്നു.

മുറ്റേ ബുക്ച് (Murry Bootch) 1976-ൽ ഇക്കോഫെമിനിസം കോഴ്സ് ആരംഭിച്ചു. സോഷ്യൽ ഇക്കോളജിയുടെ പിതാവായ മുറ്റേ ബുക്ച് ആണ് ഇക്കോഫെമിനിസം എന്ന പ്രയോഗം ഇംഗ്ലീഷിൽ ആദ്യം ഉപയോഗിച്ചത്. *ഫെമി*

*നിസവും പ്രകൃതിയുടെ കലഹവും* (Feminism and the Revolt of Nature-1981) എന്ന ശ്രദ്ധേയമായ ഗ്രന്ഥം രചിച്ച നെസ്ത്രാകിങ്ങ് (Ynestra King) ഇക്കോഫെമിനിസം കോഴ്സ് പില്ക്കാലത്ത് ഏറ്റെടുത്ത് നടത്തി. സോഷ്യൽ ഇക്കോഫെമിനിസത്തിന്റെ വക്താവാണ് നെസ്ത്രാകിങ്ങ്. പുരുഷാധിപത്യത്തിനും ചൂഷണത്തിനും എതിരെ സ്ത്രീവാദത്തെയും പരിസ്ഥിതിവാദത്തെയും ചേർത്തുവയ്ക്കാൻ ശ്രമിച്ച നെസ്ത്രാ തകർക്കലിനെ പ്രതിരോധിക്കാനും ജീവനെ പരിപാലിക്കാനും സ്ത്രീക്കുള്ള കഴിവിൽ ഉറച്ചു വിശ്വസിച്ചിരുന്നു. മേരിദാലിയുടെ (Marry Daly) *ഗൈൻഇക്കോളജി* (Gyn/Ecology-1978) എന്ന ഗ്രന്ഥവും സൂസൻ ഗ്രിഫിന്റെ (Griffin) *സ്ത്രീയും പ്രകൃതിയും* (Woman and Nature - 1798) എന്ന ഗ്രന്ഥവും ഇക്കോഫെമിനിസത്തിന്റെ നാൾവഴിയിൽ മികച്ച പഠനങ്ങളാണ്. ഇതോടൊപ്പം ചേർത്തുവയ്ക്കാവുന്ന ഒരു രചന 1980-ൽ കരോലിൻ മർച്ചന്റിന്റേതായി (Carolyn Merchant) പുറത്തുവന്ന *പ്രകൃതിയുടെ മരണം* (The Death of Nature) എന്നതാണ്. തന്റെ സുഖഭോഗാസക്തിക്കുവേണ്ടി പ്രകൃതിയുടെ തനിമയെ തകർക്കുന്ന പുരുഷന്റെ ആധിപത്യാവസ്ഥയ്ക്കെതിരെയുള്ള സ്ത്രീയുടെ പ്രതികരണമാണ് സൂസ്സൻ ഗ്രിഫിന്റെ *സ്ത്രീയും പ്രകൃതിയും* എന്ന കൃതി. ഭൂമി-സ്ത്രീ-മൃഗം (കുതിര) എന്നിവയുടെ താരതമ്യപ്പെടുത്തലുകളിലൂടെ അവർ അനുഭവിക്കുന്ന ചൂഷണത്തിലുള്ള സാമ്യത്തെ കുറിക്കുന്നു. ചൂഷണത്തിനെതിരെയുള്ള സ്ത്രീയുടെ ശബ്ദം കരച്ചിലോ പിറുപിറുക്കലുകളോ ആയി സമൂഹത്തിനു തോന്നാമെങ്കിലും അതൊരു ഗർജനമാണ് എന്നാണ് ഗ്രിഫിന്റെ മതം. മേരിദാലി, സൂസ്സൻഗ്രിഫിൻ, റോസ്മേരി റാഡ്ഫോർഡ് റൂഥർ, നെസ്ത്രാകിങ്ങ് എന്നിവർ അമേരിക്കയിൽ ഇക്കോഫെമിനിസത്തിന് രൂപം നൽകി. ജർമ്മനിയിൽ പെട്രോകെല്ലിയുടെ നേതൃത്വത്തിൽ ഗ്രീൻപാർട്ടി രൂപം കൊണ്ടു. മരിയമിയസിന്റെ പ്രവർത്തനങ്ങളും ജർമ്മനിയിലായിരുന്നു. ഓസ്ട്രേലിയയിൽ ഏരിയൽ സാലേയും ഇന്ത്യയിൽ വന്ദനശിവയും പാരിസ്ഥിതികസ്ത്രീവാദ ചിന്തകളുടെ പ്രയോക്താക്കളായി.

### 1.3.2 പാരിസ്ഥിതികസ്ത്രീവാദം : വിവിധധാരകൾ

''പാരിസ്ഥിതികസ്ത്രീവാദം എന്നത് വ്യക്തമായ താത്വികാടിത്തറയും പ്രയോഗസാധ്യതകളുമുള്ള ഒരു ജീവിത ചിന്താരീതിയാണ്.''[25] സമൂഹത്തിന്റെ എല്ലാതലങ്ങളിലുമുള്ള സർവ്വവിധ അധികാരസ്വഭാവങ്ങളെയും നിരാകരിച്ചു കൊണ്ട് സഹവർത്തിത്വം നടപ്പിലാക്കുക എന്ന ലക്ഷ്യമാണ് പാരിസ്ഥി തികസ്ത്രീവാദം അടിസ്ഥാനമാക്കുന്നത്. ആധുനിക സമൂഹത്തിൽ മാറിവന്ന ജൈവസാഹചര്യങ്ങളിൽ പരിസ്ഥിതിക്കും സ്ത്രീക്കും ഒരുപോലെ മർദ്ദിതാവസ്ഥ കൾ നേരിടേണ്ടിവന്നു. ഇതുതന്നെയാണ് പാരിസ്ഥിതികസ്ത്രീവാദവക്താക്കൾ പരിസ്ഥിതിക്കും സ്ത്രീക്കും തമ്മിലുള്ള സാമ്യഘടകങ്ങളായി കണക്കിലെടുക്കുന്ന തും. ഉപഭോഗസംസ്കാരങ്ങളും പുരുഷാധിപത്യ പ്രവണതകളും ഇവയ്ക്കുമേൽ എങ്ങനെയെല്ലാം തമസ്ക്കരണങ്ങൾ നടത്തുന്നു എന്നത് പാരിസ്ഥിതികസ്ത്രീവാദ ക്കാർ വിശദമാക്കുന്നു. ദർശനത്തിലെ വ്യത്യസ്തതകൾ കൊണ്ട് പാരിസ്ഥിതിക സ്ത്രീവാദത്തിനും വിവിധ വിഭാഗങ്ങളുണ്ട്. അവ സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദം, സാംസ്കാരിക പാരിസ്ഥിതികസ്ത്രീവാദം, സോഷ്യലിസ്റ്റ് പാരിസ്ഥി തികസ്ത്രീവാദം, ആത്മീയ പാരിസ്ഥിതികസ്ത്രീവാദം, നവീകരണ പാരിസ്ഥിതിക സ്ത്രീവാദം എന്നിങ്ങനെ തരം തിരിക്കപ്പെട്ടിരിക്കുന്നു. സ്ത്രീയെയും പ്രകൃതി യെയും ചൂഷണം ചെയ്യുന്ന പുരുഷാധികാരഘടനയുടെ പ്രത്യയശാസ്ത്രത്തെ യാണ് ഇവ വിശകലനം ചെയ്യുന്നത്.

1976-ൽ മുറ്റേ ബുക്ചിന്റെ വെർമണ്ടിലുള്ള സോഷ്യൽ ഇക്കോളജി ഇൻസ്റ്റിറ്റ്യൂട്ടിലാണ് സാമൂഹിക പാരിസ്ഥിതികസ്ത്രീവാദത്തിന്റെ തുടക്കം. പ്രധാ നവക്താക്കൾ നെസ്ത്രാകിങ്ങ്, ഛയ്യദത്തർ (Chhaya Datar) എന്നിവരാണ്. സമൂഹ പരിവർത്തനോദ്യുക്തമായ പ്രവർത്തനപരിപാടികളോട് പാരിസ്ഥിതികസ്ത്രീവാ ദത്തെ ബന്ധിപ്പിക്കുന്ന നെസ്ത്രാ അമേരിക്കയിലെ ഇടതുപക്ഷപ്രസ്ഥാനവുമായും ഇക്കോഫെമിനിസത്തെ ചേർത്തുപറയുന്നുണ്ട്. എല്ലാ ആധിപത്യ പ്രവണതകളു

ടേയും മൂലരൂപം സ്ത്രീക്കുമേൽ പുരുഷൻ പ്രകടിപ്പിക്കുന്ന ആധിപത്യമാണെന്ന് നെസ്ത്രാ അഭിപ്രായപ്പെടുന്നു. ''പടിഞ്ഞാറൻ വ്യാവസായിക സംസ്കാരം സ്ത്രീകളുടെ മേൽ പുലർത്തുന്ന പ്രകൃതിവിരുദ്ധ സ്ത്രീവിരുദ്ധ നിലപാടുകൾക്കെതിരെ എതിർപ്പ് പ്രകടിപ്പിക്കാൻ സ്ത്രീകളോട് ആവശ്യപ്പെടുന്നു. ഒപ്പം പങ്കുവയ്ക്കലിൽ അധിഷ്ഠിതമായ സ്ത്രൈണമൂല്യങ്ങളും പാലകഭാവങ്ങളും പ്രകൃതിയുടെ മുറിവുണക്കാനും സംരക്ഷിക്കാനുമുള്ള കരുത്ത് സ്ത്രീകൾക്കു നൽകും''[26] എന്ന് വാദിക്കുന്നു. ശാസ്ത്രസാങ്കേതിക വിദ്യയുടെ ഹിംസാത്മകമായ രീതിക്കെതിരെയും സമ്പദ്ഘടനയുടെ പുതിയ സങ്കല്പങ്ങൾക്കെതിരെയും പ്രതികരിക്കാൻ സ്ത്രൈണശക്തിക്ക് കഴിയും എന്ന് വന്ദനശിവയും അഭിപ്രായപ്പെടുന്നു. ഏരിയൽ സാലേ, കരോലിൻ മർച്ചന്റ് എന്നിവരും സാമൂഹിക പാരിസ്ഥിതികസ്ത്രീവാദചിന്തകൾ പുലർത്തുന്നവരാണ്. പ്രകൃതിയോടും സ്ത്രീയോടും മേൽക്കോയ്മഭാവം പുലർത്താത്തതും അതേസമയം ജൈവികതയെ നിലനിർത്തുന്നതുമായ ഒരു ശാസ്ത്രത്തെയാണ് ഇവർ വിഭാവനം ചെയ്യുന്നത്. ശാസ്ത്രവും സാങ്കേതികതയും തമ്മിലുള്ള ബന്ധത്തെ അന്വേഷിച്ചറിയുന്നതിനും വർത്തമാനകാല പാരിസ്ഥിതിക പ്രതിസന്ധിയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനും ഇവർ പരിശ്രമിക്കുന്നു. വംശം, വർഗ്ഗം, വർണ്ണം, ലിംഗം തുടങ്ങിയവയിലെല്ലാം ആധിപത്യം കൈക്കൊള്ളുന്നതരത്തിലുള്ള സാമൂഹ്യഘടന പ്രകൃതിയുടെ മേലും ആധിപത്യം പുലർത്തുന്നതായി സാമൂഹ്യ പാരിസ്ഥിതികസ്ത്രീവാദികൾ അഭിപ്രായപ്പെടുന്നു. ഓസ്ട്രേലിയൻ ഇക്കോഫെമിനിസ്റ്റായ ഏരിയാൽ സാലേ സോഷ്യൽ ഇക്കോഫെമിനിസ്റ്റ് ചിന്തയിലൂന്നിയുള്ള രചനയാണ് നടത്തിയത്. സ്ത്രീ-പുരുഷ-പ്രകൃതിയുടെ സംയുക്തമോചനത്തിന്റെ ശബ്ദമായി ഇക്കോഫെമിനിസത്തെ കാണുന്ന സാലെ ഉത്തരാധുനിക തത്ത്വചിന്തയെയും മാർക്സിസത്തെയും ഫെമിനിസത്തെയും ചേർത്തുവച്ച് പഠിക്കുകയാണ്. ഇക്കോഫെമിനിസ്റ്റ് സാമൂഹ്യശാസ്ത്രം വ്യത്യസ്തമായ ചിന്തകളെയും വികാരപരമായ തീരുമാനങ്ങളെയും കൂട്ടിച്ചേർക്കാനുള്ള ശ്രമമാണ്, ലിംഗഭേദം, വംശീയത, ജൈവവൈവിധ്യം എന്നിവയെല്ലാം ഒന്നിച്ചുചേർത്തു

വയ്ക്കുന്ന ചിന്താപദ്ധതിയാണ്. ''പാരിസ്ഥിതികസ്ത്രീവാദികൾ വർഗ്ഗം, വംശം, പ്രായം എന്നിങ്ങനെയുള്ള വിഭാഗീകരണങ്ങൾക്കു ശ്രമിക്കുന്നില്ല. പ്രകൃതി-സ്ത്രീ -അധ്വാനം എന്ന ബന്ധത്തെ അടിത്തറയാക്കി മേല്പറഞ്ഞ എല്ലാ വിഭാഗീയതകളെയും എതിർക്കുന്നു.''[27] ജീവന്റെ നിലനില്പിനായുള്ള സമരമായി പാരിസ്ഥിതികസ്ത്രീവാദത്തെ കാണുന്ന സാലെ പ്രകൃതിയുടെയും സ്ത്രീയുടെയും മേലെ അധികാരമുള്ള ശക്തിയായി പുരുഷനെ അവതരിപ്പിക്കുന്നതിനെ എതിർക്കുന്നു. അതോടൊപ്പം പുരുഷനും സ്ത്രീയും ചേർന്ന് പ്രകൃതി എന്ന ഒരു സമവാക്യം ഉണ്ടാക്കുന്നു. ജ്ഞാനശാസ്ത്രത്തിന്റെ ഭാഷയിൽ 'ശരീരസംബന്ധിയായ ഭൗതികവാദം' എന്നാണ് ഇക്കോഫെമിനിസത്തെ സാലെ വിശേഷിപ്പിക്കുന്നത്. എല്ലാത്തരത്തിലുമുള്ള ആധിപത്യ ചൂഷണരീതികളെയും വർഗ്ഗീകരണ മനോഭാവത്തെയും ആഗോളവൽക്കരണത്തിന്റെ ഫലമായുണ്ടായ പുതിയ സാമ്പത്തികാവസ്ഥയെയും നവകൊളോണിയലിസത്തെയും പാരമ്പര്യജ്ഞാനശാസ്ത്രത്തെയും എതിർത്തുകൊണ്ട് വിമോചനത്തിനുള്ള ഒരു പുതിയ മാർഗ്ഗമായി പാരിസ്ഥിതികസ്ത്രീവാദത്തെ ഏരിയൽ സാലെ അംഗീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

ജീവന്റെ പുനരുല്പാദനത്തിന് പ്രാധാന്യം കൊടുക്കുന്ന ചിന്താരീതിയാണ് സാമൂഹിക പാരിസ്ഥിതികസ്ത്രീവാദം കൈക്കൊള്ളുന്നത്. നമ്മുടെ പ്രകൃതിയിലുള്ള മിക്കതും ഭക്ഷണം, ജലം, മണ്ണ്, വായു, അന്തരീക്ഷം എന്നിവയിലെല്ലാം മാലിന്യം കലർന്ന് തകർച്ചയുടെ വക്കിലാണ്. ഭൂമിയിൽ ജീവന്റെ നിലനില്പുതന്നെ അപകടാവസ്ഥയിലാണ്. അതുകൊണ്ടുതന്നെ അതിജീവനമെന്നത് പ്രധാനപ്പെട്ട ഒരാവശ്യവുമാണ്. പഴയകാലത്ത് ഗോത്രവർഗ്ഗ സമൂഹവും ആദിവാസി ജനതയും തദ്ദേശ വിഭവങ്ങൾ ഉപയോഗിച്ച് ജീവിച്ചിരുന്നു. അന്ന് ജൈവ, അന്തരീക്ഷ സന്തുലനം നിലനിൽക്കുകയും ചെയ്തിരുന്നു. തുടർന്നുവന്ന സഞ്ചാരികളും വിദേശീയരും ഇവിടുത്തെ പ്രകൃതിവസ്തുക്കളെ അമിതലാഭത്തിനുവേണ്ടിയും സ്വാർത്ഥതമൂലവും കൊള്ളയടിക്കുകയും ചെയ്തു. കോളനികൾ സ്ഥാപിക്കാനുള്ള താല്പര്യത്തിൽ വിദേശീയർ ഇതുവരെ മറ്റു യൂറോ

പ്യൻമാർ എത്തിച്ചേരാത്ത സ്ഥലങ്ങൾ കണ്ടെത്തുകയും അവിടം കോളനിയാക്കി തദ്ദേശവസ്തുക്കളും പ്രകൃതിവിഭവങ്ങളും ആക്രമിച്ച് നശിപ്പിക്കുകയും ചെയ്തു. ലൈംഗികചൂഷണത്തിന് സ്ത്രീകളെ ഇരയാക്കി. ഇതേ തരത്തിൽ വൃക്ഷങ്ങൾ വെട്ടിക്കളഞ്ഞ് പലപലയന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണിൽ ഉഴുതുമറിച്ച് പുതിയ ഇനം വിത്തുകൾ വിളയിറക്കി. കന്നിമണ്ണിനെ ഇത്തരത്തിൽ ഉപയോഗിക്കുന്നിടത്ത് സ്ത്രീയോടുള്ളതുപോലെ ഒരു ലൈംഗിക അക്രമം ദർശിക്കാം. ഈ രീതിയിൽ പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവും ലൈംഗികവുമായ എല്ലാ തര ത്തിലുള്ള അസമത്വങ്ങളെയും സോഷ്യൽ ഇക്കോഫെമിനിസം വിമർശിക്കുന്നുണ്ട്.

ലിംഗപരവും വംശീയവും പാരിസ്ഥിതകവുമായ ഏതുതരത്തിലുള്ള ആധി പത്യങ്ങളെയും ചെറുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനപരിപാടികൾ ഇവർ മുന്നോട്ടുവയ്ക്കുന്നു. ഒപ്പം പ്രകൃതിയും സ്ത്രീയും തമ്മിലുള്ള ബന്ധത്തിന്റെ ഇഴ കളെ പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്ത് ഇവയുടെ മോചനത്തിന് ശ്രമി ക്കുകയും ചെയ്യുന്നു. പാരിസ്ഥിതിക പ്രവർത്തനങ്ങൾ ശാസ്ത്രീയാടിസ്ഥാനത്തി ലാക്കുക, അതുവഴി സാമൂഹ്യനീതി ഉറപ്പുവരുത്തുക എന്നത് സാമൂഹ്യപാരിസ്ഥി തികസ്ത്രീവാദത്തിന്റെ ലക്ഷ്യമാണ്. ഇവർ മുന്നോട്ടുവയ്ക്കുന്ന മറ്റൊരു ചിന്ത വിവാഹം, അണുകുടുംബം, കാല്പനിക പ്രേമം മുതലാളിത്തം എന്നിവയിലെ അടിച്ചമർത്തലുകളെയും ആധിപത്യങ്ങളെയും പാരിസ്ഥിതികമായ ദുരന്തങ്ങളോട് ചേർത്തുവെച്ച് ആലോചിക്കുക എന്നതാണ്. സ്വകാര്യം/പൊതു എന്ന ദ്വന്ദ്വാത്മക തയിലാണ് മുതലാളിത്തവ്യവസ്ഥയിലെ ഉല്പാദനവ്യവസ്ഥ നിലനിൽക്കുന്നത്. ഇതാകട്ടെ ചൂഷണത്തിനുള്ള ഉപാധിയുമാകുന്നു. ''സ്ത്രീയുടെയും പുരുഷ ന്റെയും പ്രത്യുല്പാദനത്തിലുള്ള വ്യത്യസ്തതയെ അംഗീകരിച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനമാണ് സാമൂഹ്യ പാരിസ്ഥിതികസ്ത്രീവാദം ഉന്നയിക്കുന്നത്. ജീവശാസ്ത്രപരമായി സ്ത്രീപുരുഷന്മാർ വ്യത്യസ്തരാണെങ്കിലും പരിപാലന മൂല്യത്തിലധിഷ്ഠിതമായ പാരിസ്ഥിതിക നൈതികത പാലിക്കുന്നതിന് സ്ത്രീക്കും പുരുഷനും സാധിക്കുമെന്ന ശുദ്ധവിശ്വാസം ഇവർ പുലർത്തുന്നു. ഇത്തരം നീതി

ബോധത്തിന്റെ ലിംഗനിരപേക്ഷമായ പ്രയോഗത്തിലൂടെ പ്രകൃതിയോടും സ്ത്രീയോടും നടത്തുന്ന ബലാൽക്കാരങ്ങളെ ചെറുക്കാൻ സാധിക്കുമെന്ന് ഈ ചിന്താപദ്ധതി ഉറപ്പിച്ച് പറയുന്നു.''[28]

ആൺകോയ്മ മൂല്യങ്ങളിൽനിന്ന് പ്രകൃതിയെയും സ്ത്രീപുരുഷന്മാരെയും മോചിപ്പിക്കാനുള്ള ശ്രമമാണ് സാംസ്കാരിക പാരിസ്ഥിതികസ്ത്രീവാദികൾ നടത്തുന്നത്. ഇവർ സ്ത്രീക്കും പ്രകൃതിക്കും തമ്മിലുള്ള ബന്ധത്തിൽ പാശ്ചാത്യർ നടത്തുന്ന ഇടപെടലുകളെ ചോദ്യം ചെയ്തു. സ്ത്രീ ശരീര കേന്ദ്രിതമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന സാംസ്കാരിക പാരിസ്ഥിതികസ്ത്രീവാദത്തിൽ (cultural ecofeminism) സ്ത്രീശരീരത്തിന്റെ ആഘോഷവും പ്രാധാന്യമർഹിക്കുന്നു. പുരുഷന് പ്രകൃതിയോടുള്ള അടുപ്പത്തേക്കാൾ കൂടുതൽ ശാരീരികവും സാമൂഹികവും മനഃശാസ്ത്രപരവുമായ കാരണങ്ങൾകൊണ്ട് സ്ത്രീ പ്രകൃതിയുമായി അടുപ്പം പുലർത്തുന്നു എന്നിവർ കരുതുന്നു. ''സ്ത്രീയുടെ ജൈവികതയും പ്രകൃതിയും സ്ത്രൈണശക്തിയുടെ ഉറവിടങ്ങളാണ്. ന്യൂക്ലിയർ പരീക്ഷണങ്ങളോടുള്ള എതിർപ്പ്, അശ്ലീല സാഹിത്യം എന്നിവയോടുള്ള പ്രതികരണങ്ങൾ തുടങ്ങിയവ ഈ ചിന്തയുടെ ഭാഗമാണ്. സ്ത്രീയുടെ പ്രത്യുല്പാദനപരതയും (പ്രകൃതി) പുരുഷാധിപത്യമൂല്യങ്ങളിൽ രൂപകല്പന ചെയ്ത സാങ്കേതികതയും (സംസ്കാരം) തമ്മിലുള്ള സാമൂഹ്യ ഇടപെടലിന് ശരീരസംബന്ധിയായ പാഠം നൽകാനാണ് സാംസ്കാരിക പാരിസ്ഥിതികസ്ത്രീവാദം ശ്രമിക്കുന്നത്.''[29] പരിസ്ഥിതിയെ മലിനമാക്കുന്ന കീടനാശിനികളുടെ പ്രയോഗം, വനനശീകരണം, ജലമലിനീകരണം, യുദ്ധം തുടങ്ങിയവയ്ക്കെല്ലാം എതിരായുള്ള പ്രവർത്തികളും പ്രതികരണങ്ങളും സ്ത്രൈണമൂല്യത്തിന്റെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുക എന്നതും സാംസ്കാരിക പാരിസ്ഥിതികസ്ത്രീവാദം ചെയ്യുന്നുണ്ട്.

കാരൾ ക്രൈസ്റ്റ്, ജൂഡിറ്റ് പ്ലാസ്ക്കോവ്, റോസ്മേരി റാഡ് ഫോർഡ് റൂഥർ തുടങ്ങിയവർ ഈ ചിന്താപദ്ധതിയുടെ വക്താക്കളാണ്. ആത്മീയതയ്ക്ക്

സ്ത്രൈണരൂപം കൊടുക്കാൻ ഇവർ ശ്രമിക്കുന്നു. ദൈവത്തിന്റെ രൂപവും ഭാഷയും പുരുഷന്റേതുമാത്രമായിരിക്കുന്നു എന്ന ചിന്തയിൽ നിന്നു വ്യത്യസ്തമായി പരിചരണത്തിന്റേയും പരിപാലനത്തിന്റേയും ശമനത്തിന്റെയും ജീവദായകത്വത്തിന്റേതുമായ ദൈവസങ്കല്പത്തെ മുന്നോട്ടുവയ്ക്കുകയും അതുകൊണ്ടുതന്നെ ഇത്തരം ദേവതാസങ്കല്പങ്ങൾ സ്ത്രീശരീര കേന്ദ്രിത മൂല്യങ്ങളോടുകൂടിയതാണ് എന്ന് വെളിവാക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള സ്ത്രൈണമൂല്യങ്ങളുടെ ആഘോഷവും ആനന്ദാനുഭവവുമായി ആത്മീയതയെ നിർവചിക്കുന്നു. മനുഷ്യരെല്ലാം തന്നെ ശാരീരികഘടനയിൽ ചെറിയ രീതിയിലെങ്കിലും വ്യത്യസ്തരാണ്. സ്ത്രീ-പുരുഷന്മാരുടെ ശരീരഘടനകൾ തമ്മിൽ വളരെയേറെ വ്യത്യസ്തതകളുണ്ട്. എന്നാൽ മനുഷ്യരെല്ലാം തന്നെ ലൈംഗികജീവികളും വ്യത്യസ്ത അധികാരപരിധിയിൽ ഉൾപ്പെടുന്നവരുമാണ്. സ്ത്രൈണശക്തിയുടെ ഉറവിടമെന്ന നിലയിൽ പ്രകൃതിയും സ്ത്രീയുടെ ജൈവികതയും ആഘോഷിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ സ്ത്രീയുടലിനും പ്രകൃതിയുടെ തനിമയ്ക്കും നേരേയുള്ള ആധിപത്യ ആശയങ്ങളേയും പ്രവർത്തനങ്ങളേയും സ്ത്രീ ശരീരമൂല്യത്തിന് പ്രാധാന്യമുള്ള അനുഷ്ഠാനങ്ങളെ ബദലാക്കിക്കൊണ്ട് ചെറുക്കുകയും ചെയ്യുന്നു. അമ്മ ദേവതാസങ്കല്പത്തെയും ഭൂമിയെ അമ്മ എന്ന നിലയിലുള്ള പ്രകൃതി-സ്ത്രീ തദാത്മ്യാവസ്ഥയേയും സാകല്യതയേയും പുനരുജ്ജീവിപ്പിക്കാൻ സംസ്കാരിക പാരിസ്ഥിതികസ്ത്രീവാദികൾ ശ്രമിക്കുന്നു. പ്രത്യുല്പാദനപരമായ കാര്യങ്ങളിലുള്ള സാമ്യതയുള്ള കർതൃത്വമാണ് സ്ത്രീയേയും പ്രകൃതിയേയും ഒരുപോലെ വീക്ഷിക്കാൻ കാരണമെന്നതും ഇവർ ചിന്തിക്കുന്നു. സ്ത്രൈണസത്തക്ക് പ്രകൃതിയെ സംരക്ഷിക്കാൻ കഴിയുമെന്ന് ചിന്തിക്കുന്ന ഇവർ സ്ത്രൈണമൂല്യങ്ങൾക്ക് പ്രാധാന്യമുള്ള ഒരു സ്ത്രീസത്തയിലേക്കുള്ള മടക്കത്തിന് ആഗ്രഹിക്കുന്നു.

ലോകം ഇന്ന് ആഗോളവൽകരണ അധികാരരാഷ്ട്രീയത്തിന്റെ ആധിപത്യത്തിൻകീഴിലാണ്. ഈ അവസരത്തിൽ രാഷ്ട്രീയ ചിന്തകളെക്കാളും പ്രാധാന്യം അടിസ്ഥാനവർഗ്ഗത്തിന്റെ ആവശ്യങ്ങൾക്കാണ് എന്നറിയുകയും അവരുടെ താല്പ

ര്യങ്ങൾക്കൊപ്പം നിൽക്കുകയും ചെയ്യുന്നവരാണ് സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദികൾ. ഇവർ മുതലാളിത്ത കുടുംബ അധികാരഘടനയെ വിശകലനം ചെയ്യുന്നു. ഉല്പാദന പ്രത്യുല്പാദനബന്ധങ്ങളിൽ സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന വിഷമതകളെയും പ്രശ്നങ്ങളെയും, വർദ്ധിച്ച ലാഭേച്ഛമൂലം പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്ത് വരുത്തിതീർക്കുന്ന പാരിസ്ഥിതിക ദുരന്തങ്ങളെയും സംയോജിപ്പിക്കാനും അതിനെക്കുറിച്ച് ചിന്തിക്കാനും ശ്രമിക്കുന്നു. പരമ്പരാഗതമായി കൊണ്ടുനടക്കപ്പെടുന്ന കുടുംബഘടനയിലെ സ്ത്രീ-പുരുഷബന്ധങ്ങൾക്കപ്പുറത്തുനിന്നുകൊണ്ട് നാശത്തിലേക്ക് കൂപ്പുകുത്തുന്ന പ്രകൃതിയുടെ ദാരുണാവസ്ഥയുടെ പശ്ചാത്തലത്തിൽ വർത്തമാനകാല സ്ത്രീപ്രശ്നങ്ങളെയും അനുഭവങ്ങളെയും നിർവചിക്കുന്നു. എവിടേയും സ്ത്രീക്ക്, അവളുടെ അദ്ധ്വാനത്തിന് ഉല്പാദന മേഖലകളിൽ പ്രാധാന്യം നൽകണമെന്നും അതോടൊപ്പം പുനരുല്പാദനത്തിന്റെ സാമൂഹികമായ അവസ്ഥകളിൽ ഉള്ള ആക്രമണത്തെ പ്രതിരോധിക്കുകയും വേണം എന്ന് ഇവർ ആവശ്യപ്പെടുന്നു. ജീവന്റെ നിലനിൽപ്പിനും നൈരന്തര്യത്തിനും തലമുറകളുടേയും തൊഴിൽശക്തികളുടെയും ജൈവികമായ രീതിയിലുള്ള പുനരുല്പാദനം ആവശ്യമാണെന്ന വിശ്വാസം ഇവർ പുലർത്തി. അതുകൊണ്ടുതന്നെ സോഷ്യലിസ്റ്റ് ഇക്കോഫെമിനിസം ജീവന്റെ പുരോഗതിക്കുവേണ്ടിയുള്ള നവദർശനമായി മാറി. ''പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിത ഉപയോഗം സൃഷ്ടിക്കുന്ന അനിവാര്യമായ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സ്ത്രീ/പ്രകൃതി പ്രശ്നങ്ങളെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കേണ്ടതാണെന്നതാണ് സോഷ്യലിസ്റ്റ് ഇക്കോഫെമിനിസം ലക്ഷ്യമിടുന്നതെന്ന് ഏരിയൽ സാലെ ചൂണ്ടിക്കാണിക്കുന്നു. ജീവന്റെ നിലനിൽപ്പിനുതന്നെ ആധാരമായ പ്രകൃതിയലാകമാനം നടക്കേണ്ട പുനരുൽപ്പാദനപ്രക്രിയയെ സോഷ്യലിസ്റ്റ് ഇക്കോഫെമിനിസം സമഗ്രമായി കാണാൻ ശ്രമിക്കുന്നു. തൊഴിലിടങ്ങളും മാതൃശ്രദ്ധയും സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ പ്രകൃതിസ്ത്രീപക്ഷത്തുനിന്നുകൊണ്ട് വിശകലനം ചെയ്യാൻ ശ്രമിക്കുന്നു.''[30]

സമൂർത്തമായ ആത്മീയതയിലേക്ക് നീങ്ങികൊണ്ടുമാത്രമേ പ്രകൃതിയുടെ രക്ഷക്കായി പ്രവർത്തിക്കാനാവുകയുള്ളൂ എന്ന അഭിപ്രായക്കാരാണ് ആത്മീയ പാരിസ്ഥിതികസ്ത്രീവാദക്കാർ. സ്ത്രീ പ്രകൃതി സാമ്യത്തിനാണ് ഇതിൽ പ്രാധാന്യം നൽകുന്നത്. മേരി മെല്ലർ ഇതിനു നൽകുന്ന പേര് അഫിനിറ്റി ഇക്കോ ഫെമിനിസം[31] എന്നാണ്. ആത്മീയ പാരിസ്ഥിതികസ്ത്രീവാദചിന്ത പങ്കുവെച്ച് സ്റ്റാർ ഹക്ക് (Starhawk) The spiral Dance, Dreaming the Dark, Truth or Dare തുട ങ്ങിയ കൃതികളിലൂടെ സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന വിഷമതകളെ സൂചിപ്പിച്ചു. അന്ധമായ മതവിശ്വാസങ്ങളിൽപ്പെട്ട് അവളുടെ താല്പര്യങ്ങൾ അടി ച്ചമർത്തപ്പെടുന്നതിൽനിന്ന് മോചനം നേടാനും ആഹ്വാനം ചെയ്തു. അധികാരി വർഗ്ഗം എപ്രകാരം പ്രകൃതിയെ മലിനമാക്കുന്നുവോ അതുപോലെ സ്ത്രീയുടെ ജൈവികാവസ്ഥയേയും സഹജവാസനകളേയും മലിനമാക്കുന്നുവെന്ന് മേരി ദാലി അഭിപ്രായപ്പെടുന്നു. ഇവർ മാതൃദൈവതാരാധനയ്ക്ക് വളരെ പ്രാധാന്യം കൊടു ത്തുകാണുന്നു. എന്നാൽ സ്ത്രീയുടെ ഉള്ളിൽ തന്നെയുള്ള പ്രകൃതിദത്തമായ ഊർജ്ജത്തിന്റെ സാന്നിധ്യമാണ് ദേവതയിൽ ദർശിക്കുന്നത്. റോസ് മേരി റാഡ് ഫോർഡ് റൂഥർ, മേരി ദാലി, സൂസൻ ഗ്രിഫിൻ എന്നിവർ ഈ ആശയത്തിന് അനു കൂലരാണ്. ഏതുകാലത്തും എവിടേയും മർദ്ദിതവിഭാഗങ്ങളാവുന്നത് സ്ത്രീകളാ ണ്. അതുകൊണ്ടു തന്നെ ഒരു പുതിയ മാനവികതയുടെ അതായത് ആത്മാവി ന്റെയും ശരീരത്തിന്റെയും ചേർച്ചയിലൂടെ രൂപം കൊള്ളേണ്ടുന്ന ആത്മീയതയുടെ വക്താക്കളാണ് ഏറ്റവും ഉചിതർ.

പ്രകൃതി ഇന്ന് നേരിടുന്ന മലിനീകൃതമായ അവസ്ഥയ്ക്ക് പ്രധാന കാരണം യാതൊരുവിധ നിയന്ത്രണവുമില്ലാതെ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്തതും വർദ്ധിച്ച ഉല്പാദനത്തെയും വിളവിനെയും മുന്നിൽ കണ്ടുകൊണ്ടു നടത്തിയ കീട നാശിനികളുടെ ഉപയോഗവുമാണ്. ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയും വർദ്ധിച്ച ഉല്പാദനവും ആവശ്യം തന്നെയാണ്. എന്നാൽ പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ യഥാകാലം കർക്കശമായി പാലിച്ച് പരിസ്ഥിതിയുടെ തനിമയെ നില

നിർത്തിക്കൊണ്ടുള്ള ഉല്പാദനപ്രക്രിയക്കും ശാസ്ത്രസാങ്കേതികവിദ്യയുടെ പ്രയോഗത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. ഈ രീതിയിലുള്ള നവീകരണ പാരിസ്ഥിതികസ്ത്രീവാദചിന്ത പുലർത്തുന്ന വ്യക്തിയാണ് കാറൻ ജെ വാറൻ (Karren J Warren). പ്രകൃതിയോടൊപ്പം ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു സമീപനത്തിന്റെ അനിവാര്യതയെ ഇവർ പ്രാധാന്യത്തോടെ കാണുന്നു. പരിസ്ഥിതി പ്രശ്നങ്ങളിലുള്ള സ്ത്രീപരിപ്രേക്ഷ്യമാണ് അവർ ആഗ്രഹിക്കുന്നത്. വിരലിൽ എണ്ണാവുന്നവരായിട്ടെങ്കിലും പ്രകൃതി സ്നേഹികളായ, മനുഷ്യ സ്നേഹികളായ പുരുഷന്മാരും സ്ത്രീ-പ്രകൃതിമോചനത്തിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. ''സമൂഹത്തിന്റെ രാഷ്ട്രീയഘടനകൾ രൂപപ്പെടുത്തുന്നതിൽനിന്നും പുരുഷാധിപത്യത്തെ ഒഴിച്ചുനിർത്തി സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രകൃതിക്കും തുല്യമായ നിലയിൽ സഹകരിച്ചു പ്രവർത്തിക്കാൻ കഴിയുന്ന പാരമ്പര്യത്തിന്റെ ഒരു സാമൂഹ്യഘടനയും പ്രത്യയശാസ്ത്രസമീപനവുമാണ് ഇക്കോഫെമിനിസ്റ്റുകൾ സ്വപ്നം കാണുന്നത്.''[32]

### 1.3.3 പാരിസ്ഥിതികസ്ത്രീവാദം ഇന്ത്യയിൽ

പാരിസ്ഥിതികസ്ത്രീവാദചിന്തകളെ ഇന്ത്യൻ സമൂഹധാരയിലേക്ക് അവതരിപ്പിച്ച വന്ദനശിവയുടെ പഠനവിഷയം തന്നെ ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെ ജനങ്ങളും ജീവിതവും പ്രകൃതിയുമാണ്. ഭൂമിയെ വിശുദ്ധയായി പരിഗണിച്ചിരുന്ന ഗോത്രജീവിതവും അതിന്റെ ഇന്നുനിലനിൽക്കുന്ന അംഗങ്ങളും വർത്തമാനകാല ചൂഷണങ്ങളും സാമ്പത്തിക സാമ്രാജ്യത്വവും കൂടിച്ചേരുന്ന സങ്കീർണ്ണമായ സാംസ്കാരിക ജീവിതമാണ് ഈ രാജ്യങ്ങളിലെ ജനങ്ങൾ നയിക്കുന്നത്. പലതരത്തിലുമുള്ള ചൂഷണങ്ങൾ അനുഭവിക്കുന്ന ഇന്ത്യപോലുള്ള വികസ്വര രാജ്യങ്ങളിലെ, അതിജീവനത്തിനുവേണ്ടി പോരാടുന്ന മൂന്നാം ലോകത്തിലെ സ്ത്രീവർഗ്ഗത്തിന് ആത്മീയതയെ ഭൗതിക ചിന്തയിൽനിന്ന് വേർതിരിച്ചുകാണുക ചിന്തിക്കാൻപോലും സാധ്യമല്ല. ഇത്തരത്തിലുള്ള ഒരു ചിന്തയുടെ അടിസ്ഥാനത്തിലാണ്

വന്ദനാശിവയുടെ പാരിസ്ഥിതികസ്ത്രീവാദപരമായ ചിന്ത മുന്നോട്ടുപോകുന്നത്. ''മൂന്നാം ലോക സ്ത്രീ മനുഷ്യചരിത്രത്തിന്റെ കേന്ദ്രത്തിലേക്ക് ജീവനെയും അതി ജീവനത്തെയും പ്രത്യേക പരിഗണനയോടുകൂടി കൊണ്ടുവരുന്നു. എല്ലാത്തരം ജീവിതങ്ങളുടേയും അതിജീവനമാണ് ലക്ഷ്യമിടുന്നത്. ഇതു സാധിക്കുന്നതിന് പ്രകൃതിയിലും സമൂഹത്തിലും സ്ത്രൈണമൂല്യങ്ങളുടെ തിരിച്ചുവരവിനുവേണ്ടുന്ന അടിത്തറപാകുന്നു. അങ്ങനെ അവർ ഈ ഭൂമിയെ മുഴുവൻ നിലനിർത്തുന്നവരും പരിപോഷകരുമായി മാറുന്നു''[33] എന്ന് വന്ദനശിവ അഭിപ്രായപ്പെടുന്നു. ഇന്ത്യ യെപോലുള്ള വികസ്വരരാജ്യങ്ങളിലെയും അവികസിതരാജ്യങ്ങളിലെയും സാമൂഹ്യ സാമ്പത്തിക അവസ്ഥകൾ കൊളോണിയൽ ആധിപത്യത്തിന്റെ ഫല മായി ദുരന്തങ്ങൾ നേരിടുന്ന ഒരു ചുറ്റുപാടിലായി. ഇക്കാലം പാരിസ്ഥിതികവും വംശീയവുമായ ചൂഷണത്തിന്റേതുമായിരുന്നു. ഇത്തരം സാഹചര്യങ്ങളിലെ സാമൂഹ്യ സാമ്പത്തികാവസ്ഥകളെ അടിസ്ഥാനപ്പെടുത്തി തന്റെ പാരിസ്ഥിതിക സ്ത്രീവാദ ചിന്തകളെ വന്ദനശിവ അവതരിപ്പിക്കുന്നു. സ്റ്റേയിങ്ങ് എലൈവ്, ഗ്ലോബലൈസേഷൻ റ്റുവാർഡ്സ് നീഡ്സ്, വാട്ടർ തുടങ്ങിയവ ഇവരുടെ പ്രധാന കൃതികളാണ്. ജർമ്മൻ ഫെമിനിസ്റ്റായ മരിയ മിയസുമായി ചേർന്ന് 'ഇക്കോ ഫെമിനിസം' എന്ന ഒരു കൃതിയും രചിച്ചിട്ടുണ്ട്. സമൂഹത്തിന്റെ വ്യക്തിപരതയെ ലോപിപ്പിച്ച് പരസ്പരാശ്രിതഭാവത്തെ വളർത്തുന്ന ചിന്താപദ്ധതിയാണ് പാരിസ്ഥി തികസ്ത്രീവാദം. ഏതൊരു ജീവിതത്തിലും നിലനിർത്തപ്പെടുന്ന ജൈവികവും സാംസ്കാരികവുമായ വൈവിധ്യങ്ങളെ മൂല്യവൽക്കരിക്കുകയും സ്വാംശീകരിക്കു കയും ചെയ്ത് പുതിയ ചരിത്രങ്ങൾ രൂപീകരിക്കുന്ന സിദ്ധാന്തമാണ് പാരിസ്ഥി തികസ്ത്രീവാദം. കേരളത്തിലെ വർത്തമാന സാഹചര്യം ജീവജാലങ്ങളുടെ നില നിൽപ്പ് അസാധ്യമാക്കുന്ന സാമൂഹിക പരിസരങ്ങൾ സൃഷ്ടിക്കുന്നു എന്ന തിരി ച്ചറിവ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ പ്രതിരോധങ്ങൾ കേരളത്തിലും ഉണർന്നു വരാൻ ഇടയാക്കി. അനുഭവിക്കുന്ന ചൂഷണങ്ങളിൽനിന്നും പീഡനങ്ങളിൽനിന്നും മോചനം നേടാനും ആത്മരോഷങ്ങളെ പ്രകടിപ്പിക്കാനും ഉള്ള മാർഗ്ഗമായി

സ്ത്രീകൾ സാഹിത്യത്തെ കണ്ടുതുടങ്ങി. പ്രാന്തവൽക്കരിക്കപ്പെടുന്ന പ്രകൃതി -സ്ത്രീവിഭാഗങ്ങളുടെ പ്രശ്നങ്ങൾ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്ന കൃതികളിലെ  പ്രകൃതി സ്ത്രീ അവതരണങ്ങളെ വിശകലനം ചെയ്യാനാണ് പ്രബന്ധത്തിന്റെ തുടർന്നുള്ള അധ്യായത്തിൽ ശ്രമിക്കുന്നത്.

## കുറിപ്പുകൾ


1. രാജശേഖരൻ, എസ്. *പരിസ്ഥിതിദർശനം മലയാളകവിതയിൽ,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 ജൂൺ, പുറം: 2.
2. അർജുൻ വെള്ളായണി (ഡയറക്ടർ.), *സർവ്വവിജ്ഞാനകോശം,* തിരുവനന്തപുരം : സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്, 1979 മാർച്ച്, പുറം: 579.
3. തുമ്പമൺ തോമസ് (ഡയരക്ടർ.), *പരിസ്ഥിതി വിജ്ഞാനകോശം,* തിരുവനന്തപുരം : കേരളസംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം: 600.
4. റേച്ചൽ കാഴ്സൺ, *നിശ്ശബ്ദവസന്തം,* രതിമേനോൻ കെ. (വിവർത്തനം.), കോട്ടയം: ഡിസി ബുക്സ്, 2013 മാർച്ച്, പുറം: 11.
5. ജോസഫ്, പി.റ്റി. *പ്രകൃതി മനോഹരി,* കോട്ടയം: കറന്റ് ബുക്സ്, 1989 ജൂൺ, പുറം: 30.
6. ടി.പു. പുറം: 62.
7. രാമചന്ദ്രൻ പന്മന, *പരിസ്ഥിതിപഠനങ്ങൾ,* കോട്ടയം: കറന്റ് ബുക്സ്, 2013 ജൂലൈ, പുറം: 10.
8. ജയകൃഷ്ണൻ, എൻ. *ഫെമിനിസം (പഠനസമാഹരണം.),* രേഷ്മ, കെ. ആർ. ഫെമിനിസം-ഒരു അവലോകനം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011 ജൂൺ, പുറം: 500.
9. ടി.പു, പുറം: 500
10. ദേവിക, ജെ. *സ്ത്രീവാദം,* കോട്ടയം : ഡി.സി.ബുക്സ്, 2000, പുറം: 13
11. ലീലാവതി, എം. *ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം,* തിരുവനന്തപുരം: പ്രഭാത് ബുക്സ്, 2006, പുറം: 26.

12. ടി.പു. പുറം: 52.

13. Semon De Beauvoir, *Second Sex,* Harmonds Worth; Penguin, 1972, p.

14. മുനിനാരായണ പ്രസാദ്, *മുണ്ഡകോപനിഷത്ത് (വ്യാഖ്യാനം.),* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2007, പുറം: 80.

15. രാമകൃഷ്ണൻ, എ.കെ. വേണുഗോപാലൻ, കെ.എം. *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം,* പയ്യന്നൂർ: നയന ബുക്സ്, 1989 നവംബർ, പുറം: 44-46.

16. ലേഖ നരേന്ദ്രൻ, *പെണ്ണെഴുത്ത്* (ഒരു സംഘം ലേഖകർ.), മലയാള നോവലും പെണ്ണെഴുത്തും, , തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002, പുറം: 101.

17. ജയകൃഷ്ണൻ, എൻ. *ഫെമിനിസം* (പഠനസമാഹരണം.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011 ജൂൺ, പുറം: 502.

18. ജിസാജോസ്, *സ്ത്രീവാദസാഹിത്യം മലയാളത്തിൽ,* കണ്ണൂർ: സമയം ക്ലാസ്സിക്സ്, 2016 നവംബർ, പുറം: 15.

19. ജയകൃഷ്ണൻ, എൻ. *ഫെമിനിസം (പഠനസമാഹരണം.),* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011 ജൂൺ, പുറം: 504.

20. ആണ്ടലാട്ട്, *രേഖയില്ലാത്ത ചരിത്രം,* തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 1990, പുറം: 147-153.

21. ദേവയാനി, കെ. *ചോരയും കണ്ണീരും നനഞ്ഞവഴികൾ,* തൃശ്ശൂർ: സമത എ കലക്ടീവ് ഫോർ ജന്റർ സ്റ്റഡീസ്, 2013 മാർച്ച്, പുറം:. 54.

22. രവീന്ദ്രൻ, എൻ. കെ. *പെണ്ണെഴുതുന്ന ജീവിതം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010, പുറം:36.

23. ജയകൃഷ്ണൻ, എൻ. *ഫെമിനിസം (പഠനസമാഹരണം.),* പ്രസീത, പി. പാരിസ്ഥിതികസ്ത്രീവാദത്തിന്റെ രാഷ്ട്രീയം(ലേഖനം.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011 ജൂൺ, പുറം: 483.

24. മ്യൂസ്മേരി ജോർജ്ജ്, *സ്ത്രീസമത്വചിന്തകളിലെ പ്രകൃതിപാഠങ്ങൾ,* വിജ്ഞാനകൈരളി, 2010 ആഗസ്റ്റ്, പുറം: 27.

25. മ്യൂസ്മേരി ജോർജ്, *പാരിസ്ഥിതിക സ്ത്രീവാദവും സാധ്യതകളും*, കാരുണികൻ, 2012 ഫെബ്രുവരി, പുറം: 20.

26. Ynestra King, *Healing the wounds : Feminism Ecology and Nature/Culture Dualism*, *Reweaving the world,* Diamond and G.F. Orenstein (ed) Sanfransisco: Sierra club Books, 1990 page:112.

27. Salleh, Ariel. *Ecofeminism as Politics: Nature Marx and the Post modern,* London: Zed Books, 1997, page: 92.

"Eco feminists do not differentiate women by stratifications of class, race, age and so for the, since the nature-woman-labour nexas as a fundamental contradiction deties these conceptual boundaries".

28. മ്യൂസ്മേരി ജോർജ്ജ്, *പാരിസ്ഥിതികസ്ത്രീവാദവും സാധ്യതകളും,* കാരുണികൻ, 2012 ഫെബ്രുവരി, പുറം: 23.

29. ടി.പു. പുറം: 22.

30. ജയകൃഷ്ണൻ, എൻ. *ഫെമിനിസം (പഠനസമാഹരണം.),* പ്രസീത, പി. പാരിസ്ഥിതികസ്ത്രീവാദത്തിന്റെ രാഷ്ട്രീയം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം: 486.

31. Meller, Mary. *Feminism and Ecology,* New York: New York University Press, 1997, page: 221.

32. പിയേഴ്സൺ, എം.എൻ. *ഇക്കോ ഫെമിനിസം, ഇക്കോ ടൂറിസം, മാർക്സിസം,* കോട്ടയം: കറന്റ് ബുക്സ്, പുറം: 131.

33. വന്ദനശിവ, *സ്റ്റേയിങ്ങ് എലൈവ്,* ലണ്ടൻ: സെഡ് ബുക്സ്, 1989, പുറം: 224.

Third world women are bring the concern with living and survival back to centre-stage in human history. In recovering the chances for survival of all life there are laying the foundation for the recovery of the feminine principle in nature and society, and through it the recovery of earth as the sustainer and the provider.

# അധ്യായം 2

# പെണ്ണും പ്രകൃതിയും മലയാള കവിതയിൽ

പരിസ്ഥിതിയെയും സ്ത്രീയെയും ബന്ധപ്പെടുത്തിയുള്ള പാരിസ്ഥിതിക സ്ത്രീവാദചിന്ത 1970-കളിൽ പാശ്ചാത്യനാടുകളിൽ ആരംഭിച്ചു. 1990-കളോടെ മലയാളത്തിലും ഇക്കോഫെമിനിസത്തിന്റെ തരംഗങ്ങൾ വിപുലമായിത്തുടങ്ങി. ചൂഷണത്തിനും പീഡനത്തിനും വിധേയമാകുന്ന സ്ത്രീ-പ്രകൃതി അവസ്ഥകളുടെ സമാനതയിലും പ്രശ്നങ്ങളിലും പ്രാമുഖ്യം കല്പിക്കുന്ന പാരിസ്ഥിതികസ്ത്രീവാദത്തെ അടിസ്ഥാനമാക്കിയുള്ള രചനകൾ ഇക്കാലത്ത് സാഹിത്യത്തിൽ ഉടലെടുത്തു. ലേഖനം, നോവൽ, കഥ, കവിത തുടങ്ങിയ സാഹിത്യരൂപങ്ങളിൽ ഈ ചിന്താഗതിയുടെ അവതരണം എപ്രകാരമായിരുന്നു എന്നുള്ള നിരീക്ഷണമാണ് ഈ അധ്യായത്തിൽ.

### 2.1 പ്രകൃതിയും സ്ത്രീയും

പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ഇഴയടുപ്പവും ആധിപത്യബന്ധവും ആൺകോയ്മയുടെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങളും പല കാലഘട്ടങ്ങളിലും സാഹിത്യത്തിന് വിഷയമായി ഭവിച്ചിട്ടുണ്ട്. മണ്ണിൽ വീണ വിത്ത് മുളച്ച് ചെടിയായി വളരുന്നു. ഇതുപോലെ പെണ്ണിൽ നിക്ഷിപ്തമാകുന്ന ബീജം ശിശുവായി വളരുന്നു. ഇത്തരത്തിൽ മണ്ണിനെയും പെണ്ണിനെയും സാമ്യപ്പെടുത്തുന്ന ചിന്താഗതികൾ പൗരാണികകാലം മുതൽക്കുതന്നെ സാഹിത്യത്തിൽ നിലനിൽക്കുന്നുണ്ട്. മണ്ണിന്റെ ഉർവ്വരതയേയും സ്ത്രീയുടെ പ്രത്യുല്പാദനപരതയെയും തമ്മിൽ ബന്ധപ്പെടുത്തുന്ന തരത്തിലുള്ള വിശ്വാസങ്ങൾ നമ്മുടെ സംസ്കാരത്തിലലിഞ്ഞു ചേർന്നിട്ടുണ്ട്. ലോകമാകവെത്തന്നെ ഭൂമിയെ അമ്മയായി കരുതുന്ന ഒരു ചിന്താഗതി കാണാം. ജന്മം നൽകിയ അമ്മയിൽ മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും സൃഷ്ടി സംരക്ഷണത്തിന് കാരണഭൂതയായ ദേവി എന്ന സങ്കല്പം

ഉൾച്ചേർന്നിട്ടുണ്ട്. സർവജീവജാലങ്ങൾക്കും വേണ്ട അന്നം നൽകുന്ന പ്രകൃതിയിൽ സ്ത്രീത്വം ആരോപിച്ച് ആരാധിക്കുകയാണ് ചെയ്യുന്നത്. ഭാരതീയരുടെ ഒരു ദിവസം ആരംഭിച്ചിരുന്നതുതന്നെ ഭൂമിയെ തൊട്ടുവന്ദിച്ചിട്ടായിരുന്നു. ദായക്രമത്തിൽ വന്ന മാറ്റം സ്ത്രീക്കുപകരം പുരുഷാധിപത്യം സ്ഥാപിക്കുകയും സാമൂഹിക ആചാരങ്ങൾക്ക് പരിവർത്തനം വരുത്തുകയും ചെയ്തു. ഇതോടുകൂടി പൊതുഇടത്തിൽ-കാർഷിക ഇടങ്ങളിൽ-സ്ത്രീക്കുണ്ടായിരുന്ന പ്രാതിനിധ്യം കുറഞ്ഞു; സ്ത്രീ പാർശ്വവൽക്കരിക്കപ്പെട്ടു. ഇവിടെ മനുഷ്യനുവേണ്ട വിഭവങ്ങൾ നൽകുന്ന ഒരു വെറും വസ്തുവായി ഭൂമിയും പുരുഷന്റെ ഉപയോഗത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവളായി സ്ത്രീയും തരംതാഴ്ത്തപ്പെട്ടു. അതുവരെ നിലനിന്നിരുന്ന അനുഷ്ഠാനങ്ങളിലും പ്രവൃത്തികളിലും വ്യത്യാസം കാണപ്പെട്ടു തുടങ്ങി. ഉല്പാദനത്തിലും പ്രത്യുല്പാദനത്തിലും വളർച്ചയിലും തുല്യ പങ്കാളിത്തമുള്ളവരാണെങ്കിൽ കൂടിയും ഇത്തരത്തിൽ ഉള്ള അടിച്ചമർത്തൽ രീതി സ്ത്രീയെയും പ്രകൃതിയെയും അടിമത്ത മനോഭാവത്തിലേക്കും പുരുഷനെ അധീശത്വത്തിന്റെയും അധികാരത്തിന്റെയും ഭാവമുള്ളവനുമാക്കിത്തീർത്തു.

ഉല്പാദനപ്രക്രിയയുടെയും സമൂഹവളർച്ചയുടെയും ഏറ്റവും പ്രമുഖരായ പങ്കാളികൾ സ്ത്രീകളാണ്. ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്നവരും ഇവർ തന്നെ. അതോടൊപ്പം ഉപരിപ്ലവമായി വാഴ്ത്തപ്പെടുകയും ചെയ്യുന്നു. പ്രകൃതിയും സ്ത്രീയും ഈ ഭാവങ്ങളിൽ സമാനത അനുഭവിക്കുന്നു. പ്രകൃതിയുമായി പുരുഷനുള്ളതിനേക്കാൾ സവിശേഷമായ ഒരു ബന്ധം പ്രാചീനകാലംമുതൽതന്നെ സ്ത്രീകൾ പുലർത്തുന്നതായി കാണാം. ഭൂമിയെ മാതാവായികാണുന്ന ഭാരതീയർ ഉല്പാദനവ്യവസ്ഥയുമായി ബന്ധപ്പെടുത്തി സ്ത്രീയെയും പ്രകൃതിയെയും ആദരിക്കുന്നവരാണ്. ഉർവ്വരതയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ ബിംബവൽക്കരണവും ആരാധനയും 'അമ്മയെ' മതാത്മകമായ ഒരു സാംസ്കാരിക ചിഹ്നമാക്കി മാറ്റി. പ്രകൃതിയോട് താദാത്മ്യം പ്രാപിക്കുന്ന സ്ത്രീ പ്രകൃതിയിലെ ഓരോ ചലനത്തിലും തന്റെ മനസ്സിന്റെയും ശരീരത്തിന്റെയും തുടിപ്പുകൾ

കണ്ടെത്തുന്നു. പുഴയായും വല്ലിയായും മഴയായും ഒക്കെ ഈ സ്ത്രീഭാവം കടന്നു വരുന്നു. ഒരു ജീവിയെ സംബന്ധിച്ചെടുത്തോളം അമ്മയുടെ ഗർഭപാത്രമാണ് ആദ്യ ത്തെ ഭൂമി. പ്രകൃതിയോട് സ്ത്രീക്കുള്ള സഹജഭാവം അവളെ പ്രകൃതിയിലേക്ക് കൂടുതൽ അടുപ്പിക്കുന്നു. ഭൂമിയിലെ ജീവന്റെ സാംസ്കാരികവും ചരിത്രപരവും ജൈവികവുമായ നിലനിൽപ്പിന്റെ പ്രധാനസംരക്ഷകർ സ്ത്രീകളാണ്.

### 2.1.1 പരിസ്ഥിതിദർശനം(Ecophilosophy) മലയാളത്തിൽ

നാം ജീവിക്കുന്ന ചുറ്റുപാടും സസ്യജന്തുജാലങ്ങളും അജൈവവസ്തു ക്കളും ഒക്കെച്ചേർന്ന ആവാസവ്യവസ്ഥയാണ് പരിസ്ഥിതി. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ലോകത്തിന്റെ ഏതു ഭാഗത്തായാലും പ്രകൃതിയും സമൂഹ വുമാണ് മനുഷ്യജീവിതത്തിന്റെ അടിത്തറയാകുന്നത്. പരസ്പരാശ്രിതത്വം കൊ ണ്ടേ ഇവയ്ക്ക് നിലനിൽപ്പുള്ളൂ. മനുഷ്യൻ ജൈവപരിസ്ഥിതിയുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. നമ്മെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്ന, നമ്മുടെ ജീവിതപശ്ചാത്തലത്തെ ആസ്വാദ്യവും സുഗമവുമാക്കുന്ന പ്രകൃതിയിലെ എല്ലാ ഘടകങ്ങളുടെയും ചേരുവയാണ് യഥാർത്ഥത്തിൽ പരിസ്ഥിതി. പുല്ലും പുഴു വും മണ്ണും മനുഷ്യനുംവരെ എല്ലാം അതിലുൾക്കൊള്ളുന്നുണ്ട്. ജീവന്റെ ഉദ്ഭ വവും തുടർച്ചയും വളർച്ചയും പരിസ്ഥിതിയോട് – മണ്ണിനോടും ജലത്തിനോടും വായുവിനോടും - സമരസപ്പെടുന്നു. 1970-കളിലാണ് പരിസ്ഥിതിദർശനം എന്ന വിജ്ഞാനമേഖലയെക്കുറിച്ച് കേരളത്തിൽ സജീവചർച്ചയും പഠനവും ആരംഭിക്കു ന്നത്. ജീവന്റെയും ജീവിതത്തിന്റെയും എല്ലാ മേഖലകളും ഇന്ന് പരിസ്ഥിതിദർശ നചർച്ചയിൽ വരുന്നുണ്ട്. സൂര്യനുതാഴെയുള്ളതെന്തും പരിസ്ഥിതിയുമായി ബന്ധ പ്പെടുത്തി മാത്രമേ ചിന്തിക്കാനാകൂ. അതുകൊണ്ടുതന്നെ പരിസ്ഥിതിശാസ്ത്രത്തെ എല്ലാ ശാസ്ത്രങ്ങളുടെയും അമ്മയായും പരിസ്ഥിതിദർശനം ദർശനങ്ങളുടെ ദർശ നമായും പരിണമിക്കുന്നു. ഭൂമിയെ ആരും രക്ഷിക്കേണ്ടതില്ല. കാലത്തിന്റെ പ്രയാ ണത്തിലൂടെ അത് നിർവ്വഹിക്കപ്പെടും. എന്നാൽ മനുഷ്യരുടെയും ചരാചരങ്ങളു

ടെയും നിലനിൽപ്പാണ് പ്രശ്നം. ആധുനിക പാരിസ്ഥിതികപ്രതിസന്ധിയെ കുറിച്ചുള്ള ചിന്തകളിൽ നമ്മുടെ ജീവിതത്തെ പരിസ്ഥിതിയുമായി മാത്രമല്ല, ആദ്ധ്യാത്മികതയെയും സാംസ്കാരിക പൈതൃകത്തെയും വിഷയമാക്കിയതിന്റെ പശ്ചാത്തലത്തിലാണ് സാഹിത്യത്തിൽ ഹരിതാഭമായൊരു ഭാവുകത്വപരിണാമം സംഭവിക്കുന്നത്. വേദമന്ത്രങ്ങളിൽത്തന്നെ പാരിസ്ഥിതികാവബോധത്തിന്റെ ചിന്താധാരകൾ കാണാം. വാല്മീകിയിലും വ്യാസനിലും കാളിദാസനിലും ഉണ്ടായിരുന്ന പ്രകൃതിയോടുള്ള സഹജഭാവം തലമുറകളിലൂടെ കടന്നുവന്ന് വർത്തമാനകാലത്ത് എത്തിനിൽക്കുന്നു.

### 2.1.2 പാരിസ്ഥിതികസ്ത്രീവാദം കേരളത്തിൽ

പാരിസ്ഥിതികസ്ത്രീവാദചിന്ത കേരളത്തിൽ ശക്തി പ്രാപിക്കുന്നത് 1990 കളിലാണ്. പ്രമുഖ പരിസ്ഥിതിപ്രവർത്തകരായ വന്ദനശിവയുടെ എഴുത്തും മേധാപട്ക്കറുടെ പ്രവർത്തനങ്ങളും ഇതിന് പ്രചോദനമായി. ഇന്ന് ഇക്കോഫെമിനിസം മലയാളസാഹിത്യ സാംസ്കാരികമേഖലയിൽ ഒരു പ്രധാന ചർച്ചാവിഷയമാണ്. എന്തെന്നാൽ പ്രകൃതിയോടും സ്ത്രീയോടും ഉള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഈ തരത്തിൽ പ്രകൃതിയെയും സ്ത്രീയെയും ഒരുപോലെ വിഷയമാക്കുന്ന പാരിസ്ഥിതികസ്ത്രീവാദദർശനത്തിന് പ്രാധാന്യമേറുന്നു. ''മാറിവരുന്ന ലോകത്തിന്റെ സാമൂഹികക്രമങ്ങളുടെ/ഉപഭോഗസംസ്കാരത്തിന്റെ ഒഴുക്കിൽ കേരളവും സവിശേഷമായ പരിസ്ഥിതി-സ്ത്രീ പ്രശ്നങ്ങൾ നേരിടുകയാണ്. വികസനകാഴ്ചപ്പാടുകളെ വിനോദത്തിന്റെയും പേറ്റന്റ് രാഷ്ട്രീയത്തിന്റെയും സാങ്കേതികവിദ്യയുടെയും അടിസ്ഥാനത്തിലാണ് കേരളവും രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രീയമായ എല്ലാ നൈതികതകളെയും ചോദ്യംചെയ്യുന്ന തൊഴിൽബന്ധങ്ങൾ, ഇറക്കുമതി അധിഷ്ഠിത കമ്പോളങ്ങൾ, ഉന്നതസാങ്കേതികവിദ്യയിലധിഷ്ഠിതമായ ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ എന്നിവയെല്ലാം കേരളത്തിന്റേതായ സാഹചര്യങ്ങളിലും പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.''[1] 1973-ൽ സൈലന്റ്

വാലി പ്രക്ഷോഭത്തോടെയാണ് സാഹിത്യത്തിൽ പരിസ്ഥിതിചിന്ത ശക്തമായത്. സൈലന്റ്‌വാലി മേഖലയുടെ സംരക്ഷണത്തിനായുള്ള പ്രക്ഷോഭത്തിൽ സാഹിത്യ കാരന്മാരും മറ്റു സാംസ്കാരിക പ്രവർത്തകരും ഉൾച്ചേരുന്നു. സമരത്തിൽ പങ്കാളി കളാകാൻ വേണ്ടിയുള്ള സുഗതകുമാരിയുടെ അഭ്യർത്ഥന വൈലോപ്പിള്ളി, എസ്. കെ. പൊറ്റക്കാട്, ബഷീർ, അഴീക്കോട്, കടമ്മനിട്ട, ഒ.വി. വിജയൻ തുടങ്ങിയവ രുടെ സാന്നിധ്യത്തിന് കാരണമായി. സെക്രട്ടറി സുഗതകുമാരിയും, അധ്യക്ഷൻ എൻ.വി.കൃഷ്ണവാര്യരും, സ്ഥാപകാംഗങ്ങളായി ഒ.എൻ.വി. കുറുപ്പ്, അയ്യപ്പപ്പണി ക്കർ, ഡോ.കെ. വേലായുധൻ, വിഷ്ണുനാരായണൻ നമ്പൂതിരി എന്നിവരും ചേർന്ന് ഒരു പ്രകൃതി സംരക്ഷണ സമിതി രൂപീകരിക്കപ്പെട്ടു. ജീവന്റെ നില നിൽപ്പും പ്രകൃതിയുടെ സംരക്ഷണവും പ്രധാന ചിന്തകളായി സ്വീകരിച്ചു. 'നമ പൃഥിവ്യൈ' എന്നതാണ് സമിതിയുടെ ചിത്രമുദ്ര. അഥർവ്വവേദത്തിലെ ഭൂമിസൂ ക്തത്തിൽ നിന്നാണ് സമിതിയുടെ ആദർശരേഖ സ്വീകരിച്ചത്.

യത്തേ ഭൂമേ വിഖനാമി
ക്ഷിപ്രം തദപി രോഹതു
മാ തേ മർവ വിമൃഗ്വരി
മാ തേ ഹൃദയമർപ്പിതം

ഹേ ഭൂമി! നിന്നിൽനിന്ന് ഞാൻ എടുക്കുന്നതെന്തോ അത് വീണ്ടും മുളച്ചു വരട്ടെ. പാവനയായവളേ! നിന്റെ മർമ്മങ്ങളെയും ഹൃദയത്തെയും പിളർക്കാതിരി ക്കട്ടേ[2]. ഇവിടെ ഭൂമിയിൽ സ്ത്രീത്വം ആരോപിക്കുന്നുണ്ട്. ഭൂമിയെ 'പാവനയായ വളേ' എന്നാണ് സംബോധന ചെയ്യുന്നത്. പ്രകൃതിയെയും സ്ത്രീയെയും സമീക രിക്കുന്ന രീതി തന്നെയാണ് ഇത്.

ജന്തുശാസ്ത്രജ്ഞനായ ഡോ. കെ. ഭാസ്കരൻ നായർ പരിസ്ഥിതിവാദി കളെ സഹായിച്ചവരിൽ പ്രമുഖനാണ്. കവിതയെഴുത്തും പ്രബന്ധാവതരണങ്ങളും കവിയരങ്ങുകളും സൈലന്റ്‌വാലി പ്രക്ഷോഭത്തെ ജനകീയമാക്കി. ഈ അവസ്ഥ

ഭാഷാവനപർവ്വം(1985) എന്ന കവിതാസമാഹാരത്തിന്റെയും പിറവിക്കുകാരണമായി. സൈലന്റ്‌വാലി പ്രക്ഷോഭവുമായി ബന്ധപ്പെട്ട് പരിസ്ഥിതിസംരക്ഷണം മുഖ്യ പ്രമേയമായി രചിക്കപ്പെട്ട രചനകൾ ഭാഷയ്ക്ക് എന്തു നൽകി എന്ന ചോദ്യത്തിന് ഇങ്ങനെ ഉത്തരം നൽകാം. ''മനുഷ്യകേന്ദ്രിതവും ഉപഭോഗൈകനിഷ്ഠവുമായ സംസ്കാരത്തിനുപുറത്ത് സസ്യജന്തുനിബിഡവും വന്യവുമായ പ്രകൃതിയുടെ സാന്നിധ്യമുണ്ടെന്നും അതിനെ സംരക്ഷിക്കേണ്ടത് ധാർമ്മികമായ കർത്തവ്യമെന്നതിനപ്പുറം നിലനിൽപ്പിനുതന്നെ അനിവാര്യമാണെന്നും കേരളം തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് ചില കവികളിൽ ക്ഷണികമായിരുന്നെങ്കിലും ചിലർ അതിനെ ആത്മസാക്ഷാൽക്കരിച്ചു എന്ന് തുടർന്നുള്ള ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു.''[3] ജനകീയ കൂട്ടായ്മകളും സാംസ്കാരിക പ്രവർത്തനങ്ങളുമാണ് സൈലന്റ് വാലി പ്രക്ഷോഭത്തിന്റെ കരുത്തായത്. 1990-കളുടെ ഉത്തരാർദ്ധത്തിൽ ശക്തമായ ചിന്താപദ്ധതിയായി മാറിയ പാരിസ്ഥിതികസ്ത്രീവാദം സാഹിത്യത്തിൽ സജീവ ചർച്ചയാകുന്നത് ഇപ്രകാരമായിരുന്നു.

വൈദിക കാലഘട്ടത്തിൽത്തന്നെ ഭൂമിയിലും പ്രകൃതിയിലും സ്ത്രീത്വം കല്പിച്ചുകൊണ്ടുള്ള രചനകൾ ഉണ്ടായിട്ടുണ്ട്. തുളസിച്ചെടിയെ ദേവിയായും വിഷ്ണുപത്നിയായും കണ്ടുകൊണ്ട് നമഃസ്കരിക്കുന്ന ഒരു വിശ്വാസം ഹിന്ദുക്കളുടെ ഇടയിലുണ്ട്. 'യാദേവി സർവ്വഭൂതേഷു' എന്നുള്ള മാർക്കണ്ഡേയ പുരാണത്തിലെ വാക്കുകൾ പ്രാണവായുവിനുസമം ഉപയോഗിച്ചിരുന്നവരാണ് ആർഷഭാരതത്തിൽ ജീവിച്ചിരുന്നവർ. ഭൂമിയെ മാതാവായികണ്ട ഭാരതീയരുടെ കൃഷിരീതികളിലും നാടോടിപ്പാട്ടുകളിലും അനുഷ്ഠാനങ്ങളിലും പ്രകൃതിയും സ്ത്രീയും മാതൃദേവതാസങ്കല്പവുമായി ബന്ധപ്പെട്ടു കാണാവുന്നതാണ്. മാതാവ് കുഞ്ഞിനെ എങ്ങനെയാണോ ചേർത്തുപിടിച്ച് ആപത്തുകളിൽനിന്ന് സംരക്ഷിക്കുന്നത് അപ്രകാരം ഭൂമി മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളെ തന്നിലെ സസ്യലതാദികൾ കൊണ്ട് തണലേകി സുരക്ഷിതരാക്കുന്നു എന്ന ചിന്തയാണ് ഋഗ്വേദം മുന്നോട്ടുവയ്ക്കുന്നത്.

‘‘ചെടിയെയും പൂക്കളെയും തന്നോടടുക്കിപ്പിടിക്കുന്ന ഭൂമി ദയാവതിയായ നായികയും വിശ്വരക്ഷകയുമാണ്. നാം ഏല്പിക്കുന്ന ക്ഷതം നിന്റെ മർമ്മ ബിന്ദുവോളം, നിന്റെ ഹൃദയത്തോളം എത്താതിരിക്കട്ടെ എന്ന് അഥർവ്വവേദത്തിൽ പറയുന്നുണ്ട്.’’[4] അഥർവ്വവേദത്തിലെ ഭൂമിസൂക്തത്തിൽ എന്നും സ്വയം നവീകരിക്കുന്ന ഭൂമിയെ, സകലജീവജാലങ്ങളുടെയും സ്രോതസ്സായ ഭൂമിയെ പ്രകൃതിയിലെ സമസ്തജീവജാലങ്ങളുടെയും ജനനിയായി ദിവ്യമാതാവായി കല്പിക്കുന്നുണ്ട്. ‘‘അല്ലയോ പൃഥ്വീ......... നിന്റെ ഉടലിന്റെ ആഴങ്ങളിൽനിന്ന് നിന്റെ മർമ്മകേന്ദ്രങ്ങളിൽ നിന്ന്, നിന്റെ നാഭിസ്ഥലിയിൽ നിന്ന് ഉദ്ഭവിക്കുന്ന ജൈവശക്തികൾ ഞങ്ങളിലേക്ക് പകരൂ, ഞങ്ങളെ സമ്പൂർണ്ണ നിരാമയരാക്കൂ. പൃഥ്വിയാണെന്റെ ജനനി, ഞാൻ പൃഥ്വീ തനയനും.’’[5] യഥാർത്ഥത്തിൽ ഭൂമി നൽകുന്ന ഫലമൂലാദികൾ സ്വീകരിക്കുന്നവർ മാത്രമായിരുന്നില്ല വൈദിക ജനത. അവർ അദ്ധ്വാനിച്ച് വിതച്ച് കൊയ്തവരാണ്. സത്യത്തിനോടടുക്കാത്ത ഏത് വേലയും ജനനിയായ ഭൂമിയോടു കാട്ടുന്ന ബലപ്രയോഗമായിരിക്കും എന്ന് തിരിച്ചറിഞ്ഞവരാണവർ. നാടൻ പാട്ടുകളുടെ രീതിയും ഇതിൽനിന്നും വ്യത്യസ്തമല്ല.

> കല്ല്യാണപ്പന്തലിൽ നാണിച്ചുനിൽക്കും
> കന്യകയല്ലോ തൃത്താവ്
> നോമ്പും നോറ്റു വലം വച്ചിടും
> ആത്തോലല്ലോ കരിന്തുളസി

എന്ന് പ്രകൃതിയിലെ ചെടികളിൽ സ്ത്രീത്വം ആരോപിക്കുന്നത് നാടൻ പാട്ടുകളിൽ ധാരാളമായിക്കാണാം. കേരളത്തിൽ പ്രചാരത്തിലുള്ള നാടോടിവഴക്കങ്ങളിൽ ഇക്കോഫെമിനിസത്തിന്റെ മൂല്യബോധം കണ്ടെത്താനാകും. ‘‘കാളിയെ മുക്കണ്ണന്റെ കനൽക്കണ്ണിൽനിന്നും പിറന്നവളായാണ് സങ്കല്പിക്കുന്നത്. ഈ കാളി പ്രകൃതിതന്നെയാണ്. കാളിയെ മൂലപ്രകൃതിയായ അമ്മയായി കാവുകളിൽ സങ്കല്പിക്കുന്നു. അവലംബമാക്കപ്പെടുന്നവളാണ് അംബ. അതായത്, അമ്മ.’’[6] മക്കളുടെ

വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും അമ്മയുടെ ശ്രദ്ധയും കരുതലും ഉണ്ടാകും. ഈ അമ്മ എല്ലാവരാലും മാനിക്കപ്പെടുന്നവളുമായിരുന്നു. ഹൈന്ദവവിശ്വാസപ്രകാരം സ്ത്രീ അമ്മയായും അമ്മ ക്ഷമയായും ക്ഷമ ഭൂമിയായും ഭൂമി പ്രകൃതിയായും പ്രകൃതി പരാശക്തിയായും ഈ പരാശക്തിയാകട്ടെ ഭദ്രകാളിയായും സങ്കല്പിക്കപ്പെടുന്നു. മാർക്കണ്ഡേയ പുരാണത്തിൽ

യാ ദേവി സർവ്വഭൂതേഷു
മാതൃഭാവേന സംസ്ഥിതാ
നമസ്തുഭ്യം നമസ്തുഭ്യം നമസ്തുഭ്യം-
നമോ നമഃ[7]

എന്ന ധ്യാനത്തിലൂടെ മാതൃദേവതാരാധനയുടെ പ്രാമാണ്യം വ്യക്തമാക്കുന്നുണ്ട്. ഈ മാതൃസങ്കല്പത്തിൽ സ്നേഹവാത്സല്യപരിപാലന സ്വഭാവത്തോടുകൂടിയ ഉർവ്വരത വെളിവാക്കപ്പെടുന്നുമുണ്ട്. ഇതേ അവസരത്തിലാണ് പ്രകൃതിയുമായി കൂടുതൽ ചേർന്നുവരികയും പാരിസ്ഥിതികസ്ത്രീവാദമെന്ന സിദ്ധാന്തത്തോട് പൂർണ്ണമായി ഇണങ്ങിച്ചേരുകയും ചെയ്യുന്നത്. 'പ്രക്രിയതേ പരിണമതേ ഇതി പ്രകൃതി' - അതായത് ഏതൊന്നിനു രൂപാന്തരമുണ്ടാകുന്നുവോ അത് പ്രകൃതിയെന്നുള്ള അർത്ഥം''[8] ഭൂമിക്കും സ്ത്രീക്കും ഒരുപോലെ ചേരും. ഭദ്രകാളിക്കുള്ള കളമെഴുത്തിൽ സ്തനോന്നതിക്കായി ഒരു കളത്തിൽ നെല്ലും മറ്റൊന്നിൽ അരിയും ഇടുന്നതിനെ സ്മരിക്കേണ്ടതുണ്ട്. അരിയായി ഉറയ്ക്കുന്നതിനുമുമ്പുള്ള നെല്ലിന്റെ പാല് സ്തന്യമായി ഇവിടെ വിവക്ഷിക്കപ്പെടുന്നു. ആ സ്തന്യമാണ് നമ്മുടെ അന്നം. കളമെഴുത്തിൽ കാളിയുടെ ദേഹത്തിന് പച്ച നിറം നൽകിയത് പ്രകൃതിയെ പ്രതിനിധാനം ചെയ്യാനാണ്. ശൃംഗാരത്തിന് ഭരതൻ നൽകിയ നിറവും പച്ചതന്നെയെന്ന് കൂട്ടിവായിക്കുമ്പോൾ ഇക്കോഫെമിനിസത്തിന്റെ പരിപാലനസ്വഭാവമുള്ള ഉർവ്വരകാംക്ഷ കൂടുതൽ പ്രകടമാകുന്നു. ''മാന്ത്രികാനുഷ്ഠാനങ്ങളിലെ കളങ്ങളിൽ പൃഥ്വീ സങ്കല്പത്തിലുള്ള മഞ്ഞൾപ്രയോഗം കാളിക്കുനൽകുന്ന നിവേദ്യ

വസ്തുവായതും ഇക്കോഫെമിനിസത്തിൽ പ്രസക്തമാണ്''[9] എന്ന് പന്മന രാമചന്ദ്രൻ നായർ സൂചിപ്പിക്കുന്നുണ്ട്.

നമ്മുടെ ഇതിഹാസങ്ങളിൽ പ്രകൃതിയിൽ സ്ത്രീത്വം ആരോപിക്കപ്പെടുന്ന പല സന്ദർഭങ്ങളുമുണ്ട്. രാമായണത്തിൽ സീത ഭൂമിപുത്രിയാണ്. ഉഴവുചാലിൽ നിന്നും ലഭിച്ചവളാണവൾ. ഒടുവിൽ ആ അമ്മയുടെ മടിത്തട്ടിലാണ് അഭയം പ്രാപിക്കുന്നതും. മഹാഭാരതത്തിൽ ശകുന്തള ഭർതൃസമീപത്തേക്കു പോകുമ്പോൾ കണ്വാശ്രമത്തിലെ സസ്യലതാദികൾ ചില്ലകൾ താഴ്ത്തി യാത്രയയപ്പ് നൽകുന്നുണ്ട്. മനുഷ്യജീവിതംകൊണ്ട് നേടാൻ കഴിയുന്ന ശക്തിചൈതന്യങ്ങളുടെ പ്രഭവസ്ഥാനമായി പ്രകൃതിയെയും പ്രകൃതിയോടുള്ള അവന്റെ ബന്ധത്തെയും കാണുന്ന ഒരു ചിന്താഗതിയാണ് പ്രാചീനകവികളിൽ കാണുന്നത്.

ചെറുശ്ശേരിയുടെ സ്ത്രീകഥാപാത്രങ്ങൾക്ക് പ്രത്യേകിച്ച് എടുത്തുപറയത്തക്ക വ്യക്തിത്വങ്ങളില്ല. എന്നാൽ പ്രകൃതി ഭംഗിയെ വർണ്ണിക്കുന്നുമുണ്ട്. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ പുരുഷൻ തന്നെയാണ് കേന്ദ്രസ്ഥാനത്തുവരുന്നത്. പക്ഷെ, സ്ത്രീയുടെ അംഗപ്രത്യംഗവർണ്ണനകൾ അവതരിപ്പിക്കപ്പെടുന്നില്ല. ആട്ടക്കഥകളിലാകട്ടെ സ്ത്രീകൾക്ക് പ്രധാനസ്ഥാനം ലഭിച്ചിരുന്നില്ല. നളചരിതത്തിൽ ദമയന്തി മാത്രമാണ് ഇതിൽ വ്യത്യാസപ്പെട്ടിരിക്കുന്നത്. പ്രകൃതിയിലെ മനുഷ്യായനത്തെക്കുറിച്ചാണ് പ്രാചീനകവികൾ ഏറിയകൂറും പാടിയത്. വെൺമണിക്കവികളിലെത്തുമ്പോൾ പ്രകൃതിയെയും ജീവിതത്തെയും ഒരു വർണ്ണനാവിഷയം എന്നതിൽക്കവിഞ്ഞ് കാവ്യവിഷയം തന്നെയാക്കാനുള്ള ശ്രമം കാണാം. വെൺമണി പ്രസ്ഥാനത്തിലെ ചേലപ്പറമ്പ് നമ്പൂതിരിയുടെ

പാടത്തിൻകരെ നീളെ നീലനിറമായ്
വേലിക്കൊരാഘോഷമാ-
യാടിത്തൂങ്ങിയലഞ്ഞു സുകൃതം
കൈക്കൊണ്ടിരിക്കും വിധൗ

പാരാതേ വരികെന്റെ കൈയിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചൻപൊടു കൈപ്പവല്ലി തരസാ
പെറ്റുള്ള പൈതങ്ങളേ.[10]

എന്നു തുടങ്ങുന്ന മുക്തകത്തിൽ പ്രകൃതി തന്നെയാണ് കേന്ദ്രസ്ഥാനത്തുള്ളത്. കയ്പച്ചെടിയെ മാതാവായി കല്പിക്കുന്നു. അവൾ പ്രസവിച്ച മക്കളായി കയ്പയെയും അവതരിപ്പിക്കുന്നു. എന്നാൽ പൂന്തോട്ടം നമ്പൂതിരിയുടെ

മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും
മൂടീട്ടു വൻകറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി
പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തു മേനി മുഴുവൻ
ചേറും പുരണ്ടിപ്പൊഴീ-
പ്പാടത്തീന്നു വരുന്ന നിൻ വരവുക-
ണ്ടേറെക്കൊതിക്കുന്നു ഞാൻ-[11]

എന്നുള്ള മുക്തകം പാടത്തുനിന്നുവരുന്ന ഒരു തൊഴിലാളിസ്ത്രീയുടെ ശരീരവർണ്ണന തന്നെയാണ്. ഇത് പുരുഷക്കാഴ്ചയുടെ അടയാളപ്പെടുത്തലാണ്. അതിരുകടന്ന ശൃംഗാരഭാവമില്ലാതെ തൊഴിലെടുക്കുന്നവരോട് അനുഭാവപൂർണ്ണമായ ഒരു ഇടപെടലാണിത്. വെണ്മണി അഫന്റെ വരികളിൽ രാത്രിയെ ഒരു സ്ത്രീയോടുപമിക്കുന്നത് നോക്കുക:

താരാഹാരമലങ്കരിച്ച തിമിരപ്പൂഞ്ചായൽ പിന്നോക്കമി -
ട്ടാരാകേന്ദു മുഖത്തിൽ നിന്നു കിരണസ്മേരം പൊഴിച്ചങ്ങനെ
ആരോമൽ കനകാബ്ജകോരകകുജം തുള്ളിച്ചൊരാലാമോദമോ
ട്ടാരാലംഗനയെന്ന പോലെ നിശയും വന്നാളതന്നാളഹോ.[12]

നക്ഷത്രങ്ങളാലലങ്കരിച്ച കറുത്തമുടി പിന്നോക്കമിട്ട് ചന്ദ്രനാകുന്ന മുഖത്തു നിന്ന് രശ്മിയാകുന്ന പുഞ്ചിരി പൊഴിച്ച് സുന്ദരിയായ ഒരു യുവതി വരും പോലെ രാത്രി വരികയാണ് എന്ന് കവി അടയാളപ്പെടുത്തുന്നു. ഇത്തരത്തിൽ പരിസ്ഥിതി ചിന്തയ്ക്ക് പ്രാധാന്യം നൽകിയും, പ്രകൃതിയെയും സ്ത്രീയെയും ചേർത്തവതരിപ്പിച്ചുമുള്ള ധാരാളം രചനകൾ പ്രാചീനകാലംമുതൽ ഉണ്ടായിട്ടുള്ളതായി കാണാം.

പാരിസ്ഥിതികമായ വീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകിവന്ന ഒരു സമൂഹമായിരുന്നു പ്രാചീനകാലം തൊട്ട് ഭാരതത്തിലുണ്ടായിരുന്നത്. ആരണ്യ സംസ്കൃതിയിലധിഷ്ഠിതമായ ഭാരതസംസ്കാരം സാഹിത്യത്തിലും പരിസ്ഥിതിദർശനത്തിന്റെ വിവിധ മാനങ്ങളെ ആവിഷ്കരിച്ചു. പ്രകൃതികേന്ദ്രിതമായ ദർശനം ആധാരമാക്കിയുള്ള പ്രാചീനകാലത്ത് നിഷ്കളങ്കവും നിർമ്മലവുമായ അടുപ്പം പുലർത്തിയ മനുഷ്യ-പ്രകൃതിബന്ധത്തിന്റെ തനിമയായിരുന്നു സാഹിത്യരൂപങ്ങളിൽ ആവിഷ്കൃതമായത്. പ്രാചീനഭാരതസമൂഹം അമ്മദൈവസങ്കല്പത്തിൽ അധിഷ്ഠിതമായ പ്രകൃത്യാരാധനയാണ് പാലിച്ചത്. പുരുഷ-പ്രകൃതി സംലയനമാണ് ജീവന്റെ ആധാരം എന്നതാണ് ഇവർ ഉയർത്തിപ്പിടിച്ച സങ്കല്പം. മണിപ്രവാളകൃതികളിലെത്തുമ്പോൾ പ്രകൃതിവർണ്ണന സാഹിത്യരചനക്കുവേണ്ടിയുള്ള പശ്ചാത്തലം ഒരുക്കാനുള്ള വേദിയായി കാണാൻ തുടങ്ങി. മണ്ണിന്റെയും പെണ്ണിന്റെയും മേൽ സ്വാധീനമുള്ള അധികാരരാഷ്ട്രീയത്തെ ചിത്രീകരിക്കാനുള്ള പരിസരവർണ്ണനകൾക്കായോ പെണ്ണുടലിനോട് താരതമ്യപ്പെടുത്താനുള്ള ഉപാധികളായോ ഒക്കെ പ്രകൃതിയെ ചിത്രീകരിക്കുന്നതായി കാണാം. എങ്കിലും അത്തരം പ്രകൃതിവർണ്ണനകൾ ഹൃദ്യവും പ്രസാദാത്മകവുമായ കാവ്യശൈലിയെ സാക്ഷ്യപ്പെടുത്തുന്നു. സ്ത്രീ അവതരണമുണ്ടെങ്കിലും പുരുഷകേന്ദ്രീകൃതമായ വീക്ഷണങ്ങളാണ് അവയിൽ മുന്നിട്ടുനിൽക്കുന്നത്. ചെറുശ്ശേരിയിലും എഴുത്തച്ഛനിലുമൊക്കെ കഥാപാത്രങ്ങളോട് നീതി പുലർത്തുന്നതും അവരോട് താദാത്മ്യം പ്രാപിക്കുന്നതുമായ ജൈവഘടകങ്ങളായി പ്രകൃതിയെ ചിത്രീകരിക്കുന്നുണ്ട്. എന്നാൽ സ്ത്രീ കഥാപാത്രങ്ങൾക്ക് ശക്തമായ വ്യക്തിത്വം അടയാളപ്പെടുത്തുന്നില്ല. ആട്ടക്കഥകളിലും

വെൺമണികൃതികളിലും സ്ത്രീ വ്യക്തിത്വത്തെ പ്രകൃതിയുമായി ചേർത്ത് മികച്ച രീതിയിൽ പരാമർശിക്കുന്നതായി കാണുന്നില്ല. പുരുഷാധിപത്യം, ലിംഗപരമായ അസമത്വം എന്നിവ പ്രകടമാണുതാനും. പ്രകൃതിയെയും സ്ത്രീയെയും പല പ്പോഴും രചനക്ക് വിഷയമായി സ്വീകരിക്കുന്നുണ്ടെങ്കിലും ശക്തമായ കഥാപാത്ര ങ്ങളായി അവതരിപ്പിക്കപ്പെടുന്നില്ല. മനുഷ്യ-പ്രകൃതിബന്ധത്തിന് ദൃഢത കൈവ രിക്കുന്ന ഭാവതലങ്ങൾ ഇവിടം തൊട്ടാണ് മലയാളകവിതയിൽ ദൃശ്യമാകുന്നത്.

## 2.2 പരിസ്ഥിതി - സ്ത്രീ അവതരണം ആധുനികഘട്ടത്തിൽ

പരിസ്ഥിതി ചിന്തയെയും സ്ത്രീവാദചിന്തയെയും അടിസ്ഥാനമാക്കിയുള്ള രചനകൾ-ലേഖനം, കഥ, നോവൽ, കവിത തുടങ്ങിയ സാഹിത്യരൂപങ്ങളിലൂടെ സമൂഹത്തിലേക്ക് എത്തിപ്പെടാൻ തുടങ്ങിയ കാലമാണ് ആധുനികഘട്ടം.

### 2.2.1 ലേഖനം

പരിസ്ഥിതിദർശനത്തെയും സ്ത്രീവാദചിന്തയെയും പരസ്പരം ബന്ധിപ്പി ക്കുന്ന ഒരു സ്വതന്ത്രജ്ഞാന മേഖലയാണ് പാരിസ്ഥിതികസ്ത്രീവാദം. പുരുഷ മേൽക്കോയ്മയുള്ള വ്യവസ്ഥയിൽ പുനരുല്പാദന പ്രക്രിയയിൽ പുരുഷൻ സ്ത്രീയുടെമേൽ ആധിപത്യം പുലർത്തുന്നു. ഇതിനുസമാനമായി മുതലാളിത്ത ഉല്പാദന പ്രക്രിയയിൽ പ്രകൃതിയുടെമേലും അവൻ ആധിപത്യം സ്ഥാപിക്കുന്നു. യഥാർത്ഥത്തിൽ ശാസ്ത്രസാങ്കേതികതയുടേതായ ആധുനികലോകത്തിൽ അറി വും അധികാരവും കൈകോർക്കുമ്പോൾ സ്ത്രീക്ക് അവൾ അർഹിക്കുന്ന നീതി അന്യമാകുന്നു. ഈ ചിന്ത തന്നെയാണ് പാരിസ്ഥിതികസ്ത്രീവാദം അടിസ്ഥാനമാ യെടുക്കുന്നതും.

സാഹിത്യലോകം 1995-ലെ സ്ത്രീവാദപ്പതിപ്പിൽ വന്ന ഉഷ .പി.ഇ എഴുതിയ 'സ്ത്രീവാദവും പരിസ്ഥിതിയും' എന്ന ലേഖനമാണ്[13] മലയാള സാഹിത്യലോ കത്ത് പാരിസ്ഥിതികസ്ത്രീവാദചിന്തയുടെ ആദ്യപ്രവർത്തനമായി മാറിയത്.

ഇതിൽ സാമൂഹികമായ അസമത്വങ്ങൾക്കും പാരിസ്ഥിതികമായ പ്രശ്നങ്ങൾക്കും കാരണമാകുന്നതരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് പുരുഷാധിപത്യ ലോകം സൃഷ്ടിക്കുന്നത് എന്ന് അഭിപ്രായപ്പെട്ടു. പരിസ്ഥിതിചിന്തയും സ്ത്രീവാദചിന്തയും ഇഴചേർത്ത് സ്ത്രീയുടെ നഷ്ടപ്പെട്ടുപോയ സ്വത്വത്തെ പൊതുധാരയിലെത്തിക്കാൻ ഇന്നത്തെ വികസനമാതൃകയെ രാഷ്ട്രീയപരമായും ബുദ്ധിപരമായും പുന:സൃഷ്ടിക്കണമെന്ന ചിന്തകൂടി മുന്നോട്ടുവയ്ക്കുന്നു.

ഇക്കോഫെമിനിസ്റ്റ് വിമർശന സമ്പ്രദായത്തെ മലയാളത്തിനു പരിചയപ്പെടുത്തിയത് ജി. മധുസൂദനാണ്. *കഥയും പരിസ്ഥിതിയും* എന്ന നിരൂപണഗ്രന്ഥത്തിൽ 'ഇക്കോഫെമിനിസവും കഥയും', 'ഇക്കോഫെമിനിസം ആണെഴുതുമ്പോൾ' എന്നീ അധ്യായങ്ങളിൽ ഇക്കോഫെമിനിസ്റ്റ് വിമർശന സമ്പ്രദായങ്ങൾ ചർച്ച ചെയ്യുന്നു.[14]. ഇതിൽ മലയാളത്തിലെ പാരിസ്ഥിതികസ്ത്രീവാദചിന്തയുടെ അടയാളപ്പെടുത്തലുകളുള്ള കഥകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. *ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ* എന്ന ഗ്രന്ഥത്തിലെ 'പാരിസ്ഥിതികസ്ത്രീവാദം: മാർക്സിയൻ സമീപനം' എന്ന അധ്യായത്തിൽ ഇക്കോഫെമിനിസ്റ്റ് ചിന്തയുടെ ആരംഭത്തെയും സോഷ്യലിസ്റ്റ് സ്ത്രീവാദത്തെയും കുറിച്ച് പ്രതിപാദിക്കുന്നു.[15]

മരിയമിയസും വന്ദനശിവയും സോഷ്യലിസ്റ്റ് ഇക്കോഫെമിനിസത്തെ കണ്ടത് എപ്രകാരമാണ് എന്ന് വിശദമാക്കുന്നു. ഇക്കോഫെമിനിസത്തെ ഒരു അക്കാദമിക വ്യവഹാരമെന്നതിന് അപ്പുറത്തേക്ക് കൊണ്ടുപോയി ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കുകയാണ് ഇവർ ചെയ്തത് എന്ന് അഭിപ്രായപ്പെടുന്നു. മധുസൂദനൻ സമ്പാദനവും സംശോധനവും നിർവ്വഹിച്ച *ഹരിതനിരൂപണം മലയാളത്തിൽ* എന്ന കൃതിയിലെ പാരിസ്ഥിതികസ്ത്രീവാദം എന്ന ലേഖനത്തിൽ മഹമൂദബീഗം ഈ ചിന്താപദ്ധതിയുടെ ആരംഭത്തെയും അതിന്റെ ലക്ഷ്യത്തെയും വിശദീകരിക്കുന്നു. ''മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും പ്രകൃതിക്കും എതിരെയുള്ള ക്രൂരതകളും പീഡനങ്ങളും ഒഴിവാക്കുക, വ്യക്തികളുടെ ധാർമ്മിക ബോധം, പരസ്പരധാരണ, സൗഹൃദം, ആദരവ് എന്നിവ നിലനിർത്തുക, സമസ്ത ജീവജാലങ്ങളോടും

സഹിഷ്ണുത പുലർത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ കാതൽ''[16] എന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

*ഫെമിനിസം* എന്ന പേരിൽ ജയകൃഷ്ണൻ എഡിറ്റ് ചെയ്ത പഠന സമാഹാരത്തിൽ 'പാരിസ്ഥിതികസ്ത്രീവാദം'-ശാരദക്കുട്ടി, പാരിസ്ഥിതികസ്ത്രീവാദത്തിന്റെ രാഷ്ട്രീയം-പ്രസീത. പി എന്നീ ലേഖനങ്ങളിൽ പാരിസ്ഥിതികസ്ത്രീവാദവും പരിസ്ഥിതി വിജ്ഞാനവും എന്തെന്നും പരിസ്ഥിതിയും ജീവന്റെ നിലനിൽപ്പും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ എന്നും വിവരിക്കുന്നുണ്ട്. പ്രകൃതി -സ്ത്രീ സമാനതകളെക്കുറിച്ച് വിശദീകരിക്കുന്നിടത്ത് ജീവന്റെ ഉല്പാദകരും സംരക്ഷകരും സ്ത്രീയും പ്രകൃതിയുമാണെന്ന് എടുത്തു പറയുന്നു. കുടുംബത്തിൽ ഒരു ദിവസം മുഴുവൻ നിശബ്ദമായി തൊഴിലുചെയ്യാൻ വിധിക്കപ്പെടുന്ന സ്ത്രീകളും പ്രവൃത്തികളെ ആരും വിലമതിക്കുന്നില്ല. ഒരു വീട്ടിൽ അവളുടെ പ്രയത്നത്താൽ എന്ത് ശ്രേയസ്സ് ഉണ്ടായാലും അത് അഭിനന്ദനീയമാകുന്നുമില്ല. മാത്രമല്ല വീടിനുപുറത്തുപോയി തൊഴിലെടുത്തുവന്നാലും വീട്ടിലെ ജോലികളെല്ലാം അവളെമാത്രം ഉദ്ദേശിച്ചുള്ളതുമാണ്. ഈ രീതിയിൽ ആധുനിക തലമുറയിലെ സ്ത്രീകളുടെ കഠിനാധ്വാനം പോലും പലപ്പോഴും അവഗണിക്കപ്പെടുന്നുണ്ട്. അവളുടെ പ്രവൃത്തികൾ കുടുംബത്തിന്റെയും ഭൂമിയുടെയും നിലനിൽപ്പിനുവേണ്ടിയുള്ളതാണെന്ന കാഴ്ചപ്പാടിനെയും പുരുഷമേൽക്കോയ്മയുള്ള സമൂഹം അകറ്റി നിർത്തുന്നു. ഈ അവസ്ഥയിൽ *ഹരിതനിരൂപണം മലയാളത്തിൽ* എന്ന കൃതിയിലെ ലേഖനങ്ങൾ കാലികപ്രസക്തിയുള്ളതാകുന്നു. ഇതിൽ പ്രകൃതിനാശത്തിന്റെ ആദ്യ ഇര സ്ത്രീയാണ് എന്ന് പറയുന്നതോടൊപ്പം പ്രകൃതി-സ്ത്രീ എന്നിവയെക്കുറിച്ചുള്ള ഭാരതീയ സങ്കല്പങ്ങളെയും വിശദമാക്കുന്നു. ''ഒരു പൂവു കൊഴിയുമ്പോഴും ഒരു തുള്ളി വെള്ളം പാഴായിപ്പോകുമ്പോഴും ഒരു മിണ്ടാപ്രാണി പിടഞ്ഞുവീഴുമ്പോഴും ഒരു യുദ്ധമുണ്ടാകുമ്പോഴും ഒരു കുഞ്ഞു കരയുമ്പോഴും സ്ത്രീക്കുനോവുന്നു. ഒരു കുഞ്ഞിന് വിശക്കുമ്പോൾ ഒരമ്മയ്ക്ക് വയറുപിടയുന്നു. ഇത് പെണ്ണിന്റെ പ്രകൃതിയാണ്. ഒരു വീടിന്റെ മാത്രമല്ല, ഈ ഭൂമിയുടെ മുഴുവൻ

ചുമതലയും തന്റേതാണെന്നു കാണുന്ന ഈ മനോഭാവമാണ് സ്ത്രീയെ സർവ്വം സഹയും മാതാവും ശക്തിസ്വരൂപിണിയുമാക്കുന്നത്''[17]എന്ന് ശാരദകുട്ടി അഭിപ്രായപ്പെടുന്നുണ്ട്. ഇതേ പുസ്തകത്തിലെ പാരിസ്ഥിതികസ്ത്രീവാദത്തിന്റെ രാഷ്ട്രീയം എന്ന ലേഖനത്തിൽ പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ആരംഭത്തെക്കുറിച്ച് വിശദീകരിക്കുന്നു. സോഷ്യലിസ്റ്റ് ഇക്കോഫെമിനിസത്തിന്റെ ആശയങ്ങൾക്ക് പ്രസക്തി ഏറുന്നു എന്നു സൂചിപ്പിക്കുന്നതോടൊപ്പം അത് പ്രകൃതി-സംസ്കാര ദ്വന്ദങ്ങളെ അഴിച്ചുപണിയുകയെന്ന ആധുനികാനന്തര പ്രതിനിധാനത്തിന്റെ രാഷ്ട്രീയമാണ് മുന്നോട്ടുവയ്ക്കുന്നത് എന്ന് അഭിപ്രായപ്പെടുന്നു. ''സാമൂഹികമായ എല്ലാ ആധിപത്യ അധികാരഘടനകളെയും സമഗ്രമായിക്കാണാനും അത്തരം ഘടന എങ്ങനെ പ്രകൃതിയെയും സ്ത്രീയെയും വിനാശമായ നിലയിൽ ചൂഷണം ചെയ്യുന്നു എന്ന് മനസ്സിലാക്കാനും അതിനെതിരെ പ്രതിരോധത്തിന്റേതായ രാഷ്ട്രീയ ചിന്താ-പ്രവർത്തന പദ്ധതികൾ സ്വരൂപിക്കാനുമാണ് ഇക്കോഫെമിനിസത്തിന്റെ വിവിധ ധാരകൾ ശ്രമിക്കുന്നത്''[18] എന്ന് പ്രസീത .പി. സൂചിപ്പിക്കുന്നു. ഇക്കോഫെമിനിസത്തെക്കുറിച്ച് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ രാഷ്ട്രീയ രേഖ[19] എന്ന ലേഖനവും *ഇക്കോഫെമിനിസം ഇക്കോടൂറിസം മാർക്സിസം*[20] എന്നൊരു ഗ്രന്ഥവും എം.എൻ. പിയേഴ്സൺന്റെതായിട്ടുണ്ട്.

*നാളെയുടെ പരിസ്ഥിതിദർശനങ്ങൾ* എന്ന പേരിൽ മിനി പ്രസാദ് എഡിറ്റ് ചെയ്ത ഗ്രന്ഥത്തിലെ 'സ്ത്രീ സമത്വചിന്തകളിലെ പ്രകൃതിപാഠങ്ങൾ' എന്ന ലേഖനത്തിൽ മ്യൂസ്മേരി കന്നിമണ്ണും കന്നിപ്പെണ്ണും ആണധികാരരൂപങ്ങളെ ഏതുതരത്തിൽ പ്രലോഭിപ്പിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. ഇക്കോഫെമിനിസത്തിന്റെ അർത്ഥവ്യാപ്തിയെയും അതിന്റെ നാൾവഴികളെയും ദർശന വൈവിധ്യങ്ങളെയും ഇക്കോഫെമിനിസ്റ്റ് ചിന്താധാരകളുടെ വർഗ്ഗീകരണത്തെയും മണ്ണിന്റെയും പെണ്ണിന്റെയും അസ്തിത്വത്തിലെ സമാനതകളെയും വിശദീകരിക്കുന്നുണ്ട്. തുടർന്ന് ഇക്കോഫെമിനിസം നേരിടുന്ന വെല്ലുവിളികളെ ചർച്ച ചെയ്യുന്നു. ''അതിലൊന്ന് അത് സ്ത്രീകളുടെ ചരിത്രത്തെയും സ്ത്രീകളെയും കാൽപനികവൽക്കരിക്കുന്നു

വെന്നതാണ്. അമേരിക്കൻ ഇക്കോഫെമിനിസം സ്ത്രീകളുടെ വ്യത്യസ്തതക ളെയും വൈവിധ്യത്തെയും അവഗണിക്കുന്നുവെന്നും ആരോപണമുണ്ട്. ഇക്കോ ഫെമിനിസം മനുഷ്യകേന്ദ്രീകൃതം മാത്രമാണെന്ന് ഡീപ്പ് ഇക്കോളജിസ്റ്റുകൾ വിമർ ശിക്കുന്നു.''[21] പാരിസ്ഥിതികസ്ത്രീവാദത്തേയും അതിന്റെ കൈവഴികളെയും പരി ചയപ്പെടുത്തുന്ന മ്യൂസ് മേരി ജോർജിന്റെ ലേഖനമാണ്– 'പാരിസ്ഥിതികസ്ത്രീവാ ദവും സാധ്യതകളും'.[22]

സാഹിത്യലോകത്തിലെ 'പരിസ്ഥിതി സ്ത്രീവാദനിരൂപണം' ഈ ചിന്ത യുടെ തുടക്കത്തെയും വർഗ്ഗീകരണത്തെയും സൂചിപ്പിക്കുന്നുണ്ട്. സാറാ ജോസ ഫിന്റെ കഥകളിലെ പാരിസ്ഥിതികസ്ത്രീവാദചിന്തയെ വിശകലനം ചെയ്യുന്നുണ്ട് ഈ ലേഖനത്തിൽ. ''പെണ്ണെഴുത്ത് എന്ന താഴ്ത്തിക്കെട്ടലിനപ്പുറം പ്രപഞ്ചത്തിൽ ജീവന്റെ നിലനിൽപിനാവശ്യമായ ഒരു പുനർനിർമ്മിതിയുടെ ദർശനമായി അതു മാറുന്നത് സാറാജോസഫിന്റെ കഥകളിൽ വ്യക്തമായി ആവിഷ്കരിക്കപ്പെടുന്നു''.[23] എന്ന് മിനി പ്രസാദ് അഭിപ്രായപ്പെടുന്നു.

'പരിസ്ഥിതി സ്ത്രീവാദപരമായ അശോകയും തായ്കുലവും'[24] എന്നൊരു ലേഖനവും സാറാജോസഫിന്റെ കഥകൾ - ഒരു ഇക്കോഫെമിനിസ്റ്റ് പാരായണം എന്ന ഒരു രചനയും വിജ്ഞാനകൈരളിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.[25] 'ആശാന്റെ സീതായനത്തിന് ഒരു പാരിസ്ഥിതികസ്ത്രീവാദ വിശകലനം'[26] എന്ന പേരിൽ ഒരു രചന പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകൃതമായിട്ടുണ്ട്. 'സമൂഹപഠ നങ്ങൾ 'സ്ത്രീ-പരിസ്ഥിതി' എന്ന ഗ്രന്ഥത്തിൽ 'പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ദേശീയരൂപങ്ങൾ'[27] എന്ന പേരിൽ ഒരു അധ്യായം ഉണ്ട്. സാറാ ജോസഫിന്റെ ആതി എന്ന കൃതിയെയും 'പാരിസ്ഥിതികസ്ത്രീവാദത്തിന്റെ വർത്തമാനത്തെയും കുറിച്ചാണ് ഇതിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്. ആതി എന്ന കൃതി പാരിസ്ഥിതികസ്ത്രീവാദചിന്തയെ എപ്രകാരം അടയാളപ്പെടുത്തുന്നു എന്നതിന്റെ

വിശദപഠനത്തിനും പ്രകൃതി-സ്ത്രീ അവതരണത്തിന്റെ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നതിനും ഈ രചന സഹായമാകുന്നു.

**2.2.2 നോവൽ**

മലയാള നോവൽ സാഹിത്യരംഗത്തും ഇക്കോഫെമിനിസ്റ്റ് ദർശനങ്ങൾ കാണാം. പി. വത്സല, സാറാ തോമസ്, പി. സുരേന്ദ്രൻ, അംബികാസുതൻ മാങ്ങാട് തുടങ്ങിയവരുടെ രചനകൾ ഇവിടെ പരാമർശിക്കാവുന്നതാണ്. ചില രചനകൾ പഠനവിധേയമാക്കുന്നു.

പി. വത്സല മലയാള നോവൽ-കഥാ സാഹിത്യരംഗത്ത് തന്റേതായ ഇടം നേടിയ എഴുത്തുകാരിയാണ്. നമുക്കുചുറ്റിലും കാണുന്ന സാധാരണ മനുഷ്യരുടെ വ്യത്യസ്തങ്ങളായ ജീവിതസന്ദർഭങ്ങളെ, അവരുടെ മനോവ്യാപാരങ്ങളെ ആവിഷ്കരിക്കുന്നവയാണ് അവരുടെ മിക്ക കൃതികളും. *നെല്ല്, ആഗ്നേയം, മേല്പ്പാലം, കൂമൻകൊല്ലി* തുടങ്ങിയവ എടുത്തുപറയേണ്ടുന്നവയാണ്. സ്ത്രീമനസ്സിന്റെ സങ്കീർണ്ണഭാവങ്ങളെ അവതരിപ്പിക്കാനും സ്ത്രീയുടെ സ്വത്വബോധത്തെ പലമട്ടിൽ വെളിപ്പെടുത്താനും സ്ത്രീയെയും പ്രകൃതിയെയും പരസ്പരം ബന്ധിപ്പിച്ച് അടയാളപ്പെടുത്താനും ഈ എഴുത്തുകാരിക്ക് സാധിച്ചിട്ടുണ്ട്. തന്റെ ചില കൃതികളിലൂടെ വയനാടിന്റെയും ആദിവാസികളുടെ ജീവിതത്തെയും അവിടുത്തെ പ്രകൃതിയെയും പാരിസ്ഥിതിക തനിമകളെയും കലാപരമായ സത്യസന്ധതയോടെ ആവിഷ്കരിക്കാൻ വത്സലക്ക് സാധിച്ചിട്ടുണ്ട്.

*മേല്പാലം* എന്ന നോവലിൽ നദിയെ ഒരു കന്യകയുടെ പ്രകൃതത്തോട് ചേർത്തുവച്ച് വായിക്കുകയാണ് പി. വത്സല. പെണ്ണിന്റെയും മണ്ണിന്റെയും അനുഭവതലങ്ങളുടെ സമാനത കൃത്യമായും വ്യക്തമായും രേഖപ്പെടുത്തുന്നതിന് ഒട്ടേറെ ഉദാഹരണങ്ങൾ ഇതിൽ എടുത്തു കാണിക്കുന്നുണ്ട്. ''തടം നിറഞ്ഞ് വിങ്ങി വീർപ്പുമുട്ടുന്ന കന്യകയുടെ ഭാവമുണ്ടായിരുന്ന നദി, അവളുടെ ചികുരഭാരം, മുൾക്കാടുകളായും പച്ചപ്പടർപ്പുകളായും ചിലപ്പോഴെങ്കിലും ഒരു ഭാരമായും - വലി

ഞ്ഞൊഴുകുന്ന കർക്കിടകപേവെള്ളത്തിൽ ഒരു ഭ്രാന്തിയെപ്പോലെയും ഞാനിവളെ ക്കണ്ടതാണല്ലൊ...... നദികൾ പ്രായം മതിക്കാത്ത സ്ത്രീകളാണ് അഥവാ ആയിരി ക്കണം. കുടുംബാംഗങ്ങൾ നേരാംവണ്ണം പെരുമാറിയാൽ, ഉറവവറ്റാത്ത നീരൊ ഴുക്കു പോലെയാവും അവർ. നിരന്തര സമ്പദാഗമനത്തിന്നുറവിടം. മനുഷ്യന്റെ കഠിനചൂഷണവും ആക്രമണവും ഒരിക്കലവൾക്ക് പരിക്കേല്പിച്ചാൽ അവൾ പിന്നെ പട്ടുപോവും. ഉയിർത്തെഴുന്നേല്ക്കുകയില്ല. അവൾക്ക് അകാലമൃത്യൂ നിശ്ചയം''[28] എന്ന് കഥാകാരി നദികളുടെ നാശത്തെക്കുറിച്ച് തന്റെയുള്ളിലെ വിങ്ങ ലുകളെ അവതരിപ്പിക്കുന്നു. നദികൾ എന്നും യൗവ്വനയുക്തകളായിരിക്കണം എന്ന് വത്സല അഭിപ്രായപ്പെടുന്നു. നദിയുടെ കുടുംബാംഗങ്ങൾ ജന്തുജാലങ്ങളും മനു ഷ്യരും മാത്രമാണ്. മനുഷ്യരാണ് പ്രകൃതിയെ വേദനിപ്പിക്കുന്നത്. സ്ത്രീയെ സംബന്ധിച്ചും ഈ പരാമർശം ശരിയാകുന്നു. പുരുഷാധിപത്യലോകത്തിൽ സ്ത്രീക്ക് നേരിടേണ്ടിവരുന്ന ചൂഷണങ്ങളും പീഡനങ്ങളും അവളെ പൂർണ്ണ തകർച്ചയിലേക്ക് നയിക്കുന്നു. എന്നാൽ അർഹിക്കുന്ന പരിഗണന നൽകിയാൽ ചിന്തയിലും പ്രവൃത്തിയിലും പരിപാലന സ്വഭാവവും കരുതലും നിറഞ്ഞവളാകും അവൾ.

ഇതുപോലെ 'നെൽപ്പാടത്തെ' 'അവിവാഹിതയായ സ്ത്രീയെപോലെ' എന്ന രീതിയിൽ ചിന്തിക്കുന്നു. സാധാരണ വിവാഹത്തിനുശേഷമാണ് സ്ത്രീ സന്താനോല്പാദനം നടത്തുന്നത്. പാടങ്ങളിൽ ഉഴുതുമറിച്ച് വിത്തിട്ട് വിളവിറക്കു ന്നു. പ്രത്യുല്പാദനത്തിന്റെ കാര്യത്തിൽ, ഉർവ്വരതയിൽ മണ്ണും പെണ്ണും സമാന മായ അവസ്ഥയാണ് കൈയാളുന്നത്. ഇവിടെ മണ്ണുമാന്തികളും ലോറികളും ഭൂമി യിലങ്ങിങ്ങ് പൊടിപറത്തി, കുന്നിടിച്ച് നിലം തരിശാകുന്ന ആധുനികകാലത്ത് മണ്ണിന്റെമേൽ പുരുഷന്റെ കൈയേറ്റത്തെ നോവലിസ്റ്റ് അപലപിക്കുന്നത് നോക്കു ക: ''അവിവാഹിതയായ സ്ത്രീയെപോലെ നെൽപ്പാടങ്ങൾ ഉഴാതെ, മുളപ്പിക്കാതെ അലസം കിടക്കുകയായിരുന്നു. പക്ഷെ അവളെ ആരും ഇങ്ങനെ മാനഭംഗം ചെയ് തിരുന്നില്ല''[29]. ഈ രീതിയിൽ മണ്ണിനെയും പെണ്ണിനെയും ചൂഷണത്തിനും ഉപഭോ

ഗത്തിനും മാത്രമുള്ള വസ്തുവെന്ന നിലയിൽ കാണുന്ന പുരുഷാധിപത്യലോക ത്തിന്റെ കാഴ്ച്ചപ്പാടുകളെ പ്രതിരോധിക്കുന്ന രീതിയിൽ അഥവാ പ്രതിരോധി ക്കേണ്ടുന്നതിന്റെ ആവശ്യതയെ എടുത്തു കാണിക്കുന്ന രീതിയിൽ ധാരാളം സന്ദർഭങ്ങളെ വത്സല അടയാളപ്പെടുത്തിയിട്ടുണ്ട്.

ആദിവാസി ജീവിതവും ചരിത്രവും അവരുടെ സാംസ്കാരിക സവിശേഷത കളും ജീവിക്കാനുള്ള പോരാട്ടങ്ങളും പ്രകൃതിയുടെ ജൈവസാന്നിധ്യങ്ങളോട് ഇണങ്ങിച്ചേർന്ന മലയാളത്തിലെ പ്രസിദ്ധമായ നോവലാണ് *നെല്ല്*. പ്രകൃതിയും സ്ത്രീയും അഥവാ മണ്ണും പെണ്ണും  പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന അവ തരണ രീതി ഇതിൽ കാണാം. 'കാടും കാടിന്റെ മാർത്തട്ടിലെ പുഷ്ടിയേറിയ മണ്ണും കനിഞ്ഞുനൽകുന്നതാണ് അവരുടെ ജീവനോപാധി'[30] എന്നുള്ളിടത്ത് കാടിന് മാതൃസ്ഥാനം തന്നെയാണ്. അമ്മയുടെ നെഞ്ചിലെ മുലപ്പാലുപോലെ കാടിന്റെ മാറിലെ പുഷ്ടിയേറിയ മണ്ണാണ് മനുഷ്യനുവേണ്ട ഭക്ഷണം നൽകുന്നത്. 'സംരക്ഷണമില്ലാത്ത ഭൂമി, ആലംബഹീനയായ മണ്ണ്'[31] എന്നിങ്ങനെയുള്ള പ്രയോ ഗങ്ങൾ മണ്ണിനുമേൽ സ്ത്രീത്വം ആരോപിക്കുന്നതിനെ എടുത്തുകാണിക്കുന്നുണ്ട്. മല്ലനും മാരയും ജവരപ്പെരുമനും ഒക്കെ അടിസ്ഥാനവർഗ്ഗജീവിതങ്ങളാണ്. വയ ലിനെ 'അവൾ' എന്നാണ് സംബോധന ചെയ്യുന്നത്. ''രണ്ടു കുന്നുകളുടെ ഇടയ്ക്ക് വീതി കുറഞ്ഞ ആ വയൽ. രാത്രി കാട്ടുജന്തുക്കളെപ്പേടിച്ചു വിറയ്ക്കുന്ന, കരയുന്ന അവൾ പകൽ ചിരിക്കുന്നു. അവളെ കാണുമ്പോൾ പുലയൻകൊല്ലി കയറി വരുന്ന വർ സ്വർഗ്ഗം കാണുന്നു.''[32] ഇതുപോലെ രാത്രിയെ വാചാലയല്ലാത്ത ഒരു കൂട്ടുകാ രിയായും കല്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള പ്രയോഗങ്ങളിൽ പലപ്പോഴും മണ്ണും പെണ്ണും അവരുടെ അനുഭവതീവ്രതകളും ഒന്നായിട്ടവതരിപ്പിക്കപ്പെടുന്ന ഒരു രചന യാണ് *നെല്ല്*.

*അരക്കില്ലം* എന്ന നോവലിലും സ്ത്രീയുടെ ചിന്തകളെ ഭൂമിയിലെ ചെടിക ളുടെ വളർച്ചയിലൂടെയും മണ്ണിന്റെ ആർദ്രതയിലൂടെയും പ്രകൃതിയിൽ വരുന്ന

വ്യതിയാനങ്ങളിലൂടെയും അവതരിപ്പിക്കുന്നുണ്ട്. 'എരേച്ചൻ നായർ' എന്ന പാട്ടം പിരിവുകാരൻ നിർമ്മിച്ച വല്ല്യേടത്തെ എട്ടുകെട്ടിലിൽ കെട്ടിലമ്മയായി വാണ സാവിത്രിയിലൂടെ, ഏകാന്തദുഃഖിതയായ അവളുടെ ചിന്തകളിലൂടെ, മോഹാവേശ ങ്ങളിലൂടെ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളെയും അഥവാ പ്രകൃതിയിലെ ഓരോ കാലാവസ്ഥയെയും അവ അവളുടെ മനസ്സുമായ് താദാത്മ്യം പ്രാപിക്കുന്നതെ ങ്ങനെയെന്നും പി. വത്സല അവതരിപ്പിക്കുന്നുണ്ട്. ''സമതലത്തിൽ അത്യുഗ്രമായ വേനൽ, ജലാശയങ്ങൾ വറ്റി. വേരുകൾപോലും ഉണങ്ങാൻ തുടങ്ങിയിരുന്നു. തെങ്ങിന്റെ മണ്ടകൾ ചുറ്റിപറന്ന പരുന്തുകൾ വരണ്ട സ്വരത്തിൽ കരഞ്ഞുകൊണ്ടി രുന്നു. പിന്നെ നിർജീവമായി അകന്നുപോകുന്ന, താണുപോകുന്ന ഭൂമിയിൽ നോട്ട മുറപ്പിച്ചു നിശബ്ദരായി.''[33] ഈ വരികൾ സാവിത്രിയുടെ ദാരിദ്ര്യം പിടിച്ച ജീവിത ത്തെയും, പ്രതീക്ഷ അസ്തമിക്കുന്ന മണ്ണിനെയും ഇനി ഭാവിയിൽ അവൾക്കു വരാൻപോകുന്ന തടവറയിലെന്ന പോലെയുള്ള ജീവിതത്തെയും, പ്രതികരിക്കാനാ കാത്ത ഒരു അടിമയെപ്പോലെ ജീവിക്കേണ്ടി വരുന്ന അവസ്ഥയെയും സൂചിപ്പിക്കു ന്നു. അവളുടെ ഈ അനുഭവം ഭൂമിയിലേക്ക് സന്നിവേശിക്കപ്പെടുന്നു. ഭൂമി നിർജ്ജീവമായി താണുപോകുന്നു എന്നുള്ളടത്ത് സാവിത്രിയുടെയും ഭൂമിയു ടെയും അനുഭവങ്ങളിൽ സമീകരണമുണ്ടാകുന്നു.

ഇത്തരത്തിൽ സമൂഹത്തിലും കുടുംബത്തിലും പൊതുധാരയിലും നിന്ന് അകറ്റി നിർത്തപ്പെട്ടിരുന്ന സ്ത്രീയെയും പ്രകൃതിയെയും ഏതുവിധത്തിൽ അടയാ ളപ്പെടുത്തുന്നു അല്ലെങ്കിൽ ഈ രണ്ട് സ്വത്വങ്ങളും പരസ്പരം സമന്വയിക്കപ്പെടുന്ന തെങ്ങനെയെന്ന് വത്സലയുടെ കൃതികളിലൂടെ കടന്നുപോകുമ്പോൾ അനുഭവപ്പെ ടുന്നു.

ആത്മനൊമ്പരത്തോടെ വർത്തമാനകാല ജീവിതാവസ്ഥകളെ നോക്കി കാ ണുകയും സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് അകറ്റിനിർത്തപ്പെട്ട കീഴാള രോടും സ്ത്രീകളോടും പ്രതിപത്തി പുലർത്തുകയും ചെയ്യുന്ന എഴുത്തുകാരി

യാണ് സാറാ ജോസഫ്. *ആതി* എന്ന നോവലിലെ ജീവിതം നിലനിൽപ്പിനായുള്ള സമരമാണ്. പരിസ്ഥിതിയുമായി അടുത്തബന്ധം സ്ഥാപിക്കാൻ സ്ത്രീകൾക്ക് ഒരു ജൈവേച്ഛതന്നെയുണ്ട്. ഈ ജൈവേച്ഛതന്നെയാണ് പാരിസ്ഥിതികസ്ത്രീവാദ ത്തിന്റെ അടിത്തറയാകുന്നതും. നിലനിൽപ്പിനെക്കുറിച്ചുള്ള ഈ ജാഗ്രതയിൽ നിന്നാണ് ആതിയുടെ പിറവിയും. ആതി എന്ന പേരു നൽകുന്ന സൂചനപോലെ അത് ഒരു സ്ഥലത്തെ, സാമൂഹിക ഇടത്തെ, ദേശത്തെ വരച്ചിടുന്നു. സസ്യ-ജന്തു ജാലങ്ങളുടെ ജൈവസത്ത തന്നെയാണത്. അതുകൊണ്ടുതന്നെ ഒരു ജൈവ ഇട മായി നോവലിൽ ആതി അടയാളപ്പെടുത്തപ്പെടുന്നു. പ്രകൃതിയുടെ തനിമയുമായി ബന്ധപ്പെടുന്ന വസ്തുക്കളിൽ എത്ര ജാഗരൂകമായാണ് ഇടപെടലുകൾ നാം നട ത്തേണ്ടത് എന്ന് *ആതി* സദാ ഓർമ്മപ്പെടുത്തുന്നു. സ്ത്രൈണസത്തയിൽ അധി ഷ്ഠിതമായ കർതൃത്വമാണ് ആതിയിലുള്ളത്. ഇവിടുത്തെ കുഞ്ഞിമാതുവും മറ്റും പുരുഷമേധാവിത്വത്തിന്റെ അധികാരഭ്രാന്തിനെ ഇല്ലായ്മ ചെയ്യുന്നു. ഭൂമിയിലെ സകലജീവജാലങ്ങളോടും ഇതിലെ സ്ത്രീകൾ സ്നേഹവും മമതയും പുലർത്തു ന്നു. ഇത് ഭാരതീയമാതൃത്വത്തിന്റെ ജൈവദർശനം ഉയർത്തിക്കാട്ടുന്നു. പരിസ്ഥിതി, സ്ത്രീ, ആത്മീയത തുടങ്ങി *ആതി* ചൂണ്ടികാണിക്കുന്ന രാഷ്ട്രീയചിന്തകൾ സ്ത്രീപക്ഷനിലപാടുകളിൽ ഊന്നിക്കൊണ്ടുള്ളവയാണ്. കൃഷിയിറക്കാൻ പണി ക്കിറങ്ങുന്ന സ്ത്രീകളുടെ യാത്രയെ 'മഴവില്ല് തോണിയേറി പോവുകയാണോ'[34] എന്ന ആശങ്കയാണുള്ളത്. ഇതിലെ കുഞ്ഞിമാതുവിന്റെ പ്രണയം പുരുഷ നിൽനിന്ന് പ്രകൃതിലേക്കും ജൈവസത്തകളിലേക്കും തീവ്രമായ രാഷ്ട്രീയസമര മായി വ്യാപിക്കുകയാണ്. ഇത്തരത്തിൽ പ്രകൃതിയുടെ തനിമ നിലനിർത്താൻ, അതിന്റെ സുസ്ഥിതിക്ക് പ്രാധാന്യം നൽകുന്ന സമീപനങ്ങളെ പുഷ്ടിപ്പെടുത്തുന്ന പ്രവർത്തനങ്ങളെ ഉള്ളടക്കം ചെയ്യുന്നു എന്നുള്ളതുകൊണ്ട് സമകാലികസമൂഹ ത്തിലെ പാരിസ്ഥിതികസ്ത്രീവാദം എന്ന ചിന്താപദ്ധതിയെ അത് ഉയർത്തിക്കാ ട്ടുന്നു എന്നു പറയാം.

കോക്കാഞ്ചിറ എന്ന ഗ്രാമത്തിന്റെ കഥയാണ് *ആലാഹയുടെ പെൺമക്കൾ*[35]. സ്ത്രീ ജീവിതത്തിന്റെ വ്യത്യസ്തതലങ്ങളാണ് അമ്മാമ്മയും ആനിയും ചിന്നമ്മയുമൊക്കെ. പ്രകൃതിയെ പരിപാലിക്കുമ്പോൾത്തന്നെ സ്വന്തം വിശ്വാസങ്ങളും ആചാരവഴക്കങ്ങളും പാലിച്ചുപോന്ന ഒരു സമൂഹത്തിനുമേൽ നാഗരിക സംസ്കാരം അധിനിവേശം നടത്തുന്നതാണ് ഇതിലെ പ്രതിപാദ്യം. പെണ്ണിന്റെയും പ്രകൃതിയുടെയും കീഴാളരുടെയും കാഴ്ചപ്പാടിൽ നിന്നുകൊണ്ട് പുതിയൊരു ദേശകാലചരിത്രം അവതരിപ്പിക്കുകയാണ്. *ആലാഹയുടെ പെൺമക്കൾ.* ഭാഷയിലും സംസ്കാരത്തിലും ഭക്ഷണത്തിലും വിശ്വാസത്തിലുമെല്ലാം മുതലാളിത്തനാഗരികത ആധിപത്യം നേടുന്നതിനെ അടയാളപ്പെടുത്തുകയും ചെയ്യുന്നു.

ആഗോളീകരണത്തിന്റെ ചുറ്റുപാടിൽ ഞെരിക്കപ്പെടുന്ന നാട്ടുനന്മകളും തനിമകളും അനാഥരെപ്പോലെ സമൂഹാന്തരീക്ഷത്തിൽ അലയുന്ന കാഴ്ച. അവിടെ അവയുടെ വീണ്ടെടുപ്പുകൾക്കായി ചില കാതോർക്കലുകൾ ഉണ്ടാകുന്നു. ജീവിതത്തിന്റെ പ്രതിസന്ധികളും ഉത്തരം കിട്ടാത്ത ജീവിതസമസ്യകളും എഴുതപ്പെടാത്ത ദേശചരിത്രങ്ങളും അനാവരണം ചെയ്യപ്പെടുന്ന ഒരു കൃതിയാണ് അംബികാസുതൻ മാങ്ങാടിന്റെ *മരക്കാപ്പിലെ തെയ്യങ്ങൾ*. വിനോദസഞ്ചാരമേഖലയിലെ വികസന പ്രവർത്തനങ്ങളാൽ സ്വന്തം മണ്ണും സ്വാതന്ത്ര്യവും അഭിമാനവും ജീവനുംതന്നെ നഷ്ടപ്പെട്ടുപോകുന്ന ഉമ്പിച്ചിയാണ് ഇതിലെ കേന്ദ്രകഥാപാത്രം. വിനോദ സഞ്ചാരവികസനത്തിന്റെ ഭാഗമായി മരണാനന്തരം അവളുടെ ചിത്രവും വില്പനച്ചരക്കാകുന്നു. വികസനത്തിന്റെ ഭാഗമായി പെണ്ണിന്റെ സ്വത്വവും പ്രകൃതിയും ഭൂമിയും പാരമ്പര്യവുമെല്ലാം നഷ്ടപ്പെടുന്നതിന്റെ നേർച്ചിത്രമാകുന്നുണ്ട് ഈ നോവൽ. പെണ്ണിനും മണ്ണിനും ഒരുപോലെ പീഡനമാകുന്ന ഈ വികസനപ്രവർത്തനങ്ങളുടെയും കടന്നുകയറ്റങ്ങളുടെയും അവതരണം *മരക്കാപ്പിലെ തെയ്യങ്ങൾ* എന്ന കൃതിയെ പരിസ്ഥിതി-സ്ത്രീ ചിന്തയുമായി യോജിപ്പിച്ചുകൊണ്ടുള്ള ഒരു വായനയിലേക്ക് നയിക്കുന്നു. പ്രകൃതിക്കേൽക്കുന്ന അഥവാ പ്രകൃതിക്കുനേരെയുള്ള ദുരാചാരങ്ങളിൽ, പീഡനങ്ങളിൽ ഏറ്റവും കൂടുതൽ ദുരന്തമനു

ഭവിക്കുന്നത് സ്ത്രീകളാണ് എന്ന വീക്ഷണത്തെ ഈ നോവൽ ഉറപ്പിക്കുന്നു. വികസനത്തിന്റെ പേരിൽ മണ്ണിനെ കീറിമുറിക്കുന്ന മുതലാളിത്തവ്യവസ്ഥ തന്റെ ജീവന്റെ, ഭൂതകാലത്തിന്റെ വേരുകളാഴ്ത്തിയ മണ്ണിനുവേണ്ടി പോരാടുന്ന പെണ്ണിന്റെ ശരീരത്തിലും മുറിവുകളുണ്ടാക്കുന്നു. 'ഇന്ന് മനുഷ്യനാണ് എല്ലാം തീരുമാനിക്കുന്നത്. സ്വന്തം വിധിമാത്രമല്ല, ഭൂമിയുടെ വിധിയും അവർ നിർണ്ണയിക്കുന്നു''[36] എന്ന് തെയ്യത്തിന്റെ ഭാഷയിലൂടെ കഥാകാരൻ അവതരിപ്പിക്കുന്നു.

ആശയറ്റവർക്ക് ജലവും തണലും ആകണം സ്ത്രീ എന്ന് ഉമ്പിച്ചി അവളുടെ അങ്കിച്ചിമുത്ത്യമ്മയിൽ നിന്നും പഠിച്ചിരുന്നു. ജീവിക്കുന്ന ഭൂമിയും അതിനെച്ചുറ്റിയുള്ള കടലും ദൈവങ്ങളും എന്നും സഹായം മാത്രമേ നൽകിയിരുന്നുള്ളൂ. ഭൂമിയും കടലും മാതൃസ്ഥാനീയരാണിവിടെ. കടൽത്തീരത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടന്ന ഉമ്പിച്ചിയെ സൗമ്യഭാവമുള്ള തിരച്ചുണ്ടുകൾ കയറിവന്ന് മാറി മാറി ഉമ്മവയ്ക്കുന്നു. മുലപ്പാലായി ചുറ്റിനും ഒഴുകി പരക്കുന്ന നുരയും പതയും.[37] അങ്ങനെ കടലമ്മയിൽനിന്നും ലഭിച്ചവളാകുന്നു ഉമ്പിച്ചി. ജീവിതത്തിന്റെ അനാഥത്വം അവളെ പുതിയ തീരുമാനത്തിലെത്തിക്കുന്നു. ഒളിച്ചോടുകയല്ല തന്റേടത്തോടെ ജീവിതത്തെ നേരിടണമെന്ന് അവൾ തീരുമാനിക്കുന്നു. പക്ഷെ സ്വന്തം മണ്ണിനെ അന്യർക്ക് വിട്ടുകൊടുക്കാതിരിക്കാനുള്ള ശ്രമത്തിനിടയിൽ മേലാളവർഗ്ഗം അവളെ ചൂഷണം ചെയ്യുന്നു. എല്ലാം നഷ്ടപ്പെടുകയാണ് എന്ന അവസ്ഥയിൽ അവർക്ക് തക്കശിക്ഷകൊടുത്ത് തന്റെ പ്രതിഷേധം അറിയിക്കുകയും ചെയ്യുന്നു. തന്നെ മുറിവേല്പിച്ചവരുടെ അംഗത്തെഛേദിച്ച് കടലിലെറിഞ്ഞ അവൾ അനീതികളെ പ്രതിരോധിക്കാൻ ശേഷിയുള്ളവളായി മാറുന്നു. ഒടുവിൽ അധികാരി വർഗ്ഗത്തിന് തട്ടിക്കളിക്കാനുള്ള പാവയായി നിന്നുകൊടുക്കില്ല എന്ന് സ്വയം തീരുമാനിച്ച അവളെ തീരത്തടുപ്പിച്ച കടൽതന്നെ തിരികെ എടുക്കുകയും ചെയ്യുന്നു. ''ഭയങ്കരമായ ഒരു ശബ്ദത്തോടെ ഒരു വൻതിര ആകാശത്തോളം പൊങ്ങിവന്ന് ഉമ്പിച്ചിയെ കോരിയെടുത്തു. തിരക്കൈകളിൽ മാറി മാറി എടുത്ത് അനന്തമായ ആഴത്തിലേക്ക് ഉമ്പിച്ചിയെ കടൽ കൊണ്ടുപോയി.''[38] രാമായണത്തിൽ മണ്ണിൽനിന്നും ലഭിച്ച സീത

ഒടുവിൽ ഭൂമിയിലേക്ക് അന്തർധാനം ചെയ്യുന്നതുപോലെ ഇവിടെ ഉമ്പിച്ചി കടലിൽ വിലയം പ്രാപിക്കുന്നു. വിനോദവികസനത്തിന്റെ പേരിൽ മണ്ണും പെണ്ണും ഒരു പോലെ ചൂഷണം ചെയ്യപ്പെടുന്നതിന്റെ നേർക്കാഴ്ചയാണിവിടെ. നമ്മുടെ കേരള ത്തിലും മദ്യവും മയക്കുമരുന്നും ഒപ്പം സ്ത്രീശരീരവും വില്പനച്ചരക്കുകളാകുന്ന കാഴ്ച്ച അനുദിനം വർദ്ധിക്കുകയാണ്. ഈ അവസ്ഥയിൽ ഇക്കോഫെമിനിസ്റ്റ് പശ്ചാത്തലത്തിൽ വായിക്കാവുന്ന കൃതിയാണ് *മരക്കാപ്പിലെ തെയ്യങ്ങൾ*. പാരി സ്ഥിതികസ്ത്രീവാദ ചിന്തയിലൂന്നിയുള്ള നോവലുകൾ മലയാളത്തിൽ മുമ്പും വന്നിട്ടുണ്ട്. അവ ഈ പഠനത്തിൽ പ്രസക്തമല്ലാത്തതുകൊണ്ട് പരാമർശവിധേയ മാക്കുന്നില്ല.

**2.2.3 കഥ**

പാരിസ്ഥിതികസ്ത്രീവാദചിന്തകളെ പ്രതിഫലിപ്പിക്കുന്ന തരത്തിലുള്ള കഥ കൾ മലയാളത്തിലുമുണ്ട്. ഒരു പുതിയ സംസ്കാരത്തിന്റെ നിർമ്മിതിയെക്കുറി ച്ചുള്ള ചിന്തയാണ് യഥാർത്ഥത്തിൽ ഇക്കോഫെമിനിസം. എം.ടി. വാസുദേവൻ നായർ, ടി. പത്മനാഭൻ, വി.പി. ശിവകുമാർ, സേതു, എം. രാജീവ്കുമാർ, ഇ.വി. ശ്രീധരൻ, പി. സുരേന്ദ്രൻ, പി. വത്സല, സാറാജോസഫ്, ചന്ദ്രമതി, എൻ. പ്രഭാക രൻ, ബാലകൃഷ്ണൻ മാങ്ങാട്, സതീഷ്ബാബു പയ്യന്നൂർ, കെ.പി. രാമനുണ്ണി, അയ്മനം ജോൺ തുടങ്ങി പ്രശസ്തരായ ഒട്ടേറെ എഴുത്തുകാർ തങ്ങളുടെ രചന കളിൽ പ്രകൃതിയെയും സ്ത്രീയെയും സമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ ചിലതുമാത്രം ഇവിടെ എടുത്തുകാണിക്കുകയാണ്.

സാറാജോസഫിന്റെ 'കാടിൻെറ സംഗീതം', 'മഴ', 'ഒരു ഉച്ചയ്ക്കുശേഷം' എന്നീ കഥകളിൽ പ്രകൃതിയും പെണ്ണും തമ്മിൽ ഒരു ആത്മബന്ധം നിലനിൽക്കു ന്നതുപോലെയാണ് അവതരിപ്പിച്ചിരിക്കുന്നത്. കാടിന്റെ സംഗീതത്തിൽ പരിക്കേറ്റ പ്രകൃതിക്കു തുല്യയായി, അസ്വസ്ഥമായ മനസ്സോടെ സതി കാടിന്റെ സംഗീതത്തി ലേക്ക് ലയിച്ചുചേരുന്നു. മഴ എന്ന കഥയിൽ പൊരുത്തപ്പെടാനാവാത്ത ദാമ്പത്യം

പ്രമേയമാവുന്നു. 'മുടിത്തെയ്യമുറയുന്നു' എന്നതിൽ ഭഗവതിക്കാവിലെ അമ്മദൈവവും കരിങ്കൽമുലകൾ ചുരത്തുന്ന മഹാദേവിയും സ്ത്രീയുടെ ശക്തിയിടങ്ങളായി അവതരിപ്പിക്കപ്പെടുന്നു. 'പ്രകാശിനിയുടെ മക്കൾ', 'ശാപായനം' എന്നീ കഥകളിലെ മാതൃഭാവം പ്രപഞ്ചമാതാവായി പരിണമിക്കുന്ന ഒരു കാഴ്ച കാണാവുന്നതാണ്. ഇതിൽ പ്രകൃതിയിലെ ചെറുപക്ഷിയോടുപോലും കരുണ കാണിക്കുകയും മഴയിൽ അലിഞ്ഞുചേരാൻ ശ്രമിക്കുകയും ചെയ്യുന്ന സ്ത്രീസ്വത്വമായാണ് നായിക പദ്മ നിൽക്കുന്നത്. പദ്മയ്ക്ക് അഭേദ്യമായ ഒരു ബന്ധമാണ് പ്രകൃതിയോടുണ്ടാകുന്നത്. 'ചാവുനിലം' എന്ന കഥയിൽ മണ്ണിനും പെണ്ണിനും സാമ്യമുണ്ട്. മാതൃത്വം എന്ന അവസ്ഥ മക്കളെ പോറ്റാനും ക്ഷമിക്കാനും മറക്കാനും ഉള്ള കഴിവ് പെണ്ണിനുനൽകുന്നു. പക്ഷെ പക മൂത്ത് മക്കൾ തമ്മിൽത്തല്ലുമ്പോൾ അത് കണ്ടു നിൽക്കേണ്ടിയും വരുന്നു. ഇതുപോലെ പ്രകൃതിയിലെ ഓരോ ജീവജാലത്തിനും വേണ്ട അവശ്യവസ്തുക്കൾ നൽകുന്നത് മണ്ണാണ്. പുരോഗതിയുടെ ഭാഗമായി മനുഷ്യർ പ്രകൃതിയെ ചൂഷണം ചെയ്ത് മണ്ണിനെ മുറിവേല്പിക്കുന്നു. മനുഷ്യർ കലഹിക്കുകയും പ്രകൃതിയെ നശിപ്പിക്കുകയും ചെയ്യുമ്പോൾ വേദനിക്കുന്നത് സ്വന്തം അമ്മയും സർവ്വജീവജാലങ്ങളുടെയും അമ്മയായ ഭൂമിയുമാണ്. ഇത്തരത്തിലുള്ള ഒരു വായന 'ചാവുനിലം' എന്ന കഥയിൽ നടത്താവുന്നതാണ്.

'പ്രകാശിനിയുടെ മക്കൾ' എന്ന കഥയിൽ പ്രസവിക്കാനായി ഉഴവുചാൽ തേടുന്ന അവൾ ഭൂമിയുമായി താദാത്മ്യം പ്രാപിക്കുന്ന ഒരവസ്ഥ കഥാവസാനം കാണാനാവുന്നു. ഇവിടെ പ്രപഞ്ചമാതാവായി മാറുകയാണ് പ്രകാശിനി. ''മാമരങ്ങളിടതൂർന്ന കുന്നിൻചരിവിൽ നിലമുഴുതൊരുക്കാൻ പ്രകാശിനിക്കൊരു കലപ്പ വേണം. പെറ്റുവീഴുമ്പോൾ കർക്കിടമഴ വേണം അവരെ കുളിപ്പിക്കാൻ. കുളിർത്ത മണ്ണിന്റെയും നനഞ്ഞ ഇലകളുടെയും ഗന്ധമാണവരാദ്യം ശ്വസിക്കേണ്ടത്. ആകാശത്തിന്റെ നിറമാണവരാദ്യം കാണേണ്ടത്. കടലിന്റെ ഉപ്പാണവരാദ്യം രുചിക്കേണ്ടത്.... കാരണം അവർ പ്രകാശിനിയുടെ മക്കളാണല്ലോ''.[39] യഥാർത്ഥത്തിൽ പുരുഷാധിപത്യവ്യവസ്ഥയെ എതിർത്ത് പ്രകൃതിയുമായി ലയിക്കുന്ന ഒരു കഥാപാത്ര

മായി പ്രകാശിനിയെ വായിക്കാം. പെണ്ണ് ജനിച്ചാൽ ആ കുട്ടിയെ ഉടൻ കൊല്ലാനൊരുങ്ങുന്ന ഒരു ഗ്രാമത്തിൽ പെൺകുട്ടിയെ പ്രസവിച്ച ഒരമ്മയുടെ ദയ നീയവിലാപമാണ് 'പാപത്തറ'. പെണ്ണിനോടുചെയ്യുന്ന അത്യാചാരങ്ങൾ തന്നെ യാണ് പുരുഷാധിപത്യലോകം മണ്ണിനോടും ചെയ്യുന്നത്. ഇവിടെ ഭൂമിയുടെ സന്തു ലിതാവസ്ഥ തകരാറിലാകുകയും ഒടുവിൽ കരയുന്ന കുഞ്ഞിന് ഒരു തുള്ളി പാൽ ചുരത്തിക്കൊടുക്കാൻ കഴിയാത്ത അമ്മയായിത്തീരുകയും ചെയ്യുന്നു.

ഇതുപോലെ സ്ത്രീ-പ്രകൃതി സമീകരണം പ്രത്യക്ഷത്തിൽത്തന്നെ കാണാ ൻ പറ്റുന്ന ഒരു കഥയാണ് 'അശോക'. മണ്ണും പെണ്ണും തമ്മിലുള്ള സമാനതകളെ രാമ-രാവണ യുദ്ധത്തിനുശേഷം ഭർത്താവിനെ പ്രതീക്ഷിച്ചിരിക്കുന്ന സീതയുടെ അവതരണത്തിലൂടെ എടുത്തുകാണിക്കുന്നുണ്ട്. ഈ ഭൂമിപുത്രിയായ സീതയെ മണ്ണായിട്ടുതന്നെയാണ് കഥയിലുടനീളം അവതരിപ്പിക്കുന്നത്. ''മഞ്ഞും മഴയും വെയിലും ആർത്തിപൂണ്ട നോട്ടങ്ങളും നശിപ്പിക്കുന്ന കണ്ണേറുകളും മേൽക്കുമേൽ വീണുതകർന്ന മണ്ണ്, ഭാഷയ്ക്കപ്പുറത്തുനിന്ന് ഏകാന്തമായ ഒരു ചില്ലക്കൈനീട്ടി മരം മണ്ണിനെ ആശ്വസിപ്പിച്ചു.[40] ഇവിടെ സീതയ്ക്കുപകരം മണ്ണ് എന്ന പദം ആണ് ഉപയോഗിച്ചിരിക്കുന്നത്.

'തായ്കുലം' 'അശോക'യുടെ തുടർച്ചയായി വായിക്കപ്പെടാവുന്ന ഒന്നാണ്. ഇതിൽ രാമന്റെ ചെയ്തികളെ ശൂർപ്പണഖ വിമർശിക്കുകയാണ് ചെയ്യുന്നത്. പെ ണ്ണിന്റെ മാതൃത്വത്തിന്റെ വേരുകളറുത്ത പുരുഷമേധാവിത്ത നീതിയെയാണ് ശൂർപ്പ ണഖ വിമർശനവിധേയമാക്കുന്നത്. പെണ്ണിന്റെ മുലകൾ ഛേദിച്ച പുരുഷമേധാ വിത്തം മാതൃത്വത്തെയാണ് ഇല്ലാതാക്കുന്നത്. പ്രകൃതിയെ നശിപ്പിക്കുന്ന, പെണ്ണി നെ മുറിവേല്പിക്കുന്ന അധീശവ്യവസ്ഥക്കുനേരെയാണ് 'തായ്കുല'ത്തിലെ ശൂർപ്പണഖ വിരൽചൂണ്ടുന്നത്.

പരിസ്ഥിതിയും സ്ത്രീയും ഇഴചേരുന്ന തരത്തിലുള്ള അവതരണമുൾക്കൊ ള്ളുന്ന മറ്റൊരു കഥയാണ് 'നിലാവറിയുന്നു' എന്നത്. ഇതിലെ നായകൻ ഉണ്ണികൃ

ഷ്ണൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നത് കണ്ട്, മതം, വംശം, എന്നിവയുടെ പേരിൽ പരസ്പരം പോരടിക്കുന്നതുകണ്ട് ഭ്രമാത്മകമായ മനസ്സിനുടമയാകുന്നു. എല്ലാം കണ്ടും അനുഭവിച്ചും വിഷമിക്കുന്ന മനുഷ്യൻ ഒടുവിൽ പഴമയിലേക്ക്, അമ്മയുടെ മടിത്തട്ടിലേക്ക്, മഹാമാതാവായ പ്രകൃതിയിലേക്ക് മടങ്ങാൻ ആശിക്കുന്നു. ഇങ്ങനെ പൊതു ഇടങ്ങളിലും സമൂഹത്തിലും അന്യയാക്കപ്പെടുന്ന, അകറ്റിനിർത്തപ്പെടുന്ന സ്ത്രീസ്വത്വവും പ്രകൃതിയുടെ തനിമയും സമകാലികചരിത്രത്തിൽ സ്ഥാനം കണ്ടെത്തുന്നതിന്റെ ശക്തമായ അടയാളപ്പെടുത്തലുകളാണ് സാറാജോസഫിന്റെ കൃതികൾ.

പ്രകൃതി സ്ത്രീ ചിന്തകൾ കഥകളിൽ ദീക്ഷിച്ച മറ്റൊരു എഴുത്തുകാരിയാണ് പി. വത്സല. വയനാട്ടിലെ ആദിവാസി സമൂഹത്തിനിടക്ക് താമസിച്ച് പ്രകൃതിയെയും പെണ്ണിനെയും കീഴാളരെയും കുറിച്ച് ആഴത്തിലുള്ള അറിവ് നേടുകയും അനുഭവിച്ചറിയുകയും ചെയ്ത വത്സലയുടെ കഥകളിലും നോവലുകളിലേതുപോലെ പാരിസ്ഥിതികസ്ത്രീവാദ ചിന്തയുടേതായ ചരിത്രവീക്ഷണങ്ങൾ കാണാവുന്നതുമാണ്. 'മഴക്കുന്നികൾ', 'കണ്ണാമന്റെ പോത്തുകൾ', 'കറുത്ത മഴപെയ്യുന്ന താഴ്‌വര', 'വേനൽമഴ', 'പോക്കുവെയിൽ പൊൻവെയിൽ', 'പിറ്റേന്ന്', 'ശിശിരത്തിലെ ഉറുമ്പുകൾ', 'എരണ്ടകൾ' തുടങ്ങി ഒട്ടേറെ കഥകൾ ഇതിന് നിദർശനമാകുന്നുണ്ട്.

'പോക്കുവെയിൽ പൊൻവെയിൽ' എന്ന കഥയിലെ വസന്തലക്ഷ്മി എന്ന നായികയും ഭൂമിയും മലനിരകളുമെല്ലാം ഒരേ ചൈതന്യത്തിന്റെ വിഭിന്ന അംശങ്ങളായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. വസന്തലക്ഷ്മിയാകട്ടെ പ്രകൃതിയുമായുള്ള ലയനത്തിന്റെ മൂർച്ഛയിൽ ജീവൻ വെടിയുകയും ചെയ്യുന്നു. 'മഴക്കുന്നികൾ' എന്ന കഥയിൽ ഗതിയറ്റ ഒരമ്മയെപ്പോലെ താഴ്‌വരയിലുടനീളം ഉഴറിനടക്കുകയാണ് മഴ. 'പിറ്റേന്ന്' എന്ന കഥയിലെ മുത്തശ്ശിയും തങ്കമണിയും മണ്ണ് എന്ന സാംസ്കാരിക മൂല്യത്തിന്റെ പ്രതീകങ്ങളായാണ് നിലകൊള്ളുന്നത്. ഓട്ടുകിണ്ണത്തിൽ ചക്കരക്കാപ്പിയുമായി പൂമുഖത്തെത്തിയ മുത്തശ്ശി പറയുന്നു. ''നീയിന്നെത്തുമെന്ന് എനിക്കാ

റിയാമായിരുന്നു.'' ''നിലാവെളിച്ചംപോലെ അവരുടെ മുഖത്ത് ചിരി പടർന്നു. മെല്ലെ മെല്ലെ അവർ ഭൂമിയുടെ മാറിലേയ്ക്കുരസി വീണു.''[41] ഇവിടെ യഥാർത്ഥത്തിൽ ജൈവപ്രകൃതിയും സ്ത്രൈണപ്രകൃതിയും തമ്മിൽ ലയിക്കുകയാണ് ചെയ്യുന്നത്. അഥവാ പ്രകൃതിയിലേക്ക് ലയിച്ചുചേരുന്ന പെണ്ണിനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. 'വർത്തുളമായ കോണി' എന്ന രചനയിൽ കോകില എന്ന പെൺഭാവത്തിന്റെ ജൈവികതയെ ഉണർത്തുന്ന സാന്നിധ്യമായിട്ടാണ് മണ്ണിനെ അവതരിപ്പിക്കുന്നത്.

'ശിശിരത്തിലെ ഉറുമ്പുകളി'ലാവട്ടെ പ്രകൃതിയിലെ ഋതുവിനെയും സ്ത്രീയുടെ സാമൂഹ്യവ്യവസ്ഥയെയും നേരിട്ടുബന്ധിപ്പിക്കുന്നു. അമ്മ, ഭാര്യ, ഉദ്യോഗസ്ഥ എന്നീ സമൂഹികപദവികളെല്ലാം പലപ്പോഴും സ്ത്രീകൾക്കുമേൽ പീഡനോപകരണങ്ങളായി വർത്തിക്കുന്നുണ്ട്. അവൾക്ക് നേരിടേണ്ടിവരുന്ന ആക്രമണങ്ങളുടെ പ്രതീകമാണ് ഉറുമ്പുകൾ. പീഡനങ്ങളുടേയും അവഹേളനങ്ങളുടേയും തുടർച്ച നവനീതയെ മരവിപ്പിക്കുന്നു. ഈ മരവിപ്പാണ് ഋതുഭേദങ്ങളിലെ ശിശിരം.

ആദിവാസിസ്ത്രീയുടെ ജീവിതം പ്രമേയമായിവരുന്ന കഥയാണ് 'പേമ്പി'. അവൾ ജീവിക്കാൻവേണ്ടി നേത്യാരമ്മയുടെ അടുത്ത് പണിക്കുവരുന്നു. ഇത് അവിടുത്തെ കാര്യസ്ഥനായ ഗോപാലൻനായർക്ക് എല്ലാത്തിനും ഉപകാരപ്പെടുന്നു. ഒടുവിൽ അയാൾ ജോലി മതിയാക്കി പോകുമ്പോൾ പേമ്പിയോട് യാത്ര പറയേണ്ടതില്ല എന്ന് ചിന്തിക്കുന്നു. ''കൊയ്ത്തു കഴിഞ്ഞ കണ്ടത്തിലെ നെൽക്കുറ്റികളോടും, പോയകൊല്ലം പുരപ്പുറത്തെ പുതച്ചുകരിഞ്ഞ വൈക്കോലിനോടും ആരും യാത്ര പറയാറില്ലല്ലോ.[42] ഗോപാലൻനായർക്ക് കന്നിമണ്ണും കന്നിപ്പെണ്ണും ഒരുപോലെയാണ്. തികച്ചും അപരമായ വസ്തുക്കളാണ് ഒപ്പം തന്റെ ആവശ്യങ്ങൾക്കുശേഷം ഉപേക്ഷിച്ചുകളയാനുള്ളതുമാണ്. ''വേണ്ട തലയിൽക്കേറ്റി വയ്ക്കേണ്ട. ഒരിക്കൽ ഉപേക്ഷിക്കപ്പെടേണ്ടവളാണ്. ഈ കറുത്ത മണ്ണുപോലെ, വളഞ്ഞു നിൽക്കുന്ന കാടുപോലെ, ചുറ്റിയടിക്കുന്ന തണുത്ത കാറ്റുപോലെ, ചോല വെള്ളം

പോലെ പച്ചപ്പും കതിരണിഞ്ഞും കട്ട വീണ്ടും കാണുന്ന ഈ വയലുപോലെ ഉപേക്ഷിക്കപ്പെടേണ്ടവളാണ് അവളും''[43] എന്നതുകൊണ്ട് യാത്ര പറയാൻ ഗോപാലൻനായർ കൂട്ടാക്കുന്നില്ല. എന്നാൽ ഗോപാലൻ നായർ തന്നെ ഉപേക്ഷിക്കുന്നതിന് മുമ്പുതന്നെ അയാളെ ഉപേക്ഷിക്കാനും പ്രതികരിക്കാനും പേമ്പി തന്റേടം കാണിച്ചു.

മലയാളത്തിലെ ഏറ്റവും മികച്ച ഇക്കോഫെമിനിസ്റ്റ് കഥകളിലൊന്നായ 'എരണ്ടക'ളിലെ നായികയായ ഭാനു പുഴയിൽ കുളിച്ചു വളർന്നവളാണ്. പുഴയെ കഥാകാരി 'അവൾ' എന്നാണ് വിളിക്കുന്നത്. ഇതിൽ മലിനമാക്കപ്പെട്ട പുഴയെ കറുത്ത ജലം കെട്ടിക്കിടക്കുന്ന ഒരു കുഴിയായി അവതരിപ്പിക്കുന്നു. ഈ പുഴക്കരയിലെ താമസക്കാരിയാണ് ഭാനു. ''കയത്തിൽ നിന്നും കയത്തിലേക്കുള്ള ഒഴുക്കു കുറഞ്ഞു. തന്റെ ഹൃദയാന്തരാളത്തിൽ അടിഞ്ഞുകൂടിയ ഉപ്പിനെ കറുത്ത ജലം കൊണ്ട് അവൾ ഒളിപ്പിക്കാൻ ശ്രമിച്ചു.''[44] ഇവിടെ ഭാനുവും പുഴയും സമീകരിക്കപ്പെടുന്നു. പുഴയിൽ ഉപ്പുനിറഞ്ഞു. കോൺട്രാക്റ്റർ അത്യമാൻ എരണ്ടകളെ വേട്ടയാടിപ്പിടിച്ച് ഭാനുവിന്റെ അച്ഛന് മദ്യം കൊടുത്ത് വശത്താക്കി ഭാനുവിനെ നോട്ടമിടുന്നു. ''പുഴയെപ്പോലെ നിരാധാരയായ അവളെയും അയാൾ കണ്ണെറിഞ്ഞു. അവളും നദിയും അയാൾക്ക് ചൂഷണം ചെയ്യാനുള്ളതാണ്. വരണ്ടനദിക്കരയിൽ ചിറകൊടിഞ്ഞ്, മിഴിമഞ്ഞച്ച്, കഴുത്തുകുഴഞ്ഞ് ചുവന്ന പാടുകളുമായിക്കിടക്കുന്ന എരണ്ടയെപ്പോലെത്തന്നെ അവളും. അങ്ങനെ നദിയുടെയും എരണ്ടയുടേയും ഭാനുവിന്റേയും അവസ്ഥകൾ താദാത്മ്യം പ്രാപിക്കുന്നു.''[45] ഇവിടെ അത്യമാനും കൃഷ്ണനച്ചനും പ്രകൃതിയെയും പെണ്ണിനെയും കീഴടക്കി ചൂഷണം ചെയ്ത് നശിപ്പിക്കുന്ന പുരുഷമേൽക്കോയ്മ - മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രതിനിധികളായും, ഭാനു എന്നും ചൂഷണമേൽക്കേണ്ടി വരുന്ന പ്രതികരിക്കാനാകാത്ത കീഴാള വർഗ്ഗസ്ത്രീയുടെ പ്രതിനിധിയുമാണ്. ഇതുപോലെ 'കാളിയുടെ സ്വപ്നങ്ങൾ' എന്ന കഥയിൽ വൃക്ഷത്തൈകളെ മക്കളെപ്പോലെ പോറ്റുന്ന കാളിയെക്കാണാം. ഓരോ രാത്രിക്കുശേഷവും പുനർജന്മം നേടിവന്നവളെ എന്നോണം ഗ്രാമീണർ

നോക്കുന്ന കാളി യഥാർത്ഥത്തിൽ ഭൂമിയോട് സദൃശയാണ്. 'പ്രയാണം' എന്ന കഥയിൽ താൻ പണിയെടുക്കുന്ന മണ്ണിനോട് അടങ്ങാത്ത ആത്മബന്ധം പുലർത്തുന്ന കുങ്കിയെ അവതരിപ്പിക്കുന്നു. കൃഷി അവസാനിച്ച പാടങ്ങളിൽ ഇഷ്ടിക നിർമാണം ആരംഭിക്കുന്നു. അവിടെ മണ്ണിന്റെ മാറിൽ പിക്കാസ് പതിക്കുമ്പോൾ കുങ്കി നടുങ്ങുന്നു. അമ്മയുടെ കരൾ ചൂഴ്ന്നെടുക്കുന്നത് കാണുന്നില്ലേ എന്ന് അവൾ മലങ്കാളിയോട് കേഴുന്നു. മണ്ണിനെ അളക്കുന്ന പുരുഷമേധാവിത്വം കുങ്കി എന്ന ആദിവാസിപെണ്ണിനുമേലും കണ്ണേറിയുന്നു. അവളുടെ മണ്ണിനെ വെണ്ണീറാക്കുന്നതിൽ അവൾ പങ്കാളിയാകുന്നില്ല. അതുകൊണ്ടുതന്നെ ആ കുരുതിക്ക് കൂട്ടുനിൽക്കാതെ അവൾ പ്രയാണം തുടരുന്നു. ഇത് യഥാർത്ഥത്തിൽ മണ്ണിനെയും പെണ്ണിനേയും ഒരുപോലെ ചൂഷണം ചെയ്യുന്ന വാണിജ്യതാൽപര്യങ്ങളോടും മേലാള ഭാവത്തോടും ഉള്ള അവളുടെ പ്രതിരോധം തന്നെയാണ്.

തീവ്രമായ ഫെമിനിസ്റ്റ് ചിന്താഗതി പുലർത്തുന്ന എഴുത്തുകാരിയല്ല ചന്ദ്രമതി. പെണ്ണെഴുത്തിനെ തള്ളിപ്പറയുമ്പോഴും ഫെമിനിസത്തെ പുച്ഛിക്കുമ്പോഴും സ്ത്രീക്ക് പെണ്ണായിപോയി എന്ന ഒറ്റ കാരണത്താൽ നഷ്ടപ്പെടുന്ന സ്വാതന്ത്ര്യം അവരുടെ പല കഥകളിലെയും പ്രമേയമാണെന്ന് കാണാം. 'ദേവീഗ്രാമം' എന്ന കഥയിൽ ദേവിയെന്ന മഹാമാതാവിന്റെ സ്ത്രൈണ ആദിരൂപത്തിന്റെ ശക്തിവിശേഷങ്ങളെ എടുത്തുകാണിച്ച് പരമ്പരാഗതമായി നാം പുലർത്തിപ്പോരുന്ന സ്ത്രീശക്തിയെ, സ്ത്രീസ്വത്വത്തെ ചന്ദ്രമതി പറഞ്ഞുവയ്ക്കുന്നു. ഇതിലെ ഗ്രാമമുത്തശ്ശി ഈ ആദിരൂപപ്രതീകമാണ്. 'താങ്ങുചുരുളുകൾ', 'ലൂസിഫർ', 'റെയിൻഡിയർ' എന്നിങ്ങനെയുള്ള കഥകളിലും *സ്വയം സ്വന്തം* എന്ന സമാഹാരത്തിലെ 'വനരോദന'ത്തിലുമൊക്കെ പരിസ്ഥിതിചിന്തയുടെ അനുരണനങ്ങൾ കാണാവുന്നതാണ്. ഗ്രാമം തന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ട് എന്ന ബോധമുൾക്കൊള്ളുന്ന യാന്ത്രികയുഗത്തിന്റെ പുരോഗമന കുതിപ്പിൽ ഭൂമിക്കുണ്ടാകുന്ന മുറിവുകളെ തിരിച്ചറിയുന്ന ഒരു ചിന്താശൈലി അവർ പുലർത്തുന്നുണ്ട്.

സ്ത്രീ എഴുത്തുകാരെപ്പോലെ പുരുഷ എഴുത്തുകാരും പ്രകൃതി സ്ത്രീ ചിന്തയെ അടിസ്ഥാനമാക്കി രചനകൾ നടത്തിയിട്ടുണ്ട്. ഈ രീതിയുടെ ആദ്യകാല മാതൃകകളിലൊന്നാണ് തുളസിയുടെ 'അവൾ എന്ന മരം' എന്ന കഥ.

എം.ടി.യുടെ പല കഥകളിലും തന്നെ പെറ്റുപോറ്റിയ അമ്മയിൽനിന്നും ഈ മാതൃഭാവം ഗ്രാമമാതാവിലേക്കും തുടർന്ന് പ്രപഞ്ചമാതാവിലേക്കും പരിണമിക്കുന്നതായി കാണാം. 'സ്ഥലപുരാണം' 'സുകൃതം' എന്നീ കഥകളിൽ ഈ മാതൃസങ്കല്പം ഒരേസമയംതന്നെ സംരക്ഷകഭാവവും സംഹാരരുദ്രയായ മഹാമാതാവിന്റെ ഭാവവും കൈക്കൊള്ളുന്നുണ്ട്. 'സുകൃതം' എന്ന കഥയിലെ ചെറിയാട്ടി എന്ന കഥാപാത്രം ആദ്യം പുരുഷ മേലാളിത്തത്താൽ അവഹേളിക്കപ്പെടുന്നുണ്ടെങ്കിലും ഒടുവിൽ പ്രപഞ്ചമാതാവിന്റെ ഭാവം ആരോപിക്കപ്പെടുന്നവളാകുന്നുണ്ട്.

വി.പി. ശിവകുമാറിന്റെ 'കുളി' എന്ന കഥയിലെ ഭാരതി പുഴയുടെ തീരത്ത് ജനിച്ചുവളർന്ന് പുഴയിൽ കുളിച്ച് സുഖദുഃഖങ്ങൾ പങ്കിട്ടവളാണ്. ഒടുവിൽ 'കുളി' നിന്ന് ആരോഗ്യം നശിച്ചകാലമെത്തുമ്പോഴേക്കും അവളെപ്പോലെ പുഴയും വരണ്ട് ഉണങ്ങി വിണ്ടുകീറി വറ്റിപ്പോയിരുന്നു. പുഴയ്ക്കുണ്ടാകുന്ന ജൈവപരിണാമങ്ങൾ ഭാരതിയുടേതുമായി സമരസപ്പെടുന്നു. ഇ.വി. ശ്രീധരന്റെ എല്ലാം അറിയുന്ന പുഴയിലെ വിമല എല്ലാമറിയുന്ന പുഴയിൽ, എല്ലാമൊളിപ്പിക്കുന്ന പുഴയിൽ ഉല്ലസിക്കുകയാണ്. പിന്നാലെ വരുന്ന ചതിയന്മാരായ പുരുഷാധികാരത്തിനു നേരെ ചരൽവാരിയെറിയാൻ ഇതിലെ മറ്റൊരു കഥാപാത്രമായ സതിക്ക് ധൈര്യം നൽകുന്നത് പുഴയാണ്. ഇവിടെ പുഴ പെണ്ണിന്റെ ആശ്വാസവും ശക്തിയും സ്വാതന്ത്ര്യവുമായി മാറുന്നു. രാജീവ്കുമാറിന്റെ 'പങ്കായം' എന്ന കഥയും സതീഷ് ബാബുവിന്റെ 'കർക്കിടം' എന്ന കഥയും പ്രകൃതിയെയും സ്ത്രീയെയും ഇഴചേർത്ത് അവതരിപ്പിക്കുന്നുണ്ട്.

ബാലകൃഷ്ണൻ മാങ്ങാടിന്റെ 'മഴപെയ്യുന്നു' എന്ന കഥയിലെ സാവിത്രി പ്രകൃതിയുമായ് അഭേദ്യമായ ബന്ധം പുലർത്തുന്ന പെൺകുട്ടിയാണ്. തന്റേതുമാ

ത്രമായ രീതിയിൽ ഞാറുനടുന്ന അവൾ പുരുഷാധികാരത്തിന്റെ എതിർപ്പിനു പാത്രമാവുന്നു. തന്നെ കീഴടക്കാൻ വരുന്ന പുരുഷ ഭാവത്തിനുമുമ്പിൽ അവളുടെ രൂപം വലുതായി ശരീരത്തിൽനിന്നും തീജ്വാലകൾ വമിക്കുന്നതായി അടയാളപ്പെടുത്തുന്നുണ്ട്. ഒടുവിൽ ഉറച്ച കാൽവയ്പോടെ അവൾ താഴ്വരിലേക്ക് നടക്കുകയാണ്. ഭർത്താവിനോടുള്ള സ്നേഹമാണ് അവളുടെ ശക്തി. എന്നാൽ നെറികേടുകാണിക്കുന്ന പുരുഷന്റെ അധമചിന്തയെ അവൾ പ്രതിരോധിക്കുന്നുമുണ്ട്. എൻ. പ്രഭാകരന്റെ 'ഭഗവതി' എന്ന കഥയും പി. സുരേന്ദ്രന്റെ 'ഭൂമിയുടെ നിലവിളി'യും എടുത്തുപറയേണ്ട കഥകളാണ്.

അംബികാസുതൻ മാങ്ങാടിന്റെ കഥകളിലും പരിസ്ഥിതിക്കും സ്ത്രീക്കും മേൽ പുരുഷവർഗ്ഗം നടത്തുന്ന അധിനിവേശങ്ങളെ അതിന്റെ ദൂഷ്യഫലങ്ങളെ അവതരിപ്പിക്കുന്നുണ്ട്. കഥാകൃത്ത് തന്നെ കേന്ദ്രസ്ഥാനത്തുവരുന്ന ഒരു കഥയാണ്. 'പൊട്ടിയമ്മത്തെയ്യം'. ഈ കഥ പലതരം വായനകൾ സാധ്യമാക്കുന്നുണ്ട്. പൊട്ടിയമ്മയെക്കുറിച്ച് കഥയെഴുതാനുള്ള കഥാകൃത്തിന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടാണ് കഥയാരംഭിക്കുന്നത്. പൊട്ടിയമ്മ, പാറുവമ്മ, എന്നീ രണ്ട് കീഴാള സ്ത്രീകളുടെ ജീവിതവും പരിസ്ഥിതിനാശം അവരുടെ ജീവിതത്തിലുണ്ടാക്കിയ ദുരന്തവും ഈ കഥയിൽ അനാവരണം ചെയ്യപ്പെടുന്നു. തെയ്യസങ്കല്പവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു വികാസമാണ് കഥ പിന്തുടരുന്നത്. തെയ്യമായി ത്തീർന്ന പൊട്ടിയമ്മയുടെ കഥ തോറ്റമ്പാട്ടിലുണ്ടെന്ന് കഥാകൃത്ത് ഓർമ്മിപ്പിക്കുന്നു. 'കീക്കണം' എന്ന പ്രദേശത്ത് കുട്ടികളില്ലാത്ത ഒരു ബ്രാഹ്മണകുടുംബം ഉണ്ടായിരുന്നു. ഒരിക്കൽ മാടായിക്കാവിൽനിന്നും കീഴൂർ ശാസ്താവിനെ തൊഴാൻ വന്ന ഒരു തിയ്യക്കുടുംബം ഈ ഇല്ലത്തു വന്നു. അവർക്ക് ബ്രാഹ്മണൻ ശുദ്ധജലവും ഭക്ഷണവും നൽകി. രാത്രി ബ്രാഹ്മണന് സ്വപ്നദർശനമുണ്ടായി. ദാഹജലത്തിനുവന്ന അന്യജാതിക്കാർക്ക് മനവിട്ടുകൊടുക്കണമെന്നതായിരുന്നു ആ സ്വപ്നത്തിന്റെ പൊരുൾ. ബ്രാഹ്മണൻ അത് നിറവേറ്റി. ഇല്ലത്ത് കുടിപാർത്ത ആ തിയ്യക്കുടുംബത്തിൽ ആദ്യമുണ്ടായ സന്തതി ഒരു പൊട്ടിയായിരുന്നു. അവളെക്കൊണ്ട്

എല്ലാ പണിയും ചെയ്യിച്ചു. അലക്കലും കാളകളെ മേയ്ക്കലും അവളുടെ തൊഴിലായിരുന്നു. ''ഒരു ദിവസം അലക്കുക്കല്ലിന്മേൽ കുനിഞ്ഞുനിന്ന് പണിയെടുക്കുമ്പോൾ മുട്ടോളം വെള്ളത്തിൽ കുഴഞ്ഞുവീണു മരിച്ചു. അതല്ല, ഒർക്കാപ്പുറത്ത് പിന്നിൽ നിന്നേതോ പുരുഷൻ അവളുടെ നടുപ്പുറത്ത് ആഞ്ഞ് ചവിട്ടിയതാണ് എന്നും പാഠഭേദമുണ്ട്.''[46]. മരണശേഷം പൊട്ടിപ്പെണ്ണ് ദിവ്യത്വമുള്ള പൊട്ടിയമ്മത്തെയ്യമായി മാറി. ഈ പൊട്ടിയമ്മയുടെ ജീവിതത്തോട് സാമ്യമുള്ള കഥാപാത്രമാണ് പാറുവമ്മ. അവരും അലക്കുകാരിയായിരുന്നു. കീക്കണം തറവാട്ടിലെ പൊട്ടിയമ്മത്തെയ്യം കണ്ടിറങ്ങിയശേഷം പുത്യാനത്തെ കണ്ടങ്കോരനാണ് പാറുവമ്മയെ ഒരു തമാശയ്ക്ക് 'പൊട്ടിയമ്മേ' എന്ന് വിളിച്ചത്. പിന്നെ അത് കാര്യമായി പൊട്ടിയമ്മയെന്നത് പാറുവമ്മയുടെ വിളിപ്പേരായി. 1905-ൽ വടക്കേ മലബാറിനെ രണ്ടായിപ്പകുത്തുകൊണ്ട് ബ്രിട്ടീഷുകാരുടെ റെയിൽപ്പാളം വന്നപ്പോൾ വഴി വിലങ്ങിനിന്ന പൊട്ടിയമ്മക്കാവ് വെട്ടിനശിപ്പിച്ചു. മലബാറിലേക്കുള്ള റെയിലിന്റെ വരവാണ് പൊട്ടിയമ്മക്കാവ് നിലംപരിശാക്കിയത്. പൊട്ടിയമ്മയെപ്പോലെ പാറുവമ്മയും അലക്കുകാരിയായി. നാട്ടുകാരുടെ മുഴുവൻ വിഴുപ്പുമേറ്റി അതികാലത്ത് അവർ പുഴയിലെത്തി. എന്നാൽ യാദൃച്ഛികമായി, അവിവാഹിതയായ അവർ ഗർഭിണിയായി. എന്റെ കെർപ്പം ഭഗോതിത്തെയ്യം തന്നതാ എന്ന് പറഞ്ഞ അവരെ ജനങ്ങൾ കളിയാക്കി. ഒടുവിൽ മിക്കവാറും വീടുകളിൽ 'വാഷിംഗ്മെഷീൻ' വന്നു. കീക്കണം ഒരു നഗരമായി മാറി, പുഴ വറ്റിത്തുടങ്ങി, ഒരു കറുത്ത ലായനി പുഴയിൽ വന്നു. പുഴയ്ക്ക് ഇരുവശത്തുമുള്ളവർ ചതുപ്പ് മണ്ണിട്ടു നികത്തി. ഒടുവിൽ തൊഴിൽ നഷ്ടമായ പാറുവമ്മ ട്രെയിനിന് മുന്നിൽ ചാടി ആത്മഹത്യ ചെയ്തു. വടക്കേ മലബാറിൽ റെയിൽ വന്നപ്പോഴാണ് പൊട്ടിയമ്മക്കാവു നശിപ്പിക്കപ്പെട്ടത്. ഒരു നൂറ്റാണ്ട് കഴിഞ്ഞ് റെയിൽ ഇരട്ടിപ്പിക്കലിന്റെ സമയത്താണ് പാറുവമ്മ പാളത്തിൽ തലവച്ചത്. രണ്ടിടത്തും സമാനമായി പ്രത്യക്ഷപ്പെടുന്ന റെയിലിന് ചിഹ്നപരമായ പ്രാധാന്യം ദർശിക്കാം. സമൂഹം പൊട്ടിയമ്മയെയും പാറുവമ്മയെയും രാഷ്ട്രത്തിന്റെയും ദേശീയതയുടെയും അതിരുകളിലേക്ക് ഒതുക്കിനിർത്തുകയാണുണ്ടായത്.

ഒരു പക്ഷെ പെൺ ഓർമ്മകളുടെയും അനുഭവങ്ങളുടെയും കീഴാള ലോകങ്ങളെ അരികുവൽക്കരിക്കുന്ന ദേശീയശക്തിയുടെ, ആണധികാരത്തിന്റെ എതിർക്കപ്പെടാത്ത ഒരു ശക്തിയെ റെയിൽപ്പാളം പ്രതിനിധീകരിക്കുന്നതായി കാണാം. ആധുനികയുഗത്തിൽ മുതലാളിത്ത സംസ്കാരത്തിന്റെ വിഴുപ്പുകൾ, പെൺശരീരത്തിൽ ആക്രമിച്ച് അവരിടുന്ന വിത്തുകൾ, വാഹനങ്ങളിലെയും, ഫാക്ടറികളിലെയും മാലിന്യങ്ങൾ എല്ലാം ഇന്ന് പ്രധാനമായ സാമൂഹിക-പരിസ്ഥിതി പ്രശ്നമാണ്. റെയിൽപ്പാളങ്ങൾ പണിയുമ്പോൾ ഭൂമിയുടെ ഉടയാടയാകുന്ന വൃക്ഷലതാദികൾ വെട്ടിമാറ്റപ്പെടുകയും ചെയ്യുന്നു. പുഴയുടെ വരൾച്ചയുമായി കോൺ ക്രീറ്റുപാലത്തിന്റെയും വാഷിംഗ്മെഷീന്റെയും വ്യാപനത്തെയും, കാടുവെട്ടിത്തെളിക്കലിനോട് റെയിൽപ്പാളത്തിന്റെ വരവിനെയും പ്രതീകാത്മകമായി ബന്ധിപ്പിക്കുമ്പോൾ അവിടെ വെളിപ്പെടുന്നത് പ്രകൃതിക്കുമേൽ സാങ്കേതികവിദ്യ നടത്തുന്ന കൈയേറ്റം തന്നെയാണ്. 'പൊട്ടിയമ്മത്തെയ്യം' എന്ന കഥയിൽ മണ്ണും പെണ്ണും ഒരേ സമയം ഒരേ രീതിയിൽ ചൂഷണം ചെയ്യപ്പെടുന്നത് കാണാം. പാറുവമ്മയുടെയും പൊട്ടിയമ്മത്തെയ്യത്തിന്റെയും കഥയെ കഥാനായകന്റെ ഭാര്യയുടെ അത്യദ്ധ്വാനവുമായി ബന്ധിപ്പിക്കുന്നിടത്ത് പാരിസ്ഥിതികസ്ത്രീവാദചിന്തയുടെ സ്വഭാവം പ്രകടമാകുന്നുണ്ട്. സമാന അനുഭവങ്ങൾ നേരിടുന്ന സ്ത്രീയുടെയും പ്രകൃതിയുടെയും സംരക്ഷണത്തിലൂടെ മാത്രമേ സാമൂഹിക ചുറ്റുപാടിൽ സമാധാനവും അഭിവൃദ്ധിയും പുലർത്താനാകൂ എന്ന ഒരു ഇക്കോഫെമിനിസ്റ്റ് ദർശനം ഈ കഥ മുന്നോട്ട് വയ്ക്കുന്നുണ്ട്.

### 2.2.4 കവിത

പെണ്ണും പ്രകൃതിയും മലയാളകവിതയിൽ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നത് എപ്രകാരമാണ് എന്നുള്ള പഠനത്തിൽ വെണ്മണിക്കവികളുടെ രചനകൾവരെ അധ്യായത്തിന്റെ ആദ്യഭാഗത്ത് വിശദീകരിച്ചു. അതിനാൽ ആധുനികകവിത്രയം മുതൽ പുതുകവിതകൾവരെയാണ് ഈ ഭാഗത്ത് പഠനവിധേയമാക്കുന്നത്.

പ്രകൃതിയിൽ നിന്നു ഭിന്നനല്ലാത്ത മനുഷ്യനെക്കുറിച്ചുള്ള വിശാലമായ സങ്കല്പമാണ് മലയാളകവിത ഉൾക്കൊള്ളുന്നത്. പലപ്പോഴും പ്രകൃതിയിൽ സ്ത്രീത്വം കൽപ്പിച്ച് ആരാധ്യദേവതയായും അവതരിപ്പിക്കപ്പെടുന്നു. പ്രകൃതി വർണ്ണനകളുടെ പേരിൽ ഏറെ വാഴ്ത്തപ്പെട്ട കവിയാണ് വള്ളത്തോൾ. പ്രകൃതിഗായകനെന്ന് വിശേഷിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കേരളീയതയെ കവിതയാക്കിയ വള്ളത്തോൾ പല രചനകളിലും പ്രകൃതിസത്തയെയും മനുഷ്യസത്തയെയും സമന്വയിപ്പിച്ചുകൊണ്ട് രചന നിർവഹിച്ചിരിക്കുന്നു. 'ഒരു തോണിയാത്ര', 'ഒരു ദിനാന്തസമരം' തുടങ്ങിയ കവിതകളിൽ കേരളത്തിന്റെ ഭൂപ്രകൃതി രമണീയമായി അവതരിപ്പിക്കപ്പെടുന്നുണ്ട്.

> ക്ഷണേന മാർഗ്ഗവ്യഥകൊണ്ടു കണ്ണും
> ചിമ്മിക്കിടക്കും മമ നെറ്റിതൻമേൽ,
> സച്ചിൽസുഖം തൂകിന നിദ്ര വന്നൂ
> ചുംബിച്ചിത,ൻപേറുമൊരമ്മപോലെ[47]

രാത്രിയെ വാത്സല്യമേകുന്ന ഒരമ്മയായാണ് 'ഒരു തോണിയാത്രയിൽ' കൽപ്പിച്ചിരിക്കുന്നത്

ആശാന്റെ മിക്ക കൃതികളും പ്രകൃതിസത്തയെയും മനഷ്യജീവിതത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള രചനാദർശനമാണ് മുന്നോട്ടുവയ്ക്കുന്നത്. 'വീണപൂവി'ൽ ഒരു പൂവ് വിരിഞ്ഞ് കൊഴിയുന്നതിനെ സൂചിപ്പിച്ച് അതിലൂടെ മനുഷ്യജീവിതത്തിന്റെ നശ്വരതയെ അടയാളപ്പെടുത്തുന്നുണ്ട്. നളിനിയെ താമരപ്പൂവായും ലീലയെ ചമ്പകപ്പൂവായും ആശാൻ വിശേഷിപ്പിച്ചിരിക്കുന്നു. ഭൂമിപുത്രിയായ സീതയും വാസവദത്തയും പ്രകൃതിയോടിണങ്ങി ജീവിക്കുന്നവരാണ്. *ചിന്താവിഷ്ടയായ സീത*യിൽ സീതയെ ഭൂമിയായും അവളുടെ കണ്ണീരിനെ കൊടും വർഷമായും വാല്മീകിയെ ശരത്ക്കാലമായും വിഭാവനം ചെയ്യുന്നുണ്ട്.

പെരുമാരിയിൽ മുങ്ങിമാഴ്കിടു-

ന്നൊരു ഭൂമിക്കു ശരർത്തുപോലവേ

പരമെന്നരികത്തിലെത്തിയ-

പ്പുരവിദ്യാനിധി നിന്നതോർപ്പൂ ഞാൻ[48]

അതിശക്തമായ മഴയിൽ മുങ്ങിനശിക്കാൻപോകുന്ന ഭൂമിക്ക് രക്ഷയായെത്തുന്നത് ശരത്ക്കാലമാണ്. അതുപോലെ കരഞ്ഞുതളർന്ന് കണ്ണീരിൽ മുങ്ങിയ സീതയെ രക്ഷപ്പെടുത്താൻ വാല്മീകിമഹർഷി എത്തുകയാണ്. ഇവിടെ സീത അനുഭവിക്കുന്ന ദുഃഖം ഭൂമിയുടെ സങ്കടങ്ങൾക്കൊപ്പമാണ്.

ഭാരതസംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും മഹത്വത്തിൽ അഭിമാനിച്ച ഉള്ളൂർ പിറന്ന മണ്ണിനോടുള്ള സ്നേഹം തുറന്ന് പ്രകടിപ്പിക്കുന്നുണ്ട്. ഭാരതീയ സംസ്കാരത്തെ നിരന്തരം അപലപിച്ചുകൊണ്ടിരുന്ന മിസ് കാതറീൻ മേയോ എന്ന അമേരിക്കൻ വനിത 'മദർ ഇന്ത്യ' എന്ന രചനയിൽ ഭാരതത്തിൽ സ്ത്രീകൾക്ക് മാന്യമായ സ്ഥാനം നൽകിയിരുന്നില്ല എന്ന് അഭിപ്രായപ്പെട്ടു. ഇതിനുള്ള മറുപടിയായി ഉള്ളൂർ രചിച്ച കൃതിയാണ് *ചിത്രശാല.* ഇതിൽ ഭാരതീയരുടെ സ്ത്രീത്വസങ്കല്പം ഉത്തമമാണെന്ന് പുരാണത്തിലെ സ്ത്രീകഥാപാത്രങ്ങളുടെ അവതരണങ്ങൾ എടുത്തുകാട്ടി പ്രഖ്യാപിക്കുന്നു കവി. *ഉമാകേരളം* മഹാകാവ്യത്തിൽ ഭൂമിയെ മാതാവായിട്ടുതന്നെയാണ് കവി സങ്കല്പിക്കുന്നത്. ഉദാഹരണമായി ഈ വരികളെടുക്കാം:

''അനഘത പെടുമമ്മേ! വാത്സല്യത്വത്തിനാൽ നിൻ

സ്തനഗിരികൾ ചുരത്തും നൽപ്പയസ്സല്പമെന്യേ

ദിനമനുപരിപാനം ചെയ്കയാൽ നിന്നിലുണ്ടാ-

മനവധി ചെറുധാന്യം പുഷ്ടിപൂണ്ടുല്ലസിപ്പൂ[49]

ഭൂമിമാതാവിന്റെ സ്തന്യമായ ജലം സ്വീകരിച്ചാണ് ചെറുധാന്യങ്ങൾ പോലും പുഷ്ടിയോടെ വളരുന്നത്. ഇത്തരത്തിൽ ഉള്ളൂരിന്റെ പല രചനകളിലും

പ്രകൃതിയുടെ മഹത്വത്തെ ഉയർത്തിക്കാട്ടുന്നതായും പ്രകൃതിക്ക് മാതൃഭാവം നൽകി അവതരിപ്പിക്കുന്നതായും കാണാം.

പ്രകൃതി സൗന്ദര്യത്തെക്കുറിച്ച് എത്ര പാടിയാലും മതിവരാത്ത കവിയാണ് പി. കുഞ്ഞിരാമൻ നായർ. മൂലപ്രകൃതിയെ ജീവന്റെ താളമായിക്കണ്ട കവിയുടെ പ്രകൃതിദർശനം കാവ്യകന്യകയുമായി സാമ്യം പ്രാപിക്കുന്നുണ്ട്.

എങ്ങുമറഞ്ഞുവോ മന്നിന്റെ അർച്ചന-
യേൽക്കുവാൻ നിൽക്കാതെ വാസന്ത ദേവിയാൾ[50]

കേരളീയ ഗ്രാമഭംഗിയുടെ പാട്ടുകാരനായ പി. കുഞ്ഞിരാമൻനായർ പ്രകൃതിയെ സംസ്കൃതിയുമായി അടയാളപ്പെടുത്താനാണ് ഓരോ കാവ്യത്തിലും ശ്രമിച്ചത്. ഫ്യൂഡൽ കാല്പനിക ഭൂതകാലത്തിന്റെ സ്മൃതിചിത്രങ്ങൾ നിറഞ്ഞ 'സൗന്ദര്യപൂജ'യാണ് ഇതിന്റെ മികച്ച മാതൃക.[51]

തൂവെളിച്ചം മെഴുകിയൊരംബരാങ്കണ വീഥിയിൽ
കതിർക്കറ്റ ചുമന്നെത്തിക്കിതയ്ക്കും മുഗ്ധസന്ധ്യകൾ
ദൂരെ നിന്നും വരൻ വന്ന പെൺകിടാവു കണക്കിനെ
അഴകിൻ മാറ്റിരട്ടിച്ചു നിന്നൂ പേരാറ്റു വീഥികൾ[52]

ഇവിടെ സന്ധ്യയെ കതിർക്കറ്റ ചുമന്നെത്തുന്ന പെൺകിടാവായി കല്പിക്കുന്നു. വരനെ കാത്തുനിൽക്കുന്ന പെൺകിടാവായി പേരാറ്റിന്റെ വീഥികളെയും സങ്കല്പിക്കുന്നു. ഈയൊരു അവതരണം പ്രകൃതി-സ്ത്രീ സമീകരണത്തിന് നിദർശനമാണ്.

ഇടശ്ശേരിയാകട്ടെ ചോലകളെ നാട്ടുകന്യകമാരായാണ് കല്പിക്കുന്നത്.

മേട്ടിലും വയലിലും കൂത്താടിക്കൊണ്ടേ നിൽക്കും
നാട്ടു ചോലകളായ കന്യകമാരേ കേൾപ്പിൻ

തളകൾ വളകളും കിലുക്കിപ്പാറക്കെട്ടിൽ
കുലുങ്ങിച്ചിരിച്ചോടി മുത്തുകൾ ചിന്തി
നിങ്ങൾക്കും വിഹരിക്കാമിനിയും കാലേകാലേ[53].

'ഭാരതപ്പുഴ' എന്ന കവിത സ്വാതന്ത്ര്യസമരകാലത്ത് സമരാവേശത്താൽ പ്രചോദിതനായി രചിച്ചതാണ്. ഇതിൽ ഭാരതപ്പുഴയെ ഒരു സ്ത്രീയുടെ രൂപഭാവങ്ങളോട് സാദൃശ്യപ്പെടുത്തുന്നു.

ചിലനാൾ മുമ്പൊരു വിലാസിനിപോലെ
സ്ഖലൽപദയായും മനോഹാരിയായും
തനുസുഷമയെ തടയാത്ത മഞ്ഞാം
നനുത്തൊരീറൻ പാവുരസ്സിൽച്ചാർത്തിയും.
പുലരിയി, ലന്തിയക്കലരിപ്പൂ ശോണ-
ജലദച്ഛായയാലണിഞ്ഞും വേണിയിൽ
മലയജച്ചാറിൻ കുളിർ മെയ്യിൽപ്പൂണ്ടും
വിലസിനാളിവളനുകൂലയായൊഴുകും.[54]

വിലാസിനിയെപ്പോലെയും മനോഹരിയായും ശിരസ്സിൽ പാവുചാർത്തിയവളായും പുലരിയിലും അന്തിക്കും ശോണവർണ്ണമണിഞ്ഞും കാണപ്പെട്ട ഈ നദി അനുകൂലയായിട്ടാണ് വിലസിയിരുന്നത്. ഒടുവിൽ നദീദേവി മാന്യയുവാക്കളോട് ഇങ്ങനെ പറയുന്നുണ്ട്. മലർനിരകളും മലയജച്ചാറും മധുരഹാസവും ഉണ്ട പഴയ നല്ല നാളുകൾ മറക്കുക. ഇനി വരും കാലം നല്ലതല്ല ഒപ്പം പരസ്പരം മുട്ടിച്ചിതറിച്ചിന്നേണ്ടുന്ന തിരത്തല്ലിനുള്ള ഒരുക്കമാണെങ്ങും. അതിനാൽ സ്വന്തം കർത്തവ്യങ്ങൾ ചെയ്യാൻ നിറഞ്ഞതാരുണ്യത്തെ ഒരു മാതൃഭാവത്തോടെ ഉപദേശിക്കുകയും ചെയ്യുന്നു.

'കുറ്റിപ്പുറം പാലം' എന്ന കവിതയിൽ ഇടശ്ശേരി

ആടോപത്തോടിവൾ പേമഴയി
ലാകെത്തടം കുത്തിപ്പാഞ്ഞു നിന്നു

എന്ന് പേരാറിന് മാതൃഭാവം കല്പിക്കുന്നുണ്ട്.

കളിയും ചിരിയും കരച്ചിലുമായ്-
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബ, പേരാറേ, നീ മാറിപ്പോമോ
ആകുലയാമൊരഴുക്കു ചാലായ്?[55]

കുറ്റിപ്പുറം പാലത്തിനുമേൽ കയറിനിന്ന് താഴെ ഒഴുകുന്ന നദിയെ നോക്കിയപ്പോൾ കവിയുടെ മനസ്സിലുണ്ടായ സന്തോഷവും വിമ്മിട്ടവും കൂടിക്കലർന്ന ഒരു കവിതയാണിത്. മുമ്പ് പച്ചപ്പാർന്ന ഗ്രാമലക്ഷ്മി ഇന്ന് മനുഷ്യരുടെ പ്രവൃത്തിയാൽ അകലേക്ക് മറയുകയാണ്. ശിലയും കരിയും സിമന്റും പെട്രോളും എല്ലാം ചേർന്ന് നാടിനെ മാറ്റി മറിക്കുന്നു. ഒപ്പം പുഴയും മാറ്റപ്പെടുന്നു. ഇന്ന് പുഴയനുഭവിക്കുന്ന വേദനയെ മറികടക്കാൻ അവൾക്കാകുമോ അതോ മനുഷ്യൻ ഒരു യന്ത്രമായാൽ അംബ പേരാറേ നീ ഒരു അഴുക്കുചാലായ് മാറിപ്പോകുമോ എന്ന് പരിസ്ഥിതിചിന്തക്ക് പ്രാധാന്യം നൽകി നദിയെ മാതൃസ്വത്വത്തോട് ഉപമിച്ച് കവി ചോദിക്കുന്നു. ഇതുപോലെ 'വധു' എന്ന കവിതയിലും പേരാറിനെ ഒരു സ്ത്രീയോട് സാമ്യം കല്പിക്കുന്നുണ്ട്. നീ മഹാശൈലത്തിൻ പുത്രിയല്ലേ എന്നും ഭീമാംബുധിയ്ക്കുറ്റ റാണിയാളേ എന്നും സംബോധന ചെയ്യുന്നു. മക്കളായ കർഷകരെപ്പോറ്റുവാൻ നിന്റെ മാറുയർന്നിടണേ എന്നു പറയുന്നുണ്ട് കവി. ഒടുവിൽ പേരാറിനെ സ്നുഷയായ് ആദരിക്കാൻ കർഷകൻ കാത്തുനിൽക്കയാണ് എന്ന് കവി പറഞ്ഞുവയ്ക്കുമ്പോൾ നദിയെ ഒരു വധുവായ് സങ്കല്പിക്കുകയാണ് ചെയ്യുന്നത്.[56]

വൈലോപ്പിള്ളിയെ സംബന്ധിച്ചെടുത്തോളം പരിസ്ഥിതി പ്രശ്നങ്ങൾ എന്നത് ജീവിതദർശനത്തിന്റെയും സാമൂഹികദർശനത്തിന്റെയും ഭാഗമാണ്.

കീഴടക്കുന്നൂപോലും മനുജൻ പ്രകൃതിയെ
കീഴടക്കാതെ, സ്വയമങ്ങു കീഴടങ്ങാതെ
അവളെ സ്നേഹത്തിനാൽ സേവിച്ചു വശയാക്കി
യരിയ സഖിയാക്കി വരിച്ചു പാലിക്കുകിൽ
നാം ഭുജിക്കില്ലേ, നിത്യാമാവരദയോടൊത്തു
ദാമ്പത്യസുഖം പോലെ കായ്മുറ്റുമൊരുസുഖം[57]

എന്ന് കവി എഴുതുമ്പോൾ വികസനസങ്കല്പത്തിന്റെ ആണിക്കല്ല് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പരബന്ധത്തിലൂന്നിക്കൊണ്ടുള്ളതാകണം എന്ന് വെളിപ്പെടുന്നു. ഇവിടെ ഭൂമിയെ സ്ത്രീയായിട്ടുതന്നെയാണ് വരച്ചുകാട്ടുന്നത്.

മനഃശാസ്ത്രത്തിനും സാങ്കേതികവിദ്യക്കും മർത്യപുരോഗതി വരുത്താനാകും എന്ന് വിശ്വസിച്ചിരുന്ന വൈലോപ്പിള്ളിയുടെ പരിസ്ഥിതിദർശനം അദ്ദേഹത്തിന്റെ കവിതകളിൽ പ്രകടമാണ്. 'ജലസേചനം' എന്ന കവിതയിൽ ഗോപന്മാരുടെ ദുഃഖം കേട്ട ഹലായുധൻ ഊഴിയെ  പുഷ്ടയാക്കാനുള്ള നന്മ മരുന്നായി കാളിന്ദിയിലെ ജലം വഴി തിരിച്ചുവിടാൻ തീരുമാനിക്കുന്നു.  എന്നാൽ നദി ആ അപേക്ഷ കൈക്കൊള്ളുന്നില്ല.  കുപിതനായ ഹലായുധനൻ ഇങ്ങനെ ആക്രോശിക്കുന്നു.

''പട്ടിണി പാരിനെത്തിന്നവേ, നീ വെള്ള
പ്പട്ടുകിടക്ക വിടില്ലയെന്നോ?
നീറിടുമുർവിതൻ ജീവനം കൊണ്ടുപോയ്
നീ വെറുമുപ്പിൽ കലക്കുമെന്നോ
വൻകരിങ്കള്ളിയാം കാളിന്ദി, നിന്നെ ഞാ-
നെൻ കരികൊണ്ടു വലിച്ചിഴയ്ക്കും.[58]

ഒരു കാല്പനികഭാവനയിൽ പ്രകൃതിയെ സ്ത്രീയായ് കാണാനാണ് കവി ശ്രമിച്ചത്. എന്നാൽ പ്രകൃതി സ്ത്രീയായിരിക്കുമ്പോൾ അവളുടെ രക്ഷകനായ,

നിയന്താവായ ഒരു പുരുഷരൂപമായി കവി സ്വയം പ്രതിഷ്ഠിക്കുകയാണ്. ഇവിടെ പ്രകൃതി സ്ത്രീ പുരുഷ സങ്കല്പം പുരുഷകേന്ദ്രിതമായ സമൂഹഘടനയുടെ പ്രത്യയശാസ്ത്രത്തെയാണ് എടുത്തുകാണിക്കുന്നത്. പ്രകൃതി എന്ന സ്ത്രീ സ്വത്വത്തെ കീഴ്പ്പെടുത്തി പുരുഷമേധാവിത്തം നേടുന്ന പുരോഗതിയുടെ ചിഹ്നങ്ങളായാണ് കവിത ആവിഷ്കരിക്കപ്പെടുന്നത്. മദ്യപാനത്താൽ മദോന്മത്തനായ ബലരാമനെ ഹലായുധൻ എന്നാണ് കവി സംബോധന ചെയ്യുന്നത്. കാളിന്ദമഹർഷിയുടെ കന്യകയായ കാളിന്ദി നദി തന്നെ അനുസരിക്കാൻ തയ്യാറാകാത്തതിനാൽ പുരുഷന്റെ അധികാരചിന്തയാൽ അവളെ നിന്ദിക്കുന്നു. കന്യ, അങ്കുശമേറ്റ കരിണി, ഹലാഘാതം സഹിക്കുന്ന ധരിത്രി, തുടങ്ങിയ സ്ത്രൈണ ചിഹ്നങ്ങൾ പ്രകൃതിക്കുമേൽ, കാളിന്ദിക്കുമേൽ ആരോപിക്കപ്പെടുമ്പോൾ പുരുഷനു കീഴ്പ്പെടുത്താൻ വിധിക്കപ്പെട്ടതാണ് ഈ പ്രകൃതി എന്ന ഒരു വിശ്വാസം കൂടി തെളിഞ്ഞുവരുന്നു. ഇതോടനുബന്ധമായി വായിക്കാവുന്ന ചില പുകഴ്ത്തലുകൾ പുരുഷത്വത്തിനും ഇവിടെ നൽകപ്പെടുന്നുണ്ട്. നിന്ദാഹങ്കാരത്തെ ഭേദിക്കുന്ന, ഹലായുധന്റെ വൻകരി, പാർത്തട്ടിൻ നന്മയ്ക്കായ് സീരമാർന്നോൻ തുടങ്ങിയ വിശേഷണങ്ങളാൽ ഹലായുധനെ കവി വാഴ്ത്തുകയും ചെയ്യുന്നു.

കവിതയെ സാധാരണക്കാരനുമായി അടുപ്പിക്കാൻ ശ്രമിച്ച കവിയാണ് എൻ.വി. കൃഷ്ണവാര്യർ. വൈകാരികവും ചിന്താപരവുമായ ഒരു സമീപനമാണ് കവിക്ക് പ്രകൃതിയോടുണ്ടായിരുന്നത്. പഴമയിലേക്കുള്ള തിരിച്ചുപോക്കിനേക്കാൾ പഴമയുടെ പുനർജീവനത്തേക്കാൾ പഴയതിൽ മേന്മ പുലർത്തുന്നവയെ ഉൾക്കൊള്ളുകയാണ് വേണ്ടതെന്ന് എൻ.വി. കൃഷ്ണവാരിയർ സൂചിപ്പിക്കുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുണ്ടാകേണ്ട സഹജീവനത്തിന്റെ പ്രാധാന്യത്തെ മറന്ന് മനുഷ്യൻ പ്രകൃതിയെ തന്റെ ഇച്ഛയ്ക്കനുസരിച്ച് രൂപപ്പെടുത്തിയെടുക്കുമ്പോൾ ഉണ്ടാകുന്ന ദുരന്തങ്ങൾ എൻ.വി. കൃഷ്ണവാര്യരുടെ പല കവിതകളിലെയും പ്രമേയമാണ്.

'നാടെവിടെ മക്കളേ, മേടെവിടെ മക്കളേ' എന്ന കവിതയിൽ ഈ കാലഘട്ട ത്തിന്റെ പാരിസ്ഥിതിക പ്രതിസന്ധികളെ ചൂണ്ടിക്കാണിക്കുകയാണ് അയ്യപ്പപ്പണി ക്കർ. വ്യക്തിയും സമൂഹവും നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് എന്നും ആ കവിത ദുഃഖം പൂണ്ടിരുന്നു. അതിൽ പ്രകൃതിക്കേൽക്കുന്ന ആഘാതങ്ങൾ പ്രഥമ സ്ഥാനം വഹിക്കുന്നതായും കാണാം. പലപ്പോഴും പ്രകൃതിനശീകരണത്തിന് കാര ണമാകുന്നത് മനുഷ്യന്റെ അത്യാർത്തിയും വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികളു മാണ്.

'കൊന്നും മരിച്ചും ഭരിച്ചും പ്രകൃതി തൻ
സ്തന്യം പോരാഞ്ഞു സ്തനം തന്നെ മാന്തുന്ന
കുഞ്ഞുവേതാളങ്ങൾ പിൻതുടർന്നാർക്കവേ'[59]

'ഉദയാസ്തമനം' എന്ന കവിതയിൽ മനുഷ്യന്റെ ആത്മസുഖലോഭം പ്രകൃ തിയെ എങ്ങനെ നശിപ്പിക്കുന്നു എന്ന് വ്യക്തമാക്കുന്നു. ഒ.എൻ.വിയുടെ 'ഭൂമിക്ക് ഒരു ചരമഗീത'ത്തിലെ 'നിൻ നഗ്നമേനിയിൽ നഖം താഴ്ത്തി മുറിവുകളിൽ നിന്നു തിരുമുധിരമവർമോന്തി' എന്ന വരികളോട് ചേർത്തു വായിക്കാവുന്ന വരികളാണി വ. പരസ്പരം കൊന്നും ഭരിച്ചും പ്രകൃതി കനിഞ്ഞുനൽകുന്ന വിഭവങ്ങൾ മതിയാ കാഞ്ഞ് അവളിലെ പച്ചപ്പിനെ ഇല്ലാതാക്കുന്ന ഭൂമിയുടെ സ്തനങ്ങളാകുന്ന കുന്നു കളെ ഇടിച്ചുനിരത്തി മനുഷ്യക്കുഞ്ഞുങ്ങളാകുന്ന വേതാളങ്ങൾ ആർത്തുനടക്കുക യാണ്. ഭൂമിയുടെ സ്തനമാകുന്ന കുന്നിൽനിന്നും ഊറിവരുന്ന പാല് നദികൾ തന്നെയാണ്. ഇന്നത്തെ സമൂഹത്തിൽ പലപ്പോഴും സ്വന്തം അമ്മയെത്തന്നെ ഉപ ഭോഗവസ്തുവാക്കുന്ന ഒരു രീതി ചുറ്റിലും കാണുന്നുണ്ട്. ഭൂമിയേയും സ്ത്രീയേ യും ഒരേ രീതിയിൽ പീഡനമനുഭവിക്കുന്നവളായി ഇവിടെ അവതരിപ്പിക്കുന്നു.

ഒരു മഹാദാഹമായലയുമീ ഭൂമിയുടെ വിരിമാറിൽ
വിരിമാറിലുണരുന്ന മുലഞെട്ടിലെ തുടു
നിറമായി ഞെട്ടിത്തരിച്ചതു ചുരന്ന പാലിന്റെ

മണമായി മണമതു നുണയ്ക്കുന്ന ശിശുവിന്റെ

ചുണ്ടിലൊരു രുചിയായി രുചിയുടെ സ്മൃതിയായി മാറുന്നു.[60]

പ്രകൃതിയുടെ ഓരോ അംശത്തിലും ആഴ്ന്നിറങ്ങാൻ ശേഷിയുള്ള ചിന്താ ശൈലിയുള്ള കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. കവിതയെ ജനമനസ്സുകളോട് ഏറെ അടുപ്പിക്കാൻ ശ്രമിച്ച ആധുനിക കവികളിലൊരാളാണ് അദ്ദേഹം. പാരമ്പര്യത്തിന്റെ സൂക്ഷ്മതലങ്ങളോട് ഗാഢബന്ധം പുലർത്തുന്ന ആ കവിതകൾ നാടോടി സംസ്കാരത്തെ ആവോളം ഉൾക്കൊള്ളുന്നവയാണ്. പ്രകൃതിയോടും ഭൂമിയോടും ഹൃദയബന്ധം പ്രകടിപ്പിക്കുന്നുണ്ട് കടമ്മനിട്ട. താൻ വലിയവൻ എന്നൂറ്റം കൊള്ളുന്ന നാഗരിക മനുഷ്യനെ ചോദ്യം ചെയ്യുന്ന കഥാപാത്രമാണ് കുറത്തി. ഈ കുറത്തി ഒരേസമയം ഒരു സാധാരണസ്ത്രീയുടെയും വേദനിക്കുന്ന പ്രകൃതിയുടെയും പ്രതിരൂപമായി മാറുന്നുണ്ട്. മല തുരന്നുപോവുകയാണ് പുതിയ മനുഷ്യർ. പ്രകൃതിയുടെ സ്തനങ്ങളാണ് മലകൾ എന്നാണ് പറയപ്പെടുന്നത്. ഇവിടെ കുറത്തിയാകട്ടെ മുല പറിച്ചു വലിച്ചെറിഞ്ഞ് മേലാളഭാവത്തിനെതിരെ പ്രതികരിക്കാൻ തയ്യാറായി നിൽക്കുന്നു. 'ശാന്ത'യാകട്ടെ വറുതി ബാധിച്ച ഭൂമിയുടെ വ്യത്യസ്തങ്ങളായ മുഖങ്ങൾക്ക് നേരെ തുറന്നു പിടിച്ച കണ്ണാടിയായി നിൽക്കുന്നു.

''എന്ത് കുളിക്കാൻ വെള്ളമില്ലെന്നോ? കുടിക്കാൻ പോലും

വെള്ളമില്ലാഞ്ഞിട്ട് കുട്ടികളെ കുളിപ്പിച്ചില്ലന്നോ?[61]

എന്ന് വരൾച്ചയും ക്ഷീണവും ബാധിച്ച ഭൂമിയുടെ ചിത്രം തന്നെയാണ് ശാന്തയുടെ അവതരണത്തിലൂടെ കാണിക്കുന്നത്. ആകെ നീറി പുകഞ്ഞു കത്തുന്ന കൊടും വേനലിനു നടുവിൽ ഉർവ്വരതയാർന്ന് നാളയെക്കുറിച്ചുള്ള ശുഭചിന്തയായി ശാന്ത നിലകൊള്ളുകയാണ്. ആ കണ്ണുകളിലെ തിളക്കമണഞ്ഞാൽ പിന്നെ നമുക്ക് പ്രതീക്ഷകളില്ലാതാകുന്നു. ഇവിടെ പ്രകൃതിയുടെ പച്ചപ്പും ശാന്തയുടെ മനസ്സിലെ തെളിമയും ഒന്നായി മാറുന്നു. എങ്കിലും കടമ്മനിട്ടക്കവിതകളിൽ മേൽക്കൈ പുരുഷബിംബത്തിനു തന്നെയാണ്.

സച്ചിദാനന്ദന്റെ കവിതകൾ പലതും ശക്തമായ പാരിസ്ഥിതികബോധം പുലർത്തുന്നവയാണ്. 'വിലങ്ങനിൽ' എന്ന കവിതയിൽ ഹൃദയത്തിലെ പച്ചപ്പിന്റെ പ്രതീകമായി വിലങ്ങൻ കുന്ന് അവതരിപ്പിക്കപ്പെടുകയാണ്. രോഗമില്ലാത്ത ഭൂമിക്കു വേണ്ടി ഒത്തു ശ്രമിക്കാം എന്ന് പറയുന്ന 'കയറ്റം' ഭൂമിയെ സംരക്ഷിക്കാൻ കഴിയും എന്ന ആത്മവിശ്വാസത്തിൽ നിന്നുടലെടുക്കുന്ന കവിതയാണ്. 'നെല്ല്' എന്ന കവിതയിൽ[62] കവിയെ എന്നും മോഹിപ്പിക്കുന്ന, പ്രലോഭിപ്പിക്കുന്ന നിലനിർത്തുന്ന ഒരു ശക്തിചൈതന്യമാകുന്നു 'നെല്ല്'. ഈ നെല്ലിനുള്ളിലേക്ക് ഭൂമിയുടെ വാത്സല്യം കയറിവന്നിട്ടാണ് അതിൽ അരിയുണ്ടാകുന്നത്. പ്രകൃതിയുടെ ദുഗ്ധം മനുഷ്യന്റെ ജീവനെ നിലനിർത്തുന്നു. ഈ നെല്ല്, അന്നം പണ്ട് മുത്തശ്ശന്മാരെയും മോഹിപ്പിച്ചു. ഉത്സവങ്ങളെ മോടിപിടിപ്പിച്ചവളായി, ലോകത്തിന്റെ പല കോണിലേയ്ക്കും സമ്പാദ്യം നേടാൻ മനുഷ്യനെ ഓടിക്കുന്നവളായി, പ്രാണൻ നിലനിർത്തുന്നവളായി മാറുന്നു. നെല്ലിനെ ഒരു സ്ത്രീയുടെ പ്രവൃത്തികളോട് ചേർത്തവതരിപ്പിക്കുന്നു. ഭൂമിയിൽ അന്നമില്ലാതെ ജീവിതമില്ല. കുടുംബത്തിൽ സ്ത്രീയില്ലാതെ നിലനിൽപ്പുമില്ല. ജീവനുവേണ്ടിയുള്ള ഒരുപിടിച്ചോറും വീടിനു താങ്ങായി മാറുന്ന സ്ത്രീയും തള്ളപ്പെടേണ്ടവരല്ല എന്ന് ഈ വരികളിലൂടെ വായിക്കാവുന്നതാണ്.

പ്രകൃതിയും മനുഷ്യനും ഒന്നുചേർന്ന് ജീവിക്കുമ്പോൾ മാത്രമെ ഭൂമിയിലെ വാസം സ്വർഗ്ഗതുല്യമാവുകയുള്ളൂ എന്ന് ചിന്തിക്കുന്ന ആധുനികകവിയാണ് ഡി. വിനയചന്ദ്രൻ. പ്രകൃതിയോടും അതിലെ ജൈവാജൈവഘടകങ്ങളോടും ചേർന്നു സഞ്ചരിക്കുന്ന രചനകളാണ് അദ്ദേഹത്തിന്റേത്. ആ കവിതയെ ചൈതന്യവത്താക്കുന്നത് ഭൂമിയും അതിന്റെ പ്രതീകങ്ങളുമാണ്. ''മല, കാട്, മഴ, പുഴ, കാറ്റ്, പൂവ് എന്നിങ്ങനെയുള്ള പ്രകൃതിവസ്തുക്കളായും പെണ്ണ് എന്ന പ്രകൃതിയുടെ സമഗ്രപ്രതിബിംബമായും അത് വിനയചന്ദ്രന്റെ കവിതയിൽ നിറഞ്ഞുനിൽക്കുന്നു. പ്രകൃതിയോടും ജീവിതത്തോടുമുള്ള ആസക്തിയും അഭിനിവേശവുമാണ് ആ കവിതയിൽ സ്ത്രീയിലൂടെയും സ്ത്രൈണബിംബങ്ങളിലൂടെയും ആവർത്തിച്ചാവർത്തിച്ച്

സ്ഫുടീകരിച്ചെത്തുന്നത്. പ്രകൃതിധ്വംസകമായ എല്ലാറ്റിനെയും അതുകൊണ്ട് ജീവിതവിരുദ്ധമായും കവി കാണുന്നു. അങ്ങനെ പ്രകൃതി, ജീവിതം, സ്ത്രീ എന്നീ സവിശേഷത്തിലൂന്നിയാണ് വിനയചന്ദ്രന്റെ കവിത ലോകാന്തരയാത്ര നടത്തുന്നത്.[63]

മനുഷ്യകുലത്തിന്റെ നിലനിൽപ്പിന് പ്രകൃതി സംരക്ഷിക്കപ്പെട്ടേ മതിയാകൂ എന്നു തിരിച്ചറിഞ്ഞ കവയിത്രിയാണ് സുഗതകുമാരി. പ്രകൃതിക്കും ഭൂമിക്കും സ്ത്രീത്വം കല്പിച്ച് രചിക്കപ്പെട്ട ഒട്ടേറെ കവിതകൾ സുഗതകുമാരിയുടേതായിട്ടുണ്ട്. പരിസ്ഥിതിപരമായും സ്ത്രീവാദപരമായും പ്രാധാന്യമുള്ള കവിതകളിലൂടെ കേരളത്തിലെ സ്ത്രീസ്വത്വം നേടിയ ജാഗരണത്തിന്റെ പ്രതിബിംബത്തെ അടയാളപ്പെടുത്തുന്നു. കുടുംബത്തിന്റെയും മനസ്സിന്റെയും അകത്തളങ്ങളിൽ ഒതുങ്ങിക്കൂടാതെ തന്റെയും മറ്റുള്ളവരുടെയും ഒപ്പം പ്രകൃതിയുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പുറംലോകത്തേക്കിറങ്ങുന്നവളാകുന്നു ഈ കവിതയിലെ സ്ത്രീപ്രതിനിധാനങ്ങൾ. ഉല്പാദനപ്രക്രിയയിൽ, സൃഷ്ടിപ്രക്രിയയിൽ അനുഭവങ്ങളുടെ തീവ്രതയിലും, പ്രകൃതി-ഭൂമി-സ്ത്രീ എന്നീ ത്രിത്വം സമീകരിക്കപ്പെടുന്നതായി അനുഭവപ്പെടുന്നു. സ്ത്രീസ്വത്വബോധത്തിൽ നിന്നും വ്യത്യാസമുള്ളതല്ല പ്രകൃതിയുടെ സ്വത്വം എന്ന തിരിച്ചറിവ് സുഗതകുമാരിയുടെ കവിതകളുടെ അടിസ്ഥാനസങ്കല്പങ്ങളിലൊന്നാണ്. ആദ്യകാലത്ത് രചിച്ച 'വേലിയേറ്റത്തിൽ' എന്ന കവിതയിൽ

ശുദ്ധവായുവിനായി വെളിച്ചത്തിനായ് സുഖ
സ്വപ്നഭൂഷിതയായ സൗമ്യയാം നിദ്രയ്ക്കായി
ഒരുനിശ്ചയത്തിന്റെ തോളത്തു ചായാനായി
ട്ടൊരു പാഴ് നെടുവീർപ്പിൻ നിർഭയമുക്തിക്കായി [64]

എന്ന് ആഗ്രഹിച്ചുനിൽക്കുന്ന സ്ത്രീത്വം കാലത്തിനിപ്പുറം 'തുലാവർഷപ്പച്ച'യിൽ

''വെയിലും പൊടിക്കാറ്റു
മെത്തിടും ചൂടിൻ കരിമ്പാറയിൽ മുഖം ചേർത്തു
തളർന്നു വീണ്ടും ശുഷ്കം മാറുമായ് കണ്ണീർ വറ്റി
മലർന്നു കിടന്നുമിവളാം തീരാദുഃഖം''[65]

എന്ന അവസ്ഥയിലെത്തുമ്പോൾ സ്ത്രീയും പ്രകൃതിയും പ്രത്യക്ഷത്തിൽത്തന്നെ സമീകരിക്കപ്പെടുന്നതായി അനുഭവപ്പെടുന്നു. 'തെംസ്നദിയോട്' എന്ന കവിത യിലെ അവതരണം ഇന്ത്യയിലെ സാമൂഹ്യഅവസ്ഥകളെ പ്രതിബിംബസ്ഥാനത്തു നിർത്തി പരിശോധിക്കേണ്ടുന്ന ഒരു അവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. നദി യിലെ സ്ത്രീസ്വത്വാരോപം പരിസ്ഥിതിയെയും സ്ത്രീയെയും സംയോജിപ്പിച്ചെ ഴുതി എന്നതിനപ്പുറം സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനെക്കുറിച്ചും ചിന്തിപ്പിക്കുന്നു. ആദ്യകാലകവിതകൾ മണ്ണിനെയും - പ്രകൃതിയെയും-പെണ്ണിനെയും മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങ ളായിരുന്നു. ഇത് കാല്പനികഭാവത്തിന് പ്രാധാന്യമുള്ള രീതിയായിരുന്നു. 'രാത്രി മഴ' എന്ന കവിതയിൽ മഴയെ നീണ്ടമുടിയിട്ടുലച്ച് നിർത്താതെ പിറുപിറുത്ത് കര ഞ്ഞിരിക്കുന്ന ഒരു സ്ത്രീയോടാണ് ഉപമിച്ചിരിക്കുന്നത്. ഇവിടെ സ്വയം വേദന സഹിക്കുമ്പോഴും മറ്റുള്ളവർക്ക് ആശ്വാസം നൽകുന്ന സ്ത്രീമനസ്സിന്റെ പ്രതീകമാ യാണ് മഴയുടെ വ്യത്യസ്തമുഖങ്ങളെ സുഗതകുമാരി വരച്ചിട്ടിരിക്കുന്നത്. പ്രകൃതി യോട് ഏറ്റവും അടുത്തുനിൽക്കുന്നവർ എന്ന നിലയിൽ പ്രകൃതിയേയും സ്ത്രീ യേയും കീഴടക്കുന്ന മേലാള സംസ്കാരത്തിനെതിരെ പോരാടാൻ ആഹ്വാനം ചെയ്യുന്നുണ്ട് പല കവിതകളും. പുരുഷാധികാര വ്യവസ്ഥ കൊണ്ടുവന്ന ഉപഭോഗ സംസ്കൃതി പെണ്ണിനും പ്രകൃതിക്കും വരുത്തിവയ്ക്കുന്ന സമാനദുരന്തങ്ങളുടെ ചിത്രണമാണ് 'ഇവൾക്കുമാത്രമായ്' എന്ന കവിത. സ്ത്രീയുടെ ദുരിതങ്ങളെയും സഹനങ്ങളെയും ഭൂപ്രകൃതിയുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്ന സുഗതകു മാരി പാരിസ്ഥിതികസ്ത്രീവാദചിന്തക്ക് തന്റെ രചനകളിലൂടെ പ്രാധാന്യമേറ്റുന്നു.

രചനകളുടെ അടിസ്ഥാനധാരയായി ഭൂമി, പരിസ്ഥിതി, സ്ത്രീ എന്നിവയെ സമഭാവനയിൽക്കാണുന്ന പാരിസ്ഥിതികസ്ത്രീവാദ ദർശനത്തെ സ്വീകരിക്കുന്നു.

ലളിതാലെനിന്റെ രചനകളിൽ പ്രകൃതിബിംബങ്ങൾ ജീവിതത്തെ ഒരു പ്രകൃത്യാനുഭവമാക്കി മാറ്റുന്ന രീതിയിലുള്ള അവതരണമാണ് കാണുന്നത്. പലപ്പോഴും സ്ത്രീ-പ്രകൃതി എന്ന സ്വത്വത്തിന്റെ വിവിധരൂപങ്ങളിലുള്ള അന്വയാഖ്യാനങ്ങളായി ലളിതാലെനിന്റെ കവിതകൾ നിലക്കൊള്ളാറുണ്ട്. രചന തുടങ്ങിയ കാലം മുതൽ ഇന്നോളം ആവിഷ്കാരരീതിയിൽ ക്രമാനുഗതമായ വികാസം രചനകളിൽ ഉണ്ടായിട്ടുണ്ട്. പ്രകൃതിയുടെ ആത്മഹർഷങ്ങൾ സ്വന്തം ഹർഷങ്ങളും പ്രകൃതിക്കു നേരിടുന്ന പീഢനങ്ങൾ തനിക്ക് നേരിടേണ്ടി വരുന്ന പീഢനങ്ങളുമായാണ് കവിതയിൽ രൂപം കൊള്ളുന്നത്. സ്ത്രീ പ്രകൃതിയായതുകൊണ്ട് പ്രകൃതിയുടെ അനുഭവങ്ങളെല്ലാം അവളുടെ അനുഭവങ്ങളായിത്തീരുന്നു. ബാലിക, കന്യക, പ്രേയസി, ഭാര്യ, കുടുംബിനി, അമ്മ എന്നിങ്ങനെ നീളുന്ന സ്ത്രൈണാസ്തിത്വങ്ങൾ പ്രകൃതിഭാവങ്ങളും പ്രകൃത്യാവസ്ഥകളുമായി സംലയനം പ്രാപിക്കുന്നു. ലളിതയുടെ കവിതയിലെ സ്ത്രീ ഇങ്ങനെയെല്ലാമുള്ള അസ്തിത്വങ്ങളുടെ ആകെത്തുകയാണ്. പലപ്പോഴും പ്രകൃതിബിംബങ്ങൾ ചേർത്തൊരുക്കുന്ന ഒരു കൊളാഷ് ആയി ജീവിതത്തെ അടയാളപ്പെടുത്തുകയും ചെയ്യുന്നു.

### 2.2.5 പുതുകവിതകൾ

ആധുനികകവിതകളിൽ നിന്നും പുതുകവിതകളിലേക്കെത്തുമ്പോൾ ആദ്യത്തേതിൽ നിന്നും വ്യത്യസ്തമായി ചെറുതുകളുടെ ആഖ്യാനരൂപമാണ് കവിത എന്നു കാണാം. ബൃഹദാഖ്യാനങ്ങളുടെ തിരസ്കാരം പുതുകവിതകളുടെ ഒരു പ്രത്യേകതയാണ്. ഗദ്യകവിതകളും ചെറുകവിതകളും അല്പം ദൈർഘ്യമുള്ളവയും സമകാലികമായുണ്ടാകുന്നുണ്ട്. പല രചനകളിലും ശ്ലഥമായ രീതിയിലെങ്കിലും പഴയ വൃത്തങ്ങൾ ഉപയോഗിക്കുന്നുമുണ്ട്. പലപ്പോഴും ചിഹ്നങ്ങൾകൂട്ടിക്കലർത്തി ആദിമധ്യാന്തപ്പൊരുത്തങ്ങൾ ഒന്നുമില്ലാതെ സങ്കരഭാഷയുടെ രീതിയിൽ

ഭാഷയുടെ സാമ്പ്രദായികഘടനകളിൽനിന്ന് വ്യതിരിക്തമായി തന്റേതായ ഒരു രീതിയിൽ ഭാഷയുടെ ചലനാത്മകമായ സംവാദസാധ്യതകൾ പകർത്തിവയ്ക്കുകയും ചെയ്യുന്നുണ്ട് പുതുകവിതകൾ എന്നു കാണാം. പരിസ്ഥിതിചിന്തയും ദളിതാവബോധവും സ്ത്രീവാദവും ഫാസിസവുമൊക്കെ കവികൾ കൈകാര്യം ചെയ്യുന്നുണ്ട്.

ആധുനികതയിലെ മനുഷ്യകേന്ദ്രിതമായ പാരിസ്ഥിതിക വീക്ഷണങ്ങളിൽ നിന്നും ഉത്തരാധുനികതയിലേക്കെത്തുമ്പോൾ പരിസ്ഥിതി സൂക്ഷ്മാവിഷ്കാരത്തിനു വിധേയമാകുന്നു. യഥാർത്ഥത്തിൽ പ്രകൃതിയുടെയും ജീവജാലങ്ങളുടെയും സ്വാഭാവികാവിഷ്കാരമാണ് പുതുകവിതയിലൂടെ നിർവഹിക്കപ്പെടുന്നത്. ഇവിടെ പലപ്പോഴും സ്ത്രീയനുഭവങ്ങൾ പ്രകൃത്യനുഭവങ്ങളോട് ചേർന്നുനിൽക്കുന്നതായി കാണാം.

പുതുകവിതാരംഗത്തും പുരുഷസാന്നിധ്യത്തിനൊപ്പം തന്നെ സ്ത്രീരചയിതാക്കളും കടന്നുവരുന്നുണ്ട്. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ചിന്താഗതികളുടെ, നിലപാടുകളുടെ ഒരു സമാഹാരം തന്നെ പുതുകവിതാരംഗത്തുണ്ടായി. യഥാർത്ഥത്തിൽ കവിതയിലൂടെ പ്രതിരോധത്തിന്റെ ഒരു പുതിയ തലം അവർ കണ്ടെത്തുകയായിരുന്നു. സമൂഹത്തിൽ അപ്രധാനങ്ങളെന്ന് പരമ്പരാഗതമായി കരുതപ്പെട്ടിരുന്ന പല ഇടങ്ങളിൽനിന്നുള്ള ശബ്ദങ്ങളും അവയുടെ പ്രതിനിധാനങ്ങളും സ്ത്രീ എഴുത്തുകാരുടെ രചനകളോടുകൂടിയാണ് പുതുകവിതയിൽ അടയാളപ്പെടുത്തുന്നത്. ''സ്ത്രീയനുഭവങ്ങളുടെയും സ്ത്രീയുടെ രാഷ്ട്രീയ ചിന്തകളുടെയും വെളിപ്പെടുത്തലുകൾക്കും ഒപ്പം സ്ത്രീപക്ഷത്തു നിന്നുള്ള ഒരു സ്ത്രൈണതയുടെ കാവ്യഭാഷക്ക് ജന്മം നൽകുന്നതിനും പെൺ കവികളുടെ രംഗപ്രവേശം പുതുകവിതയിൽ കാരണമാക്കിയിട്ടുണ്ട് എന്നുപറയാം. വിശാലമായ അർത്ഥത്തിൽ തൊഴിലിടങ്ങളിൽ, വീട്ടിലെ, കുടുംബത്തിലെ ഇരുളടഞ്ഞ വഴികൾ, ശരീരങ്ങൾ, അടുക്കള, ശരീരത്തിന്മേലുള്ള വ്യക്തിസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം,

യാത്രാപരമായ സ്വാതന്ത്ര്യം, കമ്പോളം തുടങ്ങി സ്ത്രീകളുമായി ബന്ധപ്പെടുന്ന അക ഇടങ്ങളും പൊതുഇടങ്ങളും ഒരുപോലെ കവിതയ്ക്ക് വിഷയമാക്കാൻ പെൺകവികൾക്ക് കഴിഞ്ഞു.''[66] പലപ്പോഴും സ്ത്രീയനുഭവങ്ങൾ പ്രകൃത്യനുഭവ ങ്ങളോട് ചേർന്നു നിൽക്കുന്ന രീതിയിലുള്ള അവതരണം കാണാം.

പരിസ്ഥിതിചിന്തക്ക് പ്രാമുഖ്യം കല്പിച്ച് രചന നടത്തുന്ന കവിയാണ് പി. പി. രാമചന്ദ്രൻ 'അകാലം' എന്ന കവിതയിൽ ആശുപത്രിമുറ്റത്തെ മാവിൽ സ്ത്രീ ത്വം ആരോപിക്കുകയാണ് ചെയ്യുന്നത്. ഒരു കൊമ്പിൽ മാത്രം പൂക്കളുമായി നിൽക്കുന്ന മാവിനെ

'നാളുതെറ്റിപ്പോയ കാര്യമൊളിക്കുവാ
നാകാത്ത കന്യയെപ്പോൽ തലതാഴ്ത്തിയും
ആയിരം ചോദ്യങ്ങളേറ്റു മുറിപ്പെട്ട മാനസം
തന്നുടൽ തന്നിലേ പൂഴ്ത്തിയും..

തൊട്ടടുത്തുള്ള പ്രസവവാർഡിൽ നിന്ന് എല്ലായ്പ്പോഴും കേൾക്കുന്ന കുട്ടിക്കര ച്ചിൽ കേട്ടുപൊട്ടിത്തരിച്ചു നിൽക്കുന്നൊരീയമ്മയ്ക്കു പുഷ്പിക്കുവാൻ മറ്റു കാരണം വേണമോ എന്നവതരിപ്പിക്കുന്നു.[67] പുഷ്പിക്കാൻ കാലമെത്താതെതന്നെ ഒരു ചില്ലയിൽമാത്രം പൂവിട്ട് നിൽക്കുന്ന മാവിനെ വിവാഹം കഴിയാതെ തന്നെ ഗർഭവതിയായ ഒരു കന്യകയോട് ഉപമിക്കുന്നു. ഇവിടെ മാവിനും കന്യകയ്ക്കും ഒരേ രീതിയിലുള്ള ശാരീരികാവസ്ഥകളാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ആധുനികാനന്തര മലയാളകവിതയിൽ കവിതയുടെ സൂക്ഷ്മഭാവങ്ങളെ അവതരിപ്പിക്കുന്ന എഴുത്തുകാരിയാണ് വി.എം. ഗിരിജ. പെണ്ണെഴുതുന്ന പരിസ്ഥി തി, അതിന്റെ അനുഭവലോകം എന്നിവ പുതുകവിതയ്ക്ക് വ്യത്യസ്തമായ ഒരു ഭാവുകത്വമാണ് പ്രദാനം ചെയ്യുന്നത്. പെണ്ണും പ്രകൃതിയും തമ്മിലുള്ള വർത്തമാ നകാലവേഴ്ച പ്രതിരോധത്തിലൂന്നിയുള്ളതാണ്. ആക്രമിക്കപ്പെടുക, ചൂഷണം ചെയ്യപ്പെടുക എന്നിങ്ങനെയുള്ള ഒരേപോലെയുള്ള അനുഭവങ്ങളെ തുടർച്ചയായി

ഏൽക്കേണ്ടിവരുന്ന പെണ്ണും പ്രകൃതിയും ഈ അവസരത്തിൽ തുല്യരാണ്. ഇത്തരത്തിലുള്ള ഒരു വീക്ഷണം തന്റെ രചനയിൽ പ്രതിഫലിപ്പിക്കുന്ന എഴുത്തുകാരിയാണ് വി.എം. ഗിരിജ. ആ രചനകളിൽ പെണ്ണ് പ്രകൃതിയുമായി ലയിച്ചുനിൽക്കുകയും പെണ്ണനുഭവങ്ങളും പെൺഭാവങ്ങളും പ്രകൃതിഭാവങ്ങളായി മാറുകയും ചെയ്യുന്ന ഒരു രീതി കാണാം.

*പ്രണയം ഒരാൽബം, ജീവജലം* തുടങ്ങിയ കവിതാസമാഹാരങ്ങളിൽ ഇക്കോഫെമിനിസ്റ്റ് വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന കവിതകളുണ്ട്. ശരീരവും പ്രകൃതിയും പ്രണയവും സമാനരീതിയിൽ കൂടിച്ചേർന്ന് ആവിഷ്കരിക്കപ്പെടുന്ന വി.എം. ഗിരിജയുടെ കവിതകളിൽ സവിശേഷപ്രാധാന്യമർഹിക്കുന്ന ഒരു കവിതയാണ് 'ജീവജലം'. ഈ കവിതയിൽ ചൂഷകനല്ലാത്ത ഒരു പുരുഷസാന്നിധ്യത്തെയാണ് അടയാളപ്പെടുത്തുന്നത്. ഈ പുരുഷൻ പ്രകൃതിശക്തികളെ നിയന്ത്രിച്ചുനിർത്താൻ കഴിവുള്ളവനുമാണ്. പുരുഷബിംബം കരുതലോടെയാണ് പ്രകൃതിയെ സമീപിക്കുന്നത്.

പെണ്ണും പ്രകൃതിയും ഒന്നുചേർന്ന് കൈക്കൊള്ളുന്ന ചെറുത്തുനില്പിന്റേയും തന്മയീഭാവത്തിന്റേയും പുതിയ കാഴ്ചപ്പുറങ്ങൾ സൃഷ്ടിക്കുന്ന ഒരു രചനാരീതി 'ജീവജലം' മുന്നോട്ടുവയ്ക്കുന്നുണ്ട്. പ്രകൃതിയോട് അടുത്തുനിന്ന് അതിന്റെ ജീവതാളത്തെ ഏറ്റവും സൂക്ഷ്മതയോടെ അറിയാൻ കഴിയുന്നത് പെണ്ണിനാണ്. ''വി.എം. ഗിരിജയുടെ കവിതകൾ, ഒരുപോലെ ചൂഷണവിധേയമാകുന്ന പെണ്ണും പ്രകൃതിയും തുല്യരാണ് എന്ന കാഴ്ചപ്പാടിനെ പുതുകവിതയുടെ ഭാവുകത്വത്തിലേക്ക് എടുത്തുചേർക്കുന്നതായിക്കാണാം. *പ്രണയം ഒരാൽബം, ജീവജലം* എന്നീ കവിതാസമാഹാരങ്ങൾ കവിത്വശക്തിയുടെ ജ്വലനം കൊണ്ടു സമ്പന്നമാണ്. പ്രകൃതിയുടെ വന്യതയും പെണ്ണിന്റെ കാമനകളും പ്രണയവും ഒന്നായി ച്ചേരുന്ന 'ഇക്കോഫെമിനിസ്റ്റ്' എന്നുവിളിക്കാവുന്ന സമീപനമാണ് ഗിരിജയുടെ കവിതകളിലാകമാനം കാണാനാവുക''[68] എന്ന് ജി. മധുസൂദനൻ അഭിപ്രായപ്പെടു

ന്നുണ്ട്. ഇതിൽ 'ശൂർപ്പണഖ', 'കാട്', 'നിശ്ശബ്ദഹരിതവനം', 'പെണ്ണും വനജ്ഞഷഭവും', 'കാട്ടിൽ തളിർപോൽ' തുടങ്ങിയവ എടുത്തുപറയേണ്ടുന്നവയാണ്.

പ്രകൃതിയിലെ പെണ്ണിടങ്ങളും പെണ്ണിടങ്ങളിലെ പ്രകൃതിയും ഒന്നാകുന്ന ഒരു കാഴ്ചയാണ് 'നിശ്ശബ്ദഹരിതവനം' എന്ന കവിതയിൽ കാണുന്നത്.

''നിശ്ശബ്ദഹരിതവന
മെന്റെയുടൽ
ചർമ്മത്തിൽ കുളിർത്ത സാന്ത്വനം
വിരലുകൾ... കാറ്റിൻ കിളുന്തുകൾ
മിഴികളിൽ തെളിനീരൂറ്റുകൾ
ചുണ്ടിൽ നനഞ്ഞ പൂവിതൾ
മുലകളിൽ പൂക്കും വസന്തം
അടിവയറ്റിൽ നീ മുഖം മറയ്ക്കവെ
പൊന്തും പുതുമണ്ണിൻ മണം
കടുംപച്ചപ്പിന്റെ കടൽ
ഞരമ്പിന്റെ വഴികളിൽ
സ്പർശലഹരികൾ
ഇതുനിശ്ശബ്ദകാനനം[69]

നിശ്ശബ്ദഹരിതവനം (Silent valley) എന്ന സങ്കല്പത്തെ ഉൾക്കൊണ്ടിട്ടുള്ള ഏതൊരു മനുഷ്യന്റെയും മനസ്സിലേക്ക് ആ ശാന്തതയുടെ തണുത്ത സ്പർശത്തെ ഈ കവിത അനുഭവവേദ്യമാക്കുന്നു. ഇവിടെ ശരീരവും പ്രകൃതിയും ഒന്നാവുകയാണ്. സ്ത്രീയുടെ ആർദ്രമായ പ്രകൃതിഭാവങ്ങളോട് ചേർന്നുനിന്നുകൊണ്ടുള്ള ഒരു ഒഴുക്കാണിത്. ഈ ഒഴുക്ക് യാന്ത്രികലോകത്ത് തിരക്കുപിടിച്ച യാത്രയിൽ വഴിയിലെവിടെയോ ഏതൊക്കെയോ സന്ദർഭങ്ങളിൽ മനുഷ്യൻ കുടഞ്ഞെറിഞ്ഞ് കളഞ്ഞിട്ടുള്ള സ്വത്വത്തിലേക്കുള്ള, ആർദ്രതയിലേക്കുള്ള തിരിച്ചുവരവിനെത്തന്നെ

യാണ് എടുത്തുകാണിക്കുന്നത്. ശക്തമായ രീതിയിൽ പാരിസ്ഥിതികസ്ത്രീവാദചിന്തയെ അവതരിപ്പിക്കുന്ന മറ്റൊരു കവിതയാണ് 'മരമായിരുന്നു ഞാൻ'.[70] നാം നട്ടുവളർത്തുന്നിടത്ത്, അല്ലെങ്കിൽ വിത്തുവീണ് മുളച്ചിടത്ത് സ്ഥിരമായി നിലകൊണ്ട് ചിറകുകളും പറക്കലുകളും അനന്തമായ ആകാശവും ഒന്നുമില്ലാതെ മണ്ണിലുറച്ചു നിൽക്കുന്ന മരമാണിവിടെയുള്ളത്. പൊതുഇടങ്ങളെല്ലാം അന്യമാക്കപ്പെട്ട ഈ മരത്തിന്റെ ജൈവികചോദനകളെല്ലാം സ്ത്രീജീവിതത്തോട് താദാത്മ്യപ്പെടുന്നുണ്ട്. മരം മണ്ണിലുറച്ചുനിൽക്കുന്നു. പെണ്ണാകട്ടെ പുരുഷൻ കല്പിക്കുന്ന അടുക്കളലോകത്തും. ഗൃഹവൃത്തിയിൽ ഒതുങ്ങിക്കൂടേണ്ടി വരുന്ന ഒരുവളുടെ ചിന്താശകലങ്ങളുടെ പകർപ്പ് പ്രകൃതിയിൽനിന്ന്, ഒരു മരജന്മത്തിൽ നിന്നും വി.എം. ഗിരിജ കണ്ടെടുക്കുന്നു.

''മരമായിരുന്നു ഞാനീമണ്ണിൽ
അടിവേരു നുണയുന്നതൊക്കെയും
തളിരായി പൊടിക്കുമ്പോൾ''

മണ്ണിൽ ജനിച്ച മരം അടിവേരുകൊണ്ട് നുണയുന്നതൊക്കെയും തളിരായ് പുറത്തേക്ക് പ്രതിഫലിപ്പിക്കുന്നു. വീടിന് പുറത്തേക്കുള്ള ലോകം പലപ്പോഴും അപ്രാപ്യമാകുന്ന പെണ്ണ് അവളുടെ അനുഭവങ്ങളുടെ തീവ്രതയിൽ കുടുംബത്തിന് മാധുര്യമേറ്റുന്നു. മരത്തിന് ചുറ്റമുള്ള ആർദ്രമായ പല അനുഭവങ്ങളും നഷ്ടം മാത്രമാണ്, അന്യമാണ്. അതുപോലെ കുടുംബത്തിൽ സ്ത്രീക്ക് മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ പാലിക്കുന്നിടത്ത് തന്റെ ഇഷ്ടങ്ങൾക്ക് പലപ്പോഴും സ്വയം വിലക്കുകല്പിക്കേണ്ടിവരും. അഥവാ മറ്റുള്ളവരുടെ ഇഷ്ടങ്ങളിലേക്ക് തന്റെ ഇഷ്ടം ചേർക്കേണ്ടിവരും.

''മീനസൂര്യനും പൂരം തിറ പൂതനും തുള്ളിയാർക്കു
ന്നൊരാര്യങ്കാവിൽ തരമായില്ലാ പോവാൻ, എങ്കിലും
മിഴിപാർത്ത് ചെവിയോർത്തിലച്ചാർത്തു തുള്ളുന്ന മരമായി''

ഒരു മരത്തെ സംബന്ധിച്ചെടുത്തോളം അതിലെ ചില്ലകളും ഇലകളും വേരുകളും സഞ്ചരിച്ചെത്തുന്ന ദൂരം മാത്രമാണ് അതിന്റെ ലോകം. ഇതുപോലെ വളരെ ചെറിയ പരിധിയിൽ, ഇടത്തിൽ കഴിയുന്ന സ്ത്രീക്ക് തന്റെ സ്ഥലപരിമിതിയിൽ നിന്നുകൊണ്ട് അതിനപ്പുറമുള്ളതിനെ ഭാവനയാൽ സ്വാംശീകരിച്ചെടുക്കാനെ കഴിയുന്നുള്ളൂ. ഇവിടെ മരവും സ്ത്രീയും താദാത്മ്യം പ്രാപിക്കുന്നു. അടുക്കളയുടെ ഇരുണ്ടചുമരുകൾക്കുള്ളിൽ തളച്ചിടപ്പെടുമ്പോഴും പ്രപഞ്ചത്തെ മുഴുവനും അറിയുവാനും സ്വാംശീകരിക്കുവാനുമുള്ള അടക്കിയാലും അടങ്ങാത്ത ഒരാഗ്രഹം മരത്തെപ്പോലെ സ്ത്രീക്കും ഉണ്ട്. സ്വപ്നങ്ങളും പ്രതീക്ഷകളും പ്രതിഷേധത്തിന്റെ സ്പന്ദനങ്ങളും ഇവിടെ ഇങ്ങനെ അടയാളപ്പെടുത്തുന്നുണ്ട്. 'എന്റെ വേരുകൾ തപ്പിത്തടഞ്ഞു തിരഞ്ഞലഞ്ഞില്ലാതാകുന്നു. സ്ഥിരമായി കയ്യാളുന്ന ചലിക്കാൻ കഴിയാത്ത അവസ്ഥയുൾക്കൊള്ളുന്ന മരവും സ്വാതന്ത്ര്യനിഷേധവും അധീശത്വഭാവവും അടിച്ചേല്പിക്കപ്പെടുന്ന സ്ത്രീജന്മവും ഇവിടെ പരസ്പരപൂരകമായി നിലകൊള്ളുന്നു. ''സമകാലികസമൂഹത്തിന്റെ സ്നേഹരഹിതങ്ങളും ഊഷരവുമായ ഇടങ്ങളിലേക്ക് ആർദ്രതയുടെ ജലസ്പർശവുമായാണ് പെണ്ണ് കടന്നുവരുന്നത്. പച്ചപ്പിന്റെ വന്യമായ പൊതിഞ്ഞുനിൽപ്പിൽ അഭയം തിരഞ്ഞ് വേരുകൾ ജലവിതാനങ്ങളോട് സന്ധിചെയ്യും പോലെ അവൾ ഊഷരനിലങ്ങളിലും സമൃദ്ധി കൊണ്ടുവരുന്നു. പാരിസ്ഥിതികചൂഷണത്തിന്റെ പുതിയകാലത്ത് പ്രകൃതിയുമായുള്ള ഈ പെൺവ്യവഹാരത്തിന് ഏറെ പ്രസക്തിയുണ്ട്.[71]

എല്ലാം സ്വാംശീകരിച്ചെടുത്ത് ചെറുതാക്കി എഴുതുന്നതിന്റെ സൂക്ഷ്മതയും സൗന്ദര്യവും തിരിച്ചറിയാൻ കഴിയുന്ന രചനകളാണ് വീരാൻകുട്ടിയുടേത്. ''ആധുനികതയിൽനിന്നും വിച്ഛേദിക്കപ്പെട്ട ഭാവുകത്വമാറ്റത്തെയും ആഖ്യാനഭാഷയെയും കാവ്യപ്രമേയത്തെയും അഭിസംബോധനചെയ്യുന്ന പുതുകവിതയുടെ നേർചിത്രങ്ങളാണ് വീരാൻകുട്ടിയുടെ കവിതകൾ.''[72] *മൺവീറ്* എന്ന കവിതാസമാഹാരത്തിലെ 'വിളി', 'നല്ലവൾ', 'വധു', 'ബാലവേലക്കാരി', 'മുറിവുകളെപ്പറ്റിയാവുമ്പോൾ', 'ഊമയായ പെൺകുട്ടി', 'പെൺമരങ്ങൾ', 'മൺവീറ്' തുടങ്ങിയ കവിതകളിലെല്ലാം

സ്ത്രീയുടെ വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചകൾ കാണാം. ''പുതുകവിതയുടെ ഭാവുകത്വമണ്ഡലത്തിൽ ആവിഷ്കാരം കൊണ്ടും വ്യത്യസ്ത മായ ഭാഷാനിർമ്മിതികൊണ്ടും സ്വന്തമായൊരു ഇടം കണ്ടെത്തിയ പെൺകവി കളെപ്പോലെതന്നെ സ്ത്രീയവസ്ഥയുടെ ദുരിതാനുഭവങ്ങളെ സൗന്ദര്യാത്മകമായി വീരാൻകുട്ടിയുടെ കവിതകൾ അടയാളപ്പെടുത്തുന്നു.''[73] പലപ്പോഴും വീരാൻകുട്ടി യുടെ 'സ്ത്രീ കവിത'കളിലൂടെ കടന്നുപോകുമ്പോൾ ഉടൽ മുഴുവൻ മുറിവു കൾമാത്രം പൂത്ത ഒരു പൂവരശായി സ്ത്രീകൾ മാറുന്ന കാഴ്ച ഒരു അനുഭവമായി നമ്മുടെ ഉള്ളിലേക്ക് വന്നു ചേരുന്നു. കേരളത്തിലെ പെൺജീവിതങ്ങളുടെ നേർചിത്രണമാണ് സാധാരണക്കാരന്റെ ഹൃദയത്തോട് സംവദിക്കുന്ന വീരാൻകുട്ടി യുടെ പല കവിതകളും. 'ബാലവേലക്കാരി' എന്ന കവിതയിൽ പുതുമഴയെ ഒരു ബാലവേലക്കാരിയായാണ് അവതരിപ്പിക്കുന്നത്.

'ഇന്ത്യൻ റെയിൽവേക്കുവേണ്ടി
മുഴുവൻ ബ്രോഡ്ഗേജ്, മീറ്റർഗേജ്
പാളങ്ങളിലും ചെന്ന്
തോട്ടിപ്പണിയെടുക്കണം
ആരും കാണാതെ
കഴുകിക്കളയണം
മുടിയും മാംസവും കലർന്ന ചോര
പാളത്തിൽ നിന്നും
നഗരസഭ വക റോഡ്
ജനറൽ ആശുപത്രിയുടെ പിൻവശം
തെരുവ്
ഒക്കെയും തൂത്തുവാരണം.[74]

ബാലവേലക്കാരി എന്ന പേരിൽനിന്നുതന്നെ ജോലിചെയ്യുന്ന പെൺകുട്ടി എന്ന അർത്ഥം ലഭിക്കുന്നു. തൂപ്പുതൊഴിലെടുക്കുന്നവർ എന്തൊക്കെപ്പണികൾ ചെയ്യുന്നുവോ അതുതന്നെയാണ് പുതുമഴകൈയാളുന്ന തൊഴിലും. റെയിൽവേക്ക് വേണ്ടി ബ്രോഡ്ഗേജ് മീറ്റർഗേജ് പാളങ്ങളിൽ തോട്ടിപ്പണി ചെയ്യണം. പാളങ്ങളിൽ കിടക്കുന്ന മുടിയും ചോരയും നിറഞ്ഞ മാംസക്കഷണങ്ങളെ നീക്കം ചെയ്യണം. നഗരസഭ റോഡും ആശുപത്രിയുടെ പിൻവശവും തെരുവും ഒക്കെ തൂത്ത് വൃത്തിയാക്കേണ്ട ചുമതല ബാലവേലക്കാരിക്കാണ്. ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക്, ഒരു വേലക്കാരിയായിമാത്രം തള്ളപ്പെടുകയാണ് കുട്ടിയായ വേലക്കാരിയും പുതുമഴയും. ഇവിടെ പ്രകൃതിയും സ്ത്രീയും സമീകരിക്കപ്പെടുകയാണ് ചെയ്യുന്നത്.

ഉത്തരാധുനികഘട്ടത്തിലെ പെൺകവികളിലൊരാളായ ജെനി ആൻഡ്രൂസ് 'രഹസ്യനാളുകൾ' എന്ന കവിതയിൽ പ്രപഞ്ചത്തിന്റെ നിഗൂഢമായ രഹസ്യങ്ങൾ സ്ത്രീശരീരത്തിന്റെ കൂടി പ്രത്യേകതയാണെന്ന് സൂചിപ്പിക്കുന്നു.

'കായ്ക്കലിനുമൊട്ടുകൾ നിരക്കുമ്പോൾ
ഇളതാവുന്നുണ്ട് പ്ലാവിൻതടി,
വയർവാണ പെണ്ണിനെപ്പോലെ
ഇളതാവുന്നുണ്ട് പ്ലാവിൻതടി,
വയർവാണ പെണ്ണിനെപ്പോലെ
ഇളതെന്നാൽ തീരയിളത്
അറുത്ത് ഉരുപ്പടിയാക്കാൻ തുനിയില്ല തച്ചൻ
പിന്നെയവൾ അക്കാലം തികച്ച്
പുറത്തെത്തിക്കുന്നു കനികളെ[75]

ഗൂഢമാം ചാലുകൾ, ഗൂഢമാം കിനിയലുകൾ, ഉടലടരുകളുടെ ഇന്ദ്രജാലങ്ങൾ. ഭൂമി പെണ്ണാകുന്നു എന്ന ആ പഴയ പുരുഷസങ്കല്പങ്ങളെയല്ല കവിത വിഷ

യമാക്കുന്നത്, ഉർവ്വരതയെയുമല്ല, ശാസ്ത്രീയതയേയുമല്ല. ജീവന്റെ മുളപ്പിക്കലുകളെക്കുറിച്ചുള്ള ഒരു ദർശനമാണ് ഇവിടെ ഉടൽ പരിണതി. ഋതുഭേദങ്ങളെ പേറുന്ന പെണ്ണ് ഭൂമിയെത്തന്നെയാണ് അകത്തു പേറുന്നത് എന്ന് കവി സൂചിപ്പിക്കുന്നു. അതേ പൂവിടൽ-പെണ്ണിന്റെ ഋതുവാകലിനെ, ഗർഭധാരണത്തെ, പ്രസവത്തെ ഒക്കെയും പ്രകൃതിയും പെണ്ണിനും ഒരുപോലെ. മരങ്ങൾ പറയുന്നുണ്ട് അതേ ഞങ്ങളും നിങ്ങളെപ്പോൽ ഇളതാവും കാലം, പുഷ്പിക്കുന്നകാലം കനി നൽകുംകാലം എന്ന്. സ്ത്രീഗർഭവതിയാകുമ്പോൾ കൂടുതൽ മാനോഹാരിത നേടുന്നു. പ്രകൃതിയുടെയും പെണ്ണിന്റെയും നിർമ്മിതിയുടെ, സൃഷ്ടികർമ്മത്തിന്റെ സ്ഥാനൈക്യപ്പെടലാണ് ഇവിടെ 'രഹസ്യനാളുകൾ' എന്ന കവിത.

'കുറേക്കാലത്തേക്ക്' എന്ന കവിതയിൽ മണ്ണുമാന്തിയന്ത്രങ്ങൾ തകർത്ത മണ്ണിനെയും കാലത്താൽ, സമൂഹത്താൽ കടയപ്പെട്ട, ചുഴറ്റപ്പെട്ട, സ്ത്രീസ്വത്വത്തെയും കുറിച്ച് എഴുതുന്നു.

''ഇരമ്പങ്ങളായിരുന്നു
കുറേക്കാലത്തേയ്ക്ക്
മണ്ണുമാന്തിയന്ത്രങ്ങൾ
തുടക്കമിട്ടു
ചുവരും മേൽക്കൂരയും
മണൽത്തിട്ടയും മരങ്ങളും
മറഞ്ഞുകൊണ്ടിരുന്നു
പിന്നെ ശിഷ്ടങ്ങളുടെ സ്ഥായി:
സിമന്റുകട്ടകൾ വേരിൻ കെട്ടുകൾ
ഓട്ടുകഷണങ്ങൾ
കൂടെ അവരും,
ഹരണത്തിലെ

ശിഷ്ടം പോലെ...

മറവിയുടെ നെറുകയിൽ അമ്മ

സ്ഥലകാലങ്ങളെ കൂട്ടിക്കുഴച്ച്

കടയപ്പെട്ട്

ചുഴറ്റപ്പെട്ട്

അവരുടെ സ്വത്വങ്ങൾ

അവളിപ്പോൾ

പോടുബാധിച്ച

മരത്തെപ്പോലെ.[76]

ഭൂമിയിൽ മണ്ണുമാന്തിയന്ത്രങ്ങൾ ഇരമ്പം സൃഷ്ടിക്കുന്നു. പഴയവീടും ചുവരും മേൽക്കൂരയും ചുറ്റുമുള്ള മരങ്ങളും ഒക്കെ മറഞ്ഞുകഴിഞ്ഞു. വേരിൻകെട്ടുകളും ഓട്ടുകഷണങ്ങളും ബാക്കിയായി. അവിടെ ഹരണത്തിലെ ശിഷ്ടംപോലെ അമ്മ യും. ആ അമ്മയാകട്ടെ മറവിയുടെ കാണാക്കയങ്ങൾ മനസ്സിലേറ്റി നടക്കുന്നു. ജീവിതപ്രാരാബ്ധങ്ങളിൽ വട്ടം കറങ്ങിയ അവരുടെ സ്വത്വം നേരിടുന്ന വിങ്ങലു കൾ ജെനി ആൻഡ്രൂസ് അടയാളപ്പെടുത്തുന്നു. പോടുബാധിച്ച മരത്തെപ്പോലെ യാണ് ആ അമ്മ. മനുഷ്യന്റെ ചൂഷണത്തിൽ മരവും അമ്മയും ഒന്നുപോലെ ജീവസ്സു നഷ്ടപ്പെട്ട് തന്റെ ഇടം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. തന്റെ തായ്‌വേര് മുറിച്ച കാര്യം അറിയാതെ ഇപ്പോഴും തന്റെ സ്വത്വത്തെ തിരയുകയാണ്. പ്രകൃതിയോട് ഏറ്റവും അടുപ്പം പുലർത്തുന്നവരാണ് സ്ത്രീകൾ അതുകൊണ്ടു തന്നെ പ്രകൃതിക്കേൽക്കുന്ന ആഘാതം ഏറ്റവും ബാധിക്കുന്നതും സ്ത്രീസ്വത്വ ത്തെയാണ് എന്ന് എഴുത്തുകാരി സൂചിപ്പിക്കുന്നു.

പ്രകൃതിചിന്തക്ക് പ്രാധാന്യമേറുന്ന ഇന്നത്തെക്കാലത്ത് തന്റെയുള്ളിലെ സ്ത്രീസ്വത്വത്തെ കണ്ടെത്താനും ചരിത്രപരവും സാമൂഹികവുമായ ചുറ്റുപാടുക ളിൽ യാഥാർത്ഥ്യബോധത്തോടെയും ആത്മബോധത്തോടെയും ആ സ്വത്വത്തെ

വിലയിരുത്താനും കഴിയുന്ന സമകാലികപ്രസക്തി നേടുന്ന രചനാശൈലിയാണ് കണിമോളുടേത്. ആക്രമിക്കപ്പെടാനും അതിക്രമിച്ച് കടക്കാനും അടിച്ചമർത്തപ്പെടാനുമുള്ളതാണ് പ്രകൃതിയും സ്ത്രീയും എന്ന ഒരു ബോധം സമൂഹത്തിലുണ്ട്. പ്രകൃതിയായിരിക്കുക അല്ലെങ്കിൽ സ്ത്രീയായിരിക്കുക എന്നത് പലപ്പോഴും ഒരു കുറ്റമായിട്ടെണ്ണപ്പെടുന്നു. ഈ അവസ്ഥയിൽ പ്രകൃതി, സംസ്കാരം, സ്ത്രീ എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള രചന കാഴ്ചവയ്ക്കുന്ന കണിമോളുടെ കവിതകൾ പാരിസ്ഥിതികസ്ത്രീവാദ ചിന്തക്ക് പ്രാധാന്യമേറ്റുന്നവയാണ് എന്നു പറയാം. 'കാവ്യപൂർവ്വം' എന്ന കവിതയിൽ

'എങ്കിലും തളിർക്കുവാ, നിനിയും പുഷ്പിക്കുവാ-
നെന്റെ വൃക്ഷത്തിൽ പെങ്ങളിലയൊന്നെന്നും വേണം.'[77]

എന്ന് അടയാളപ്പെടുത്തുമ്പോൾ വൃക്ഷത്തെ പുരുഷനായും ഇലയെ സ്ത്രീ - പെങ്ങളായും കല്പിക്കുകയാണ്.

''ഉടൽപ്പൊള്ളിയ പുഴ
കമിഴ്ന്നു കിടക്കുന്ന
ജല നഗ്നതയ്ക്കുമേൽ
ജീർണത കുന്നായ് വീഴ്കെ
ആഴത്തിലാഴത്തിലേ-
യ്ക്കാഞ്ഞു മുങ്ങുവാൻ പ്രാണ കോശത്തെ വഹിക്കുന്ന
ഘനമാം ജ്ഞാനം കിട്ടി''[78]

എന്ന് 'ഭൂമിക്കടിയിൽ പട്ടം പറത്തുമ്പോൾ' എന്ന കവിതയിൽ പുഴയിൽ സ്ത്രീസ്വത്വത്തെ ആരോപിക്കുന്നു. പുഴ മലിനമാക്കപ്പെടുമ്പോൾ അത് ആഴത്തിലേക്കാഴത്തിലേക്ക്, നീരൊഴുക്ക് കുറഞ്ഞ് വറ്റിപ്പോകുന്നു. പുഴയിൽ സ്ത്രീസ്വത്വം ആരോപിക്കുന്നതുകൊണ്ടാണ് ഉടൽപൊള്ളിയ പുഴ എന്നു കല്പിക്കുന്നത്. ദൈവം പോലും സഹായത്തിനില്ലാതെ നേരും നെറിയും കെട്ട ലോകത്തിന്റെ കടന്നാക്രമ

ണങ്ങൾ നേരിടുന്നവളാണ് വീട്ടിൽ നിന്നിറങ്ങുന്ന പെണ്ണൊരുത്തി. മലയിൽ നിന്നിറങ്ങി ഒഴുകുന്ന പുഴയും വീടുവിട്ട് പുറം ലോകത്തേക്കിറങ്ങുന്ന സ്ത്രീയും സമീകരിക്കപ്പെടുകയാണിവിടെ.

ഉടഞ്ഞുചിതറിയ നിലവിളിയുടെ, ചില്ലുതുണ്ടിന്റെ പരുപരുപ്പ് ഭാഷയിലുൾച്ചേർത്ത എഴുത്തുകാരിയാണ് പുതുതലമുറയിലെ സുഷമ ബിന്ദു. പെണ്ണവസ്ഥയുടെ, അതിന്റെ വർത്തമാനകാലത്തെ കരുത്തോടെ ആവിഷ്കരിക്കുന്നുണ്ട്. സുഷമയുടെ വരികൾ. അനുഭവിച്ചുതീർത്ത തീക്ഷ്ണസന്ദർഭങ്ങളിൽ നിന്നും ഒരുവൾ ഒരുമ്പെട്ടവളാകുന്നു. പെൺനോട്ടത്തെക്കുറിച്ചും പെണ്ണനുഭവത്തെക്കുറിച്ചും പറയുമ്പോഴും വർത്തമാനകാലസമൂഹത്തിൽ സ്ത്രീക്ക് നേരിടേണ്ടിവരുന്ന അവ സ്ഥകളെ അറിയുന്നുമുണ്ട്. ഉദാഹരണമായി 'തെച്ചിപ്പൂക്കൾ' എന്ന കവിത ശ്രദ്ധിക്കാം.

> ''കുന്നിൻചെരിവിൽ
> മഷിത്തണ്ടുതിരഞ്ഞുപോയ
> കൊലുസിട്ട കുഞ്ഞിക്കാലുകൾ
> മടങ്ങിവരാത്തതിന്റെ പിറ്റേന്നാണ്
> തെച്ചിപ്പൂക്കളെല്ലാം ചുവപ്പായത്
> ഇപ്പോഴുമുണ്ട് പൂതങ്ങൾ തളിർവെറ്റിലകൾ മാത്രം
> ചവച്ചു തുപ്പുന്നവർ[79]

ഇവിടെ വരികൾക്ക് വേറെ വിശദീകരണമാവശ്യമില്ല. സമകാലികസമൂഹത്തിലേക്ക് കണ്ണുതുറന്ന്, കാതുകൂർപ്പിച്ചിരുന്നാൽ മതി. ഒരു കുഞ്ഞിക്കാലിന്റെ അപ്രത്യക്ഷമാകൽ പ്രകൃതിയിലെ തെച്ചിപ്പൂവിനു നിറം പകരൽ എല്ലാം പ്രകൃതിയെയും സ്ത്രീയെയും ഇഴപിരിക്കാനാകാത്തവിധം അടയാളപ്പെടുത്തിയിരിക്കുകയാണ്. ചുറ്റുമുള്ള പൂതങ്ങൾ. നെറികെട്ട ജന്മങ്ങൾ-തളിർവെറ്റിലകൾ മാത്രം. ചെറിയ പെൺകിടാങ്ങളെവരെ ചവച്ചുതുപ്പുന്നവരുമാണ്.

ഇനിയും ഒട്ടേറെ കവികൾ പാരിസ്ഥിതികസ്ത്രീവാദപരമായ വായനകൾക്ക് സാധ്യതയേറ്റുന്ന രചനകൾ നടത്തിയിട്ടുണ്ട്. മനുഷ്യത്വപരമായ മൂല്യങ്ങൾക്കും പ്രകൃതിയുടെ, ഭൂമിയുടെ സന്തുലിതാവസ്ഥക്കും സ്വച്ഛമായ ജീവിതാ വസ്ഥകൾക്കും, സ്ത്രീവിമോചനത്തിനും വേണ്ടിയുള്ള ചിന്താപ്രവർത്തനപദ്ധതി യാണ് പാരിസ്ഥിതികസ്ത്രീവാദം എന്ന തിരിച്ചറിവിൽ നിന്നാണ് മലയാളസാഹി ത്യലോകത്തേക്ക് ഈ ചിന്താപദ്ധതിയുടെ കൈവഴികൾ കടന്നുവന്നത്.

ആദ്യകാല സ്ത്രീരചനകളിൽ തന്നെ താനനുഭവിക്കുന്ന ലോകത്തെ സത്യ സന്ധമായി പകർത്താനുള്ള ശ്രമങ്ങൾ കാണാവുന്നതാണ്. പലപ്പോഴും സ്വയം വെളിപ്പെടുന്ന, ഒളിച്ചുവെക്കാനാവാത്ത സ്ത്രൈണതയുടെ പ്രകാശനമാകുന്നുണ്ട് അവ. എം. സരസ്വതീബായിയുടെ 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥ (1911), ബി. ഭാഗീരഥീയമ്മയുടെ *ആനന്ദവല്ലി* എന്ന നോവൽ (1936), കെ. സരസ്വതി അമ്മയുടെ *പ്രേമഭാജനം* എന്ന നോവൽ (1944) തുടങ്ങിയവ എടുത്തുപറയാവുന്ന താണ്. ലിംഗപദവിയുടെ സാമൂഹികവും വൈയക്തികവുമായ എല്ലാ അവസ്ഥാ വിശേഷങ്ങളെയും നേരിട്ടും അതിജീവിച്ചുമാണ് സ്ത്രീകൾ സാഹിത്യരചന നട ത്തുന്നത്. അതുകൊണ്ടുതന്നെ അവരുടെ ആത്മകഥാകുറിപ്പുകളിലാണ് സത്യസ ന്ധമായ ആത്മാവിഷ്കാരം സാധ്യമാവുക. എഴുത്തിന്റെ വ്യത്യസ്തമേഖലകളിൽ സ്ത്രീയെ പരിമിതപ്പെടുത്തുന്ന ഘടകങ്ങളിലേക്കെല്ലാം കടന്നുചെല്ലാൻ പല പ്പോഴും ആത്മകഥകൾക്ക് സാധ്യമാകുന്നുണ്ട്.

കവിത്രയത്തിന്റെ കാലത്തിലെത്തുമ്പോൾ ഗഹനമായ പാരിസ്ഥിതിക ബോധം പ്രകടിപ്പിച്ച കവിയാണ് കുമാരനാശാൻ. മനുഷ്യ-പ്രകൃതിബന്ധത്തിന്റെ പാരസ്പര്യം ഊട്ടിയുറപ്പിച്ച് ജീവിതത്തെ ജൈവികഘടകങ്ങളോട് ചേർത്ത് അവ തരിപ്പിച്ച അദ്ദേഹം പരിസ്ഥിതിദർശനത്തിന്റെ വൈവിധ്യമാർന്ന മാനങ്ങൾ തന്റെ രചനയിൽ ഉൾച്ചേർത്തിട്ടുണ്ട്. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ഐക്യരൂപം ആശാൻ കവിതകളിലെ പരിസ്ഥിതിചിന്തയുടെ മറ്റൊരു തലമായി കാണാം. മണി

പ്രവാളകവിതകളിൽ നിന്നൊക്കെ ഭിന്നമായി സ്ത്രീശരീരവർണ്ണന എന്നതിനപ്പുറം സ്ത്രീ മനസ്സിനും ആത്മാവിനും അവളുടെ ധൈഷണിക വ്യാപാരങ്ങൾക്കും പ്രാധാന്യമുള്ള രചനകളാകുന്നുണ്ട് ഈ ഘട്ടം മുതലുള്ള മലയാളകവിത.

1950 കളിലേക്ക് എത്തുമ്പോൾ പി. കുഞ്ഞിരാമൻ നായർ, ഇടശ്ശേരി, വൈലോപ്പിള്ളി തുടങ്ങിയവരിൽ പരിസ്ഥിതിദർശനത്തിന്റെ വൈവിധ്യമാർന്ന തലങ്ങൾ ദർശിക്കാം. പി. സ്വാഭാവിക ജൈവപരിസരങ്ങളെ ആധാരമാക്കി പരിസ്ഥിതി ചിന്ത പ്രകടമാക്കിയപ്പോൾ മനുഷ്യപ്രയത്നത്തിന്റെ ഫലമായി ചിട്ടപ്പെടുത്തി എടുത്ത പ്രകൃതിയുടെ പരിസരങ്ങളെ ആധാരമാക്കി രചന നടത്തുകയായിരുന്നു ഇടശ്ശേരിയും വൈലോപ്പിള്ളിയും. പിൽക്കാലത്ത് പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന ആധിപത്യത്തിനെതിരെ പ്രതികരിക്കാനും ഇടശ്ശേരി തയ്യാറായി. ശാസ്ത്രബോധവും പാരിസ്ഥിതിക വീക്ഷണവും സമന്വയിപ്പിച്ച് രചന നിർവ്വഹിക്കുകയായിരുന്നു എൻ.വി.കൃഷ്ണവാര്യർ. സുഗതകുമാരി കവിതകളിലാകട്ടെ സ്ത്രീപക്ഷചിന്തക്കും പ്രകൃത്യവബോധത്തിനും ഒരുപോലെ പ്രാധാന്യം കാണാം. ആധുനികതാപ്രസ്ഥാനത്തിലേക്കെത്തുമ്പോൾ അഗാധമായ പരിസ്ഥിതിബോധവും സ്ത്രീ പക്ഷചിന്തകളും രചനകളിൽ തെളിഞ്ഞുവരുന്നുണ്ട്. കടമ്മനിട്ട, അയ്യപ്പപ്പണിക്കർ, വിനയചന്ദ്രൻ തുടങ്ങിയവരെ എടുത്തുപറയേണ്ടതാണ്. മനുഷ്യ-പ്രകൃതി ബന്ധത്തിന്റെ തൻമയീഭാവമാണ് 'ശാന്ത' എന്ന കവിതയിൽ കടമ്മനിട്ട ആവിഷ്കരിക്കുന്നത്. ശക്തിസ്വരൂപിണിയായ പ്രകൃതിയെ ദേവീഭാവത്തിൽ ആരാധനയോടും മാതൃഭാവത്തിൽ സ്നേഹവാത്സല്യത്തോടും അവതരിപ്പിക്കുന്നുണ്ട്. പരിസ്ഥിതി ദർശനത്തിന്റെ വിവിധ മാനങ്ങളെ ഗഹനവും ഭാവാർദ്രവുമായി ആവിഷ്കരിച്ച കവിയാണ് ഡി.വിനയചന്ദ്രൻ. പ്രകൃതിയെ ഈശ്വരനായി, ദേവതയായി, മാതാവായി കാണുന്ന ജൈവദർശനം തന്നെയാണ് അദ്ദേഹം മുന്നോട്ടുവെച്ചത്. പ്രകൃതിയുടെ പ്രതീകം കൂടിയായ പെൺമയെയാണ് വിനയചന്ദ്രൻ കവിതകളിൽ അവതരിപ്പിക്കുന്നത്. ജീവന്റെ ആധാരമായ സൃഷ്ടിചൈതന്യത്തെ ധരിക്കുന്ന മാതൃസ്വരൂപമായാണ് ആ പെൺമ നിലകൊള്ളുന്നത്. സ്ത്രീ-പ്രകൃതി സമാനതക

ളെയും സാധർമ്യങ്ങളെയും ആസ്വാദകന് ഇന്ദ്രിയാനുഭവങ്ങളായി കൊടുക്കുന്ന അപൂർവ്വചാരുതയാർന്ന നിരവധി ആവിഷ്കാരങ്ങൾ വിനയചന്ദ്രന്റേതായുണ്ട്. 'വിനയചന്ദ്രിക', 'ലൗകികം' തുടങ്ങിയ കവിതകളിൽ സ്ത്രീശരീരവും മനസ്സും ആത്മാവും ഉന്നതമായ ഒരു തലത്തിലാണ് ആവിഷ്കൃതമായിരിക്കുന്നത്. എഴുപതുകൾക്ക് ശേഷം പരിസ്ഥിതി കവിതകൾ വിവിധ തലങ്ങളിലായി വ്യാപിച്ചു. പാരിസ്ഥിതികസ്ത്രീവാദത്തിന്റെ വീക്ഷണതലങ്ങളെ ഉദാത്തമായ രീതിയിൽ അവതരിപ്പിച്ച രചനകളാണ് സുഗതകുമാരിയുടേത്. വിജയലക്ഷ്മി, അമൃത തുടങ്ങി ഒട്ടേറെ കവികൾ സ്ത്രൈണചേതനയുടെ മാത്രം നിലയിൽനിന്നുകൊണ്ടല്ലാതെ സമൂഹം അഭിമുഖീകരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ ശക്തമായി അവതരിപ്പിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന രചനാശൈലി പ്രകടിപ്പിക്കുന്നു.

മുകളിൽ പറഞ്ഞ രീതിയിൽ പ്രകൃതിയുടെയും സ്ത്രീയുടെയും സ്വത്വതലങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ വിവിധ സൈദ്ധാന്തിക പക്ഷങ്ങളിൽ ഊന്നിയുള്ള രചനകൾ ഇനിയും ധാരാളമായി ഉണ്ടാകേണ്ടിയിരിക്കുന്നു. കാരണം സാഹിത്യം പലപ്പോഴും സമൂഹത്തിലെ നീതി നിഷേധിക്കപ്പെട്ട ഒരവസ്ഥയോടുള്ള പ്രതിരോധത്തിന്റെ രാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പാരിസ്ഥിതികസ്ത്രീവാദ ദർശനത്തിലൂന്നിയുള്ള ഏതുതരം സാഹിത്യവും കഥയോ ലേഖനമോ നോവലോ കവിതയോ ആകട്ടെ സമൂഹത്തിലും സാഹിത്യത്തിലും അത് പ്രസക്തിയുള്ളതാകുന്നു. ഈ ഒരു നിലപാടിൽ നിന്നുകൊണ്ട് പരിസ്ഥിതിയെയും സ്ത്രീയെയും സമൂഹത്തിലെ അവസ്ഥയേയും തന്റെ കവിതക്ക് വിഷയമാക്കിയ ഒ.എൻ.വിയുടെ കവിതകൾ പഠിക്കേണ്ടതുണ്ട് എന്നുപറയാം.

## കുറിപ്പുകൾ

1. ജയകൃഷ്ണൻ, എൻ (എഡി.), *ഫെമിനിസം,* പ്രസീത, പി. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രാഷ്ട്രീയം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011 ജൂൺ, പുറം: 487.

2. ബാലകൃഷ്ണൻ, വി. ലീലാദേവി, ആർ. *അഥർവ്വവേദം,* Malayalamebooks, word press.com, കാണ്ഡം-12, സൂക്തം-1, ശ്ലോകം-35, പുറം: 489.

3. മധുസൂദനൻ, ജി. *ഹരിതനിരൂപണം,* തൃശ്ശൂർ: കറന്റ് ബുക്സ്, 2002 ഒക്ടോബർ, പുറം: XXXII.

4. രാജശേഖരൻ, എസ്. *പരിസ്ഥിതിദർശനം മലയാളകവിതയിൽ,* തിരുവനന്ത പുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 ജൂൺ, പുറം: 31-32.

5. ടി.പു. പുറം: 124.

6. രാജഗോപാൽ, എൻ.കെ. *ഹൈന്ദവ മീമാംസ,* കോട്ടയം: നാഷണൽ ബുക്ക്സ്റ്റാറ്റാൾ, 1983 ഒക്ടോബർ, പുറം: 8.

7. *മാർക്കണ്ഡേയ പുരാണം*, ജവഹർനഗർ ന്യൂഡൽഹി - 11007: നാഗ് പബ്ളി ഷേഴ്സ്, ശ്ലോകം: 34, 2004, പുറം: 260.

8. രാജഗോപാൽ, എൻ.കെ. *ഹൈന്ദവ മീമാംസ,* കോട്ടയം: നാഷണൽ ബുക്ക്സ്റ്റാറ്റാൾ, 1983 ഒക്ടോബർ, പുറം: 51.

9. രാമചന്ദ്രൻ നായർ പന്മന (എഡി.), *പരിസ്ഥിതി പഠനങ്ങൾ,* കോട്ടയം: കറന്റ് ബുക്സ്, 2013 ജൂലൈ, പുറം: 222.

10. രാജ, കെ. കെ. *ഭാഷാമുക്തകങ്ങൾ,* തൃശൂർ: മംഗളോദയം, 1955 ഡിസംബർ, പുറം: 20.

11. ടി.പു. പുറം: 83.

12. പരമേശ്വരൻ പിള്ള എരുമേലി, *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ,* കോട്ടയം: കറന്റ്ബുക്സ്, 2010 ഡിസംബർ, പുറം: 185.

13. ഉഷ, പി.ഇ. *സ്ത്രീവാദവും പരിസ്ഥിതിയും,* സാഹിത്യലോകം, തൃശ്ശൂർ: സാഹിത്യ അക്കാദമി, 1995 നവംബർ,ഡിസംബർ.

14. മധുസൂദനൻ, ജി. *കഥയും പരിസ്ഥിതിയും,* തൃശ്ശൂർ: കറന്റ് ബുക്സ്, 2000 സെപ്തംബർ, പുറം: 338-355.

15. മധുസൂദനൻ, ജി. *ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ,* കോട്ടയം: കറന്റ് ബുക്സ്, 2009 ഒക്ടേബർ, പുറം: 154.

16. മധുസൂദനൻ, ജി. *ഹരിതനിരൂപണം മലയാളത്തിൽ,* മഹമുദ ബീഗം, പാരി സ്ഥിതികസ്ത്രീവാദം, കോട്ടയം: കറന്റ് ബുക്സ്, 2015 മാർച്ച്, പുറം: 101.

17. ജയകൃഷ്ണൻ, എൻ. *ഫെമിനിസം,* ശാരദക്കുട്ടി, പാരിസ്ഥിതികസ്ത്രീ വാദം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011 ജൂൺ, പുറം:379.

18. ടി.പു.പുറം: 485.

19. പിയേഴ്സൺ, എം.എൻ. *പാരിസ്ഥിതികസ്ത്രീവാദത്തിന്റെ രാഷ്ട്രീയരേഖ,* സമകാലിക മലയാളം വാരിക, 1998 ഒക്ടോബർ 23, പുറം:56.

20. പിയേഴ്സൺ, എം.എൻ. *ഇക്കോഫെമിനിസം, ഇക്കോടൂറിസം മാർക്സിസം,* കോട്ടയം: കറന്റ് ബുക്സ്.

21. മിനി പ്രസാദ് (എഡി.), *നാളെയുടെ പരിസ്ഥിതി ദർശനങ്ങൾ,* മ്യൂസ് മേരി ജോർജ്, സ്ത്രീ സമത്വചിന്തകളിലെ പ്രകൃതിപാഠങ്ങൾ, തിരുവല്ല: ക്രൈസ്തവ സാഹിത്യസമിതി, 2012 സെപ്തംബർ, പുറം: 61.

22. മ്യൂസ്മേരി ജോർജ്, *പാരിസ്ഥിതികസ്ത്രീവാദവും സാധ്യതകളും,* കാരു ണികൻ, 2012 ഫെബ്രുവരി, പുറം: 20-24, 45.

23. മിനിപ്രസാദ്, *പാരിസ്ഥിതിസ്ത്രീവാദനിരൂപണം,* സാഹിത്യലോകം, തൃശ്ശൂർ: സാഹിത്യ അക്കാദമി, 2012 ഫെബ്രുവരി, പുറം: 82.

24. ശ്യാമ, ആർ. *പരിസ്ഥിതി സ്ത്രീവാദപരമായ അശോകയും തായ്കുലവും,* വിജ്ഞാനകൈരളി, വാള്യം:4, ലക്കം 12, 2009 ഡിസംബർ, പുറം: 81-84.

25. ഗായത്രി, കെ.പി. *സാറാജോസഫിന്റെ കഥകൾ - ഒരു ഇക്കോഫെമിനിസ്റ്റ് പാരായണം,* വിജ്ഞാനകൈരളി, വാള്യം 40, ലക്കം:9. പുറം: 40-51, 2009 സെപ്തംബർ, വാള്യം:40, ലക്കം:10. 2009 ഒക്ടോബർ, പുറം: 59-67.

26. ഐറിസ് കൊയ്‌ലിയോ, *ആശാന്റെ സീതായനത്തിന് ഒരു പാരിസ്ഥിതിക സ്ത്രീവാദ വിശകലനം,* സാഹിത്യലോകം, തൃശ്ശൂർ: സാഹിത്യ അക്കാദമി, 2006 മാർച്ച്-ഏപ്രിൽ.

27. കുഴിക്കാട്ട് അജി, *സമൂഹപഠനങ്ങൾ സ്ത്രീ-പരിസ്ഥിതി,* കോഴിക്കോട്: പ്രോഗ്രസ് പബ്ളിക്കേഷൻ, 2015 മെയ്, പുറം: 39-55.

28. വത്സല, പി. *മേല്പാലം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007, പുറം: 10 -11.

29. ടി.പു.പുറം:51.

30. വത്സല, പി. *നെല്ല്,*കോട്ടയം: ഡി.സി. ബുക്സ്, 1972, പുറം: 31.

31. ടി.പു. പുറം:37.

32. ടി.പു.പുറം: 200.

33. വത്സല, പി. *അരക്കില്ലം,* കോഴിക്കോട് : പൂർണ്ണ പബ്ളിക്കേഷൻസ്, 2007 സെപ്തംബർ, പുറം: 11.

34. സാറാ ജോസഫ്, *ആതി,* തൃശ്ശൂർ: കറന്റ് ബുക്സ്, 2011, പുറം: 289.

35. സാറാ ജോസഫ്, *ആലാഹയുടെ പെൺമക്കൾ,* തൃശ്ശൂർ: കറന്റ് ബുക്സ്.

36. അംബികാസുതൻ മാങ്ങാട്, *മരക്കാപ്പിലെ തെയ്യങ്ങൾ*, കോട്ടയം: ഡി.സി. ബുക്സ്, 2006 ആഗസ്റ്റ്, പുറം: 19.

37. ടി.പു. പുറം:30.

38. ടി.പു. പുറം: 165.

39. സാറാ ജോസഫ്, *പാപത്തറ,* തൃശൂർ: കറന്റ് ബുക്സ്, 1999, പുറം: 112.

40. സാറാ ജോസഫ്, *നിലാവറിയുന്നു,* തൃശൂർ: കറന്റ് ബുക്സ്, 1994, പുറം: 14.

41. വത്സല, പി. *പോക്കുവെയിൽ പൊൻവെയിൽ,* കോഴിക്കോട്: ഒലിവ് പബ്ലി ക്കേഷൻ, 1969, പുറം: 77.

42. വത്സല, പി. *പേമ്പി,* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1969, പുറം: 40.

43. ടി.പു. പുറം: 58.

44. വത്സല, പി,. *അനുപമയുടെ കാവൽക്കാരൻ,* കോട്ടയം: സാഹിത്യപ്രവർത്ത കസഹകരണസംഘം, പുറം: 133.

45. മധുസൂദനൻ, ജി. *കഥയും പരിസ്ഥിതിയും,* തൃശൂർ: കറന്റ് ബുക്സ്, 2000 സെപ്തംബർ, പുറം: 352.

46. അംബികാസുതൻ മാങ്ങാട്, *മലയാളത്തിന്റെ പരിസ്ഥിതിക്കഥകൾ,* കുന്നു കൾ പുഴകൾ, കോഴിക്കോട്: ഗ്രീൻ ബുക്സ്, 2009, പുറം: 26.

47. വള്ളത്തോൾ, *സാഹിത്യമഞ്ജരി - മൂന്നാം ഭാഗം,* ചെറുതുരുത്തി: വള്ള ത്തോൾ ഗ്രന്ഥാലയം, 1964 സെപ്റ്റംബർ, പുറം: 10.

48. കുമാരനാശാൻ, *ചിന്തിവിഷ്ടയായ സീത,* കോഴിക്കോട്: കാലിക്കറ്റ് യൂണി വേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ്, പുറം: 41.

49. ഉള്ളൂർ, *ഉമാകേരളം,* തിരുവനന്തപുരം: ഉള്ളൂർ പബ്ലിക്കേഷൻസ്, 2004 ഫെബ്രുവരി, പുറം: 243.

50. കുഞ്ഞിരാമൻ നായർ, പി. *തെരഞ്ഞെടുത്ത കവിതകൾ,* സൗന്ദര്യദേവത, കോട്ടയം: ഡി.സി ബുക്സ്, 2011 ഒക്ടോബർ, പുറം: 96.

51. രാമചന്ദ്രൻനായർ പന്മന(എഡി.), *പരിസ്ഥിതി പഠനങ്ങൾ*, പി.കെ. പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, കോട്ടയം: കറന്റ് ബുക്സ്, 2013 ജൂലായ്, പുറം: 160.

52. കുഞ്ഞിരാമൻ നായർ, പി. *തിരഞ്ഞെടുത്ത കവിതകൾ*, സൗന്ദര്യപൂജ, കോട്ടയം: ഡി.സി.ബുക്സ്, 2011 ഒക്ടോബർ, പുറം: 297.

53. ഗോവിന്ദൻ നായർ ഇടശ്ശേരി, *ഇടശ്ശേരിക്കവിതകൾ*, കൈതപ്പൂ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007, പുറം: 432.

54. ഗോവിന്ദൻ നായർ ഇടശ്ശേരി. ഭാരതപ്പുഴ, *ഇടശ്ശേരിക്കവിതകൾ സമ്പൂർണ്ണം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012, പുറം: 133.

55. ഗോവിന്ദൻ നായർ ഇടശ്ശേരി, *ഇടശ്ശേരിക്കവിതകൾ,* സമ്പൂർണ്ണം, കുറ്റിപ്പുറം പാലം, കോഴിക്കോട്: മാതൃഭൂമി ബുക്സ്, പുറം: 388 – 390.

56. ടി.പു. പുറം: 470 – 71.

57. ശ്രീധരമേനോൻ വൈലോപ്പിള്ളി, *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ* വോള്യം1, വിഷുക്കണി, തൃശൂർ: കറന്റ് ബുക്സ്, 2001, പുറം: 530.

58. ശ്രീധരമേനോൻ വൈലോപ്പിള്ളി, *വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ*, ജലസേചനം, തൃശ്ശൂർ: കറന്റ് ബുക്സ്, 2001, പുറം: 107.

59. അയ്യപ്പപണിക്കർ, *അയ്യപ്പപ്പണിക്കരുടെ കൃതികൾ,* വോള്യം 2, 1969 – 81, ഉദയാസ്തമനം, കോട്ടയം : ഡി.സി. ബുക്സ്, 2006.

60. അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ കൃതികൾ,* ഒഴിവുകാലസംവാദം, രാഹുദശ-ഒരു പിടിച്ചാരമായ്, 1990 – 1999, കോട്ടയം : ഡി.സി. ബുക്സ്, 2000, ജനുവരി, പുറം: 22.

61. കടമ്മനിട്ട, *കടമ്മനിട്ടയുടെ കൃതികൾ,* വാള്യം 2, ശാന്ത, കോഴിക്കോട്: പ്രപഞ്ചം പബ്ലിഷേഴ്സ്, 1980, പുറം: 71.

62. സച്ചിദാനന്ദൻ, *തെരഞ്ഞെടുത്ത കവിതകൾ,* 1965-1998, നെല്ല്, തൃശ്ശൂർ: കറന്റ് ബുക്സ്, 1999 ഒക്ടോബർ, പുറം: 159 - 161

63. രാജശേഖരൻ, എസ്. *പരിസ്ഥിതി ദർശനം മലയാളകവിതയിൽ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 ജൂൺ, പുറം: 117.

64. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം,* വേലിയേറ്റത്തിൽ, കോട്ടയം: ഡി.സി ബുക്സ്, 2006, പുറം: 41-43.

65. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ* സമ്പൂർണ്ണം, തുലാവർഷപ്പച്ച,കോട്ടയം: ഡി.സി.ബുക്സ്, 2006, പുറം: 616.

66. ബിനു സചിവോത്തമപുരം (എഡി.), *കവിതാരാമം,* കോട്ടയം, ടേൺ ബുക്ക്, 2017 മെയ്, പുറം: 59.

67. മനോജ്, എം.ബി. ബിനു സചിവോത്തമപുരം (എഡി.), *സിലബിൾ, രണ്ടായിരത്താണ്ടിനു ശേഷത്തെ കവിത,* മാവേലിക്കര: ഫേബിയൻ ബുക്സ്, 2011 ഡിസംബർ, പുറം: 15.

68. മധുസൂദനൻ, ജി. *ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ,* കോട്ടയം: കറന്റ് ബുക്സ്, 2009 ഒക്ടോബർ, പുറം: 169.

69. ഗിരിജ, വി.എം. *പ്രണയം ഒരു ആൽബം,* നിശ്ശബ്ദഹരിതവനം, തൃശ്ശൂർ: ചിത്തിര പബ്ലിഷേഴ്സ്, 1997, പുറം: 117.

70. ഗിരിജ, വി.എം. *ജീവജലം,* മരമായിരുന്നു ഞാൻ, തൃശ്ശൂർ: കറന്റ് ബുക്സ്, 2003, പുറം: 14.

71. പോൾ, എം.എസ്. *ഉത്തരാധുനികകവിതാപഠനങ്ങൾ,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2014 സെപ്തംബർ, പുറം: 91.

72. സുരേന്ദ്രൻ, വി.യു. *ചെറിയ മരത്തിൽ പിടിച്ച കാറ്റുകൾ,* കോഴിക്കോട്: ഹരിതം ബുക്സ്, 2015 മെയ്, പുറം: 50.

73. ടി.പു. അതേ പുറം.

74. വീരാൻകുട്ടി, *മൺവീറ്,* ബാലവേലക്കാരി, കോട്ടയം : ഡി.സി. ബുക്സ്, 2011 ഡിസംബർ, പുറം: 24

75. ജെനി, ആൻഡ്രൂസ്, *ഏഴാം നാൾ,* രഹസ്യനാളുകൾ, കോട്ടയം: ഡി.സി.ബുക്സ്, 2014 ഒക്ടോബർ, പുറം: 46 – 47.

76. ജെനി, ആൻഡ്രൂസ്, *ഏഴാം നാൾ,* കുറേക്കാലത്തേയ്ക്ക്, കോട്ടയം: ഡി.സി. ബുക്സ്, 2014 ഒക്ടോബർ, പുറം: 157 –158.

77. കണിമോൾ, *കാവ്യപൂർവ്വം,* ഉന്മാദികൾക്ക് ഒരു പൂവ്, കോട്ടയം: ഡി.സി. ബുക്സ്, 2013 നവംബർ, പുറം: 32–33.

78. ടി.പു. പുറം: 65 – 66.

79. സുഷമ ബിന്ദു, *ഒരുമെഭ്ട്ടോൾ,* തെച്ചിപ്പൂക്കൾ, കോഴിക്കോട്: ഐ ബുക്സ്, 2017 ജനുവരി, പുറം: 25.

## അധ്യായം 3

## ഒ.എൻ.വി. രചനയുടെ വഴികൾ

ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ കലാ-സാഹിത്യമണ്ഡലങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾക്ക് നാന്ദി കുറിക്കപ്പെട്ടു. ഇന്ത്യക്കകത്തും പുറത്തുമുള്ള രാഷ്ട്രീയചലനങ്ങളും സാമൂഹികമാറ്റങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളും പാശ്ചാത്യവിദ്യാഭ്യാസവും കേരളസമൂഹത്തിന്റെ ചിന്താമണ്ഡലം ഇളക്കിമറിച്ചു. ഫ്യൂഡൽ ചിന്താഗതി വച്ചുപുലർത്തിയ സാമൂഹ്യബോധം ആധുനിക രാഷ്ട്രീയചിന്തയിലേക്ക് ചുവടുമാറ്റിത്തുടങ്ങി. 1930-കളോടെ ഇടതുപക്ഷരാഷ്ട്രീയചിന്താഗതികൾ പ്രചരിപ്പിക്കപ്പെടുകയും പുരോഗമനപരമായ ആശയങ്ങൾ സമൂഹജീവിതത്തിലും സാഹിത്യത്തിലും ഉടലെടുക്കുകയും ചെയ്തു. സാഹിത്യകാരന് സമൂഹത്തോട് പ്രതിബദ്ധതയുണ്ടെന്ന ചിന്തയിൽനിന്നും സാമൂഹ്യമാറ്റങ്ങൾ തങ്ങളുടെ കൃതികളിലൂടെ പ്രതിഫലിപ്പിക്കണം എന്ന ഒരു നിലയുണ്ടായി. ഇത് സാധാരണക്കാരായ ജനങ്ങൾക്കും തൊഴിലാളിവർഗ്ഗത്തിനും സാഹിത്യത്തോട് കൂടുതൽ ബന്ധമുണ്ടാകുന്നതിനും കാരണമായി. പുരോഗമനാശയങ്ങൾ പുലർത്തുന്ന ധാരാളം രചനകളും ഈ കാലഘട്ടത്തിലുണ്ടായി. കേരളത്തിന്റെയും മലയാളസാഹിത്യത്തിന്റെയും ഇത്തരമൊരു പരിണാമദശയെ പ്രതിനിധാനം ചെയ്യുന്ന പശ്ചാത്തലത്തിലാണ് ഒ.എൻ.വിയുടെ ജനനം. ഒ.എൻ.വി കുറുപ്പിന്റെ കവിത അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ ചലിക്കുന്ന ചിത്രങ്ങളാണ്; സജീവവും സമഗ്രവുമായ ആത്മചിത്രങ്ങൾ കൂടിയാണ്. തുടക്കംമുതൽ ഇന്നോളം കേരളത്തിന്റെ രാഷ്ട്രീയ പരിതോവസ്ഥകളോടും സാംസ്കാരികപാരമ്പര്യത്തോടും സവിശേഷമായബന്ധം പുലർത്തുന്ന കാവ്യരചന നടത്തിയ കവിയാണ് ഒ.എൻ.വി. മലയാളഭാഷയുടെ ജൈവപരമായ അടിത്തറയിൽ നിന്നുകൊണ്ട്, ലാളിത്യമാർന്ന ഭാഷയിൽ, ഉചിതമായ കാവ്യബിംബങ്ങളിലൂടെ അദ്ദേഹം കേരളീയ പ്രകൃതിയുടെയും ജീവിതത്തിന്റെയും അടയാളപ്പെടുത്തലുകൾ കവിതയിലൂടെ ആവിഷ്ക

രിച്ചു. ഭൂമിയുടെയും അതിലെ ജീവജാലങ്ങളുടെയും നിലനിൽപ്പിനുവേണ്ടിയുള്ള നിസ്വാർത്ഥവും ചൂഷണവിമുക്തവും സ്നേഹനിർഭരവുമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുള്ള ആഹ്വാനം എന്നും ആ കവിത മുന്നോട്ടുവച്ചു. ഒ.എൻ. വിയുടെ കവിതയെയും കാവ്യസപര്യയെയും പഠനവിധേയമാക്കുകയാണ് ഈ അധ്യായത്തിൽ.

### 3.1 ബാല്യവും വിദ്യാഭ്യാസവും

1931 മെയ് 27-ന് കൊല്ലത്തെ ഒറ്റപ്ലാക്കൽ കുടുംബത്തിലെ ഒ.എൻ. കൃഷ്ണക്കുറുപ്പിന്റെ മകനായി ഒ.എൻ.വി ജനിച്ചു. ഒരു പൊതുപ്രവർത്തകനും ജ്യോതിശ്ശാസ്ത്രപണ്ഠിതനും വൈദ്യനും ആയിരുന്ന പിതാവ് കഥകളി, നാടകം, കർണ്ണാടസംഗീതം എന്നിവയിലൊക്കെ താല്പര്യമുള്ളയാളും ആയിരുന്നു. മാതാവ് ചവറയിലെ നമ്പ്യാടിക്കൽ വീട്ടിലെ തണ്ടളത്ത് ഗോവിന്ദക്കുറുപ്പിന്റെ മകൾ ലക്ഷ്മിക്കുട്ടിയമ്മ. അച്ഛനോടൊപ്പമുള്ള എഴുവയസ്സുവരെയുള്ള കാലത്തെ ജീവിതം വിവിധ കലാകാരന്മാരെ പരിചയപ്പെടാനും കലകളോട് ഒരു പ്രത്യേക ആഭിമുഖ്യം ഉണ്ടാകാനും കാരണമായി. ഒ.എൻ.വിയുടെ പേരിൽ അച്ഛൻ കൃഷ്ണക്കുറുപ്പ് തന്റെ കാരണവരായ ഒറ്റപ്ലാക്കൽ നീലകണ്ഠക്കുറുപ്പിന്റെ പേരിന്റെ ആദ്യഭാഗമായ ഒ.എൻ. ചേർത്തു. ഇതിന് മറ്റൊരു സാധൂകരണം കൂടിയുണ്ട്. അമ്മയുടെ തറവാടായ നമ്പ്യാടിക്കൽ എന്നതിന്റെ ചുരുക്കരൂപമായും ഇതിനെ പറയുന്നു. അങ്ങനെ ഒറ്റപ്ലാക്കൽ നമ്പ്യാടിക്കൽ വേലുക്കുറുപ്പെന്നും ഒറ്റപ്ലാക്കൽ നീലകണ്ഠക്കുറുപ്പെന്നും അറിയപ്പെട്ടു. ജനിച്ചപ്പോൾ പരമേശ്വരൻ എന്നായിരുന്നു നാമകരണം ചെയ്യപ്പെട്ടത്. എങ്കിലും വേലുക്കുറുപ്പ് എന്ന് സ്കൂൾ വിദ്യാഭ്യാസക്കാലത്ത് അറിയപ്പെട്ടു. 'അപ്പു' എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന ആ കുട്ടി മുതിർന്നപ്പോൾ ചവറ വേലുക്കുറുപ്പ് എന്ന പേരിൽ കവിതകളെഴുതിത്തുടങ്ങി. കേരളീയൻ എന്ന പേരിലും ബാലമുരളി എന്ന പേരിലും ഇടക്കാലത്ത് രചന നടത്തിയിരുന്ന ആ യുവാവ് കലേശൻ എന്ന പേരിൽ വിപ്ലവകവിതകളും എഴുതിയിരുന്നു. പിന്നീട് ഒ.എൻ.വി കുറുപ്പും മലയാളത്തിന്റെ സ്വന്തം ഒ.എൻ.വിയും ആയി മാറി.

അച്ഛനോടൊത്ത് ഇടനേരങ്ങളിൽ നടക്കാനിറങ്ങുന്നത് പ്രകൃതിയെയും അതിലെ സസ്യജന്തുജാലങ്ങളെയും കുറിച്ചുള്ള ബോധം മനസ്സിലുറപ്പിച്ചു. പിതാവിന്റെ സഹവാസം അപ്പു എന്ന കുട്ടിയിലെ ജിജ്ഞാസയെ എന്നും വളർത്തി. അച്ഛന്റെ അമൂല്യങ്ങളായ പുസ്തകശേഖരം വായനയുടെ വാതായനങ്ങൾ തുറന്നു. ഇക്കാലത്തുതന്നെ ദേവനാഗരിലിപി പഠിക്കാനും സംസ്കൃതശ്ലോകങ്ങൾ ചൊല്ലിപ്പഠിക്കാനും ഇടയായി. അല്പകാലത്തേക്കെങ്കിലും അച്ഛനോടൊത്തുള്ള ബാല്യം കവിയുടെ ജീവിതത്തിൽ പ്രാധാന്യമുള്ളതായി. അച്ഛന്റെ മരണശേഷം അനാഥരായ അമ്മയും മക്കളും അമ്മവീടായ ചവറയിലെ നമ്പ്യാടിക്കൽ വീട്ടിലെത്തി. അവിടത്തെ മുത്തച്ഛന്റെ സാന്നിധ്യവും അച്ഛന്റെ പുസ്തകശേഖരവും സ്കൂളിൽ പഠിക്കാത്ത പല ഗ്രന്ഥങ്ങളെയും അറിയാനും പഠിക്കാനും അവസരമൊരുക്കി. കവിയുടെ കാവ്യലോകത്തേക്കുള്ള ചുവടുവയ്പുകൂടിയായിരുന്നു അത്. കൊല്ലത്തെ ഇംഗ്ലീഷ് സ്കൂളിലായിരുന്നു വിദ്യാഭ്യാസത്തിന്റെ തുടക്കം. ചവറയിലെത്തിയതിനുശേഷം അവിടത്തെ ശങ്കരമംഗലം ഇംഗ്ലീഷ് സ്കൂളിലായി തുടർപഠനം.

### 3.1.1 ഉന്നതവിദ്യാഭ്യാസം

1946 ജൂൺമാസത്തിൽ തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ ഇന്റർമീഡിയേറ്റിന് ചേർന്നു. ചരിത്രവും മനഃശാസ്ത്രവും ഉൾപ്പെട്ട മൂന്നാം ഗ്രൂപ്പായിരുന്നു ഒ.എൻ.വി പഠനത്തിനായി തെരഞ്ഞെടുത്തത്. പരീക്ഷ ഒന്നാം ക്ലാസ്സോടെ പാസ്സായശേഷം 1949-ൽ കൊല്ലം എസ്.എൻ. കോളേജിൽ ബി.എ. ധനതത്വശാസ്ത്രം പഠനവിഷയമായി സ്വീകരിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലാണ് എം.എ. പഠനം പൂർത്തിയാക്കിയത്.

### 3.1.2 ഒ.എൻ.വിയെ സ്വാധീനിച്ച വ്യക്തികൾ

ഒ.എൻ.വി എന്ന കാവ്യവ്യക്തിത്വത്തിന്റെ രൂപീകരണത്തിന് സുഹൃത്തുക്കളും അധ്യാപകരും സാമൂഹ്യപ്രവർത്തകരുമായി നിരവധിപേർ കാരണമായിട്ടുണ്ട്. ഒ.എൻ.വി എന്ന വ്യക്തിപ്രഭാവത്തെ രൂപപ്പെടുത്തുന്നതിൽ ബാല്യകാല

ഗുരുക്കൻമാർക്കുണ്ടായിരുന്ന സ്ഥാനം ഏറെ ശ്രദ്ധേയമാണ്. സ്കൂളിൽ പഠിക്കുന്ന കാലത്ത് ഭാഷാധ്യയനത്തോടൊപ്പം ടി.കെ.നാണുമാഷും (ടാഗോർസാർ) കൊച്ചുനാണു സാറും(പണ്ഠിതർ സർ) ചൊല്ലിക്കൊടുത്ത നളിനി, ലീല, കുമാര സംഭവം എന്നീ കാവ്യങ്ങളുടെ വ്യാഖ്യാനവും വിശദീകരണവും ഒ.എൻ.വിയിലെ സർഗ്ഗപ്രതിഭയെ തൊട്ടുണർത്താൻ പോന്നതായിരുന്നു. സ്കൂളിൽ സംസ്കൃതം പഠിപ്പിച്ചിരുന്ന മുൻഷി ശങ്കുപിള്ളസാറും ഇംഗ്ലീഷും ചരിത്രവും പഠിപ്പിച്ച ടി.എം. ഐപ്പുസാറും ഒ.എൻ.വിയെ അറിവിന്റെ വിശാലതയിലേക്ക് കൂട്ടിക്കൊണ്ടുപോയ പണ്ഠിതന്മാരായിരുന്നു. സ്കൂൾപഠനത്തിനപ്പുറം ഒ.എൻ.വിയെ വിജ്ഞാനത്തിന്റെ അനന്തതയിലേക്ക് നയിക്കാൻ സ്കൂൾ വിദ്യാഭ്യാസകാലത്തെ അധ്യാപകർക്ക് സാധിച്ചു.

ചവറയിലെ പ്രാദേശിക വായനശാലകളും തിരുവനന്തപുരത്തുണ്ടായിരുന്ന പീപ്പിൾസ് പബ്ലിഷിങ് ഹൗസും അവിടെ നിന്നും ലഭിച്ച സൗഹൃദങ്ങളും ഒ.എൻ.വി എന്ന കവിയിൽ കാവ്യരചനയുടെ ഒരു സാംസ്കാരികപശ്ചാത്തലം സൃഷ്ടിക്കുന്ന തിന് കാരണമായി. പില്ക്കാലത്ത് സംഗീത സംവിധാനരംഗത്ത് പ്രശസ്തനായ ദേവരാജൻമാഷും നാടകരംഗത്ത് തന്റേതായ ഇടം കണ്ടെത്തിയ ശ്രീകണ്ഠൻനായ രും തോപ്പിൽഭാസിയും കവിയും ഗാനരചയിതാവുമായ വയലാറും ഒ.എൻ.വി. എന്ന വ്യക്തിയെ ഒരു കവിയായി രൂപാന്തരപ്പെടാൻ സഹായിച്ച വ്യക്തിത്വങ്ങളാ ണ്. തിരുവനന്തപുരത്തെ ഹോസ്റ്റൽ ജീവിതത്തിനിടയിൽ കണ്ടുമുട്ടാൻകഴിഞ്ഞ കാരൂർ, ആനന്ദക്കുട്ടൻ, മലയാറ്റൂർ, പി. കുഞ്ഞിരാമൻ നായർ, ഓംചേരി തുടങ്ങിയ വരും കോളേജിൽ സമകാലികരായിരുന്ന വെങ്കിട്ടരമണൻ, എ.ഡി ജോസഫ്, സി. പി. രാമകൃഷ്ണപിള്ള, ശ്രീമതി ലീല ഓംചേരി, കമുകറ പുരുഷോത്തമൻ തുട ങ്ങിയ സാംസ്കാരികപ്രവർത്തകരും അവരുടെ കൂട്ടായ്മയും സംവാദങ്ങളും പുതി യൊരു കാഴ്ചപ്പാടിലേക്ക് ഒ.എൻ.വി എന്ന വ്യക്തിത്വം പരിണമിക്കുന്നതിന് സാഹ ചര്യമൊരുക്കി.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുന്നകാലത്ത് അവിടെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ നേതൃത്വനിരയിൽ പ്രവർത്തിച്ചിരുന്ന പി.കെ.വി എന്ന കമ്യൂണിസ്റ്റ് നേതാവിന്റെ പ്രസംഗങ്ങളും പ്രവർത്തനശൈലിയും വിദ്യാർത്ഥി യായിരുന്ന ഒ.എൻ.വിയിൽ സാമൂഹിക അവബോധവും സ്വാധീനവും സൃഷ്ടിച്ചു. തിരുവനന്തപുരത്തെ ഹോസ്റ്റലിൽവച്ച് പരിചയമായ ഗോപാലൻ എന്ന വിദ്യാർത്ഥി രാഷ്ട്രീയപ്രവർത്തകനുമായുള്ള പരിചയം ഒ.എൻ.വിക്ക് കമ്യൂണിസ്റ്റ് പാർട്ടിയു മായി നേരിട്ട് ഇടപഴകാനും പ്രവർത്തിക്കാനും സാഹചര്യം ഒരുക്കി. ഡിഗ്രിക്ക് പഠിക്കുന്നകാലത്ത് വിദ്യാർത്ഥികോൺഗ്രസ്സിലെ സ്ഥാനാർത്ഥിയായി മത്സരിച്ചതും തുടർന്ന് ഫെഡറേഷൻ നേതൃത്വത്തിൽ മത്സരിച്ച് യൂണിയൻ ചെയർമാനായതും വ്യക്തമായ രാഷ്ട്രീയനിലപാട് പുലർത്തുന്നതുകൊണ്ടാണല്ലോ. പിൽക്കാലത്ത് 1989-ൽ ലോകസഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിച്ചതിൽ ഒ.എൻ.വി.യുടെ രാഷ്ട്രീയനിലപാടു വ്യക്തമാകുന്നു.

ഫ്യൂഡൽ കാലഘട്ടത്തിന്റെ അധഃപതനദശയിലാണ് ഒ.എൻ.വി സാമൂഹ്യ സാംസ്കാരിക മണ്ഡലത്തിലേക്ക് കടന്നുവരുന്നത്. തന്റെ തറവാട്ടിൽത്തന്നെ കർഷകരും തൊഴിലാളികളും അനുഭവിക്കുന്ന അടിച്ചമർത്തലുകളും ജീവിതദൈ ന്യവും നേരിട്ട് കണ്ടും പരിചയിച്ചും ഒ.എൻ.വിയിൽ നിലവിലെ സാമൂഹ്യവ്യവസ്ഥി തിയെ നിരാകരിക്കാനുള്ള മാനസികാവസ്ഥ സൃഷ്ടിച്ചു. അതുകൊണ്ടാണ് പുരോ ഗമനപ്രസ്ഥാനത്തിന്റെ വക്താവുകൂടിയായതോടെ കൃഷിഭൂമി കർഷകനുള്ളതാ ണെന്ന വിശാലകാഴ്ചപ്പാടിലേക്ക് ഒ.എൻ.വിയും ഉയർന്നത്. സാമൂഹികരംഗത്ത് ജന്മിത്തം മുതലാളിത്തത്തിന് വഴിമാറുകയും ഒരു പുത്തൻ സാമൂഹികക്രമം രൂപ മെടുക്കുകയും ചെയ്തു. സമൂഹത്തിലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട വിപ്ലവാശയങ്ങൾ ഒ.എൻ.വിയുടെ മനസ്സിൽ നിസ്വവർഗ്ഗത്തോട് ഒരു പ്രത്യേക താല്പര്യം ജനിക്കാൻ ഇടയാക്കി.

1947 ആഗസ്ത് 15-ന് ഇന്ത്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ ഇന്ത്യൻ യൂണിയനിൽ ചേരാതെ തിരുവിതാംകൂർ സ്വതന്ത്രദേശമായി സ്വയം പ്രഖ്യാപിക്കു

കയായിരുന്നു സർ സി.പി. ഇതിനെതിരായി വിദ്യാർത്ഥികളും അധ്യാപകരും തൊഴിലാളികളും തുടങ്ങി സമൂഹം ഒന്നടങ്കം പ്രക്ഷോഭത്തിന് തയ്യാറായി. സ്വതന്ത്ര തിരുവിതാംകൂർ വാദത്തെ എതിർക്കുകയും ഇന്ത്യ ഒന്നാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് സമരം നടത്തുകയും ചെയ്തു. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന മുദ്രാവാക്യവുമായി രംഗത്തുവന്ന തൊഴിലാളികളോടുചേർന്ന് വിദ്യാർത്ഥികളും തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തി.

ഈ കാലഘട്ടത്തിൽ യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിയായിരുന്ന ഒ.എൻ.വി പ്രക്ഷോഭത്തിൽ നേരിട്ട് പങ്കെടുക്കാനിടയായി. അതിൽനിന്നുണ്ടായ തീവ്രാനുഭവങ്ങൾ പില്ക്കാലത്ത് ജ്വലിക്കുന്ന അധ്യായമായി ഒ.എൻ.വിയുടെ മനസ്സിൽ രൂഢമൂലമായി. ഒ.എൻ.വിയുടെ ആദ്യകാലരചനകൾ പുരോഗമന വിപ്ലവപ്രസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് കാരണവും മറ്റൊന്നല്ല.

ഇതിനെല്ലാറ്റിനുമുപരിയായി ചവറ എന്ന ഗ്രാമത്തിന്റെ ഹരിതഭംഗിയും അവിടത്തെ പച്ചമനുഷ്യരുടെ ജീവിതവുമാണ് അപ്പു എന്ന കുട്ടിയുടെയുള്ളിലെ കവിയെ സ്വാധീനിച്ചതും വശീകരിച്ചതും. ചവറയിലെ ലോഹമണൽ കമ്പനികളിൽ ആയിരക്കണക്കിനാളുകൾ തൊഴിൽ ചെയ്യുന്നുണ്ടായിരുന്നു. നാട്ടിലെ ഭൂവുടമകളിൽനിന്ന് ബ്രിട്ടീഷുകാർ തുച്ഛവിലയ്ക്കെടുത്ത സ്ഥലങ്ങളിൽ ഇതേ ഭൂവുടമകളുടെ കുടുംബക്കാർ തന്നെ തൊഴിലാളികളായി ഉണ്ടായിരുന്നു. രാവിലെ പണിക്കു കയറുന്ന പണിയാളർ വൈകുന്നേരം ലോഹത്തരികൾ കൊണ്ടുണ്ടാക്കിയ കുപ്പായവും ധരിച്ചിട്ടെന്നപോലെ പുറത്തേക്കുവരും. അടുത്തുള്ള പാലത്തിനു സമീപത്തെ തൊടിയിൽ കയ്യിൽ ചോറ്റുപാത്രവുമായി നിൽക്കുന്ന ആളുകളുടെ ദൈന്യവും കവിയുടെ മനസ്സിലെ മായാത്ത ചിത്രമായി. ഒരിക്കൽ അവരോടായി ഒരു യുവാവ് ഇങ്ങനെ പറയുന്നതും അപ്പു കേട്ടു: ''സർവ്വരാജ്യത്തൊഴിലാളികളെ സംഘടിക്കുവിൻ! നിങ്ങൾക്ക് നഷ്ടപ്പെടുവാൻ ചങ്ങലകൾ മാത്രം! കിട്ടാനോ ഒരു സ്വർഗ്ഗം!'' ഇതിനെക്കുറിച്ച് കവിയുടെ തന്നെ വാക്കുകൾ ഇങ്ങനെയാണ്:

''അന്നോളം കേട്ടതിൽവച്ച് എറ്റവും ഹൃദയസ്പർശിയായ ഒരു കവിതപോലെ അത് ഉള്ളിൽ കുറേനാൾ ഞാനും മനസ്സിൽ ഉരുവിട്ടുനടന്നു: നിങ്ങൾക്കു നഷ്ടപ്പെടാൻ ചങ്ങലകൾ മാത്രം! കിട്ടാനോ ഒരു സ്വർഗ്ഗം''[1] പില്ക്കാലത്ത് ഒ.എൻ.വി. എന്ന കവിയുടെ വളർച്ചക്കും എഴുത്തിൽ തന്റേതായ ഒരിടം രൂപപ്പെടുത്തുന്നതിനും ഈ തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെ ആശയപരത സഹായകമായി.

**3.1.3 കർമ്മരംഗം**

കവിതാരചനയിലും ഗാനരചനയിലും അധ്യാപനരംഗത്തും പൊതുപ്രവർത്തനരംഗത്തും പ്രസംഗവേദിയിലും ഒക്കെ ഏഴുപതിറ്റാണ്ടോളമായി ഒ.എൻ.വി. ഒരു ബഹുമുഖവ്യക്തിത്വം പ്രകടമാക്കുകയായിരുന്നു. 2016 ഫെബ്രുവരി പതിമൂന്നിന് മരിക്കുന്നതുവരെ കർമ്മനിരതമായിരുന്നു ആ ജീവിതം. മലയാളകവിതാചരിത്രത്തിന്റെ സവിശേഷമായ ഒരു പരിവർത്തനഘട്ടത്തിൽ ഇടതുപക്ഷരാഷ്ട്രീയചിന്താഗതികൾ പുലർത്തിയ, വാഗ്ദാനംചെയ്ത നല്ലനാളെയുടെ സ്വപ്നങ്ങളുമായാണ് ഒ.എൻ.വി കവിതാരംഗത്തേക്ക് വന്നത്. 1940-കളുടെ ഉത്തരാർദ്ധം മുതൽ അന്ത്യദിനംവരെ തന്റെ ജ്ഞാനാന്വേഷണവും രചനയും ഒ.എൻ.വി തുടർന്നു. തിരുവനന്തപുരം എ.ഡി. കോട്ടൺ മില്ലിന്റെ പടിക്കൽ നിന്ന് 'ജനയുഗം അധ്വാനിക്കുന്നവന്റെ പത്രം' എന്നുറക്കെപ്പറഞ്ഞ് വിറ്റുനടന്നിരുന്നതാണ് ഒ.എൻ.വി.യുടെ കർമ്മരംഗത്തിന്റെ പ്രാരംഭം എന്നു പറയേണ്ടിയിരിക്കുന്നു.

എസ്.എൻ. കോളേജിലെയും യൂണിവേഴ്സിറ്റി കോളേജിലെയും പഠനശേഷം തിരുവനന്തപുരത്തുതന്നെയുള്ള ഒരു പാരലൽകോളേജിൽ അധ്യാപകനായി. മലയാളം എം.എ ബിരുദം ഉന്നതമായ നിലയിൽത്തന്നെ കരസ്ഥമാക്കിയ ഒ.എൻ.വിക്ക് പക്ഷെ അധ്യാപകജോലി ലഭിക്കാൻ വളരെയധികം ശ്രമിക്കേണ്ടിവന്നു. 1957 ജൂലൈ ഒന്നാം തീയതി എറണാകുളം മഹാരാജാസ് കോളേജിൽ അധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ചു. ഇതേ കാലത്ത് അവിടെ എം.എം. മലയാളം പഠിതാവായി എത്തിയ പി.പി. സരോജിനിയെ കണ്ടുമുട്ടി. ദേശമം

ഗലത്തു പണ്ടാരത്തിൽ പുത്തൻകളത്തിൽ പാറുക്കുട്ടി അമ്മയുടെയും കെ.പി. രാമ നുണ്ണിനായരുടെയും മകളായ സരോജിനിയെ 1958-ൽ ഒ.എൻ.വി ജീവിതസഖിയാക്കുകയും ചെയ്തു. സരോജിനിയോടൊപ്പമുള്ള കുടുംബജീവിതം സ്ത്രീസ്വത്വത്തോടുള്ള സമത്വസ്വഭാവത്തെ കവി മനസ്സിൽ ഊട്ടിയുറപ്പിക്കാൻ കാരണമായി. 1958-മുതൽ ഇരുപത്തഞ്ചുവർഷത്തോളം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും അതിനുശേഷം കോഴിക്കോട് ഗവ. ആർട്സ് കോളേജിലും അധ്യാപകജീവിതം നയിച്ചു. പില്ക്കാലത്ത് തലശ്ശേരി ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1986 മെയ് 31ന് തിരുവനന്തപുരം വിമൻസ് കോളേജിൽ നിന്നും മലയാളവിഭാഗം തലവനായി ഔദ്യോഗിക ജീവിതത്തിൽനിന്നും പടിയിറങ്ങി. തൊഴിൽരംഗത്തുനിന്നും വിരമിച്ചുവങ്കിലും കാലിക്കറ്റ് സർവ്വകലാശാല വിസിറ്റിംഗ് പ്രൊഫസർ(1987), കലാമണ്ഡലം ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. കലാമണ്ഡലത്തെ കല്പിത സർവ്വകലാശാലയാക്കി ഉയർത്താനുള്ള പ്രവർത്തനങ്ങളിൽ ഒ.എൻ.വി മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. ഭാഷാസംരക്ഷണസമിതിയുടെ പ്രവർത്തനങ്ങളിൽ മറ്റ് പ്രമുഖരോടൊപ്പം ഒ.എൻ.വിയും പങ്കാളിയായി. 'തത്തമ്മ' എന്ന കുട്ടികളുടെ ദ്വൈവാരികയുടെ പത്രാധിപരായും കുറച്ചുകാലം പ്രവർത്തിച്ചു.

### 3.1.4 പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യ നവോത്ഥാനവും

സാംസ്കാരികവും സാമൂഹികവും ബൗദ്ധികവുമായ തലങ്ങളിൽ മനുഷ്യനിൽ ഉണ്ടാകുന്ന ഉണർവ്വും ഉയർച്ചയുമാണ് പുരോഗമനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യചേതനയെത്തന്നെ മാറ്റിമറിക്കുവാൻ സാഹിത്യത്തിന് കഴിവുണ്ട്. സാഹിത്യം സംസ്കാരത്തെ ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്കെത്തിക്കുന്ന വാഹകമായും മാർഗ്ഗദർശിയുമായും വർത്തിക്കുന്നു. മനുഷ്യസംസ്കാരം എന്നും മാറ്റത്തിനു വഴിപ്പെടുന്നു. ചിന്തയിലും തൊഴിലുകളിലും സാമൂഹ്യബന്ധങ്ങളിലും മാറ്റങ്ങൾ സംഭവിക്കുന്നു. സാംസ്കാരികമായി മനുഷ്യനെ സ്വാധീ

നിക്കാനുള്ള സാഹിത്യത്തിന്റെ കഴിവിനെ മനുഷ്യജീവിത നവീകരണത്തിനും പുരോഗമനത്തിനും ആധുനിക കാലഘട്ടത്തിൽ ബോധപൂർവ്വം ഉപയോഗപ്പെടുത്തിയിടത്തുനിന്നാണ് പുരോഗമനസാഹിത്യം ഉടലെടുത്തത്. അതുകൊണ്ടുതന്നെ സാമൂഹ്യപ്രതിബദ്ധതയാണ് പുരോഗമന സാഹിത്യത്തിന്റെ മുഖ്യലക്ഷണം. ''മനുഷ്യന്റെ അന്തഃകരണവൃത്തികളുടെ ഊടും പാവും മാറ്റുകയും പുതിയൊരു സംസ്കാരവും സൗന്ദര്യബോധവും സന്നിവേശിപ്പിക്കുകയും ചെയ്യുവാനുള്ള സാഹിത്യത്തിന്റെ കഴിവ് സാമൂഹ്യപുരോഗതിക്കുവേണ്ടി ഉപയോഗിക്കുക എന്നതാണ് പുരോഗമന സാഹിത്യത്തിന്റെ ലക്ഷ്യം എന്നു പറയാം.''[2]

1937-ൽ തൃശ്ശൂരിൽവച്ച് ഇ.എം.എസ്, കെ. ദാമോദരൻ, കെ.കെ. വാര്യർ, കേശവദേവ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന സാഹിത്യസമ്മേളനത്തിൽ ജീവൽസാഹിത്യസംഘടന എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കാൻ തീരുമാനിച്ചു. എ. മാധവൻ സെക്രട്ടറിയായി. കേരളത്തിൽ സംഘടനയുടെ പ്രവർത്തനം പ്രധാനമായും രണ്ടു രംഗങ്ങളിലായിരുന്നു.

1. സർഗ്ഗാത്മക സാഹിത്യനിർമ്മിതിയുടെ രംഗത്ത്
2. നിരൂപണരംഗത്ത് അഥവാ ആശയ പ്രചരണരംഗത്ത്

സാമൂഹികരംഗത്ത് പരിവർത്തനമുണ്ടാക്കുന്നതിന് പ്രയോജനമാകുംവിധം ജീവിതത്തെ ചിത്രീകരിച്ച് കഥയോ നോവലോ, കവിതയോ എഴുതിയാലാണ് പുരോഗമന സാഹിത്യകൃതിയാകുക. കഥാരംഗത്ത് കെ. ദാമോദരൻ, തകഴി, കേശവദേവ്, പൊൻകുന്നംവർക്കി, കാരൂർ, ബഷീർ, എസ്.കെ. പൊറ്റെക്കാട് തുടങ്ങിയവരുടെ രചനകളുണ്ടായി. അല്പം വൈകി കവിതാരംഗത്ത് ആദ്യഘട്ടത്തിൽ പി. ഭാസ്കരൻ, കെ.പി.എം. നമ്പൂതിരി, എം.പി. ഭട്ടതിരിപ്പാട്, ടി.എസ്. തിരുമുമ്പ്, കെടാമംഗലം പപ്പുക്കുട്ടി തുടങ്ങിയവർ പ്രവർത്തിച്ചു. വയലാർ, ഒ.എൻ.വി, തിരുനല്ലൂർ കരുണാകരൻ, പുതുശ്ശേരി രാമചന്ദ്രൻ, പുനലൂർ ബാലൻ തുടങ്ങിയവർ രണ്ടാം ഘട്ടത്തിലും രചനകൾ നടത്തി.

1944-ൽ ഷൊർണ്ണൂർ സമ്മേളനത്തിൽ ജീവൽ സാഹിത്യസംഘം പുരോഗമനസാഹിത്യസംഘടന എന്ന പേരിലാക്കി പ്രവർത്തനം. 1949-ൽ കൊല്ലത്തെ സമ്മേളനത്തിൽ സംഘടന രണ്ടായി പിളർന്നു. തുടർന്നുള്ള വർഷങ്ങളിൽ സമ്മേളനങ്ങൾ നടന്നെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. 1981 ആഗസ്ത്-14ന് എറണാകുളത്തു ചേർന്ന പുരോഗമന സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ പുരോഗമന കലാസാഹിത്യസംഘം രൂപം കൊണ്ടു. ഇന്നും കേരളത്തിന്റെ സാമൂഹിക സാംസ്കാരികരംഗത്ത് പുരോഗമന കലാസാഹിത്യസംഘം പ്രവർത്തിക്കുന്നു, നേതൃത്വം നൽകിവരുന്നു.

മലയാളസാഹിത്യം തുടക്കം മുതലിങ്ങോളം നിരവധി പ്രസ്ഥാനങ്ങളിലൂടെയാണ് കടന്നുവന്നിട്ടുള്ളത്. നിയതമായ ചട്ടക്കൂടുകളിൽ ഒതുക്കി എഴുതപ്പെട്ടിരുന്ന ക്ലാസ്സിക് കാലഘട്ടം, നിബന്ധനകളിൽ അല്പം ഇളവുവരുത്തിയ നിയോക്ലാസിക് ഘട്ടം, കാല്പനികഘട്ടം, നവോത്ഥാനഘട്ടം, പുരോഗമന സാഹിത്യം, ആധുനികത, ഉത്തരാധുനികത എന്നിങ്ങനെ കണക്കിലെടുക്കാം. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാകുമ്പോഴേക്കും പാശ്ചാത്യ സാഹിത്യസമ്പർക്കത്താൽ മലയാളഭാഷയിൽ പുതിയപുതിയ സാഹിത്യരൂപങ്ങൾ ഉടലെടുത്തു. നോവൽ, ചെറുകഥ, നാടകം തുടങ്ങിയവ സാഹിത്യലോകത്ത് പുതിയൊരു ഉണർവ്വുതന്നെ സൃഷ്ടിച്ചു. ഇതിനെത്തുടർന്ന് ആധുനിക കവിത്രയത്തിന്റെ രചനകളിലും ഒരു പുത്തനുണർവുണ്ടായി. കാല്പനികതയുടെ പ്രാരംഭം തെളിഞ്ഞു. സ്വാതന്ത്ര്യസമരകാലമെത്തുമ്പോഴേക്കും ഇടതുപക്ഷ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ആകൃഷ്ടരായി അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി പോരാടാൻ പ്രേരിപ്പിക്കുന്നതരത്തിലുള്ള രചനകൾ സാഹിത്യത്തിലുടലെടുത്തു. പുതിയ ആശയങ്ങൾ ആധുനികമായ ചിന്താധാരകളുമായിച്ചേർന്ന് സാഹിത്യരംഗത്ത് ഒട്ടേറെ സംഭാവനകൾ നൽകുകയും ചെയ്തു. ഉത്തരാധുനികഘട്ടത്തിൽ എത്തിനിൽക്കുന്ന മലയാളസാഹിത്യത്തിൽ രചനയ്ക്ക് പ്രത്യേകിച്ച് ചട്ടക്കൂടുകൾ ഒന്നും കല്പിക്കപ്പെടുന്നില്ല.

മനുഷ്യത്വത്തിൽ അടിയുറച്ചു നിന്നുകൊണ്ട് സാഹിത്യത്തേയും സംസ്കാരത്തേയും പരിപോഷിപ്പിക്കുക എന്നതാണ് പുരോഗമന സാഹിത്യകാരന്റെ ചിന്ത. സാമൂഹ്യമായ പശ്ചാത്തലമായി ബന്ധപ്പെടുമ്പോൾ മാത്രമേ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന് പ്രസക്തിയുള്ളൂ. പ്രസ്ഥാനത്തിന്റെ ആദ്യകാലത്ത് കഥാരംഗത്തും നോവൽ രചനയിലും നാടകരചനയിലും പുരോഗമനപരവും വിപ്ലവാത്മകവുമായ രചനകളുമായി കെ. ദാമോദരൻ (പാട്ടബാക്കി), തകഴി (ത്യാഗത്തിന്റെ പ്രതിഫലം, പതിതപങ്കജം) കേശവദേവ് (കണ്ണാടി, ഓടയിൽനിന്ന്), പൊൻകുന്നം വർക്കി (ശബ്ദിക്കുന്ന കലപ്പ) തുടങ്ങിയവർ രംഗത്തുവന്നു.

കെ. ദാമോദരന്റെ 'പാട്ടബാക്കി'യാണ് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ചുവടുപിടിച്ച് രചിക്കപ്പെട്ട ആദ്യനാടകം. പാട്ടക്കുടിയാന്മാരായി ജീവിച്ച ഒരു കർഷകകുടുംബത്തിന്റെ നേർചിത്രമാണ് 'പാട്ടബാക്കി'. എം.പി. പോളിന്റെ അഭിപ്രായത്തിൽ ''മനുഷ്യനെ നിർഭയചിന്തകനും സാഹസ സന്നദ്ധനും കർമ്മധീരനും പുരോഗമനേച്ഛുവുമാക്കാൻ ഉതകുന്നതാണ് പുരോഗമന സാഹിത്യം.''[3] പുരോഗമന പ്രസ്ഥാനത്തിന്റെ ആദ്യകാലകവിയായിരുന്നു കെടാമംഗലം പപ്പുക്കുട്ടി (കടത്തുവഞ്ചി). കവിതയെ കൂടുതൽ ജനകീയമാക്കുക എന്ന ചിന്ത പുരോഗമന സാഹിത്യത്തിൽപ്പെട്ട കവികൾ പുലർത്തിയിരുന്നു. ധ്വന്യാത്മകതയാർന്നതും കുറിക്കുകൊള്ളുന്നതുമായ ശൈലിയായിരുന്നു പി. ഭാസ്കരന്റേത്. വയലാറും ഒ.എൻ.വിയുമൊക്കെ വിപ്ലവാത്മകങ്ങളായ കവിതകൾ രചിച്ചിട്ടുണ്ട്. ജാതിമതചിന്തകൾ ആഴത്തിൽ വേരൂന്നിയ കേരളത്തിലെ അന്നത്തെ സാമൂഹ്യാവസ്ഥയ്ക്കെതിരായി സമരം ചെയ്ത് ഭാഷയ്ക്കും സാഹിത്യത്തിനും നിലവാരമുണ്ടാക്കുക എന്നൊരു കാഴ്ചപ്പാടായിരുന്നു പുരോഗമന സാഹിത്യം മുന്നോട്ടുവച്ചത്. പുരോഗമന സാഹിത്യപ്രസ്ഥാനം പ്രചാരത്തിൽ വന്നതോടെ സാഹിത്യകാരന്റെ കാഴ്ചപ്പാട് മാറുന്നു. ഗതാനുഗതികത്വം വിട്ട് സാഹിത്യം അധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിനിടയിലേക്ക് ഇറങ്ങിവന്നു. ചിട്ടപ്പെടുത്തിയ നിർവ്വചനങ്ങൾക്കിടയിൽനിന്ന് നിയമം ലംഘിച്ച് സാഹിത്യം സമൂഹത്തിൽ സ്ഥാനം പിടിച്ചു. സാഹിത്യത്തിലെ പുത്തൻ

ദർശനങ്ങൾക്ക് കാരണമായ ഉണർവ്വിലേക്ക് നയിച്ചത് പുരോഗമനപ്രസ്ഥാനക്കാർ പ്രചരിപ്പിച്ച നവോത്ഥാന ആശയങ്ങളാണ്.

### 3.1.5 പുരോഗമന സാഹിത്യപ്രസ്ഥാനവും ഒ.എൻ.വിയും

രാഷ്ട്രീയവും സാമൂഹ്യവുമായ പൊതുമണ്ഡലത്തിൽ തുടർപ്രക്ഷോഭങ്ങൾ നടക്കുന്ന കലുഷിത അന്തരീക്ഷത്തിലാണ് ഒ.എൻ.വി കാവ്യലോകത്തേക്ക് ചുവടു വയ്ക്കുന്നത്. കേരളസമൂഹത്തെയാകെ ഇളക്കിമറിക്കാൻ പോന്ന തീവ്രസമരങ്ങൾ നടക്കുന്ന കാലമായിരുന്നു. ഒന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമരവും മറ്റേത് ജന്മിത്തത്തി നെതിരായിട്ടുള്ള സമരവും. ദേശീയസ്വാതന്ത്ര്യസമരം വളരെ ശക്തമായ നാല്പതു കളിൽ ഉത്തരവാദിത്തഭരണപ്രക്ഷോഭത്തിന്റെ ഭാഗമായി ഉണ്ടായ പ്രക്ഷോഭങ്ങൾ രാഷ്ട്രീയമായി പ്രക്ഷുബ്ധാവസ്ഥ സൃഷ്ടിച്ചു. കാർഷികരംഗത്താകട്ടെ മിക്ക ജന്മിമാരും പാട്ടക്കാരെ പീഡിപ്പിക്കുന്നവരായിരുന്നു. പാട്ടക്കാരുടെ പാട്ടവിഹിതം വർദ്ധിപ്പിക്കാനും അവ നിർബന്ധപൂർവ്വം പിരിച്ചെടുക്കാനും ജന്മിമാർ നടത്തിയ ശ്രമങ്ങൾ കാർഷികബന്ധങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കി. ജന്മിമാർക്ക് അവരുടെ കൈവശമുള്ള ഭൂമി ഇഷ്ടംപോലെ ഉപയോഗിക്കാം എന്നുള്ള അവസ്ഥ കാർഷിക രംഗത്ത് സംഘർഷങ്ങൾ വളർന്നുവരാൻ ഇടയാക്കി. ഈയൊരു രാഷ്ട്രീയ സാമൂ ഹ്യപശ്ചാത്തലത്തിൽ മലയാളകാവ്യലോകത്തേക്ക് കടന്നുവന്ന ഒ.എൻ.വി അരുണ ദശകങ്ങളുടെ കവിയായിട്ടാണ് അറിയപ്പെടുന്നത്. സാഹിത്യത്തിലെ എല്ലാ വേർതിരിവുകൾക്കുമപ്പുറം കവിയുടെ എഴുത്തുകൾ കേരളത്തനിമയുടെയും നാടോടിസംസ്കൃതിയുടെയും തെളിവും എളിമയും ലാളിത്യവും കൊണ്ട് സമ്പന്ന വുമാണ്. വ്യവസായവൽക്കരണം ആഗോളവൽക്കരണം അധിനിവേശം തുടങ്ങിയ വയുടെ കടന്നുവരവ് ലോകത്ത് പുതിയ ജീവിതക്രമം തന്നെയുണ്ടാക്കി. അവയുടെ ശക്തമായ സ്വാധീനം തികഞ്ഞ സമൂഹത്തിൽ ഒ.എൻ.വിയുടെ കവിതകൾ ഉൾക്കൊണ്ട ഈ ആർജ്ജിതസംസ്കാരത്തിന്റെ പ്രസക്തി ഏറ്റവും മൂല്യമുള്ളതാ ണ്. വരുംതലമുറ സാഹിത്യ ചരിത്രത്തിൽ ആ കവിതക്ക് സ്ഥാനം നിർണ്ണയിക്കു

ന്നതും ഒരു പക്ഷെ തന്റെ കവിതയിലേക്ക്, രചനകളിലേക്ക് നമ്മുടെ നാടിന്റെ സാംസ്കാരികത്തനിമ കവി എങ്ങനെ ആവാഹിച്ചു എന്നതിന്റെ പേരിലാകും. ഭാരതസംസ്കാരവും നിസ്വവർഗ്ഗത്തോടുള്ള സഹാനുഭൂതിയും പുരോഗമനപരമായ കാഴ്ചപ്പാടും വ്യക്തമായ രാഷ്ട്രീയചിന്താഗതിയോടെ മണ്ണിൽ വേരുകളോടിച്ച് തന്റെ രചനകളിലൂടെ സഹൃദയരിലേക്ക് എത്തിക്കുകയായിരുന്നു ഒ.എൻ.വി. കഠിനമായ അധ്വാനവും നിരന്തരമായ സാധനയും കൊണ്ട് കവിതാരചനയെ ഒരു തപസ്യയാക്കി മാറ്റിയ അദ്ദേഹം ജീവിതത്തെയും കവിതയെയും സമന്വയിപ്പിക്കാൻ സാധിക്കും എന്നും അതാണ് കവി എന്ന നിലയിൽ സമൂഹത്തോട് തനിക്ക് ചെയ്യാനുള്ള കർത്തവ്യമെന്നും തെളിയിക്കുകയും ചെയ്തു. പഴമയെ ധിക്കരിക്കാതെ പുതുമയെ സ്വാഗതം ചെയ്തുകൊണ്ട് പാരമ്പര്യത്തിന്റെയും ആധുനിക കവിതാരീതിയുടെയും ഇടയിൽ നിലകൊള്ളുന്ന കണ്ണികളെ ഇണക്കിച്ചേർത്തു. സ്വന്തമായ ശൈലിയിൽ തന്റേതായ ഒരു ഇടം നേടിക്കൊണ്ട് മലയാള സാഹിത്യലോകത്തെ ചൈതന്യവത്താക്കിത്തീർത്ത ഒരു കാവ്യ സപര്യയാണ് ഒ.എൻ.വിയുടേത്. ആ കവിതയിലൂടെ സഞ്ചരിക്കുമ്പോൾ നാം കേരളസമൂഹത്തിന്റെ ചരിത്രത്തിലൂടെയാണ് സഞ്ചരിക്കുന്നത്; സാംസ്കാരികമായി വളരെയധികം പ്രാധാന്യമുള്ളതാണ് ആ അക്ഷരങ്ങൾ.

പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ചിന്താധാരകൾ സാംസ്കാരികജീവിതത്തിൽ ആഴത്തിൽ വേരോടിച്ചിരുന്ന കാലത്ത് അതിന്റെ അനുരണനങ്ങൾ സാഹിത്യലോകത്തുണ്ടായി. ദേശീയസമരങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കപ്പെട്ടു. ഇടതുപക്ഷാശയങ്ങളോട് ചായ്‌വ് പുലർത്തി സംഘടനയോട് അനുഭാവമുള്ള കവി എന്ന നിലയിൽ ഒ.എൻ.വി. രചന നടത്തി. കവി വിപ്ലവാശയങ്ങളോടും പ്രതികരണശേഷിയുള്ള, എന്നാൽ അടിച്ചമർത്തപ്പെട്ട സമൂഹത്തോടും പ്രതിജ്ഞാബദ്ധത പുലർത്തിയിരുന്നു. ഒ.എൻ.വിയുടെ ആദ്യകാലകവിതകളാണ് പ്രധാനമായും പുരോഗമനപ്രസ്ഥാനത്തിനോട് കൂറുപുലർത്തിയിരുന്നത്.

### 3.2 ഒ.എൻ.വിയുടെ കാവ്യജീവിതം പ്രാരംഭം

സാമൂഹികമാറ്റങ്ങളോടും കാലഘട്ടത്തോടും സദാ പ്രതികരിച്ചുകൊണ്ടിരുന്ന ഒരു കവിയുടെ ജീവിതത്തിൽ പല ഘട്ടങ്ങൾ തരണം ചെയ്യേണ്ടിയിരുന്നു. എഴുപതുവർഷത്തോളം നീണ്ടുകിടക്കുന്ന കാവ്യജീവിതത്തെ പഠനത്തിന്റെ ലഘുത്വത്തിനുവേണ്ടി മൂന്നു ഘട്ടങ്ങളായി തിരിക്കുന്നു. 1945-കാലത്തിൽ തുടങ്ങി 1960-കളോടെ അവസാനിക്കുന്ന ഒന്നാം ഘട്ടത്തിൽ ഇടതുപക്ഷാശയങ്ങളിൽ ആകൃഷ്ടനായി പുരോഗമന സാഹിത്യപ്രസ്ഥാനത്തിനോടടുത്ത് നടത്തിയ രചനകളായിരുന്നു ഉണ്ടായത്. ഉൾക്കരുത്തുള്ള രാഷ്ട്രീയദർശനത്തിന്റെ പ്രത്യക്ഷമായ സ്വാധീനവും അതിന്റെതന്നെ പ്രകടനപരതയും ആദ്യകാല ഒ.എൻ.വി രചനകളിൽ കാണാം. ''ഒരു പരിശീലനക്കളരി മാത്രമല്ല; ഒ.എൻ.വിയുടെ കാവ്യജിവിതത്തിന്റെ ദിശാസൂചിയായും കരുതാം ആദ്യകാലകവിതകൾ. ശക്തിയെ ഉപാസിച്ചും സാമ്യവാദത്തെ ധന്യവാദം ചെയ്തും ജനകീയശൈലിയിലും സംഗീതാത്മകതയിൽ കൂടുതൽ ശ്രദ്ധിച്ചും എഴുതിയവയാണ് ഒ.എൻ.വിയുടെ ആദ്യകാലകവിതകൾ എന്നും പറയാം.''[4]

1946-ൽ ഇന്റർ മീഡിയേറ്റിനു പഠിക്കുമ്പോൾ ആദ്യകവിത 'മുന്നോട്ട്' രാജ്യാഭിമാനിവാരികയിൽ അച്ചടിച്ചുവന്നു. ചവറ ഒ.എൻ. വേലുക്കുറുപ്പ് എന്ന പേരിലാണ് കവി ഇതെഴുതിയത്.

> പായുക മുന്നോട്ടു നീ സോദരാ, മാതാവിന്റെ
> പാരതന്ത്ര്യത്തെത്തകർത്തകലെക്കളഞ്ഞീടാൻ[5]

എന്നാരംഭിക്കുന്ന വരികൾ കവിയുടെ രാജ്യാഭിമാനത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും പ്രത്യാശയാണ് പ്രകടമാക്കുന്നത്. 1950-ൽ പ്രസിദ്ധീകൃതമായ *പൊരുതുന്ന സൗന്ദര്യ*ത്തെ ഒ.എൻ.വി കുറുപ്പിന്റെ പ്രഥമ കവിതാസമാഹാരമായി ഗണിക്കുന്നു. *കലയും കശാപ്പും* എന്ന കൃതി ഇതിനുമുമ്പ് 1948-ൽ പുറത്തിറങ്ങിയിരുന്നുവെങ്കിലും കലേശൻ എന്ന തൂലികാനാമമായിരുന്നു കവി സ്വീകരിച്ചിരുന്നത്.

താൻ ജീവിക്കുന്ന സമൂഹത്തിന്റെ നേർപ്പകർപ്പായ ആ കൃതി സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ ഒരു പ്രത്യേക കാലഘട്ടത്തിന്റെ സ്പന്ദനങ്ങളെത്തന്നെയാണ് അടയാളപ്പെടുത്തുന്നത്. *കലയും കശാപ്പും, പൊരുതുന്ന സൗന്ദര്യം, സമരത്തിന്റെ സന്തതികൾ, ഞാൻ നിന്നെ സ്നേഹിക്കുന്നു, ന്റെ പുന്നാരഅരിവാള്, മാറ്റുവിൻ ചട്ടങ്ങളെ, കടിഞ്ഞൂൽക്കനികൾ* എന്നീ സമാഹാരങ്ങളെയാണ് പ്രധാനമായും പ്രാരംഭഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരമായി 1956-ൽ *ദാഹിക്കുന്ന പാനപാത്രം* പ്രസിദ്ധീകരിക്കപ്പെട്ടു.

ആദ്യകാലരചനയായ 'അരിവാളും രാക്കുയിലും'[6] എന്ന കവിത 1949-ൽ കൊല്ലത്തുള്ള പുരോഗമന സാഹിത്യസമ്മേളനത്തിൽ അവതരിപ്പിച്ച് ചങ്ങമ്പുഴ മെഡലിനർഹനായി. ഇതിലെ കായികമായ കർമ്മശക്തിക്കും ബൗദ്ധികവും വൈകാരികവുമായ ഉത്തേജകശക്തിക്കുമുള്ള പ്രതീകങ്ങളായി മാറുകയാണ് അരിവാളും രാക്കുയിലും. നെല്ല് കൊയ്തെടുക്കാനുള്ള ആയുധം അല്ലെങ്കിൽ ഉപകരണം എന്ന നിലയ്ക്ക് കാർഷികവിപ്ലവത്തെയും സംഹാരത്തിന്റെ ചിഹ്നം എന്ന നിലക്ക് രക്തരൂഷിതവിപ്ലവത്തെയും അരിവാൾ പ്രതിനിധാനം ചെയ്യുന്നു. ഫ്യൂഡൽപ്രഭുക്കന്മാരെയും ജന്മിമാരെയും അവരേല്പിക്കുന്ന പീഡനങ്ങളേറ്റ് അസ്തിത്വത്തെ മറന്നുപോയിരുന്ന പതിതരെയും കുറിച്ച് പാടിയ പഴയ രാക്കുയിലുകൾ അല്ല ഇവർ. അനീതിക്കെതിരെ, അസ്വാതന്ത്ര്യത്തിനെതിരെ പടവാളെടുക്കുന്ന രാക്കുയിലുകളാണ്.

> വിസ്മൃതിയിൽ വിലയിക്കും നൂറ്റാണ്ടുകളിരുൾ ചേർത്തൊരു
> വിസ്മൃതികൾക്കപ്പുറമാക്കൈത്തിരി കണ്ടോ?....

നൂറ്റാണ്ടുകളായി അടിസ്ഥാനവർഗ്ഗം അടിച്ചമർത്തലിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതിന് ഒരു മാറ്റം സംഭവിക്കുകയാണ്. മാവേലി ഭരണകാലത്ത് നിലനിന്നിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന സാമൂഹ്യസമത്വം എന്ന ആശയത്തെ അടയാളപ്പെടുത്തി പഴയ കേരളനാടിന്റെ പാരമ്പര്യം ഉയർത്തിക്കാട്ടുന്നു. പാരമ്പ

ര്യത്തിൽനിന്നും പുതിയൊരു ലോകത്തിലേക്കുള്ള മാറ്റത്തിന് തുടക്കമായി എന്ന് ശുഭപ്രതീക്ഷവയ്ക്കുന്നു.

പണ്ട് പണിയായുധം പിടിക്കാൻ മാത്രം ഉപയോഗിച്ച കൈകൾ കാടുകളിലും ചോലയുടെ തീരത്തും മലകളിലും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനായി ഉയരുകയായി.

തുള്ളിക്കളിക്കവേ മേനികളിൽ, തൂവേർപ്പിൻ
തുള്ളികൾക്കുള്ളിലുമുണ്ടാത്മഹർഷം!
കവിതകൾ, കഠിനപ്രയത്നത്തിൽ പൊരുളാർന്നൊരു
കവിതകളാമണ്ണിൽ രൂപമാർന്നു.

എന്ന് മനുഷ്യാധ്വാനവും കവിതയും തമ്മിലുള്ള ബന്ധത്തെ കലാബോധത്തോടെ, മാർക്സിയൻ കലാസിദ്ധാന്തത്തിന്റെ ആശയങ്ങളെ അടിസ്ഥാനമാക്കി അവതരിപ്പിക്കുന്നു. പണിയെടുക്കുന്ന തൊഴിലാളികളുടെ അധ്വാനത്തിന്റെ ഫലമായി പാടത്ത് നെൽക്കതിരുകൾ വിരിഞ്ഞുനിൽക്കുന്നു. പ്രാകൃതന്മാരെന്ന് മേലാളർ വിളിക്കുന്ന ആ തൊഴിലാളിവർഗ്ഗം പട്ടിണികിടന്ന് ഒരു നാടിന്റെ വിശപ്പുമാറ്റുകയാണ്. തലമുറകളായ് ഇരുൾനിറഞ്ഞ ജീവിതവും നോവുനിറഞ്ഞ പുഞ്ചിരിയുമാർന്ന ഒരു ജനതയുടെ ശബ്ദം താഴ്വരകളിൽ അണയുകയായി.

''പടവാളുകൾ, പീരങ്കികൾ, വിഷബോംബുകൾ കാട്ടുമിരുൾ-
പ്പടയുടെ തലകൊയ്യാനണിചേരാമോ?''
മുന്നേറും ജനതതിതൻ മുന്നണിയിൽ തിരിവെട്ടം
മിന്നിക്കും രാക്കുയിലുകൾ ചോദിച്ചേവം!

പടവാളുകളും പീരങ്കികളും വിഷബോംബുകളും പ്രയോഗിക്കുന്ന പടയുടെ നേർക്ക് അണിചേരുമോ എന്ന് രാക്കുയിലുകൾ ചോദിക്കുന്നു. അടിമത്തത്തിൽ നിന്ന് മോചനത്തിലേക്ക് മുന്നേറുന്ന ഒരു സമൂഹത്തിന് മുന്നിൽനിന്നും വഴി

വെളിച്ചം കാണിച്ചുകൊടുക്കുകയാണ് രാക്കുയിലുകൾ. അവരുടെ ആഹ്വാന ത്തിനുമുന്നിൽ മറ്റുതൊഴിലാളികളും സംഘടിക്കുന്നു. അവരോടൊപ്പം വൃദ്ധരും യുവാക്കളും യുവതികളും അണിചേരുന്നു. അരിവാളിന്റെ വായ്ത്തലപ്പിൽനിന്നും തീവെട്ടമാണ് ചൊരിയുന്നത്. ആ പ്രകാശത്തിൽ നൂറ്റാണ്ടുകളായി ആ ജനതയെ മറച്ചിരുന്ന ഇരുളിന്റെ മറ നീങ്ങുകയായി.

പുലർവെട്ടം പുലരുമ്പോൾ, പടവെട്ടിയ രാക്കുയിലിനു-

മരിവാളിനുമഭിമാനം പുലരുകില്ലേ?

എന്ന് അവസാനിക്കുമ്പോൾ പുതിയ ഒരു നാളെ സ്വപ്നം കാണുകയാണ് കവി. പ്രതിക്ഷാനിർഭരമായ ഒരു പ്രഭാതം ഉണ്ടാകുമ്പോൾ അതിനായി അധ്വാനിക്കുന്ന അരിവാളിന് അഭിമാനം ഉണ്ടാവുകയില്ലേ എന്ന് കവി ചോദിക്കുന്നു.

വിപ്ലവത്തെയും കലയെയും പ്രതീകാത്മകമായി ആവിഷ്കരിക്കുന്ന ഈ കവിത ഒരു പുതുയുഗപ്പിറവി സ്വപ്നം കണ്ടുകൊണ്ടാണ് അവസാനിക്കുന്നത്. കമ്യൂണിസത്തിന്റെ സാമൂഹികദർശനത്തിനെ ആധാരമാക്കിയുള്ള ചിന്തയാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. നിസ്വവർഗ്ഗം അവരുടെ അവകാശങ്ങൾ നേടി യെടുക്കും എന്ന ഉറച്ചവിശ്വാസം കവി പുലർത്തുന്നു.

ശക്തിയെ തീവ്രമായി ഉപാസിച്ചുകൊണ്ട് രചനാരംഗത്തേക്കു കടന്നുവന്ന ഒ.എൻ.വി വയലാർ വിപ്ലവത്തെ കേരളത്തിന്റെ പാരീസ് കമ്യൂണായി കല്പിച്ച് വയ ലാർ വിപ്ലവപശ്ചാത്തലത്തിൽ രചിച്ച കവിതയാണ് 'കേരളത്തിന്റെ പാരീസ് കമ്മ്യൂൺ.'[7]

'പൊന്തിവന്നു നീ മർദ്ദിത വർഗ്ഗത്തിൻ

പൊൻകിനാവായി ലോകചരിത്രത്തിൽ!...

ധീരതയുടെ മാർത്തടം ചോർത്തിയ

ചോരയിൽ ചെമ്മഷിച്ചാർത്തണിഞ്ഞതാ,

ക്രൂരതയുടെ ഷെല്ലുകൾ ഹാ! തുള-
ച്ചേറിയ കൊച്ചുതെങ്ങുകളാർന്നതാ,...
കേരളത്തിന്റെ പാരീസ്കമ്മ്യൂൺ!- അതാ-
ണാ വയലാർ! അഭിവാദ്യമേകുക!'

1871-ൽ ഫ്രഞ്ചുതലസ്ഥാനമായ പാരീസിലാണ് തൊഴിലാളികളുടെ നേതൃത്വത്തിൽ പാരീസ്കമ്യൂൺ സ്ഥാപിക്കപ്പെട്ടത്. വിപ്ലവകാരികളുടെയും സോഷ്യലിസ്റ്റികളുടെയും പ്രവർത്തനഫലമായി പാരീസ്കമ്യൂൺഭരണം നിലവിൽവന്നു. മാർച്ച് 28 മുതൽ 72 ദിവസം നീണ്ടുനിന്ന ലോകത്തിലെ ആദ്യത്തെ തൊഴിലാളിവർഗ ഭരണകൂടമായിരുന്നു അത്. ഇവിടെയാണ് ലോകചരിത്രത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് വിപ്ലവവും ഭരണകൂടവും സ്ഥാപിതമായത്. കേരളത്തിലെ രാജഭരണത്തോട് ആദ്യമായി ഏറ്റുമുട്ടിയത് പുന്നപ്രവയലാറിലെ സമരസന്നദ്ധരും ദേശാഭിമാനികളുമായ ഒരു കൂട്ടം തൊഴിലാളികളാണ്. വയലാറിലെ ഐതിഹാസികമായ വിപ്ലവത്തിന്റെ ഓർമ്മയ്ക്കായി ആ ചരിത്രസാക്ഷ്യത്തെ ചിത്രീകരിക്കുന്നതാണ് 'കേരളത്തിന്റെ പാരീസ് കമ്മ്യൂൺ.'

മർദ്ദിതവർഗ്ഗത്തിന്റെ സുവർണ്ണസ്വപ്നമായി ഉയർന്നുവന്ന പാരീസ് ലോകചരിത്രത്തിൽ മാത്രമല്ല കേരളത്തിലെ വയലാർ എന്ന ഗ്രാമത്തിലും വിപ്ലവത്തിന്റെ ഉണർവ്വുണ്ടാക്കി. സ്വാതന്ത്ര്യത്തിനും സമത്വത്തിനുംവേണ്ടി പോരാടിയ കർഷകത്തൊഴിലാളികൾക്ക് പലപ്പോഴും തങ്ങളുടെ ചോരകൊണ്ടുതന്നെ ആവേശം ജ്വലിപ്പിക്കേണ്ടിവന്നു. പാരീസിൽ ഉരുവംകൊണ്ട വിപ്ലവാഹ്വാനങ്ങൾ വയലാറിലെ മർദ്ദിതവർഗ്ഗം ഏറ്റുപാടുകയാണ്.

ഭീരുതയുടെ കാക്കിയും പാപ്പാസും
കീറി നൂറായ്പ്പറത്തിയ കൈകൾതൻ-
ചാര, മച്ചുടുചാരമണിഞ്ഞതി-
ലൂറി നില്ക്കുന്നൊരാവേശമാർന്നതാ,

നാടിന്റെ മുക്തിയെപ്പറ്റിയുള്ള ആകാംക്ഷയിൽ മരണത്തെക്കൂടിവെല്ലുന്ന നിശ്ച ദാർഢ്യമാർന്ന കർത്തവ്യബോധത്തിൽ വർഗ്ഗശത്രുവിനുനേരെ രോഷാഗ്നിയുയരുന്നു.

മൃത്യുവെക്കൂടി വെല്ലുമാ നിശ്ചയ-
ദാർഢ്യമാർന്നുള്ള കർത്തവ്യബോധത്തിൽ
പൊന്തിവന്നു നീ, പൊന്തിനിൽക്കുന്നു നീ
പൊൻകതിർ വീശി ലോകചരിത്രത്തിൽ!
പൊന്തിവന്നു നീ, മർദ്ദിതവർഗ്ഗത്തിൻ-
പൊൻകിനാവായി മാമലനാട്ടിലും!

മർദ്ദിതവർഗ്ഗത്തിനൊട്ടാകെ വിപ്ലവാവേശമായ പാരീസ് കമ്മ്യൂണിന്റെ ഒരു ചെറുപതിപ്പായി മാമലനാട്ടിൽ വയലാർ മാറിയിരിക്കുന്നു. ആ വയലാറിന് അഭിവാദ്യമേകുക എന്ന് കവി ആഹ്വാനം ചെയ്യുന്നു.

മർദ്ദിതവർഗ്ഗത്തിന്റെ സ്വാതന്ത്ര്യബോധത്തിന്റെ, പ്രത്യാശയുടെ സ്വപ്നമായി ഉയർന്നുവന്ന വയലാർ സൃഷ്ടിച്ച വിപ്ലവാവേശം ഇന്നും സമൂഹമനസ്സിൽ അണഞ്ഞിട്ടില്ല. 1950-കാലഘട്ടത്തിൽ കേരളത്തിലുണ്ടായ സാമൂഹ്യനേട്ടങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചത് മുഖ്യമായും കമ്യൂണിസ്റ്റ് ആദർശങ്ങളായിരുന്നു. ഈ ചിന്ത ജനങ്ങളിലേയ്ക്കെത്തിക്കാനും അവരിൽ അവകാശബോധം വളർത്തുവാനും 'കേരളത്തിന്റെ പാരീസ് കമ്മ്യൂൺ.' എന്ന കവിതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. വയലാർ വിപ്ലവത്തെ പാരീസ്കമ്യൂണായി വിശേഷിപ്പിച്ച കവി അനീതിക്കെതിരെ പോരാട്ടത്തിന്റെ മാർഗ്ഗം സ്വീകരിച്ച തൊഴിലാളിയുടെ ആത്മവീര്യത്തെ പ്രകീർത്തിക്കുകയാണ് ഈ കവിതയിൽ.

സാമൂഹികമായും സാംസ്കാരികമായും വളരെ ഉയർന്നത് എന്ന് കരുതപ്പെട്ടിരുന്ന ഒരു ഫ്യൂഡൽത്തറവാട്ടിൽ ജനിച്ചുവെങ്കിലും ജീവിതസാഹചര്യങ്ങൾ വളരെ പരിമിതമായ മുക്കുവരുടെ കഥ അവരുടെതന്നെ ഭാഷയിൽ എഴുതിയ കവി

തയാണ് 'മാറിയ കൂത്തുകൾ'(1950).[9] കടലമ്മയുടെ മക്കളായ മുക്കുവരുടെ ജീവിതരീതികൾ ഈ കവിതയിലൂടെ അനുഭവമാക്കുമ്പോൾ മനുഷ്യപുരോഗതി യാഥാർത്ഥ്യമാക്കിയ അധ്വാനത്തിന്റെ അജയ്യതയും വിപ്ലവവീര്യവുമാണ് പ്രസ്പഷ്ടമാകുന്നത്.

ആണ്ടെയൊരു പൂങ്കുല! ഹൈ!
ലോണ്ടെയൊരു തീമല!...
ചീർത്ത തോക്കിനോടാർത്തെതിർത്തൊരു
മർദ്ദിതർക്കെഴും പോരില്
ഒത്തിരിച്ചുടുചോര വാർന്നു
കുതിർന്നു മിന്നിയ മണ്ണില്,
ഒത്തുനിന്നു കൈ കോർത്തൊരു നിര
തീർത്തിടുമ്പള് നമ്മള്
എത്രനല്ലൊരു കോട്ടകെട്ട്ണ്
മുക്കുവച്ചെറുമക്കള്!

കടലിൽ തിരമാലകൾ പൊങ്ങിവരുന്നു. സൂര്യൻ ഒരു തീമലപോലെയായി അസ്തമിക്കുന്നസമയം. തീരത്ത് തെങ്ങിൻ ചുവട്ടിൽ നിഴലുകൾ നീളമാർന്നു മനോഹരമായ പട്ടുപോലെയുള്ള നിലം. തീ തുപ്പുന്ന തോക്കിനോടെതിർത്തു നിൽക്കുന്ന മർദ്ദിതരുടെ യുദ്ധത്തിൽ, ചോരവാർന്നുവീണ മണ്ണിൽ മുക്കുവർ അവരുടെ പ്രതിരോധത്തിന്റെ കോട്ടകെട്ടുകയാണ്. കടലിലെ ചുഴികളിൽ വലവീശി കരയിലേക്ക് കുതിച്ച് തുഴഞ്ഞുവരുമ്പോൾ ചീറി ആർത്തുവരുന്ന തിരമാലകളെ നൂറിരട്ടി ശക്തിയോടെ തള്ളിമാറ്റുന്ന കൈകളാണ് മുക്കുവരുടെത്. ആ കൈകൾ കൊണ്ട് ഇനി നാടുകാക്കുകയാണ് വേണ്ടത്. 2018-ൽ കേരളത്തിലുണ്ടായ പ്രളയത്തിൽ എത്രയോ മനുഷ്യരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നതും ഇതേ കൈകളാണെന്നത് ഇവിടെ സ്മരിക്കപ്പെടേണ്ടതാണ്.

മഞ്ഞയിളം വെയിലലകൾ
മാഞ്ഞേ പോയ് മാനത്തിൽ
അന്തിച്ചെമ്മുകിലുകൾ തൻ
പന്തങ്ങൾ കാളുകയായ്!

ഇളം വെയിലുമാറി ആകാശമാകെ വൈകുന്നേരത്തെ ചുവപ്പുനിറം വ്യാപിച്ചിരിക്കുന്നു. സമൂഹത്തിൽ മാറിമറഞ്ഞുകൊണ്ടിരിക്കുന്ന രാഷ്ട്രീയബോധത്തെ, കമ്യൂണിസ്റ്റ് ആശയങ്ങളുടെ വ്യാപനത്തെയാണ് ഒ.എൻ.വി ഈ വരികളിലൂടെ സൂചിപ്പിക്കുന്നത്.

മുതലെടുത്തു വയറു വീർത്തൊ-
രുടമകളെ നേരില്
പുതിയ പോരിലൊത്തു നിന്ന്
പറപറത്തും കാറ്റില്!
തോക്കു കണ്ടു നടുങ്ങുകില്ലിനി
മുക്കുവച്ചെറുമക്കള്!
നോക്ക്, നോക്ക്, ചെമ്മുകില് തീകൊളുത്തിയ വാനില്

തൊഴിലാളികൾ അധ്വാനിച്ചുണ്ടാക്കിയ മുതൽതിന്ന് വയറുവീർത്ത ഉടമകൾക്കെതിരെ പുതിയ യുദ്ധത്തിന് മുക്കുവർ ഒത്തുചേരുകയാണ്. തോക്കുകണ്ടാൽ നടുങ്ങാത്തവരായി അവർ മാറിക്കഴിഞ്ഞു. അതിനവരെ പ്രാപ്തരാക്കിയത് ആകാശത്ത് തീ കൊളുത്തിയതുപോലെ തോന്നിപ്പിക്കുന്ന ചുവന്ന മേഘമാണ്. കമ്യൂണിസ്റ്റ് പാർട്ടി ഉണർത്തിവിട്ട വിപ്ലവാവേശവും അതിന്റെ വർണ്ണമായ ചുവപ്പുമാണ് ഇവിടെ അടയാളപ്പെടുത്തുന്നത്. രാഷ്ട്രീയ സാമൂഹ്യസാഹചര്യങ്ങൾ മാറുകയാണ്. പുതിയ കൂത്തുകൾ പുലർത്തുന്ന നാടുകാണാൻ കൂട്ടുകാരെയൊക്കെ ക്ഷണിക്കുകയാണ് കവി. മുക്കുവരുടെ ഭാഷാരീതിയും ജീവിതശൈലിയും അവതരിപ്പി

ച്ചത് ആ വർഗ്ഗത്തിനെ സംബന്ധിച്ചെടുത്തോളം അവരുടെ ജീവിതത്തിന്റെ ഒരു പുതിയ പ്രതിബിംബം തന്നെയാണ്.

മുക്കുവരുടെ കഥ അവരുടെ ഭാഷയിൽ പറയുന്നു എന്നുള്ളതുതന്നെ വലിയൊരു വിപ്ലവമാണ്. അതുവരെ ആ രീതി കവിതയിലൂടെ ആരും അനുഭവവേദ്യമാക്കിയിട്ടില്ല. ഈ ജീവിതചിത്രീകരണത്തിന്റെ വീറും താളവും ഉശിരും എല്ലാം അന്നത്തെ തൊഴിലാളി വർഗസംസ്കാരത്തിന് ഒരു മുതൽകൂട്ടായിരുന്നു. ഒ.എൻ.വിയുടെ ആദ്യകാല കവിതകളിൽ ഒരു കരുത്തുറ്റ പ്രമേയമാണ് 'മാറിയ കൂത്തുക'ളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. വിപ്ലവാത്മകതയും കമ്യൂണിസ്റ്റ്പാർട്ടിയുടെ കടന്നുവരവും കവിതയിൽ തെളിഞ്ഞുകാണുന്നുണ്ട്. എങ്കിലും ഗ്രാമീണഭാഷാശൈലിയുടെ പ്രയോഗംകൊണ്ട് സൗന്ദര്യാത്മകമായ അസ്തിത്വം കൂടി ഈ കവിതയ്ക്കുണ്ട്. ഫ്യൂഡൽ കുടുംബത്തിലെ അംഗമെന്ന നിലയിൽ ഒ.എൻ.വി നേരിട്ട ഏറ്റവും ശക്തമായ വിമർശനം മേൽത്തട്ട് കവി എന്നുള്ളതായിരുന്നു. എന്നാൽ അധഃസ്ഥിതന്റെ ഉത്കർഷത്തിനായി തൂലിക എന്ന പടവാളിനെ അടിസ്ഥാനവർഗ്ഗ പോരാട്ടത്തിൽ ശക്തമായുപയോഗിച്ച് അശക്തന് ശക്തി പകരുന്ന ഒരു പോരാളിയുടെ മട്ടാണ് ഇവിടെ നാം കാണുന്നത്.

അന്ധവിശ്വാസങ്ങളാലും അനാചാരങ്ങളാലും വീർപ്പുമുട്ടിയിരുന്ന കേരള സമൂഹത്തിൽ നവോത്ഥാനത്തിനു തുടക്കം കുറിച്ചുകൊണ്ട് കുമാരനാശാൻ രചിച്ച വരികളാണ് 'മാറ്റുവിൻ ചട്ടങ്ങളെ'. ഈ ആഹ്വാനത്തിന് കാലോചിതമായ വ്യാഖ്യാനം നൽകുകയാണ് 'മാറ്റുവിൻ ചട്ടങ്ങളെ'[9] എന്ന കവിതയിലൂടെ ഒ.എൻ.വി. നാടുവാഴിത്ത ക്രൂരതകൾക്കും അധഃസ്ഥിതമർദ്ദനത്തിനും എതിരെ, സാമൂഹികസമത്വവും മാനവികമൂല്യങ്ങളും പാലിക്കപ്പെടാൻവേണ്ടി സാധാരണക്കാരും തൊഴിലാളികളും പോരാടുന്ന പശ്ചാത്തലത്തിലാണ് ഒ.എൻ.വിയുടെ ആദ്യകാലകവിതകൾ സഹൃദയരുടെ മുന്നിലേക്കെത്തുന്നത്. ഇവിടെ എടുത്തുപറയേണ്ട ഒരു കവിതയാണ് 'മാറ്റുവിൻ ചട്ടങ്ങളെ'.

ഇരുളിൽപുതഞ്ഞുപോയ് 'തേച്ചുമിനുക്കിയാൽ'
ചിരിതൂകുമായിരം ജീവിതങ്ങൾ!
അറിയപ്പെടാത്തൊരാ രത്നങ്ങൾ വാരുവാൻ
നിറകതിർച്ചാർത്തു കൊരുത്തെടുക്കാൻ
കരളിന്റെ തക്കിളിത്തുമ്പിൽത്തുടി ച്ചത-
ന്നൊരു നവോത്ഥാനത്തിൻ നാന്ദിയായി!

ഒരു സന്ധ്യയിൽ കടൽത്തീരത്തുചെന്നുനിൽക്കെ കരളിലെ നോവിൽ നിന്നും ആവിപാറുംപോലെ കവി നെടുവീർപ്പുതിർത്തു. തേച്ചുമിനുക്കിയാൽ വിള ങ്ങുന്ന ഒരുപാടുജീവിതങ്ങൾ ആ തീരഭൂമിയിൽ ഉണ്ടായിട്ടുണ്ട്. ചിറകറ്റു വീണ പക്ഷിയുടെ നൊമ്പരം രാമായണ മഹാകാവ്യമായിത്തീർന്ന നാടാണിത്. മേലാ ളന്റെ പനയോലക്കുട ദൂരെക്കാണുന്ന മാത്രയിൽ മറക്കാത്ത മാറുമായി വഴിയരികി ലേക്ക് മാറി നിൽക്കേണ്ടി വന്ന ജന്മങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. അതിനെതിരെ പരിവർത്തനത്തിന്, നവോത്ഥാനത്തിന് നാന്ദികുറിച്ചുകൊണ്ട് ഒരു കവിയുടെ ശബ്ദം, ആശാന്റെ ശബ്ദം നാടിന്റെ ചരിത്രത്തിലേക്ക് കടന്നുവന്നു.

പുരുഷാന്തരങ്ങളെ പിന്നിട്ടു കാടത്ത-
മിരുപതാം നൂറ്റാണ്ടിൻ പടവിൽനിൽക്കേ,
അതുപോറ്റും നീതികൾ മർദ്ദിത മർത്യന്റെ
ഹൃദയത്തിൽ കൂരമ്പു കുത്തി നിൽക്കെ
വിരൽചൂണ്ടി, ''മാറ്റുവിൻ ചട്ടങ്ങളെ''യെന്നു
പരിവർത്തനോജ്ജ്വല ഗാഥപാടി
കവിയന്നുയർത്തിപ്പിടിച്ച കൊടിയിലീ-
മലനാടിൻ രക്തം പുരണ്ടിരുന്നു

ഇന്ന് മലനാടിന്റെ ചരിത്രത്തിൽ നിന്ന് ഒരു നല്ല നാളെയെക്കുറിച്ച് സ്വപ്നംകാ ണാൻ, നല്ല നാളെതൻ പൂവിറുക്കാൻ ഒരു പുതിയ യുഗത്തിന്റെ പൂവിളി ഉയരുന്നു

ണ്ട് എന്ന് കവി പറയുന്നു.

മലനാടിൻ ജീവിത ചക്രവാളത്തിൽനി-
ന്നൊരു നല്ല നാളെ തൻ പൂവിറുക്കാൻ
ഉയരുന്നു പുതിയ യുഗത്തിന്റെ പൂവിളി;
''ഉണരുവിൻ മാറ്റുവിൻ ചട്ടങ്ങളെ..!''

പുതിയ ഒരു യുഗത്തിന്റെ പിറവിയായി, അധ്വാനിക്കുന്ന വർഗ്ഗത്തിന് അവരുടെ കഷ്ടപ്പാടുകൾക്ക് അറുതിവരുന്ന കാലമെത്തി..

സമൂഹപുരോഗതിക്കു തടസ്സമായി നിൽക്കുന്ന ചട്ടങ്ങളെ, അനാചാരങ്ങളെ മാറ്റുവാനുള്ള ആഹ്വാനം ആശാൻ നടത്തുന്നത് സമുദായത്തിലെ ഉച്ചനീചത്വങ്ങൾ കണ്ടിട്ടായിരുന്നു. സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ ഉച്ചനീചത്വങ്ങളായിരുന്നു ഒ.എൻ.വിയെ മാറ്റുവിൻ ചട്ടങ്ങളെ എന്ന ആഹ്വാനത്തെ തന്റെ കവിതയിലൂടെ ആവിഷ്കരിക്കാനും ജനമനസ്സുകളിലെത്തിക്കാനും പ്രേരിപ്പിച്ചത്. തേച്ചുമിനുക്കിയാൽ തിളക്കമേറുന്ന എത്രയോ ജന്മങ്ങൾ രോഗദാരിദ്ര്യങ്ങളുടെയും അസമത്വത്തിന്റെയും ഇരുളിൽ പുതഞ്ഞുകിടക്കുന്നുണ്ട്. അവരെ ഇരുളിൽനിന്നും ഉയർത്തി പ്രകാശം പരത്തുന്നവരാക്കിത്തീർക്കുകയാണ് വിപ്ലവം.

ഒരു ചോദ്യചിഹ്നം കണക്കെഴും രാവിന്റെ
നരയൻ കുടുമ കുടഞ്ഞെറിയാൻ
വിടരും വെളിച്ചത്തിൽ ചോരത്തിളക്കവും
തുടുകിരണങ്ങൾപോൽ പാഞ്ഞണഞ്ഞു.

എന്ന് കവി പറയുമ്പോൾ നാടുവാഴിത്തകാലഘട്ടത്തെ ഇരുട്ടായും പുതിയ വിപ്ലവചിന്തകളെ വെളിച്ചത്തിന്റെ ഊർജ്ജസ്വലമായ കിരണങ്ങളായും സങ്കല്പിക്കുന്നു. ഉഷസ്സും പുലരിയും വെളിച്ചവും ആദ്യകാലകവിതകളിലെ വിപ്ലവസങ്കല്പത്തെ സൂചിപ്പിക്കുന്നു. പ്രഭാതത്തിലെ പൊന്നിളംവെയിലും പ്രകൃതിയുമൊക്കെയാണ്

കാവ്യബിംബങ്ങളായി പ്രത്യക്ഷപ്പെടുന്നതും. മണ്ണിലെ ജീവിതത്തിന്റെ നിറഭേദങ്ങളും ദുരിതങ്ങളും അസമത്വങ്ങളും കവിയുടെ മനസ്സിൽ ശക്തിയോടെ നിൽക്കുന്നുണ്ട്. കേരളീയജീവിതത്തിൽ നാടുവാഴിത്തഭരണത്തിന്റെ ഇരുണ്ടകാലത്തിനുമേൽ സ്വാതന്ത്ര്യബോധത്തിന്റെയും പുരോഗമനവിപ്ലവചിന്തകളുടെയും വെളിച്ചം എത്തിത്തുടങ്ങിയ കാലമാണ് ഈ കവിതയിൽ പരാമർശിക്കപ്പെടുന്നത്.

മണ്ണും കർഷകരും തൊഴിലാളിവർഗ്ഗവും അവരുടെ പ്രതിഷേധശബ്ദങ്ങളും ആണ് ആദ്യകാലരചനകളിൽ പ്രധാനവിഷയമായി വരുന്നത്. ഇത് പുറംലോകജീവിതമാണ്. ഒരു കവിതയുടെ പേര് തന്നെ 'പൊരുതുന്ന സൗന്ദര്യം' എന്നാണ്. മറ്റൊന്ന് 'ന്റെ പുന്നാര അരിവാള്', മർദ്ദിതരുടെ ആശയങ്ങളും സ്വപ്നങ്ങളും പോലീസ് മർദ്ദനത്തോടുള്ള അമർഷവും കവിതയുടെ മുഖ്യവിഷയങ്ങളായിരുന്നു. വിപ്ലവം മാത്രമല്ല, കലയും മണ്ണിന്റെ സ്വപ്നമായിട്ടാണ് ഒ.എൻ.വി ദർശിച്ചത് ഒ.എൻ.വി കുറുപ്പിന്റെ ആദ്യകാലകവിതകൾ കമ്യൂണിസ്റ്റ് ദർശനത്തിന്റെ പടപ്പാട്ടുകൾ മാത്രമാണ് എന്ന് പറയുന്നവർ ആ രചനയിലെ സമൂഹനിഷ്ഠമായ ബഹുമുഖത്വം കണ്ടില്ലെന്ന് നടിക്കുന്നു. അവയിൽ ഊറിക്കൂടിനിൽക്കുന്നത് കേരളത്തെ സംബന്ധിച്ചെടുത്തോളം അധീശവർഗ്ഗത്തിന്റെ തടവറകളിൽകിടന്ന് യാതനയനുഭവിച്ച, പലപ്പോഴും അടിച്ചമർത്തപ്പെട്ട നിസ്വവർഗ്ഗത്തിന്റെ വിലാപങ്ങളും അടക്കിപ്പിടച്ച വിതുമ്പലുകളുമാണ്. താഴെത്തട്ടിലുള്ള ജനങ്ങളുടെ ജീവിതത്തിന്റെ പരിതോവസ്ഥകളുടെ നേർപകർപ്പാണ് ഒ.എൻ.വിയുടെ രചനകൾ. അവയ്ക്ക് കവിതാരൂപം നൽകുകവഴി സമൂഹത്തോട് പ്രതിബദ്ധതയുള്ളവനായി സ്വധർമ്മം അനുഷ്ഠിക്കുകയായിരുന്നു കവി. ജന്മിത്തം തകർത്തെറിയുക, മരുമക്കത്തായ കുടുംബഘടനയും ജീവിതവും ഇല്ലാതാക്കുക, പൗരസമത്വവും ജനാധിപത്യവും സമൂഹത്തിൽ ഉറപ്പുവരുത്തുക തുടങ്ങിയവയെ കവി രചനാലക്ഷ്യമായി കരുതി. അടിച്ചമർത്തപ്പെട്ടവന്റെയും അധഃസ്ഥിതന്റെയും ചൂഷിതന്റെയും ഉയർത്തെഴുന്നേല്പിനെക്കുറിക്കുന്ന പ്രത്യാശാഗാനങ്ങളാണ് ആദ്യകാലരചനകൾ. *ദാഹിക്കുന്ന പാനപാത്ര*ത്തിന്റെ അവതാരികയിൽ മുണ്ടശ്ശേരി ഒ.എൻ.വിയെക്കുറിച്ച് ഇങ്ങനെ അഭിപ്രായ

പ്പെടുന്നുണ്ട്: ''ഭാവഗീതങ്ങൾക്ക് സ്വതേ ഉണ്ടായിരിക്കേണ്ട ഗാനാത്മകതയും വികാരസാന്ദ്രതയും സംക്ഷിപ്തതയും വർണ്ണശബളതയും അയത്നലബ്ധമായി കാണുന്നുണ്ട്. ജീവിതത്തെ സംബന്ധിച്ചെടുത്തോളം അദ്ദേഹത്തിന്റെ വീക്ഷണഗതി നേരെ മറിച്ചായിപ്പോയി. അദ്ദേഹം ഒരു വ്യക്തിനീതിവാദിയല്ല, പ്രത്യുത, ഉറച്ചൊരു സാമൂഹ്യനീതിവാദിയാണ്, ആ അടിസ്ഥാനത്തിൽ ഒരു സാമൂഹ്യപരിവർത്തനത്തിനുവേണ്ടി ബോധപൂർവ്വം കാഹളമൂതിയേ അദ്ദേഹം അടങ്ങിയിട്ടുള്ളൂ തന്റെ കവിതകളിൽ.''[10] വൈയക്തികചിന്തകൾക്ക് പ്രാധാന്യം നൽകുന്നതും അതിഭാവുകത്വം നിറഞ്ഞതുമായ ചങ്ങമ്പുഴശൈലിയിൽ നിന്നും ഭിന്നമാണ് ഒ.എൻ.വിയുടെ രചന. അതിൽ ഔചിത്യപൂർണ്ണമായ സാമൂഹ്യാധിഷ്ഠിതഭാഷയാണ് പ്രയോഗിച്ചിരിക്കുന്നത് എന്ന് വരികൾ അവലോകനം ചെയ്താൽ വ്യക്തമാകും. സമരോജ്ജ്വലമായ ഒരു കാലഘട്ടത്തിന്റെ ചരിത്രം അനുഭവതീവ്രവും അനുഭൂതിമധുരവുമായ ഭാഷയിൽ സമൂഹത്തിലേക്ക് എത്തിക്കുകയാണ് ഒ.എൻ.വിയുടെ ആദ്യകാലകവിതകൾ. കേവലം മുദ്രാവാക്യകവിതകൾ എന്നതിനപ്പുറത്തേക്ക് ഒരു തലം അവ അർഹിക്കുന്നു.

### 3.2.1 മാറിവന്ന സാമൂഹ്യപരിതസ്ഥിതിയും ഒ.എൻ.വിയുടെ ആദ്യകാലരചനകളും

മുതലാളിത്ത സാമൂഹ്യവ്യവസ്ഥയിൽനിന്നും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ തത്വശാസ്ത്രവും അതിനുവേണ്ടിയുള്ള പ്രസ്ഥാനവും വളർന്നുവന്നതോടെയാണ് സോഷ്യലിസ്റ്റ് റിയലിസം എന്ന സാങ്കേതികരീതി ആവിർഭവിച്ചത്. ഗോർക്കിയാണ് ഉപജ്ഞാതാവ്. ''മനുഷ്യൻ കേവലം സമൂഹത്തിന്റെ സൃഷ്ടിമാത്രമല്ല; സമൂഹത്തെ മാറ്റിപ്പണിയുവാൻ പോന്നവനുമാണ്. ഈ യത്നത്തിൽ അവൻ മനുഷ്യാത്മാവിനെയും പരിവർത്തനം ചെയ്യിക്കുന്നു. മനുഷ്യത്വത്തിന്റേതായ ഈ അനന്തമായ വികാസസാധ്യതയാണ് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പ്രത്യേകത.''[11] ജീവിതത്തെ വിപ്ലവകരമായ ചിന്തകളാലും പ്രവൃത്തികളാലും പുനഃസംവിധാനം ചെയ്യുന്നതിൽ ഏർപ്പെട്ടിട്ടുള്ള മനുഷ്യരുടെ ചിന്തക

ളെയും ജീവിതത്തെയും പ്രയത്നങ്ങളെയും സോഷ്യലിസ്റ്റ് റിയലിസം പ്രതിഫലിപ്പിക്കുന്നു. അതുവഴി മാനവപ്രയത്നത്തിന്റെ ഔന്നത്യത്തെയും മഹനീയതയെയും മനോഹാരിതയെയും അത് ഉയർത്തിപ്പിടിക്കുന്നു. മനുഷ്യരാശിയുടെ സാംസ്കാരികവും കലാപരവുമായ വികസനപ്രക്രിയയിൽ മുന്നോട്ടുള്ള ഗംഭീരമായ ഒരു കാൽവെയ്പ്പുതന്നെയാണിത്. ''കാലത്തിന്റെ തുടിപ്പുകൾ തിരിച്ചറിഞ്ഞ് ശക്തിയെ ഉപാസിച്ച് ജനകീയശൈലിയിലും സംഗീതാത്മകതയിലും ശ്രദ്ധപതിപ്പിച്ച് മനസ്സിന്റെയും മനുഷ്യന്റെയും ജീവശക്തി ആവാഹിച്ചെടുത്ത് വിപ്ലവാത്മകങ്ങളായ രചന നടത്തുകയായിരുന്നു ഒ.എൻ.വി ആദ്യകാലങ്ങളിൽ''[12] എന്ന് എരുമേലി പരമേശ്വരൻ നായർ അഭിപ്രായപ്പെടുന്നുണ്ട്. സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുന്നതിൽ പ്രധാന പങ്കാളികളായ തൊഴിലാളികളുടെ പ്രശ്നങ്ങളെയും ജീവിതസാഹചര്യങ്ങളെയും സമൂഹമനസ്സാക്ഷിയുടെ നേരെ വ്യക്തമായി തുറന്നുകാട്ടുകയായിരുന്നു ഒ.എൻ.വി. കേരളത്തിന്റെ ആദ്യകാലചരിത്രം തന്നെയാണ് ആ കവിതകളിൽ അടയാളപ്പെടുത്തുന്നത്. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ അനുബന്ധമായിട്ടാണ് അതിന്റെ സോഷ്യലിസ്റ്റ് റിയലിസം എന്ന സങ്കേതത്തിലധിഷ്ഠിതമായിട്ടാണ്, അതിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് ഒ.എൻ.വിയുടെ ആദ്യകാല കവിതകൾ രചിക്കപ്പെട്ടത്.

### 3.3 ഒ.എൻ.വി രചനയുടെ രണ്ടാം ഘട്ടം

സ്വന്തം സർഗ്ഗസിദ്ധിയെ തേച്ചുമിനുക്കി സ്ഫുടം ചെയ്തെടുക്കുക എന്നത് ഏതൊരു എഴുത്തുകാരന്റെയും തപസ്യയാണ്. കവിതയെ കൂടുതൽ അറിയുകയും ജീവിതാനുഭവങ്ങളുടെ വ്യത്യസ്ത തലങ്ങളിലൂടെ കടന്നുപോരുകയും ചെയ്തപ്പോൾ, സാമൂഹ്യജീവിതത്തിലെ തീവ്രവേദനകളെ സഹൃദയർക്കു പകർന്നുകൊടുക്കാൻ വിഷാദത്തിന്റെഛായയയാണുചിതം എന്ന് ഒ.എൻ.വിക്ക് തോന്നിത്തുടങ്ങിയത് കാവ്യജീവിതത്തിന്റെ ഈ രണ്ടാം ഘട്ടത്തിലാണ്. ഒന്നാം ഘട്ടം പുരോഗമനാത്മകവും പുറംലോകവിഷയപ്രധാനവുമാണെങ്കിൽ രണ്ടാം ഘട്ടം വിഷാദഛായയി

ലാണ് എന്ന് പറയേണ്ടിയിരിക്കുന്നു. 1960-കളോടെ കവിയുടെ രചനയിൽ ഉളവായ വിഷാദഭാവത്തിന് പല തലങ്ങളുണ്ട്. സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ ഘടകങ്ങൾ കവിപ്രതിഭയെ സ്വാധീനിച്ചതും കവി കണ്ട സാമൂഹികപരിപ്രേക്ഷ്യത്തിന്റെ സ്വാധീനവുമായിരുന്നു ഈ ചുവടുമാറ്റത്തിന്റെ പ്രധാന കാരണം.

1950-കളിൽ ഇടതുപക്ഷ രാഷ്ട്രീയചിന്താഗതികളും അതിനോട് അനുഭാവം പ്രകടിപ്പിക്കുന്ന തൊഴിലാളികർഷകപ്രസ്ഥാനവും കേരളചരിത്രത്തിൽ നിയാമകശക്തിയായി വർത്തിച്ചു. 1957-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി ഇ.എം.എസിന്റെ നേതൃത്വത്തിൽ അധികാരത്തിലേറി. ഇന്ത്യയിൽ ആദ്യമായാണ് ഒരു ഇടതുപക്ഷപാർട്ടി ഭരണം കൈയാളുന്നത്. 1959-ൽ ഒരു 'വിമോചനസമര'ത്തിലൂടെ ഇ.എം.എസ് മന്ത്രിസഭ പുറത്താക്കപ്പെട്ടു. ജന്മിത്തം അവസാനിപ്പിക്കുന്ന കാര്യത്തിൽ കേരളത്തിലെ ഇടതുപക്ഷപ്രസ്ഥാനത്തിന് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. സമൂഹത്തിലെ മർദ്ദിതരും ചൂഷിതരുമായ ഭൂരിപക്ഷത്തിന്റെ ശബ്ദമായി, വക്താവായി രചന നടത്തിയ ഒ.എൻ.വി മനുഷ്യനെ മനുഷ്യനായിക്കാണുവാൻ അവനെ പ്രാപ്തനാക്കുന്ന ഒരു നല്ല നാളെ ഉദയം കൊള്ളും എന്ന പ്രതീക്ഷയോടെയാണ് സർഗ്ഗരചനയിൽ ഏർപ്പെട്ടിരുന്നത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനരീതികളും ചിന്താഗതികളും ഒ.എൻ.വിയെ പ്രചോദിതനാക്കിയിരുന്നു. പോലീസിന്റെ തോക്കിനും ലാത്തിക്കുമെതിരെ വിരിഞ്ഞ നെഞ്ചും വാരിക്കുന്തവുമായി ജീവിക്കാൻ വേണ്ടി തൊഴിലാളിവർഗ്ഗം പട പൊരുതിയതിന്റെ ഫലമായി പുതിയ ചരിത്രം പിറന്നു. ലോകത്തെവിടെയും ഉള്ള സാമ്രാജ്യത്വശക്തികളെ വിറപ്പിച്ചുകൊണ്ട് കിഴക്കൻ യൂറോപ്പിലും ചൈനയിലും വടക്കൻ കൊറിയയിലും വിയറ്റ്നാമിലും അധ്വാനിക്കുന്ന വർഗ്ഗം ഭരണമേറ്റെടുത്തു. അതിന്റെ അനുരണനങ്ങൾ കേരളത്തിലുമുണ്ടായി. ഇ.എം.എസ് മുഖ്യമന്ത്രിയായി ആദ്യത്തെ ഇടതുപക്ഷ മന്ത്രിസഭ രൂപികരിക്കപ്പെട്ടതിന്റെ സാഹചര്യവും മറ്റൊന്നല്ല.

1960-കളോടെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ശൈലിയിൽ ചെറിയ മാറ്റങ്ങൾ വന്നുതുടങ്ങി. അയവേറിയ പാർട്ടിനയങ്ങളും ലോക കമ്യൂണിസ്റ്റ് പ്രസ്ഥാന

ത്തിനകത്തെ കുഴപ്പങ്ങളും ഒക്കെ കമ്യൂണിസ്റ്റ് ലോകത്തെയും ചിന്തകളെയും തകർച്ചയിലേക്ക് നയിച്ചു. 1964 ആകുമ്പോഴേക്കും ലോക കമ്യൂണിസ്റ്റ് പ്രസ്ഥാന ത്തിന്റെ ഭിന്നത പൂർണമായി. ഇന്ത്യയിലെ പ്രസ്ഥാനത്തിന്റെ പിളർപ്പും ഇതേ സമ യത്തുതന്നെയായിരുന്നു. ഇടതുപക്ഷപ്രസ്ഥാനത്തോട് അനുഭാവം പ്രകടിപ്പിച്ചി രുന്ന കവികളും എഴുത്തുകാരും ആശയകുഴപ്പത്തിലായി. പല എഴുത്തുകാരും നിരാശയിലാണ്ടു. വാഗ്ദത്തഭൂമിയെ സ്വപ്നം കണ്ടിരുന്ന ഒ.എൻ.വിക്ക് ആ സ്വപ്നം അകലെയാണ് എന്ന ബോധ്യം ഉൾക്കൊള്ളാൻ കഴിയുന്നതിനുമപ്പുറമായി രുന്നു. ജനാധിപത്യചിന്തയിൽ അധികാരത്തിലേറിയ പ്രസ്ഥാനം വാഗ്ദാനങ്ങൾ ഒന്നും പാലിക്കാതെ സ്ഥാനമൊഴിഞ്ഞു. കാര്യസാധ്യത്തോടടുത്തപ്പോൾ നേതാവ് നഷ്ടപ്പെട്ട ഒരവസ്ഥ ഒ.എൻ.വിയെപ്പോലെത്തന്നെ പുരോഗമനവാദികളായ കവി കൾക്കുണ്ടായി. എസ്. രാജശേഖരൻ ഒ.എൻ.വിയിൽ പ്രതിഫലിച്ച വിഷാദഭാ വത്തെ ഇങ്ങനെ കുറിച്ചിടുന്നു: ''നമ്മിൽ പലരേയും പോലുള്ള സാധാരണക്കാ രന്റെ ദുഃഖവും അതിനും അതീതമായ സാമൂഹ്യദുഃഖവുമാണ് ഒ.എൻ.വി കവിത യിലെ ദുഃഖം. ആ ദുഃഖത്തിന്റെ മറുവശം ഉദാത്തമായ മനുഷ്യസ്നേഹവും നിലവി ലുള്ള വ്യവസ്ഥയോടുള്ള അസംതൃപ്തിയും പുതിയൊരു വ്യവസ്ഥയ്ക്കുവേണ്ടി യുള്ള അദമ്യമായ ദാഹവുമാണ്. നിസ്വവർഗ്ഗത്തോട് കൂറുപ്രഖ്യാപിക്കാനുള്ള കൊടിയടയാളമാണ് സാമൂഹ്യമനുഷ്യന്റെ ഉത്തമ പ്രതിനിധിയായ ഒ.എൻ.വി എന്ന കവിക്കു തന്റെ കാവ്യദുഃഖം''[13]

ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുണ്ടായ ഭിന്നിപ്പ് കമ്യൂണിസ്റ്റ് രാജ്യങ്ങളെ ശത്രുക്കളാക്കിമാറ്റി. സോവിയറ്റ് യൂണിയനിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും സംസ്കാരത്തിന്റെയും രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ച സ്റ്റാലിൻ ചോദ്യം ചെയ്യപ്പെട്ടു. മുതലാളിത്തലോകവും കമ്യൂണിസ്റ്റ്രാഷ്ട്രവും തമ്മിൽ സൗഹൃദം സ്ഥാപിച്ചു. ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുണ്ടായ ഭിന്നിപ്പിനെ തുടർന്ന് ഒരേ മനസ്സോടെ അധികാരവർഗ്ഗത്തിനെതിരെ പോരാടിയിരുന്നവർ പരസ്പരം കല്ലെറിയാനും കാലുവാരാനും തുടങ്ങി. അധികാരമോഹങ്ങൾ പ്രസ്ഥാനത്തിന്റെ

കാഴ്ചപ്പാടിലും സ്വഭാവശുദ്ധിയിലും കളങ്കങ്ങൾ വീഴ്ത്തി. ഈ ഭാവമാറ്റത്തെ പിന്തിരിപ്പൻ ചിന്താഗതിക്കാർ മുതലെടുക്കാനുള്ള ശ്രമവും നടത്തി. സമൂഹത്തിൽ ജാതിയും മതവും ശക്തിയാർജ്ജിച്ചുവരാൻ തുടങ്ങി. ഇന്ത്യൻ വിപ്ലവചിന്തകളിൽ പ്രതീക്ഷ പുലർത്തിയിരുന്ന കവികൾ അസ്വസ്ഥരായി. തീവ്രമായ ജാതി ചിന്ത യ്ക്കൊപ്പം ദാരിദ്ര്യവും സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയിരുന്നു. ഒ.എൻ.വി മാറിവന്ന ഈ സാഹചര്യത്തിൽ തന്റെ ചുറ്റിലുമുള്ള രാഷ്ട്രീയസാമൂഹ്യ സാഹച ര്യങ്ങളിൽ മനസ്സിലുണ്ടായ ആഘാതങ്ങളെയും ആശാഭംഗങ്ങളെയും അതിശക്ത മായിത്തന്നെ ആവിഷ്കരിക്കാൻ തയ്യാറായി.

തൊഴിലാളിവർഗ്ഗം വിപ്ലവത്തിലൂടെ അധികാരത്തിലേറിയ നാടാണ് ചൈന. ഇടതുപക്ഷ ആശയങ്ങൾക്ക് സന്തോഷം പകരുന്ന ഒരറിവായിരുന്നു ചൈനയിലെ ഭരണസമൂഹം. ഇത്തരത്തിൽ പുരോഗതി കൈയ്യാളുന്ന ഒരു രാജ്യം, തൊഴിലാളി വർഗ്ഗസമൂഹത്തിന് ശക്തിയുള്ള ചൈന അയൽരാജ്യമായ ഇന്ത്യയെ ആക്രമിച്ചു. ചൂഷിതവർഗ്ഗത്തിന്റെ വിപ്ലവചിന്തകളോട് ആഭിമുഖ്യം പ്രകടിപ്പിച്ചിരുന്ന ഒ.എൻ.വിയെ സംബന്ധിച്ചിടത്തോളം ഇത് ഒരു അവിശ്വസനീയമായ. സംഭവമായി രുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യത്തെക്കുറിച്ച് പാടിയ കവിയുടെ ഹൃദയത്തെ ഇത് നടുക്കത്തിലാഴ്ത്തുകയും അതുവരെ നിലനിന്നിരുന്ന ആഹ്ലാദം സങ്കടങ്ങൾക്ക് വഴിമാറുകയും ചെയ്തു.

മലയാളസാഹിത്യത്തിലും ഈ കാലഘട്ടത്തിൽ പ്രശ്നങ്ങൾ ഉടലെടുത്തു. പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽ ഉൾപ്പെട്ട കമ്യൂണിസ്റ്റുകാരും അല്ലാത്തവരും തമ്മിൽ ഉരസൽ ഉണ്ടായിത്തുടങ്ങി. സാഹിത്യകാരൻ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ അംഗമാകണമെന്ന് ഒരു പക്ഷവും രാഷ്ട്രീയപ്പാർട്ടിയിലെ അംഗത്വം സൃഷ്ടിപരതയെ തടസ്സപ്പെടുത്തുമെന്ന് മറുപക്ഷവും വാദിച്ചു. 1946-48 കാലത്ത് മുണ്ടശ്ശേരി രൂപഭദ്രതാവാദത്തിന് തുടക്കമിട്ടു. ഇത് പുരോഗമന സാഹിത്യപ്രസ്ഥാ നത്തെ പിളർപ്പിലേക്ക് നയിച്ചു. തുടർന്നുള്ളകാലത്ത് സാഹിത്യകാരന്മാർ ചേരിതി

രിഞ്ഞ് പരിഹാസങ്ങൾ ചൊരിഞ്ഞു. ഈ അവസ്ഥകളെല്ലാം തന്നെ കവിയിൽ വേദനനിറച്ചു. എഴുത്തിന്റെ ഈ രണ്ടാം ഘട്ടത്തിൽ വേദനയിൽനിന്നുള്ള മാറ്റത്തിനായിട്ടാണ് വ്യക്തിജീവിതത്തിലെ മൃദുലവും മധുരവും തരളവുമായ നിമിഷങ്ങളെ അദ്ദേഹം കവിതയ്ക്കു വിഷയമാക്കിയത്.

വിപ്ലവാത്മകകവിതകൾ എഴുതിയ പുരോഗമനകവികളിൽ ഭൂരിപക്ഷം പേർക്കും ഫ്യൂഡൽ കുടുംബാന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നത്. പുരോഗമനപ്രസ്ഥാനങ്ങളിൽ വിശ്വാസം പുലർത്തിയെങ്കിലും ഭൂതകാലസംസ്കൃതിയെ മനസ്സിന്റെയും രചനയുടെയും അടിത്തട്ടിലേക്ക് താഴ്ത്തിവച്ചതല്ലാതെ അതിനെ നിഷേധിക്കുകയോ തിരസ്കരിക്കുകയോ ചെയ്തിരുന്നില്ല. പുതിയ ഒരു മധ്യവർഗ്ഗം വായനക്കാരായി ഉയർന്നുവന്നപ്പോൾ മുമ്പ് മറച്ചുപിടിച്ചിരുന്ന കാല്പനിക കർതൃത്വവും കവികളിൽ പ്രകടമാകാൻ തുടങ്ങി. വയലാർ സിനിമാഗാനരംഗത്തേക്കു കടന്നു. പി. ഭാസ്കരൻ രചനയെ ഒറ്റക്കമ്പിയുള്ള തംബുരുവാക്കി. പഴയരീതി പൂർണ്ണമായും ഒഴിവാക്കാൻ വയ്യെങ്കിലും ഒ.എൻ.വിയും ഈ സാഹചര്യത്തിൽ പുതിയരീതി പ്രകടമാക്കാൻ തുടങ്ങി. കൊച്ചുദുഃഖത്തിൻ പച്ചത്തുരുത്തുകൾ അന്വേഷിച്ചുതുടങ്ങി. മാറിവന്ന സാഹചര്യത്തിൽ പുരുഷാധിപത്യമുള്ള കുടുംബം, അണുകുടുംബവ്യവസ്ഥ, കുടുംബനാഥൻ എന്നുള്ള ഉത്തരവാദിത്വം തുടങ്ങിയവ കുടുംബബന്ധത്തിലുണ്ടായി. പഴയ കമ്യൂണിസ്റ്റ് കൂട്ടായ്മയിൽ സൃഷ്ടിക്കപ്പെട്ട കവികളും കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്ന് വ്യക്തിഗത കുടുംബബന്ധങ്ങളിലേയ്ക്കെത്തപ്പെട്ടു. ആശയസംഘർഷവും ആത്മസംഘർഷവും മനുഷ്യബന്ധങ്ങളിൽ ഉടലെടുത്തു. പല രചനകളിലും സ്വകാര്യതലം ദൃശ്യമായി.

1964-ൽ പ്രസിദ്ധീകരിച്ച *മയിൽപ്പീലി* എന്ന കൃതിയോടെ സ്വകാര്യതലത്തിന് പ്രാധാന്യം നൽകുന്ന ഒരു രീതി ഒ.എൻ.വിയുടെ രചനയിൽ അനുഭവപ്പെട്ടു. വ്യക്തികേന്ദ്രകർതൃത്വത്തിന് പ്രാമുഖ്യം കല്പിക്കുന്ന രചനകളാണ് സിംഹാസനത്തിലേക്കു വീണ്ടും, 'നാലുമണിപ്പൂക്കൾ', 'ചോറൂണ്' തുടങ്ങിയവ. *മയിൽപ്പീലി*

യിലെ കവിതകളെ കുടുംബബന്ധത്തിന്റെ അടയാളങ്ങളായിട്ടാണ് വിലയിരുത്തപ്പെടുന്നത്. സ്വസ്ഥതയും സമാധാനവും കുടുംബത്തിനുള്ളിൽ അനുഭവിക്കുക എന്ന ഒരു ചിന്ത ഇവിടെ ഉടലെടുക്കുന്നുണ്ട്. 'ചോറൂണ്', 'മുത്തശ്ശിമുല്ല', 'താമരവിത്ത്' തുടങ്ങിയവ ഉദാഹരണങ്ങളാണ്. പഴയ ആചാരാനുഷ്ഠാനങ്ങളുടെ ഓർമ്മകൾ കാത്തുസൂക്ഷിക്കുന്നതിന്റെ അടയാളങ്ങളും പുതിയ അണുകുടുംബബന്ധങ്ങളിൽ കാണാമായിരുന്നു. 'താമരവിത്ത്' എന്ന കവിതയിലെ വരികളിൽ ധ്വനിപ്പിക്കുന്നതും മറ്റൊന്നുമല്ല.

ഈറൻമുടിയിൽ നീ ചൂടുന്ന പൂക്കളും,
ചാരുവാം നെറ്റിയിൽ ചാർത്തും കുറികളും
കാതിലാമന്ത്രണം ചെയ്കയാം: ''ഇന്നുസം-
ക്രാന്തിയാ'' ''ണായില്ല്യമാ'' ണെന്നോരോവിധം[15]

സ്ത്രീയുടെ മുടിയിൽ ചൂടുന്ന പൂക്കളും നെറ്റിയിലെ കുറികളും ഓരോ ദിനത്തിന്റെ പ്രത്യേകതയിൽ അണിയേണ്ടുന്നവയാണ് എന്ന് പഴയ ആചാരവിശ്വാസങ്ങളിൽ പറയപ്പെടുന്നുണ്ട്. ഈറൻ മുടിയിൽ ചൂടിയ പുഷ്പങ്ങളും നെറ്റിയിലെ കുറിയും ഇന്നേത് ദിവസമാണ് എന്ന് കാതിൽ മന്ത്രിക്കുകയാണ് എന്ന് കവി പറയുന്നു.

കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ പിളർപ്പിന് സാർവ്വദേശീയകാരണങ്ങൾ ഉണ്ടെങ്കിലും ഇന്ത്യയിൽ ബൂർഷ്വാവൽക്കരണത്തിന്റെ ഫലമായിട്ടുകൂടിയായിരുന്നു വിഘടനം സംഭവിച്ചത്. ഈ മാറ്റം പലരിലും ആശയകുഴപ്പം; പഴമയോ പുതുമയോ നല്ലത് എന്ന ചിന്ത ഉളവാക്കി. ഒ.എൻ.വിയാകട്ടെ മോഹങ്ങളും സ്വപ്നങ്ങളും വാഗ്ദത്തഭൂമിയെക്കുറിച്ചുള്ള പ്രതീക്ഷകളും പാഴായിപ്പോകുന്നതിന്റെ വ്യസനത്തിലുമായിരുന്നു. എങ്കിലും പഴയ വിപ്ലവപ്രവർത്തനങ്ങളെക്കുറിച്ച് സ്വയം ഒരു കുറ്റപ്പെടുത്തലോ തെറ്റായിപ്പോയി എന്ന പാഴ്ബോധമോ കവിക്കുണ്ടായിരുന്നില്ല. എന്നാൽ പ്രതീക്ഷകളെ ഉപേക്ഷിക്കാൻ കഴിയുന്നുമില്ല. അതുതന്നെയായിരുന്നു

കവി അനുഭവിച്ച വിഷാദവും. *നീലക്കണ്ണുകൾ* എന്ന ഖണ്ഡകാവ്യവും *മയിൽപ്പീലി* (1959-64), *ഒരു തുള്ളിവെളിച്ചം* (1964-66), *അഗ്നിശലഭങ്ങൾ* (1967-71) *അക്ഷരം* (1972-74) തുടങ്ങിയ സമാഹാരങ്ങളും ഈ ഘട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

1961-ൽ പ്രസിദ്ധീകരിച്ച *നീലക്കണ്ണുകൾ*[15] എന്ന ഖണ്ഡകാവ്യത്തിൽ ഒ.എൻ.വി സ്വതവേ പ്രകടിപ്പിക്കുന്ന പ്രത്യാശാബോധം അനുഭവപ്പെടുന്നില്ല. കഷ്ടപ്പാടും മർദ്ദനവും ചൂഷണവും അവസാനിച്ചിട്ട് സമത്വസുന്ദരമായ ഒരു ഭാവി എത്തിച്ചേരും എന്ന പ്രഖ്യാപനവും ഈ കവിതയിൽ കാണാനില്ല. അനന്തമായ ദുഃഖത്തിന്റെ വെളിപ്പെടുത്തൽ തന്നെയാണ് ഈ കവിത. കവിയുടെ ജീവിതവിക്ഷണത്തിലോ ദർശനത്തിലോ മാറ്റങ്ങൾ കാണിക്കാതെ അധികാരിവർഗ്ഗങ്ങളാൽ ചൂഷണം ചെയ്യപ്പെടുന്ന സമൂഹത്തിലെ താഴേക്കിടയിലുള്ള തോട്ടം തൊഴിലാളികളിൽ ഒരുവളായ മാളുവിന്റെ കഥയാണിതിൽ അവതരിപ്പിച്ചിരിക്കുന്നത്.

മാളു ചെറിയ കുട്ടിയായിരിക്കുമ്പോൾത്തന്നെ അവളുടെ അമ്മ മരിച്ചു. വളർത്തമ്മയായ മറിയാമ്മക്ക് മാളുവിനെ സംബന്ധിച്ചുള്ള സ്വപ്നങ്ങളും പ്രതീക്ഷകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. മാളുവിനെ ഈ ദുഃഖത്തിന്റെ ചുറ്റുപാടിൽ നിന്നും രക്ഷപ്പെടുത്താൻ ഒരാൺതുണ ഉണ്ടാക്കിക്കൊടുക്കണം.

ദുഃഖമനന്തമാം ദുഃഖം കണക്കെയാ-
ണിക്കൊടും കാടിന്നുയർച്ചയും താഴ്ച്ചയും.

അനന്തമായ ദുഃഖം പോലെയാണ് ഈ തേയിലക്കാട് എന്ന് സൂചിപ്പിക്കുകയാണ് കവി. അവിടെ തൊഴിൽ ചെയ്യുന്നവർക്ക് എന്നും ദുഃഖം മാത്രമാണ് കൂട്ടിനുള്ളത്.

എന്നും കൊളുന്തിറുത്തെന്നും ചുമടേറ്റി
യെന്റെ മുത്തേ, നീ നശിക്കാതിരിക്കുവാൻ...

എന്നും കൊളുന്തുനുള്ളിയും ഭാരം ചുമന്നും ആ തേയിലക്കാട്ടിന്നിടയിൽത്തന്നെ നശിച്ചുപോകാതിരിക്കാൻ, നശിപ്പിക്കപ്പെടാതിരിക്കാൻ മാളുവിനെ വിവാഹം കഴി

പ്പിക്കാൻ തീരുമാനിക്കുകയാണ് മറിയാമ്മ. സായിപ്പിന് ഏറ്റവും അടുപ്പവും പ്രിയ വുമുള്ള ഒരു ചെറുപ്പക്കാരനെയാണ് വരനായ് തെരഞ്ഞെടുക്കുന്നത്. പക്ഷെ സായിപ്പിന്റെ സേവകനായിട്ടുള്ളവന്റെ ഭാര്യ സായിപ്പിന് ഒരു കാഴ്ചവസ്തുവുമായി രിക്കും. തോട്ടമുടമകളായ വെള്ളക്കാർ ഈ രീതിയിലുള്ള ഒരു ദുരിതമാണ് തോട്ടം തൊഴിലാളികൾക്ക് കാത്തുവയ്ക്കുന്നത്. മാളുവിന്റെ അമ്മയുടെ ഗതിയും അതാ യിരുന്നു. അങ്ങനെയുള്ള ഒരാൾക്ക് മാളുവിനെ നൽകുന്നത് ദുരിതത്തി ലേക്കാവില്ലേ എന്ന് അയൽക്കാർ ചോദിക്കുന്നു. താൻ ചെയ്തത് ശരിയല്ലേ എന്നൊരു ചോദ്യം മറിയാമ്മയിൽ നാമ്പിടുന്നുണ്ട്. മാളു എന്ന തൈച്ചെടിയെ മറ്റൊരു മണ്ണിലേക്ക് ഊന്നിക്കൊടുക്കവേ രക്ഷിക്കുകയല്ലേ താൻ ചെയ്തത് എന്ന് മറിയാമ്മ ആലോചിക്കുന്നു.

> എങ്കിലും ചോദിക്കയാണയൽപ്പെണ്ണുങ്ങ-
> ളെന്തേ മറിയേ, നീ പെണ്ണിനെ വിറ്റുവോ

പെണ്ണിനെ നീ വിറ്റുവോ? എന്ന ചോദ്യം അയൽക്കാരികൾ ചോദിക്കുമ്പോൾ രണ്ടു ചിത്രങ്ങൾ മനസ്സിൽ തെളിയുകയാണ്.

> രണ്ട് ചിത്രങ്ങളടുത്തടുത്തായ്ത്തന്നെ
> കണ്ടൂ മറിയ, തൻ മാനസഭിത്തിയിൽ
> ഏതൊരു ചില്ലണിജാലകത്തോടു ചേ-
> ർന്നേറെ മനോജ്ഞമാം വെൺപട്ടുമെത്ത-
> ശാന്തസുഷുപ്തിയോലുന്ന സംതൃപ്തിതൻ-
> കാന്തിവഴിയുമൊരു പെൺകിടാവിനെ!
> ഏതാണടുത്തെഴും ചിത്രം? - മനം തക-
> ർന്നേതോ പെരുവഴിയമ്പലത്തിണ്ണയിൽ,
> (അല്ലല്ല, തോട്ടമാസ്പത്രിയാവാം; അതു-
> മല്ലയീ കൊച്ചു ലയം തന്നെയായിടാം)

അപ്പെൺകൊടി തന്നെയല്ലേ നിറമിഴി-
യൊപ്പി നിറവയർ താങ്ങിയിരിപ്പതും.

ഒന്ന് സംതൃപ്തയായ ഒരു പത്നിയുടെ ചിത്രമാണ്. മറ്റേത് നിറമിഴിയും നിറവയറും ആയി അലഞ്ഞുതിരിയുന്ന അനാഥയും ദരിദ്രയും ആയ ഒരു പെണ്ണിന്റെ ചിത്രവും. ഈ ഒരു പ്രശ്നത്തിന് ഉത്തരം തേടവേ അറ്റമില്ലാത്ത ദുഃഖം പോലെ അനുഭവപ്പെടുന്ന തേയിലക്കാടിന്റെ ഇടയിൽ എന്താകും മാളുവിന്റെ ഭാവി എന്നറിയാതെ ശൂന്യതയിലേക്ക് നോക്കി ഇരിക്കുകയാണ് മറിയാമ്മ.

വിപ്ലവചിന്തകൾക്ക് പ്രാധാന്യം കല്പിച്ചിരുന്ന കമ്യൂണിസ്റ്റ് പ്രസ്ഥാനം പിളർന്നു. അതുവരെ പ്രത്യാശാഭരിതനായി ജീവിതത്തെ കണ്ടിരുന്ന ഒ.എൻ.വി *നീലക്കണ്ണു*കളിലൂടെ തീവ്രവേദനയുടെ ആവിഷ്കാരമാണ് നടത്തുന്നത്. താൻ അനുഭവിക്കുന്ന മാനസികസംഘർഷം തന്നെയാണ് ഉത്തരം കിട്ടാതെ ഒരു ചോദ്യമായ് മറിയാമ്മയുടെ ചിന്തയിലൂടെ കവി അവതരിപ്പിക്കുന്നത്. മാളുവിന്റെ പഴയ തലമുറയിൽപ്പെട്ട ഓരോ പെൺജീവിതവും മേലാളന് ബലിയർപ്പിക്കപ്പെടാനുള്ളതായിരുന്നു. ഇനിയുള്ള തലമുറയും ഈ രീതിയിലാകുമോ.

ഒടുവി,ലൊരേയൊരു
സത്യമാം ദുഃഖത്തിന്റെ-
യൊരു ബീജവും കൂടി
യേറ്റുവാങ്ങുന്നീയൂഴി
ആ വിത്തും പൊട്ടിക്കിളു-
ർത്തീരില വിരിയുന്നു!
-ഹാ! വിശ്വസർഗ്ഗോദാര-
മേളത്തിന്നിലത്താളം!

ഒടുവിൽ ദുഃഖം മാത്രമായ ആ ജീവിതത്തിൽ ഒരു പുതിയ ബീജവും കൂടി രൂപപ്പെടുകയാണ്. അതിനെയും ഭൂമി ഏറ്റുവാങ്ങുകയായി. വളർന്ന് വലുതായി അതിനു

ദുഃഖം മാത്രമാകുമോ ജീവിതാവസ്ഥ എന്ന ചിന്തയിലാണ് കവിതയുടെ അവസാനം.

വിഷാദത്തിന്റേതായ ഒരു വികാരപ്രപഞ്ചം തുറന്നിട്ടിരിക്കുന്ന *നീലക്കണ്ണുകൾ* എന്ന കവിത സഹൃദയരുടെ മനസ്സിനെ മഥിക്കുന്നതാണ്. മാളു നശിക്കാതിരിക്കാൻ വിവാഹം കഴിപ്പിക്കാൻ തീരുമാനിക്കുന്നു എന്നു പറയുന്നിടത്ത് കുടുംബബന്ധങ്ങളിൽ കെട്ടുറപ്പ് ദർശിക്കുന്ന കവിമനസ്സുതന്നെയാണ് അടയാളപ്പെടുത്തുന്നത്. ഇരുണ്ടലോകത്തിൽ അടിച്ചമർത്തപ്പെട്ട ഒരു കൂട്ടം മനുഷ്യജീവിതങ്ങളുടെ ആവിഷ്കാരത്തിലൂടെ, അവരുടെ നിസ്സഹായമായ അവസ്ഥയുടെ അവതരണത്തിലൂടെ ഒരു ദുരന്തകഥയെ അനാവരണം ചെയ്യുകയാണ് കവി. അന്നത്തെ സാമൂഹ്യസാഹചര്യം തന്നെയാണിത്. മനുഷ്യനീതിക്കുവേണ്ടി കവിയുടെ മനസ്സ് സദാ ആഗ്രഹിക്കുന്നു. സമൂഹത്തിൽ അന്ന് നിലനിന്നിരുന്ന രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ ഈ ഇരുട്ടിനെ അകറ്റുന്ന വെളിച്ചത്തെ പ്രദാനം ചെയ്യും എന്നുള്ള വിശ്വാസം പ്രകടിപ്പിക്കാൻ കവിക്ക് കഴിയുന്നില്ല. ഇവിടെ യാന്ത്രികമായ ആഹ്വാനമോ അതിഭാവുകത്വം നിറഞ്ഞ അവതരണങ്ങളോ ഇല്ലാതെ ഒരു വർഗ്ഗത്തിന്റെ നിസ്സഹായതയെ ആവിഷ്കരിച്ചിരിക്കുന്നു. അതിന് കവി ആധാരമായെടുക്കുന്ന വികാരം താൻ അനുഭവിക്കുന്ന ധർമ്മസങ്കടങ്ങളും ദുഃഖവും തന്നെയാണ്. ''നീലക്കണ്ണുകൾ മുതലുള്ള കവിതകളിൽ ദൃശ്യമാകുന്ന പരിവർത്തനം ഒ.എൻ.വിയെ സംബന്ധിച്ചിടത്തോളം ഒരാത്മദർശനത്തിന്റെ ഫലമാണ്. സ്വന്തം പ്രതിഭയുടെ സ്വഭാവവും സാദ്ധ്യതയും തിരിച്ചറിയുന്ന കവി സ്വക്ഷേത്രത്തിലേക്ക് പിൻവാങ്ങുന്നു. അലസിപ്പോയ വിപ്ലവവും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ വന്ധ്യമായ വിജയവും ഈ കണ്ടെത്തലിനിടയാക്കിയ 'ഷോക്ട്രീറ്റ്മെന്റ്' മാത്രമായിരുന്നു.''[16] *നീലക്കണ്ണുകൾ* എന്ന കവിതയുടെ രചനാപശ്ചാത്തലം ഇങ്ങനെ ഡി ബഞ്ചമിൻ രേഖപ്പെടുത്തുന്നു.

*മയിൽപ്പീലി* എന്ന സമാഹാരത്തിലെ 'ചെറുമന്റെ കിളി', 'ഇന്ത്യയുടെ ശബ്ദം', 'പറന്നു പറന്നു നീ പോവുക', 'വളപ്പൊട്ടുകൾ' തുടങ്ങിയ കവിതകൾ

ഒ.എൻ.വിയുടെ വിഷാദാത്മകതക്ക് നിദർശനമാകുന്നുണ്ട്. ഇതേ ദുഃഖത്തിന്റെ ഉജ്ജ്വലവും അത്യന്തം ഹൃദയഹാരിയുമായ ആവിഷ്കരണമാണ് 'വളപ്പൊട്ടുകൾ'[17] എന്ന കവിതയിലും ഉള്ളത്. നിസ്വവർഗ്ഗത്തിന് അവരുടെ അവകാശം നേടിയെടു ക്കാനുള്ള പ്രാപ്തി കൈവരുത്തുവാൻ ഉതകുമെന്നും ഒരു നല്ല നാളെയുടെ ഉദയ ത്തിന് കാരണമാകുമെന്നും കരുതിയ മർദ്ദിതരുടെ ആശാകേന്ദ്രമായ പ്രസ്ഥാന ത്തിൽ വിള്ളലുണ്ടായത് കവിയുടെയുള്ളിൽ അഗാധമായ മോഹഭംഗം ഉണ്ടാക്കി. തന്റെ എല്ലാ സ്വപ്നങ്ങളും തകർന്നുവീണു ചിന്നിപ്പോയെന്നു കരുതിയ കവിയുടെ വിഷാദഭാവം തീവ്രമായരീതിയിൽ 'വളപ്പൊട്ടുകളി'ൽ കാണാം.

തച്ചുടയ്ക്കുവാൻ
ചിലതുടച്ചുവാർത്തീടുവാ-
നുച്ചത്തിലലറിക്കൊ-
ണ്ടിന്നലെയിതേവഴി
മഴക്കാറ്റുപോൽ ചുറ്റി-
യലഞ്ഞേൻ; ചെമ്പൂഴിയിൽ
മഴവെള്ളം പോലെന്റെ
ശബ്ദവുമൊലിച്ചു പോയ്!

പ്രതീക്ഷയോടെയിരുന്ന ഒരു ജീവിതം മുഴുവനായും വ്യർത്ഥമായി എന്നൊരു വേദനയാണ് ഈ വരികളിൽ. അനീതികളെ ഇല്ലാതാക്കാനും സമൂ ഹത്തെ ബോധവൽക്കരിക്കാനും ഇന്നലെവരെ മഴക്കാറ്റുപോൽ അലഞ്ഞു നടന്നു. ഇന്നാകട്ടെ ചെംപൂഴിയിലെ വെള്ളംപോലെ കവിയുടെ ശബ്ദം ഒലിച്ചുപോയി. സാമൂഹികദുഃഖങ്ങളെ ആവിഷ്കരിച്ചിരുന്ന കവി വ്യക്തിപരമായ ദുഃഖങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ അനുഭവ പ്പെട്ടമാറ്റമാണ് തുടർന്നുള്ള പുരോഗമനകവിതകളിലും പ്രതിഫലിച്ചത്. കാർഷിക രംഗത്തെ മാറ്റങ്ങളും കാർഷികബന്ധനിയമവും[18] മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ

ബില്ലും സമൂഹത്തിൽ അടിസ്ഥാനമാറ്റങ്ങൾ കൊണ്ടുവന്നു. 1959-മുതൽ 1964-വരെയുള്ള കാലയളവിൽ എഴുതിയ കവിതകളിൽ ഈ മാറ്റം തന്നെയാണ് ദൃശ്യമാകുന്നത്.

മാറ്റങ്ങൾക്കുവേണ്ടി പോരാട്ടവീര്യത്തോടെ കവിതകളിലൂടെ ആഹ്വാനം ചെയ്ത കവിയുടെ ശബ്ദം പൂഴിയിൽ വീഴുന്ന മഴവെള്ളം പോലെ ഒലിച്ചു പോവുകയാണ്. വർണ്ണോജ്ജ്വലമായ എത് തത്വശാസ്ത്രത്തെ താൻ മുറുകെ പിടിച്ചുവോ അതിൽ അടിസ്ഥാനമാക്കിയ സർവ്വസ്വപ്നങ്ങളും തകർന്നിരിക്കുന്നു. അവശേഷിക്കുന്നത് നാലഞ്ചു വളപ്പൊട്ടുകൾ മാത്രം.

തെളിഞ്ഞൂമാനം: നീർച്ചാൽ
വറ്റിയ നിലത്തപ്പോ
ളുടഞ്ഞ നാലഞ്ചാറു
വളപ്പൊട്ടുകൾ കണ്ടേൻ

ഭഗ്നമായ ആശയങ്ങളുടേയും ചിന്തകളുടേയും ചെറുപൊടിപ്പുകൾ മാത്രം ബാക്കിയാകുന്ന കവിയുടെ കൈയിൽ തിളങ്ങുന്നതായി അനുഭവപ്പെടുന്ന വളപ്പൊട്ടുകളുടെ പ്രഭയ്ക്ക് വളരെയേറെ മൂല്യമുണ്ട്. പിൽക്കാലരചനകൾക്ക് ഊർജ്ജം നൽകാൻ ഇവയ്ക്ക് കഴിയുന്നുമുണ്ട്.

ഭൂമികന്യയെ വേൾക്കാൻ
വന്ന മോഹമേ! യിന്ദ്ര-
കാർമുകമെടുത്തു നീ
കുലച്ചു തകർത്തെന്നോ! ...

ഒടുവിൽ സാന്ദ്രമായ വിഷാദവും നിരാശയും കലർന്ന ഭാഷയിൽ കവി ചോദിക്കുകയാണ്. ഭൂമിയെ സനാഥയാക്കാൻ വന്ന മോഹം ഇന്ദ്രകാർമുകമെടുത്ത് കുലച്ചു തകർത്തിരിക്കുന്നു. ഭൂമിയെ ഐശ്വര്യപൂർണ്ണമാക്കുക എന്ന സ്വപ്നം

കൊണ്ടുനടന്ന കവിക്ക് ആ സ്വപ്നത്തകർച്ച അഗാധമായ ദുഃഖമാണുണ്ടാക്കുന്നത്. കവിയുടെ മനസ്സിലുളവാകുന്ന ഈ ദുഃഖം തത്വശാസ്ത്രങ്ങൾക്ക് അപ്രാപ്യവുമാണ്.

വിപ്ലവം ഒ.എൻ.വി.യെ സംബന്ധിച്ചിടത്തോളം കാലവർഷസങ്കല്പം തന്നെ. ഭൂമിയെ നനച്ചുകുളിർപ്പിച്ച് വിത്തുമുളപ്പിക്കുന്ന കാലവർഷം പോലെയാണ് വിപ്ലവം എന്നുറച്ചു വിശ്വസിച്ചിരുന്നു. മാറ്റത്തിന്റെ വരവറിയിച്ചുകൊണ്ട് മഴക്കാറ്റുപോലെ കവിയുടെ ആഹ്വാനങ്ങൾ ഉണ്ടായി. പക്ഷേ മഴതകർത്തു പെയ്യാതെ അങ്ങിങ്ങ് പാറിപ്പറന്നു. ഭൂമിയെ കുളിർപ്പിക്കാതെ ഒഴുകിപ്പോവുകയും ചെയ്തു. വിപ്ലവപ്രസ്ഥാനമാകട്ടെ ഐശ്വര്യപൂർണ്ണമായ വാഗ്ദത്തഭൂമി വാഗ്ദാനം ചെയ്തെങ്കിലും അത് സഫലീകരിക്കാതെ പിളർന്നിരിക്കുന്നു. പ്രത്യശാസ്ത്രപരമായ പ്രപഞ്ചവീക്ഷണം മഴവില്ലിനെപ്പോലെ മനോഹരമായിരുന്നു; എന്നാൽ മായികസ്വപ്നം പോലെയുമായിരുന്നു. അതുകൊണ്ടുതന്നെയാണ് വരണ്ട ഭൂമിയിൽ നിന്നെന്നപോലെ കവിയിൽ നിന്നും തപ്ത നിശ്വാസങ്ങളുതിർന്നത്.

മണ്ണ് എന്നതിനുപകരം ഭൂമികന്യക എന്ന പരാമർശത്തിലൂടെ ഭൂമിയെ ഒരു സ്ത്രീയായി കല്പിക്കുകയാണ് കവി. രാമായണത്തിലെ ഭൂമിപുത്രിയായ സീതയുടെ സ്വയംവരത്തിനു മുന്നോടിയായിട്ടുള്ള കാര്യങ്ങൾ ഇവിടെ സ്മരിക്കപ്പെടുന്നുണ്ട്. രാമൻ വില്ലുകുലച്ചിട്ടാണ് സീതയെ സ്വന്തമാക്കുന്നത്. എന്നാൽ ഇവിടെ ഭൂമിയിലെ സങ്കടങ്ങൾ ഇല്ലാതാക്കി സമത്വവും സമാധാനവും പാലിക്കപ്പെടും എന്ന് വാക്കുനൽകിയ പ്രസ്ഥാനം അതിലെ അംഗങ്ങൾ തന്നെ പരസ്പരം പോരടിച്ച് തകർന്നിരിക്കുന്നു. അഥവാ തകർത്തിരിക്കുന്നു എന്ന് ഒ.എൻ.വി സൂചിപ്പിക്കുന്നു. കവി വിപ്ലവത്തിൽ നിന്നും വഴിമാറി എന്ന് ആരോപിക്കാൻ പലരെയും പ്രേരിപ്പിച്ചത് ഈ വരികൾ ആണ്. വ്യക്തിപരമായ നഷ്ടബോധപ്രതീതി ഉളവാക്കുന്ന ഈ വരികൾ വ്യക്തിദുഃഖത്തിനുമപ്പുറം വർത്തമാനകാല സമൂഹത്തിന്റെ ദുഃഖം തന്നെയാകുന്നുണ്ട്. ഭൂമികന്യകയെ വേൾക്കാൻവന്ന മോഹങ്ങളും ആദർശങ്ങളും

പുതിയ കമ്പോളവ്യവസ്ഥയുടെ അത്യാഗ്രഹങ്ങളോടെ പുതിയ പുതിയ വില്ലുകൾ ഭൂമിക്കുമേലെ കുലയ്ക്കുന്നു എന്നതാണ് വസ്തുതയും ചരിത്രവും. സാമൂഹ്യ ദുഃഖങ്ങളെക്കുറിച്ചുപാടിയ കവി മയിൽപ്പീലിക്കവിതകളിൽ സ്വകാര്യദുഃഖങ്ങളെ പകരംവയ്ക്കുകയും അതുവഴി കാവ്യവ്യവഹാരത്തിൽ മാറ്റം വരുത്തുകയും ചെയ്യു ന്നു. ആദർശങ്ങളുടെ ചിതറിപ്പോകലും അതിൽ നിന്നുടലെടുക്കുന്ന വ്യഥയും വ്യർത്ഥതാബോധവും മയിൽപ്പീലിക്കവിതകളിൽ അനുഭവപ്പെടുന്നു.

കാല്പനിക കവിയായി അടയാളപ്പെടുത്തുമ്പോഴും ജീവിതത്തിന്റെ വ്യത്യ സ്തങ്ങളായ ഭാവങ്ങളെയാണ് ഒ.എൻ.വി ആഖ്യാനം ചെയ്തിരുന്നത്. 'ചെറുമന്റെ കിളി', 'പറന്നു പറന്നു നീ പോവുക', 'ഇന്ത്യയുടെ ശബ്ദം' തുടങ്ങിയവ എടുത്തു പറയാവുന്നതാണ്. സോഷ്യലിസ്റ്റ് രാഷ്ട്രമായ ചൈന അയൽരാജ്യമായ ഇന്ത്യയെ ആക്രമിച്ചതിൽ കവിക്കുണ്ടായ അവിശ്വസനീയതയാണ് 'ഇന്ത്യയുടെ ശബ്ദം'[19] എന്ന കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്.

ഒരു കൊള്ളിമീൻ! ഒരു
വെള്ളിടി! - ഏഷ്യേ, നിന്റെ
ചരിത്രം തിരുത്തിക്കൊ-
ണ്ടെന്റെ ഹൃദ്രക്തം വാർന്നൂ!

1962-ൽ നടന്ന ഇന്ത്യ-ചൈന അതിർത്തിയുദ്ധം ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദം കലുഷമാക്കി. വിപ്ലവാശയത്തിലൂടെ അധികാരത്തിലെത്തിയ ചൈന യിലെ ഭരണകൂടം ഇന്ത്യയെന്ന അയൽരാജ്യത്ത ആക്രമിക്കുക എന്നത് കമ്യൂ ണിസ്റ്റ് ആശയത്തിൽ വിശ്വസിച്ചിരുന്ന കവിക്ക് ഉൾക്കൊള്ളാവുന്നതിനുമപ്പുറമായി രുന്നു. മാർക്സിസ്റ്റ് ദർശനത്തിന്റെ സ്വാധീനഫലമായി ലഭിച്ച നിസ്വവർഗ്ഗത്തോ ടുള്ള മമതയും ഏകീഭാവവും ഒ.എൻ.വി കവിതയ്ക്ക് ഭൗതികമായ അടിത്തറ നൽകുകയും കവിയുടെ മനുഷ്യദർശനത്തിന് കരുത്തുനൽകുകയും ചെയ്തിരു ന്നു. ഇടതുപക്ഷാശയങ്ങൾക്ക് ആഹ്ലാദം നൽകിയ വാർത്തയായിരുന്നു ചൈന

യിലെ അധികാരനേട്ടം. എന്നാൽ ഇന്ത്യയ്ക്കുനേരെ ആക്രമണത്തിനുമുതിർന്നത് കവിയെ സംബന്ധിച്ചിടത്തോളം ഓർക്കാപ്പുറത്തുവന്ന കൊള്ളിമീൻ പോലെ, ഒരു പ്രഹരം തന്നെയായിരുന്നു. ഏഷ്യയുടെ ചരിത്രം തിരുത്തിക്കൊണ്ട് തന്റെ ഹൃദയ രക്തം വാർന്നു എന്ന് കവി പറയുന്നു. തന്റെ ജന്മഭൂമിക്കേറ്റ മുറിവിൽ നിന്നൂറിയതു തന്നെയായിരുന്നു അത്. മുൻപ് എത്രയോ യുഗങ്ങൾ വിപ്ലവാശയങ്ങളുടെ സുവർണ്ണ നക്ഷത്രങ്ങൾ ഉദിച്ച് ചക്രവാളത്തെ തിളക്കമുള്ളതാക്കിയിരുന്നു. ഇന്ന് എല്ലാ വെളിച്ചങ്ങളും തകർന്ന് ഇരുട്ടിന്റെ കൂടാരങ്ങൾ ചുറ്റിലുമുയർന്ന് കാലം കൃഷ്ണപക്ഷമായ്ത്തീർന്നു. വിപ്ലവാശയങ്ങളിൽ ആകൃഷ്ടനായി നിസ്വർക്കു വേണ്ടി പോരാടാൻ തുനിഞ്ഞിറങ്ങിയിരുന്നു കവി. ആ സന്ദർഭത്തിലാണ് ചൈന യുടെ ഇന്ത്യാ ആക്രമണം.

കുങ്കുമം ചാർത്തുന്നൂ ഞാ,-
നെന്റെ ശോണിതത്താലീ
ദിങ്മുഖങ്ങളിൽ, നിന്റെ
വിരേതിഹാസത്തിലും!

ഈ ദിക്കുകളിലും ചൈനയുടെ വിപ്ലവപാരമ്പര്യത്തിന്മേലും തന്റെ രക്തം കൊണ്ട് കുങ്കുമം ചാർത്തുകയാണ് എന്ന് കവി സ്ഥാപിക്കുന്നു. എത്രയോ നാൾ ആഗ്രഹിച്ച് അതിനായ് പ്രവർത്തിച്ച് നേടിയതാണ് പ്രസ്ഥാനത്തിന്റെ സ്ഥാനമാന ങ്ങൾ. കവിയുടെ ആത്മാവിലെ കസ്തൂരിമാനായി അതിനെ കല്പിക്കുന്നു. അലറി യടുത്ത സിംഹത്തിന്റെ വായിൽനിന്നും അതിനെ രക്ഷിക്കുവാൻ എത്രയോ തപസ്സ് ചെയ്തു. മണ്ണിൽ കവി നേടിയെടുത്ത സ്വാതന്ത്ര്യപ്പൊൻമാനിന് ദേവതാരങ്ങൾ പട്ടുക്കുട തീർക്കുന്നു, താഴ്വരകൾ കറുകപ്പുല്ലു നീട്ടുന്നു, നദികൾ കുളിർജലം നൽകുന്നു, കാറ്റ് തഴുകുന്നു. അങ്ങനെയുള്ള നമ്മുടെ മണ്ണിനുനേരെ അയൽപ്പ ക്കത്തെ വേട്ടക്കാരൻ അമ്പെയ്യുന്നു. ഭൂമിയും മാനവും നടുങ്ങി.

എന്നയൽപക്കത്തെ വേട്ടക്കാരൻ

പതിതൻ കണയെയ്തു!

നടുങ്ങീ പാരും വാനും!

ആ നടുക്കം കവിയുടെ ഹൃദയത്തെ തളർത്തുകതന്നെ ചെയ്തു. ഭൂമിയെ പ്രഭാമയമാക്കുവാൻ പിറന്നവരെ പാലൂട്ടിവളർത്തിയ ധന്യമാതാവായ ഏഷ്യയിലാണ് ഗോകുലവും ജറുസലേമും മെക്കയും കപിലവസ്തുവും. പക്ഷേ അവിടെത്തന്നെയാണ് അയൽരാജ്യത്തെ ആക്രമിച്ച് കീഴടക്കുക എന്ന കാടത്തം വളരുന്നതും. നമ്മുടെ സംസ്കാരത്തെ, മനുഷ്യത്വത്തെ ഹോമിച്ച തത്വാഗ്നിയാണത്. അതിൽ പാപത്തിന്റെ ശവംനാറിപ്പൂവുകൾ വിരിയുന്ന കാടത്തം ഉയർന്നുവരികയാണ്. നിറയുന്ന കണ്ണുകളെ ഒപ്പുക. അതിനെതിരെ എന്റെ ധനുസ്സിലുണർന്ന ഞാണൊലി മുഴങ്ങട്ടെ എന്ന് കവി ആഗ്രഹിക്കുന്നു.

മർദ്ദിതലക്ഷങ്ങളുടെ പ്രതീക്ഷാകേന്ദ്രമായിരുന്ന ഇടതുപക്ഷാശയത്തിൽ അടിയുറച്ച് വിശ്വസിക്കുകയും വിപ്ലവത്തിന്റെ മാർഗ്ഗത്തിലൂടെ ഭരണം നേടിയെടുക്കുകയുംചെയ്ത ചൈന അതേ സംസ്കാരത്തെ പിന്തുടരുന്ന ഇന്ത്യയെ ആക്രമിക്കുക എന്നത് വിശ്വാസത്തിനേറ്റ തകർച്ചതന്നെയാണ്. രാജ്യത്തിനും ജനങ്ങൾക്കും ഒരുപോലെ നടുക്കം നൽകിയ ആ സംഭവം കവിയിലും അമർഷമുളവാക്കി. ചൈനയുടെ പുരോഗതിയിൽ ഏറെ സന്തോഷിച്ച കവിഹൃദയത്തിൽനിന്ന് അതേ രാജ്യം മാതൃഭൂവിനെ ആക്രമിക്കാൻ മുതിർന്നപ്പോൾ ആഹ്ലാദം അമർഷമായും അമർഷം ശാപവാക്കുകളായും പുറത്തേക്ക് വരുന്നു. അവിടെ രക്ഷാമാർഗ്ഗമായി നിന്നത് മാതൃഭൂമിയുടെ രജതകിരീടമായ് നിലകൊള്ളുന്ന ഹിമാലയമാണ്. ശിലയുടെ ദൃഢതയും പൂവിന്റെ മൃദുത്വവുമാർന്ന തന്റെ ഹൃദയംപോൽ ഹിമാലയം നിൽക്കുന്നു എന്ന് കവി പറയുകയാണ്. ഭൂമിയുടെ ഹൃദയത്തിൽ വളരുന്ന സ്വപ്നംപോലെ ഹിമാലയം അചഞ്ചലമായി നിലകൊണ്ടതാണ് മാതൃഭൂമിയുടെ സംരക്ഷണമായിത്തീർന്നത്.

നിറയും നിൻ കണ്ണുക-
ളൊപ്പൂ, കെന്നാത്മാവിലും
നിറഞ്ഞു തുളുമ്പിയൊ
രർജ്ജുന വിഷാദത്തെ
വിലക്കി നിർത്തുന്നൂ ഞാ;-
നെൻ ധനുസ്സുണർന്ന ഞാ-
ണൊലി നിൻ ചരിത്രത്തി-
ലിനിയും മുഴങ്ങട്ടെ!

എന്നിങ്ങനെ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞ ഭാരതത്തിന്റെ പ്രശ്നങ്ങൾ അവസാനിക്കുന്നില്ല; രൂപമാറ്റം സംഭവിച്ചു എന്നുമാത്രം. തന്റെ ആദർശങ്ങളും മാതൃഭൂമിയെക്കുറിച്ചുള്ള പ്രതീക്ഷകളും നിരർത്ഥകമാണെന്ന് തിരിച്ചറിയുന്ന കവി 'അർജ്ജുന വിഷാദ'ത്തിൽ അടിപ്പെടുന്നു. എന്നാൽ ഈ വിഷാദം താത്ക്കാലികം മാത്രമാണെന്ന്, അനുയോജ്യമായ സന്ദർഭത്തിൽ അനീതിക്കെതിരെ പോരാടാനായി ഉണർന്നെഴുന്നേൽക്കുന്ന അർജ്ജുനനെപ്പോലെ തനിക്കും പ്രതിഷേധത്തിന്റെ ധനുസ്സ് എടുക്കേണ്ടിവരും എന്ന് കവി പ്രഖ്യാപിക്കുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പിളർപ്പ് സംഭവിച്ചാലും കമ്യൂണിസ്റ്റ് രാജ്യമായ ചൈന ഇന്ത്യയെ ആക്രമിച്ചാലും പ്രസ്ഥാനത്തിൽ തനിക്കുള്ള വിശ്വാസത്തിന് ഇടിവ് സംഭവിക്കുകയില്ല എന്ന സൂചന ഇവിടെ ഉണ്ട്. അതിന്റെ നന്മയ്ക്കുവേണ്ടി, രാജ്യത്തിന്റെ സ്വാതന്ത്ര്യബോധത്തിനുവേണ്ടി ഇനിയും തന്റെ തൂലിക ചലിക്കും എന്ന ചിന്തതന്നെയാണ് കവി ഈ വരികളിൽ ധ്വനിപ്പിക്കുന്നത്

രണ്ടാം ഘട്ടത്തിൽ ഒ.എൻ.വിയുടെ രചനയിലെ വിപ്ലവബോധം നിരാശയ്ക്കും വിഷാദത്മകതക്കും വഴിമാറിക്കൊടുത്തു എന്ന ചിന്തയ്ക്ക് ഉറപ്പു നൽകുന്ന വരികളാണ് *അഗ്നിശലഭങ്ങ*ളിലെ 'വാഗ്ദത്തഭൂമി', 'വന്ധ്യമേഘങ്ങൾ', 'കൊച്ചുദുഃഖങ്ങളുറങ്ങൂ', 'ഒക്ടോബറിലെ സന്ധ്യ', 'പാടുവാനല്ല', 'അഗ്നിശലഭ

ങ്ങൾ' തുടങ്ങിയ കവിതകളിൽ ഉള്ളത്. ഇതിൽ 'വാഗ്ദത്തഭൂമി'[20]യിൽ കാണുന്നത് മണ്ണിന്റെ സ്വപ്നമായിരുന്നു വിപ്ലവം എന്നുള്ളതാണ്. ആ സ്വപ്നം വെറും ബാഹ്യ പ്രകടനമാണെന്ന് അനുഭവത്തിലൂടെ അറിഞ്ഞപ്പോൾ രചനകളിലും അതിന്റെ പ്രതിഫലനമുണ്ടായി.

എവിടെയാ വാഗ്ദത്തഭൂമി? ചോദിപ്പൂ ഞാ;
നെവിടെയാ സൗവർണ്ണഭൂമി?

വിപ്ലവപ്രസ്ഥാനം വാഗ്ദാനം ചെയ്ത വാഗ്ദത്തഭൂമി[21] എവിടെയെന്ന് ചോദിച്ചു കൊണ്ടാണ് കവിത ആരംഭിക്കുന്നത്. ഐശ്വര്യപൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുന്ന ഭൂമിയാണ് കവി ആഗ്രഹിച്ചത്. എന്നാൽ എല്ലാ സ്വപ്നങ്ങളും ഭഞ്ജിക്ക പ്പെട്ടു. കവി ഉള്ളുരുകി ചോദിക്കുകയാണ് വാഗ്ദാനം ചെയ്ത സൗവർണ്ണ ഭൂമിയെ വിടെ എന്ന്. മനുഷ്യൻ അധ്വാനിച്ച് നേടിയെടുക്കേണ്ടതാണ് വാഗ്ദത്തഭൂമി എന്ന സങ്കല്പമാണ് ബൈബിൾ മുന്നോട്ടുവയ്ക്കുന്നത്. പകൽക്കിളി നിലവിളിച്ച് എങ്ങോ മറഞ്ഞു, ചുറ്റിലും ഇരുട്ട്. അവിടെ തമസ്സിന്റെ യുദ്ധത്തടവുകാരായ ഞങ്ങൾ നിന്നു എന്ന് കവിയുടെ വാക്കുകൾ. വെളിച്ചം നഷ്ടമായി ഇരുട്ടിൽ ആത്മാവിനു ചൂടുപിടിച്ച് തളർന്ന പാദങ്ങളുമായ് വിപ്ലവാനുകൂലികൾ നിൽക്കുന്നു.

ഒരു സ്വപ്നഭംഗത്തിന്നാലക്തികാഘാതം
മരണത്തിൻ ദൂതുണർത്തിക്കേ,
ഇവിടെയീ മരുഭൂവിൽ നിന്നു ചോദിപ്പൂ ഞാ;-
നെവിടെയാ വാഗ്ദത്തഭൂമി.

ഒരു വിശ്വാസത്തിനുണ്ടായ തകർച്ചയാണ് വാഗ്ദത്ത ഭൂമിയെക്കുറിച്ചുള്ള പുതിയ അന്വേഷണത്തിന് കാരണമായത്. വാഗ്ദാനലംഘനം ജീവിതത്തെ ഒരു മരുഭൂമി പോലെ മാറ്റിയെങ്കിലും വിപ്ലവപ്രസ്ഥാനത്തെ തള്ളിപ്പറയുന്നില്ല.

ഒരു നിശാഗന്ധിയായ് വിരിയുന്നിതപ്പൊഴു-

മൊരു സ്വപ്നം: വാഗ്ദത്തഭൂമി!

എന്ന് കവിത അവസാനിക്കുമ്പോൾ പഴയ ലക്ഷ്യങ്ങളെ കവി തള്ളിപ്പറയുന്നില്ല. തന്റെ പ്രതീക്ഷ നഷ്ടപ്പെട്ടതിൽ നിരാശനാണെങ്കിലും കൊണ്ടുനടക്കുന്ന ആദർശ ത്തെ ബലികഴിക്കാൻ ഇഷ്ടപെടാത്ത കവി ഇന്നല്ലെങ്കിൽ നാളെ താൻ സ്വപ്നം കണ്ട ആദർശരാഷ്ട്രം കൈവരിക്കാൻ ആകുമെന്ന് പ്രത്യാശിക്കുന്നു. ലഭിച്ച വാഗ്ദാനങ്ങളെക്കാൾ വാഗ്ദത്തഭൂമിയെക്കുറിച്ചുള്ള സ്വപ്നം ഇവിടെ മൂല്യമുള്ള താകുന്നു. അതോടൊപ്പം അനുഭവിച്ചറിഞ്ഞ കാര്യങ്ങളെ ആവിഷ്കരിക്കുന്നതി ലൂടെ കവിയുടെ വാഗ്ദത്തഭൂമിയോടുള്ള സമീപനവും വ്യക്തമാകുന്നു. കേരളത്തി ന്റെ, ഇന്ത്യയുടെ തന്നെ പൊതുമണ്ഡലത്തിലെ രാഷ്ട്രീയസാമൂഹ്യ സന്ദിഗ്ധാവ സ്ഥയെ ഉൾക്കൊള്ളുമ്പോൾതന്നെ പ്രത്യയശാസ്ത്രത്തിൽ തനിക്കുള്ള വിശ്വാ സത്തെ, പ്രതീക്ഷയെ കൈയൊഴിയാൻ കവി തയ്യാറാകുന്നില്ല. പ്രസ്ഥാനം വാഗ്ദ ത്തഭൂമിയെക്കുറിച്ചുള്ള മോഹത്തിന് ഭംഗമുണ്ടാക്കിയപ്പോഴും അതിന്റെ ആഘാതം മരണദൂതായി മാറുമ്പോഴും കവിയുടെയുള്ളിൽ ഒരു നിശാഗന്ധിയായ് വിരിയുന്ന സ്വപ്നം വാഗ്ദത്തഭൂമിയല്ലാതെ മറ്റൊന്നല്ല. വിപ്ലവത്തെ മണ്ണിന്റെ സ്വപ്നമായി ആവിഷ്കരിച്ച കവി സ്വപ്നഭംഗത്തെ ഭൂമിയുമായി ചേർത്തുവയ്ക്കുന്നു. ഒ.എൻ.വിയെ സംബന്ധിച്ചിടത്തോളം അനശ്വരമായ ഭൂമിയെക്കുറിച്ചുള്ള സ്വപ്നത്തെ ഉപേക്ഷിക്കുവാനും വയ്യ. ഈ സ്വപ്നമാകട്ടെ സാമൂഹികമായ മാനമു ള്ളതുമായിരുന്നു. ഭൂമി അനശ്വരയാണ് എന്ന് വിശ്വസിക്കുന്ന കവി അതുകൊണ്ടു തന്നെ അതിനെക്കുറിച്ചുള്ള സ്വപ്നങ്ങളും പൂർണ്ണമായി ഉപേക്ഷിക്കുന്നില്ല. ആരുടെ ദൃഷ്ടിയിലും പെടാതെ പാതിരാത്രിയിൽ വിരിയുന്ന നിശാഗന്ധിപ്പൂക്കളെ പ്പോലെ കവിയുടെയുള്ളിലും ജന്മനാടിനെക്കുറിച്ചുള്ള സ്വപ്നങ്ങൾ വിരിയുന്നുണ്ട്. പക്ഷെ അത് വെറുമൊരു സ്വപ്നം മാത്രമായിരിക്കുമോ എന്ന് ദുഃഖിക്കുന്നുമുണ്ട്. അതുവരെ പാടിയ വിപ്ലവാത്മകകവിതകളിൽ നിന്നു ഭിന്നമായി വിഷാദാത്മകമായ്

സ്വപ്നത്തകർച്ചയിൽ നിന്നുണ്ടായ വേദനയായ് ഇവിടെ കാവ്യം പരിണമിക്കുന്ന തായി വായനക്കാരന് അനുഭവപ്പെടുന്നു.

1960-കളിൽ നഷ്ടസ്വപ്നങ്ങളുണർത്തുന്ന സ്മൃതികൾ ഒ.എൻ.വിയെ നൊമ്പരപ്പെടുത്തുന്നുണ്ട്. *നീലക്കണ്ണുക*ളിൽ നിന്നും *അഗ്നിശലഭങ്ങ*ളിലേക്കെത്തു മ്പോൾ വിഷാദത്തിൽനിന്നും നേരിയൊരു മാറ്റം പ്രകടമാകുന്നു. കവി വച്ചുപു ലർത്തുന്ന ദുഃഖഭാവത്തോടൊപ്പം ഭാവിയെപ്പറ്റി അദ്ദേഹം പ്രത്യാശഭരിതനാകുന്നു. എല്ലാ സ്വപ്നങ്ങളും കരിഞ്ഞ് ദുഃഖത്തിന്റെ പച്ചത്തുരുത്തിൽ അണയുമ്പോഴും ഒരു ശുഭാപ്തിവിശ്വാസത്തിന്റെ തിളക്കം കവിയിൽ തെളിഞ്ഞുവരുന്നുണ്ട്. 'അഗ്നി ശലഭങ്ങ'ളിൽ മാനവമഹത്വത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് അനിവാര്യമായ ഒരു കാര്യമാണ് എന്നുറക്കെ പ്രഖ്യാപിക്കുന്നുണ്ട്. താൻ വിശ്വസിച്ച പ്രത്യയശാസ്ത്ര ത്തിന്റെ തകർച്ചയുടെ ശേഷിപ്പുകളെക്കുറിച്ച് എഴുതുകയാണ് കവി 'അഗ്നിശലഭങ്ങ ളി'ൽ[21].

കറുത്ത സൂര്യന്റെ നിഴൽപ്പാടിൽ വർഷങ്ങളായിപ്പാടിയ സ്വാതന്ത്ര്യഗീത ങ്ങളും അഗ്നിവീണയിൽ നിന്നുയർന്ന മിന്നാമിനുങ്ങുകളും നിർഭയമനസ്സുണ്ടായി രുന്ന ഉയർന്ന ശിരസ്സുകളും ഒക്കെ ചിന്നിച്ചിതറുകയാണ്.

അബ്ദങ്ങളാലാപിച്ച
സ്വാതന്ത്ര്യസംഗീതങ്ങൾ;
'അഗ്നിവീണ'യിൽ നിന്നു-
മുയർന്ന ഖദ്യോതങ്ങൾ;
നിർഭയ മനസ്സുകൾ
ക്കുത്തുംഗ ശിരസ്സുകൾ-
ക്കർപ്പിച്ച തേജോമയ-
ദർശന സൗഭാഗ്യങ്ങൾ

മുൻപ് റയിൽപ്പാളങ്ങളിലും കമ്പനിപ്പടികളിലും കലാലയങ്ങളിലും വഴിവക്കുകളിലും ഒക്കെ സ്വാതന്ത്ര്യഗീതങ്ങൾ ഉയർന്നുകേട്ടിരുന്നു. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷവും നാടിന്റെ അവസ്ഥ ദുരിതത്തിൽ തന്നെയാണ്. സ്വതന്ത്ര്യ ഗീതങ്ങൾ മുഴങ്ങിയ ഓരോ ഇടങ്ങളിലും അധ്വാനിച്ച മനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് വിലയില്ലാതെയായിപ്പോയി. തിരുമുറിവാർന്ന മനുഷ്യപുത്രൻ ശയിക്കുന്ന അൾത്താരകളായി അവ മാറിയിരിക്കുന്നു. സമത്വസുന്ദരഭൂമി പ്രതീക്ഷിച്ചിരുന്നിടത്ത്..

നഗ്ന ഗാത്രയായ്, ഭഗ്ന-
ചാരിത്രയായി രക്ത-
മഗ്നയായ് കിടക്കുന്ന
മാതാവായ് മകളായി,
മരിച്ച മാലാഖ പോലുറങ്ങും ശിശുവായി,
മലർന്ന കുരിശുപോൽ
ശയിക്കും പിതാവായി,
മകനായ് കൂടപ്പിറ
പ്പാ, യൊളിപ്പോരാളിയായ്
മനുഷ്യപുത്രൻ വീണ്ടു-
മവിടെ മരിക്കുന്നു

നഗ്നമായ ശരീരമോടെ, ചാരിത്രഭംഗം സംഭവിച്ചവളായി രക്തത്തിൽ മുങ്ങിക്കിടക്കുന്ന അമ്മയായി, മകളായ്, മരിച്ച മാലാഖയെപ്പോലെയുള്ള ചേതനയറ്റ കുട്ടിയെപ്പോലെ, കുടുംബത്തിലെ മുഴുവൻ ഭാരവും ചുമക്കുന്ന പിതാവിനെപ്പോലെ മനുഷ്യപുത്രൻ വീണ്ടും മരിക്കുകയാണ്. സമൂഹത്തിനുവേണ്ടി സകലപാപവും ഏറ്റ് കുരിശിലേറിയ യേശുവിന്റെ സൂചന ഇവിടെയുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഭൂമിയുടെ അവസ്ഥയുടെ നേർക്കാഴ്ചകൾ കവി അവതരിപ്പിക്കുമ്പോൾ മനു

ഷ്യമഹത്വത്തിന്റെ തകർച്ചയെത്തന്നെയാണ് അടയാളപ്പെടുത്തുന്നത്. അമ്മയേയും പെങ്ങളേയും മകളെപ്പോലും വെറുതെ വിടാത്ത കാടത്തത്തെ ഈ വരികളിലൂടെ അവതരിപ്പിക്കുന്നു. സമൂഹത്തിലെ ഈ ദുഷിച്ച അവസ്ഥകളിൽനിന്നും മോചനം നേടിയേ കഴിയൂ. അതിന് താൻ ഉറച്ചു വിശ്വസിച്ചിരുന്ന പ്രത്യയശാസ്ത്രം ഉയർന്നു വരണമെന്നും കവി ആഗ്രഹിക്കുന്നു. തന്റെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കാൻ അതിന്റെ നിലനിൽപ്പിനായി കവി വീണ്ടും ഇങ്ങനെ പാടുന്നു:

ഉയിർത്തെഴുന്നേല്പിന്റെ-
യുജ്ജ്വല മുഹൂർത്തത്തെ
വിളിച്ചുണർത്താൻ, കാറ്റായ്
കടലായ്, കാർമേഘമായ്,
ഈയനന്തമാം കൂരി-
രുട്ടിൽ ഞാനലയുന്നൂ!
ഈ യഗ്നിശലഭങ്ങ
ളെൻ തപ്തഹൃൽസ്പന്ദനങ്ങൾ!

വാഗ്ദത്തഭൂമിയുടെ, മാനവമഹത്വത്തിന്റെ ഉയർത്തെഴുന്നേല്പിന്റെ ഉജ്ജ്വലമുഹൂർത്തത്തെ കരഗതമാക്കാൻ, വിളിച്ചുണർത്താൻ അനന്തമായ കൂരിരുട്ടിൽ കവി അലയുകയാണ്. ഇവിടെ അണയുന്ന അഗ്നിശലഭങ്ങൾ സ്വപ്നഭൂമിക്കുവേണ്ടി കൊതിക്കുന്ന കവിയുടെ തപിക്കുന്ന ഹൃദയസ്പന്ദനങ്ങൾത്തന്നെയാണ്. അഗ്നിശലഭങ്ങൾക്ക് ആയുസ്സ് കുറവാണ്. അഗ്നിയുടെ പ്രകാശത്തിൽ ആകർഷിക്കപ്പെട്ട്, എന്നാൽ അത് അഗ്നിയാണ് താൻ ബലികഴിക്കപ്പെടും എന്നറിയാതെ അതിനു നേർക്ക് പറന്നടുക്കുന്ന നിർദ്ദോഷികളായ ഈയാംപാറ്റകളാണ് അവ. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വിപ്ലവാത്മകമായ പ്രവർത്തനങ്ങളുമായി ചേർന്ന വർണ്ണമാണ് ചുവപ്പ്. അഗ്നിയും വിപ്ലവത്തിന്റെ ജ്വലിക്കുന്ന ആവേശത്തിന്റെ പ്രതീകം തന്നെ. ഈ കവിതയിൽ അഗ്നിശലഭങ്ങളായി അവതരിപ്പിക്കപ്പെടുന്നത് കവിയുടെ തപി

ക്കുന്ന ഹൃദയസ്പന്ദനങ്ങൾ തന്നെയാണ്. അഗ്നി പ്രസ്ഥാനത്തിന്റെ പ്രതീകവും. അതിന്റെ തിളക്കത്തിൽ, ആദർശപരതയിൽ ആകൃഷ്ടനായ കവിയെ പ്രസ്ഥാനം ഉയർത്തിപ്പിടിച്ചിരുന്ന, പിടിക്കുന്ന ആശയങ്ങൾ എന്നും ആവേശം കൊള്ളിച്ചിരുന്നു. പ്രതീക്ഷകൾ എല്ലാം അസ്തമിച്ചെങ്കിലും ഒരു ഉയർത്തെഴുന്നേല്പിന് കൊതിക്കുന്ന കവിഹൃദയം അഗ്നിശലഭങ്ങളെപ്പോലെ പിന്നെയും അതിലേക്ക് അടുക്കുകയാണ് ദുഃഖം മാത്രം ഫലം എന്നറിഞ്ഞുകൊണ്ടുതന്നെ.

ഭൗതികമായ പ്രതീക്ഷ സഫലമാവാത്തതിൽ ഉത്കണ്ഠപ്പെട്ടിരുന്ന കവിമനസ്സ് എവിടെയാ വാഗ്ദത്തഭൂമി എന്ന് വിഷാദഭരിതമായി ചോദിച്ചെങ്കിലും നന്മകൾ നിറയുന്ന സൗവർണ്ണഭൂമിക്കുവേണ്ടി ഏതിരുട്ടിലും തെളിയുന്ന ചെറുവെളിച്ചത്തിനുനേർക്കുപോലും പറന്നുചെല്ലുന്ന അഗ്നിശലഭങ്ങളെപ്പോലെ എന്റെ ഹൃദയവും സ്പന്ദിക്കും എന്നുറപ്പിച്ച് പറയുകയാണ് 'അഗ്നിശലഭങ്ങളി'ൽക്കൂടി. ഭീതിജനിപ്പിക്കുന്നതും ആശങ്കാകുലവുമായ ഒരു സാമൂഹ്യഅന്തരീക്ഷത്തിന്റെ സാഹചര്യത്തിൽനിന്നാണ് 'അഗ്നിശലഭങ്ങൾ' പിറക്കുന്നത്. ഇതിലെ മനുഷ്യപുത്രനേൽക്കുന്ന മുറിവ് യഥാർത്ഥത്തിൽ മനുഷ്യത്വത്തിനേൽക്കുന്ന മുറിവുതന്നെയാണ്. ഇതാകട്ടെ മനുഷ്യവിമോചനത്തിനു വേണ്ടിയുള്ളതുമാണ്. ബൈബിളിലെ ദൈവപുത്രന്റെ ഉയിർത്തെഴുന്നേല്പ് ആ കാലഘട്ടത്തിന്റെ ആവശ്യകതയായിരുന്നു. ഇവിടെ സമകാലികമായ ഒരു സാമൂഹികപ്രതിസന്ധിക്ക് പരിഹാരം നേടാൻ ഒരു 'ഉയിർത്തെഴുന്നേല്പ്' അനിവാര്യമാണ്. അങ്ങനെ ഉയിർത്തെഴുന്നേല്പ് എന്ന സങ്കല്പത്തിന്റെ ഉയർന്ന സാധ്യതതേടലായി മാറുകയാണ് 'അഗ്നിശലഭങ്ങൾ' എന്ന കവിത. കൂരിരുട്ടിൽ അലയുന്ന കവിയുടെ ഹൃദയത്തുടിപ്പ് മാറ്റത്തിനാഗ്രഹിക്കുന്നു. ഈ സ്പന്ദനങ്ങൾ സമൂഹം ഏറ്റുപിടിക്കേണ്ടിയിരിക്കുന്നു. എങ്കിലെ മനുഷ്യവിമോചനവും വാഗ്ദത്തഭൂമി എന്ന സ്വപ്നവും സഫലമാകുകയുള്ളൂ എന്നും കവി സൂചിപ്പിക്കുന്നു. ഈ തുടിപ്പുകളുടെ അനുരണനങ്ങൾ തന്നെയാണ് വരുംകാലത്ത് മനുഷ്യവർഗ്ഗവിമോചനഗാഥകളായി പരിണമിക്കുന്നതും.

1959–64 കാലഘട്ടത്തിലെ മയിൽപ്പീലിക്കവിതകളിൽ കവി അതുവരെ കൊണ്ടുനടന്നിരുന്ന വിപ്ലവാശയങ്ങളെ കരുത്താർജ്ജിപ്പിച്ച പ്രസ്ഥാനത്തിനുണ്ടായ അപചയത്തിൽ നിന്നുളവായ നിരാശാബോധം കൂടുതലായി കാണപ്പെടുന്നു. വിപ്ലവത്തിന്റെയും ആവേശത്തിന്റെയും കാവ്യഭാഷ കൂടുതൽ ഭാവസാന്ദ്രതയിലേത്തുകയാണ് മയിൽപ്പീലിക്കവിതകളിൽ. കവിയുടെ ആന്തരികഭാവങ്ങൾ പുറംലോകജീവിതത്തേക്കാൾ കവിതയ്ക്ക് വിഷയമാകുന്നു ഈ ഘട്ടത്തിൽ. ഏതൊരു വിപ്ലവപ്രസ്ഥാനത്തിലാണോ താൻ ആത്മാർത്ഥമായി വിശ്വാസം അർപ്പിച്ചത് ആ പ്രസ്ഥാനം വാഗ്ദാനം പാലിക്കാതെ പിളർന്നുപോകുന്നു എന്ന അറിവിൽ നിന്നും ഉരുത്തിരിഞ്ഞതാണ് ഈ വിഷാദഭാവം. മുൻകാലകവിതകളിൽ നിന്നുഭിന്നമായി നിസ്വവർഗ്ഗസ്നേഹം പല കൈവഴികളായി പിരിഞ്ഞ് ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്ന ഒന്നായിത്തീരുന്നു. ഒ.എൻ.വിയുടെ ജീവിതദർശനത്തിലും ലോകവീക്ഷണത്തിലും വന്ന മാറ്റങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് *മയിൽപ്പീലി*യിലെ പല കവിതകളും, സൂര്യനെ പിതാവായും ഭൂമിയെ മാതാവായും സങ്കല്പിച്ചുകൊണ്ട് ഭൂജാതരെല്ലാം ഏകോദരസഹോദരരാണെന്ന കാഴ്ചപ്പാട് ഒ.എൻ.വി ആദ്യമായി അവതരിപ്പിച്ചത് 'ചോറൂണ്' എന്ന കവിതയിലാണ്. പിൽക്കാലത്ത് 'സൂര്യഗീത'ത്തിലും 'ഭൂമിക്കൊരു ചരമഗീത'ത്തിലും ഈ കാഴ്ചപ്പാട് തന്റെ വിശ്വദർശനമായി ഒ.എൻ.വി അവതരിപ്പിക്കുന്നുണ്ട്.

മയിൽപ്പീലിക്കവിതകളിൽ ഉന്നയിക്കപ്പെടുന്ന ദാർശനികപ്രശ്നങ്ങളുടെ തുടർച്ചയോ അതിന്റെ അനുബന്ധകാര്യങ്ങളോ ആണ് 1967 മുതൽ 71 വരെയുള്ള കാലയളവിലെ കവിതകളുടെ സമാഹാരമായ 'അഗ്നിശലഭങ്ങളി'ൽ ആവിഷ്കരിക്കുന്നത്. വിഷാദഭരിതനായും ഗൃഹാതുരത്വചിന്തകളാലും രചന നടത്തിയ കവി അപാരതയെ പുൽകാനുള്ള ഒരു ഇച്ഛാശക്തിയായി പരിണമിക്കുന്ന ഒരു സ്വാതന്ത്ര്യബോധത്തെയാണ് മയിൽപ്പീലിക്കവിതകളിൽ അടയാളപ്പെടുത്തുന്നത്. ഇതിലെ മോഹഭംഗധ്വനികലർന്ന ചോദ്യങ്ങൾക്കുള്ള മറുപടിയും വ്യാഖ്യാനവും

പുതിയ ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷയും അവതരിപ്പിക്കപ്പെടുന്നു 'അഗ്നിശലഭ ങ്ങ'ളിൽ. മനുഷ്യസ്നേഹം എന്ന ഉദാത്തഭാവത്തിൽ ആ ദുഃഖം സഫലമാകുന്നു.

ഒ.എൻ.വിയിലെ എഴുത്തുകാരനെ മുഴുവനായും മൂടിക്കളയുവാൻ മാത്രം ശക്തി അറുപതുകളിൽ സംഭവിച്ച വിപ്ലവത്തകർച്ചക്ക് ഉണ്ടായിരുന്നില്ല എന്ന് എഴുപതുകളോടെ അനുഭവപ്പെട്ടുതുടങ്ങി. എന്തെന്നാൽ നിരാശാബോധത്തെയും നഷ്ടബോധത്തെയും മറികടന്നുകൊണ്ടുള്ള ഒരു സ്വപ്നബോധം കവിയുടെ രചനയിൽ ദൃശ്യമായിത്തുടങ്ങി. വിപ്ലവപ്രസ്ഥാനത്തിന്റെ തകർച്ചയിലും സ്വപ്നങ്ങൾ വീണടിഞ്ഞതിലും കവിക്ക് നൊമ്പരമുണ്ട്. എന്നാൽ ഭാവിയെപ്പറ്റി പ്രത്യാശഭരിതനുമാകുന്നു ഈ ഘട്ടത്തിൽ. 'എവിടെയാ വാഗ്ദത്തഭൂമി' എന്ന് കണ്ണുനീരോടെ ചോദിക്കുന്നിടത്തുനിന്നും ഈ 'അഗ്നിശലഭങ്ങളെൻ തപ്തഹൃൽസ്പന്ദനങ്ങൾ' എന്ന് പാടുന്നതിലേക്കെത്തുന്നു ഈ അവസരത്തിൽ കവിയുടെ ദർശനം. ഒപ്പം.

> ചിതയിൽനിന്ന് ഞാനുയിർത്തെഴുന്നേല്ക്കും
> ചിറകുകൾ പൂപോൽ വിടർത്തെഴുന്നേല്ക്കും[23]

എന്ന് പ്രത്യാശാഭരിതനായി *അക്ഷരം* എന്ന സമാഹാരത്തിലെ 'ഫീനിക്സ്' എന്ന കവിതയിൽ കാലത്തോടു പാടുകയും ചെയ്യുന്നു. ചാരത്തിൽനിന്നും പൂർവ്വാധികം ശക്തിയോടെ സ്വയം ഉയിർത്തെഴുന്നേല്ക്കുന്ന ഫീനിക്സ്[24] എന്ന പൗരാണിക പ്രതീകം ഒ.എൻ.വിക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. ഉയിർത്തെഴുന്നേല്പിന്റെയും അനശ്വരതയുടെയും ചിഹ്നമായ ഈ ബിംബത്തിന്റെ പ്രയോഗം കവിയിൽ ഉളവായ പ്രതീക്ഷയും സ്വപ്നങ്ങളും സഫലീകൃതമാകുമെന്ന ഉറച്ച വിശ്വാസത്തിന്റെ പ്രഖ്യാപനമായിട്ടാണ് അനുഭവപ്പെടുന്നത്. വിപ്ലവചിന്താഗതികളിൽ നിന്നുമാറി കേവലവിഷാദത്തിനടിപ്പെട്ടുപോയി ഒ.എൻ.വി എന്നുള്ള പ്രചാരത്തിന് മറുപടിയായി *അഗ്നിശലഭങ്ങൾ* എന്ന സമാഹാരത്തിന്റെ ആമുഖമായി 'ഞാൻ ദുഃഖിതനാണ് എന്നിൽ ഒരു വിഷാദം അന്തർഭവിച്ചിരിക്കുന്നു എങ്കിലും തന്റെ ഭൂമിയെ

അറിയാനും വീണ്ടെടുക്കാനുമുള്ള യാത്രയിലാണെ'ന്ന പാബ്ലോനെരുദയുടെ വാക്കുകൾ എടുത്തു ചേർക്കുന്നുണ്ട്.

"I am sad and am travelling,
and know the earth, and am sad" - Pablo Neruda[25]

ഈ വിഷാദഭാവം സാമൂഹ്യസാഹചര്യം കവിയിലുളവാക്കിയതാണ് എങ്കിലും സ്വപ്നത്തിന്റെ തീവ്രത നഷ്ടപ്പെടാതെ, വെറുതെ സന്ദേഹങ്ങളിലേർപ്പെടാതെ വാഗ്ദത്തഭൂമിക്കുവേണ്ടി പ്രവർത്തിക്കാൻ, ആത്മാന്വേഷണത്തിന്റേതായ ഒരു ധാര രൂപപ്പെടുത്താൻ കവി ശ്രമിക്കുന്നുണ്ട് എന്നതിന്റെ വെളിപ്പെടുത്തലുകളാണ് ഇതിലെ കവിതകൾ. വിഫലതകളുടെയും സ്വപ്നഭംഗത്തിന്റെയും മേച്ചിൽ പുറങ്ങളിൽ സഞ്ചരിക്കുമ്പോഴും മനുഷ്യവിമോചനസമരത്തിന്റെ പാതയിൽ നിന്നും വ്യതിചലിക്കാതെ ആത്യന്തികലക്ഷ്യം നേടുവാനുള്ള ഉറച്ചബോധത്തോടെ താൻ വിശ്വസിച്ച പ്രത്യയശാസ്ത്രത്തിൽ കവി നിലയുറപ്പിക്കുന്നു. മണ്ണിലെ തൊഴിലാളികൾക്കൊപ്പം സഞ്ചരിച്ച കവിയെ ആ മണ്ണിനെ സംബന്ധിക്കുന്ന ആശയസംഘർഷവും സന്ദിഗ്ധാവസ്ഥയും അല്പകാലത്തേക്ക് വിഷമവൃത്തത്തിൽ എത്തിച്ചു എന്നുമാത്രം. മറ്റേതു കവിയെയും പോലെ ഒ.എൻ.വിയെയും ഈ രാഷ്ട്രീയ സാമൂഹ്യ സന്ദർഭങ്ങൾ സ്വാധീനിക്കുന്നുണ്ടെങ്കിലും *അഗ്നിശലഭങ്ങൾ* എന്ന സമാഹാരത്തിന്റെ പേരും അതിലെ മറ്റു കവിതകളുടെ പേരും ഏതു രാഷ്ട്രീയ കാലാവസ്ഥയെയാണ് തനിക്ക് അടയാളപ്പെടുത്താനുള്ളതെന്നും ഏതു വർഗ്ഗസമൂഹത്തിനുവേണ്ടിയാണ് തനിക്ക് പാടുവാനുള്ളതെന്നും കവി പറയാതെ പറയുന്നുണ്ട്.

### 3.4 ഒ.എൻ.വി രചനയുടെ മൂന്നാംഘട്ടം

എഴുപതുകളുടെ ഉത്തരാർദ്ധത്തിലെത്തുമ്പോൾ ഒ.എൻ.വി കവിതകൾ മറ്റൊരു തലത്തിലേക്ക് പ്രവേശിക്കുന്നു. മൂന്നാംഘട്ടമായി കണക്കാക്കുന്ന ഇവിടെ

വിശ്വമാനവികതാദർശനത്തോടും ആധുനികചിന്തകളോടും പ്രകൃതിചിന്തയോടും സ്ത്രീപക്ഷചിന്തയോടും കവി കൂടുതൽ അടുക്കുന്നതായി അനുഭവപ്പെടുന്നു. ഇവിടെ ആദ്യകാലത്തെ വിപ്ലവധാരയിൽനിന്നുള്ള പരിവർത്തനം ദൃശ്യമാണ്. *കറു ത്തപക്ഷിയുടെ പാട്ട്, ഉപ്പ്, അപരാഹ്നം, ഉജ്ജയിനി, സ്വയംവരം* തുടങ്ങിയ കൃതി കൾ ഈ ഘട്ടത്തിലേതാണ്.

ഭൂമി, വെള്ളം, ഫലമൂലാദികൾ, വായു തുടങ്ങി സാമൂഹികജീവിതത്തിന്റെ നിലനിൽപ്പിനെ സാധ്യമാക്കുന്ന അടിസ്ഥാനഘടകങ്ങൾ കൈകാര്യം ചെയ്യുന്ന തിൽ സമൂഹം ജാഗ്രത പാലിക്കേണ്ടതുണ്ട് എന്ന ബോധം ഇക്കാലത്ത് സമൂഹ ത്തിൽ പ്രകടമായി. ലോകത്താകമാനം മുതലാളിത്ത കമ്പോളാധിഷ്ഠിത രീതി പ്രകൃതിയെ ചൂഷണം ചെയ്യുന്ന ഒരു കാലഘട്ടമായിരുന്നു ഇത്. അതുകൊണ്ടു തന്നെ പരിസ്ഥിതിക്കുവേണ്ടിയും ലിംഗ വിവേചനത്തിനെതിരായും നിലകൊ ള്ളുന്ന, ദൈനംദിനജീവിതത്തെ സാധ്യമാക്കുന്ന ഒരു പാരിസ്ഥിതിക-സ്ത്രീവാദ-രാഷ്ട്രീയാവബോധമാണ് സമൂഹത്തിൽ ഉടലെടുക്കേണ്ടത് എന്ന ചിന്താഗതി സാഹിത്യലോകത്ത് രൂഢമൂലമായി.

മനുഷ്യവംശം ഇന്ന് അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം പരിസ്ഥിതിയുമായി ബന്ധപ്പെട്ടവയാണ്. നഗരവൽക്കരണത്തി ന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഫലമായുണ്ടായ മെച്ചപ്പെട്ട ജീവിതസൗ കര്യങ്ങളുടെ അനന്തരഫലമായി ഒട്ടേറെ പാരിസ്ഥിതികദുരന്തങ്ങളുണ്ടാകുന്നു. രാസായുധങ്ങളും കീടനാശിനികളും പ്രകൃതിയിൽ നാശം വിതയ്ക്കുകയും ജീവന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇതിന്റെ തുടർച്ചയാണ് ഇടയ്ക്കിടെയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാവ്യതി യാനങ്ങളും. സൈലന്റ്വാലിയിലെ പരിസ്ഥിതിപ്രശ്നങ്ങളും നർമ്മദാനദിയിലെ അണക്കെട്ടുകൾക്കെതിരായ സമരങ്ങളും ഇന്ത്യയിലെ പലഭാഗങ്ങളിലും പരി സ്ഥിതിസംരക്ഷണത്തിനുവേണ്ടിയുള്ള ആഹ്വാനങ്ങൾക്കു കാരണമായി. 1980-

കളിലാണ് ഭൂമി ഒരു രാഷ്ട്രീയപ്രശ്നമായി ചർച്ച ചെയ്യപ്പെട്ടുതുടങ്ങിയത്. മൂലധനവും കമ്പോള വ്യവസ്ഥിതിയും ഭൂമിയിൽ ആധിപത്യമുറപ്പിച്ചപ്പോൾ ദരിദ്രരും കർഷകരും ആദിവാസികളും മണ്ണിലെ അവരുടെ അവകാശങ്ങളിൽനിന്നും മാറ്റി നിർത്തപ്പെട്ടു. ഭൂമിയുടെ ജൈവഘടന നിലനിന്നാൽമാത്രമേ മനുഷ്യന് നിലനിൽപ്പുള്ളൂ എന്ന തിരിച്ചറിവിൽ മഹാരാഷ്ട്രയിലും ആന്ധ്രയിലും ഉത്തർപ്രദേശിലും ഹരിയാനയിലും കർഷക നേതൃത്വത്തിൽ പ്രതിരോധങ്ങൾ ഉയർന്നുതുടങ്ങി. കുത്തകമുതലാളിമാർ വനഭൂമിക്കുമേലും തങ്ങളുടെ കൈയേറ്റം തുടർന്നു. റിസോർട്ടുകളും ഹൈവേകളും നിർമ്മിക്കപ്പെട്ടു. സമൂഹത്തിൽ നിലനിൽക്കുന്ന ഇത്തരം പാരിസ്ഥിതിക പ്രതിസന്ധികൾ സാഹിത്യലോകത്തേക്കും വ്യാപരിച്ചു. സമൂഹത്തോട് പ്രതിബദ്ധതയുള്ള കവി എന്ന നിലക്ക് മാറിയ ഈ സാമൂഹിക ചുറ്റുപാടുകളോട് ഒ.എൻ.വിയും പ്രതികരിച്ചതായി കാണാം. എല്ലാം കച്ചവടച്ചരക്കായി കാണുന്ന ആധുനികലോകം പെണ്ണിനെയും പ്രകൃതിയെയും ഒരുപോലെ ചൂഷണത്തിന് വിധേയമാക്കുന്ന സമൂഹത്തിന്റെ നേർക്കാഴ്ചകളാകുന്നു ഈ ഘട്ടത്തിലെ മിക്ക ഒ.എൻ.വി കവിതകളും. *ഭൂമിക്ക് ഒരു ചരമഗീതം, ശാർങ്ഗകപ്പക്ഷികൾ, സ്വയംവരം, അപരാഹ്നം തുടങ്ങിയ സമാഹാരങ്ങൾ* ഈ രചനാദർശനം പുലർത്തുന്ന കൃതികളിൽ എടുത്തുപറയേണ്ടുന്നവയാണ്.

മാതൃത്വത്തിന്റെ വിങ്ങലിൽനിന്നും സ്ത്രീത്വത്തിന്റെ എക്കാലത്തെയും കണ്ണീരിറ്റുന്ന നെടുവീർപ്പുകളിൽനിന്നും പ്രകൃതിക്കേല്ക്കുന്ന പീഡനങ്ങളിൽനിന്നും മുഖംതിരിക്കാൻ ഒ.എൻ.വിക്ക് കഴിയുമായിരുന്നില്ല. മനുഷ്യസ്നേഹത്തിന്റെ, പ്രപഞ്ചസ്നേഹത്തിന്റെ അടിസ്ഥാനമായി കവി കരുതുന്നത് പാരിസ്ഥിതികചിന്തയെയാണ്. ഇവിടെ ക്ഷതമേൽക്കുന്ന മണ്ണും വേദനിപ്പിക്കപ്പെടുന്ന പെണ്ണും പലപ്പോഴും കവിതയ്ക്ക് വിഷയമാകുന്നു. ജീവിതകേന്ദ്രമായി പ്രകൃതിയെ അഥവാ ഭൂമിയെ പ്രതിഷ്ഠിക്കുകയാണ് ഈ ഘട്ടത്തിൽ ഒ.എൻ.വി. നമുക്കു ചുറ്റുമുള്ള പ്രകൃതി അഭിമുഖീകരിക്കുന്ന വിനാശകരങ്ങളായ മനുഷ്യ ഇടപെടലുകളെ കവി പലപ്പോഴും തുറന്നുകാട്ടുന്നുണ്ട്. ഭൂമിയെന്ന ഭൗതികജീവിതസാധ്യത

യ്ക്കപ്പുറം ഒരു സംസ്കാരത്തിന്റെയും അതിനോടു ചേർന്നുനിൽക്കുന്ന പരിസ്ഥിതിയുടെയും മനുഷ്യന്റെയും നിലനിൽപ്പിനെക്കുറിച്ച് കവി ആശങ്കാകുലനാകുന്നുണ്ട്. പലപ്പോഴും പ്രപഞ്ചമാതാവ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ മനുഷ്യന്റെ കാഴ്ചകളിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന ഒ.എൻ.വി സ്ത്രീഭാവങ്ങളോട് കരുതലും മമതയും പുലർത്തുന്നു.

പുരാണ കഥാസന്ദർഭങ്ങൾക്ക് കവിതാരൂപം നൽകുന്ന രചനകൾ 1990-കളിൽ ഒ.എൻ.വി രചിക്കുകയുണ്ടായി. വിശ്വകവിയായ കാളിദാസന്റെ സത്യമെന്തെന്നറിയാൻ ഒ.എൻ.വി കുറുപ്പിന്റെ കവിമനസ്സുനടത്തുന്ന സത്യാന്വേഷണയാത്രയാണ് 'ഉജ്ജയിനി' എന്ന കാവ്യം. കാളിദാസകൃതികളെക്കുറിച്ച് വായിച്ചും കേട്ടും അറിഞ്ഞപ്പോൾ ഒ.എൻ.വിയുടെ മനസ്സിലുണ്ടായ ഒരനുഭൂതി വിശേഷത്തിൽ നിന്നും ഒരിതിവൃത്തം കവി മെനഞ്ഞെടുത്തു. അതാണ് 'ഉജ്ജയിനി' എന്ന കവിത. പൊതുവെ ആലങ്കാരികന്മാരും നിരൂപകന്മാരും സാഹിത്യസൃഷ്ടിയുടെ രചനയിൽ എഴുത്തുകാരന്റെ വ്യക്തിജീവിതത്തിനും മനോവ്യാപാരങ്ങൾക്കും സ്ഥാനമുണ്ടെന്ന് കരുതുന്നില്ല. ഇതിനെതിരായി ഗ്രന്ഥവായനയും വിമർശനവും കൃതിയിലൂടെയും സാഹിത്യകാരനിലൂടെയും ഉള്ള പര്യടനം എന്ന രീതിയിലാകുമ്പോഴാണ് വായന പൂർണ്ണത നേടുന്നത് എന്ന ചിന്തയും സാഹിത്യത്തിലുടലെടുത്തു. ഒരു കൃതിയെ വായനക്കാരന്റെ ചിത്തവൃത്തിക്കനുസരിച്ച് വ്യാഖ്യാനിക്കാനും സാധിക്കുന്നു. ഇത്തരത്തിൽ കാളിദാസനെയും അദ്ദേഹത്തിന്റെ രചനകളെയും വ്യത്യസ്തമായ ഒരു വായനയ്ക്ക് വിധേയമാക്കുകയാണ് ഒ.എൻ.വി. ചരിത്രപരമായ യുക്തികളെ സ്വീകരിക്കാതെ, കാളിദാസനെക്കുറിച്ചുള്ള കെട്ടുകഥകളെ തിരസ്കരിച്ചുകൊണ്ട് മഹാകവിയുടെ കൃതികളിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടയാളമാക്കി ആ ഒരു കാലഘട്ടത്തിൽ കാളിദാസന് ഉണ്ടാകാനിടയുള്ള ജീവിതപരിസരത്തെ വരച്ചെടുക്കുകയാണ് ഒ.എൻ.വി.

മുതലാളിത്ത വികസന സാഹചര്യത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ, സ്ത്രീ-

പുരുഷ വിവേചനങ്ങൾ തുടങ്ങിയവ മനുഷ്യജീവിതത്തെ ഗൗരവമായി ബാധിക്കുന്ന വിഷയങ്ങളായി. അമിതമായ ഉപഭോഗവ്യഗ്രതയും അനിയന്ത്രിതമായ ലാഭേച്ഛയും മനുഷ്യനെ നിയന്ത്രിക്കാൻ തുടങ്ങി. ഇത് ഒരേസമയം പ്രകൃതിവിരുദ്ധവും സ്ത്രീവിരുദ്ധവും ആയിരുന്നു. ഇത്തരം സമീപനങ്ങൾ പരിസ്ഥിതിബോധം വളരാനും പ്രവർത്തകരെ ജാഗരൂകരാക്കാനും കാരണമായി. 'സ്വയംവരം', 'വേനൽക്കുറിപ്പുകൾ', 'അമൃതം', 'കേരളപ്പാന' തുടങ്ങി ഒട്ടേറെ കവിതകൾ ഈ ഘട്ടത്തിലെ രചനാദർശനത്തിന് നിർദശനങ്ങളാണ്.

1989-91 കാലത്തിലെഴുതിയ *അപരാഹ്ന*ത്തിലെ 'വേനൽക്കുറിപ്പുകൾ' പെരിയാറിനെയും അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങളേയും അവതരിപ്പിക്കുന്നു. നിളാനദി പശ്ചാത്തലമാകുന്ന കവിതകളാണ് 'ചോറൂണ്', 'നിളാതീരത്ത് വീണ്ടും' എന്നിവ. നിളാനദി നമ്മുടെ സംസ്കാരത്തെ ഹരിതാഭമാക്കുന്ന ഒരു പ്രവാഹമായിരുന്നു. ഇന്ന് പെരിയാറിന്റെ മരണമണി മുഴങ്ങുകയാണ്. നദീതീരങ്ങൾ പുരാതന കാലം മുതൽക്കുതന്നെ മനുഷ്യവർഗ്ഗത്തിന്റെ സാംസ്കാരിക ഇടങ്ങളാണ്. അധ്വാനിച്ചു ജീവിക്കുന്നതിന്റെയും സാമൂഹ്യജീവിതത്തിന്റെയും ബോധം മനുഷ്യനിൽ ഉണർത്തിയതും നദീതടങ്ങൾ തന്നെയാണ്. ഭാരതീയജനതയ്ക്ക് നദികൾ പവിത്രമായ ദൈവിക സങ്കല്പങ്ങളായിരുന്നു. ഇന്ന് ആരാധിക്കപ്പെടേണ്ടവരാൽ അപമാനിക്കപ്പെട്ട് നദികൾ ശോഷിച്ചുപോയിരിക്കുന്നു. 'വേനൽക്കുറിപ്പുകളിൽ'[26] നാലു ഖണ്ഡങ്ങളിലായാണ് വിഷയാവതരണം നടത്തിയിരിക്കുന്നത്.

കാവ്യാരംഭത്തിൽ നിളയും പച്ചപ്പും ജഡമായി മാറിയിരിക്കുന്നു. മറവുചെയ്തിടത്തുനിന്നും നദിയെ ആരോ മാന്തിപ്പുറത്തെടുത്തിരിക്കുന്നു. അവിടെ കാണപ്പെടുന്ന ചളിക്കുഴികൾ ഇങ്ങനെ രൂപപ്പെട്ടതാവാം എന്ന് കവി ചിന്തിക്കുന്നു. ഭൂമിയുടെ ചേല തന്നെയാണ് വളഞ്ഞും പുളഞ്ഞും നിറഞ്ഞൊഴുകുന്ന നദികൾ. എന്നാൽ ഇന്ന് കീറിമുറിക്കപ്പെട്ട ചേലയാണ് പെരിയാർ. പച്ചപ്പ് നഷ്ടപ്പെട്ട് മരണാസന്നയായി ഭൂമിയും നിലകൊള്ളുന്നു.

മുന്നിൽ, മരിച്ച പേ-
രാറിന്റെ കാല്പാട്
ചിന്നികിടക്കും
മണൽപ്പരപ്പും നോക്കി
എന്നേ മരിച്ച
പച്ചപ്പിൽ തൊടിയിൽ ഞാൻ
വന്നിരിക്കുന്നൂ!-
പകലും മരിക്കുന്നൂ!
ആരേ മറവ് ചെയ്തൂ
ജഡം ? -- എന്റെ പേ-
രാറിൻ ജഡം? മണ്ണി-
ലാഴത്തിൽ മൂടിയോ?

മരിച്ച പേരാറിൻ കാല്പാട് പതിഞ്ഞ മണൽപ്പരപ്പിൽ എന്നോ മരിച്ചുകഴിഞ്ഞ പച്ചപ്പിൻ തൊടിയിൽ കവി എത്തിയിരിക്കുന്നു. പേരാറിന്റെ സ്ഥാനത്ത് അങ്ങിങ്ങ് ചെറുകുഴികളിൽ ചീഞ്ഞവെള്ളം മാത്രം. കൂരിയാറ്റക്കിളിയും കുടുംബവും പറന്നുവന്ന് ആ കുഴികളിലേക്ക് നോക്കി പരസ്പരം എന്തോ പറയുകയാണ്. ഒടുവിൽ ഇരുളിൽ എല്ലാം ലയിക്കുകയായി.

രണ്ടാം ഖണ്ഡത്തിൽ വീണ്ടും പെരിയാർ തീരത്തെ സത്രത്തിലെത്തിയിരിക്കുകയാണ്. വ്രതശുദ്ധിയിൽ ശുഷ്കിച്ചവളെപ്പോലെയെങ്കിലും പെരിയാർ മരിച്ചിട്ടില്ല എന്നൊരാശ്വാസം പങ്കുവയ്ക്കുന്ന കവിയെ കാണുന്നു. അതേ സമയം അന്തരീക്ഷത്തിൽ ദുർഗന്ധവുമുണ്ട്.

മുന്നിൽ വളഞ്ഞു
പുളഞ്ഞു കിടക്കുന്നൊ-
രിന്നദിയേതോ

പെരുമ്പാമ്പിനെ തച്ചു-

കൊന്നിട്ടപോലേ!.....

ദൂരെ പിതൃബലി-

ക്കായ് വന്നവർ പുണ്യ-

തീരം തിരഞ്ഞു

മണലിൽ കുഴിക്കുന്നൂ!.

ആരോ തല്ലിക്കൊന്നിട്ട പെരുമ്പാമ്പിനെപ്പോലെ കിടക്കുകയാണ് പെരിയാർ. ആരെങ്കിലും സംസ്കരിക്കാനെത്തുമോ എന്ന് സംശയിക്കുന്നു കവി. ദൂരെയൊരിടത്ത് പുണ്യതീരത്തിൽ പിതൃതർപ്പണത്തിനെത്തിയവർ നദിയെ കാണാൻ മണലിൽ കുഴിക്കുകയാണ്.

നദീതീരത്തെ വേനൽക്കാഴ്ച തന്നെയാണ് മൂന്നാംഖണ്ഡത്തിലുള്ളത്. മുമ്പ് ചില്ലകൾ വിടർത്തി നിറയെ ഇലകൾ നിറഞ്ഞ് ഊർജ്ജ്വസ്വലതയോടെ നിന്നിരുന്ന ആൽമരം ഇന്ന് ആകെത്തളർന്ന് നിൽക്കുന്നു. പുഴനിറഞ്ഞ് ഒഴുകിയിരുന്ന കാലത്ത് ആൾക്കാരെ അക്കരെയിക്കരെ കടത്തിയിരുന്ന തോണി ഇന്ന് കാലാവധി കഴിയുന്നതിനുമുമ്പുതന്നെ സേവനം നിർത്തി വെറും പൂഴിയിൽ കിടക്കുകയാണ്.

ദൂരെ നഗരമിര

മ്പുന്നൂ; ജീവന്റെ

നാരായ വേരും പറി-

ച്ചെടുക്കുന്നതിൻ

വേദന നിശ്ശബ്ദ

യായ് നീ സഹിപ്പതെൻ

മേദിനി, ഞാനു

മറിഞ്ഞു തുടങ്ങുന്നു.

ദൂരെ നഗരത്തിന്റെ തിരക്കുകളാണ്. ആ തിരക്കുകളിൽപ്പെട്ട് ഭൂമിയുടെയും അതിലെ ജീവന്റെയും അടിവേരുകളെല്ലാം പറിച്ചെടുക്കപ്പെടുകയാണ്. ഭൂമിയാകട്ടെ ആ വേദനകളെല്ലാം നിശ്ശബ്ദം സഹിക്കുന്നത് കവി അറിഞ്ഞു തുടങ്ങുകയായി. നാലാം ഖണ്ഡത്തിലെത്തുമ്പോൾ ഓരോ ഋതുവും ഭൂമിയിൽ വരുത്തിയ മാറ്റങ്ങളെ കവി ഓർക്കുന്നു. എന്നാൽ ഇന്ന് എല്ലാം കാലം തെറ്റിയിരിക്കുന്നു. ദുഃഖം മാത്ര മാണ് ഭൂമിക്ക് സ്വന്തമായുള്ളത് എന്ന് കവി തിരിച്ചറിയുകയാണ്.

പൗരാണികകാലത്ത് ഭൂമി പൂജിതയായിരുന്നു. പ്രകൃതിയോടുള്ള അടക്കാ നാകാത്ത സ്നേഹവും ആദരവും മനുഷ്യന്റെ കൈമുതലായിരുന്നു. എന്നാൽ പ്രകൃതി വിഭവങ്ങൾ ചൂഷണത്തിനുള്ള വസ്തുക്കളാകുകയും സമ്പത്ത് വെട്ടിപ്പി ടിക്കാനുള്ള ഉപാധിയായി മാറുകയും ചെയ്ത ആധുനികകാലത്ത് ഗ്രാമങ്ങൾ നഗ രവൽകരിക്കപ്പെട്ടു. ഗ്രാമങ്ങളിലെ പച്ചപ്പും നീർച്ചോലകളും ഇല്ലാതായി. പ്രകൃതി യുടെ തനിമയിൽ സന്തോഷം കണ്ടെത്തിയിരുന്ന പഴമക്കാർക്ക് പരിഷ്കാരഭ്രമങ്ങ ളുടെ കെടുതികളെ തിരിച്ചറിയാൻ കഴിഞ്ഞു. ആ ഒരു ബോധം തന്നെയാണ് 'വേനൽക്കുറിപ്പുക'ളിൽ ഒ.എൻ.വി അടയാളപ്പെടുത്തുന്നതും. കൊടിയവേനലിൽ ശൂന്യയായ നിളയുടെ ചിത്രമാണ് *അപരാഹ്നം* എന്ന സമാഹാരത്തിലെ 'വേനൽകു റിപ്പുകൾ' ആധുനികവൽകരിക്കപ്പെട്ട നഗരസംസ്കാരത്തിന്റെ നേർക്ക് പാരിസ്ഥി തികമായ ഉത്കണ്ഠകൾ ഉയർത്തുകയാണ് കവി. ദാഹമകറ്റുവാൻ വന്ന കിളി കൾക്ക് നദിയെ ചളിക്കുഴികളിൽ മാത്രമാണ് കാണാനാകുന്നത്. ദാഹം തീർക്കാനു ള്ള നദി ഇനി ഓർമ്മ മാത്രമാകുമോ എന്നൊരു ഭീതി ഇവിടെ കാണാം. കൊക്കു നനയാൻ പോലും വെള്ളമില്ലാതെ ഊർജ്ജസ്വലത നഷ്ടപ്പെട്ട ആ കിളിക്കുഞ്ഞു കളെ ഭാവിയിലെ ജീവജാലങ്ങളുടെ എല്ലാം പ്രതിനിധിയായിക്കാണാം. പരിസ്ഥി തിക്ക് സംഭവിക്കുന്ന ദുരന്തങ്ങളെ ഏറ്റവും ആദ്യം അറിയുന്നത് കിളികളും ജന്തു ജാലങ്ങളുമാണ്. പരിസ്ഥിതിക്കേൽക്കുന്ന ആഘാതം അവരുടെ ജീവിതങ്ങളിലും കരിനിഴൽ വീഴ്ത്തുന്നു. പിതൃബലിക്കായി പുണ്യതീരം അന്വേഷിക്കുന്നവർക്ക് മണലിൽ കുഴിമാന്തി നദിയെ കാണേണ്ട ഗതികേട് വർത്തമാനകാല സാഹചര്യ

ത്തിന്റെ നേർക്കാഴ്ചയാണ്. പെരുമ്പാമ്പിനെ തല്ലിക്കൊന്നിട്ടപോലെ പെരിയാറും ജഡിലമായിരിക്കുന്നു. മനുഷ്യൻ തന്നെയാണ് ഈ നീചപ്രവൃത്തി ചെയ്തത്. മണലൂറ്റലും മലിനജലമൊഴുക്കലും രാസവളപ്രയോഗവും പ്ലാസ്റ്റിക്കുകളുടെ ഉപയോഗവും നദികളെ നിരന്തരം ദുരന്തത്തിലേക്കെത്തിച്ചിരിക്കുകയാണ്. കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിലെ ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധിയുമായി ഈ കവിതയെ ചേർത്തുവായിക്കാവുന്നതാണ്. ജീവിതഭാരങ്ങളെ അക്കരെയിക്കരെ എത്തിച്ചിരുന്ന തോണി മണലിലുറച്ചുനിൽക്കുന്നതിൽനിന്നും നദിയെ ആശ്രയിച്ച് ഉപജീവനം കഴിച്ചിരുന്ന ഒരു ജനതയുടെ അപകടാവസ്ഥയിലായ നിലനിൽപ്പിനെത്തന്നെയാണ് സൂചിപ്പിക്കുന്നത്. നഗരജീവിതത്തിന്റെ വർണ്ണശബളിമ പ്രകൃതിയെ ഹിംസിച്ച് സൃഷ്ടിച്ചതാണ്. പുത്തൻനാഗരികതയുടെ ആർത്തിയും ആസക്തിയും ഇവിടെ നിലനിന്നിരുന്ന ജൈവസംസ്കൃതിയുടെ മരണമണി തന്നെയാകുന്നു. ഇവിടെ നഷ്ടമാകുന്നത് പ്രകൃതിയിലലിഞ്ഞുചേർന്ന് ജീവിച്ച ഒരു ജനതയുടെ സംസ്കാരങ്ങളുടെ ജീവശ്വാസം തന്നെയാണ്. തന്റെ ജീവരക്തംപോലും വില്പനച്ചരക്കാക്കുന്ന നഗരസംസ്കാരം ഏല്പിക്കുന്ന വേദനകൾ നിശ്ശബ്ദമായി സഹിക്കുന്ന ഭൂമിമാതാവിനെ 'വേനൽക്കുറിപ്പുക' ളിൽ കാണാം. ആ ദുഃഖത്തെ തന്റെയുള്ളിലെ അടങ്ങാത്ത വേദനയായി കവി ഏറ്റെടുക്കുന്നു. നീരൊഴുക്ക് നഷ്ടപ്പെട്ട നിള നമ്മുടെ സംസ്കാരനഷ്ടം തന്നെയാണ്. ഭൂമിയെ വാണിഭവസ്തുവാക്കുന്നതും പുഴകളെ മാലിന്യപ്രവാഹമാക്കുന്നതും തടയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന മുന്നറിയിപ്പ് ഈ കവിത നൽകുന്നു. വേനൽക്കാഴ്ച ഒരു സൂചനയാണ്; ഈ അവസ്ഥ തുടർന്നാൽ വരുംകാലത്ത് ഭൂമിയിൽ നിത്യവറുതിയായിരിക്കും എന്ന മുന്നറിയിപ്പ് തന്നെയാണിത്.

ഈ ഘട്ടത്തിലെഴുതിയ മറ്റൊരു കവിതയാണ് 'അമൃതം'.[27] നാലുഭാഗങ്ങളിലായിട്ടാണ് കവിതയുടെ ആശയം പൂർണ്ണമാകുന്നത്.

> ''ഉപ്പുചോദിക്കുന്നു പേരക്കിടാ'' വതി-
>
> ന്നുൾപ്പൊരുളോതുന്നിതാരോ!

അമ്മതൻ മാറിലെ മാധുരിയോടൊപ്പം
ഇമ്മണ്ണിനോലുന്നൊരുപ്പും
ഏതൊരു വാസനാ വൈഭവത്താൽ, പിഞ്ചു-
പൈതലേ നീ കൊതിക്കുന്നു.

തന്റെ മടിയിലിരുന്നു അവ്യക്തമായി പിറപിറുക്കുന്ന കുഞ്ഞിന്റെ ചിന്തകളിലെ വൈവിധ്യത്തിൽ അത്ഭുതം കൂറുകയാണ് കവി. ഉപ്പ് ചോദിക്കുകയാണ് എന്ന് ആരോ അതിന് വിശദീകരണം നൽകിയപ്പോൾ അമ്മിഞ്ഞപ്പാലിന്റെ മാധുര്യത്തോ ടൊപ്പം മണ്ണിലലിഞ്ഞുചേർന്ന ഉപ്പും കുട്ടി കൊതിക്കുന്നോ എന്ന് മുത്തച്ഛൻ ആശ്ച ര്യപ്പെടുന്നു. ഒരു കൽക്കണ്ടപ്പൊട്ടുപോലെ തങ്ങളുടെ വാത്സല്യവും കുട്ടിയിൽ അലിഞ്ഞുചേരുകയാണ് എന്ന് സൂചിപ്പിക്കുമ്പോൾ തന്നെ പ്രകൃതിയോടിണങ്ങി ജീവിക്കണമെന്ന് പേരക്കിടാവിന് തുല്യരായ പുതുതലമുറയോടുള്ള ആശംസയുമാണ് ഈ കവിത.

രണ്ടാം ഭാഗത്ത് പഞ്ചേന്ദ്രിയങ്ങളിലൂടെ മനസ്സിലേക്കെത്തുന്ന അവബോധ ങ്ങൾ അവ്യക്തമൊഴികളായി പുറത്തേക്ക് വരുന്നതാണോ എന്ന് സന്ദേഹിക്കുന്നു. ഭൂമി ഇന്ന് കുട്ടിയെ സംബന്ധിച്ചെടുത്തോളം ഒരു താമരമൊട്ടുപോലെയാണ്. അതിനെ അറിയാൻ എത്രയോ ഉഷസ്സുകൾ വേണം. അടുത്തഘട്ടത്തിൽ കുഞ്ഞ് ആദ്യമായ് കൺതുറന്ന് തന്റെ മുഖത്തേക്ക് നോക്കി ചിരിച്ച ഓർമ്മകളെക്കുറിച്ച് പറയുന്നു. നിഗൂഢമായ ചന്തം വിരിഞ്ഞ ആ മുഖഭാവം ഡാവിഞ്ചി എന്ന ചിത്രകാ രന്റെ ‘മോണാലിസ’യുടെ വശ്യസുന്ദരമായ അല്പസ്മിതത്തെ ഓർമ്മിപ്പിക്കുന്നു. അവസാനഭാഗത്ത് കുഞ്ഞിന്റെ കാൽച്ചിലങ്കകളുടെ ശബ്ദം കവിയിലും മോഹങ്ങ ളുദിപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്നു. പുസ്തകസഞ്ചിയുമായി പാഠശാലയി ലേക്ക് പോകുന്നതും ചിലങ്കകളണിഞ്ഞ് നൃത്തം വയ്ക്കുന്നതും ഒടുവിൽ ലജ്ജ പൂണ്ട് നവവധുവായി നിൽക്കുന്നതും കവി മോഹിക്കുകയാണ്. അതൊക്കെ ത്തന്നെയാണ് കവിയെ സംബന്ധിച്ച് അമൃതാകുന്നതും.

അമ്മേ എന്ന വിളിയുടെ മാധുര്യവും അമ്മയുടെ നെഞ്ചിൽ നിന്നൂറിവന്ന അമൃതത്തിന്റെ മാധുര്യവും മറന്നുപോകുന്ന പുത്തൻ തലമുറക്ക് തിരിച്ചറിവിന്റെ ബോധം ജനിപ്പിക്കാനുതകുന്ന ആത്മ ഭാഷയിൽ അടയാളപ്പെടുത്തിയ കവിത യാണ് 'അമൃതം'. പണ്ട് പ്രകൃതിയിൽ മനുഷ്യാദ്ധ്വാനത്തിന്റെ വിയർപ്പും ഉപ്പും അലിയിച്ചു ചേർത്താണ് വിളവുണ്ടാക്കി ഉപജീവിച്ചത്. ഭൂമിയിലേക്കെത്തുമ്പോൾ മുതൽ പഞ്ചേന്ദ്രിയങ്ങളിലൂടെ ഉള്ളിലേക്കെത്തുന്ന പ്രകൃത്യവബോധം ഒടുവിൽ മണ്ണിൽ ലയിക്കുവോളം നാം മുറുകെ പിടിക്കണം. അമ്മയും പ്രകൃതിയും നൽകുന്ന വാത്സല്യം ഒരേ മട്ടിലുള്ളതാണ് എന്ന് സൂചിപ്പിക്കുന്ന കവി ചെറുപ്പത്തി ലുള്ള ആനന്ദത്തിന്റെ പുഞ്ചിരി എന്നും നിലനിൽക്കുന്നത് കാണണമെന്നും അതാണ് തന്റെ അമൃതമെന്നും പറഞ്ഞുവയ്ക്കുമ്പോൾ പെറ്റമ്മയുടെ അമ്മിഞ്ഞ പ്പാലിനൊപ്പം പോറ്റമ്മയായ ഭൂമിമാതാവിന്റെ അമ്മത്വവും പരിപാലിക്കപ്പെടേണ്ടതാ ണെന്നും അത് മനുഷ്യപരമ്പരയുടെ നിലനിൽപ്പിന് ഒഴിവാക്കാനാകാത്ത ശക്തി സ്രോതസ്സാണെന്നും കവി ഓർമ്മിപ്പിക്കുന്നു.

1980-കൾക്കുശേഷം ആഗോളമുതലാളിത്തവ്യവസ്ഥ ലോകത്ത് ചൂഷണവും വിഭവവാണിഭവ്യവസ്ഥയും കൊണ്ടുവന്നു. കൃഷിഭൂമിയും അതിലെ വിളവുകളും മുതലാളിത്തത്തിന് അസംസ്കൃതവസ്തുക്കളായി. യുദ്ധക്കൊതിയും ഏകാധിപത്യ പ്രവണതകളും ചൂഷണമനഃസ്ഥിതിയും ഒന്നിച്ചുചേർന്ന മൂലധനമായിരുന്നു അവ രുടെ കൈമുതൽ. ഭൂമിയെയും പ്രകൃതിവിഭവങ്ങളെയും അവർ ചരക്കുകളാക്കി വില്പന നടത്തി, കൊള്ളയടിച്ചു. കുന്നുകളും താഴ്വരകളും തണ്ണീർത്തടങ്ങളും മഴക്കാടുകളും നശിപ്പിച്ചുകൊണ്ട് പുതിയ പുതിയ റിസോർട്ടുകളും ടെക്നോസിറ്റി കളും ഫ്ളാറ്റ് കേന്ദ്രീകൃത നഗരങ്ങളും ഡിജിറ്റൽ സംസ്കാരങ്ങളും ഉയർത്തിക്കൊ ണ്ടുവന്നു. സമകാലഭൂമിയിൽ വിവിധ രാഷ്ട്രീയ ഭരണശക്തികളും മതശക്തികളും കോർപറേറ്റുകളും ഭൂമിയെ വെട്ടിമുറിച്ച് വില്പനച്ചരക്കാക്കി മനുഷ്യരെ പരസ്പരം ശത്രുക്കളാക്കി തമ്മിലടിപ്പിക്കുന്നു. ആദ്യകാലത്ത് നാടുവാഴിത്തമായിരുന്നു മണ്ണി നെയും കൃഷിക്കാരെയും ദ്രോഹിച്ചതെങ്കിൽ സമീപകാലത്ത് ആഗോളീകരണ

വ്യവസ്ഥയാണ് പ്രകൃതി ധ്വംസനത്തിനും മനുഷ്യക്കുരുതിക്കും കാരണമാകുന്നത്. ഗ്രാമീണതയിൽനിന്നും നാഗരികസംസ്കാരത്തിലേക്കുള്ള ചുവടുവയ്പ്പും അത് കേരളനാട്ടിൽ വരുത്തുന്ന മാറ്റത്തെയും *ഭൈരവന്റെ തുടി* എന്ന സമാഹാരത്തിലെ 'കേരളപ്പാന'യിൽ ഒ.എൻ.വി. അവതരിപ്പിക്കുന്നു.

ആദിമകാലത്ത് പ്രകൃതിയെ ആരാധിച്ചിരുന്ന മനുഷ്യൻ ഇന്ന് അതിനെ നാശോന്മുഖമാക്കിയിരിക്കുന്നു.

മണ്ടച്ചീയുന്നുവെങ്കിലുമെന്തേ?
എന്റെ കേരളം കേരകേദാരം!
മണ്ടച്ചീയൽ ഗവേഷണം ചെയ്യാൻ
മന്ദിരം തീർത്തതില്ലേയുദാരം

കേരം നിറഞ്ഞുനിന്നിരുന്ന കേരളനാട്ടിൽ ഇന്ന് കേരവൃക്ഷങ്ങൾ മണ്ടച്ചീയലിനെ നേരിടുകയാണ്. നാളികേരമില്ലെങ്കിലും അതിനായി ഗവേഷണകേന്ദ്രം സ്ഥാപിച്ചിട്ടു ണ്ട്. സ്വന്തം ഭാഷയെ മറന്ന് വെങ്കലഭാഷ പറയുന്ന പൈതങ്ങളെ ഓർത്ത് കേരളം കോരിത്തരിക്കുകയാണ്. എങ്ങും വാദകോലാഹലങ്ങളാണ്. കേരളം ചെറിയ പെൺകുട്ടികളെപ്പോലും ക്രൂശിക്കുന്ന സംസ്കാരത്തിലേക്കെത്തിയിരിക്കുന്നു എങ്കിലും ഉണ്ണിയാർച്ചമാർ അങ്കം കുറിച്ചിരുന്ന ഇടം എന്നതിൽ ഊറ്റം കൊള്ളുന്നു.

കണ്ടുകണ്ടങ്ങൊഴുകും പുഴയെ
കണ്ടില്ലെന്നു വരുത്തുകിലെന്തേ?
ആറ്റുവെൺമൺവിറ്റു കടത്തി
നാട്ടിനാദായം കൂട്ടുകയല്ലേ

നമ്മുടെ കൺമുന്നിലൂടെ നിറഞ്ഞൊഴുകിയിരുന്ന പുഴയെ കണ്ടുകൊണ്ടിരിക്കെ ത്തന്നെ കാണാതാക്കാൻ ഇന്നത്തെ മനുഷ്യർക്കു കഴിഞ്ഞു. പുഴയില്ലെങ്കിലെന്താ പുഴമണലൂറ്റി നാട്ടിനാദായം ഉണ്ടാക്കുകയാണ്. നെൽക്കതിർക്കുലകൾ ആടിയു

ലഞ്ഞ പാടങ്ങളൊക്കെ നികത്തിയാലും പുത്തരിച്ചോറുപേക്ഷിച്ചാലും കുഴപ്പമില്ല. എന്തെന്നാൽ പണമുണ്ടാക്കാൻ റബ്ബറിന്റെ പാലുകറക്കാനുണ്ട്. പ്രകൃതിയിൽ തിങ്ങിനിറഞ്ഞിരുന്ന മരതകനീല മാഞ്ഞുപോയാലും കുഴപ്പമില്ല. വൃദ്ധനേത്രങ്ങൾക്കുമുന്നിൽ നീലച്ചിത്രങ്ങൾ തകർത്താടുകയാണ് എന്ന് സംസ്കാരച്യുതിയെ കവി ആവിഷ്കരിക്കുന്നു.

ഇന്നു കേരളം ദൈവത്തിൻ നാടാ-
ണെന്ന കേളികൊട്ടാർത്തുയരട്ടെ!
ശ്വേത ദൈവങ്ങളെത്തട്ടെ! നമ്മ-
ളാദിവാസികൾക്കെന്തിന്നസൂയ.

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന കേളി എങ്ങുമുയർന്നിടട്ടെ. യൂറോപ്യൻ സംസ്കാരത്തെ മുറുകെ പിടിക്കുന്നവർ വിജയിക്കട്ടെ. ആദിവാസികളായ നമ്മൾ അതിലെന്തിനസൂയപ്പെടണം എന്ന ചോദ്യത്തിൽ കവിത അവസാനിക്കുന്നു.

ഒ.എൻ.വിയുടെ പരിസ്ഥിതിബോധവും സ്ത്രീപക്ഷചിന്തയും മാതൃഭാഷയോടുള്ള സ്നേഹവും എടുത്തുകാണിക്കുന്ന കവിതയാണ് 'കേരളപ്പാന'. നഷ്ടപ്പെട്ടുപോകുന്ന ഗ്രാമീണഭംഗിയെയും സംസ്കാരമൂല്യങ്ങളെയും കുറിച്ചുള്ള ദുഃഖം ഇവിടെ കാണാം. ദ്രുതഗതിയിലുള്ള നഗരവൽക്കരണവും വ്യവസായവൽക്കരണവും കേരളത്തിന്റെ മുഖഛായതന്നെ മാറ്റിയിരിക്കുകയാണ്. കേരളീയതയുടെ സമസ്ത ജൈവികഭാവങ്ങളും സംസ്കാരത്തനിമകളും നഷ്ടപ്പെടുന്ന കാലം വിദൂരമല്ല എന്ന് കവി ഭയക്കുന്നു. പുരോഗമനം വേണ്ട എന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. ഇത് ഒരു വ്യക്തിയുടെ മാത്രം ദുഃഖവുമാകുന്നില്ല. കേരളീയരുടെ പ്രശ്നങ്ങളെയാണ് കവി എടുത്തുകാണിക്കുന്നത്. കേരളത്തിൽ കേരത്തിന് സംഭവിച്ച ദുരന്തത്തെ സൂചിപ്പിക്കുന്നു. തെങ്ങിന്റെ രോഗത്തെക്കുറിച്ച് ഗവേഷണം നടത്താൻ കേന്ദ്രം സ്ഥാപിച്ചുവെങ്കിലും ജനങ്ങൾ റബ്ബറിനു വില കല്പിച്ചു. കൃഷിയിൽ മാറ്റങ്ങൾ വരുത്തിയതോടെ ഇംഗ്ലീഷും മലയാളവും കലർന്ന ഭാഷയോട് താല്പര്യം

പ്രകടിപ്പിച്ചു. അന്യഭാഷാസംസ്കാരത്തെ ഇഷ്ടപ്പെടുന്ന ഒരു സമൂഹമാണിന്നു ള്ളത് എന്ന് അല്പം പരിഹാസഭാവത്തിൽ കവി പറയുമ്പോൾ അത് ഭാഷയുടെ തനിമ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ കുറിക്കുന്നു. മണലൂറ്റലും നെൽവ യൽ നികത്തലും കുന്നിടിക്കലും വനനശീകരണവും മൂലം കൊടും വരൾച്ചയി ലേക്കും അതുവഴി പ്രകൃതി ദുരന്തത്തിലേക്കും അടുക്കുന്ന സമകാല കേരള ത്തിന്റെ ചിത്രം തന്നെയാണ് ഒ.എൻ.വി അടയാളപ്പെടുത്തുന്നത്. കേരളത്തിലെ വയൽക്കിളി സമരം ഇവിടെ പ്രസക്തമാണ്. കണ്ണൂർ തളിപ്പറമ്പിനടുത്ത് കീഴാറ്റൂ രിലെ നെൽവയൽ നികത്തി ബൈപാസ് നിർമ്മിക്കുന്നതിന് എതിരെ ഉണ്ടായ പ്രതിരോധമാണ് വയൽക്കിളി കൂട്ടായ്മയുടെ പ്രതിഷേധം. കീഴാറ്റൂർ വയലിന്റെ ജൈവവൈവിധ്യം നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ ഇത് ഉയർത്തിക്കാണി ക്കുന്നു.

വ്യക്തമായ സ്ത്രീപക്ഷരചനയായി വ്യാഖ്യാനിക്കപ്പെട്ട കൃതിയാണ് *സ്വയംവരം*[28]. സ്ത്രീത്വത്തിന്റെ നിസ്സഹായാവസ്ഥയെയും അതിനോടുള്ള അവ ളുടെ നിശ്ശബ്ദവും അതേസമയം ശക്തിമത്തായതുമായ പ്രതിഷേധത്തിന്റെ സ്വര ത്തെയും അവതരിപ്പിക്കുകയാണ് *സ്വയംവരം*'എന്ന ഖണ്ഡകാവ്യത്തിലെ മാധവി യിലൂടെ ഒ.എൻ.വി. മഹാഭാരതത്തിൽ ആരാലും കാര്യമായി ശ്രദ്ധിക്കപ്പെടാതെ പോയ ഒരു സ്ത്രീ കഥാപാത്രമാണ് യയാതീപുത്രിയായ മാധവി. വിശ്വാമിത്രശിഷ്യ നായ ഗാലവന് ഗുരുദക്ഷിണയായി നൽകേണ്ടത് ഒരു ചെവി കറുത്തതും ഉടൽ മുഴുവൻ വെളുത്തതുമായ എണ്ണൂറു കുതിരകളെയാണ്. ഗാലവൻ യയാതി മഹാരാ ജാവിനോട് കുതിരകളെ നൽകാൻ അപേക്ഷിക്കുന്നു. അതിനു സാധിക്കാത്ത മഹാ രാജാവ് പകരമായി തന്റെ മകളെ ഗാലവന് നൽകുന്നു. എണ്ണൂറുകുതിരകളെ തിക യ്ക്കാനുള്ള ഗാലവന്റെ തുടർയാത്രയിൽ മാധവി ഒരു ഉപഭോഗവസ്തുവാകുകയാ ണ്. ആവശ്യങ്ങളെല്ലാം കഴിഞ്ഞശേഷം മാധവിയെ പിതാവിന്റെ സമീപം എത്തി ക്കുന്നു. പിതാവ് അവൾക്ക് സ്വയംവരം നിശ്ചയിക്കുന്നു. ആ പന്തലിൽവച്ച് സ്വയം വരത്തിന് തയ്യാറല്ലെന്നും താൻ കന്യകയല്ലെന്നും ഉറക്കെപറഞ്ഞുകൊണ്ട് കാടിനു

നേർക്ക് പൂമാല വലിച്ചെറിഞ്ഞ് വനാന്തർഭാഗത്തേക്ക് നടന്നുമറയുകയാണ് മാധവി.

പുത്രിയെ സംരക്ഷിക്കേണ്ട പിതാവുതന്നെ തന്റെ അഭിമാനം കാത്തുസൂക്ഷിക്കാൻ മകളെ മറ്റുള്ളവർക്കായി നൽകുന്ന ഒരു ദുരവസ്ഥ മാധവിയുടെ കഥയിൽ കാണാം.

ഗുരുദക്ഷിണ നല്കീടാൻ
മുനിയർത്ഥിച്ചപോലെയാം
എണ്ണൂറശ്വങ്ങളുണ്ടാവി-
ല്ലിന്നുതൻ ശേഖരത്തിലും
പകരം നല്ക, യെന്നാൽ തൻ
മകളാം പൊൽത്തിടമ്പിനെ....
ഇവളെക്കൊണ്ടു നേടട്ടേ
മുനിതൻ ഗുരുദക്ഷിണ

തന്റെ അഭിമാനം രക്ഷിക്കാനുള്ള ഉപായമായി മകളെ നൽകിയ രാജാവിന്റെ സ്വാർത്ഥത മാധവിയുടെ പെറ്റമ്മയല്ലെങ്കിലും ദേവയാനിയെ ഞെട്ടിക്കുന്നു. പക്ഷേ അവർക്കും അഭിപ്രായസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. യോഗ്യനായ ഒരു രാജാവിനെ ഇവൾക്ക് ഭർത്താവായി ലഭിക്കും എന്ന വിശ്വാസത്തിൽ ഗാലവൻ ഓരോ രാജധാനിയിലും ചെല്ലുന്നു. പക്ഷേ രാജകൊട്ടാരം വിട്ട് മുനിയുടെ കൂടെവന്നത് മറ്റൊരു രാജാവിനെ ഭർത്താവായി സ്വീകരിക്കാനല്ല എന്നും എന്നെ കൈക്കൊള്ളാനങ്ങേക്കാകുമോ എന്നും ചോദിക്കുന്ന മാധവി തന്റെ അഭിപ്രായം തുറന്നുപറയുന്നു. പിന്നീട് സന്തതികളില്ലാത്ത ഹര്യശ്വന് ഒരു വർഷത്തേക്ക് പണയവസ്തുവായി, ഉപഭോഗവസ്തുവായി നൽകുകയാണ് ഗാലവൻ. പകരം കന്യാശുല്കമായി, പ്രതിഫലമായി ഇരുന്നൂറു കുതിരകളെ ലഭിക്കുന്നു.

''ഇവളെയൊരു
സംവത്സരമിങ്ങു നിർത്താൻ കനിയുക!......

വത്സരഭോഗ്യമാണീധനം, ഇതങ്ങയെ

ഭദ്രമായ് തിരെയ്യേല്പ്പിക്കു, മിതു സത്യമാം!''-

ഇത് യഥാർത്ഥത്തിൽ ഒരു കച്ചവടം തന്നെയാണ്. ഒടുവിൽ അവളിൽ ഹര്യശ്വന് ഒരു ഉണ്ണി പിറക്കുന്നു. എന്നാൽ കുട്ടിയെ ഉമ്മവയ്ക്കുമ്പോഴും പാലൂട്ടുമ്പോഴും അവളിൽ ദുഃഖത്തിന്റെ നീരുറവ പൊട്ടുന്നു.

സൂര്യാന്വയത്തിനൊരു തൂണാകുവാനരിയൊ-

രാൺതരിയെ നല്കിയ വെറും പാത്രമാണിവൾ

സന്തതിയുണ്ടാകാൻ വേണ്ടിയുള്ള ഒരു വാടകഗർഭപാത്രംപോലെ മാധവി ഉപയോഗിക്കപ്പെടുകയാണ്. സമകാല സമൂഹത്തിലെ ഗർഭധാരണസാധ്യത ഇല്ലാത്തവർക്ക് വാടകഗർഭപാത്രത്തിലൂടെ മക്കളുണ്ടാക്കുന്ന സാഹചര്യത്തെ ഇതുമായി ചേർത്തു വായിക്കാവുന്നതാണ്. തന്റെ കുട്ടിയെ പാലൂട്ടാനും വളർത്താനും ഉള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ട് മറ്റൊരിടത്തേക്ക് ദിവോദാസന്റെ മുന്നിലേക്ക് ഉപഭോഗവസ്തുവായ് മാറാൻ മാധവി സഞ്ചരിക്കുകയാണ്. തുടർന്ന് ഉശീനരന്റെ സന്നിധിയിലേക്ക്. ഒടുവിൽ കുതിരകളെ ലഭിച്ച് അവയെയുംകൊണ്ട് ഗുരുസന്നിധിയിലെത്തിയപ്പോൾ ഗുരുദക്ഷിണയായി ഇവളെമാത്രം മതിയായിരുന്നു എന്ന് വിശ്വാമിത്രൻ പറയുന്നു. ശാന്തിയേകേണ്ട മുനിയുടെ നോട്ടവും സ്പർശവും മാധവിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിനുമപ്പുറമായിരുന്നു. ലൗകികജീവിതത്തിൽ വിരക്തിയാർന്ന ഒരു തപസ്വിയുടെ പെരുമാറ്റവും സ്ത്രീകളോട് ഈ രീതിയിലാണോ എന്ന മാധവിയുടെ ഭീതി സമകാലസമൂഹത്തിലെ ദുരവസ്ഥകളുടെ നേർക്കാഴ്ചകളാകുന്നു. അച്ഛൻ മകളെയും സഹോദരൻ സഹോദരിയെയും ഗുരുനാഥൻ ശിഷ്യയെയും ദുഷ്ചിന്തയോടെ നോക്കുന്ന ഒരവസ്ഥാവിശേഷം ഇന്നത്തെ സമൂഹത്തിലുണ്ട്.

കഥാനായികയായ മാധവിയുടെ പക്ഷത്തുനിന്നുകൊണ്ട് ഗാലവചരിതം വായിക്കുന്ന ഒ.എൻ.വി സ്ത്രീയെ ഒരു വില്പനച്ചരക്കാക്കുന്ന രാജനീതിക്കെതിരായ നിലപാടുകൾ മുന്നോട്ടുവയ്ക്കുന്നു. നമ്മുടെ സമൂഹത്തിലെ ഇത്തരം വിദ്രോ

ഹപ്രവർത്തനങ്ങൾക്കെതിരെ കരുതിയിരിക്കേണ്ടതിന്റെ അനിവാര്യതയാണ് കവി സൂചിപ്പിക്കുന്നത്. പുരാണകഥാപാരായണത്തിലൂടെ സമകാലസമൂഹത്തിന്റെ സ്ത്രീഅവസ്ഥകളെ തുറന്നുകാട്ടുന്ന ഒ.എൻ.വി സ്ത്രീയെ വില്പനച്ചരക്കാക്കുന്ന തിനെയും വാടകഗർഭപാത്രം എന്ന ആശയത്തെയും പാടെ നിരാകരിക്കുന്നു. സ്വന്തം കുട്ടിയെ പാലൂട്ടാനും കൊഞ്ചിക്കാനുമുള്ള ഒരു മാതാവിന്റെ സ്വാതന്ത്ര്യ ത്തെയാണ്, ആ സ്നേഹം അനുഭവിക്കാനുള്ള കുഞ്ഞിന്റെ അവകാശത്തെയാണ് ഇത്തരത്തിലുള്ള ഗർഭധാരണസാധ്യതകൾ ഇല്ലാതാക്കുന്നത്. സീതയും കുന്തിയും പാഞ്ചാലിയുമെല്ലാം ഈ കാവ്യത്തിൽ സൂചിപ്പിക്കപ്പെടുന്നുണ്ട്. ആധുനികസമൂഹ ത്തിൽ ഉപഭോഗത്തിന് സ്ത്രീജന്മം ആയിരുന്നാൽ മതി. അമ്പലമോ പള്ളിയോ മ റ്റേത് ദേവാലയമോ എവിടെയും അവളെ ഉപയോഗിക്കാം. ചണ്ടിയാക്കി വലിച്ചെറി യാം. സ്വയംവരത്തിൽ 'വസ്തു'വിനെ തിരിച്ചേൽപ്പിക്കുന്നു എന്നുമാത്രം. ഓരോ ഋതുവും മാറിമാറി പരിരംഭണം ചെയ്യുന്ന ഭൂമിയെപ്പോലെ ഓരോ വർഷവും ഓരോ പുരുഷനുമുന്നിൽ അടിമപ്പെടാനായിരുന്നു മാധവിയുടെ വിധി. പെണ്ണിന്റെ കണ്ണീ രിനും മോഹത്തിനും പുരുഷനീതി വിലകല്പിക്കുന്നില്ല. ഇവിടെ ധനത്തിന് പകരംവയ്ക്കാവുന്ന ഒരു യന്ത്രമായി പെണ്ണുമാറുന്ന കാഴ്ചയുണ്ട്. രാജനീതിയാ കട്ടെ പെണ്ണിന് വിലയിടുകയാണ് ചെയ്യുന്നത്. ഒരു ബലിമൃഗംപോലെയാണ് മാധവി അച്ഛനുമുന്നിൽ നിൽക്കുന്നത്. പുരുഷകാമനകൾ രാജാവിലും യോഗി യിലും ഒരുപോലെ സ്ത്രീയെ ചൂഷണം ചെയ്യാനുള്ളതാണ് എന്നുപറയുന്നിടത്ത് സമകാല ഭാരതത്തിലെ സംഭവങ്ങളെക്കൂടി ചേർത്തുവായിക്കേണ്ടതാണ്.

തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സ്ത്രീയെ, അവളുടെ സമ്മതം കൂടാതെ വില്പനച്ചരക്കാക്കുകയാണ്. ആ സ്ത്രീ തന്റെ അമ്മയോ, പെങ്ങളോ, സമ്പാദ്യവസ്തുവോ, പണയമുതലോ എന്തുതന്നെയായാലും പ്രശ്നമ ല്ല. അവളുടെ വികാരങ്ങൾ ഗണിക്കപ്പെടുന്നില്ല. പുരുഷൻ രാജാവായാലും ഗാലവ നായാലും സാധാരണക്കാരനായാലും ആരുതന്നെയാകട്ടെ തികഞ്ഞ നിർവ്വികാരത യോടെ എണ്ണൂറുകുതിരകൾക്കുപകരം മകളെ നൽകിയ ജനകനോളം പോന്നവരല്ല

ല്ലോ. ആഗോളസംസ്കൃതി പ്രചരിപ്പിച്ച ഉപഭോഗസംസ്കാരത്തിന്റെ കമ്പോളത്തിൽ വിൽക്കപ്പെടാത്തതായി യാതൊന്നുമില്ലല്ലോ. മനുഷ്യനായി ഉരുവം പ്രാപിച്ച എന്തിനും അവരുടെ മാർക്കറ്റിൽ ട്രേഡ്മാർക്കുണ്ട്. സ്ത്രീയെ ലൈംഗികചൂഷണത്തിനപ്പുറത്തേക്ക് കച്ചവടച്ചരക്കാക്കുന്നത് അവളിലെ മാതൃത്വത്തിന് കാരണമായ ഗർഭപാത്രത്തെ ഉപയോഗിച്ചുകൊണ്ടാണ്. മക്കളില്ലാത്ത ധനികൻമാർക്ക് തങ്ങളുടെ ബീജം നിക്ഷേപിക്കാനുള്ള ആധാരമാണല്ലോ 'വാടകഗർഭപാത്രക്കച്ചവടം' മുന്നോട്ടുവയ്ക്കുന്ന പ്രത്യയശാസ്ത്രം. ഇവിടെ നൂറ്റാണ്ടുകൾക്കുമുമ്പുണ്ടായ കഥയിലാണെങ്കിലും ഏതുകാലത്തെയും സ്ത്രീയുടെ അരക്ഷിതമായ ജീവിതസാഹചര്യത്തിലേക്കാണ് ഒ.എൻ.വി വിരൽചൂണ്ടുന്നത്. നാട് പുരോഗമിക്കുന്നത് അഥവാ ശാസ്ത്രം മുന്നേറുന്നത് രാജ്യവികസനത്തിനുവേണ്ടിയാണെങ്കിലും ആഗോളകുത്തകക്കമ്പോളത്തിൽ വിറ്റഴിക്കപ്പെടാത്തതായി ഒന്നുമില്ല.

അധികാരസ്ഥാനത്തിലിക്കുന്നവരും മനുഷ്യദൈവങ്ങളും സന്യാസജീവിതം നയിക്കുന്നു എന്നുപറയപ്പെടുന്നവർപോലും സ്ത്രീകളോടുകാട്ടുന്ന നിന്ദ്യമായ പെരുമാറ്റം ഇന്ന് വളരെയധികം ചർച്ചചെയ്യപ്പെടുന്നുണ്ട്. ഒരു രാജാവിന്റെ മകളായിട്ടുപോലും 'അവൾ'ക്കനുഭവിക്കേണ്ടിവരുന്ന കഷ്ടതകൾക്ക് പരിധിയില്ല. ആ അവസ്ഥയിൽ നമ്മുടെ സമൂഹത്തിലെ ഒരു സാധാരണ പെൺകുട്ടി നേരിടേണ്ടിവരുന്ന ചൂഷണങ്ങൾ എത്രമാത്രം ഭീകരമായിരിക്കും എന്നു ചിന്തിക്കാൻ ഈ കവിത പ്രേരണ നൽകുന്നു. ചെറിയ പെൺകുട്ടികളെപ്പോലും വില്പനച്ചരക്കാക്കുന്ന നമ്മുടെ സമൂഹം സമ്പത്തിനായ് അവരെ എത്രപേർക്ക് കാഴ്ചവയ്ക്കുന്നു. മതവൈരത്തിന്റെ പേരിലും ചൂഷണം ചെയ്യപ്പെടുന്നതും മറ്റാരുമല്ല. എത്ര ജപിച്ചാലും കാമനകൾ കനലുപോലെ കരളിലൊളിപ്പിച്ചിരിക്കും എന്ന തിരിച്ചറിവ് മാധവിക്കുണ്ടാകുന്നുണ്ട്. ഇത് നീതിനിഷേധത്തിനെതിരായി അവളുടെ മനസ്സിൽ ഉറവയെടുക്കുന്ന പ്രതിഷേധംതന്നെയാണ് സൂചിപ്പിക്കുന്നത്. ഒടുവിൽ കുതിരകളെ സ്വതന്ത്രമാക്കിയ വിശ്വാമിത്രൻ ആ ഒരു കരുണപോലും സ്ത്രീയായ മാധവിയോടു കാണിക്കുന്നില്ല എന്നിടത്ത് പുരുഷനീതിയുടെ നെറികേടിനെത്തന്നെയാണ് കുറിക്കുന്ന

ത്. അവസാനം അപമാനിതയായ മാധവിക്ക് വനഭൂമിയാണ് അഭയമാകുന്നത്. നാരിയെ പൂജിക്കുക എന്ന മന്ത്രം ചൊല്ലി സ്ത്രീയെ പീഡിപ്പിക്കുന്ന പുരുഷമേൽ ക്കോയ്മയ്ക്കെതിരെ വീശിയ ചാട്ടവാറാണീക്കവിത. പുരുഷാധിപത്യത്തിൽ അടി യുറച്ച ലിംഗനീതിയാണ് ഇന്നും സമൂഹത്തിലുള്ളതെന്നും അതിന്റെ മറവിൽ സ്ത്രീ വില്പനച്ചരക്കും ഉപഭോഗവസ്തുവും ആക്കപ്പെടുകയാണ് എന്നുമുള്ള സമ കാല യാഥാർത്ഥ്യം കവി മുന്നോട്ടുവയ്ക്കുകയാണ് 'സ്വയംവര'ത്തിലൂടെ.

പെണ്ണും പ്രകൃതിയും ഒരുപോലെ ദുരിതക്കയത്തിൽ ആണ്ടുപോകുന്ന വർത്തമാനകാല ദുരവസ്ഥകളിൽ നിരന്തരം വ്യാകുലപ്പെടുന്ന ഒരു കവിയെയാണ് മൂന്നാംഘട്ട കവിതകളിൽ കാണാൻ കഴിയുന്നത്. സ്വാർത്ഥലാഭങ്ങൾക്കും അധികാ രങ്ങൾക്കും നിലനിൽപ്പിനും വേണ്ടിയുള്ള യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോക ത്തിൽ മണ്ണിന്റെ പരിശുദ്ധി നഷ്ടപ്പെടുകയാണ്. സ്ത്രീത്വം അപമാനിക്കപ്പെടുകയാ ണ്. അഥവാ മനുഷ്യൻ ചവിട്ടിമെതിക്കുകയാണ്. ആധുനികസംസ്കാരത്തിന്റെ ഉപ ഭോഗാനന്തര മാലിന്യങ്ങൾ നിക്ഷേപിക്കുവാനുള്ള ഒരു ചവറ്റുകുട്ടയായിമാത്രം മണ്ണിനെ കരുതുന്ന ഒരു സമൂഹമാണ് ചുറ്റിലുമുള്ളത് എന്ന് കവി സൂചിപ്പിക്കുന്നു. പുരുഷാധികാരത്തിന്റെ ശക്തിപ്രഭാവത്തിനുമുമ്പിൽ വിധേയയായി നിന്നുകൊടു ക്കേണ്ടിവന്ന മാധവിയെ ഒടുവിൽ പ്രതികരണശേഷിയുള്ള വ്യക്തിത്വമുള്ളവളായി കവി അവതരിപ്പിക്കുമ്പോൾ സ്ത്രീപീഡനത്തിനെതിരെ, ചൂഷണത്തിനെതിരെ വെമ്പൽക്കൊള്ളുന്ന കവിയുടെ സാമൂഹ്യപ്രതിബദ്ധത തന്നെയാണ് വെളിപ്പെടുന്ന ത്. കേവലം ലൈംഗികോപയോഗത്തിനുള്ള ശരീരമായും പ്രസവത്തിനുള്ള യന്ത്ര മായും തൻകാര്യം നേടാൻ പുരുഷനുള്ള വില്പനച്ചരക്കായുംമാത്രം കാണപ്പെ ടുന്ന മാധവിക്ക് പലപ്പോഴും അലംഘനീയമായ പുരുഷനിയമങ്ങൾക്ക് കീഴടങ്ങി ക്കൊടുക്കേണ്ടിവരുന്നു. തുച്ഛമായ വിലക്ക് മകളെ വില്ക്കുന്ന രക്ഷിതാക്കളുടെ ഒരു സമൂഹം, സ്വന്തം ഭാര്യയെ സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനുവേണ്ടി മേലു ദ്യോഗസ്ഥർക്ക് കാഴ്ചവയ്ക്കുന്ന ഉദ്യോഗപ്രമുഖന്മാർ, വാടകഗർഭപാത്രമന്വേഷി ക്കുന്ന പുത്തൻതലമുറ. ഈയൊരു സാഹചര്യത്തിൽ മാധവിയുടെ കഥ പുനർവാ

യനയ്ക്ക് വിധേയമാക്കുമ്പോൾ വർത്തമാനകാല പെണ്ണവസ്ഥകളുടെ പ്രതീകമായി ട്ടാണ് മാധവിയെ ഒ.എൻ.വി. അവതരിപ്പിച്ചിരിക്കുന്നത്. ഇതിഹാസകഥയിൽ സീതാദേവി സഹനത്തിനൊടുവിൽ ഭൂമിയിലേക്ക് അന്തർധാനം ചെയ്യുന്നതു പോലെ മാധവി കാടിനെ വരണമാല്യമണിയിച്ച് കാട്ടിലേക്ക് മറയുകയാണ്. ഇത് ഒരു തരത്തിൽ അതുവരെ തന്നിലടിച്ചേൽപ്പിക്കപ്പെട്ട പുരുഷാധികാര്യവ്യവസ്ഥയോ ടുള്ള എതിർപ്പുതന്നെയാണ്. അതുവരെ തനിക്ക് ഭർത്താക്കന്മാരായിരുന്ന മൂന്നു പേർ, തന്റെ മക്കളുടെ പിതാക്കന്മാർ ഉൾപ്പെടെയുള്ള സമൂഹത്തെയാണ് മാധവി ധിക്കരിക്കുന്നത്. മറ്റാരോ രക്ഷിക്കാൻ വരും എന്ന് പ്രതീക്ഷിച്ച് നിൽക്കാതെ സ്വയം സ്വതന്ത്രയാവാനുള്ള ശക്തിയാണ് ഇവിടെ മാധവി പ്രകടിപ്പിക്കുന്നത്. സ്ഥാനമാനങ്ങൾക്കുവേണ്ടിയും സെക്സ് ടൂറിസം വഴി സമ്പത്ത് വർദ്ധിപ്പി ക്കുന്നതിനും സ്ത്രീയെ ചരക്കുവൽകരിക്കുമ്പോൾ ഇത്തരത്തിലുള്ള വർത്തമാന കാല സാഹചര്യങ്ങളിൽ യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ സ്ത്രീ സ്വയം ശക്തിനേടണം എന്ന ഒരു ആഹ്വാനം കൂടി 'സ്വയംവരം' എന്ന സ്ത്രീപക്ഷ കവിതയിൽ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്.

പ്രകൃതിയെ ഭൗതികജീവിത പരിസരമായിത്തന്നെ നിലനിർത്തിക്കൊണ്ട് അതിനെ സംരക്ഷിക്കാനുള്ള ധാർമ്മികബോധം പ്രകടിപ്പിക്കുന്ന ഒരു കവി കൂടിയാ കുന്നു ഈ ഘട്ടത്തിൽ ഒ.എൻ.വി. 'വേനൽക്കുറിപ്പുകളി'ലും 'കേരളപ്പാന'യിലും കവിയുടെ പാരിസ്ഥിതികബോധം വ്യക്തമാകുന്നുണ്ട്. ജന്മനാടിന്റെ നൈർമല്യ ത്തെയും സംസ്കാരത്തെയും നിലനിർത്തേണ്ടതിന്റെ ആവശ്യകതയെയും അതുന ഷ്ടപ്പെട്ടു പോകുന്നതിലുള്ള ദുഃഖത്തെയും ഈ കവിതകളിൽ അടയാളപ്പെടുത്തു ന്നു. നഗരവൽക്കരണപ്രക്രിയയുടെ ഭാഗഭാക്കുകളാകാൻ കേരളജനതയും വിധിക്ക പ്പെട്ടുകഴിഞ്ഞു എന്ന് 'കേരളപ്പാന'യിൽ പറഞ്ഞുവയ്ക്കുമ്പോൾ കവിക്ക് സംസ്കാ രത്തോടും പാരമ്പര്യത്തോടും മാതൃഭാഷയൊടുമുള്ള അഗാധമായ സ്നേഹം വെളിപ്പെടുന്നു. വെള്ളം കുടിക്കാൻ വരുന്ന ആറ്റക്കിളികൾ ചളിവെള്ളംകണ്ട് നിരാ ശരായി പിറുപിറുക്കുന്നുണ്ട് 'വേനൽക്കുറിപ്പു'കളിൽ. ഈ ഭാവം കവിയുടെയു

ള്ളിൽ ഉറവയെടുത്ത നിർജ്ജീവത തന്നെയാണ്. ആധുനികമനുഷ്യന്റെ പ്രകൃതി വിരുദ്ധപ്രവൃത്തികൾ തന്നെയാണ് ഈ നിരാശാബോധത്തിനടിസ്ഥാനം.

സ്ത്രീത്വത്തെ സംബന്ധിച്ച ചില ദാർശനിക പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുന്ന, സ്ത്രീവാദ-പരിസ്ഥിതിവാദപരമായ 'അമ്മ', 'കോതമ്പുമണികൾ', 'കുഞ്ഞേടത്തി', 'ഭൂമിക്ക് ഒരു ചരമഗീതം' തുടങ്ങിയ കവിതകളിലും 'വീടുകൾ' പോലെ വിശ്വമാനവികതാവാദത്തിലൂന്നിയ കവിതകളും രചിക്കപ്പെട്ടത് ഇക്കാലത്ത് തന്നെയാണ്. ഈ കവിതകളിലൊക്കെ സ്ത്രീത്വത്തെ മനോഹരമാക്കുന്ന ഘടകങ്ങളിൽ പ്രഥമസ്ഥാനം പ്രകൃതിക്കുതന്നെയാണ്. ഏത് വിത്തിനും മുളപൊട്ടാൻ മണ്ണ് വേണം. പുരുഷന് അവന്റെ ബീജം വിതയ്ക്കാനുള്ള വിളഭൂമി മാത്രമാവരുത് സ്ത്രീ. സ്ത്രീയും പുരുഷനും പ്രകൃതിയും തമ്മിലുള്ള അസാധാരണമായ ഇഴയടുപ്പം ഉണ്ടെങ്കിലെ സമൂഹത്തിന് നിലനിൽപ്പുള്ളൂ. പ്രകൃതി വിശ്വമാതാവാണ്; സ്ത്രീയാകട്ടെ മുലയൂട്ടുന്ന അമ്മയും. ഈ സ്ത്രീഭാവങ്ങൾ തന്നെയാണ് ജീവന്റെ വാഹകരും സംരക്ഷകരുമാവുന്നത്. ഇതുതന്നെയാണ് ഈ ഘട്ടത്തിലെ ഒ.എൻ.വി കവിതകൾ അടയാളപ്പെടുത്തുന്നത്. ആധുനികലോകത്തെ സാമൂഹികനീതിയെ സംബന്ധിക്കുന്ന ഭയാശങ്കകൾ ഒ.എൻ.വി പങ്കുവയ്ക്കുമ്പോൾ അത് മനുഷ്യകുലത്തിന്റെ, ഭൂമിയുടെ നിലനിൽപ്പിനെക്കുറിച്ചുള്ള ആഴത്തിലുള്ള ദീർഘവീക്ഷണവും പ്രകൃതിയുടെ അസ്തിത്വത്തെക്കുറിച്ചുള്ള വ്യഗ്രതയുമാകുന്നു.

രണ്ടായിരത്തിലെത്തുമ്പോൾ *ക്ഷണികം-പക്ഷെ, ഞാനഗ്നി, സ്നേഹിച്ചു തീരാത്തവർ, കടൽശംഖുകൾ, പുനരപി, സൂര്യന്റെ മരണം, അനശ്വരതയിലേക്ക്* തുടങ്ങിയ കവിതാസമാഹാരങ്ങളും പഠനങ്ങളും ഓർമ്മക്കുറിപ്പുകളും പ്രസിദ്ധീകൃതമായിട്ടുണ്ട്. *ആത്മഗതങ്ങൾ, കാല്പനികം, നടക്കാവുകളിലൂടെ, പോക്കുവെയിൽ, മണ്ണിലെഴുതിയത്* എന്നിവ അവയിൽ ചിലതാണ്. 2015-ലെ *സൂര്യന്റെ മരണം* ആണ് ഏറ്റവും ഒടുവിലെ കവിതാസമാഹാരം. 2015-ൽ തന്നെ പ്രസിദ്ധീകരിച്ച *പോക്കുവെയിൽ മണ്ണിലെഴുതിയത്* ആത്മകഥാപരമാണ്. *അനശ്വരതയിലേയ്ക്ക്* എന്ന കൃതി കവിയുടെ മരണശേഷമാണ് പ്രസിദ്ധീകൃതമായത്.

ശക്തമായ പരിസ്ഥിതിബോധം പ്രകടിപ്പിക്കുന്ന രചനകളാണ് സമകാലികമായി ഒ.എൻ.വി. രചിച്ചിരുന്നത്. വ്യക്തമായ സ്ത്രീപക്ഷചിന്തയും ഈ കാലത്ത് ഒ.എൻ.വി കാത്തുപോന്നിട്ടുണ്ട്. ചൂഷിതവർഗ്ഗത്തിന്റെ സംരക്ഷകരെന്നു നടിക്കുന്നവരുടെയും രാഷ്ട്രീയവിപ്ലവനേതാക്കളായി രംഗത്തെത്തുന്നവരുടെയും പ്രവൃത്തികളിലെ വൈരുദ്ധ്യത്തെ തുറന്നുകാട്ടാൻ കവി ധൈര്യം കാണിച്ചു. കമ്പോള സംസ്കാരവും ദളിത് പരിസ്ഥിതിചിന്തകളും പരസ്പരം ഇഴചേർന്നു കിടക്കുന്ന ഒരു കവിതയാണ് *പുനരപി* എന്ന സമാഹാരത്തിലെ 'ഒരു നിഷാദന്റെ താക്കീത്'[29] ആസന്നമായ പരിസ്ഥിതിവിനാശത്തിന്റെ ഭീകരത തുറന്നുകാണിച്ച 'ഭൂമിക്ക് ഒരു ചരമഗീത'ത്തിൽനിന്നും 'ഒരു നിഷാദന്റെ താക്കീതി'ലേക്കെത്തുമ്പോൾ ഭൂമിയുടെ, പരിസ്ഥിതിയുടെ, മണ്ണിന്റെ കാവൽഭടനായി നിലകൊള്ളുന്ന ഒരു ശക്തിയെ കാണാം. മണ്ണിന്റെ ശുദ്ധിക്കായി എന്നും യുദ്ധം ചെയ്യുന്നവനായി കവി രൂപാന്തരം പ്രാപിക്കുകയാണിവിടെ. സിയാറ്റിൽ മൂപ്പൻ, തങ്ങളുടെ ഭൂമി വിലയ്ക്കുവേണമെന്ന് ആവശ്യപ്പെട്ട അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ പിയേഴ്സന്റെ ദൂതനു നൽകിയ പ്രഭാഷണരൂപത്തിലുള്ള മറുപടിയുടെ പാഠവും പശ്ചാത്തലവും അവതരിപ്പിക്കുന്ന കൃതിയാണിത്. ഭൂമിയെ പെറ്റമ്മയായി കരുതുന്ന കാടിന്റെ മക്കൾ മരങ്ങളെയും പുഴകളെയും സ്നേഹിച്ചിരുന്നു.

വിണ്ണിനെ വില്ക്കുവാൻ,
വാങ്ങുവാനാകുമോ
മണ്ണിന്റെ ചൂടിനെ-
ഞങ്ങൾക്കറിയില്ല!
വായുവിൽ നവ്യനൈർമല്യവും,
ഈ തെളി നീരിൻ തിളക്കവും
വിൽക്കുവതെങ്ങനെ

എന്ന് കളങ്കമില്ലാതെ ചോദിക്കുന്നു.

മൃത്യുവിൽപ്പോലും മറക്കുകില്ലാ ഞങ്ങൾ
പെറ്റമ്മയാകുമീ ഭൂമിയെ! സന്തതി-
വത്സലയാമീ മനോഹരഭൂമിയെ.

ഭൂമിയെ മാതാവായി കാണുന്ന സങ്കല്പം ഇവിടെയും കവി അനുവർത്തിക്കുന്നു. പൂക്കളെ സഹോദരിമാരായും മറ്റു ജീവജാലങ്ങളെ കൂടപ്പിറപ്പായും കാണുന്ന മനോഗതി വസുധൈവകുടുംബം എന്ന ഭാരതീയ ദർശനത്തെതന്നെയാണ് എടുത്തുകാണിക്കുന്നത്.

അധിനിവേശം ഭൂമിയെ മരുപ്പറമ്പാക്കുന്നതിലുള്ള സങ്കടം ഈ കറുത്ത വർഗ്ഗം ഉള്ളിൽപേറുന്നു. മണ്ണിനെ കീറിമുറിക്കാതെ, ജന്തുക്കളെ ഹിംസിക്കാതെ, നദികളെ മലിനമാക്കാതെ ഭൂമിയിൽ ജീവിച്ചുകാണിക്കുന്ന ഒരു ജനത ഭൂമിയോടുള്ള കരുതലിന്റെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുന്നു. മനുഷ്യന്റെ അത്യാർത്തിശമിപ്പിക്കാനുള്ള ഇടമായിമാത്രം മണ്ണിനെ കണക്കാക്കുന്ന ഒരു പുത്തൻസമൂഹത്തിനുമുമ്പിൽ നിഷാദനായി രൂപാന്തീകരണം നടത്തി ഒ.എൻ.വി ഇങ്ങനെ പ്രതിരോധിക്കുന്നു

തുപ്പരുത് ഭൂമിയെ! ഭൂമി നമുക്കമ്മ!
തുപ്പുകിൽ തൻനേർക്കുതന്നെയെന്നോർക്കുക!
ഭൂമി മനുഷ്യന്റെ-
യല്ലാ!- മനുഷ്യനീ
ഭൂമിയുടേതെന്നറിയുന്നവർ ഞങ്ങൾ

ഭൂമിയുടെ നേരെയുള്ള ബലപ്രയോഗങ്ങളും ചൂഷണങ്ങളും മനുഷ്യവർഗ്ഗത്തിന്റെ തന്നെ നിലനിൽപ്പിന്റെ അടിവേരുകളെയാണ് തകർക്കുന്നത് എന്ന തിരിച്ചറിവ് മനുഷ്യനുണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന് ഇവിടെ ഓർമ്മിപ്പിക്കുന്നു

'പുനരപി' എന്ന കവിതയിലും പ്രകൃതിയോടുള്ള സ്നേഹം പ്രകടമാക്കപ്പെടുന്നുണ്ട്. ഇവിടെ പ്രകൃതിയെ തന്റെ ഭാര്യയോടുതന്നെയാണ് ഉപമിക്കുന്നത്. 'ചിരട്ടയും മെഴുതിരിയും', 'വിശുദ്ധി' തുടങ്ങി ഒട്ടേറെ കവിതകളിൽ പാരിസ്ഥിതികാവബോധവും പ്രകൃതിയുടെ നിലനില്പിനെ കുറിച്ചുള്ള ആശങ്കകളും വ്യക്തമാക്കപ്പെടുന്നുണ്ട്. ഇത്തരത്തിൽ സമകാലികരചനകളിൽ വിശ്വമാനവികതാദർശനത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും മാതൃസ്നേഹത്തിന്റെയും സ്ത്രീ-പക്ഷചിന്തയുടെയും സമന്വയത്തിൽ നിന്നുടലെടുത്ത ഒരു ബോധമാണ് രചനകളുടെ അന്തർധാരയായി വർത്തിക്കുന്നത്. പ്രകൃതിയെയും സ്ത്രീയെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒ.എൻ.വിയുടെ ദർശനം തുടർന്നുള്ള അധ്യായത്തിൽ പഠനവിധേയമാക്കുന്നു.

### 3.5 ഒ.എൻ.വിയുടെ ഗാനങ്ങൾ

കവിതകളിലെന്നപോലെ ഗാനരചനാരംഗത്തും തന്റെതായ രചനാശൈലി പുലർത്തിയിരുന്നു ഒ.എൻ.വി. കാവ്യാത്മകഭാഷയിൽ രചിക്കപ്പെട്ട അവ ഗാനരചയിതാവ് എന്ന നിലയിലുള്ള പ്രശസ്തി ആസ്വാദകരിൽ എത്തിച്ചു. ഒ.എൻ.വിയുടെ നിത്യഹരിതങ്ങളായ എത്രയോ ഗാനങ്ങൾ ഇന്നും ജനഹൃദയങ്ങളിൽ ഗൃഹാതുരത്വമോടെ നിറഞ്ഞു നിൽക്കുന്നു.

#### 3.5.1 സിനിമാഗാനങ്ങൾ

1950-ൽ 'കാലം മാറുന്നു' എന്ന ചിത്രത്തിലൂടെയാണ് ഒ.എൻ.വി. ചലച്ചിത്രഗാനരംഗത്തെത്തുന്നത്. ഭാവസാന്ദ്രതയാർന്നതും ആഭിജാത്യം പുലർത്തുന്നതുമായ വരികളാണ് ഒ.എൻ.വിയുടെ ഗാനങ്ങൾ ഉൾക്കൊള്ളുന്നത്. 1500-ഓളം സിനിമാഗാനങ്ങൾ ഒ.എൻ.വി രചിച്ചിട്ടുണ്ട്. തന്റെ കാവ്യസപര്യയുടെ ഭാഗമായിത്തന്നെ ചലിച്ചിത്രഗാനരചനയെയും കണക്കാക്കുന്ന കവി ഭാവതീവ്രതയും ലളിതമായ ബിംബകല്പനകളും അർത്ഥസമ്പുഷ്ടതയും ഒക്കെ സിനിമാഗാനരചനയിലും കാത്തുസൂക്ഷിക്കുന്നു. 1957-ൽ മഹാരാജാസ് കോളേജിൽ അധ്യാപകനായി

ജോലിക്കുകയറിയതോടെ പാട്ടെഴുത്ത് തൽക്കാലം നിർത്തിവച്ചു. തുടർന്ന് 1965-ൽ 'കളിയോടം' എന്ന ചിത്രം മുതൽ 1970-ലെ 'സ്വപ്നം' വരെ ബാലമുരളി എന്ന പേരിൽ ഗാനരചന നടത്തി. ദേവരാജൻ, എം.ബി.എസ്, സലിൽ ചൗധരി, ബാബു രാജ്, വിദ്യാധരൻ മാഷ്, രാഘവൻ മാസ്റ്റർ, ബോംബെ രവി, ഔസേപ്പച്ചൻ, മോഹൻ സിത്താര, ഇളയരാജ, എം.ജി. രാധാകൃഷ്ണൻ, ജയചന്ദ്രൻ തുടങ്ങിയ മലയാളത്തിലെ ഒട്ടുമിക്ക സംഗീതസംവിധായകർക്കൊപ്പവും സഹകരിച്ചിരുന്നു. പാട്ടിന് അർത്ഥഭംഗമുണ്ടാക്കുന്ന സംഗീതപരീക്ഷണങ്ങളിൽ ഒ.എൻ.വി താല്പ ര്യം പ്രകടിപ്പിച്ചിരുന്നില്ല. ഏത് ആൾക്കൂട്ടത്തിനിടയിലും വിശുദ്ധമായ ഒരു ഏകാ ന്തത കാത്തുസൂക്ഷിച്ചിരുന്ന ഒ.എൻ.വിയെ സിനിമയുടെ ആർഭാടവും വർണ്ണക്കാ ഴ്ചകളും തിരക്കും ബഹളവും ഒരിക്കലും പ്രലോഭിപ്പിച്ചിട്ടില്ല. കവിതയിലെന്നപോ ലെത്തന്നെ ചലച്ചിത്രഗാനരചനാരംഗത്തും തന്റേതായ ഒരു ശൈലി രൂപപ്പെടു ത്താൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്. കവിത്വസിദ്ധിയാൽ അനുഗ്രഹീതനായിരുന്ന ഒ.എൻ.വിയുടെ ഗാനങ്ങളിലും ഈ കഴിവ് ദൃശ്യമാണ്. ഒട്ടേറെ പ്രത്യേകതകൾ തന്റെ ഗാനരചനയിലും അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. കല്പനാചിത്രങ്ങൾ വര യ്ക്കുന്നതിനുള്ള കവിയുടെ വൈഭവം മറ്റാരിൽനിന്നും വിഭിന്നമാണ്.

ഒരുവട്ടം കൂടിയെന്നോർമ്മകൾമേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം.......
വെറുതെയീമോഹങ്ങൾ എന്നറിയുമ്പോഴും
വെറുതേ മോഹിക്കുവാൻ മോഹം........(ചില്ല്)

എന്നു തുടങ്ങുന്ന വരികൾ ഇന്നും ഗൃഹാതുരത്വമുണർത്തുന്നു.

കേരളക്കരയുടെ അകൃത്രിമസൗന്ദര്യവും തനിമയും ലാളിത്യവും കേരള ത്തിന്റെ തനതു സംസ്കാരത്തിന് മുതൽക്കൂട്ടാണ്. ഈ സവിശേഷതകളെ എന്നും അഭിമാനപൂർവ്വം കൊണ്ടുനടന്ന കവി ഇവയെ ഗാനങ്ങളിലേക്കും പരിവർത്തിപ്പിച്ചു.

ഓണസങ്കല്പങ്ങൾ മനസ്സിലേക്ക് ഉണർത്തിവിടുന്ന എത്രയോ വരികൾ കവിയുടേ തായിട്ടുണ്ടായിട്ടുണ്ട്.

മഞ്ഞൾപ്രസാദവും നെറ്റിയിൽ ചാർത്തി
മഞ്ഞക്കുറി മുണ്ടും ചുറ്റി
ഇന്നെന്റെ മുറ്റത്തുപൊന്നോണപ്പൂവേ! നീ
വന്നു ചിരിതൂകി നിന്നൂ (നഖക്ഷതങ്ങൾ)

ഓണപ്പൂവേ-പൂവേ-പൂവേ
ഓമൽപ്പൂവേ-പൂവേ-പൂവേ (ഈ ഗാനം മറക്കുമോ)

പൂവേണം, പൂപ്പടവേണം പൂവിളി വേണം!
പൂണാരം ചാർത്തിയ കന്നിപ്പൂമകൾ വേണം
(ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം)

പഴയ ഓണക്കാലഓർമ്മകൾ അവയുടെ തിരിച്ചുവരവിന് ആഗ്രഹമുണർത്തു മ്പോഴും

പുന്നെല്ലിൻ കതിരോലത്തുമ്പത്തു പൂത്തുമ്പി
പൊന്നൂയലാടുന്ന ചേല് കാണാൻ,
പുഴവക്കിൽ പൂക്കൈത കുളുർനിലാച്ചന്ദന-
ക്കുറിയിട്ടു നിൽക്കുന്ന കാഴ്ച കാണാൻ

(മെയ്ഡ് ഇൻ യു.എസ്.എ)

കവി നമ്മെ ക്ഷണിക്കുകയാണ്.

വലിയ അർത്ഥമൊന്നുമില്ലാതെ പദങ്ങൾ ഏച്ചുകെട്ടി ഗാനസംവിധായക രുടെ ഈണത്തിനൊത്ത് പാട്ടെഴുതിയിരുന്ന ചലച്ചിത്രഗാനങ്ങൾക്ക് അർത്ഥ ത്താലും അഴകിനാലും ലാളിത്യത്താലും ഭാവഗരിമയാലും ഉണർവ്വ് നൽകിയതിൽ

ഒ.എൻ.വിയുടെ പങ്ക് നിസ്തുലമാണ്. കവിതയുടെ കതിരൊളിയാൽ ധന്യമാക്കപ്പെട്ട ഭാവഗീതങ്ങളുൾപ്പടെയുള്ള എത്രയോ ഗാനങ്ങൾ ഒ.എൻ.വിയുടെതായിട്ടുണ്ട്. ''സ്വരങ്ങളുടെ ചട്ടക്കൂടിനകത്ത് ഞെരുങ്ങുന്ന കുറേയധികം അക്ഷരങ്ങൾക്കപ്പുറത്ത് കവിത കിനിയുന്ന ഒരാത്മാവു തനിക്കുണ്ടെന്ന് മലയാളഗാനങ്ങളെക്കുറിച്ച് സ്വത്വബോധത്തോടെ പറയിക്കാൻ കഴിഞ്ഞതിൽ ഒ.എൻ.വിയുടെ സംഭാവനകൾ ഒന്നാമതാണ്''[30]. ഈ വരികൾ ഉദാഹരണമായെടുക്കാം.

വാതിപ്പഴുതിലൂടെന്മുന്നിൽ കുങ്കുമം
വാരിവിതറും തൃസന്ധ്യപോലെ
...................................
പിൻനിലാവിന്റെ പിച്ചകപ്പൂക്കൾ
ചിന്നിയ ശയ്യാതലത്തിൽ
കാതരയാം ചന്ദ്രലേഖയും
ഒരു ശോണരേഖയായ് മായുമ്പോൾ.............

എള്ളിൽ എണ്ണകണക്കെ പാട്ടിന്നകം വിങ്ങിത്തൂവുന്ന കവിതയുടെ സുഗന്ധം ഒ.എൻ.വിയുടെ ഗാനങ്ങൾക്ക് വേറിട്ടൊരു വ്യവഹാരതലം സമ്മാനിക്കുകയാണ് എന്ന് ഏഴാച്ചേരി രാമചന്ദ്രൻ അഭിപ്രായപ്പെട്ടത് അതിശയോക്തിയാകുന്നില്ല.

ഹൃദയവികാരങ്ങളെ പാടിയുണർത്തുന്ന സംഗീതമായി മാറാൻ കഴിവുള്ള ഒ.എൻ.വിയുടെ പാട്ട് ചിലപ്പോൾ അതിരുകളില്ലാത്ത ദുഃഖത്തിൽനിന്നും ശാന്തഭാവത്തിലേക്ക് മനസ്സിനെ നയിക്കുന്ന ഗാനമെന്ന നിലയിലും എത്തുന്നുണ്ട്. 'സാഗരമേ ശാന്തമാക നീ.......' എന്നത് ഇതിന് നിദർശനമാണ്. മലയാളസിനിമയിലെ പ്രണയഗാനങ്ങളിൽ എക്കാലത്തും ഒന്നാമതായി നിൽക്കുന്നത് ഒ.എൻ.വിയുടെ ഗാനങ്ങളാണെന്നുകാണാം. ആദ്യകാല പ്രണയഗാനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് 'കാട്ടുപൂക്കൾ' എന്ന ചിത്രത്തിലെ മാണിക്യവീണയുമായെൻ മനസ്സിന്റെ എന്നു തുടങ്ങുന്ന ഗാനമാണ്. 'ഉൾക്കടൽ' എന്ന ചിത്രത്തിലെ ശരദിന്ദുമലർദീപനാളം

നീട്ടി എന്നു തുടങ്ങുന്ന വരികളിൽ പ്രണയം ശുഭപര്യവസായിയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്ന പ്രണയിതാക്കളാണുള്ളത്. താൻ ഇഷ്ടപ്പെടുന്ന പെൺകുട്ടി തന്റെ സുഹൃത്തിനെയാണ് ഇഷ്ടപ്പെടുന്നത് എന്നറിഞ്ഞ ഒരു യുവാവിന്റെ ഗാനമാണ് നീർമിഴിപ്പീലിയിൽ നീർമണി തുളുമ്പി എന്നത്. തലമുറകളിൽ നിന്നും തലമുറകളി ലേക്ക് പടർന്നുകയറുന്ന ഒരു പ്രണയഗാനമാണ് നഖക്ഷതങ്ങളിലെ ആരെയും ഭാവഗായകനാക്കും എന്നു തുടങ്ങുന്ന വരികൾ. പ്രണയവും സൗഹൃദവും ഇഴ ചേർത്തതാണ് അരികിൽ നീയുണ്ടായിരുന്നെങ്കിൽ... എന്ന ഗാനം.

സംസ്കൃതം കൈകാര്യം ചെയ്യുന്നതിലുള്ള കവിയുടെ കഴിവ് തെളിയിക്കു ന്നതാണ് കുമാരസംഭവത്തിലെ ഗാനം.

പൊൽത്തിങ്കൾക്കല പൊട്ടുതൊട്ടഹിമവൽ-
ശൈലാഗ്രശൃംഗത്തിൽ, വെൺ
കൊറ്റപ്പൂങ്കുടപോൽ വിടർന്ന വിമലാ-
കാശാന്തരംഗങ്ങളിൽ
നൃത്യദ്ധൂർജടി ഹസ്തമാർന്ന തുടിത-
ന്നുത്താള ഡുംഡും രവം.......

എന്ന വരികളിൽ സംസ്കൃതവും മലയാളവും ഇടകലർത്തി എഴുതിയിരിക്കുന്നു.

പൂവുകളായിരം കീറിമുറിച്ചു ഞാൻ എന്ന വരികളിൽ കവിയുടെ തത്വചി ന്താപരമായ ആശയങ്ങളാണ് കോറിയിടപ്പെട്ടിരിക്കുന്നത്. നിരവധി ഭക്തിഗാന ങ്ങളും കവിയുടെതായിട്ടുണ്ട്. ശ്രീ ഗുരുവായൂരപ്പൻ എന്ന സിനിമയിലെ ഈശ്വരൻ മനുഷ്യനായ് അവതരിച്ചു, ഗുരുവായൂരപ്പന്റെ തിരുവമൃതേത്തിന്, ഇന്ദീവരദല നയനാ കൃഷ്ണാ എന്നീ ഗാനങ്ങൾ പ്രശസ്തമാണ്. ഇങ്ങനെ മലയാളിയുടെ മന സ്സിനും കാതിനും കുളിരേകുന്ന എത്രയെത്ര ഗാനങ്ങൾ ഒ.എൻ.വിയിൽ നിന്നും നമുക്ക് ലഭിച്ചു. ഇന്ദ്രനീലിമയോലുന്ന മിഴിപ്പൊയ്കയും, ഇന്ദുപുഷ്പം ചൂടി നിൽക്കുന്ന രാത്രിയും വാതിൽപ്പഴുതിലൂടെ മുന്നിൽ വന്ന് കുങ്കുമം വിതറി ഏതോ

വഴിയിൽ മാഞ്ഞുപോകുന്ന സന്ധ്യയും അഴകുള്ള പെണ്ണായൊഴുകുന്ന പുഴയുമൊക്കെ ഒ.എൻ.വി എന്ന കവിയുടെ മനസ്സിൽ നിന്നും മാത്രം ഊറിവരുന്ന ബിംബങ്ങളാണെന്നുകാണാം. ലാളിത്യത്താലും കവിത്വസിദ്ധിയാലും തരളവും തീക്ഷ്ണവും രാഗസുരഭിലവുമായ ഭാവങ്ങളാൽ നിറയ്ക്കപ്പെട്ട ആ വരികൾ ഏതുകാലത്തെയും സഹൃദയരെ സന്തോഷിപ്പിക്കുമെന്നുള്ളത് നിസ്തർക്കമാണ്. ''ചലച്ചിത്രത്തിന്റെ രൂപഭാവങ്ങളിൽനിന്നു വേറിട്ടുനിർത്തിയാലും സ്വതന്ത്രകലാശില്പങ്ങളെന്ന നിലയിൽ അസ്തിത്വമുള്ളവയാണ് ഒ.എൻ.വി ഗാനങ്ങൾ. അരികിൽ നീയുണ്ടായിരുന്നെങ്കിൽ എന്ന് ഒരു മാത്ര വെറുതെ നിനപ്പിക്കും വിധം ഹൃത്തന്ത്രികൾ മീട്ടിക്കുന്ന ആ വൈദഗ്ധ്യം സുകുമാര കവിയുടെ

മന്ദാകിനി യച്ഛ്ലിഖരേ വഹന്തീ
കുല്യാപഥാഭ്യന്തര സംപ്രവിഷ്ടാ
ബാലേവ തദ്രക്ഷണ സംപ്രവൃത്താ
ദിനേദിനേ സിഞ്ചതി പുഷ്പവാടിം

എന്ന കാവ്യവൈഖരിയെ ഓർമ്മിപ്പിക്കുന്നു.''[31] അതിമനോഹരങ്ങളായ കല്പനാചിത്രങ്ങൾ വരയ്ക്കുക, മലയാളിയുടെ സഞ്ചിതസംസ്കാരം ഉൾക്കൊണ്ട് രചന നടത്തുക, സന്ദർഭോചിതമായി കവിത എഴുതുക ആഭിജാത്യസ്വരം പ്രവഹിക്കുന്ന രീതിയിൽ ഗാനരചന നടത്തുക തുടങ്ങിയവ ഒ.എൻ.വിയുടെ ഗാനരചനയുടെ പ്രത്യേകതകളാണെന്ന് എടുത്തുപറയാവുന്നതാണ്.

ഒ.എൻ.വിയുടെ ചലച്ചിത്രഗാനങ്ങളിൽ മിക്കവയും ഭാവഗാനങ്ങളുടെ ഗണത്തിലുൾപ്പെടുത്താവുന്നതാണ്. ഭാവത്തിന്റെ വൈവിധ്യവും സംഗീതത്തിന്റെ മാധുര്യവും ഉള്ളടങ്ങിയതും ലാളിത്യമാർന്നതും ലാവണ്യമാത്മകവുമായ രചനാവൈശിഷ്ട്യംകൊണ്ട് അസുലഭങ്ങളായ അനുഭൂതി അവ പ്രദാനം ചെയ്യുന്നു. പുഴയും കാട്ടാറും സാഗരവും വാനവും കാട്ടുമൈനയും ഓലഞ്ഞാലിക്കിളിയും വിഷുപ്പക്ഷിയും ഓണക്കിളിയും കവിയുടെ ഗാനങ്ങളിൽ പാടുന്നു. ജൈവാവസ്ഥകളെയും

പ്രകൃതി സ്പന്ദനങ്ങളെയും വിളക്കിച്ചേർക്കുന്ന ഭാവനാശക്തിതന്നെയാണ് ഇവിടെ പ്രകടമാകുന്നത്. മാണിക്യവീണ, മൺവീണ, വിപഞ്ചിക, തംബുരു തുടങ്ങിയ സംഗീതോപകരണങ്ങളെ സ്നേഹത്തിന്റെയും പ്രണയത്തിന്റെയും കാല്പനികതയുടെയും സൗന്ദര്യത്തിന്റെയും പ്രതീകങ്ങളായി ആവിഷ്കരിക്കുമ്പോൾ വൈകാരികാനുഭവങ്ങളെ സംഗീതത്തോടും സംഗീതോപകരണങ്ങളോടും ചേർത്തുവയ്ക്കുന്ന ഒരു രചനാശൈലി ദർശിക്കാം.

കിന്നരമണിതംബുരു മീട്ടി.....

മാണിക്യവീണയുമായെൻ മനസ്സിന്റെ...

എന്റെ മൺവീണയിൽ കൂടണയാനൊരു.......

പോരൂ നീയെൻ ലോലമാമീ ഏകതാരയിൽ..........

വിപഞ്ചികേ വിടപറയും മുമ്പൊരു...........

ശതതന്ത്രിയാകും മണിവീണ, യീവിശ്വ

ഹൃദയമൊരു മാണിക്യവീണ.........

തുടങ്ങി എത്രയോ ഗാനങ്ങൾ ഇങ്ങനെ സംഗീതവുമായി ചേർത്ത് ഉദാഹരിക്കാനാകും. പ്രപഞ്ചതാളത്തെയും ജീവന്റെ സംഗീതത്തെയും ഇഴചേർത്ത് തന്റെ ഗാനങ്ങൾക്ക് മനോഹാരിത ഏറ്റുമ്പോൾത്തന്നെ അവ ഭാവാർത്ഥഗഹനവും പദസൗകുമാര്യമാർന്നതും ആയിരിക്കാൻ കവി ബദ്ധശ്രദ്ധനുമാണ്.

സപ്തസ്വരങ്ങളുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തലുകളില്ലാതെത്തന്നെ ഭാവാത്മകമായ ആന്തരികസംഗീതംകൊണ്ട് അനുഗ്രഹീതമാണ് ഒ.എൻ.വിയുടെ ഗാനങ്ങൾ. സംഗീതത്തിനോട് ചെറുപ്പംമുതലേ വച്ചുപുലർത്തിയ ആരാധനാമനോഭാവമാകാം ഗാനങ്ങൾക്ക് ഈ ആന്തരികസംഗീതം പ്രദാനം ചെയ്യുന്നത്. വരികൾക്ക് യോജിച്ച ഈണം, ഈണത്തിനുചേർന്ന താളം, താളത്തിന് അനുരൂപമായ ഭാവം, ഈ ഭാവത്തെ പ്രകാശിപ്പിക്കാനുതകുന്ന ശബ്ദം ഇവയൊക്കെ ചേരുമ്പോഴാണ് ഒരു ഗാനം അതിന്റെ ഭാവത്തെയും അർത്ഥത്തെയും പൂർണ്ണമാക്കുന്നത്.

ഒ.എൻ.വിയുടെ ഗാനങ്ങൾക്ക് സ്വതവേതന്നെയുള്ള ഈണത്തിനൊപ്പം ഭാവവും അർത്ഥവും ലാളിത്യബോധവും ഉണ്ട്. അതോടൊപ്പം അവ നമ്മുടെ സംസ്കാര ത്തിന്റേയും സ്മൃതിമേഖലയുടേയും ആത്മാംശത്തെക്കൂടി ഉൾക്കൊള്ളുന്നു. അതു കൊണ്ടുതന്നെ ഒ.എൻ.വിയുടെ ഗാനങ്ങൾ അപൂർവ്വസുന്ദരവും ഭാവസാന്ദ്രങ്ങളുമാ കുന്നു.

ഒ.എൻ.വിക്ക് സിനിമാഗാനങ്ങൾ തന്റെ പാണ്ഡിത്യപ്രകടനത്തിനുള്ള ഇടമ ല്ല. തന്റെയുള്ളിലെക്കെത്തിയ കഥയുടെ സാഹചര്യത്തിനനുസരിച്ച് അർത്ഥസമ്പു ഷ്ടമായും ഭാവസമ്പൂർണ്ണവുമായി രചന നടത്തി ആസ്വാദകർക്ക് സംതൃപ്തിയേ കാൻ അദ്ദേഹത്തിന്റെ സിനിമഗാനങ്ങൾക്ക് കഴിഞ്ഞു എന്നതിന് തെളിവാണ് മികച്ച ഗാനരചനയ്ക്ക് പതിനാല് തവണ സംസ്ഥാന അവാർഡും മൂന്നുതവണ ദേശീയ അവാർഡും ലഭിച്ചത്. ഒരു വട്ടം കൂടിയെൻ, ആരെയും ഭാവഗായകനാ ക്കും, മഞ്ഞൾപ്രസാദവും, അരികിൽ നീയുണ്ടായിരുന്നെങ്കിൽ, എന്തിനിച്ചിലങ്കകൾ, ഒരു ദളം മാത്രം, എന്റെ മൺവീണയിൽ, പൊൽതിങ്കൾക്കല.....തുടങ്ങി വിഷാദഭാ വവും ഗൃഹാതുരത്വവും പ്രണയതീവ്രതയും പ്രകൃതിഭംഗിയെക്കുറിക്കുന്നതും തത്വചിന്താപരവുമായ കവിതയുടെ സൗന്ദര്യമുള്ള എത്രയെത്രഗാനങ്ങൾ ഒ.എൻ. വിയുടേതായി നമുക്ക് ലഭിച്ചു. സംഗീതവും സാഹിത്യവും ഒ.എൻ.വിയുടെ സിനി മാഗാനങ്ങളിൽ പരസ്പരപൂരകമായി വർത്തിക്കുന്നു. ഗാനരചനയിൽ കവിതയുടെ വഴികളെക്കുറിച്ചുമാത്രമല്ല അതിന്റെ സംഗീതത്തിന്റെ ജനകീയാംശത്തെക്കുറിച്ചും അദ്ദേഹം ചിന്തിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നുണ്ട്. ഗാനങ്ങളിലെ കവിത്വത്തിനും ഭാവനയ്ക്കും പ്രാധാന്യമുള്ള അത്യന്തം കാവ്യാത്മകമായ ഗാന ങ്ങൾ വാക്കുകൾക്കുള്ളിലെ സംഗീതത്തോടൊപ്പം ബാഹ്യസംഗീതത്തെയും ഉൾക്കൊണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യജീവിതത്തിലുടനീളം ഈ സംഗീത ബോധം അടിസ്ഥാനശ്രുതിയായി വർത്തിക്കുന്നുണ്ട്. താൻ ഉൾപ്പെടെയുള്ള നാടിന്റെ സംസ്കാരത്തിനിണങ്ങുംവിധം അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് നാടോടി പാരമ്പര്യത്തിന്റെ തനിമകാത്ത് സാമൂഹികവീക്ഷണത്തിന് പ്രാധാന്യം

നൽകി അദ്ദേഹം സിനിമാഗാനങ്ങൾ എഴുതിയപ്പോൾ സംഗീതത്തിന്റെ സൗന്ദര്യാത്മകതയിലേക്ക് ആസ്വാദകരെ ആവാഹിച്ചു. ഗാനങ്ങൾ സിനിമയെ വിജയത്തിന് പ്രാപ്തമാക്കിയ ഒരു ഘടകമായും വർത്തിച്ചുതുടങ്ങിയത് ഒ.എൻ.വി യുഗത്തിലാണ്. ഏതു സാഹചര്യത്തിലായാലും എഴുതുന്ന വാക്കുകൾക്ക് അർത്ഥവും പദപ്രയോഗങ്ങൾക്ക് സാധുതയും വരികൾക്ക് കൃത്യമായ ആശയവും വേണമെന്ന നിഷ്ക്കർഷ ഒ.എൻ.വി എന്നും പുലർത്തിയിരുന്നു.

### 3.5.2 നാടകഗാനങ്ങൾ

ലോകജനതയെത്തന്നെ പുരോഗമനാത്മകമായ മാറ്റങ്ങൾക്ക് വിധേയമാക്കിയ ഒരു പ്രതിഭാസമാണ് നവോത്ഥാനം. ഓരോകാലത്തും സാമൂഹ്യവ്യവഹാരങ്ങളെ നിയന്ത്രിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നത് ആ ദേശത്ത് പ്രാധാന്യം നേടുന്ന അറിവ് അധികാരങ്ങളാണ്. എന്നാൽ ഈ അറിവധികാരങ്ങളാകട്ടെ പ്രത്യക്ഷത്തിൽത്തന്നെ ലിംഗാധിപത്യവുമായി ബന്ധമുള്ളതുമാണ്. മണ്ണിന്റെ ഗന്ധവും ജീവിതത്തിന്റെ മിടിപ്പുകളും വിയർപ്പിന്റെ ഉപ്പും പ്രതിഫലിക്കുന്ന കലാസൃഷ്ടികൾ സാമൂഹികപരിവർത്തനത്തിന് പ്രേരകമാകുന്നു എന്ന തിരിച്ചറിവിൽ ഉടലെടുക്കപ്പെട്ട കെ.പി.എ.സി കേരളത്തിലെ ജനങ്ങൾക്ക് സുപരിചിതമായ ഒരു കലാപ്രസ്ഥാനമാണ്. സംഗീതനാടകപ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിലായിരുന്നു കെ.പി.എ.സിയുടെ അരങ്ങേറ്റം. സ്വാതന്ത്ര്യാനന്തരകാലത്തും കേരളത്തിലെ അടിസ്ഥാനവർഗ്ഗത്തിന്റെ അവസ്ഥ ദൈന്യതയാർന്നതായിരുന്നു. കെ.പി.എ.സിയിലെ നാടകങ്ങളോടൊപ്പം ഇവയിലെ ഗാനങ്ങളും അടിസ്ഥാനവർഗ്ഗ ഏകോപനത്തിനും അവരുടെ ഉയർച്ചക്കും വളരേയേറെ പ്രചോദനമായി. വിപ്ലവവീര്യമുണർത്തുന്ന, സാമൂഹികപ്രതിബദ്ധത നിറഞ്ഞ അസംഖ്യം നാടകഗാനങ്ങളുടെ രചയിതാവ് കൂടിയാണ് ഒ.എൻ.വി. ''രംഗവേദിയിൽ മുഴുങ്ങുകയും ഒട്ടും വൈകാതെ വിസ്മൃതിയിലാണ്ടുപോവുകയും ചെയ്തിരുന്ന അത്രയൊന്നും നിലവാരം അവകാശപ്പെടാനില്ലായിരുന്ന നാടകഗാനങ്ങളുടെ സ്ഥാനത്ത് ചലച്ചിത്രഗാനങ്ങളെ വെല്ലുന്ന പാട്ടു

കൾ ഒ.എൻ.വിയിൽനിന്നും പിറവികൊണ്ടപ്പോൾ അത്യാവശേത്തോടെയാണ് കലാകേരളം അവയെ നെഞ്ചേറ്റിയത്.''[32] അടിസ്ഥാനവർഗ്ഗ ഏകോപനത്തിനും അവരുടെ ഉയർച്ചയ്ക്കും വളരെയേറെ പ്രചോദനമായിരുന്നു ഒ.എൻ.വിയുടെ വരികൾ. കേരളത്തിലെ പൊതു ഇടങ്ങളിൽ അക്കാലത്തെ സ്ത്രീകൾക്കുണ്ടായിരുന്ന സാമൂഹികപദവിയെ നോക്കിക്കാണാൻ ആ ഗാനങ്ങളിലൂടെ സാധിക്കുന്നുണ്ട്. കേരളത്തിലെ അടിസ്ഥാനവർഗ്ഗ സമുദ്ധാരണത്തിന് എങ്ങനെ പ്രചോദനമായി എന്നതും സാമൂഹ്യഉന്നമനം സാധ്യമാക്കാനുള്ള പ്രതിരോധപ്രവർത്തനങ്ങളിലേക്ക് ഒ.എൻ.വിയുടെ നാടകഗാനങ്ങൾ സ്ത്രീകളെ എപ്രകാരം ആകർഷിച്ചു അഥവാ അവയിലെ സ്ത്രീ ആവിഷ്കാരം ഏതു തരത്തിലാണ് എന്നുമുള്ള ഒരു അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

### 3.5.3 ഒ.എൻ.വിയുടെ നാടകഗാനശൈലി

നമ്മുടെ പ്രകൃതിയിലെ ഹരിതാഭമാകുന്ന കാഴ്ചകളും തോടുകളും കുളങ്ങളും മഞ്ഞും മാമ്പൂവും നമുക്കുനൽകുന്ന ഗൃഹാതുരമായ അവസ്ഥപോലെ ഒ.എൻ.വിയുടെ നാടകഗാനങ്ങളും മാധുര്യമേറിയ ഒരു ഹൃദയാവസ്ഥയാണ് നമുക്കേകുന്നത്. ഒ.എൻ.വിയുടെ നാടകഗാനങ്ങൾക്ക് നാടൻ ശീലുകളുമായും നാടോടിപ്പാട്ടുകളുമായും വളരെയധികം ബന്ധമുണ്ട്. കാവ്യപ്രകാശനത്തിന് അനുയോജ്യമാകുന്ന തരത്തിലുള്ള താളബോധവും അദ്ദേഹം പ്രകടിപ്പിക്കുന്നു. വൈകാരികവും ബുദ്ധിപരവുമായ കാവ്യരചനയിൽ മൃദുലവും ആർദ്രവും സുന്ദരവുമായ അനുഭൂതിവിശേഷങ്ങളെ പ്രകടമാക്കാൻ സംഗീതത്തിന്റെ ശക്തി ആവശ്യമായി വരുന്നു. ഒ.എൻ.വിയുടെ സംഗീതബോധം ആ രചനാശൈലിയെ കരുപ്പിടിപ്പിക്കുന്നതിൽ വളരെയേറെധികം സഹായിച്ചിട്ടുണ്ട്. അക്കാലത്തെ കേരളീയരുടെ വികാരവിചാരങ്ങളുടെ സ്വതന്ത്രമായ ആവിഷ്കാരത്തിന് നാടൻശീലുകളും ദ്രാവിഡവൃത്തങ്ങളും തന്നെയാണ് കൂടുതൽ ഇണങ്ങുക. ഒരു പക്ഷെ സാധാരണക്കാരായ തൊഴിലാളി വർഗ്ഗജനതയുടെ ആത്മാവിലേക്കിറങ്ങിച്ചെല്ലാൻ കവിയുടെ നാടകഗാ

നങ്ങൾക്ക് സാധിച്ചത് ഈ ചേരുവ കാരണവുമാകാം. അവതരണഗാനങ്ങൾ, സംഘഗാനങ്ങൾ, കഥാഗാനങ്ങൾ, വായ്മൊഴികൾ, വിപ്ലവഗാനങ്ങൾ തുടങ്ങി പല തരത്തിൽപ്പെട്ടവയാണ് അദ്ദേഹത്തിന്റെ നാടകഗാനങ്ങൾ.

കെ.പി.എ.സിയാണ് അവതരണഗാനം പ്രചാരത്തിൽകൊണ്ടുവന്നത്. ഇതിൽ തന്നെ 'മുടിയനായ പുത്രൻ' എന്ന നാടകത്തിന് ഒ.എൻ.വി എഴുതിയ

തുഞ്ചൻപറമ്പിലെ തത്തേ വരൂ
പഞ്ചവർണ്ണക്കിളിത്തത്തേ

എന്ന ഗാനം ഇന്നും നിത്യശോഭയാർന്നുനിൽക്കുന്നു. 'നിങ്ങളെന്നെ കമ്മ്യൂണി സ്റ്റാക്കി'യുടെ അവതരണഗാനമായ ദീപങ്ങൾ മങ്ങി, 'മൂലധനത്തി'ന്റെ വസന്തഗാ യകരെ, 'പുതിയ ആകാശം പുതിയ ഭൂമി'യുടെ വരൂ യുഗപ്രഭാതമേ തുടങ്ങിയവ ഏതൊരു മനുഷ്യന്റെയും സർഗ്ഗചേതനയെ ഉണർത്താൻ പോന്നതാണ് എന്നു പറ യാതെ വയ്യ.

കഥാഗാനങ്ങളാകട്ടെ ഒരു ചെറുകഥ ആകർഷണീയമാക്കി പറയുന്നരീതിയി ലുള്ളതാണ്. അമ്പിളിയമ്മാവാ, ചെപ്പുകിലുക്കുന്ന ചങ്ങാതി, തുടങ്ങിയവ നാടൻ ചൊല്ലുകളുടെ ചിട്ടവട്ടത്തിൽ മുത്തശ്ശിമൊഴികൾപോലെ മാധുര്യമാർന്നതാണ്. വിപ്ലവഗാനങ്ങളാകട്ടെ യഥാർത്ഥത്തിൽ പൊരുതുന്ന സൗന്ദര്യത്തിന്റെ നേർച്ചിത്ര മാണ് എന്നു കാണുന്നു. വളരെയധികം സൗമ്യമായി, ആർദ്രമായി, അതിലേറെ ലളിതമായി രചിച്ചിരിക്കുന്ന വരികൾ മിക്കതും ഗഹനങ്ങളായ ചിന്തകളെ, ആഹ്വാ നങ്ങളെ, മുന്നറിയിപ്പുകളെ ഉൾക്കൊള്ളുന്നതാണ്. നിങ്ങളെന്ന കമ്മ്യൂണിസ്റ്റാക്കി എന്നത് ഒരു വിപ്ലവനാടകമായിരുന്നു. അതിലെ ഗാനങ്ങളാകട്ടെ വിപ്ലവചിന്തയുടെ പുതുശോഭയാർന്നതും. അതുവരെകേട്ട ഗാനരീതിയിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ഇടയിൽനിന്നും ആരോ കയറിവന്ന് പാടുന്നതുപോലെ ഓരോ സഹൃദ യനും അത് ഞാനാണ് എന്ന് തോന്നിക്കുംവിധം മധുരമായ ഒരുരീതി. എല്ലാം

കൊണ്ടും പുതിയൊരു മാനവസംസ്കാരത്തിന് അടിത്തറപാകുന്നവ കൂടിയായിരുന്നു അവ.

### 3.5.4 അടിസ്ഥാനവർഗ്ഗത്തോടുള്ള മമത

തൊഴിലാളിവർഗ്ഗത്തോട് പ്രത്യേകമായ ഒരു താല്പര്യം എന്നും ഒ.എൻ.വി പുലർത്തിയിരുന്നു. ഉദാഹരണമായി ഈ വരികൾ ശ്രദ്ധിക്കാം.

പൊന്നരിവാളമ്പിളിയില്...........
ഒത്തുനിന്നീ കൂട്ടരുമായ് വിത്തുചേറി നീയ്
ഞാറുകുത്തി ഞാറുകുത്തി ചേറിൽമുങ്ങി നീയ്
(നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി )

പാടുപെട്ടു പണിയെടുക്കും നമ്മളൊന്നാണേ
കതിരുകൊയ്തു പതിരുതിന്നും നമ്മളൊന്നാണേ

(കെ. പി. എസി.യുടെ സമൂഹഗാനം)

ഇതു കേൾക്കുന്ന ഒരു തൊഴിലാളിക്ക് അവരറിയാതെതന്നെ ഈ വരികളോട് താദാത്മ്യം പ്രാപിക്കുന്ന ഒരവസ്ഥയുണ്ടാകുന്നു.

വയലിന്റെ മക്കൾക്കീ കൈച്ചങ്ങലമാത്രം
വയർ നിറച്ചുണ്ണുന്നത് പത്തായം മാത്രം
പുലരുകയായ് പുലരുകയായ് പുലരിത്തിരിവെട്ടം
കൂരിരുൾച്ചങ്ങലകൾ പൊട്ടിച്ചെറിയാൻ
(നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)

ആരിയൻ കറ്റകളാരിയൻ കറ്റകൾ
ആരുടെ മുറ്റത്തു കൊണ്ടുവയ്ക്കും.........

കോയിക്കൽ തമ്പുരാൻ തന്തോയം കൊണ്ടാലും
കോരന്നു കുമ്പിളിൽ കഞ്ഞിയാണേ

(പുതിയ ആകാശം പുതിയ ഭൂമി)

ജന്മിയുടെ കുടിയാനായി ജീവിതം തള്ളി നീക്കിയ കീഴാളപുലയന് തന്റെ ജീവിത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടത്തിന് ഈ വരികൾ പ്രേരകമായി. താൻ ഇതുവരെ ചെയ്തതെന്ത് എന്ന തിരിച്ചറിവ് അവനിൽ പ്രതിരോധത്തിന്റെ പുതുനാമ്പുകൾ മുളയിടാൻ കാരണമാക്കി. അക്കാലത്തെ സമൂഹത്തിന്റെ ഒരു നേർച്ചിത്രം തന്നെയായിരുന്നു ഈ വരികൾ.

തൊഴിലാളികളുടെ സംഘടനാശക്തിയോളം ബലം മറ്റൊരു സംഘടിത ശക്തിക്കും ഉണ്ടാകില്ലെന്നു മനസ്സിലാക്കിയ കവി സംഘടിച്ചു ശക്തരാകാൻ പലപ്പോഴും അവരെ തന്റെ വരികളിലൂടെ പ്രചോദിപ്പിക്കുന്നുണ്ട്. അങ്ങനെ ആത്യന്തിക വിജയം നേടാൻ കഴിവുള്ള തൊഴിലാളിവർഗ്ഗം സംഘടിച്ചു മുന്നോട്ടു നീങ്ങണം എന്ന് കവി ആഹ്വാനം ചെയ്യുന്നതിപ്രകാരമാണ്.

നേരം പോയ് നേരം പോയ് നേരേനാമൊന്നിച്ചാൽ
നമ്മളു കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ

(നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)

ഇന്ത്യ സ്വതന്ത്ര്യയായെങ്കിലും അധ്വാനിക്കുന്ന വർഗ്ഗത്തിന് അവരുടെ നല്ല നാളെ ഇന്നും ഒരു സ്വപ്നമാണ് എന്ന് മനസ്സിലാക്കിയ കവി അതിനുകാരണമാകുന്നത് തൊഴിലാളികളുടെ തൊഴിലിന്റെ ഫലമെടുത്ത് സ്വത്തു സമ്പാദിക്കുന്ന ജന്മിത്തമ്പ്രാക്കളാണെന്നും അതിനാൽ അവർക്കെതിരെ പോരാടേണ്ടത് അനിവാര്യമാണെന്നും ഉദ്ഘോഷിക്കുന്നു. തമ്പ്രാക്കന്മാരുടെ സഭ്യതയില്ലാത്ത പെരുമാറ്റങ്ങൾക്കെതിരെ പടവാളെടുക്കേണ്ടതും അധഃസ്ഥിതനെന്നു മുദ്രകുത്തപ്പെട്ട കീഴാളപുലയനാണെന്ന് പ്രഖ്യാപിക്കുന്ന കവി ജന്മിവർഗ്ഗത്തിന്റെ ക്രൂരതകളെ ഉറക്കെ വിളിച്ചുപറയാൻ മടിക്കുന്നില്ല എന്ന് ഈ വരികൾ തെളിയിക്കുന്നു.

പണ്ടുപണ്ടു നാടുവാഴിത്തമ്പിരാക്കൾക്കായ് നമ്മൾ
തണ്ടുവലിച്ചേ മണിമഞ്ചൽ ചുമന്നേ
കൈകുഴഞ്ഞുവീണനേരം ചാട്ടവാറുകൾചീറി
ചാട്ടവാറുകൾ (സമൂഹഗാനം)

മർദ്ദിതവർഗ്ഗമായ തൊഴിലാളികളുടെ നിരന്തര പോരാട്ടങ്ങളിലൂടെ സമത്വപൂർണ്ണ മായ ഒരു നല്ല നാളെ സമാഗതമാകണം എന്നും കവി ആഗ്രഹിച്ചിരുന്നു, വിശ്വസി ച്ചിരുന്നു. അത് 'സർവ്വേകല്ലി'ലൂടെ വരച്ചിടുകയും ചെയ്തു.

നിൻപൊൻകിനാവാർന്ന നാളെ
പുലർന്ന രാഗരേഖ കാണ്മൂ മുന്നിൽ (സർവ്വേകല്ല്)

ഇതിന് പ്രചോദനമാകുന്നത് കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രമാണ് എന്ന് കവിക്കഭി പ്രായമുണ്ട്. കെ.പി.എ.സിയുടെ സമൂഹഗാനത്തിലൂടെ കവി അതും എടുത്തുപറ യുന്നു.

ചെങ്കൊടിതൻ ചേല് കണ്ട് നാടുണരുന്നേ
നാളെ നല്ലൊരോണമുണ്ണാൻ നാടുണരുന്നേ..........

കേരളീയ സമൂഹത്തിൽ നടന്ന ഫ്യൂഡൽവിരുദ്ധ പോരാട്ടങ്ങൾക്ക് ഒ.എൻ.വിയുടെ 'നമ്മള് കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്ന വരികൾ നൽകിയ ഊർജ്ജം ചെറുതായിരുന്നില്ല. മറ്റൊരു ഗാനത്തിനും നേടാൻ കഴിയാത്ത ഒരു പ്രചാരം ഇതിനുണ്ടായിട്ടുണ്ട്. ചരിത്രം രേഖപ്പെടുത്താനെന്നപോലെ ചരിത്രം രൂപപ്പെടുത്താനും സാഹിത്യരചന ചിലപ്പോൾ പ്രാപ്തമാകാറുണ്ട് എന്നതിന് ഇതിൽ പരം ഒരു നിദർശനമില്ല. 'മലയാളനാടകകലയുടെ രംഗവേദിയിൽ ഇതളിട്ട തുടുത്ത രക്തപുഷ്പങ്ങളാണ് ഒ.എൻ. വിയുടെ നാടകഗാനങ്ങൾ'[33] 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്നതിലെ ഒ.എൻ.വിയുടെ ഗാനരചനയോടെ മലയാളനാടക രചനാരംഗത്ത് പുതിയൊരു ഗാനസംസ്കാരം തന്നെ ഉടലെടുത്തു. ഈ

സംസ്കാരം എന്നും ആസ്വാദകരെ അടിസ്ഥാനവർഗ്ഗത്തിനൊപ്പം അണിചേർക്കാൻ പര്യാപ്തവുമായിരുന്നു. ഓരോ ഗാനവും നമ്മുടെ സാമൂഹ്യജീവത്തെ പ്രതിഫലിപ്പിക്കുകയും കീഴാളജീവിതങ്ങൾക്ക് ജന്മിത്തത്തിനെതിരെ പ്രതികരിക്കാൻ പ്രചോദനമാകുകയും ചെയ്യുന്നു. ഓരോ വരിയും കാർഷിക സംസ്കാരത്തെ, തൊഴിലാളി വർഗ്ഗത്തിന്റെ നന്മയെ, പ്രകൃതിയെ, സാംസ്കാരിക ഭൂമിശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്നു. ഇതോടൊപ്പം എടുത്തുപറയേണ്ടുന്ന ഒരു കാര്യം മൺമറഞ്ഞുപോയ കാർഷികസംസ്കാരത്തെയും അതിന്റെ ജീവസ്സുറ്റ ഭാഷയെയും പ്രകൃതി മനോഹാരിതയെയും ഒക്കെ ഇന്നത്തെ പുത്തൻതലമുറക്ക്, ഫ്ളാറ്റിലെ തണുത്ത മുറികളിലിരിക്കുന്ന, തൊഴിലിടങ്ങളിലെ യന്ത്രക്കണക്കുകളിൽ മുഴുകുന്ന ജനങ്ങൾക്ക് പരിചിതമാക്കാൻ ഒ.എൻ.വിയുടെ നാടകഗാനങ്ങൾക്ക് സാധ്യമാകുന്നു. ഇന്നും ജീവിച്ചിരിക്കുന്ന പഴയതലമുറയിലെ ആളുകൾക്ക് പോയ നാളുകളെക്കുറിച്ചുള്ള ഗൃഹാതുരതയാർന്ന ഒരു മധുരസ്മരണ ഉണർത്താനും അവ കാരണമാകുന്നു. കേരളചരിത്രത്തിലെ അവിസ്മരണീയമായ ഒരു കാലഘട്ടമാണ് 1950-കൾ. ഒ.എൻ.വിയുടെ ഗാനങ്ങൾക്ക് ഈണം പകർന്നവർക്കും ആ വരികളുടെ വശ്യസൗന്ദര്യത്തിൽ ഒരു പങ്കുണ്ട്. എങ്കിലും ഈ ഈണങ്ങൾക്കുമപ്പുറം ഭാവതീവ്രതയും ആന്തരികസംഗീതവും ലാളിത്യവും ഉറച്ച ലക്ഷ്യബോധവുംകൊണ്ട് ആ വരികൾ അടിസ്ഥാനവർഗ്ഗക്കാർക്കിടയിലും മറ്റു സഹൃദയർക്കിടയിലും വാടാസുമങ്ങൾ ആയെന്നു പറയാം. എന്തുലക്ഷ്യത്തിനുവേണ്ടിയാണോ കവി രചന നടത്തിയത് അതിന്റെ പൂർണ്ണതയിലെത്താൻ ഒരു പരിധിവരെ അവ കാരണവുമായി.

### 3.6 ഒ.എൻ.വിയുടെ നാടകഗാനങ്ങളിലെ സ്ത്രീ അവതരണം

കഥാസന്ദർഭത്തിനിണങ്ങുംവിധം ഉചിതമായ ഭാഷയിൽ എന്നാൽ ശക്തമായിത്തന്നെ കാര്യങ്ങൾ അനുവാചകരിലേക്കെത്തിക്കാൻ കവിക്ക് കഴിഞ്ഞിരുന്നു. ഇവയിലെ സ്ത്രീ കഥാപാത്രങ്ങളുടെ അവതരണത്തിലും അവരുടെ ഭാഷയിലും മേലാള പുരുഷവർഗ്ഗത്തിന് അവരോടുണ്ടായിരുന്ന സമീപനത്തെ അവതരിപ്പിക്കുന്നതിലും ഒ.എൻ.വി മികച്ച ഭാഷാശൈലി പ്രയോഗിച്ചതായി കാണാം. സ്ത്രീകഥാ

പാത്രങ്ങൾക്ക് നാടകത്തിൽ കേന്ദ്രസ്ഥാനം ഇല്ലാതിരുന്നിട്ടും പലപ്പോഴും അവരിലൂടെ പുറത്തുവരുന്ന ഗാനങ്ങളാൽ അവർ അവസ്മരണീയരാകാറുണ്ട്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന ആദ്യനാടകം തന്നെ ഇതിനൊരുദാഹരണമാണ്. മാല എന്ന സ്ത്രീ കഥാപാത്രത്തിന്റെ ശക്തമായ ചിന്താഗതിയോ ഉറച്ച ശബ്ദമോ ഈ നാടകത്തിലില്ല. എങ്കിൽപ്പോലും മാലയ്ക്കും അതിലെ മറ്റൊരു സ്ത്രീകഥാപാത്രമായ സുമത്തിനുമൊക്കെ വേണ്ടി രചിക്കപ്പെട്ട ഗാനങ്ങളിലൂടെ തൊഴിലാളി സ്ത്രീ അനുഭവിക്കുന്ന പീഡനങ്ങളുടെയും ഭീഷണികളുടേയും മുഖം നമുക്ക് വ്യക്തമാക്കിത്തരുന്നു ഒ.എൻ.വി. അക്കാലത്ത് കേരളത്തിലെ - പ്രധാനമായും എണ്ണക്കാട്ടെയും വള്ളിക്കുന്നിലെയും ശൂരനാട്ടെയും കർഷകത്തൊഴിലാളി സ്ത്രീകൾക്ക് വയലിന്റെ മക്കളുടെ കൈച്ചങ്ങലകൾ പൊട്ടിച്ച കറുത്തപെണ്ണിനെ - മാലയെ ഓർക്കുമ്പോൾ വലിയ ആവേശമായിരുന്നു. ആ കഥാപാത്രത്തെ അവതരിപ്പിച്ചത് സുധർമ്മ എന്ന നടിയായിരുന്നു.

മൂളിപ്പാട്ടുമായ് തമ്പ്രാൻ വരുമ്പം
ചൂളാതങ്ങനെ നില്ലെടി പെണ്ണെ
നാളെക്കൊയ്ത്തിനു ചെല്ലാമ്പറഞ്ഞിട്ട്
നാണക്കേടും പറയിണ തമ്പ്രാൻ
ചൂളിപ്പോമെടി കൊയ്ത്തരിവാള്
രാകിത്തേക്ക്ണ കിങ്കിലം കേട്ടാൽ
പാടത്തങ്ങനെ കൂത്താടുന്നൊരു
മാടത്തക്കിളിപ്പെണ്ണാളേ
എണ്ണക്കറുപ്പുള്ള മാലപ്പെണ്ണാളേ
നിന്നെച്ചെരിക്കുമറിയില്ല തമ്പ്രാൻ............

തൊഴിലാളി സ്ത്രീകളോടുള്ള ജന്മിമാരുടെ പെരുമാറ്റത്തിനെതിരെ മുതലാളിവർഗ്ഗത്തിനെതിരെയുള്ള മുന്നറിയിപ്പായിരുന്നു ഈ വരികൾ. അടിസ്ഥാനവർഗ്ഗസ്ത്രീ

യുടെ ജീവിതസാഹചര്യം അവരുടെതന്നെ ഭാഷയിൽ കവി അവതരിപ്പിച്ചിരിക്കുന്നു. ജന്മിയുടെയും മേലാളന്റെയും പീഡനങ്ങളോട് പ്രതികരിക്കാൻ തൊഴിലാളി സ്ത്രീകൾക്ക് ഏറെ പ്രചോദനമേകി ഈ വരികൾ.

രമണീയക സ്വപ്നമിതെല്ലാം
പൂവണിയുന്നൊരു ഭാവിയെ നേടാൻ
പോവുക പൊരുതും പൊന്നഴകേ..........

എന്നാണ് ഇതിലെ സ്ത്രീകഥാപാത്രത്തെ കവിയുടെ വരികൾ സംബോധന ചെയ്യുന്നത്. ഒപ്പം നായകനോട് ചേർന്ന് നിന്ന് വിത്തിട്ട് ഞാറുനടാനും തോളോട് തോളു ചേർന്ന് കതിരുകൊയ്യാനുമാണ് ആഹ്വാനം ചെയ്യുന്നത്. എങ്കിൽമാത്രമേ സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായി കൈകളിലണിഞ്ഞിരിക്കുന്ന ചങ്ങലകൾ പൊട്ടിച്ചെറിയാൻ കഴിയുകയുള്ളൂ എന്ന് തന്റെ ഗാനങ്ങളിലൂടെ കവി പറഞ്ഞുവയ്ക്കുമ്പോൾ നമ്മള് കൊയ്യും വയലെല്ലാം നമ്മുടെതാകും എന്ന ബോധം തൊഴിലാളിവർഗ്ഗത്തിലുദിക്കുന്നു.

കൊയ്തു കൊയ്തു തളർന്നു കേറുമ്പോ
ളെന്തുകിട്ടുമെൻ പൈങ്കിളിക്ക്
കല്ലരിയുണ്ട് കരിക്കാടിക്ക്
നെന്മണിയെല്ലാം പത്തായത്തില്
ഉരിയരിയില്ലുടുതുണിയി
ല്ലരവയറും നിറയുകില്ലേ............

എന്ന വരികൾ നാടകം കാണാത്ത സ്ത്രീകളിൽക്കൂടി തങ്ങളുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ചുള്ള ഒരു ബോധം ജനിപ്പിക്കാൻ കാരണമായി. ഇന്ന് കാലം ഏറെ മാറി. തൊഴിലാളിവർഗ്ഗത്തിന് അവരുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയും പ്രതികരിക്കാനുള്ള ശക്തിയുമായിക്കഴിഞ്ഞു. എങ്കിലും വരുംതലമുറക്ക്

1950-കാലഘട്ടത്തിലെ സാമൂഹ്യഅവസ്ഥയെ വിശദമാക്കിക്കൊടുക്കാൻ ഈ വരികൾ പര്യാപ്തമാണെന്നു പറയാം.

ജന്മിമാരുടെ പീഡനങ്ങൾക്കും അവഹേളനങ്ങൾക്കും നോട്ടങ്ങൾക്കുമെതിരെ പതറാതെ തൻകാലിൽ നിൽക്കാനുള്ള തന്റേടം തൊഴിലാളിസ്ത്രീക്ക് നേടിയെടുക്കാൻ മാത്രം പ്രചോദനമായിരുന്നു ഒ.എൻ.വിയുടെ പല നാടകഗാനങ്ങളും. അധഃസ്ഥിതവർഗ്ഗത്തിന്റെ ഉന്നമനത്തെ ലക്ഷ്യമാക്കിയാണ് ആദ്യകാല ഗാനങ്ങളെങ്കിലും ഒരിക്കലും മാന്യത കൈവിട്ട ഒരു വരിയോ വാക്കോ പോലും ആ തൂലികയിൽ നിന്ന് ഊർന്നുവീണിട്ടില്ല.

തന്റെ കവിതകളിലെന്നപോലെ നാടകഗാനങ്ങളിലും പ്രകൃതിയെയും സ്ത്രീയെയും ചേർത്തുവായിക്കുന്ന ഒരു രീതി കാണാം. 'പുതിയ ആകാശം പുതിയ ഭൂമി' എന്ന നാടകത്തിൽ മഴമേഘത്തെ പാൽക്കുടമൊക്കെത്തേന്തിയ പെൺകിടാവായി കവി കല്പിക്കുന്നു. പ്രകൃതിയേയും സ്ത്രീയേയും ഇഴചേർത്ത് അവതരിപ്പിക്കുന്നത് വളരെയോജിച്ച രീതിയിലാണ്.

> മാമലമടിയിലിരുത്തി നറു
> മാധുരിയൂട്ടി വളർത്തി
> മാരിക്കാറിന്നകിടു ചുരത്തിയൊ
> രിത്തിരിപ്പാൽതരുമോ?

ഇതുപോലെ ഒട്ടേറെ ഗാനങ്ങളിലും സ്ത്രീ സ്വത്വത്തേയും പ്രകൃതിയുടെ തനിമയേയും ചേർത്ത് അടയാളപ്പെടുത്തുന്നുണ്ട് ഒ.എൻ.വി.

'മൂലധന'ത്തിലാകട്ടെ കാളിദാസന്റെ കാവ്യകുമാരിയായ ശകുന്തളയെക്കുറിച്ച് പാടുന്നു. 'അൾത്താര'യിൽ ക്രിസ്തീയ വിശ്വാസങ്ങളുമായി ചേർത്തുവച്ച് കവിതകൾ രചിച്ചിരിക്കുന്നു. 'ആൾത്താര'യിലും 'കണ്ണീർപ്പന്തലി'ലും മേനകയുടെ പുത്രിയായ ശകുന്തളയെ സൂചിപ്പിക്കുന്നുണ്ട്. ഒരു ഗ്രാമീണസ്ത്രീയുടെ പ്രവൃത്തി

കളേയും സ്വഭാവസവിശേഷതകളേയും എടുത്തുകാണിക്കുന്ന രീതിയിലുള്ള വരികളും കാണാം:

വയനാടൻ മഞ്ഞള് മുറിച്ചതുപോലൊരു
മലനാടൻ പെണ്ണ്!- അവളെ
കൊല്ലാൻ വിളിച്ചാലും, വളർത്താൻ വിളിച്ചാലും
കൊക്കിക്കുണുങ്ങിയൊരോട്ടം..........

'മുത്തുച്ചിപ്പി' എന്ന നാടകത്തിലെ

അമ്മേ അമ്മേ ഭാരതമേ
പ്രപഞ്ചമിരുളിലുറങ്ങിയ നാളൊരു
പ്രഭാതമായി വിടർന്നു നീ.........

എന്ന് ഭൂമിമാതാവിനെത്തന്നെയാണ് പ്രകീർത്തിക്കുന്നത്. ഇവിടെ ഭൂമിയെ, ഭാരതത്തെ അമ്മയായി കല്പിക്കുന്നു. മറ്റൊരു നാടകഗാനത്തിൽ

പാടുവാൻ പാടിപ്പറക്കാൻ കൊതിച്ചോരു
പാവം ശാരികപ്പെൺക്കിടാവേ.............
കുറുമൊഴിത്തേൻകൊണ്ടു തിനകുതിർത്തു
വരുന്നവർക്കെല്ലാം വിരുന്നൊരുക്കാൻ
സൂര്യനും മുമ്പേ ഉണർന്നെണീക്കാം നിന്റെ
സൂര്യൻ നിന്നുള്ളിലെരിഞ്ഞടങ്ങീ
ആകാശമെത്രദൂരം കിളിയേ, നിൻ
ആശങ്കൾ കേണുറങ്ങീ............ (ഒരു നാടകഗാനം)

ഒരു കുടിലിലെ പാവം യുവതിയുടെ ആശാനിരാശകളേയും സ്വാതന്ത്ര്യാഭിവാഞ്ജകളേയും വരച്ചുകാട്ടുന്നു ഈ വരികൾ. കുടുംബത്തിനുവേണ്ടി തന്റെ ജീവിതം ഹോമിക്കേണ്ടി വരുന്ന എത്രയോ സ്ത്രീ കഥാപാത്രങ്ങളെ, കുഞ്ഞേട്ത്തിമാരെ

ഒ.എൻ.വി തന്റെ കവിതകളിലൂടെയും ഗാനങ്ങളിലൂടെയും വരച്ചുകാണിക്കുന്നു.

നാടകം സാംസ്കാരിക ജീവിതത്തെ ഉണർത്തുകയും ഉയർത്തുകയും ചെയ്ത ചരിത്രഘട്ടത്തിൽ അവയിലെ ഗാനങ്ങളിലൂടെ കേരള കാർഷിക ജീവിതത്തിന്റെ പച്ചപ്പും പശിമയും കാലങ്ങളിലേക്കു കാത്തുവയ്ക്കുകയെന്ന മഹാദൗത്യമാണ് ഒ.എൻ.വി ചെയ്തത്. ''ഓരോ ഗാനവും നമ്മുടെ സാമൂഹിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്നു. കാർഷികസംസ്കാരത്തെ ഉള്ളടക്കം ചെയ്യുന്നു. നന്മയെ പ്രകീർത്തിക്കുന്നു. സാംസ്കാരിക ഭൂമിശാസ്ത്രത്തെ അടയാളപ്പെടുത്തുന്ന സവിശേഷവാങ്മയങ്ങളെ കാത്തുസൂക്ഷിക്കുന്നു''[34] എന്ന് ബെറ്റിമോൾ മാത്യു അഭിപ്രായപ്പെടുമ്പോൾ അത് ഒരു വെറും പുകഴ്ത്തൽ എന്നതിനപ്പുറം രചനയുടെ തലത്തെയും മാനത്തെയും കുറിക്കുന്നതാകുന്നു.

തൊഴിലാളി ജനതയുടെ അവബോധത്തെ ചുറ്റുപാടിന്റെ കറുത്ത കാഴ്ചയിലേക്ക് തിരിച്ചുവിട്ട ഒ.എൻ.വി തന്റെ ആദ്യകാല നാടകഗാനങ്ങളെ അവരുടെ അതിജീവന മന്ത്രങ്ങളാക്കി മാറ്റി. സ്ത്രീ കഥാപാത്രങ്ങൾക്ക് കേന്ദ്രസ്ഥാനമില്ലാതിരുന്നിട്ടുകൂടി 'നിങ്ങളെന്ന കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിലെ ഗാനങ്ങൾ തൊഴിലാളി സ്ത്രീവർഗ്ഗത്തിന്റെ അവസ്ഥയെ എടുത്തുകാണിക്കുന്നതും എല്ലാവിധ ചൂഷണത്തിനും അടിമത്തത്തിനും എതിരെ പ്രതികരിക്കാൻ തക്കവണ്ണം അവളെ പ്രതികരണശേഷിയുള്ളവളാക്കാനും പ്രചോദനമാകുന്നു. തൊഴിലാളി സ്ത്രീയുടെ ജീവിതം, വസ്ത്രധാരണം, സ്വഭാവം, മുതലാളിമാരുടെ ഇവരോടുള്ള സമീപനം, തൊഴിലാളിസ്ത്രീയുടെ നേർക്കുള്ള മേലാളരുടെ നോട്ടം, തന്റെ ഇംഗിതത്തിനു വഴങ്ങാത്തവരോടുള്ള പെരുമാറ്റം ഇതൊക്കെ മനസ്സിലാക്കാനും ഒ.എൻവിയുടെ നാടകഗാനങ്ങൾ സഹായിക്കുന്നുണ്ട്. പല നാടകഗാനങ്ങളും പ്രകൃതിയേയും സ്ത്രീയേയും ചേർത്തുവച്ചുകൊണ്ടുള്ള ഒരു സ്ത്രീയവതരണമാണ് നടത്തിയിരിക്കുന്നത്. നാടകങ്ങൾക്കുവേണ്ടി എഴുതപ്പെട്ടതാണെങ്കിലും നാടകസഹായമില്ലാതെതന്നെ അർത്ഥപൂർണ്ണതയാലും ഭാവഗരിമയായും സ്വയം പൂർണ്ണമായ സംഗീതശില്പങ്ങളായി അവ നിലനിൽക്കും എന്നതാണ് വസ്തുത.

നാടിന്റെ അകമാണ് നാടകം. നാട്ടിലെ ജനങ്ങൾ തമ്മിലുള്ള ബന്ധം, സൗഹാർദ്ദം, അടിമ-ഉടമ ബന്ധം, മര്യാദക്രമങ്ങൾ, ഇടപെടലുകൾ തുടങ്ങി സാമൂഹികബന്ധങ്ങളെയും സ്നേഹം, വെറുപ്പ്, വഞ്ചന, അടിച്ചമർത്തൽ, ചൂഷണം തുടങ്ങിയ മാനുഷികവികാരങ്ങളേയും ഓരോ പ്രദേശത്തും വൈവിധ്യമാർന്ന തലത്തിൽ ദർശിക്കാം. സമഷ്ടിയുടെ ഇത്തരം അവസ്ഥകൾ ചെറുത്തുനിൽപ്പിന്റെ അനിവാര്യത, നവോത്ഥാനത്തിന്റെ ആവശ്യകത, അംഗീകരിക്കലിന്റെ അനിവാര്യത, അവകാശങ്ങൾ ഉയർത്തിപ്പിടിക്കേണ്ടതാണെന്ന ബോധ്യം തുടങ്ങി പരിഷ്കരണത്തിന്റേതായ എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യപ്പെടുന്ന ആവിഷ്കാരമാണ് നാടകം. അതുകൊണ്ടുതന്നെ നാടകം ഒരു പരിഷ്കരണ പ്രസ്ഥാനത്തിന്റെ സ്ഥാനമലങ്കരിക്കുന്ന സാഹിത്യരൂപമാണ്. ആസ്വാദനത്തിനപ്പുറം കേട്ടും പരിചയിച്ചും ആക്ഷേപഹാസ്യത്തിലൂടെ നിർല്ലജ്ജരെ വിവേകത്തിലേക്ക് നയിക്കാനും, അധികാരനേട്ടത്തിനുള്ള രാഷ്ട്രീയപ്പോരിനെ ചെറുക്കാനും അടിച്ചമർത്തലിനെ പ്രതിരോധിക്കാനും നാടകത്തിന് കഴിയുന്നു. സാഹിത്യത്തിന്റെ മാധ്യമമായ ഭാഷയിലൂടെയല്ല നാടകം സംവേദനം ചെയ്യപ്പെടുന്നത് എന്നർത്ഥം. കഥാപാത്രങ്ങളുടെ മുഖത്തുനോക്കി സമൂഹത്തിലെ ആസ്വാദകരുടെ ഇടയിലേക്ക് നേരിട്ട് സംവദിക്കപ്പെടുന്നു എന്നതാണ് നാടകത്തിന്റെ സവിശേഷത. വീട്ടിലൊറ്റപ്പെട്ട് കഴിയുന്ന കന്യകയുടെ നേർക്ക് ശൃംഗാരവുമായി വരുന്ന പുരുഷൻ; അയാൾ ജന്മിയോ, ജന്മിപുത്രനോ, ജന്മിസേവകനോ ആരുതന്നെയായാലും അരിവാളുകൊണ്ടാണ് സ്വീകരിക്കേണ്ടതെന്ന്

നാളെക്കൊയ്ത്തിനു ചെല്ലാമ്പറഞ്ഞിട്ട്
നാണക്കേടും പറയിണ തമ്പ്രാൻ
ചൂളിപ്പോമെടി കൊയ്ത്തരിവാള്
രാകിത്തേക്കിണ കിങ്കിലം കേട്ടാൽ........

എന്ന വരികളിലൂടെ ഒ.എൻ.വി സൂചിപ്പിക്കുന്നു. ഈ ഗാനത്തിലൂടെ ഒ.എൻ.വി

യുടെ ഗഹനമായ വിപ്ലവാവേശം അരങ്ങിൽനിന്ന് കാഴ്ചക്കാരന്റെ നേർക്ക് പ്രവഹിക്കുമ്പോൾ അത്തരം സന്ദർശനങ്ങൾ ഒഴിവാക്കുന്നതാണ് നല്ലതെന്ന തിരിച്ചറിവ് ആർക്കാണ് ഉണ്ടാകാത്തത്. അതായത് നാടകത്തെ ശക്തമാക്കുന്ന, വൈകാരികമാക്കുന്ന അനിഷേധ്യഘടകമാണ് നാടകഗാനങ്ങളെന്ന് ആദ്യകാലം മുതൽ ഇന്നോളമുള്ള നാടകഗാനങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. അദമ്യമായ വിപ്ലവാവേശവും സന്ധിയില്ലാത്ത ചൂഷകപ്രതിഷേധവും തന്റെ നാടകഗാനങ്ങളിലൂടെ പ്രകടമാക്കുന്ന, ചൂഷകന്റെ ദൈന്യതയിൽ സന്ധിചെയ്യാൻ ഇഷ്ടപ്പെടാത്ത ഒരെഴുത്തുകാരന് തൊഴിലാളിവർഗ്ഗത്തിന്റെ സഹയാത്രികനാകാതിരിക്കാൻ കഴിയില്ലല്ലോ. ആ അധഃസ്ഥിത ജനപക്ഷപാതിത്വയാണ് ഒ.എൻ.വിയുടെ നാടകഗാനങ്ങൾ അനശ്വരമാക്കിയതിന് കാരണമായത്.

തുടർന്നുള്ള അധ്യായത്തിൽ ഒ.എൻ.വിയുടെ തെരഞ്ഞെടുത്ത കവിതകളിലെ പ്രകൃതി-സ്ത്രീ അവതരണത്തെ പഠനവിധേയമാക്കുന്നു.

## കുറിപ്പുകൾ

1. ഒ.എൻ.വി. *പോക്കുവെയിൽ മണ്ണിലെഴുതിയത്,* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, രണ്ടാമത് എഡിഷൻ, 2015 ഏപ്രിൽ, പുറം: 25.
2. ഗോപാലകൃഷ്ണൻ, പി.കെ. *പുരോഗമനസാഹിത്യം നിഴലും വെളിച്ചവും,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2000 ഡിസംബർ, പുറം : 35.
3. ചന്ദ്രശേഖരൻ, എം.ആർ. *കേരളത്തിന്റെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം,* കോഴിക്കോട്: ഒലീവ്, വിതരണം കറന്റ് ബുക്സ്, 1999, പുറം: 170.
4. ശെൽവമണി, കെ.ബി. *ഒ.എൻ.വി. പഠനം സംഭാഷണം ഓർമ്മ,* പരമേശ്വര പിള്ള എരുമേലി, ഒ.എൻ.വി. ആദ്യകാലകവിതകൾ, കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻ, 2012 ജൂൺ, പുറം: 94- 95.
5. മുരളി പീരപ്പൻകോട് (എഡി.), *ഒ.എൻ.വി കാവ്യസംസ്കൃതി,* ചവറ, കെ.എസ്. പിള്ള, കലയും കശാപ്പും, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017 ഒക്ടോബർ, പുറം: 102.
6. ഒ.എൻ.വി. *അരിവാളും രാക്കുയിലും,* തൃശ്ശൂർ: എച്ച്&സി ബുക്സ്, 2006, മെയ്, പുറം: 11-14.
7. ഒ.എൻ.വി. *ആദ്യകാലകവിതകൾ,* കോഴിക്കോട്: ചിന്ത പബ്ലിഷേഴ്സ്, 1991, പുറം: 70 - 71.
8. ടി.പു. പുറം: 64 - 69.
9. ഒ.എൻ.വി. *ഒ.എൻ.വി.യുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 1456 - 57.

10. ജയകൃഷ്ണൻ, *എൻ. മലയാളത്തിന്റെ സൂര്യഗീതങ്ങൾ,* ജോസഫ് മുണ്ടശ്ശേരി, ദാഹിക്കുന്ന പാനപാത്രം(അവതാരിക) തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 നവംബർ, പുറം: 2.

11. ഗോപാലകൃഷ്ണൻ, പി.കെ. *പുരോഗമനസാഹിത്യപ്രസ്ഥാനം നിഴലും വെളിച്ചവും*, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2000 ഡിസംബർ, പുറം: 56.

12. പരമേശ്വരൻ പിള്ള, എരുമേലി. *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ,* കോട്ടയം: കറന്റ് ബുക്സ്, 2010 ഡിസംബർ, പുറം: 264.

13. രാജശേഖരൻ, എസ്. *ഒ.എൻ.വിക്കവിത*, മുരളി പിരപ്പൻകോട്, അമൃതാക്ഷരങ്ങൾ, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1986 മാർച്ച്, പുറം: 151.

14. ഒ.എൻ.വി. *ഒ.എൻ.വി.യുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 82 - 84.

15. ടി.പു. പുറം: 1519-1539.

16. ശെൽവമണി, കെ.ബി. *ഒ.എൻ.വി. പഠനം സംഭാഷണം ഓർമ്മ*, ബഞ്ചമിൻ, ഡി. ഒ.എൻ.വിക്കവിത, അന്തർഭാവപരമായ ഒരന്വേഷണം, കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻ, 2012 ജൂൺ, പുറം: 67.

17. ഒ.എൻ.വി. *ഒ.എൻ.വി.യുടെ കവിതകൾ ഒരു ബൃഹത്സമാഹാരം*, കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 81.

18. കാർഷികബന്ധബില്ല് - 1957 ഏപ്രിലിൽ ഇ.എം.എസി.ന്റെ നേതൃത്വത്തിൽ കേരളത്തിലെ ഭരണമേറ്റെടുത്ത ആദ്യത്തെ ഇടതുപക്ഷമന്ത്രിസഭയാണ് 1957 ഡിസംബർ 18-ാം തിയതി കേരളകാർഷികബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. 1959 ജൂൺ 10-ാം തീയതി നിയമസഭ ഈ ബിൽ പാസ്സാക്കി. കുടിയാന്മാരെ ഒഴിപ്പിക്കുന്നത് പൂർണ്ണമായും തടയുകയും എല്ലാ കുടി

യാന്മാർക്കും കുടിയായ്മാവകാശവും സ്ഥിരാവകാശവും നൽകുന്നതും തന്റെ കൈവശഭൂമിയുടെ ജന്മാവകാശം വാങ്ങുവാനുള്ള അധികാരം കുടിയാന് കൊടുക്കുന്നതുമായ ഒരു നിയമമാണ് കാർഷികബന്ധനിയമം. കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽനിന്നും വിടുതൽ ചെയ്യപ്പെട്ടെങ്കിലും തുടർന്ന് ഭരണമേറ്റെടുത്ത കോൺഗ്രസ്സ് മന്ത്രിസഭ ഈ നിയമത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി 1963-ൽ കേരളഭൂപരിഷ്ക്കരണനിയമം' എന്ന പേരിൽ പാസ്സാക്കി. 1969-ൽ ഇ.എ.എസ് മന്ത്രിസഭ വീണ്ടും ഇതിൽ ഭേദഗതി വരുത്തി. 1969 നവംബറിൽ അധികാരമേറിയ അച്യുതമേനോൻ മന്ത്രിസഭ ഈ നിയമം നടപ്പിൽ വരുത്തുകയും ചെയ്തു.

19. ഒ.എൻ.വി. *ഒ.എൻ.വി.യുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 59 - 62

20. ടി.പു. പുറം: 115.

21. മാനവസമത്വവും ഐശ്വര്യപൂർണ്ണമായ ജീവിതവും സമാധാനം നിറഞ്ഞ, അടിമ ഉടമ ബന്ധം കലുഷമാവാത്ത, ഏതു വർഗ്ഗത്തിനും സാമൂഹികനീതി ഉറപ്പുവരുത്തുന്ന ഒന്നാണ് വാഗ്ദത്തഭൂമി. ഇടതുപക്ഷപ്രസ്ഥാനം അധികാരത്തിലേറും മുൻപ് വാഗ്ദാനം ചെയ്ത സമത്വസുന്ദരമായ ഈ ഭൂമിയാണ് ഒ.എൻ.വി കവിതയിലെ വാഗ്ദത്തഭൂമി.

22. ഒ.എൻ.വി. *ഒ.എൻ.വി.യുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 156 - 157.

23. ടി.പു. പുറം: 180 - 181.

24. ടി.പു. പുറം: 180.

ഫീനിക്സ്: പുരാതന ഈജിപ്തുകാർ ആരാധിച്ചിരുന്ന ഒരു പക്ഷി. സ്വന്തം ചിതയിൽ നിന്നും അത് ഉയിർത്തെഴുന്നേല്ക്കുമെന്നത്രെ സങ്കല്പം. അതു

കൊണ്ടാവാം പില്ക്കാലത്ത് ഫീനിക്സ് ഉയർത്തെഴുന്നേല്പിന്റെയും അനശ്വരതയുടെയും ചിഹ്നമായിത്തീർന്നത്.

25. ടി.പു. പുറം: 114.

26. ടി.പു. പുറം: 683.

27. ടി.പു. പുറം: 687.

28. ടി. പു. പുറം: 939.

29. ഒ.എൻ. വി. *പുനരപി,* കോട്ടയം: ഡി. സി. ബുക്സ്, 2012 ഫെബ്രുവരി, പുറം: 63.

30. ജയകൃഷ്ണൻ, എൻ. *മലയാളത്തിന്റെ സൂര്യഗീതങ്ങൾ,* രാമചന്ദ്രൻ ഏഴാച്ചേരി, ഗാനങ്ങൾ ഭാവഗീതങ്ങൾ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 നവംബർ, പുറം: 171.

31. ശെൽവമണി, കെ.ബി. *ഒ.എൻ.വി. പഠനം സംഭാഷണം ഓർമ്മ,* കോഴിക്കോട് : ഒലീവ്, 2012 ജൂൺ, പുറം: 260.

32. പ്രതാപൻ തായാട്ട്, (എഡി.), *ജ്ഞാനപീഠം കയറിയ കവിതയുടെ ഉപ്പ്,* ഹരിതം ബുക്സ്, 2011 ജനുവരി, പുറം: 204.

33. രാജരാജവർമ്മ എഴുമറ്റൂർ (എഡി.), *അക്ഷരമുദ്ര,* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2011 ഫെബ്രുവരി, പുറം: 27.

34. ശെൽവണി, കെ.ബി, *ഒ.എൻ.വി. പഠനം സംഭാഷണം ഓർമ്മ*, ബെറ്റിമോൾ മാത്യു, യവനികയുയരുമ്പോൾ, കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്, 2012 ജൂൺ, പുറം: 22.

## അധ്യായം – 4

# പ്രകൃതി – സ്ത്രീ ആവിഷ്കാരം ഒ.എൻ.വി കവിതയിൽ

ഗുഹകളിലും മരച്ചുവടുകളിലും അന്തിയുറങ്ങി കാട്ടരുവികളിലെ വെള്ളം കുടിച്ച് വനവൃക്ഷങ്ങളിൽ നിന്ന് ശേഖരിച്ച കായ്കനികൾ ഭക്ഷിച്ച് മനുഷ്യൻ ജീവിച്ച ഒരു ചരിത്രം ഭാരതത്തിനുണ്ടായിരുന്നു. പ്രകൃതിയും ഭൂമിയും സൂര്യച ന്ദ്രൻമാരും അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്ന കാലം. അന്നത്തിനും ആരാധ നക്കും അവനുപജീവിച്ച വൃക്ഷലതാദികൾ നശിപ്പിക്കാനോ ഭൂമിയിൽ കയ്യേറ്റം നട ത്താനോ തയ്യാറാകാത്ത കാലം. പാഴ്ച്ചെടികളൊന്നും ഭൂമാതാവ് അതിന്റെ ഗർഭത്തിൽ വഹിക്കുന്നില്ലെന്ന ചിന്തയിൽ മനുഷ്യർ ഭൂമാതാവിനെ ബഹുമാനിച്ചിരു ന്നു. പ്രകൃതിയോടുമാത്രമല്ല മനുഷ്യർ തമ്മിലും വർഗ്ഗ-ലിംഗ-വർണ്ണ വ്യത്യാസ ങ്ങൾ കല്പിച്ചിരുന്നില്ല. അതായത് കുടുംബം എന്ന സങ്കല്പം ഉരുത്തിരിഞ്ഞ ആദികാലത്ത് സ്ത്രീ-പുരുഷ സമത്വം സുവിദിതമായിരുന്നു. പകലന്തിയോളം അവർ ഒരുമിച്ച് പണിയെടുത്തു. വിശപ്പിന് അന്നവും കുടിക്കാൻ ജലവും ശ്വസി ക്കാൻ വായുവും വസിക്കാൻ ഇടവും നല്കുന്ന ഭൂമിയെ ക്രമേണ അവർ ജനനി യായി പരികല്പന നടത്തി. എന്നാൽ കാലാന്തരത്തിൽ സ്വാർത്ഥതക്ക് അടിമപ്പെട്ട തോടെ മനുഷ്യനുള്ളിലെ സ്വകാര്യ സമ്പാദ്യത്തിന്റെയും കയ്യടക്കത്തിന്റെയും വാഞ്ഛ ഏറിവന്നു. ഭൂസ്വത്ത് അനിഷേധ്യമായൊരുമുതൽക്കൂട്ടായി. തനിക്കുമാത്ര മായി ഇഷ്ടങ്ങൾ ഉണ്ടായപ്പോൾ അവ സാധിച്ചെടുക്കാനുള്ള കുറുക്കുവഴിയായി രുന്നു തനിക്കൊപ്പം കൂട്ടിയിരുന്ന പെണ്ണിനെ വീട്ടിൽ ശിശുപരിപാലനത്തിനും സ്വത്ത് സൂക്ഷിക്കാനും വീട്ടുഭരണം നടത്താനുമായി പരിമിതപ്പെടുത്തുക എന്നത്. അങ്ങനെ വൈദികകാലത്ത് വേദമന്ത്രങ്ങൾകൊണ്ട് യാഗം ചെയ്ത് രാജ്യത്തിന്റെ നന്മയ്ക്കായി ജീവിച്ചുപോന്ന അപാല, ആത്രേയി, വൈവസ്വതി, വാഗംഭൃണി, തുട ങ്ങിയ അമാനുഷിക സിദ്ധിക്കുടമയായിരുന്ന സ്ത്രീകൾ വിസ്മൃതിയിലാണ്ടു.

സ്ത്രീ വീടിന്റെ അകത്തളങ്ങളിൽ കട്ടപിടിച്ചിരുന്ന ഇരുട്ടിനൊപ്പം ഒച്ച കേൾപ്പിക്കാതെ സൂര്യനെയും ചുറ്റുപാടിനെയും ഭയന്ന് അടിമയുടെതിന് സമാനമായ സ്ഥിതിയിൽ എത്തിച്ചേർന്നു. സമകാലിക സമൂഹം നേരിടുന്ന സ്ത്രീ-പ്രകൃതി ദീനതയിലേക്ക് നയിക്കപ്പെടുന്നതിന് ചരിത്രപരമായ പരിവേഷം നല്കുകയാണിവിടെ.

പ്രകൃതിയോടുള്ള സമീപനത്തിലെ വ്യത്യാസമാണ് ഭൂമിയെ ആരാധനക്രമത്തിൽ നിന്നും അമിതോപയോഗത്തിലേക്കും ചൂഷണത്തിനുള്ള വസ്തു എന്ന നിലയിലേക്കും എത്തിച്ചത്. സമ്പത്തിനും സ്വാർത്ഥതക്കും പ്രാധാന്യമുള്ള ഒരു സാമൂഹ്യരാഷ്ട്രീയ അവസ്ഥയിൽ എല്ലാം വില്പനച്ചരക്കാക്കുന്ന ആഗോളവൽക്കരണതന്ത്രം വിജയത്തിലേക്ക് കുതിക്കുന്ന അവസ്ഥയുണ്ടായി. ഈ അവസരത്തിൽ പ്രകൃതിയും സ്ത്രീയും താഴെത്തട്ടിലുള്ള ജനസമൂഹവും ഒരുപോലെ ദുരിതമനുഭവിക്കുകയും ചൂഷണത്തിന് വിധേയരാകുകയും ചെയ്യുന്നു.

ആധുനികലോകത്ത് ശാസ്ത്രസാങ്കേതികവിദ്യയുടെ മുന്നേറ്റം വഴി മനുഷ്യർ വ്യാവസായികരംഗത്ത് വളരെയേറെ പുരോഗതി നേടി. എന്നാൽ ഈ പുരോഗതി പരിസ്ഥിതിയിൽ വരുത്തിയ മാറ്റങ്ങളും ദുരന്തങ്ങളും നിരവധിയാണ്. പ്രകൃതിക്ക് മനുഷ്യമുന്നേറ്റത്തിലേറ്റ സാമൂഹ്യപ്രശ്നങ്ങളെ പരിസ്ഥിതിചിന്ത ആഴത്തിൽ പഠനവിധേയമാക്കുന്നു. സാങ്കേതികവിദ്യയുടെ കടന്നുകയറ്റവും നവീനമുതലാളിത്ത വ്യവസ്ഥിതിയിലെ പുതിയ വിജ്ഞാനപദ്ധതികളും കൂടിച്ചേരുന്ന ഇന്നത്തെ സാമൂഹ്യാവസ്ഥ ജീവജാലങ്ങളുടെ നിലനിൽപ്പ് അസാധ്യമാക്കുന്ന ജൈവപരിസരങ്ങൾക്ക് ഹേതുവാകുന്നു. ഈ ചിന്തയുമറിവും ഇതിനെതിരെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് പരിസ്ഥിതി അനുഭാവമുള്ളവരെ നയിച്ചു. പ്രാചീന ഫ്യൂഡൽ ജീവിതക്രമങ്ങൾ ആധുനിക മുതലാളിത്ത ജീവിതക്രമങ്ങളായി വികസിക്കുന്ന പരിണാമഘട്ടമാണ് നവോത്ഥാനം. മുതലാളിത്തത്തിന്റേതായ ആധുനിക ജീവിതത്തിലെ ഒരു ശീലം തന്നെയായിമാറി

ചൂഷണം എന്നത്. കൂടുതൽ സുഖസൗകര്യങ്ങൾ എന്നതിൽക്കവിഞ്ഞ് അമിത ലാഭേച്ഛ ചൂഷണങ്ങളെ നിയന്ത്രിക്കുകകൂടി ചെയ്തതോടെ ഈ ദുരനുഭവത്തിന് അവസാനമില്ലാതെയായി. പ്രകൃതിതന്നെ അജൈവ വസ്തുക്കളും മനുഷ്യനിർമ്മിതമായ സാമഗ്രികളും എല്ലാം ചേർന്ന അജൈവപ്രകൃതിയായും - ഇത് പ്രകൃതിയിൽ നിന്ന് വേറിട്ടുനിൽക്കുന്നതാണ് - ഉദ്ഭവം, വളർച്ച, വികാസം, ക്ഷയം എന്നീ പ്രത്യക്ഷമായ അവസ്ഥാഭേദങ്ങളോടു കൂടിയ ജൈവപ്രകൃതിയായും തരംതിരിക്കപ്പെട്ടു.

പ്രപഞ്ചത്തിലുള്ളതെന്തും തങ്ങൾക്കവകാശപ്പെട്ടതാണെന്നും ലോകത്തിലെ ഏതു വിഭവവും തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് ഉപയോഗിക്കാനുള്ളതാണെന്നുമുള്ള നിയോകൊളോണിയൽ സമീപനപ്രകാരം പ്രകൃതി-മനുഷ്യ പാരസ്പര്യത്തെക്കുറിച്ചുള്ള ബോധം മറന്ന് അവളെ വെറും ഉപഭോഗവസ്തുവായി ചിത്രീകരിക്കാൻ മനുഷ്യർ ശ്രമിച്ചു. കരയിലൂടെയും ജലത്തിലൂടെയും വായുവിലൂടെയുമുള്ള അവന്റെ യാത്രകൾ, അദൃശ്യവും അനനുഭൂതവുമായ മേഖലയിലേക്കുള്ള മുന്നേറ്റങ്ങൾ മനുഷ്യനെ പുതിയ ശക്തിയും ചൈതന്യവുമായുയർത്തി. അതോടൊപ്പം പ്രകൃതിയിലും അവൻ ജീവിക്കുന്ന സാഹചര്യങ്ങളിലും അത് ആഴമേറിയ മുറിവുകളുണ്ടാക്കുകയും ചെയ്തു. ഉന്നതിയിലേക്ക് കുതിച്ചുകയറാനുള്ള ചിന്തയിൽ പ്രകൃതിയിൽ ആഘാതമേൽപ്പിക്കുന്നതോടൊപ്പം തന്റെ കുടുംബത്തിലെതന്നെ സ്ത്രീകളെയും വിജയത്തിനായി ബലികഴിച്ചു. പലപ്പോഴും ഉയർന്ന സ്ഥാനമാനങ്ങൾ നേടാൻ പെണ്ണ് വെറുമൊരു കാഴ്ചവസ്തുവാക്കപ്പെട്ടു. യന്ത്രോപകരണങ്ങളുടെ ആവിർഭാവവും അവ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും പരിസ്ഥിതി ആഭിമുഖ്യമുള്ളവരുടെ ചിന്തയിലേക്ക് കടന്നുവന്നു. കേരളത്തിൽ സൈലന്റ്‌വാലി പ്രശ്നത്തോടെ പരിസ്ഥിതിപ്രാധാന്യമുള്ള ചർച്ചകളും പ്രവർത്തനങ്ങളും ഉടലെടുക്കപ്പെട്ടു.

മനുഷ്യന്റെ അതിരുകടന്ന സാമ്രാജ്യത്വമോഹങ്ങളും എല്ലാം വെട്ടിപ്പിടിക്കാനുള്ള അധിനിവേശചിന്തകളും പ്രകൃതിയെ നാശത്തിലേക്ക് നയിക്കുമ്പോൾ മനു

ഷ്യനും പ്രകൃതിയുമായുണ്ടായിരുന്ന ബന്ധം നഷ്ടപ്പെട്ടുതുടങ്ങി. അത് മനുഷ്യകുലത്തിന്റെതന്നെ നിലനിൽപിന് ഭീഷണിയായിത്തീർന്നു. ഈ തരത്തിലുള്ള പ്രകൃതി ധ്വംസകപ്രവൃത്തികൾ എതിർക്കപ്പെടേണ്ടതാണെന്ന ബോധത്തിൽനിന്നും പരിസ്ഥിതിപ്രസ്ഥാനങ്ങളുണ്ടായി. പ്രകൃതിയെയും അതിൽ ജീവിക്കേണ്ട ഭാവി തലമുറയെയും അവരുടെ ഭാഷയെയും സംസ്കാരത്തനിമയെയും സംരക്ഷിക്കുവാനുള്ള മാനവികതയുടെ മുന്നേറ്റം തന്നെയാണിത്.

ആധുനികതയുടെ കടന്നുവരവോടെ സ്ത്രീകൾ സമൂഹത്തിൽ രണ്ടാംതട്ടുകാരായി. പുരുഷാധികാരമുള്ള സാഹചര്യത്തിൽ സ്ത്രീ വെറും ഉപഭോഗവസ്തുവായി തരം താഴ്ത്തപ്പെട്ടു. എല്ലാം വെട്ടിപ്പിടിക്കാനുള്ള യാത്രയിൽ പ്രകൃതിക്കൊപ്പം സ്ത്രീകളെയും വില കല്പിച്ചില്ല. പുരുഷന് സ്വന്തം സുഖത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടവളും തന്റെ കുഞ്ഞുങ്ങളെ പ്രസവിച്ച് വളർത്താനുള്ളവളും കൂലികൊടുക്കാതെ വീട്ടുജോലികൾ മുഴുവനും ചെയ്യുന്നവളും ആയി സ്ത്രീയെ പരിഗണിക്കാൻ തുടങ്ങി. കാലങ്ങളോളം നീണ്ട ഈ അടിച്ചമർത്തൽ സ്ത്രീകളെ രോഷം കൊള്ളിച്ചു. അടിമത്തത്തിനെതിരെ, അസ്വാതന്ത്ര്യത്തിനെതിരെ പ്രതികരിച്ച് തുടങ്ങിയപ്പോൾ സ്ത്രീവാദത്തിന് ആരംഭം കുറിച്ചു.

ആധിപത്യ-മേധാവിത്വഭാവങ്ങൾക്കും കച്ചവടച്ചരക്ക്, ഉപഭോഗവസ്തു എന്നീ ചിന്തകൾക്കും ഇടം കൊടുക്കാതെ നിലനിൽക്കാനുള്ള ഒരു ശ്രമം എന്ന നിലയ്ക്ക് സ്ത്രീപക്ഷചിന്ത ഉയർന്നുവന്നു. എല്ലാം കച്ചവടക്കണ്ണുകളിലൂടെ മാത്രം കണ്ട മുതലാളിത്തലോകം പ്രകൃതിയെയും സ്ത്രീയെയും ഒരേപോലെ ചൂഷണത്തിന് വിധേയമാക്കി. യൂറോപ്യൻ നവോത്ഥാനത്തിന്റെ ഫലമായി ഉടലെടുത്ത ഫെമിനിസമെന്ന ആശയവും പരിസ്ഥിതിവാദവും ഇഴചേർക്കപ്പെടുമ്പോൾ പ്രകൃതി-സ്ത്രീ പഠനത്തിന്റെ സാധ്യതകൾ തെളിഞ്ഞുവന്നു. വ്യവസായവൽക്കരണവും പരിസ്ഥിതിയിൽ സംഭവിക്കുന്ന നാശവും മനുഷ്യന്റെ ആവാസവ്യവസ്ഥയിലുണ്ടാകുന്ന ദുരനുഭവങ്ങളും പുരുഷമേധാവിത്തസമൂഹം പ്രകൃതിവിഭവങ്ങൾ അനിയ

ന്ത്രിതമായി ചൂഷണം ചെയ്തതും പരിസ്ഥിതിവാദത്തെ രൂപപ്പെടുത്തി. ഇതേ അവസ്ഥ സ്ത്രീയുടെ കാര്യത്തിലും സംഭവ്യമായി. അമ്മ, പെങ്ങൾ, സുഹൃത്ത് എന്നീ പരിഗണനകൾപോലുമില്ലാതെ സ്ത്രീവർഗ്ഗം എല്ലായിടത്തും ചൂഷണത്തിന് വിധേയരാക്കപ്പെടുന്നു. മണ്ണും പെണ്ണും ഒരുപോലെ അമിതോപയോഗത്തിനും ചൂഷണത്തിനും ഇരയാകുന്നിടത്ത് പരിസ്ഥിതിവാദവും സ്ത്രീവാദവും ഒത്തു ചേരുന്നു.

പ്രകൃതിചൂഷണവും സ്ത്രീപീഡനവും ഉയർന്ന തോതിൽ നടക്കുന്ന സമ കാലികലോകത്ത് അതിനെതിരെ ശക്തമായ പ്രതിരോധങ്ങളുമായി സാഹിത്യകാര ന്മാരും സാമൂഹ്യപ്രവർത്തകരും രംഗത്തുവന്നിട്ടുണ്ട്. സ്ത്രീവാദത്തെ അടിസ്ഥാന മാക്കി പാശ്ചാത്യലോകത്തിലെന്നപോലെ കേരളത്തിലും പഠനങ്ങൾ നടന്നു. പരി സ്ഥിതിചിന്തക്ക് പ്രാധാന്യം കല്പിക്കുന്ന രചനകളും കുറവല്ല. എൻ.വി. കൃഷ്ണ വാര്യർ, അയ്യപ്പപണിക്കർ, കടമ്മനിട്ട, സുഗതകുമാരി, സച്ചിദാനന്ദൻ, പി.വത്സല, സാറാജോസഫ്, ശ്രീജ ആറങ്ങോട്ടുകര, തുടങ്ങി ഒട്ടേറെപേർ പ്രകൃതി-സ്ത്രീ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ധാരാളം രചനകൾ നടത്തിയിട്ടുണ്ട്. സാറാ ജോസഫിന്റെയും സുഗതകുമാരിയുടെയും പി. വത്സലയുടെയും കൃതികളെ എടു ത്തുപറയേണ്ടതാണ്. ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ട ഒരു ബഹുമുഖപ്രതിഭയാണ് ഒ.എൻ.വി. കുറുപ്പ്. എഴുതിത്തുടങ്ങിയ 1949-കൾ മുതൽ 2016-ൽ ജീവിതം അവസാനിക്കുംവരെ മണ്ണിനെകുറിച്ചും പ്രകൃതിയെകുറിച്ചും സ്ത്രീ പ്രശ്നങ്ങളെകുറിച്ചും അദ്ദേഹം രചന നടത്തി. പരിസ്ഥിതിക്കേൽക്കുന്ന ആഘാതം മനുഷ്യകുലത്തിനു തന്നെ വിനാശം വരുത്തും എന്ന് 'ഭൂമിക്ക് ഒരു ചര മഗീത'ത്തിലൂടെ കവി ഉദ്ഘോഷിക്കുന്നു. വ്യക്തമായ സ്ത്രീപക്ഷപാതത്തോടും പരിസ്ഥിതിചിന്തയോടും ആഭിമുഖ്യം പുലർത്തിയ നിരവധി കവിതകളിൽനിന്നും തെരഞ്ഞെടുത്ത കവിതകളെ പഠനവിധേയമാക്കുകയാണ് ഈ അധ്യായത്തിൽ. 'ഉപ്പ്', 'മുത്തശ്ശിമുല്ല', 'പെങ്ങൾ', 'കുഞ്ഞേട്ത്തി', 'കോതമ്പുമണികൾ',

'കായൽക്കാഴ്ച്ചകൾ', 'വിശുദ്ധി', 'ബലിക്കുന്നുകൾ', 'വന്ധ്യമേഘങ്ങൾ', 'ആവണി പ്പാടം', 'അമ്മ', 'മലങ്കുറത്തി', 'മൈക്കലാഞ്ജലോ, മാപ്പ്', 'വ്യാകുലമാതാവ്', 'പുന രപി', 'ഭൂമിക്ക് ഒരു ചരമഗീതം' എന്നീ കവിതകളാണ് വിശദപഠനത്തിനായി സ്വീക രിച്ചിരിക്കുന്നത്.

ഒരു കവിത സമൂഹത്തോട് സംവദിക്കാൻ ശേഷിയാർജ്ജിക്കുന്നത് അതിന്റെ ഉള്ളടക്കത്തിലെ നൈതികശേഷികൊണ്ടാണ്. ഒ.എൻ.വിയുടെ കവിത കൾ പലപ്പോഴും കാലഘട്ടത്തിന്റെ നേർകാഴ്ചകളാകുന്നുണ്ട്. പ്രകൃതിയുമായി അഭേദ്യമായ അടുപ്പം പുലർത്താൻ സ്ത്രീകൾ പ്രകടിപ്പിക്കുന്ന ജൈവേച്ഛയാണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ അടിത്തറ. സാമൂഹികജീവിതത്തിനും പരിസ്ഥി തിക്കും വേണ്ടി - വെള്ളത്തിനും മണ്ണിനും മരത്തിനും പുഴയ്ക്കും സഹജീവി കൾക്കും വേണ്ടി - നൽകുന്ന അധികാധ്വാനത്തിന്റെ, ജാഗ്രതയുടെ രാഷ്ട്രീയ അവബോധമാണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ പൊരുൾ.[1] ഒ.എൻ.വിയുടെ പല കവിതകളും സമകാലിക ജൈവബന്ധങ്ങളെ സംവഹിക്കുന്ന വ്യതിരിക്തമായ വായനാനുഭവമാണ് പകർന്നുനൽകുന്നത്. മനുഷ്യവംശത്തോളംതന്നെ പഴക്ക മുള്ളതാണ് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം. ശാസ്ത്രസാങ്കേ തികവിദ്യയുടെ വളർച്ചയും മനുഷ്യന്റെ ഉപഭോഗാസക്തിയും നഗരവൽക്കരണവും എല്ലാം ചേർന്ന് ഭീമമായ ഒരു പാരിസ്ഥിതിക പ്രതിസന്ധിയിലേക്കാണ് മനുഷ്യകു ലത്തെ എത്തിച്ചിട്ടുള്ളത്. മലിനീകരിക്കപ്പെട്ട വായുവും ജലവും ഒപ്പം വന്ധ്യയാക്കപ്പെട്ട ഭൂമിയും മനുഷ്യന്റെ അധഃപതനം വേഗത്തിലാക്കുമെന്ന് സൂചി പ്പിക്കുന്ന ഒ.എൻ.വി. കവിതകളാണ് 'ഭൂമിക്ക് ഒരു ചരമഗീതം', 'വേനൽക്കുറിപ്പു കൾ' തുടങ്ങിയവ. അദ്ദേഹത്തിന്റെ കൃതികളെ ആധുനിക പരിസ്ഥിതിദർശനചിന്ത കളുടെ, സ്ത്രീവാദചിന്തകളുടെ അടിസ്ഥാനത്തിൽ പുനർവായനക്ക് വിധേയമാക്കു മ്പോൾ പരിസ്ഥിതിചിന്തക്കും സ്ത്രീവാദചിന്തക്കും പ്രാധാന്യം നൽകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന ബോധ്യം സഹൃദയരിൽ ഉണ്ടാകുന്നു. സ്ത്രീയെയും പ്രകൃതിയെയും തന്റെ സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുന്ന

പുരുഷാധികാരഘടനയുടെ പ്രത്യയശാസ്ത്രത്തെ വിശകലനം ചെയ്യുന്ന പാരിസ്ഥിതികസ്ത്രീവാദത്തിന് വിവിധധാരകളുണ്ട്. ഒ.എൻ.വിയുടെ പ്രകൃതി-സ്ത്രീ അവതരണങ്ങളുള്ള കവിതകൾ തെരഞ്ഞെടുത്ത് ഈ ധാരകളോട് ചേർത്തുവച്ച് വായിക്കാൻ ശ്രമിക്കുകയാണ് ഇവിടെ. ഒ.എൻ.വിയുടെ കൃതികളിൽ പരിസ്ഥിതിയും സ്ത്രീയും എങ്ങനെ അവതരിപ്പിക്കപ്പെട്ടു എന്നതിനെക്കുറിച്ചുള്ള സൂക്ഷ്മപഠനമാണ് ഉദ്ദേശിക്കുന്നത്. കവിതയുടെ ഭാഷാപരവും പ്രമേയപരവും സൗന്ദര്യശാസ്ത്രപരവുമായ തലങ്ങളെ ഈ അവബോധം എങ്ങനെ പരിവർത്തനപ്പെടുത്തുന്നുവെന്ന് അന്വേഷിക്കുകയും ചെയ്യുന്നു.

### 4.1 പ്രകൃതി - സ്ത്രീ അവതരണം ആദ്യഘട്ട കവിതകളിൽ

1970-കൾക്കുശേഷമാണ് പരിസ്ഥിതിചിന്തയും സ്ത്രീവാദചിന്തയുമൊക്കെ സാഹിത്യത്തിൽ ശക്തിയാർജ്ജിക്കുന്നത്. എന്നാലും 1960-കളോടെ മയിൽപ്പീലിക്കവിതകളിൽ സ്ത്രീക്കും പ്രകൃതിക്കും ഒരേപോലെ പ്രാധാന്യമുള്ളതരത്തിൽ ഒ.എൻ.വി രചന നടത്തിയിട്ടുണ്ട്. ആദ്യകാല കവിതകളിൽത്തന്നെ മണ്ണിനെയും അതിനോടുചേർന്ന പെണ്ണിനെയും അവതരിപ്പിക്കുന്ന ഒരു രീതി ഒ.എൻ.വിയുടെ കവിതകളിൽ കാണാവുന്നതാണ്. സ്ത്രീയും പുരുഷനും ചേർന്നുനിൽക്കുന്ന ഒരു രീതിയാണ് അവയിൽ സ്വീകരിച്ചുകാണുന്നത്. അടിസ്ഥാനവർഗ്ഗത്തിന്റെ ജീവിതപ്രശ്നങ്ങൾക്കും സ്നേഹബന്ധങ്ങളിലെ ഇഴയടുപ്പത്തിനും അധ്വാനങ്ങൾക്കും ആണ് അക്കാലത്തെ രചനകളിൽ പ്രാമുഖ്യം കല്പിച്ചിരിക്കുന്നത്.

ഭൂമിയെ ഒരേസമയം സ്വമാതാവും കാമിനിയും ജീവിതദർശനവുമാക്കി കവിതയിലൂടെ അവതരിപ്പിച്ച ഒ.എൻ.വി പ്രകൃതിയെ ഒരു കാമുകനെപ്പോലെ സ്നേഹിച്ചു. ആദ്യകാല കവിതകളിൽത്തന്നെ മണ്ണ് സ്ത്രൈണബിംബമായും മുലയൂട്ടുന്ന മാതാവായും പ്രത്യക്ഷപ്പെടുന്നുണ്ട്. ഉദാഹരണമായി 'കവിയും കാട്ടാളനും' എന്ന കവിതയെടുക്കാം.[2]

മണ്ണിന്റെ സ്നേഹോജ്ജ്വല വക്ഷസ്സിൽ കൂരമ്പെയ്തു
ചെന്നിണമൊലിപ്പിക്കും കാട്ടാളത്തത്തിൻ നേരെ.

മക്കളോടുള്ള വാത്സല്യത്താൽ ഭൂമിയുടെ മാറിൽ പാൽ ചുരന്നു വരുന്നു. ഇതു നുകരേണ്ട മനുഷ്യൻ അവളെ കൂരമ്പെയ്തു ചോരയൊലിപ്പിക്കുന്നു. ഇവിടെ മണ്ണ് മാതാവാകുകയും മനുഷ്യൻ സന്തതിയാകുകയും ചെയ്യുന്നു. ഭൂമി കയ്യേറുന്നതും പ്രകൃതിയിലെ വസ്തുക്കൾ നശിപ്പിക്കുന്നതും ഭൂമിയെ വെട്ടിതുണ്ടുതുണ്ടാക്കി, മല യിടിച്ച്, പാടം നികത്തി തന്റെ ഇഷ്ടാനുസരണം രൂപഭേദം വരുത്തുന്നതും സ്ത്രീയെ ബലാത്ക്കാരം ചെയ്യുന്നതും യുദ്ധവുമൊക്കെ കാട്ടാളപ്രവൃത്തികൾ തന്നെയാണ്. സ്വാർത്ഥമോഹങ്ങളാലും അധികാരമോഹങ്ങളാലും ആധുനിക മനു ഷ്യൻ ചെയ്യുന്നതും ഇതുതന്നെയാണ്. ഇതിഹാസകർത്താവായ വാല്മീകിയിലൂടെ കൊളോണിയൽ സംസ്കാരത്തെയും അമേരിക്കൻ അധിനിവേശത്തെയും ആ സമൂഹത്തിന്റെ യുദ്ധക്കൊതിയെയും വിമർശിക്കുന്ന ഒരു കവിതയാണ് ‘കവിയും കാട്ടാളനും’. പണ്ട് കാട്ടാളന്റെ കാട്ടാളത്തം കാടിന് ഭീഷണിയായിത്തീർന്നിരുന്നു. അതുപോലെ നാട് ഭരിക്കുന്ന അധികാരികൾ നാടിനോടും നാട്ടുകാരോടും ചെയ്യുന്ന പ്രവൃത്തികൾ കാട്ടാളത്തത്തെക്കാൾ ഭയാനകമാണ് എന്ന് ഓർമ്മപ്പെടു ത്തുന്നു കവി. കാട്ടാളൻ അമ്പെയ്തു വീഴ്ത്തിയത് ക്രൗഞ്ചപക്ഷിയെയാണ്, ഭൂമി യെത്തന്നെയാണ് മുറിവേല്പിച്ചത് എന്ന് സൂചിപ്പിക്കുന്ന കവി ഇന്ന് മനുഷ്യർ ചെയ്യുന്ന കാട്ടാളത്തത്തിനെതിരെ പ്രതിഷേധിക്കുകയാണ്.

സ്നേഹലോലമാം ഹൃദയങ്ങളിൽ കുത്തി രക്ത-
വാഹിനിയൊഴുക്കുമാ കാട്ടാളത്തത്തിൻനേരെ
മനുഷ്യസ്നേഹോജ്ജ്വല ഭാഷയിലത്യുഗ്രമാ-
മമർഷം കൊള്ളുമാർഷകവിതൻ പാരമ്പര്യം.

ആധുനികതയുടെ ആവേശത്താൽ ഭൂമിയോടു മനുഷ്യൻ ചെയ്യുന്ന അനീതി പല പ്പോഴും നീതീകരിക്കാനാകാത്തതാണ്. മനുഷ്യസ്നേഹത്തിന്റെ ഉജ്ജ്വലഭാഷ

കൊണ്ട് കാട്ടാളത്തത്തെ മാറ്റിത്തീർക്കാൻ കഴിയും എന്ന് കവി ഉറച്ചു വിശ്വസിക്കുന്നു. ആദികവിയുടെ പാരമ്പര്യമാണ് ഇവിടെ ഒ.എൻ.വിക്ക് പ്രേരണയാകുന്നത്.

ഗാർഹികാനുഭവങ്ങളുടെ അവതരണങ്ങളുള്ള നിരവധി കാവ്യസന്ദർഭങ്ങൾ ഒ.എൻ.വി. രചനയിലുണ്ട്. സ്വകാര്യാനുഭവങ്ങളുടെ മനോഹാരിതയെ കവിതയിലൂടെ ആവിഷ്കരിച്ച് 'കവിത'യെ കൂടുതൽ ജനപ്രിയമാക്കിയതിന്റെ ഒരു ഉദാഹരണമാണ് 'ചോറൂണ്'[3] എന്ന കൃതി. കുടുംബജീവിതത്തിന്റെ ആർദ്രതയും താളാത്മകതയും മാതൃവാത്സല്യത്തിന്റെ മാധുര്യവും ഊഷ്മളതയും 'ചോറൂണ്' ഉൾക്കൊള്ളുന്നു. ഭൂമിയിൽ സ്ത്രീത്വത്തിന്റെ സമസ്തഭാവങ്ങളെയും സാംസ്കാരികത്തനിമയെയും ദർശിക്കുന്ന ഒരു രചനാരീതിയാണിവിടെ അവലംബിച്ചിരിക്കുന്നത്. ആദ്യസന്താനത്തിന്റെ ചോറൂണ് നടത്താൻ പോകുന്ന സാധാരണ ദമ്പതിമാരുടെ ചേതോവികാരങ്ങളാണ് പ്രത്യക്ഷത്തിൽ കവിതയിൽ കാണുന്നത്; പ്രകൃതി വർണ്ണനയിലാണ് ആരംഭം.

മോഹിച്ച കണ്ണിന്നു പൊൽക്കണിപ്പൂക്കളും,
ദാഹിച്ച ചുണ്ടിന്നു നൽത്തേൻകനികളും
നേദിച്ചു കൈകൂപ്പി വൈശാഖ കന്യക
മേദിനിതൻ നടപ്പന്തലിൽ നിൽക്കവേ
പാഴ്ച്ചെടിയും കടിഞ്ഞൂൽക്കനിയെത്തോളി-
ലേറ്റിനിന്നാഹ്ളാദ നൃത്തം തിമിർക്കവേ...

കണ്ണുകൾക്ക് നല്ല പൂക്കളും ചുണ്ടുകൾക്ക് തേൻ കനികളും ഒരുക്കി വൈശാഖ കന്യക മേദിനിയുടെ മുമ്പിൽ കൈകൂപ്പി നിൽക്കുകയാണ്. ഭൂമിമാതാവിനെ പൂജിക്കാൻ വൈശാഖമാസം പൂത്തുതളിർത്തു നിൽക്കുകയാണ് എന്നതിൽ 'കന്യക' പ്രയോഗം തന്നെ പ്രകൃതിയിൽ സ്ത്രീത്വം ആരോപിക്കുന്നതാണ്.

ഉണ്ണീ, മറക്കായ്ക പക്ഷേ, യൊരമ്മതൻ-
നെഞ്ചിൽ നിന്നുണ്ട മധുരമൊരിക്കലും!

ഇവിടെ ഭൂമിയെത്തന്നെയാണ് അമ്മയായി കല്പിച്ചിരിക്കുന്നത്.

ഭൂമിതന്നുപ്പു നുകർന്നു നീ പൈതലേ!

ഭൂമിതന്നുപ്പായ് വളരു, കെന്നിങ്ങനെ.

എന്ന് കവി പാടുമ്പോൾ നമുക്ക് പരിചിതമായ കുടുംബബന്ധങ്ങളിൽ ഊന്നിക്കൊണ്ട് പ്രകൃത്യുപാസനയുടെ സന്ദേശം പകർന്നുതരികയാണ് ചെയ്യുന്നത്. മനുഷ്യർക്ക് ലഭിച്ചിരിക്കുന്ന ഭൂമാതാവിന്റെ സ്നേഹവാത്സല്യങ്ങളായ പ്രകൃതിയിലെ അവശ്യവസ്തുക്കൾ പുതുസമൂഹത്തിനുകൂടി നാം പകർന്നുനൽകണം; അവർക്ക് കരുതിവക്കണം എന്ന ഒരു ചിന്തകൂടി ഇവിടെ വെളിവാകുന്നു. തെച്ചിപ്പഴം കുഞ്ഞുമോനിഷ്ടാവും എന്ന് പറഞ്ഞ് കരുതിവയ്ക്കുന്ന ഒരമ്മയായി കവിയുടെ പത്നി മാറുന്നു. സ്വന്തം താല്പര്യങ്ങളും ഇഷ്ടങ്ങളും പരിമിതപ്പെടുത്തി ഇനി വരും തലമുറയ്ക്കുകൂടി പ്രകൃതിയുടെ തനിമയെ കാത്തുസൂക്ഷിക്കാനുള്ള ഒരു പ്രചോദനം ചോറൂണ് നൽകുന്നുണ്ട്. ഇവിടെ ഭൂമാതാവും ഉണ്ണിയുടെ മാതാവും മക്കളോടുള്ള സ്നേഹവാത്സല്യങ്ങളിൽ, കരുതിവയ്പുകളിൽ സമാനത പുലർത്തുന്നു. ഭൂമിതന്നുപ്പ് നുകർന്ന് ഭൂമിയുടെ ഉപ്പായ് വളരൂ... എന്ന് ആശംസിക്കുമ്പോൾ തന്നെ അമ്മയുടെ നെഞ്ചിൽ നിന്നുള്ള മധുരം ഒരിക്കലും മറക്കരുത് എന്ന് ഓർമ്മിപ്പിക്കാനും കവി ശ്രദ്ധിക്കുന്നു.

തനിക്കുപ്രിയപ്പെട്ട പത്നിയിൽ കവി കളങ്കരഹിതമായ ബാല്യവും കൗമാരവും പ്രണയാർദ്രമായ യൗവ്വനവും മാതൃത്വവും ദർശിക്കുന്നു. കവിയും പത്നിയും എന്ന രണ്ടുപേരിൽ നിന്നും ഗ്രാമത്തിലെ വിഭിന്നങ്ങളായ സംസ്കാരങ്ങളിലേക്കും ഗ്രാമഭംഗികളിലേക്കും സഞ്ചരിച്ച് പവിത്രമായ മാതൃപുത്രബന്ധത്തിന്റെ സവിശേഷമായ തലത്തിലേക്കെത്തുമ്പോൾ കവിത ഉദാത്തമാകുന്നു. പത്നിയുടെ പെരുമാറ്റരീതികളിൽ ബാല്യകൗമാരയൗവ്വന കാലഘട്ടങ്ങളെ ഉൾക്കൊണ്ട് പിതൃസമാനമായ വാത്സല്യവും കാമുകഭാവമായ പ്രണയവും പ്രകടിപ്പിക്കുന്ന കവി അവളിലെ മാതൃഭാവത്തെ സംതൃപ്തമായ മനസ്സോടെ അംഗീകരി

ക്കുന്നു. തന്റെ സുഖത്തിനുമാത്രമുള്ള വസ്തുവാണ് ഭാര്യ എന്ന ഒരു പുരുഷ സങ്കല്പമല്ല ഇവിടെ കാണപ്പെടുന്നത്. കവിയുടെ ഉള്ളിൽ രൂഢമൂലമായിട്ടുള്ള അന്തഃസാർന്ന സ്ത്രീസങ്കല്പം തന്നെയാണിവിടെ ശക്തിചൈതന്യമായി വർത്തിക്കുന്നത്.

അമ്മ വീരപ്രസുവായിപോൽ, പൈതങ്ങ
ളങ്ങനെ തങ്ങളിൽ വെട്ടി മരിക്കവേ,!

തന്റെ മക്കൾ വീരയോദ്ധാക്കളായി പടവെട്ടി മരിക്കുന്നത് കണ്ട ആ പ്രദേശം വീരന്മാരെ പ്രസവിച്ച ഭൂമി എന്ന പേരിൽ അഭിമാനിച്ചു എന്ന 'ചോറൂണി'ലെ വരികളെ സമകാലയാഥാർത്ഥ്യത്തോട് ചേർത്തുനിർത്തിയാൽ മക്കൾ തമ്മിൽ യുദ്ധം ചെയ്യുന്നതു കണ്ട് പൊട്ടിക്കരയുന്ന ഭൂമിമാതാവിനെ കാണാം.

ഭൂമിയുടെ പൂർണ്ണതക്കും സാഫല്യത്തിനും മനുഷ്യകുലത്തിന്റെ മുന്നോട്ടുള്ള യാത്രക്കും മനുഷ്യ-പ്രകൃതി സംയോജനം അനിവാര്യമാണ്. ഒരു പകുതിയിൽ മനുഷ്യവർഗ്ഗത്തിന്റെ ചേതോവികാരങ്ങളും മറുപകുതിയിൽ നാടിന്റെ പ്രകൃതി മനോഹാരിതയെയും സാംസ്കാരിക പാരമ്പര്യത്തെയും പരസ്പരമിഴചേർത്ത് 'ചോറൂണ്' രചിച്ചിരിക്കുന്നു. കവിയുടെ യാത്രയിലെ അനുഭൂതികളുടെ ആവിഷ്കാരത്തിലൂടെ ജീവിതസത്യത്തെ അനുവാചകന് അനുഭവപ്പെടുത്തിതരികയാണ് ചെയ്യുന്നത്. ഭൂമിതന്നുപ്പായ് വളരൂ എന്ന് പറയുന്നിടത്ത് കവി പിതൃബിംബമായ ഐശ്വര്യശക്തിയായും പത്നി മാതൃബിംബമായ ഭൂമിയായും അവതരിപ്പിക്കപ്പെടുന്നു. മാതാവിന്റെ നെഞ്ചിൽ നിന്നും മധുരമുണ്ടകുട്ടി ഭൂമിയുടെ ഉപ്പുനുകരുന്ന മനുഷ്യവർഗ്ഗവുമാകുന്നു. 'ചോറൂണി'ലൂടെയാണ് ഭൂമിയുടെ ഉപ്പ് എന്ന ബൈബിൾ ബിംബം ആദ്യമായി ഒ.എൻ.വി കവിതകളിൽ കടന്നുവരുന്നത്.

സാഹിത്യരചനയിലെ പല കാലങ്ങളിലെ പരിണാമങ്ങളെ അറിയുമ്പോൾ തന്നെ സ്വന്തം വിശ്വാസങ്ങളെ, ആദർശങ്ങളെ ഒഴിവാക്കാതെ രചന നടത്തിയ കവിയാണ് ഒ.എൻ.വി. 'ചോറൂണ്' എന്ന കവിതയിൽ കുടുംബബന്ധത്തിന്റെ ഇഴയടു

പ്പമുണ്ട്, മാനവികതയുടെ ശുഭാപ്തിവിശ്വാസത്തെ വിളിച്ചോതുന്നുമുണ്ട്. എന്നാൽ കാൽനൂറ്റാണ്ടിനുശേഷമുള്ള 'നിളാതീരത്തേക്ക് വീണ്ടും' എന്ന രചനയിലേക്കെത്തുമ്പോൾ മുൻപത്തെ ശുഭാപ്തിവിശ്വാസത്തിനുമേൽ ആശങ്കകളുടെ കരിനിഴൽ പരക്കുന്നത് കാണാം. ഇത് പാരിസ്ഥിതിക പ്രത്യാഘാതങ്ങളിലേക്കും സ്ത്രീയുടെ ദുരവസ്ഥകളിലേക്കും സമൂഹത്തിൽ നടമാടുന്ന അനീതികളിലേക്കും മൂല്യച്യുതികളിലേക്കും ഉള്ള ആശങ്ക കലർന്ന നോട്ടം തന്നെയാണ്. ഈ രണ്ടു കവിതകൾ തമ്മിലുള്ള ദൂരം കേരളീയ സമൂഹജീവിതം പുതിയ നൂറ്റാണ്ടിൽ തങ്ങളുടെ ആധുനിക ചിന്താരീതികളുമായി സഞ്ചരിച്ചെത്തിയ ജീവിതത്തിന്റെ പകർപ്പുതന്നെയാണ്.

നന്മയുടെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും മൂർത്തരൂപം തന്നെയാണ് ഓരോ മാതാവും. ആ അമ്മയെത്തന്നെയാണ് കവി പ്രപഞ്ചത്തിലും ദർശിക്കുന്നത്. ഒരിക്കലും വറ്റാതിരുന്ന നദികളിലെ നീരൊഴുക്ക് ഭൂമി മാതാവിന്റെ വാത്സല്യം തന്നെയാണ്. ജന്മം നൽകിയ മാതാവും ഭൂമി എന്ന വിശ്വമാതൃസങ്കല്പവും ഒ.എൻ.വി കവിതകളിലെ മൂല്യവത്തായ ഒരു ബിംബമാണ്. 1964-66 കാലഘട്ടത്തിലെഴുതിയ *ഒരു തുള്ളി വെളിച്ചം* എന്ന കവിതാസമാഹാരത്തിലെ 'ഭൂമി'[4] എന്ന കവിതയിൽ ഭൂമിയെ മാതാവായി അവതരിപ്പിച്ചിരിക്കുന്നു.

കാണെക്കാണെ വയസ്സാവുന്നൂ
മക്കൾക്കെല്ലാ; മെന്നാലമ്മേ!
വീണക്കമ്പികൾ മീട്ടുകയല്ലീ
നവതാരുണ്യം നിൻതിരുവുടലിൽ?...

എന്ന് ഭൂമിയെ നിത്യതരുണിയായ് കണ്ട് മനസ്സ് നിറയുകയാണ് കവിക്ക്. നിറഞ്ഞുതുളുമ്പുന്ന ഓണനിലാവിൽ ഭൂമിമാതാവിന് പുതുലാവണ്യം ആണെന്ന് സൂചിപ്പിക്കുന്നു. ഈ മാതാവിന്റെ കൈകളിൽ മനുഷ്യർക്ക് സുരക്ഷിതത്വബോധമനുഭവപ്പെടുന്നതായും കവി സൂചിപ്പിക്കുന്നുണ്ട്. മനുഷ്യരുടെ ആയുസ്സ് ഭൂമിയുടെ ആയുസ്സുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഹ്രസ്വമാണെന്ന് കാണാം. ഇന്നലെ കുഞ്ഞി

ക്കാലുവച്ചുനടന്നവർ ഇന്ന് താങ്ങാവുന്നതിലേറെ ഭാരം തലയിലേറ്റി ജീവിത പ്രാരാബ്ധവുമായി ഇടറി നടക്കുകയാണ്. ഓരോ ഓണക്കാലവും ഓണക്കളികളും മനുഷ്യനിൽ അവന്റെ പ്രായത്തെ ഓർമ്മപ്പെടുത്താനുള്ള സാഹചര്യങ്ങളാകുന്നു.

ഓരോ വട്ടവുമോണക്കളിയുടെ
താളമയഞ്ഞീടുന്നു ഞങ്ങളിൽ;
ഓണനിലാവിൻ പുടവയുടുത്താ-
ലമ്മയ്ക്കിന്നും പുതുലാവണ്യം!

എന്നാൽ ഓണക്കാലത്ത് പൂത്തുനിറഞ്ഞ് നിൽക്കുന്ന ഭൂമിക്ക് പുതുലാവണ്യം തന്നെയാണ് എന്ന് കവി പ്രസ്താവിക്കുന്നു. ഒരു പുരുഷായുസ്സ് ഒരുപിടി നീർപ്പോളകൾ പൊലിയുന്നത്രനേരം മാത്രമേ ഉള്ളൂ എന്ന് സൂചിപ്പിക്കുന്നുണ്ട്. ഇവിടെ ആയുസ്സിന്റെ കണക്കുകൾ സ്ത്രീയുടേത് പ്രത്യേകിച്ച് പറയുന്നില്ല. ആ കണക്കും കൂടെ പുരുഷായുസ്സിലേക്ക് ഉൾച്ചേർത്തിരിക്കുന്നു. പുരുഷന്റെ ആയുസ്സിനു മാത്രം പ്രത്യേക പരിഗണന നൽകുന്ന ഈ രീതി സ്ത്രീവാദത്തിന് വിരുദ്ധമാണെന്ന് പറയാം. എന്നാൽ വൈദികകാലം മുതൽക്കുതന്നെ പുരുഷായുസ്സ് എന്നാൽ ലിംഗഭേദമില്ലാതെ, മനുഷ്യായുസ്സിനെയാണ് സൂചിപ്പിച്ചിരുന്നത്. സ്ത്രീപരാമർശമുള്ള തന്റെ ഏതൊരു രചനയിലും സ്ത്രീക്ക് പ്രത്യേക പരിഗണന നൽകാതെയോ, അവളെ പുറന്തള്ളിയോ ഒരു രചന നടത്തുന്നില്ല എന്നതിനാൽ പുരുഷായുസ്സ് എന്ന പ്രയോഗത്തെ വിരുദ്ധമായി കണക്കാക്കേണ്ടതില്ല. ഇവിടെ മനുഷ്യന്റെയും പൂവിന്റെയും ഒക്കെ ആയുസ്സ് അവസാനിച്ച് മറ്റൊരു ജീവിതം തുടങ്ങുമ്പോഴും ഭൂമിമാതാവിന്റെ ചൈതന്യം അനശ്വരമാണ്. ഭൂമിക്ക് പ്രത്യേക താളലയങ്ങൾ ഉണ്ട്, ഋതുചക്രം ഉണ്ട്. ആ ശൃംഖലയിലെ ഒരു ചെറിയ കണ്ണി മാത്രമാണ് മനുഷ്യകുലം. ഇത്തരത്തിൽ ഭൂമിയെ സർവ്വചരാചരങ്ങളുടെയും മാതാവായിട്ടുതന്നെയാണ് കല്പിച്ചിരിക്കുന്നത്. ഒപ്പം മാതൃബിംബം എന്ന സങ്കല്പത്തോട് ഭൂമിയെ ഇഴചേർക്കുകയാണ് 'ഭൂമി' എന്ന കവിതയിൽ. എത്രയോ ഋതുക്കൾ മാറിമ

റിഞ്ഞുപോയിട്ടും വൃദ്ധയാകാത്ത വസുധയുടെ പേരിൽ അഭിമാനം കൊള്ളുക യാണ് ഒ.എൻ.വി. മക്കൾ നശ്വരരാണെങ്കിലും ഒന്നിനു പിറകെ മറ്റൊന്നുവന്ന് ഭൂമി യുടെ അനശ്വരതക്ക് ജീവിവർഗ്ഗവും പൂക്കളും ഒക്കെ പൂർണ്ണത നൽകുന്നു. ഒന്നിന്റെ അവസാനം മറ്റൊന്നിന്റെ ജീവന് ആരംഭമാകുന്നു. കാലത്തിന്റെ ചുമരുക ളിൽ വിള്ളലുകൾ ഉണ്ടായാലും അവയെയെല്ലാം അതിജീവിച്ച് ജീവന്റെ പുതിയ നാമ്പുകൾ ഇവിടെ ഉയർന്നുകൊണ്ടിരിക്കും എന്ന അസ്തമിക്കാത്ത പ്രതീക്ഷ കവി പങ്കുവക്കുന്നു.

'കവിയും കാട്ടാളനും', 'ചോറൂണ്' തുടങ്ങിയ കവിതകളിലൂടെ 'ഭൂമി' എന്ന കവിതയിലേക്കെത്തുമ്പോൾ ഭൂമിയെ എല്ലാ ജീവിവർഗ്ഗത്തിന്റെയും മാതാവായി സങ്കല്പിക്കുന്ന തരത്തിലാകുന്നു കവിയുടെ രചന. ''എന്നാൽ പ്രകൃത്യുന്മുഖത്വം സമൂഹത്തിൽ നിന്നുള്ള പിൻവാങ്ങലോ, അതിഭൗതികതയിലേക്കുള്ള നീക്കമോ, ഭൗതികലോകതിരസ്ക്കാരമോ, ചരിത്രവിസ്മൃതിയോ ആയി ഈ കാവ്യ ലോകത്തു മാറുന്നില്ല. ആദ്യകാല കവിതകളിൽ ആത്മപ്രകാശനത്തിന്റെ ഭാഗം കൂടിയായി പ്രകൃതി സ്വീകരിക്കപ്പെടുമ്പോൾ പിൽക്കാല കവിതകളിൽ പരി സ്ഥിതിവിവേകത്തിന്റെ ഭാഗമാണത്. 'ഭൂമിക്ക് ഒരു ചരമഗീതം' പോലുള്ള രചനകൾ ആ വിവേകത്തിന്റെ നിർമ്മിതികളാണ്.''[5]

മോഹിച്ച കണ്ണിന്നു പൊൽക്കണി പൂക്കളും ദാഹിച്ച ചുണ്ടിന്നു നൽത്തേൻ കനികളും നേദിച്ച് 'ചോറൂണി'ൽ പ്രകൃതിയാകെ അണിഞ്ഞൊരുങ്ങി പൂജിക്കുന്ന ദേവതയായി ഭൂമി മാറുന്നുണ്ട് എന്ന് സൂചിപ്പിക്കുന്നു. എന്നാൽ ദാഹം, മോഹം തുടങ്ങിയ ലൗകികചിന്തകളെ അതിലേക്ക് ആരോപിച്ച് ആ ദേവതാസങ്കല്പത്തെ അതിവർത്തിക്കാനും കവിക്ക് കഴിയുന്നുണ്ട്.

ഏതു ധൂസര സങ്കല്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും

മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും

മണവും മമതയും ഇത്തിരി കൊന്നപ്പൂവും. [6]

എന്ന് ഗ്രാമജീവിതത്തിന്റെ വിശുദ്ധിയെ എടുത്തുകാട്ടി പ്രകൃതിയോട് ഇണങ്ങി പ്രകൃതിയെ സ്നേഹിക്കാൻ വൈലോപ്പിള്ളി പ്രേരിപ്പിക്കുമ്പോൾ വളരെ പരിചിതമായ കുടുംബബന്ധങ്ങളുടെ മാധുര്യത്തിൽ ഊന്നിക്കൊണ്ടാണ് ഒ.എൻ.വി പരിസ്ഥിതി സ്നേഹത്തിന്റെ മഹത്വത്തെയും സന്ദേശത്തെയും ഉയർത്തിക്കാട്ടുന്നത്. പലപ്പോഴും കവി പ്രകൃതിയെന്ന കൂട്ടുകുടുംബത്തിലെ അംഗമായി മാറുന്നു. ജനന മരണങ്ങളെല്ലാം ജീവിതചക്രത്തിന്റെ ഭാഗമാണെന്നും ഒന്നുചീഞ്ഞ് മറ്റൊന്നിന് വളമാകുന്നുവെന്നും അതിനാൽ മരണത്തെച്ചൊല്ലി ദുഃഖിക്കേണ്ടതില്ല എന്ന ഒരു ലോകവീക്ഷണം കൂടി 'ഭൂമി' എന്ന കവിതയിലൂടെ അവതരിപ്പിക്കുന്നു.

1966 വരെയുള്ള രചനകളിൽ നിന്നും തെരഞ്ഞെടുത്ത ഈ കവിതകൾ പഠിക്കുമ്പോൾ കാണാൻ കഴിയുന്നത് അക്കാലത്തുതന്നെ പ്രകൃതിക്കും സ്ത്രീക്കും പ്രാധാന്യമുള്ള രചനകൾ ഒ.എൻ.വി നടത്തിയിരുന്നുവെന്നുള്ളതാണ്. സ്ത്രീയും പുരുഷനും വിട്ടുവീഴ്ച്ചാമനോഭാവത്തോടെയും ഗതകാലസംസ്കാരത്തെ മറന്നുപോകാതെയും ജീവിതം നയിക്കുമ്പോൾ ദാമ്പത്യത്തിന് അസ്വാരസ്യങ്ങളുണ്ടാകില്ല. പ്രകൃതിയുടെ തനിമയെ അറിയുകയും അതിന്റെ പരിപാലനത്തിൽ ശ്രദ്ധപുലർത്തുകയും വേണം എന്നൊരു കാഴ്ച്ചപ്പാടും ഇവിടെ കാണാം. ഭൂമിയെ മാതാവായി കല്പിക്കുന്ന രചനാരീതി ഈ കാലഘട്ടത്തിലും കവി പുലർത്തുന്നു. സ്ത്രീവാദപരമോ പരിസ്ഥിതിദർശനപരമോ ആയ ആഹ്വാനങ്ങൾ പ്രത്യേകമായി നൽകുന്നതായി അനുഭവപ്പെടുന്നില്ല.

### 4.2 പ്രകൃതി - സ്ത്രീ അവതരണം തെരഞ്ഞെടുത്ത കവിതകളിൽ

പച്ച ഒരു നിറത്തെ മാത്രം പ്രതിനിധാനം ചെയ്യുന്നതല്ല. പ്രപഞ്ചജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച്ചയെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രത്യയശാസ്ത്രം അതിനുള്ളിലുണ്ട്. ഏതു ശക്തിക്കും തകർക്കാൻ കഴിയാത്ത, എത്ര വലിയ ഹിമ

പാതത്തിലും കൊഴിയാത്ത, സൂര്യന്റെ വർധിച്ച ചൂടിലും വാടാത്ത ഒരു വിശ്വാസ പ്രമാണമായി പച്ചയെ വിലയിരുത്താം. ഇത്തരത്തിലുള്ള പച്ചപ്പു നിറഞ്ഞ പ്രത്യയ ശാസ്ത്രത്തെ മുറുകെ പിടിക്കുന്നതുകൊണ്ടാണ് ഒ.എൻ.വിയുടെ രചനാദർശ നത്തെ ഹരിതം എന്നു പറയേണ്ടിവരുന്നത്. ആ ഹരിതചിന്തയിൽ പ്രകൃത്യുപാസ ന, പാരിസ്ഥിതികവ്യഥ, സ്ത്രീവാദചിന്ത, സാമൂഹികനീതിയുടെ പേരിലുള്ള ആകു ലതകൾ, വിശ്വമാനവികതാദർശനം തുടങ്ങിയവയൊക്കെ ഉൾക്കൊള്ളുന്നു. പരി സ്ഥിതിചിന്തയും സ്ത്രീവാദവുമൊക്കെ സമൂഹത്തിലേക്ക് കൂടുതലായി കടന്നുവ രുന്നതും സാഹിത്യത്തിൽ വിഷയമാകുന്നതും 1970-കളോടെയാണ്. പ്രകൃതിയും പെണ്ണും ഒരുപോലെ ദുരിതക്കയത്തിൽ ആണ്ടുപോകുന്ന നിസ്സഹായാവസ്ഥയെ ച്ചൊല്ലി ഒ.എൻ.വി നിരന്തരം ആകുലപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ 1970-കളിൽ തുടങ്ങി 2016 വരെയുള്ള കാലയളവിലെ കൃതികളിൽനിന്നും പരിസ്ഥിതി ചിന്തയും സ്ത്രീപക്ഷചിന്തയും ഇടകലർന്നുവരുന്ന കവിതകളെ തെരഞ്ഞെടുത്ത് പഠനവിധേയമാക്കുകയാണ് ഈ അധ്യായത്തിൽ. കവിയുടെ പരിസ്ഥിതിചിന്ത, സ്ത്രീ അവതരണം, ഭാഷാപ്രത്യേകതകൾ എന്നിവ ഏതുരീതിയിലാണെന്ന് പാരി സ്ഥിതികസ്ത്രീവാദചിന്തയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. സർവ്വം സഹിക്കുന്ന ഭൂമിക്കു തുല്യയാണ് കവിക്ക് സ്ത്രീ. സ്ത്രീ എന്ന ഏക ഭാവത്തിന്റെ വ്യത്യസ്തതലങ്ങളായി മുത്തശ്ശിയും അമ്മയും പെങ്ങളും അവതരിപ്പിക്കപ്പെടുന്നു. ഭൂമിമാതാവ് എന്ന സങ്കല്പത്തോട് ഇണങ്ങി മുത്തശ്ശി, മാതാവ്, സഹോദരി എന്നി ങ്ങനെ വിവിധ സ്ത്രീഭാവങ്ങളെ എങ്ങനെ പ്രതീകവൽകരിച്ചിരിക്കുന്നു എന്നന്വേ ഷിക്കുകയാണ് തെരഞ്ഞെടുത്തകവിതകളിലൂടെ.

### 4.2.1 ഒ.എൻ.വി കവിതകളിലെ മുത്തശ്ശി

'ഉപ്പ്', 'മുത്തശ്ശിമുല്ല' എന്നീ കവിതകളുടെ വിശദപഠനത്തിലൂടെ മുത്തശ്ശി എന്ന ഭാവം എപ്രകാരമാണ് ഒ.എൻ.വി അടയാളപ്പെടുത്തുന്നത് എന്ന് വായി ക്കാൻ, മനസ്സിലാക്കാൻ ശ്രമിക്കുകയാണിവിടെ. ഒ.എൻ.വി കവിതയിൽ പ്രാചീന

സംസ്കാരവും നാട്ടറിവുകളും കാത്തുസൂക്ഷിക്കുന്നത് മുത്തശ്ശിമാരാണ്. കവിയുടെ കൃതികളിൽ പുലർച്ചക്ക് ഉറങ്ങുമ്പോൾ വിളിച്ചുണർത്തുന്നതും പരിക്കേറ്റ കിളിക്കുഞ്ഞിനുമീതെ ഒരു ഓട്ടുകിണ്ണം കമിഴ്ത്തിവച്ച് മൃത്യുവിൽനിന്നും അതിനെ രക്ഷിക്കുന്നതും ഭൂമിയുടെ സ്നേഹമായ ഉപ്പും സൗന്ദര്യവും പ്രാക്തന സംസ്കാരവും ജീവനശക്തിയുമൊക്കെ നൽകുന്നത് മുത്തശ്ശിമാരാണ്. കവിക്ക് രാമായണകഥയും വടക്കൻ പാട്ടുകളും പാടിക്കൊടുക്കുന്നതും ഇതേ കഥാപാത്രമാണ്.

1978-ൽ രചിച്ച 'ഉപ്പ്'[7] എന്ന കവിതയിൽ കടൽ, മുത്തശ്ശി എന്നീ രണ്ട് ഭാവങ്ങളെ അടയാളപ്പെടുത്തുന്നു. കടൽ എന്നത് പ്രകൃതിമാതാവിനെയും മുത്തശ്ശി എന്നത് മനുഷ്യപരമ്പരയുടെ ആദിപ്രരൂപത്തെയും സൂചിപ്പിക്കുന്നു. എന്നും തന്റെ ഇളം തലമുറകളിൽ സ്നേഹവാത്സല്യങ്ങൾ ചൊരിയുന്ന മുത്തശ്ശി അവർക്ക് കൈമാറാനായി തന്നിലെ ദുഗ്ധം കരുതിവയ്ക്കുന്നു. എന്നാൽ ഈ പ്രപഞ്ചത്തിന്റെ അനന്തതയിൽ മുത്തശ്ശി വിലയം പ്രാപിക്കുന്നതിനുമുമ്പ് തന്റെ കൊച്ചുമക്കളിൽ അവരുടെ പ്രാണനോടൊപ്പം ലീനമാകുന്നു. കടലെന്ന മുത്തശ്ശിയും കൊച്ചുമക്കൾക്കുപകരം തന്നിലെ ഏറ്റവും ചെറിയകണികയായ ഉപ്പുരസത്തിലേക്ക് അലിഞ്ഞുചേരുകയാണ്. അതിവിശാലമായ മനുഷ്യസമൂഹത്തിന് പാൽനുരചുരത്തി ഈ മുത്തശ്ശി മക്കളെ ലാളിക്കുന്നു. ഒടുവിൽ മക്കൾക്കന്നമായി - അന്നത്തിലെ രുചിക്കൂട്ടായി – അലിഞ്ഞുചേരുന്നു. ഇവിടെ, ഉപ്പ് ഓരോ മനുഷ്യന്റെയും ജീവസന്ധാരണത്തിനായി പ്രകൃതി കാത്തുവച്ച അനിഷേധ്യവസ്തുവായി പരിണമിക്കുന്നു.

> പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പതൻ
> പൂവുപോലിത്തിരിയുപ്പുതരിയെടു
> ത്താവി പാറുന്ന പൊടിയരിക്കഞ്ഞിയിൽ
> തൂവി പതുക്കെ പറയുന്നു മുത്തശ്ശി;

കഞ്ഞിയിൽ ഉപ്പുചേർത്താലെ അത് രുചിയുള്ളതാകുകയുള്ളൂ. അതു

പോലെ ഈ മുത്തശ്ശിയും മറഞ്ഞുപോകും. ഉണ്ണിയുടെ ജീവിതത്തിന്റെ തന്നെ ഉപ്പായിട്ടാണ് ആ അലിഞ്ഞു മറയൽ. മുത്തശ്ശിയും ഉണ്ണിയും കടലുമാണ് കവിത വായിക്കുമ്പോൾ ഉള്ളിൽ നിറയുന്നത്. മുത്തശ്ശിയുടെ വാക്കുകൾ കേട്ട ഈ ഉണ്ണി പിന്നീട് മേശപ്പുറത്തെ ചില്ലുപാത്രത്തിലിരിക്കുന്ന ഉപ്പിനെ കാണുന്നു. പിന്നെയും കുറേനാൾ കഴിഞ്ഞാണ് ഉണ്ണി കടൽ കാണുന്നത്.

പിന്നെയൊരുനാൾ കടൽകണ്ടു ഞാൻ! വെറും
മണ്ണിൽ കിടന്നുരുളുന്ന കാണാതായ
തൻ കുഞ്ഞിനെയോർത്തു നെഞ്ഞു ചുരന്ന പാൽ
എങ്ങും നിലയ്ക്കാതൊഴുകിപ്പരന്നതിൽ
മുങ്ങിമരിക്കുന്നൊരമ്മയെക്കണ്ടു ഞാൻ!

മുത്തശ്ശിയുടെ വാക്കുകൾ ശ്രദ്ധിച്ചുകേട്ട ഉണ്ണി കടലിൽ, പ്രകൃതിയിൽ നഷ്ടപ്പെട്ടു പോയ തന്റെ കുഞ്ഞിനെ അന്വേഷിച്ച് പോകുന്നരമ്മയെ, തന്റെ നെഞ്ചിൽനിന്നും ഊറിയ പാൽ എങ്ങും നിലയ്ക്കാതെ ഒഴുകിപ്പരന്ന് അതിൽ മുങ്ങിമരിക്കുന്ന അമ്മയെ കാണുന്നു. ഇവിടെ മുത്തശ്ശിയും കടലും മക്കൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവക്കുന്ന, അവരിലെ ലവണമായിമാറുന്ന വാത്സല്യമുള്ള വിശാലഹൃദയങ്ങ ളായി അനുഭവപ്പെടുന്നു. താൻ ജന്മംനൽകിയവർക്കുവേണ്ടി അമ്മയും ഭൂമിയിലെ സർവ്വസന്താനങ്ങൾക്കുമായി പ്രകൃതിയും തന്റെ ജീവന്റെ അവസാനതരിശ്വാസവും കരുതിവയ്ക്കുന്ന കാഴ്ച്ച ഇവിടെ കാണാം. തീൻമേശയിലെ ഉപ്പ് കടലമ്മയെ പിഴിഞ്ഞ് ഊറ്റി ഉണ്ടാക്കിയതാണ്. ഇന്നത്തെ മക്കൾ സ്വന്തം മാതാവിനോട് കാണി ക്കുന്നതും ഇതുതന്നെയാണ്. അവളുടെ നെഞ്ചിലെ അവശേഷിക്കുന്ന തുള്ളിര ക്തവും ഊറ്റികുടിച്ച് വലിച്ചെറിയുന്ന സമകാലിക അവസ്ഥയിലേക്കും ഈ കവിത ശ്രദ്ധ ക്ഷണിക്കുന്നു. ഉണ്ണിയുടെ ജീവിതസംസ്കാരത്തിൽ ഉപ്പുതരിപോലെ അലിഞ്ഞുലയിക്കുന്ന മുത്തശ്ശി ആ കുട്ടിയുടെ ജീവിതത്തിൽ ഉടനീളം അറിവായി നിറഞ്ഞുനിൽക്കുന്നു. കടലിൽ ഒരു മാതൃദുരന്തം ദർശിക്കുന്ന, കടലമ്മയുടെ

മരണം നോക്കിക്കാണുന്ന ഉണ്ണി കവിയും നമ്മളും ഒക്കെയാണ്. അലസരായി ഉറക്കംതൂങ്ങിയിരിക്കുന്ന പുതുതലമുറയുടെ കണ്ണുകളെ, മനസ്സിനെ സമകാലിക ദുരവസ്ഥകളിലേക്ക് തുറന്നുപിടിക്കാൻ പ്രേരിപ്പിക്കുകയാണ് ഈ കവിതയിലൂടെ കവി.

*മയിൽപ്പീലി*യിലെ 'മുത്തശ്ശിമുല്ല'[8] എന്ന കവിതയിൽ മുത്തശ്ശിയാണ് കേന്ദ്ര കഥാപാത്രം.

മുത്തശ്ശിയമ്മയ്ക്കു തൊണ്ണൂറാം കാലത്ത്
മുത്തരിപ്പല്ല് മുളച്ചൂലോ!
മുറ്റത്തെ മുല്ലയ്ക്കു ചുറ്റും നിന്നാക്കളി
കുട്ടികൾ കൈകൊട്ടിപ്പാടുന്നു.

ഇവിടെ മുത്തശ്ശിയെ മുല്ലയോട് സാമ്യപ്പെടുത്തി അവതരിപ്പിച്ചിരിക്കുന്നു. മുത്തശ്ശിയും മുല്ലയും തമ്മിലുള്ള ആത്മബന്ധത്തിന്റെ മനോഹാരിത നിറഞ്ഞ അവതരണവും ഉണ്ട്.

ഇത്തിരി മുറ്റത്തുണരുന്നു ദശ -
പുഷ്പങ്ങ, ളുൾനാടൻ പെൺകിടാങ്ങൾ!

മുറ്റത്തു പൂത്തുവിരിയുന്ന ദശപുഷ്പങ്ങളെ ഉൾനാട്ടിലെ പെൺകിടാങ്ങളായി കല്പിക്കുകയാണിവിടെ. തറവാട്ടുമുറ്റത്ത് ഓടിക്കളിക്കുന്ന കുട്ടികൾ പാടുന്ന ഈണങ്ങൾക്ക് കാതോർക്കുമ്പോഴും മുത്തശ്ശി എന്ന വിളി കേൾക്കുമ്പോഴും മുത്തശ്ശിമുല്ല കോരിത്തരിക്കുന്നു.

ഒത്തുചേർന്നങ്ങനെ പാടുമ്പോ, ളവർ
''മുത്തശ്ശീ'' യെന്നു വിളിക്കുമ്പോൾ,
കോരിത്തരിച്ചേ നിൽക്കുന്നൂ നിലാ-
ക്കോടുയുടുത്തോരരിമുല്ല!

മുല്ലയിൽ മാനുഷഭാവം ആരോപിക്കുകയാണിവിടെ. മുല്ലയിൽ മൊട്ടുനിറഞ്ഞപ്പോൾ മുത്തശ്ശിക്ക് തൊണ്ണൂറാംകാലത്ത് മുത്തരിപ്പല്ലുമുളച്ചു എന്നാണ് കുട്ടികൾ പറയുന്നത്. മഹനീയമായ ഒരു സംസ്കാരത്തിന്റെ സാന്നിധ്യം തന്നെയാണ് മുത്തശ്ശിയെക്കുറിച്ചുള്ള ഓർമ്മകളിൽ നിറയുന്നത്. നിലാവിന്റെ കോടിയുടുത്ത അരിമുല്ലയിലൂടെ ശുഭ്രവസ്ത്രധാരിയായി സ്നേഹവും വാത്സല്യവും സാരോപദേശകഥകളുമായി നിൽക്കുന്ന മുത്തശ്ശിയെത്തന്നെയാണ്  കവി അവതരിപ്പിച്ചിരിക്കുന്നത്.

'കാറ്റ്', 'മുത്തിയും ചോഴിയും', 'ഇന്നലെ ലില്ലിപ്പൂക്കൾ', 'കോതമ്പുമണികൾ', 'പാവക്കൂത്ത്', 'പൊന്നുകെട്ടിയ രുദ്രാക്ഷം', 'വിശപ്പ്', 'ഉറവുകൾ' എന്ന കവിതയിലെ ഉറുമ്പും കിളിയും എന്ന ഭാഗം തുടങ്ങിയവയിൽ മുത്തശ്ശിയെ പല തരത്തിൽ ഭാവത്തിൽ അടയാളപ്പെടുത്തുന്നു. *ഭൂമിക്ക് ഒരു ചരമഗീതം* എന്ന സമാഹാരത്തിലെ 'കാറ്റ്' എന്ന കവിതയിൽ കാറ്റിനെ കാണാൻ ആഗ്രഹിച്ച ഒരു കുട്ടിക്ക് അതിനെകുറിച്ചുള്ള കഥകൾ പറഞ്ഞുകൊടുക്കുന്ന മുത്തശ്ശിയെ അവതരിപ്പിച്ചിരിക്കുന്നു. കഥകൾക്കും പാട്ടുകൾക്കും ഒപ്പം ജീവിതത്തിലെ പല തത്വങ്ങളും പാഠങ്ങളും സംസ്കാരത്തനിമകളും പുത്തൻതലമുറക്ക് മുത്തശ്ശി പകർന്നുനൽകുന്ന കാഴ്ച ഇവിടെ കാണാം. 'കോതമ്പുമണികൾ' എന്ന കവിതയിൽ സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നും നേടിയ അറിവ് വരുംതലമുറകളുടെ ജീവിതോന്നമനത്തിന് ഉപകാരപ്രദമാകുംവിധം ചൊല്ലിക്കൊടുക്കുന്ന മുത്തശ്ശിയാണുള്ളത്. 'പാവക്കൂത്ത്' എന്ന കവിതയിൽ ആധുനികവൽക്കരണത്തിന്റെയും വിദേശസംസ്കാരങ്ങളുടെയും പിടിയിലമർന്ന പുത്തൻതലമുറയിലെ കുട്ടികൾക്ക് മുത്തശ്ശികഥകൾ വേണ്ടാതാകുന്നു എന്ന സൂചന നൽകുന്നു. കളിപ്പാട്ടങ്ങളും ഇംഗ്ലീഷ്ഭാഷയും പ്രിയപ്പെട്ടതാകുന്ന അവരുടെ കളികൾ കണ്ട് രസിക്കുന്നതോടൊപ്പം മുത്തശ്ശിക്കഥകൾ ഓർമ്മയായി മാറുന്നതിനെക്കുറിച്ച് വിഷാദം കൊള്ളുകയും ചെയ്യുന്നു. 'പൊന്നുകെട്ടിയ രുദ്രാക്ഷ'ത്തിൽ മുത്തശ്ശിയും മുത്തശ്ശിയുടെ ശ്രുശ്രൂഷയ്ക്കേർപ്പെടുത്തിയ അനാഥയായ അമ്മു എന്ന പെൺകുട്ടിയുമാണുള്ളത്. മുത്തശ്ശിയുടെ

വാത്സല്യത്തിനുപകരം വെക്കാൻ മറ്റൊന്നുമില്ല എന്ന് കവി ഓർമ്മപ്പെടുത്തുന്നു. വാർദ്ധക്യത്തിന്റെ നിസ്സഹായാവസ്ഥ വിവരിക്കുന്ന 'വിശപ്പി'ൽ മുത്തശ്ശിയും കുട്ടനുമാണ് കഥാപാത്രങ്ങൾ. ഇന്ന് സമൂഹത്തിൽ വാർദ്ധക്യത്തിലെത്തിയിരിക്കുന്നവർക്ക് അവരർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല. ആവശ്യത്തിന് ഭക്ഷണമോ, വസ്ത്രമോ, വിശ്രമത്തിനുള്ള ഇടമോ നേടാനാകുന്നില്ല. ഇതിലെ മുത്തശ്ശിയ്ക്ക് ഒരു നേരത്തേക്കുള്ള അന്നം തേടാൻ സ്വന്തം രക്ഷയെക്കുറിച്ചുള്ള ചിന്തപോലും മറന്ന് മഴയിലേക്കിറങ്ങുന്ന കുട്ടൻ രക്ഷിതാക്കളെ ക്ഷേത്രപരിസരങ്ങളിലും വൃദ്ധസദനങ്ങളിലും ഉപേക്ഷിക്കുന്ന ആധുനികതലമുറക്ക് മാതൃകയാണ്. കൊച്ചുമകളുടെ ബാലകഥയ്ക്ക് തന്റെ ജീവിതവുമായി ബന്ധമുണ്ടെന്ന് കണ്ടെത്തുന്ന മുത്തശ്ശിയാണ് 'ഉറവു'കളിലെ ഉറുമ്പും കിളിയും എന്ന ഭാഗത്ത് ഉള്ളത്. 'വെയിലാറുമ്പോൾ' എന്ന കവിതയിലെ മുത്തശ്ശി മകനെ കാത്തിരിക്കുന്ന ഒരു മാതാവാണ്.

ഇത്തരത്തിൽ മക്കൾക്കും പേരകുട്ടികൾക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മുത്തശ്ശിമാരെ ഇന്നത്തെ സമൂഹം വൃദ്ധസദനങ്ങളിലേക്കും അനാഥാലയങ്ങളിലേക്കും എത്തിക്കുന്ന കാഴ്ച നമുക്കുചുറ്റുമുണ്ട്. ഒപ്പം നദികളുടെ മരണവും മലിനീകരണവും ഇന്ന് നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പാരിസ്ഥിതിക ദുരന്തവുമാണ്. എത്രമാത്രം ബഹുമാനിക്കപ്പെടേണ്ടതാണ്, മാതൃകയാക്കപ്പെടേണ്ടതാണ് മുത്തശ്ശി എന്ന സ്ത്രീഭാവം എന്ന് കവി വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു തന്റെ കവിതകളിലൂടെ.

### 4.2.2 പെങ്ങൾ ഒ.എൻ.വി കവിതകളിൽ

സ്ത്രീത്വത്തിന്റെ കാല്പനികഭാവമായ പെങ്ങൾ. ഇതിവൃത്തമാകുന്ന കവിതകളാണ് 'പെങ്ങൾ', 'കുഞ്ഞേടത്തി', 'കോതമ്പുമണികൾ', 'കായൽക്കാഴ്ചകൾ', 'വിശുദ്ധി', 'ബലിക്കുന്നുകൾ', 'വന്ധ്യമേഘങ്ങൾ' എന്നിവ. കൗമാരത്തിൽ കൂടപ്പിറപ്പിന് മാതാവായും അതേസമയം തന്നെ സഹോദരിയായും ഏട്ടത്തിയായും കഥ പറഞ്ഞുരസിപ്പിക്കുന്ന മുത്തശ്ശിയായും ചലനശേഷി നഷ്ടപ്പെട്ട അച്ഛന് ഒരാശ്വാസ

മായും ഒ.എൻ.വിയുടെ 'പെങ്ങളെ' സമകാലികജീവിതത്തിൽ വിവിധഭാവങ്ങളിൽ ദർശിക്കാനാകും. സഹിക്കാനും പൊറുക്കാനും ക്ഷമിക്കാനും സ്നേഹിക്കാനും പെങ്ങൾക്കുള്ള കരുത്ത് ഒരു കരുതലോടെ ഒ.എൻ.വി ആവിഷ്കരിക്കുമ്പോൾ പെങ്ങൾ എന്ന ബിംബം വെട്ടിത്തിളങ്ങുന്ന, തേച്ചുമിനുക്കിയ വെള്ളോടുപോലെ പ്രഭ പരത്തുന്നു. എന്നാൽ മനസ്സിന്റെ നന്മ കാണാത്ത പുരുഷൻ പെൺശരീരത്തെ ലക്ഷ്യമാക്കുന്നു. കപടസ്നേഹം നടിച്ച് പ്രണയം എന്ന ഭാവത്തിൽ അടുത്തുകൂടി 'ഗർഭം' എന്ന 'അപമാനം' നൽകി അവളെ മരണത്തിന്റെ കയത്തിലേക്ക് തള്ളിവിടുന്നു. മനുഷ്യനായിപ്പിറന്നാൽ സംസ്കാരവും മനുഷ്യത്വവും പുലർത്തിയില്ലെങ്കിൽ അത് പരദ്രോഹത്തിന്റെയും ചൂഷണത്തിന്റെയും പ്രതീകമായിമാറുമെന്ന് പ്രസ്തുത കവിതകളിലൂടെ സൂചിപ്പിക്കുന്നു കവി. ഒപ്പം സമകാലിക സമൂഹത്തിന്റെ സ്ത്രീവിരുദ്ധഭാവങ്ങളെ, പ്രകൃതിവിരുദ്ധഭാവങ്ങളെ സ്ത്രീമനസ്സിന്റെ കണ്ണാടിയിലൂടെ പ്രതിബിംബിപ്പിക്കുകയാണ് ഒ.എൻ.വി.

*അപരാഹ്നത്തിൽ* (1989-1991) നിന്നെടുത്തിട്ടുള്ളതാണ് 'പെങ്ങൾ' എന്ന കവിത.[9]

'ആരു നീ'? യെന്നു ഞാൻ
ചോദിച്ചതില്ല, നിൻ
പേരുപോലും നീ
പറഞ്ഞുമില്ലെങ്കിലും,
വല്ലായ്മയാർന്ന നിൻ
നില്പു മാ മൗനവും
...........
ചൊല്ലാതെ ചൊല്ലുന്നു:
''നിൻ പെങ്ങളാണിവൾ!''

തന്റെ കൈയിൽ ഒരു രാഖിച്ചരടുബന്ധിച്ച പെൺകുട്ടിയുടെ പേരുപോലും കവിക്ക് അറിയില്ല. എങ്കിലും അവൾ തന്റെ പെങ്ങളാണ് എന്ന ബോധമാണ് കവിയുടെ

ഉള്ളിൽ. ഈ പെങ്ങൾ പലപ്പോഴും പാചകവാതകക്കുറ്റി പൊട്ടിത്തെറിച്ച് കത്തിയെരിഞ്ഞ് തീരുന്നവളാണ്. ആരുടെയോ യാത്രക്കിടയിലെ ദാഹം തീർക്കുന്നതിന്, ചുടുചായ പകർന്നുവയ്ക്കുന്നതിന് ഉണ്ടാക്കിവച്ച മൺപാത്രമാകുന്നവളാണ് ഈ പെങ്ങൾ. ഇവിടെ പെങ്ങളും മണ്ണും ഒന്നാകുകയാണ്. മേലാളർക്ക് ചവിട്ടിക്കുഴയ്ക്കാൻ മാത്രം വിധിക്കപ്പെട്ടവൾ, തനിക്കുതാഴെ പിറന്ന കിടാങ്ങൾക്ക് അമ്മയായി മാറുന്നവളാണിവൾ. ഒപ്പം പുരുഷന്റെ സ്വാർത്ഥതക്കും ലാഭത്തിനുമായി മേലാളന്ന് കൈക്കൂലിയായി എറിയപ്പെടുന്നവളുമാണ്. ശരീരസൗന്ദര്യത്താൽ പലപ്പോഴും ദുരന്തം ഏറ്റുവാങ്ങേണ്ടിവരുന്നവൾ. മറ്റുള്ളവർക്കുവേണ്ടി സ്വന്തം ഇഷ്ടങ്ങളെ ബലി നൽകുന്നവൾ, പുരുഷാധികാരത്താൽ കല്ലാക്കി മാറ്റപ്പെട്ടവളുമാണ് ഈ പെങ്ങൾ. തന്റെ മക്കൾ പരസ്പരം കൊന്നുതിന്നുന്നതുകണ്ട് മനസ്സു നീറി കത്തുന്നവളും ചന്ദനം പോലരഞ്ഞും അകിലുപോലെ പുകഞ്ഞും അന്യർക്ക് സുഗന്ധമാകുന്നവളുമാണ് ഈ സഹോദരി. ഇവൾ തന്നെയാണ് രക്ഷിക്കുവാൻ നിയോഗിക്കപ്പെട്ട പുരുഷനിൽനിന്ന് രക്ഷനേടി ഭൂമിയിലേക്ക് മറയുന്നതും. ഇവിടെ പുരാണകഥാപാത്രമായ, ഭൂമിപുത്രിയായ സീതയെ ഓർമ്മിപ്പിക്കുന്നു.

ഈ പെങ്ങൾ...

- നീയമ്മ, നീ പത്നി, നീ പുത്രി, നീ ഭൂമി,
നീ ശക്തി, നീയെന്റെ രക്ത, മെൻ പെങ്ങൾ നീ

അമ്മയും പത്നിയും പുത്രിയും ശക്തിയും രക്തവും പെങ്ങളുമാവുന്നു. ഒപ്പം നാം ജീവിക്കുന്ന ഭൂമിയുമാകുന്നു.

സ്ത്രീയുടെ വ്യത്യസ്തഭാവങ്ങൾ പ്രകൃതി എന്ന ഏകഭാവത്തോട് ചേർത്തുവയ്ക്കുകയാണിവിടെ. ഇങ്ങനെ എല്ലാ ഭാവത്തിലും നിറയുന്ന സ്ത്രീത്വം അനുഭവിക്കുന്ന വേദനകൾ ഭൂമിയുടേതുമാകുന്നു. നാം ജീവിക്കുന്ന പ്രകൃതിയെ തീയിട്ടും മലിനവസ്തുക്കളെറിഞ്ഞും വാണിഭം നടത്തിയും വെട്ടിയൊരുക്കി

നികത്തി ഫ്ളാറ്റുകളാക്കിയും നാം വേദനിപ്പിക്കുന്നു. ഈ ചെയ്തികളുടെ മറ്റൊരു രീതിതന്നെയാണ് സ്ത്രീയോടും സമൂഹം ചെയ്യുന്നത്. ഇതൊക്കെ മനസ്സിലാക്കുന്ന കവി പെൺകുട്ടിയെ തന്റെ പെങ്ങളായി ഉൾക്കൊള്ളുന്നു. അവളുടെ ദുഃഖം കവി യുടെതുമാകുന്നു. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ പരിസ്ഥിതി ആഭിമുഖ്യവും സ്ത്രീവാദചിന്തയും ഇവിടെ ഇഴ ചേർത്ത് രചന നടത്തി എന്ന് കാണാം.

മരുമക്കത്തായ സമ്പ്രദായത്തിന്റെ അവസാനത്തിലാണ് ഒ.എൻ.വിയുടെ ജനനം. സഹോദരിമാർക്കിടയിൽ ഏക ആങ്ങളയായി വളർന്നതിന്റെ കുടുംബ പശ്ചാത്തലവും ദൃഢമാണ്. അതുകൊണ്ടുതന്നെ മുലയൂട്ടുന്നില്ല എന്നതൊഴിച്ചാൽ പെങ്ങൾ അമ്മയെപ്പോലെ അന്നദാതാവും സംരക്ഷകയും ഭൂമിയെപ്പോലെ സർവ്വം സഹയുമാണ് ഒ.എൻ.വിക്ക്. അവഗണിക്കപ്പെട്ട, അനാഥമാക്കപ്പെട്ട ജന്മങ്ങളാണ് ഒ.എൻ.വി കവിതകളിലെ സഹോദരീബിംബങ്ങൾ. കുടുംബത്തിനുവേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച് ഒരു മെഴുകുതിരിപോലെ സ്വയമുരുകി പ്രകാശംപരത്തുന്ന ഒരു സത്യമായ് ഇത്തരം സ്ത്രീജന്മങ്ങൾ കവിക്ക് അനുഭവപ്പെടുന്നു. ലോകത്തെവി ടെയും ഇങ്ങനെ അനാഥമാക്കപ്പെടുന്ന സ്ത്രീജന്മങ്ങളെ സ്വന്തം പെങ്ങളായി കരു തുന്നു. അവരുടെ വേദനകളെ സ്വന്തം വേദനകളായി പരിണമിപ്പിക്കുന്നു. സ്ത്രീഭാ വത്തിന്റെ പെങ്ങൾ എന്ന ഈ തലം പലപ്പോഴും പൂവിനോടും പുഴയോടും കായ ലിനോടും ഒക്കെ ഇഴ ചേർത്ത് രചിച്ചിരിക്കുന്നു.

ഒരുപാട് മക്കളുണ്ടാകുന്ന ഒരു കുടുംബത്തിൽ 'ഇളയതുങ്ങളെ' നോക്കാ നായി ജീവിതം കുരുതികഴിക്കേണ്ടിവരുന്നു മൂത്തപെൺകിടാങ്ങൾക്ക്. ഇത്തര ത്തിലുള്ള ഒരു ആവിഷ്കാരമാണ് 'കുഞ്ഞേട്ത്തി'.[10] ഇതിൽ കുഞ്ഞേട്ത്തിയും ഉണ്ണിയും പുഴയുമാണ് കഥാപാത്രങ്ങൾ. 1981-84 കാലഘട്ടത്തിൽ രചിക്കപ്പെട്ട കവി തകളുടെ സമാഹാരമായ *ഭൂമിക്ക് ഒരു ചരമഗീത*ത്തിലെ ഈ കവിതയിലെ ഉണ്ണിക്ക് കുഞ്ഞേട്ത്തിയെയാണ് അമ്മയെക്കാളും ഏറെ ഇഷ്ടം. അഥവാ കുഞ്ഞേട്ത്തി പറഞ്ഞുകൊടുത്താൽ ഉണ്ണിക്ക് ആഹ്ലാദമാകും. പക്ഷെ അവരനുഭവിക്കുന്ന മാന

സിക സംഘർഷങ്ങൾ ആർക്കും മനസ്സിലാകുന്നുമില്ല. ഉണ്ണിയുടെ ഓർമ്മകളിലൂടെ കവിത വികസിക്കുന്നു. ഉണ്ണിയെ ഒരമ്മയെപ്പോലെ സ്നേഹിച്ച് താലോലിക്കുന്ന കുഞ്ഞേടത്തിയാണ് അവനെ കാണേണ്ട കാഴ്ചകൾ കാട്ടിക്കൊടുക്കുകയും അറി യേണ്ടവ പറഞ്ഞുകൊടുക്കുകയും ചെയ്യുന്നത്. അത് അവനിൽ അത്ഭുതാഹ്ലാദ ങ്ങൾ നിറയ്ക്കുന്നു. ഉണ്ണിക്ക് എല്ലാ കാര്യങ്ങൾക്കും കുഞ്ഞേടത്തി മതി. പക്ഷെ ജീവിതത്തിലെ ചില പ്രത്യേകസംഭവങ്ങൾ ആ ഏടത്തിയെ ആത്മഹത്യയിലേ ക്കെത്തിക്കുന്നു. സാഹോദര്യബന്ധത്തിന്റെ കളങ്കമില്ലാത്ത സ്നേഹമാണ് ഈ കവിതയിലൂടെ വെളിപ്പെടുന്നത്.

കുഞ്ഞേടത്തിയുടെ ഒക്കത്തിരുന്ന് പുഴയുടെ മാറിൽ തിരകൾ ആടുന്നതും പാൽനുരകൾ ഉതിരുന്നതും വളരെ വേഗത്തിൽ പാഞ്ഞുപോകുന്നതും കുട്ടി കാണുന്നു. ഏതോ മലയുടെ താഴ്വാരത്തുനിന്ന് തന്റെ മക്കളെക്കാണാനും അവർ വാഴുന്ന സ്ഥലം കാണാനുമാണ് പുഴ വരുന്നത് എന്ന് കുഞ്ഞേടത്തി പറയുന്നു. ഇവിടെ പുഴയിൽ മാതൃത്വം ആരോപിക്കുകയാണ് ചെയ്യുന്നത്. തിരകൾ അവളുടെ മക്കളും പാൽനുരകൾ അവളിലെ മുലപ്പാലുമാകുന്നു. പുഴയുടെ മക്കളാരെന്നുള്ള ഉണ്ണിയുടെ ചോദ്യത്തിനുള്ള ഉത്തരമിതാണ്; 'പുഴയ്ക്കെല്ലാരും മക്കളാണ്'. തുടർന്ന് പുഴയിൽ ഒരു മാതാവിന്റെ ചേതോവികാരങ്ങളെ ചേർത്തവതരിപ്പിക്കുക യാണ് കവി.

കുഞ്ഞിത്തിരകളെ കൈയിലെടുത്തി
ട്ടൂഞ്ഞാലാട്ടുന്നൊരമ്മ!
ഉള്ളം കയ്യുമടക്കു നിവർത്തീ
ട്ടുമ്മ കൊടുത്തി, ട്ടുയിരു കുളിർത്തി
'ട്ടുണ്ണിയുറങ്ങെ'ന്നു താരാട്ടുപാടുന്ന
കുഞ്ഞേടത്തിയെപ്പോലെ - അമ്മയു -
മിങ്ങനെയിങ്ങനെയാണോ!

ഉണ്ണിയെ കയ്യിലെടുത്തിട്ടൂഞ്ഞാലാട്ടുകയും ഉള്ളം കയ്യുമടക്കു നിവർത്തി അതിൽ ഉമ്മ വയ്ക്കുകയും ഉണ്ണിയുറങ്ങ് എന്ന് താരാട്ടുപാടുകയും ചെയ്യുന്ന കുഞ്ഞേട്ത്തിയെപ്പോലെത്തന്നെയാണ് പുഴ. ഈ ഉണ്ണിക്ക് അമ്മയെ പരിചയമില്ല. അമ്മയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുമില്ല. അവനെല്ലാമെല്ലാം കുഞ്ഞേട്ത്തിയാണ്. ആ കുഞ്ഞേട്ത്തി പുഴയെ ചൂണ്ടിക്കാട്ടി അമ്മയാണെന്ന് പറയുമ്പോൾ അത്ഭുതാദരവോടെ വിടർന്നകണ്ണാൽ 'അമ്മയെ' നോക്കിക്കാണുകയാണ് കുട്ടി. പക്ഷെ പുഴയിലിറങ്ങി മുങ്ങിക്കുളിക്കുവാൻ ഉണ്ണി കൊതിച്ചപ്പോൾ കുഞ്ഞേട്ത്തി വിലക്കുന്നു. എന്നാൽ ഉണ്ണിയും അച്ഛനും ഉറങ്ങിക്കിടക്കുമ്പോൾ ആരും അറിയാതെ പുഴയുടെ ആഴത്തിലേക്ക് കുഞ്ഞേട്ത്തി ഒറ്റയ്ക്ക് ഇറങ്ങിപ്പോയി. പുരാണത്തിൽ പുരുഷാധികാരത്തിന്റെ ചോദ്യംചെയ്യലുകളുടെ ഭാരം താങ്ങാനാകാതെ സീത മാതാവായ ഭൂമിയിലേക്ക് അന്തർധാനം ചെയ്യുന്നു. ഇവിടെ വിവാഹിതയാകാതെ ഗർഭം ധരിച്ചിട്ടുണ്ട് കുഞ്ഞേട്ത്തി എന്നാണ് മറ്റുള്ളവർ പറയുന്നത്. ഈ കുഞ്ഞേട്ത്തി പോകുന്നത് എല്ലാവർക്കും അമ്മയായ പുഴയുടെ മാറിലേക്കാണ്. ഏത് അവസ്ഥയിലും അമ്മയുടെ അടുത്ത് മക്കൾക്ക് ഇടമുണ്ടാകും എന്നതുപോലെ കുഞ്ഞേട്ത്തിയുടെ ജീവിതം പുഴയമ്മയുടെ മടിത്തട്ടിൽ ലയിച്ചുചേരുന്നു. ഏതൊരു ജീവജാലവും മരണത്തിനപ്പുറം ഭൂമിമാതാവിന്റെ കരങ്ങളിലേ എത്തിച്ചേരുകയുള്ളൂ. ഈ മാതാവ് മക്കൾക്ക് എന്നും സാന്ത്വനവുമാകുന്നു. ഇവിടെ കുഞ്ഞേട്ത്തി എന്ന 'പെങ്ങൾ' ഭാവവും പുഴ എന്ന 'മാതൃ'ഭാവവും സ്ത്രീ അവതരണത്തിന്റെ വ്യത്യസ്തതലങ്ങളാകുന്നു. ഇത്തരത്തിൽ പ്രകൃതി - സ്ത്രീ അവസ്ഥകളുടെ വിവിധഘട്ടങ്ങളെ പരസ്പരം ഇഴചേർത്തുകൊണ്ടാണ് 'കുഞ്ഞേട്ത്തി' എന്ന കവിത രചിച്ചിരിക്കുന്നത്. പാരിസ്ഥിതികപരമായ ദുരന്തങ്ങളുടെ ദൂഷ്യഫലങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ആഹ്വാനങ്ങളോ, വിപ്ലവാത്മകമായ സ്ത്രീവാദ ചിന്താഗതികളോ ഇവിടെ അനുഭവപ്പെടുന്നില്ല. ദുഃഖപര്യവസായിയായ രീതിയിൽ കുഞ്ഞേട്ത്തിയുടെ ജീവിതം പുഴയെന്ന മാതൃബിംബവുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ചിരിക്കുന്നു എന്നു കാണാം.

‘കോതമ്പുമണികൾ’[11] എന്ന കവിതയിൽ ഒരു ഉത്തരേന്ത്യൻ യാത്രയിൽ ദൂരെ പാടത്തുകണ്ട പെൺകുട്ടിയുടെ ദൈന്യത കവിയുടെ മനസ്സിൽ തട്ടുന്നു. സ്ത്രീയായി ജനിച്ചതിന്റെ പേരിൽ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ ഒട്ടേറെ വേവലാതികൾ അവളുടെ മനസ്സിൽ നിറയ്ക്കുന്നു. ആ ഉത്തരേന്ത്യൻ പെൺകുട്ടിയുടെ വിഹ്വലതകളാണ് ‘കോതമ്പുമണികൾ’ എന്ന കവിതയിൽ കവി അവതരിപ്പിക്കുന്നത്. വളരെ ശക്തമായ രീതിയിൽ ഒരു ഇന്ത്യൻ പെണ്ണവസ്ഥയെ മൂർത്തശില്പമായി ഇതിൽ കാണാം. ഈ അവതരണം പലപ്പോഴും പ്രകൃതിയിലെ വസ്തുക്കളോട് താരതമ്യപ്പെടുത്തിക്കൊണ്ടാണുതാനും. ലോകത്തെവിടെയുമുള്ള വേദനിക്കുന്ന സ്ത്രീസമൂഹത്തെ സ്വന്തം സഹോദരിമാരായി കരുതുന്നു. ഇവിടെ ‘കോതമ്പുമണി’യിൽ പെങ്ങൾക്ക് തുണയാകേണ്ട സഹോദരന്റെ സാന്നിധ്യത്തെക്കുറിച്ച് കവി പറയുന്നുണ്ട്. ഇതിലെ പെൺകിടാവാകട്ടെ കോതമ്പുപാടത്ത് പണിയെടുക്കുന്നവളും നിത്യദാരിദ്രമനുഭവിക്കുന്നവളുമാണ്. മനസ്സിൽ ഉണർന്നുവരുന്ന ചെറിയ മോഹങ്ങളെപ്പോലും അടക്കി വയ്ക്കാൻ അവൾ ശീലിച്ചു.

കൊയ്ത്തു കഴിഞ്ഞൊരു കോതമ്പുപാടത്ത്,
കുറ്റികൾ കത്തിക്കരിയുമ്പോൾ,
ഒറ്റയ്ക്കിരുന്നു നിൻ തുച്ഛമാം സ്വപ്നങ്ങൾ
ഒക്കെക്കരിഞ്ഞതും കാണുന്നു.
ഞെട്ടുന്നില്ലുള്ള് നടുങ്ങുന്നില്ല നീ
ഞെട്ടുറപ്പുള്ളൊരു പൂവല്ലേ?

കോതമ്പുപാടത്തെ നിറകതിരുകളെല്ലാം മേലാളർ കൊയ്തുകൊണ്ടുപോയി. ശേഷിച്ചിരിക്കുന്ന കുറ്റികൾ കത്തിക്കരിക്കുകയാണ് ചെയ്യുന്നത്. നിറഞ്ഞ ജീവിതസൗഭാഗ്യങ്ങൾ സ്വപ്നം കാണാൻപോലും അവകാശമില്ലാത്ത പെൺകുട്ടി അവശേഷിക്കുന്ന ചെറിയ സ്വപ്നങ്ങൾ കൂടി കരിഞ്ഞുപോകുന്നത് നിർവ്വികാരമായ ഭാവത്തിൽ നോക്കിക്കാണുന്നു. ഇവിടെ കുറ്റികൾ കത്തിക്കരിഞ്ഞ കോതമ്പുപാ

ടവും ചെറുസ്വപ്നങ്ങൾപോലും കരിഞ്ഞുണങ്ങുന്ന പെൺകിടാവും താദാത്മ്യം പ്രാപിക്കുകയാണ്. ഉടമസ്ഥർ, കൊയ്ത്തുകഴിഞ്ഞ വയലിൽ തീയിട്ട് അടുത്ത വിള വെടുപ്പിനുവേണ്ടി പാടത്തെ തയ്യാറാക്കുകയാണ് ചെയ്യുക. ഇത് കൺമുന്നിലെ യാഥാർത്ഥ്യമായ കാര്യമാണ്. ഇതുപോലെ ഈ കൊച്ചുപെൺകുട്ടിയുടെയും എല്ലാ സ്വപ്നങ്ങളും കത്തിക്കരിഞ്ഞിരിക്കുന്നു. അഥവാ സമൂഹം അതിനു കാര ണക്കാരാകുന്നു. എങ്കിലും ഞെട്ടുറപ്പുള്ള ഒരു പൂവിനോട് കവി അവളെ ഉപമിക്കു ന്നു. ഏതവസ്ഥയിലും തന്റെ മാനം കൈവെടിയാൻ ഭാരതസ്ത്രീകൾ തയ്യാറാകില്ല എന്ന സൂചന ഇവിടെ നമുക്ക് അനുഭവിക്കാം. പരിസ്ഥിതിചിന്തയും സ്ത്രീവാ ദവും സാമ്യപ്പെടുന്ന ഒരു രചനാദർശനമാണിവിടെ ഒ.എൻ.വി സ്വീകരിക്കുന്നത്.

ഞാറാണെങ്കിൽ പറിച്ചു നട്ടീടണം
ഞാറ്റുവേലക്കാലമെത്തുമ്പോൾ
പെറ്റുവളർത്തും കുടിവിട്ടു പെണ്ണിനു
മറ്റൊരിടത്തു കുടിവെയ്പ്!

ഞാറ്റുവേലക്കാലമെത്തുമ്പോൾ പാകമായ ഞാറുകൾ - നെല്ലിൻ ചെടികൾ - പറിച്ചു നടുന്നതുപോലെ ജനിച്ചുവളർന്ന വീടുവിട്ട് മറ്റൊരു കുടിലിലേക്ക് വിവാഹി തയായി പോകേണ്ടവളാണ് ഈ പെൺകുട്ടിയും. വയലിനക്കരെയിൽക്കൂടി പോകുന്ന വിവാഹഘോഷയാത്ര പെൺകുട്ടിയുടെ മനസ്സിൽ ചാറ്റൽമഴപോലെ ആഹ്ലാദം വിതച്ചു. പുതുവസ്ത്രവും അലങ്കാരങ്ങളും ഒക്കെയുള്ള വരനെ അവൾ അകക്കണ്ണിൽ കണ്ടു. എന്നാൽ നിമിഷനേരത്തേക്കുമാത്രമായിരുന്നു പെൺകുട്ടി യിൽ ആ ചിന്ത. ഇത് അപ്രതീക്ഷിതവും ക്ഷണികവുമാണ്. പ്രകൃതിയുടെ വരദാ നമാണ് മഴച്ചാറൽ. എന്നാൽ കുട്ടിയിൽ ഈ ചിന്ത വേദനിപ്പിക്കുന്നതാണ്. കാരണം അവളെ വധുവായി അലങ്കരിക്കാൻ ആരുമില്ല; പൊന്നും പൂവും ഒന്നുമില്ല. വെള്ളക്കുതിരപ്പുറത്തെത്തുവാൻ ഒരു വരനുമില്ല. അതുകൊണ്ടുതന്നെ തന്റെ കൊക്കിലൊതുങ്ങാത്ത ഭാഗ്യങ്ങളെപ്പറ്റി ചിന്തിക്കാനും അവൾ ഒരുക്കമല്ല.

തൻ പഴങ്കണ്ണുകൊണ്ടേറേക്കണ്ടോ-

രമ്മൂമ്മതൻ ചൊല്ലോർക്കുന്നു:

''നമ്മള് നോക്കി വളർത്തുമിക്കോതമ്പും

നമ്മളും മക്കളേ, ഒന്നുപോലെ!

ആറ്റുനോറ്റാരോ വളർത്തുന്നൂകതി-

രാരോ കൊയ്തുമെതിക്കുന്നു.

പൊന്നിൻ മണികളാക്കമ്പോളങ്ങളി

ലെങ്ങോ പോയിത്തുലയുന്നൂ...''

ഇന്ത്യയിലെ ഏതൊരു നാട്ടിൻപുറത്തും കാണാവുന്ന ഒരു മുത്തശ്ശി സ്വന്തം ജീവിതാനുഭവത്തിന്റെ തീക്ഷ്ണതയിൽനിന്നും അനുഭവിച്ചറിഞ്ഞ യാഥാർത്ഥ്യമാണ് ഇവിടെ ഈ വരികളിലൂടെ കവി സൂചിപ്പിക്കുന്നത്. നമ്മൾ നോക്കി വളർത്തി വലുതാക്കുന്ന കോതമ്പും നമ്മുടെ പെൺമക്കളും ഒരുപോലെയാണ്. പാടത്ത് നിലമുഴുന്നതും വിത്തിടുന്നതും തൊഴിലാളിയാണ്. ആ വിത്ത് വിതച്ച്, മുളപൊട്ടി, തൈയായി, കതിരണിഞ്ഞ് പാകമായാൽ അവ കൊയ്തെടുത്ത് ഏതോ കമ്പോളങ്ങളിലേക്ക് വില്പനക്കായി അയക്കുന്നു. പാവപ്പെട്ട പെൺകിടാങ്ങളോ സ്വന്തം അമ്മയെയും അച്ഛനെയും വിട്ട് മറ്റൊരു കുടുംബത്തിന്റെ അടുക്കളയിൽ തീയും പുകയുമേറ്റ് ജീവിതകാലം മുഴുവൻ സതിയനുഷ്ഠിക്കാൻ വിധിക്കപ്പെടുന്നു. അതുപോലെ ഗ്രാമത്തിലെ പൊന്നിൻമണികളായ പെൺകുട്ടികൾ നഗരത്തിലെ പെൺവാണിഭത്തെരുവുകളിലെത്തുന്നു എന്ന സൂചനയും കവി നൽകുന്നു. പല ഉത്തരേന്ത്യൻ ഗ്രാമങ്ങളിലും മെയ്യഴകുള്ള പെൺകുട്ടികൾ ദാരിദ്ര്യത്തിന്റെ തീച്ചൂളയിൽ നിന്നും നഗരത്തിലെ പെൺവാണിഭത്തെരുവിലെത്തുന്നുണ്ട് എന്നുള്ളത് ഒരു നഗ്ന യാഥാർത്ഥ്യമാണ്. ഇത്തരം പെൺകുട്ടികളുടെ പേരറിയേണ്ട ആവശ്യമില്ല. വേദനിക്കുന്ന, അനാഥരാക്കപ്പെടുന്ന ചൂഷണം ചെയ്യപ്പെടുന്ന ഈ പെൺകുട്ടി ലോകത്തെവിടെയായാലും തനിക്ക് പെങ്ങൾ തന്നെയാണ് എന്ന് കവി ഉറക്കെ പ്രഖ്യാപിക്കുകയാണ്. പക്ഷെ ''ഇന്നത്തെ ചുറ്റുപാടിൽ അന്തസ്സായി പാലിക്കാനാ

കാത്ത ഒരു വാഗ്ദാനത്തേക്കാൾ നല്ലത് സ്നേഹാർദ്രതയിൽ നിന്നുയരുന്ന ഒരു ദീർഘനിശ്വാസമാണെന്ന് കരുതി ഒ.എൻ.വി പെൺകുട്ടിയുടെ മാനം കാക്കാൻ ഒരു ആങ്ങള ഉടവാളുമായി എത്തുന്നത് എന്നാണാവോ എന്നൊരു വിഷാദാത്മകമായ വിദൂരപ്രതീക്ഷയോടെ കവിത അവസാനിപ്പിക്കുന്നു.''[12]

പേരറിഞ്ഞുകൂടെങ്കിലും പട്ടിണിയും പീഡനങ്ങളുമായിക്കഴിയുന്ന ഇവൾ ഇന്ത്യയിലെ ഒരു പെൺകുട്ടിയാണ്. അവളുടെ അനുഭവത്തിന് പ്രാദേശികത്വം ആരോപിക്കാൻ കഴിയുകയില്ല. ഏതൊരു നാട്ടിലും പാടത്ത് നടക്കുന്ന വിത്തിട ലിനും വിളവെടുപ്പിനും ഒക്കെ ഒരേ രീതിയാണ്. ശരീരപ്രകൃതംകൊണ്ടും ജീവിത സാഹചര്യം കൊണ്ടും പല സ്ഥലങ്ങളിലും മനുഷ്യർ വ്യത്യസ്തരാകും. പക്ഷെ ജീവിതാനുഭവങ്ങളിൽ അവർ ഒരുപോലെയാണ്. വിളകൾ കമ്പോളങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. സ്ത്രീ ജീവിതത്തിനുമേൽ ഈ വില്പനാരീ തിയാണ് ഇന്നും തുടരുന്നത്. അതുകൊണ്ടുതന്നെ ലോകത്തെവിടെയും വേദനി ക്കുന്നവരുണ്ടെങ്കിൽ, നിസ്വവർഗ്ഗമുണ്ടെങ്കിൽ അവരോടൊത്താണ് ഞാനും എന്നുറ ക്കെപ്പറയുന്ന മനുഷ്യസ്നേഹിയായ ഈ കവിക്ക് അവരുടെയൊക്കെ പ്രതീകമായ ആ പെൺകുട്ടിയെ നേരിട്ടു മനസ്സിലാക്കാം.

'അക്ഷരദുഃഖം'[13] എന്ന കവിതയിൽ കവി ഇങ്ങനെ എഴുതുന്നു. ഏതോ ഒരു കുഞ്ഞുപെങ്ങൾ കവിക്കയച്ചതായി പറയുന്നത്:

> ''ഇന്നുമൊരു പെൺകിടാവിന്റെ ജീവിതം
> കാണാക്കയറിട്ടു കൈമാറുവാനുള്ള
> താണിവിടെ-യെന്റെയൂഴവുമെത്തുന്നു.''

കവിയുടെ കൈയിൽ പണ്ട് രാഖിച്ചരടുബന്ധിച്ച അതേ പെൺകുട്ടിയാണീ കുറിപ്പെഴുതുന്നത് എന്നറിഞ്ഞ കവി അവളെ രക്ഷിക്കുവാൻ കഴിയാത്തതിന്റെ ദുഃഖത്തിൽ വളരെ തളർന്നുപോവുന്നു. അതുകൊണ്ടുതന്നെ ആ ദുഃഖങ്ങൾ അക്ഷ രങ്ങളായി പകർത്തി എഴുതി ആത്മാവിനുള്ളിൽ നിന്നുയരുന്ന അഹന്തയുടെ

രോദനം കവി കേൾക്കുകയാണ്. ഇത്തരത്തിൽ ഗോതമ്പുപാടത്തെയും ഗോതമ്പു മണികളെയും നിസ്സഹായയായ ഒരു ഗ്രാമീണപെൺകുട്ടിയുടെ ജീവിതസാഹചര്യ ങ്ങളോട് ചേർത്തുവച്ച് രചന നടത്തിയിരിക്കുന്ന 'കോതമ്പുമണി'കൾ എന്ന കവിത കവിയുടെ പരിസ്ഥിതി അവബോധം വെളിവാക്കുന്നു.

പ്രകൃതി-സ്ത്രീ അവതരണത്തിന് പ്രാധാന്യമുള്ള 'കായൽക്കാഴ്ചകൾ'[14] എന്ന കവിത. *ഉപ്പ്* എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തിട്ടുള്ളതാണ്. രാത്രി, പ്രഭാതം, പകൽ, സന്ധ്യ എന്നിങ്ങനെ നാലുഭാഗങ്ങളാണ് ഈ കവിതയ്ക്കുള്ളത്. മനുഷ്യജീവിതത്തിലെ ഗർഭത്തിലുള്ള അവസ്ഥ, ബാല്യം, യൗവ്വനം, വാർധക്യം എന്നീ നാലു അവസ്ഥകളോടും നമുക്ക് സാമ്യപ്പെടുത്താം. ഇവിടെ കഥയിലെ യക്ഷിയെപ്പോലെയും നവവധുവിനെപ്പോലെയും തന്റെ കർമ്മത്തിൽ മുഴുകിയ വീട്ടമ്മയെപ്പോലെയും വേദനിക്കുന്ന പെങ്ങളെപ്പോലെയും കായലിനെ അവതരിപ്പി ച്ചിരിക്കുന്നു.

ഒന്ന്: രാത്രി

കായൽ: കഥയിലെ
യക്ഷിയെപ്പോൽ കരി-
ഞ്ചായലഴിച്ചു
പരത്തിക്കിടക്കുന്നു.
നഗ്നമാ ഗാത്രം
രതാന്തസുഖാലസ്യ-
മഗ്നം മൃദുവായ്
തുടിക്കുന്നതിപ്പൊഴും
സ്വേദനീർപ്പോളകൾ
പൊന്തിയുടയുന്നു
പാതിമയക്കത്തി-
ലുന്മാദമൂർച്ഛയിൽ

യക്ഷിയെപ്പോലെ എന്നുപറയുന്നുവെങ്കിലും കായലിനെക്കുറിച്ചുള്ള വർണ്ണന ഇവിടെ കറുത്തമുടിയഴിച്ച് പരത്തിക്കിടക്കുന്ന ഒരു സ്ത്രീയോടാണുപമിക്കുന്നത്. രതിസുഖമനുഭവിച്ചുകഴിഞ്ഞ് അതിന്റെ കിതപ്പുകൾ കാരണം ഗാത്രം ഇപ്പോഴും മൃദുവായ് തുടിക്കുന്നു എന്നു പറയുന്നിടത്ത് കറുത്ത വർണ്ണത്തിൽ പരന്നുകിടക്കുന്ന കായലിനെയും അതിലെ ജലം അല്പാല്പമായി കാറ്റിനൊപ്പം ഇളകുന്നതിനെയും കുറിച്ചാണ് പറയുന്നത്. കായലിൽ ഇടയ്ക്കിടെ വായുകുമിളകൾ മുകളിലേക്ക് വന്നുടയുന്നിതിനെ ഒരു സ്ത്രീയുടെ ശരീരത്തിൽ രതിമൂർച്ഛയിൽ വിയർപ്പുകുമിളകൾ പൊങ്ങിവരുന്നതിനോട് ചേർത്തുപറയുന്നു.

രണ്ട്: പ്രഭാതം

കായൽ: ഇളംവെയിൽ
മേനിയിലേല്ക്കവേ,-
യാകെപിടഞ്ഞെഴു-
ന്നേറ്റുടുവസ്ത്രവും
വിശ്ലഥവേണിയും
നേരയാക്കി, മുഗ്ദ്ധ-
ലജ്ജയെയുള്ളിലൊതുക്കി
നടന്നുപോം.
നമ്രമുഖിയാം
നവവധു-പിന്നിലെ
നർമ്മമൊഴി കേട്ടു,-
വെങ്കിലും കേൾക്കാതെ

ഇളംവെയിൽ ശരീരത്തിലേൽക്കുമ്പോൾ പിടഞ്ഞെഴുന്നേറ്റ് ഉടുവസ്ത്രവും ഉലഞ്ഞ മുടിയും നേരെയാക്കി ലജ്ജയുള്ളിലൊതുക്കി മുഖം കുനിച്ച് നടന്നുപോകുന്ന നവവധുവിനെപ്പോലെയാണ് പ്രഭാതത്തിലെ കായൽ എന്ന് രണ്ടാം ഭാഗത്ത് പറയുന്നു.

മൂന്ന്: പകൽ

കായൽ; ഉണരുവാൻ

വൈകും കിടാങ്ങളെ

വായതോരാതെ

ശകാരി,ച്ചടുപ്പിലെ

തീയൂതീയൂതി

സ്വയം തുടുക്കും ഗൃഹ-

നായിക; യങ്ങോട്ടു-

മിങ്ങോട്ടുമങ്ങനെ

പായുന്നു, പാടും

ദുരിതവും പേശുന്നു,

പ്രാകുന്നു; കാക്കകൾ

ചുറ്റും കലമ്പുന്നു!

പകൽ എന്ന മൂന്നാം ഭാഗത്തിൽ ഉണരുവാൻ വൈകുന്ന കുട്ടികളെ ശകാരിച്ചും അടുപ്പിലെ തീയൂതിക്കത്തിച്ച് സ്വയം തുടുക്കുകയും അങ്ങോട്ടുമിങ്ങോട്ടും സ്വന്തം ദുരിതം പറഞ്ഞ് പ്രാകിയും നടക്കുന്ന ഒരു ഗൃഹനായികയെപ്പോലെ കായൽ കാണപ്പെടുന്നുവെന്ന് സൂചിപ്പിക്കുന്നു. ജലം ഇളകുന്ന ശബ്ദങ്ങളോടെ തീരത്തോട് ചേർന്നുവരുന്നതും സൂര്യപ്രകാശം തട്ടുമ്പോൾ ചുവന്നുവിളങ്ങുന്നതും കാറ്റത്ത് നാലുപാടും ഇളകിയൊഴുകുന്നതും ഒക്കെ ഇങ്ങനെ സ്ത്രീത്വം ആരോപിച്ച് അടയാളപ്പെടുത്തുന്നു.

നാല്: സന്ധ്യ

കായൽ: കറുത്തഴ-

കാർന്ന മെയ്യിൽ ബലാൽ-

ക്കാരമേല്പിച്ച

പരിക്കുകളാർന്നു, ചെ-

ഞ്ചോരതൻ പാടുക-

ളാർന്നു, മിഴികളി-

ലാറിത്തണുത്ത കണ്ണീരാർ,ന്നനാഥയായ്

പാതയോരത്തേ-

ക്കെടുത്തെറിയപ്പെട്ട

പാവമാം പെങ്ങൾ;

മരിച്ചുവോ വെട്ടവും?

നാലാം ഭാഗമായ സന്ധ്യയിൽ കറുത്തഴകുള്ള ശരീരത്തിൽ ബലാത്ക്കാര മേല്പിച്ച പരിക്കുകളോടെ, ചോരപ്പാടുകളോടെ, കണ്ണീരൊഴുക്കി, അനാഥയായ് പാതയോരത്തേക്കടുത്തെറിയപ്പെട്ട ഒരു പാവം  പെങ്ങളെപ്പോലെ കായലിനെ അവതരിപ്പിച്ചിരിക്കുന്നു. സാധാരണ പുഴയെ, നദിയെ ഒക്കെ അമ്മയോടാണ് ഉപമിക്കാറുള്ളത്. ഇവിടെ മനുഷ്യർ പലതരത്തിലുള്ള മാലിന്യങ്ങൾ നിക്ഷേപിച്ച് മലീമസമാക്കപ്പെട്ട കായലിനെ സൂചിപ്പിക്കുന്നു. മനുഷ്യമനസ്സിൽ നന്മയുടെ, കരുണയുടെ അവസാന തിരിയും കെട്ടുപോയോ എന്ന് കവി ചോദിക്കുകയാണ്. കാരണം ലോകത്തെവിടെയും വേദനിക്കുന്ന സ്ത്രീയെ സ്വന്തം  പെങ്ങളായി കരുതുന്ന വ്യക്തിയാണ് കവി.  ഇവിടെ ദുരന്തത്തിലേക്കടുത്ത കായലിനെ വേദനിപ്പിക്കപ്പെട്ട സഹോദരിയോടാണ് കവി ചേർത്തുവായിക്കുന്നത്. ഇത്തരത്തിൽ പ്രകൃതിയെ, കായലിനെ സ്ത്രീയുടെ വിവിധഭാവങ്ങളോട് ചേർത്തുവച്ച് രചന നടത്തുന്ന ഒരു പരിസ്ഥിതിദർശനമാണ് കവി മുന്നോട്ടുവയ്ക്കുന്നത്.

2012-ൽ പ്രസിദ്ധീകരിച്ച *പുനരപി* എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തിട്ടുള്ള കവിതയാണ് 'വിശുദ്ധി'.[15]  ചിത്രമെഴുതാൻ പഠിപ്പിച്ച ഗുരുനാഥൻ വിശുദ്ധിയുടെ ചിത്രം വരക്കാൻ എന്താണ് നിങ്ങൾ മാതൃകയായി എടുക്കുക എന്നു ചോദിക്കുന്നതും കുട്ടികൾ വിശുദ്ധിയുടെ ചിത്രം വരക്കുന്നതുമാണ് ഇതിവൃത്തം.

ചിത്രമെഴുതാൻ പഠിപ്പിച്ച വാത്സല്യ-

മുഗ്ധനാമധ്യാപകനന്നു ചോദിച്ചു;

''നിങ്ങളെന്തായിടും മാതൃകയായ് കാണ്മ-

തിന്നു വിശുദ്ധിതൻ ചിത്രം വരയ്ക്കുവാൻ''

പല കുട്ടികളും പ്രകൃതിയിലെ പല പല സുന്ദരദൃശ്യങ്ങളും വരച്ചു. പൂവുകളും പുന്നെൽക്കതിർക്കുലകളും സൂര്യവെളിച്ചം പതിക്കുന്ന മഞ്ഞുതുള്ളിയും മുത്തശ്ശിയുടെ മോണകാട്ടിച്ചിരിയും കൈതമലരും തുളസിക്കതിരും തുമ്പപ്പൂവും മറ്റും. ആ സമയം എപ്പോഴും മൗനിയായി ക്ലാസ്സിന്റെ പിന്നിലെക്കോണിലിരിക്കുന്ന ഒരു ശിഷ്യൻ ഒരപൂർവമാം പുഷ്പത്തെ - ഒരു മുഖം - വരയ്ക്കുകയാണ്. നല്ല ഇതളുകൾക്കുമീതെ മഞ്ഞുതുള്ളിയെപ്പോലെ മനോഹാരിതയാർന്ന ഈ പനിനീർ പൂവിലെങ്ങനെ കണ്ണുനീർത്തുളുമ്പിനിൽക്കുന്ന ഒരു വധുവിന്റെ മുഖം വന്നുവെന്ന ഗുരുനാഥന്റെ ചോദ്യത്തിന് ഗദ്ഗദകണ്ഠനായി ശിഷ്യൻ മറുപടി പറഞ്ഞതിപ്രകാരമാണ്:

പൂവിന്റെ ചിത്രം വരയ്ക്കാൻ തുടങ്ങിയ-

തീവിധമെൻ പെങ്ങൾ തൻമുഖം പോലെയായ്

വീട്ടുമുറ്റത്തെ പനിനീർച്ചെടി പൂത്തു-

നില്ക്കുമ്പോളോർത്തുപോം ഞാനെന്റെ പെങ്ങളെ!

എപ്പോഴുമീറനായ്ത്തീരുമാക്കണ്ണുകൾ

എത്രയോ വട്ടം തുടച്ചതാണിക്കൈകൾ!

പൂവിനെക്കാളും വിശുദ്ധമല്ലോഗുരോ!

പാവമാമെൻ കുഞ്ഞുപെങ്ങൾതൻ സങ്കടം?

ഈ കവിതയിൽ ഒരു കൊച്ചുകുട്ടിയുടെ മനസ്സിലെ ഏറ്റവും വിശുദ്ധമായ ചിത്രം വരച്ചുകാണിക്കുന്നതിൽ അമ്മയോടുള്ള സ്നേഹം പെങ്ങളോടുള്ള സ്നേഹമായി രൂപാന്തരം പ്രാപിച്ചിരിക്കുന്നതു കാണാം.[16] ഗുരുനാഥൻ വിശുദ്ധിക്ക് ഏറ്റവും നല്ല

മാതൃകയായ വസ്തുവിന്റെ ചിത്രം വരക്കാനാണ് പറയുന്നത്. മിക്ക കുട്ടികളും പ്രകൃതിയിലെ  മനോഹരങ്ങളായ വസ്തുക്കളെ വരച്ചപ്പോൾ ഈ കുട്ടിയും ഒരു പൂവിനെ വരച്ചുതുടങ്ങി. പക്ഷെ, ഒടുവിലത് പെങ്ങളുടെ കണ്ണീരണിഞ്ഞ മുഖമായി മാറുന്നു. ഈ കണ്ണുനീർ എന്തിനുവേണ്ടിയുള്ളതാണ് എന്നുപറയുന്നില്ല. അതുകൊണ്ടുതന്നെ അത് മനുഷ്യാവസ്ഥയുടെ, പ്രത്യേകിച്ച് സ്ത്രീഭാവത്തിന്റെ സങ്കടങ്ങളുടെ ആകെത്തുകയുടെ അടിത്തറയായിത്തീരുന്നു. പൂവും പെങ്ങളും വ്യത്യാസമില്ലാത്തതരത്തിൽ നൈർമല്യവും വിശുദ്ധിയും ഉള്ളതായി കവി അവതരിപ്പിക്കുന്നു. കവിയുടെ മനസ്സിൽ  ഒരു പെങ്ങൾക്കുനൽകുന്ന സ്ഥാനമാണ് ഇവിടെ അടയാളപ്പെടുത്തുന്നത്.  ശിഷ്യൻ 'ഒരപൂർവ്വമാം പുഷ്പത്തെ'യാണ് വരക്കുന്നത്. പനിനീർപ്പൂവിനുമുകളിൽ മഞ്ഞുതുള്ളി ഉള്ളതുപോലെ കണ്ണീരണിഞ്ഞ പെങ്ങളുടെ മുഖം എന്ന് പറയുന്നിടത്ത് പരിസ്ഥിതിചിന്തയും സ്ത്രീവാദചിന്തയും ചേർന്നുവരുന്നതായിക്കാണാം.  അതോടൊപ്പം കറകളഞ്ഞ സ്നേഹത്തിന്റെ തെളിമയും കാണാം.  കരയുന്നവർക്ക് മനസ്സിലെ ഭാരം അല്പം കുറഞ്ഞതായി അനുഭവപ്പെടും. അതുപോലെ ആ കണ്ണീർത്തുടക്കുന്നവർക്കും ഈ സ്പർശംകൊണ്ട് വലിയ നിർവൃതി ഉണ്ടാകുമെന്ന ഒരനുഭൂതി കവി നമ്മിലുണർത്തുന്നു.

*അപരാഹ്ന*ത്തിലെ 'ബലിക്കുന്നുകൾ'[17] എന്ന കവിത ഇന്ത്യയിലെ ഇന്നത്തെ സമൂഹ്യനീതിയുടെ നേർക്കാഴ്ചയാണ്.  ആന്ധ്രാപ്രദേശിലെ ഒരു ചെറിയ ഗ്രാമത്തിൽ അന്തമില്ലാതെ പരന്നുകിടക്കുന്ന പാടശേഖരവും അതിന്നു നടുവിലെ മൊട്ടക്കുന്നും അവിടെ ചുറ്റുവട്ടത്തുള്ള തൊടിയും കുന്നിൻനെറുകയിലെ ഒറ്റപ്പുളിമരത്തിന്റെ നിഴൽപ്പാടിൽ ഓടുപാകിയ ഒരു മൺപുരയും ഉണ്ട്.  ആ പുരയിലെ മനോഹരിയായ, പാടശേഖരങ്ങളിൽ വയൽക്കിളിയെപ്പോലെ കതിരറുത്ത് പാട്ടുമൂളി നടന്ന ഒരു ചെറുമിപ്പെൺകിടാവ് കടന്നുവരുന്നു 'ബലിക്കുന്നുകളിൽ'. ഇവിടം സന്ദർശിച്ച കവിക്ക് വഴികാട്ടിയായ തോഴൻ പറഞ്ഞുകൊടുത്ത കഥയാണിവിടെ സൂചിപ്പിക്കുന്നത്.  ദാഹിച്ചുവലഞ്ഞ പെൺകിടാവ് കിണറിൽനിന്നും വെള്ളം കോരിക്കുടിച്ചു.  അപ്പോൾ ഒരുപറ്റം ആളുകൾ വന്ന് കിണർതൊട്ടശുദ്ധമാക്കി

എന്നുപറഞ്ഞവളെ മണ്ണെണ്ണ ഒഴിച്ച് കത്തിക്കുന്നു. ആ സമയം അതേ പുരയുടെ ജാലകത്തിൽക്കൂടി അവളുടെ കന്യാകാത്വത്തെ തൊട്ടശുദ്ധമാക്കിയ ഗ്രാമത്തലവൻ നോക്കിനിൽക്കുന്നുണ്ട്. പക്ഷെ, കിണർ തൊട്ടശുദ്ധമാക്കിയ അവളെ ആരാണ് തൊട്ടുമുമ്പ് കന്യകാത്വം നശിപ്പിച്ച് അശുദ്ധമാക്കിയതെന്ന ചോദ്യം ആരും ചോദിക്കുന്നില്ല.

> ഒരുവരും ചോദിച്ചില്ലിചോദ്യം: ‘‘തെല്ലുമു-
> മ്പൊരു ചെറുമിപ്പെണ്ണിന്റെ കന്യകാത്വം
> പിറകിൽ വെൺകളിപൂശി നില്ക്കുമാപ്പുരയിലെ-
> യിരുളിൽ വച്ചാരേയശുദ്ധമാക്കി?
> അവനെഴും പരദാഹം തീർത്ത മൺപാത്രമാ-
> മാവളെയാത്തൊടിയിലേക്കാരെറിഞ്ഞൂ?’’

ഉള്ളിൽ അപമാനത്തീയും വെന്തുരുകുന്ന ശരീരവുമായി വേച്ചുവേച്ച് പോകുന്ന അവൾ വർദ്ധിച്ച ദാഹം തീർക്കാൻ ഒരു തുള്ളി വെള്ളം കോരിക്കുടിക്കാൻവേണ്ടി തൊട്ട കിണർ അശുദ്ധമാകുന്നതെങ്ങനെ എന്ന് ചോദിക്കാനാളുണ്ടായില്ല. അവൾ ഒരു പിടിവെണ്ണീറായി മറഞ്ഞുകഴിഞ്ഞു. തോഴൻ കഥ നിർത്തി യാത്രികർ കുന്നിറങ്ങുകയും ചെയ്തു. പക്ഷെ, ആ വയൽക്കാറ്റിൽ പതിതയായ അവളുടെ പവിത്രമായ ആത്മാവിന്റെ രുദിതം ഇരച്ചു കേൾക്കുന്നുണ്ടായിരുന്നു.

ജാതിയുടെയും മതത്തിന്റെയും പേരിലുള്ള അടിച്ചമർത്തലുകളുടെയും പീഡനങ്ങളുടെയും ലഹളകളുടെയും നിഴലിലുള്ള ഇന്ത്യയിലെ മനുഷ്യാവസ്ഥയുടെ ഇനിയുമവസാനിക്കാത്ത ഒരു പർവ്വമാണ് ‘ബലിക്കുന്നുകൾ’ എന്ന കവിത. വർഗ്ഗീയതയുടെ പേരിൽ ബലിയാടാക്കപ്പെട്ട എത്രയോ മനുഷ്യജന്മങ്ങൾക്കിടയിലേക്ക് ഒരു ചെറുമിപ്പെൺകിടാവുകൂടി ഉൾച്ചേർക്കപ്പെടുന്നു. ഇങ്ങനെ ബലിയർപ്പിക്കപ്പെട്ട ജീവനുകളുള്ള ഒട്ടേറെ സ്ഥലങ്ങൾ ഇന്ത്യയിലുണ്ട്. അവയുടേയൊക്കെ പ്രതീകമാണ് ഈ ബലിക്കുന്ന്. ഇന്നും ഇത്തരം ബലിയർപ്പിക്കലുകൾ

നമ്മുടെ രാജ്യത്ത് നടക്കുന്നുമുണ്ട്. അതുകൊണ്ടുതന്നെ ഇരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ട ഈ കവിത ഇന്നത്തെ സമൂഹത്തിന്റെ കൂടി നേർക്കാഴ്ചയാകുന്നുവെന്ന് കാണാം. പണ്ടുകാലത്ത് അടിമയുടമ ബന്ധം നിലനിന്നിരുന്നു. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ അതിന് ഒട്ടേറെ മാറ്റങ്ങളും വന്നിരുന്നു. ജാതിയുടെ പേരിൽ അകറ്റി നിർത്തപ്പെടുന്ന വർഗ്ഗങ്ങളുടെ ഇടയിൽനിന്നും മേലാളവർഗ്ഗം സ്ത്രീകളെ സ്വന്തം താൽപര്യങ്ങൾക്കുള്ള ഉപകരണമാക്കുന്ന കാഴ്ചയാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. കിണർ തൊട്ടത് മേലാളന്റെ പീഡനം ഏറ്റ ക്ഷീണം തീർക്കാനായിരുന്നു. പക്ഷെ, അതിനുമുമ്പ് അവളുടെ കന്യകാത്വം നശിപ്പിച്ച് അശുദ്ധമാക്കിയതാരെന്നും മേലാളന്റെ ദാഹം തീർത്ത ഈ മൺപാത്രമെങ്ങനെ കിണർതൊട്ടശുദ്ധമാക്കുമെന്നും ആരും ചോദിച്ചില്ല. സ്ത്രീയെ ഒരു വെറും ഉപകരണം മാത്രമാക്കി മാറ്റുന്ന മേലാളവർഗ്ഗത്തിനെതിരെ ശക്തമായി പ്രതികരിക്കേണ്ടതുണ്ട് എന്ന് കവി ഓർമ്മപ്പെടുത്തുന്നു.

ഈ ചിന്തകളെ പരിസ്ഥിതിയുമായി ചേർത്തുവായിക്കാം. ഇവിടെ സ്ത്രീയെ മേലാളന് ദാഹം തീർക്കാനുള്ള നീർ നിറച്ചുവയ്ക്കുന്ന മൺപാത്രമായി കല്പിക്കുന്നു. താഴ്ന്ന ജാതിയിൽപ്പെട്ട കുശവൻ ചവിട്ടിക്കുഴച്ച് ഉണ്ടാക്കുന്ന മൺപാത്രത്തിലെ നീരുകൊണ്ട് മേലാളനും ദാഹം തീർക്കാൻ കഴിയുന്നു. സമൂഹത്തിലെ എല്ലാ കഷ്ടപ്പാടുകളും മെനഞ്ഞെടുത്ത് സൃഷ്ടിക്കപ്പെടുന്ന സ്ത്രീശരീരം പുരുഷന് അയാളുടെ കാമനകൾ പൂർത്തിയാക്കാനുള്ള ഒരുപകരണം മാത്രം. കീഴാളൻ ഉണ്ടാക്കുന്ന മൺപാത്രത്തിലെ നീര് ജന്മിയുടെ കുടിനീരാണ്. അതില്ലാതെ, അയാൾക്ക് ജീവിക്കാനുമാകില്ല. അതുപോലെ കുടുംബത്തിലും സമൂഹത്തിലും സ്ത്രീയില്ലാതെ ഒരുൽകർഷവും ഉണ്ടാകുന്നില്ല. എന്ത് കഷ്ടപ്പാടും സഹിച്ച് മറ്റുള്ളവർക്കുവേണ്ടി സ്വയം വെന്തുനീറുന്ന പെണ്ണിന്റെ സത്ത പുരുഷവർഗ്ഗം ഒരു വിനോദമെന്നോണം കവർന്നെടുക്കുന്നു. അവളുടെ ജീവന് യാതൊരു വിലയും കല്പിക്കപ്പെടുന്നില്ല. പുരുഷന്റെ കാമവൈകൃതത്തിന്, പാത്രമായ

അവളെ ജഡാവസ്ഥയിൽ മൺപാത്രംപോലെ വലിച്ചെറിയുന്നു. ഇവിടെയാണ് മണ്ണിനും പെണ്ണിനും കവി അഭേദകല്പന നടത്തുന്നത്.

അവനെഴും പരദാഹം തീർത്ത മൺപാത്രമാ-
മവളെയാത്തൊടിയിലേക്കാരെറിഞ്ഞൂ...

'പെങ്ങൾ' എന്ന കവിതയിലും ഇതേ ചോദ്യം ആവർത്തിക്കപ്പെടുന്നു.

ആരാന്റെ ദാഹം ശമിപ്പിക്കുവാൻ ചുടു-
ചായ പകർന്നിട്ടെറിഞ്ഞുടയ്ക്കാൻ മാത്ര-
മാരോ മെനഞ്ഞ മൺപാത്രമാകുന്നവൾ- എന്ന്

പെങ്ങളെപ്പറ്റി പറയുമ്പോൾ അത് ലോകത്തെവിടെയുമുള്ള സ്ത്രീഭാവത്തെയും ഉദ്ദേശിച്ചുള്ളതാണ്. മണ്ണുകുഴച്ച് പാകമാക്കി രൂപം നൽകിയ മൺപാത്രത്തിലെ നീരാണ് പുരുഷന് ദാഹമകറ്റുന്നത്. ഇവിടെ സ്വന്തം താല്പര്യത്തിനും ആഗ്രഹ നിവൃത്തിക്കും വേണ്ടി പുരുഷവർഗ്ഗം സ്ത്രീയെ ഉപയോഗിക്കുകയാണ്. ഒടുവിൽ ദാഹം തീർന്നാൽ മൺപാത്രം എറിഞ്ഞുടയ്ക്കുന്നതുപോലെ അവളെ ചണ്ടിയാക്കി വലിച്ചെറിയുന്നു. അവൾ മരിച്ചോ, ജീവിച്ചോ എന്നതൊന്നും മേലാളന് വിഷയമല്ല. ഇവിടെ കവിതയുടെ പേരുതന്നെ അന്വർത്ഥമാകുന്നു. ആധുനികമനുഷ്യന്റെ സ്വാർത്ഥതയും സമ്പദ്മോഹവും പ്രകൃതിയെ വിരൂപയാക്കുന്നു. നാട്ടിലെ കുന്നുകളെല്ലാം ബലി നൽകപ്പെടുകയാണ്. മനുഷ്യൻ യന്ത്രഭീമൻമാരാൽ കുന്നിടിച്ചും മലയിടിച്ചും സ്ഥലമുണ്ടാക്കി അവിടെ പുത്തൻ എടുപ്പുകൾ ഉയർത്തി തങ്ങളുടെ താല്പര്യം വിജയത്തിലെത്തിക്കുമ്പോൾ വെള്ളവും മണ്ണും മലിനമായി. ഭൂമിയെ സ്ത്രീയായി കല്പിക്കുമ്പോൾ സ്തനങ്ങളായ കുന്നുകൾ ഛേദിക്കപ്പെട്ട്, നീരുവറ്റി അവൾ മരണത്തിലേക്ക് അടുക്കുകയാണ്. മനുഷ്യന്റെ അമിതലാഭാർത്തി കാരണം ഇങ്ങനെ കുന്നുകൾ ബലി നൽകപ്പെടുന്നു. ഇതുപോലെ മേലാളന്റെ ശാരീരികമായ ആവശ്യങ്ങൾക്കും സന്തോഷങ്ങൾക്കും വേണ്ടി പെൺകിടാങ്ങളെ ബലിയാടാക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ പെൺവർഗ്ഗവും കുന്നുകളും

പുരുഷാധികാരത്തിന്റെ ധാർഷ്ട്യത്തിനു മുമ്പിൽ ബലികഴിക്കപ്പെടുന്ന കാഴ്ച കൺതുറന്നു നോക്കിയാൽ ഇന്നും സമൂഹത്തിൽ കാണാൻ കഴിയും എന്നത് ഒരു യാഥാർത്ഥ്യമാണ്.

*അഗ്നിശലഭങ്ങൾ* (1967-1971) എന്ന കവിതാസമാഹാരത്തിലേതാണ് 'വന്ധ്യ മേഘങ്ങൾ'[18] എന്ന കവിത. പ്രപഞ്ചജീവിതത്തോടും അതിന്റെ പച്ചപ്പിനോടുമുള്ള അദമ്യമായ താല്പര്യം പ്രകടിപ്പിക്കുന്നതാണ് ഒ.എൻ.വിയുടെ പല കവിതകളും. ഭൂമിയുടെ ഹരിതാഭയെ നശിപ്പിക്കുന്ന തരത്തിലുള്ള ഏതു പ്രവർത്തിയോടും കല ഹിക്കുക, അതിനെതിരെ കവിത രചിക്കുക, അതിലൂടെ പാരിസ്ഥിതിക ദുരന്തങ്ങ ളെക്കുറിച്ച് ആസ്വാദകരെ ബോധ്യപ്പെടുത്തുക തുടങ്ങിയവ കവിയുടെ രചനാല ക്ഷ്യങ്ങളാണ്. ഒ.എൻ.വിയുടെ രചനയിൽ പലപ്പോഴും അടക്കാൻ കഴിയാത്ത ദുഃഖത്തിന്റെ സാന്നിധ്യം നമുക്കനുഭവിക്കാൻ കഴിയാറുണ്ട്. എന്നാൽ ഒരിക്കലും ഹൃദയത്തിന്റെ അടിത്തട്ടിൽ വിങ്ങിവിതുമ്പുന്നതല്ലാതെ നിയന്ത്രണംവിട്ട ഒരു വിലാപമായി അത് അനുഭവപ്പെടാറില്ല. സ്വാതന്ത്ര്യാനന്തരഭൂമിയെക്കുറിച്ച് ഒട്ടേറെ സ്വപ്നങ്ങൾ കണ്ട് ഒടുവിൽ അവ അപ്രാപ്യമായ സ്വപ്നങ്ങളാണ് എന്ന തിരിച്ചറി വിൽനിന്നും ഉയിർക്കൊണ്ടതാണ് *അഗ്നിശലഭങ്ങ*ളിലെ പല കവിതകളും. അനന്ത മായ കൂരിരുട്ട് അകത്തും പുറത്തും നിറയുന്ന ഒരവസ്ഥയിൽ വെളിച്ചത്തിനുവേണ്ടി ദാഹിക്കുന്ന ഒരു മനസ്സാകുന്നു കവിയുടെത്.

'വന്ധ്യമേഘങ്ങൾ' എന്ന കവിതയുടെ തുടക്കം ഇങ്ങനെയാണ്.

> ഒരു മദ്ധ്യാഹ്ന സ്വപ്ന-
> മന്ദാരപുഷ്പത്തിന്റെ
> നറുതേൻ നുകർന്നു ഞാ-
> നിത്തിരി മയങ്ങുമ്പോൾ...
> ഭൂതചേതനയല്ലാ,
> ഞാ, 'നിന്നി'ൻ സത്യം! വീണ

ബോധിവൃക്ഷത്തിൻ ദല-
പുടങ്ങൾ തോറും കത്തും
ദാഹമാണു ഞാൻ! നഷ്ട-
വസന്തതടങ്ങൾതൻ
ദാഹമാണു ഞാൻ!- എനി-
ക്കിത്തിരി ജലം തരു!

ഒരു മദ്ധ്യാഹ്നസ്വപ്നത്തിൽ മയങ്ങിയ കവിയെ തീ വെയിൽപോലെ ഒഴുകുന്ന ഒരു നിശ്വാസം തൊട്ടുണർത്തുകയാണ്. പാഴ്പുകച്ചുരുൾമുടിയും തീപ്പൊരി മിന്നിപ്പാറുന്ന കനൽമിഴിയും തീപോലെ പൊള്ളുന്ന നിശ്വാസവും മണ്ണിലടിയുറക്കാത്ത ചുവടുകളും ഒക്കെയായിട്ടുള്ള ആ രൂപം പണ്ട് കവി മന്ത്രപൂർവ്വം മൺകുടത്തിലടച്ചുവച്ച സങ്കടങ്ങൾ മുക്തിപ്രാപിച്ച് മുന്നിലെത്തിയതുപോലെ അനുഭവപ്പെടുന്നു. അതാകട്ടെ ഇത്തിരി ജലം യാചിക്കുകയാണ്. അതിന്റെ കണ്ണിലെ ഭാവം അവൾ ഇന്നിന്റെ സത്യമാണ് എന്ന് വെളിപ്പെടുത്തുന്നു.

നിന്നെ ഞാനറിയുന്നു!
നീയെന്നെയറിഞ്ഞല്ലോ
വന്നു! നാമൊന്നല്ലി ഹാ
നമ്മൾതൻ ദുഃഖങ്ങളും?
നിത്യതപ്തയാം സർവ്വം-
സഹതൻ പ്രിയപ്പെട്ട
പുത്രി നീ; രുദിതാനു-
സാരിയാം കവി ഞാനും.
പരമപവിത്ര നീ-
യെങ്കിലും പരിത്യക്ത!
പറയൂ, നീയെങ്ങു നി-
ന്നെങ്ങുനിന്നിപ്പോൾ വന്നൂ!?

ആ രൂപത്തെ തിരിച്ചറിയുന്ന കവി കാവ്യസ്വത്വത്തെ നീതിക്കായി പോരാടുന്ന ലോകരാജ്യങ്ങളുടെ ആത്മാവായി അവരോധിക്കുകയാണ്. ജോർദ്ദാൻ നദിക്കരയിൽ നിന്നോ, തിബത്തിൽ നിന്നോ, വിയത്നാമിൽ നിന്നോ എവിടെനിന്നാണ് ആ പെൺകുട്ടി വരുന്നതെന്ന് കവിക്കറിയുന്നില്ല. പക്ഷെ, ഒന്നറിയാം അവളുടെ ദാഹം തീർക്കേണ്ട മേഘങ്ങൾ വന്ധ്യമേഘങ്ങളായിത്തീർന്നിരിക്കുന്നു. അവർ പരസ്പരം ആരാണ് രക്ഷകനാകേണ്ടതെന്ന് കലഹിക്കുകയാണ്. മുമ്പ് 'ദമദയാദാന'ങ്ങൾ ഉരുവിട്ടു പഠിപ്പിച്ച ഒരു കാലം ഭാരതത്തിനുണ്ടായിരുന്നു. നൂറുനൂറു താമരകൾ വിടരുന്ന പുളിനങ്ങളും ആർദ്രതയെഴും കാടുകളും ഉണ്ടായ ഇവിടെ ഇന്ന് പാഴ്മണൽക്കാടുകളായ് മാറിയിരിക്കുന്നു.

ഇടിവെട്ടുന്നൂ... മിന്നൽ-
പ്പിണർ വീശുന്നൂ... തന്റെ
കുടവട്ടത്തിലാണീ-
യൂഴിയെന്നൂറ്റം കൊണ്ടു-
വന്നണയുന്നൂ, നിജ-
വന്ധ്യതയറിയാത്ത
വർണ്ണമേഘങ്ങൾ! - നീയോ
ദാഹമായലയുന്നൂ!

ഇടിവെട്ടുകയും മിന്നൽപ്പിണർ വീശുകയും ചെയ്യുന്നു. തങ്ങളുടെ വന്ധ്യതയെ അറിയാതെ ഈ ഭൂമിതന്നെ തന്റെ കുടക്കീഴിലാണെന്നൂറ്റം കൊള്ളുകയാണ് വന്ധ്യമേഘങ്ങൾ. അപ്പോഴും ആ പെൺകുട്ടി ദാഹമായകലുകയാണ്.

ആധുനികയുഗത്തിലെ അരക്ഷിതരായ മനുഷ്യരാശിയുടെ മൂർത്തവേദനയാണ് ഇത്തിരി ജലം യാചിക്കുന്നത്. ഈ ദാഹജലം അവരുടെ ജീവജലംതന്നെയാണ്. ലോകത്തെവിടെയും നടക്കുന്ന സാമൂഹികവും ആഭ്യന്തരവുമായ പ്രശ്നങ്ങൾ കവിയെ വേദനിപ്പിക്കുന്നുണ്ട്. അതാണ് മുന്നിൽ കാണുന്ന പെൺകുട്ടി

ജോർദ്ദാൻ നദിക്കരയിൽനിന്നോ, തിബത്തിൽനിന്നോ, യുദ്ധം കൊടുമ്പിരിക്കൊണ്ട വിയത്നാമിൽനിന്നോ ഉള്ളതാണോ എന്ന് സംശയിക്കുന്നത്. ലോകത്തെവിടെയുമുള്ള സങ്കടമനുഭവിക്കുന്ന മനുഷ്യർ തന്റെ ചുറ്റിലുള്ളവരാണെന്നതോന്ന ലാണ് കവിയിലുളവാകുന്നത്. ഈ സങ്കടങ്ങളുടെയെല്ലാം പ്രതിനിധിയായി മുന്നിൽ നിൽക്കുന്ന പെൺകുട്ടി പരമപവിത്രയാണെങ്കിലും പരിത്യജിക്കപ്പെട്ട സീത തന്നെയല്ലേ എന്ന് കവി ചിന്തിക്കുന്നു. അവൾക്ക് സാന്ത്വനമേകേണ്ടവർ പരസ്പരം കലഹിക്കുകയാണ്. ഈ പെൺകുട്ടിയെ തന്റെ മനസ്സിലെ വാഗ്ദത്തഭൂമിയായും കവി കല്പിക്കുന്നു. സ്വാതന്ത്ര്യാനന്തരം ലഭിക്കുമെന്നു കരുതിയ ഒന്നും യഥാർത്ഥമാവില്ല എന്ന തിരിച്ചറിവ് കവിയെ സംബന്ധിച്ചെടുത്തോളം ഭീകരമാണ്. പണ്ട് ഇവിടം നൂറുനൂറു താമരകൾ വിരിഞ്ഞിരുന്ന പുളിനങ്ങളുണ്ടായിരുന്നു. പക്ഷെ, ഇന്ന് ഇവിടം മണൽക്കാടുകൾ മാത്രമാണ് ഉള്ളത്. ഉന്നതസ്ഥാനം അലങ്കരിക്കുന്നവർ എന്നഹങ്കരിക്കുന്ന മനുഷ്യർ ഭൂമിയെ അത്തരത്തിൽ ആക്കിയതാണ്. ഒടുവിൽ ഭൂമിക്ക് രക്ഷകരാവേണ്ട മനുഷ്യർ തങ്ങളുടെ കഴിവുകേടറിയാതെ, ചെയ്ത പാപങ്ങളെ തിരിച്ചറിയാതെ ഭൂമി തന്റെ കുടക്കീഴിലാണെന്നഹങ്കരിക്കുന്നു. അപ്പോഴും ഭൂമിയിലെ സങ്കടങ്ങളുടെ ആകെത്തുകയായ ആ പെൺകുട്ടി, ഭൂമി തന്നെ ദാഹമായലയുകയാണ്. ഭൂമിയുടെ ഈ കണ്ണുനീർ സ്ത്രീയുടെ ദുഃഖംതന്നെയാണ്. കഴിഞ്ഞകാലത്ത് ഇവിടം പച്ചപ്പ് നിറഞ്ഞതായിരുന്നു. ഇന്നത്തെ പ്രകൃതിയുടെ അവസ്ഥയിലേക്ക് ഒരു തിരിഞ്ഞുനോട്ടത്തിന് നമ്മെ പലപ്പോഴും പ്രേരിപ്പിക്കുന്നതരത്തിലുള്ള ഒരു രചനയാണിത്. രക്ഷകരെന്നപേരിൽ നടമാടുന്നവർ കപടവേഷധാരികളാണ്. രാജ്യത്തിന്റെ സംരക്ഷകരാകും എന്നു കരുതിയവർ 'ആരാച്ചാർമാരാ'യി മാറുന്നതിന്റെ വേദനകൂടി കവി ഈ വരികളിലൂടെ അവതരിപ്പിക്കുന്നു. ഇത്തരത്തിൽ വേദനകളുടെ മൂർത്തിമദ്ഭാവം പോലെ അവതരിപ്പിക്കപ്പെട്ട അനാഥപ്പെൺകിടാവിനോട് ഭൂമിയെയും, വന്ധ്യമേഘങ്ങളോട് കരുണയും ദയയുമില്ലാത്ത മേലാളവർഗ്ഗത്തെയും കൂട്ടി വായിക്കാവുന്നതാണ്.

ഇങ്ങനെ ലോകത്തെവിടെയും വേദനിക്കുന്ന സ്ത്രീത്വത്തോട് സാഹോദര്യ

ഭാവമാണ് കവി പുലർത്തുന്നത്. അവർ അനുഭവിക്കുന്ന ചൂഷണങ്ങൾക്കും പീഡ നങ്ങൾക്കും വേദനകൾക്കും എതിരെ തന്റെ പ്രതിഷേധം അറിയിക്കുകയാണ് ഒ.എൻ.വി ഈ കവിതകളിലൂടെ. അവതരണമാകട്ടെ സ്ത്രീയെ പ്രകൃതിയിലെ വസ്തുക്കളോടും പാരിസ്ഥിതികപ്രശ്നങ്ങളോടും ചേർത്തുമാണ്.

### 4.2.3 മാതൃസങ്കല്പവും ഒ.എൻ.വി കവിതയും

പഞ്ചേന്ദ്രിയങ്ങളുടെ അനുഭവത്തിലൂടെ സൗന്ദര്യാനുഭൂതിയായി കവി അനു ഭവിച്ചറിഞ്ഞ മാതാവാണ് ഭൂമി. പരിശുദ്ധമായ കുടുംബജീവിതവുമായി ബന്ധപ്പെ ട്ടാണ് ഉദാത്തമായ മാതൃസങ്കല്പം നിലകൊള്ളുന്നത്. ഒ.എൻ.വിയാകട്ടെ കുടും ബബന്ധങ്ങൾക്ക് സൂര്യകോടിപ്രഭ നൽകിയാണ് ആവിഷ്കരിക്കുന്നതും. അതു കൊണ്ടുതന്നെ സൂര്യന്റെ വധുവായി കല്പിക്കപ്പെടുന്ന ഭൂമാതാവും വലിയൊരു കുടുംബത്തിലെ വീട്ടമ്മയാണ്. സ്ത്രീയുടെ മാതൃഭാവത്തെ പ്രകൃതിയുമായി, ഭൂമിയുമായി ബന്ധപ്പെടുത്തി പഠിക്കാൻ അവലംബമാക്കിയിരിക്കുന്ന കവിതകൾ 'ആവണിപ്പാടം', 'മലങ്കുറത്തി', 'അമ്മ', 'മൈക്കലാഞ്ജലോ, മാപ്പ്', 'വ്യാകുല മാതാവ്', 'പുനരപി', 'ഭൂമിക്ക് ഒരു ചരമഗീതം' എന്നിവയാണ്.

*ഭൂമിക്ക് ഒരു ചമരഗീതം* എന്ന കവിതാസമാഹാരത്തിലാണ് 'ആവണി പ്പാടം'[19] എന്ന കവിത ഉൾക്കൊള്ളുന്നത്. ആവണിപ്പാടത്തെ പെറ്റെഴുന്നേറ്റ് 'വേതിട്ട്' കുളിച്ച ഒരു സ്ത്രീയോട് ഉപമിക്കുന്നു. 'ആവണിപ്പാടം' എന്ന മാതൃഭാ വത്തെ കാണാനായി പ്രകൃതിയുടെ മക്കളായ പലതരം കിളികൾ വന്നുചേരുന്നു. ഒപ്പം ഈ കിളികളിലെല്ലാം മനുഷ്യത്വം ആരോപിക്കപ്പെടുകയും ചെയ്യുന്നു. കവി തയുടെ തുടക്കം ഇങ്ങനെയാണ്:

ആവണിപ്പാടം കുളിച്ചുതോർത്തീ, മുടി-
യാകെ വിടർത്തിയുലർത്തി നിന്നൂ.
പെറ്റെഴുന്നേറ്റു വേതിട്ടു കുളിച്ചൊരു

പെൺമണിയെപ്പോൽ തെളിഞ്ഞുനിന്നൂ.

ആയമ്മയെക്കാണാനക്കരെയിക്കരെ

ആ വഴിയീവഴിയാരു വന്നൂ?

കൊയ്യാറായ പാടം സ്വർണ്ണനിറമാർന്നിരിക്കും. ഓരോ ചെടിയിലും കതിർനിറഞ്ഞ് ഭാരം കൊണ്ട് കുനിഞ്ഞിരിക്കും. ഇവിടെ ആവണിപ്പാടത്തെ പ്രസവിച്ചെഴുന്നേറ്റ സ്ത്രീയായി കല്പിക്കുന്നു. നമ്മുടെ നാട്ടിൽ പ്രസവരക്ഷാശുശ്രൂഷകളിൽ വേതിട്ട വെള്ളത്തിൽ കുളിക്കുന്ന പതിവുണ്ട്. ആവണിപ്പാടം ഇത്തരത്തിൽ വേതിട്ടവെള്ള ത്തിൽ കുളിച്ച് തോർത്തി മുടിവിടർത്തി നിൽക്കുന്ന ഒരു സ്ത്രീയെപ്പോലെയാണു ള്ളത്. ഈ അമ്മയെക്കാണാൻ പല ദിക്കിൽ നിന്നും പല പല കിളികൾ വന്നുചേ രുന്നു. ഓരോരുത്തർക്കും ഓരോരോ പയ്യാരങ്ങളും പറയാനുമുണ്ട്. ഈ കിളിക ളുടെ അവതരണങ്ങളാണെങ്കിൽ ഒരു ഗ്രാമീണസ്ത്രീയുടെ പുലമ്പലിനോടാണ് താരതമ്യം ചെയ്തിരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ പാടത്തേക്ക് പോകുന്ന സ്ത്രീക്ക് വീട്ടിലെ മുഴുവൻ ഒരുക്കങ്ങളും ചെയ്തിട്ടുവേണം തൊഴിലിനു പോകാൻ. ഭർത്താവിന്റെയും കുട്ടികളുടെയും അച്ഛനമ്മമാരുടെയും കാര്യങ്ങൾ നോക്കണം. ഒക്കെക്കഴിയുമ്പോൾ നേരം വൈകും. പിന്നീട് വെപ്രാളപ്പെട്ട് ഒരു നട ത്തമാണ്. അതിനിടയിൽ തന്റെ സകല പ്രാരാബ്ധങ്ങളെക്കുറിച്ചും പിറുപിറുക്കു ന്നുമുണ്ടാകും. പാടത്തെത്തിയാൽ തന്നെപ്പോലെ ജീവിതക്ലേശങ്ങളുള്ള ഒട്ടേറെ തൊഴിലാളി സ്ത്രീകൾ അവിടുണ്ടാകും. അവരോടുചേർന്ന് വിശേഷങ്ങളും സങ്കട ങ്ങളും പറയുന്നതിനൊപ്പം കൊയ്ത്തും നടക്കുന്നു. വൈകീട്ട് കൊയ്ത്തുകഴിഞ്ഞ് വീട്ടിലെത്താനുള്ള ധൃതി. ഇവയുടെയൊക്കെ തനിമയോടെയുള്ള അവതരണ മാണ് 'ആവണിപ്പാട'ത്തിൽ നമുക്ക് ദർശിക്കാനാകുക. കുഞ്ഞിനു തീറ്റികൊടുത്തും കുട്ടികളെക്കൂടെ നടത്തിയും ചുണ്ട് മുറുക്കിച്ചുവപ്പിച്ചും നടക്കാൻ സൗകര്യത്തിനു വേണ്ടി മുണ്ട് മുട്ടോളം കയറ്റിയും കൈകൾ വീശിക്കൊണ്ടും ചളിവരമ്പത്ത് വഴു തിയും വരുന്ന സ്ത്രീകളെപ്പോലെ ആവണിപ്പാടം എന്ന മാതൃഭാവത്തിനടുത്തേക്ക് തത്തമ്മയും കാക്കച്ചിയും മഞ്ഞക്കിളിയും കുളക്കോഴിപ്പെണ്ണും വന്നുചേരുന്നു.

പാടത്തുപണിക്കുപോയപ്പോൾ തന്റെ കുഞ്ഞിനു തീറ്റനൽകാൻ ആരുമില്ലായിരുന്നു എന്ന സങ്കടം പങ്കുവയ്ക്കുന്ന തത്തമ്മ വളരെ വേഗം പാടത്തുനിന്ന് പോകുന്നു. മഞ്ഞക്കിളിപ്പെണ്ണിന്റെ സംസാരം മണവാളൻ എണ്ണപ്പാടത്തേക്ക് പോകുന്നതിനെ ക്കുറിച്ചാണ്. അധ്വാനിക്കാനും കുടുംബം പുലർത്താനും മാത്രം വിധിക്കപ്പെടുന്ന തൊഴിലാളിസ്ത്രീക്ക് തന്റെ മക്കളെ പരിപാലിക്കാൻ സമയം ലഭിക്കുന്നില്ലെന്ന കാര്യം ഇവിടെ സൂചിപ്പിക്കുന്നു. ഒപ്പം വിദേശനാടുകളിലേക്ക് നമ്മുടെ നാട്ടിൽനിന്നും ധാരാളം ആളുകൾ ധനസമ്പാദനത്തിനായി പോകുന്ന കാര്യവും വ്യക്തമാകുന്നു. വീട്ടിലെ തിരക്കുകഴിഞ്ഞ് പാടത്തെത്തുമ്പോഴേക്കും കൊയ്ത്തു തുടങ്ങിയിട്ടുണ്ടെങ്കിൽ, വളരെ വൈകിയാൽ കൊയ്ത്തിന് ഇറങ്ങാൻ കഴിയില്ല. ഈ വസ്തുതയാണ് അമ്മച്ചിത്താറാവിന്റെ അവതരണത്തിലൂടെ വെളിപ്പെടുന്നത്.

അന്നന്നത്തെ ജീവിതത്തിനുവേണ്ടി കഠിനമായി അധ്വാനിച്ച് വൈകുന്നേര മാകുമ്പോൾ അത്താഴത്തിനുള്ള വകയും കരുതിച്ചെല്ലുന്ന ഒരു ഗ്രാമീണതൊഴിലാ ളിസ്ത്രീക്ക് അനുഭവിക്കേണ്ടിവരുന്ന ജീവിതസന്ദർഭങ്ങളെ വരച്ചുകാണിക്കുക യാണ് ആവണിപ്പാടത്തിലെത്തുന്ന കിളികളുടെ അവതരണത്തിലൂടെ. ഭൂമിയുടെ മക്കളായ കിളികൾക്ക് ഭക്ഷണമേകുന്ന അമ്മയായി ആവണിപ്പാടവും സ്വന്തം മക്കൾക്ക് അന്നമേകുന്ന അമ്മമാരായി കിളികളേയും അവതരിപ്പിക്കുന്നു. ഇവിടെ മണ്ണും പെണ്ണും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ആവണിപ്പാടം എന്ന അമ്മ സ്ത്രീത്വം ആരോപിക്കപ്പെടുന്ന മറ്റു മക്കളെ, കിളികളെ രണ്ടു കൈയും നീട്ടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇവിടെ നാട്ടൻപുറത്തെ സാധാരണക്കാരിയായ വീട്ടമ്മ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാ ടുകളിലേക്ക് വിരൽചൂണ്ടുന്നു. മണ്ണിനെ പെണ്ണായി കല്പിച്ചുകൊണ്ട് പ്രകൃതിഭം ഗിയെയും തൊഴിലാളിപ്രശ്നങ്ങളെയും ഒരു ചിത്രത്തിലെന്നപോലെ 'ആവണി പ്പാട'ത്തിൽ ഒ.എൻ.വി വരച്ചിട്ടിരിക്കുന്നു. ഭാഷാപരമായ ലാളിത്യഭംഗികൊണ്ടും ഗാനാത്മകതകൊണ്ടും വാമൊഴിശൈലികൊണ്ടും ഈ കവിത ജീവിതഗന്ധിയായി

അനുഭവപ്പെടുന്നു. ഇങ്ങനെ പഴയ കാർഷികസംസ്കാരത്തെ സവിശേഷമായ പ്രതലത്തിൽ സ്ത്രീജീവിതത്തോട് ചേർത്തുവച്ച് അടയാളപ്പെടുത്തിയിരിക്കുന്നു 'ആവണിപ്പാടത്തി'ൽ.

ഇത്തരത്തിൽ പ്രകൃതിയെയും പ്രകൃതിയിലെ ജീവജാലങ്ങളെയും ഭൂമിയെയും മാതൃ-സന്താനബന്ധമായി അവതരിപ്പിച്ചിരിക്കുന്നു. അതിലെ സൂക്ഷ്മപ്രശ്നങ്ങൾക്കുപോലും വളരെ ഗൗരവത്തോടെ ബിംബകല്പന നൽകിയിരിക്കുന്നു. വയലിൽ ചികയാനെത്തുന്ന കിളികളിൽ അമ്മയുടെ അടുത്തേക്ക് ആവലാതികളുമായെത്തുന്ന കിടാങ്ങളുടെ പരികല്പനയാണ് കവി നടത്തിയിരിക്കുന്നത്. ആ കർഷകകുടുംബത്തിലെ നേർക്കാഴ്ചകളിലേക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടുപോവുകയാണ് ഇവിടെ. സഹതൊഴിലാളികൾക്കൊപ്പമെത്താൻവേണ്ടി തിരക്കിട്ടുനടക്കുന്ന ഗൃഹനാഥയായ കർഷകകന്യക തന്റെ പ്രാരാബ്ധങ്ങളെക്കുറിച്ച് പുലമ്പുകയാണ്. ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവതിയാണവൾ. അതിനോട് വിട്ടുവീഴ്ചചെയ്യാനും തയ്യാറല്ല. അതുകൊണ്ടാണ് തന്റെ കുഞ്ഞുമക്കൾക്കുവേണ്ടതെല്ലാം ഒരുക്കാനായി വളരെ നേരത്തെതന്നെ അവൾ തന്റെ ദിവസം ആരംഭിക്കുന്നത്. അമ്മയായ, വയലെന്ന ഊഷരഭൂമിയിൽ എത്തിച്ചേർന്ന തത്തമ്മക്കും താറാവിനും കാക്കച്ചിക്കും പറയാനുള്ളത് മറ്റൊന്നല്ലെന്ന് ഓർക്കുക. കൊയ്ത്തും മെതിയും കഴിഞ്ഞാൽ പുത്തൻകലത്തിൽ പുത്തരിച്ചോറുണ്ണുന്നത് ഓരോ കർഷകന്റെയും പറഞ്ഞറിയിക്കാൻ കഴിയാത്ത നിർവൃതിയാണ്. പുത്തനരിവച്ച് ഒരു വറ്റുപോലും ആരും തന്നില്ലെന്ന പരാതിയിലൂടെ കർഷകജീവിതത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് കവി നമ്മെ ക്ഷണിക്കുകയാണ്. ഇത്തരത്തിൽ ഒന്നുമറ്റൊന്നിന്റെ നിഴലുപോലെ പ്രകൃതിഭാവങ്ങൾക്ക് സ്ത്രീപരിവേഷം നൽകുന്നത് ഒ.എൻ.വി കവിതകളുടെ സ്ത്രീപക്ഷനിലപാട് വ്യക്തമാക്കുന്നു.

*മൃഗയ* (1988-89) എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തിട്ടുള്ളതാണ് 'അമ്മ'[20] എന്ന കവിത. വിവിധ ഭൂഖണ്ഡങ്ങളിലെ കവികളുടെ സമാഗമത്തിന് വേദി

യൊരുക്കുന്ന 'സ്ട്രുഗാ പോയട്രി ഫെസ്റ്റിവൽ' യൂഗോസ്ലേവിയൻ ഫെഡറൽ റിപ്പ ബ്ലിക്കിന്റെ ഭാഗമായ മാസിഡോണിയയിൽവച്ച് എല്ലാ വർഷവും നടക്കാറുണ്ട്. 1987-ൽ ഭാരതീയകവിതയെ പ്രതിനിധാനം ചെയ്തത് ഒ.എൻ.വിയായിരുന്നു. അന്ന് ഒരു പഴയ ദുർഗത്തോടു ചേർന്നുള്ള ഒരു സ്ത്രീപ്രതിമയെക്കുറിച്ച് - പാതി നഗ്നമായ വക്ഷസ്സും നീട്ടിയ പാണിയുമായി നിൽക്കുന്ന ആ സ്ത്രീരൂപത്തെക്കു റിച്ച് - ഒരു നാടൻ കവിത ഒ.എൻ.വി. കേൾക്കുകയുണ്ടായി. ആ കവിതയുടെ ഇതിവൃത്തത്തിൽ തല്പരനായ കവി അതിനുപിന്നിലെ മിത്തിനെക്കുറിച്ച് അന്വേ ഷിച്ചു. ആ അന്വേഷണം കവിക്ക് പരിചിതമായ മുപ്പതുകളിലെ കേരളത്തിലെ സാമൂഹികസ്ഥിതിവിശേഷത്തിലേക്ക് ചെന്നെത്തി. അത്തരം പ്രചോദനങ്ങളുടെ പരിണതഫലമാണ് 'അമ്മ'എന്ന കവിത.

ജന്മികുടിയാൻ ബന്ധം ശിഥിലമാകാൻ തുടങ്ങിയ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ജന്മിക്കെതിരെ ശബ്ദിക്കുന്ന കുടിയാനെ ഏത് സാഹചര്യ ത്തിലും ഇല്ലാതാക്കാനുള്ള ജന്മിയുടെ സ്വാതന്ത്ര്യം ഏറെ വെളിപ്പെട്ടതാണല്ലോ. അതായത് വയലാറിന്റെ 'പശയുള്ള വരമ്പ്'[21] എന്ന കവിതയിലെ അതേ സാമൂഹ്യ പശ്ചാത്തലമാണ് മറ്റൊരുരൂപത്തിൽ 'അമ്മ'യിലും ദർശിക്കാനാകുന്നത്. രാഷ്ട്രീ യത്തോടും അധികാരത്തോടും ബന്ധം പുലർത്തുന്നവർ കഷ്ടപ്പെടുന്ന പണിയാ ളന്റെ ജീവിതത്തിന് വില കല്പിക്കാത്ത കാലം. ചോരനീരാക്കി പണിയെടുക്കുന്ന കല്പണിക്കാർ കെട്ടിയുണ്ടാക്കുന്ന സൗധങ്ങളൊന്നും അയാൾക്ക് വേണ്ടിയുള്ള തല്ല; യജമാനനോ മുതലാളിക്കോ വേണ്ടിയുള്ളതാണ്. മനുഷ്യത്വത്തിന്റെ കണിക പോലും തീണ്ടിയിട്ടില്ലാത്ത മുതലാളിമാരാവട്ടെ പണിയാളന്റെ അധ്വാനത്തിനുപരി യായി അവന്റെ ജീവരക്തം കൂടി ആവശ്യപ്പെടുന്നു. ഗളച്ഛേദം കൊണ്ട് വരമ്പുറപ്പി ക്കുക എന്ന കേരളത്തിലെ ജന്മിയുടെ-വെളിച്ചപ്പാടിന്റെ കല്പനക്കും 'ഇന്നുച്ച നേ രത്ത് കഞ്ഞിയുമായ് വരുന്ന പെണ്ണിനെച്ചേർത്ത് മതിൽ പടുത്താൽ മാത്രമേ മതി ലുറയ്ക്കുകയുള്ളൂ' എന്ന 'വെളിപാടിന്റെ ജല്പന'ത്തിനും വളരെ അകലം കല്പി

ക്കേണ്ടതില്ലല്ലോ. വേഷവും ഭാഷയും സംസ്കാരവും നാടും എത്ര വ്യത്യാസപ്പെട്ടാലും ഭരണവർഗ്ഗം അല്ലെങ്കിൽ അധികാരിവർഗ്ഗം പണിയാളന്റെ നേർക്ക് വച്ചുപുലർത്തുന്ന നിഷ്ഠൂരവും നിർദ്ദാക്ഷിണ്യവും മനുഷ്യത്വഹീനവുമായ മനോഭാവത്തിന്റെ പ്രതിസ്ഫുരണമാണ് 'അമ്മ'യെന്ന കവിതയുടെ ഇതിവൃത്തം മുന്നോട്ടുവയ്ക്കുന്നത്. അതിൽ തിളക്കുന്ന യുവരക്തത്തിന്റെ, മാതൃത്വത്തിന്റെ തീക്ഷ്ണമായ അർപ്പണമാണ് കവിയെ ഏറെ സ്വാധീനിച്ചത്. 'അമ്മ' എന്ന കവിത വായനക്കാരൻ ഏറ്റെടുക്കാൻ കാരണവും മറ്റൊന്നല്ല. ചരിത്രത്തിലെ ദളിതുപീഡനങ്ങളുടെ കഥയല്ല, സമകാലികമായി അടിസ്ഥാനവർഗ്ഗത്തിനുനേരെയുണ്ടാകുന്ന ആക്രമണങ്ങളുടെ പച്ചയായ, വൈകാരികമായ ആവിഷ്കാരംകൂടിയാണ് ഈ കവിത. അതാണ് ഒ.എൻ.വി കവിതയുടെ സമകാലികപ്രസക്തി.

ഒരമ്മയുടെ ഒൻപതുമക്കളും കല്പണിക്കാരായിരുന്നു. വളരെ പ്രഗത്ഭരും പ്രശസ്തരും അർപ്പണബോധമുള്ളവരുമായ തൊഴിലാളികളാണവർ. അതിലുപരി ഒൻപതുപേരും അവരുടെ നാരിമാരും ഒരേ മനസ്സിന് ഉടമകളായിരുന്നു.

> ഒമ്പതുപേരവർ കൽപ്പണിക്കാർ
> ഒമ്പതുമെയ്യുമൊരു മനസ്സും!

അന്തിയുറങ്ങാൻ മാത്രമായിരുന്നു അവർക്ക് വെവ്വേറെ അറകൾ. തികവാർന്ന ആ പണിക്കാർ പടുക്കുന്ന കല്ലിലെ നീരുറവകളായിരുന്നു അവരുടെ നാരിമാർ. നാട്ടിലെ പ്രശസ്തമായ കൊട്ടാരവും കോവിലകങ്ങളും പണിത കൈകൾക്ക് ഇന്നീ കോട്ട പടുക്കാൻ കഴിയുന്നില്ല. അവരുടെ അറിവിന്റെ എല്ലാ പരിശ്രമങ്ങളും അസ്ഥാനത്തായപ്പോൾ വിശ്വാസത്തിന്റെ വിശുദ്ധിയിലേക്ക്, സംരക്ഷണത്തിലേക്ക് അവർ ചേക്കേറുന്നു.

> ''ഒമ്പതുണ്ടല്ലോ വധുക്കളെന്നാൽ,
> ഒന്നിനെച്ചേർത്തീ മതിൽ പടുത്താൽ

ആ മതിൽ മണ്ണിലുറച്ചുനിൽക്കും!

ആ ചന്ദ്രതാരമുയർന്നു നിൽക്കും!''

എന്ന് വെളിപാടുണ്ടായി. ആരെ ബലിയർപ്പിക്കണമെന്ന ചിന്തയിൽ ഒമ്പതുപേരും 'അധീരരായ'പ്പോൾ അധികാരത്തിന്റെ തെല്ലൊരു മേൽക്കോയ്മയോടെ മൂത്ത യാൾ ഊറ്റത്തോടെ പറഞ്ഞു:

'ഇന്നുച്ചനേരത്ത് കഞ്ഞിയുമായ്

വന്നെത്തിടുന്നവ,ളാരുമാട്ടെ,--

അവളെയും ചേർത്തീ മതിൽ പടുക്കും!

അവളീ പണിക്കാർതൻ മാനം കാക്കും!

ജേഷ്ഠന്റെ അഭിപ്രായത്തെ അനിയന്മാർ അംഗീകരിക്കുന്നു. എന്നാൽ ജീവിത ത്തിൽ അന്നാദ്യമായി ഓരോരുത്തരും അവരവരുടെ ഭാര്യമാരുടെ മുഖം മാത്രം ചിന്തിച്ചുപോയി. പരസ്പരം ഒന്നു നോക്കാൻപോലും ധൈര്യപ്പെടാത്ത അവർ തികഞ്ഞ മൗനത്തോടെയാണ് തുടർന്ന് കല്ല് പടുത്തത്. പരസ്പരം അറിയാതെ ആ കണ്ണുകൾ വഴിയോരത്തേക്ക് പായുന്നുണ്ടായിരുന്നു. ആവിപാറുന്ന കഞ്ഞി ക്കലം ശിരസ്സിലേറ്റി, ഒക്കത്ത് തന്റെ കൈക്കുഞ്ഞിനെ വാത്സല്യപൂർവ്വം എടുത്തു കൊണ്ട്, ദൂരത്തുനിന്ന് പ്രാഞ്ചിക്കിതച്ച് വരുന്നവൾ 'മൂത്തയാൾ വേട്ടപെണ്ണായി രുന്നു' എന്ന് അനുനിമിഷം അവർ തിരിച്ചറിഞ്ഞു. ആ കാഴ്ച മൂത്തയാൾക്ക് ഒരു വെള്ളിടിയായിരുന്നു. എന്താണ് നടന്നതെന്നോ; നടക്കാൻ പോവുന്നതെന്നോ യാതൊരു നിശ്ചയവും ഇല്ലാതിരുന്നതിനാൽ തികഞ്ഞ സ്വാഭാവികതയോടെ അവൾ ഒൻപതുപേർക്കും കഞ്ഞി പകർന്നുനൽകി.

കോട്ടിയ പ്ലാവില മുന്നിൽ വച്ചു,

ചട്ടിയിൽ കഞ്ഞിയും പാർന്നു വച്ചു,

ഒറ്റത്തൊടുകറി കൂടെ വച്ചു.

ഒമ്പതുപേർക്കും വിളമ്പിവച്ചു
കുഞ്ഞിനെ തോളിൽക്കിടത്തി, തന്റെ
കുഞ്ഞിന്റെയച്ഛന്നടുത്തിരിക്കെ,
ഈ കഞ്ഞിയൂട്ടൊടുക്കത്തെയാമെ-
ന്നോർക്കുവാനാ സതിക്കായതില്ലാ!
ഓർക്കാപ്പുറത്താണശനിപാതം!
ആർക്കറിയാമിന്നതിൻ മുഹൂർത്തം!

അടിമ-ഉടമ ബന്ധത്താൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തിലെ പാവപ്പെട്ട പണിയാളന്റെ നേർക്ക് 'ഒരശനിപാതം'പോലെ ഏതു കല്പന ഏതുനേരത്ത് വന്ന് പതിക്കുമെന്നും അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നും ആർക്കും പ്രവചിക്കാനാവില്ല. ഉള്ളുനീറിപ്പൊടിയുന്ന സമയത്തും നിർവ്വികാരഭാവത്തിൽ 'ആ ക്രൂരകല്പനക'ൾ അവർ അനുസരിക്കണം. അതുകൊണ്ടാണല്ലോ തന്റെ വിവശതകൾ ഉള്ളിലൊതുക്കി, ദുഃഖത്തെ മധുരമാക്കി ആ മാതാവ് അന്ത്യാഭിലാഷം ഭർത്താവിനോടും സഹോദരങ്ങളോടുമായി വെളിപ്പെടുത്തിയത്.

''ഭിത്തിയുറയ്ക്കാനിപ്പെണ്ണിനേയും
ചെത്തിയ കല്ലിന്നിടയ്ക്കു നിർത്തി,
കെട്ടിപ്പടുക്കുവിൻ! ഒന്നെനിക്കു-
ണ്ടൊറ്റയൊരാഗ്രഹം! കേട്ടുകൊൾവിൻ!
കെട്ടിമറയ്ക്കൊല്ലെൻ പാതി നെഞ്ചം
കെട്ടിമറയ്ക്കൊല്ലെയെന്റെ കൈയും!
എന്റെ പൊന്നോമന കേണിടുമ്പോൾ,
എന്റെയടുത്തേക്കു കൊണ്ടുപോരൂ!
ഈ കൈയാൽ കുഞ്ഞിനെയേറ്റുവാങ്ങി
ഈ മുലയൂട്ടാനനുവദിക്കൂ!''

ജന്മിയുടെയോ മുതലാളിയുടെയോ ആഡംബരനിർഭരമായ ജീവിതത്തിൽ സാഹോദര്യത്തിനോ, മാതൃത്വത്തിനോ, പരസ്പരപ്രണയത്തിനോ യാതൊരു സ്ഥാനവുമില്ല. മാനവികതയുടെ കണികപോലുമില്ലാത്ത അവരുടെ ആജ്ഞകൾ പണിയാളന്റെ പെണ്ണിന്റെമേൽ അശനിപാതമായ് പതിച്ചിരുന്നു. വരുംകാലത്തിന്റെ ഓർമ്മപ്പെടുത്തലായി ആ സ്ത്രീരത്നങ്ങൾ അനന്തതയിലേക്ക് കൈനീട്ടിനിൽക്കുന്ന സുന്ദര വെൺശില്പങ്ങളായി മാറുന്നു. കോട്ടകൊത്തളങ്ങൾ തകർന്നടിഞ്ഞാലും പുതു യുഗസ്രഷ്ടാക്കളായ മാനവന്റെയുള്ളിൽ അമ്മയെന്ന സങ്കല്പം ഉള്ളിടത്തോളം കാലം ചന്തമേറുന്ന ആ 'സുന്ദരമായ വെൺശില്പങ്ങൾ' നിലനിൽക്കുകതന്നെ ചെയ്യും.

തൊഴിലാളികളുടെ ആത്മവീര്യം കെടുത്തുന്ന ശക്തികളെ തകർത്തെറിയാനുള്ള ഉദ്ബോധനം നടത്തുന്ന 'അമ്മ'യെന്ന കവിതയിൽ സ്ത്രീത്വത്തിന്റെ ത്യാഗസന്നദ്ധത, ആത്മാഭിമാനം, ഭർതൃപരിചരണവ്യഗ്രത, മാതൃത്വം, കുടുംബസ്നേഹം എന്നിവ എടുത്തുകാട്ടുകയാണ് കവി. തികച്ചും വൈകാരികമായ ഒരു കുടുംബ പശ്ചാത്തലത്തിലുള്ള ഒരമ്മയുടെ സ്നേഹത്തിന്റെയും കരുതലിന്റെയും ത്യാഗത്തിന്റെയും കഥയാണ് 'അമ്മ'യെന്ന ആഖ്യാനകവിത. ഈ അമ്മ ഭൂമിദേവിക്കു തുല്യയാണ്. തന്റെ ഉടയാടകളായ വൃക്ഷലതാദികളെ വെട്ടി നശിപ്പിക്കുമ്പോഴും സ്തനങ്ങളായ മലകൾ ഇടിച്ചുനിരത്തുമ്പോഴും മണ്ണ് തുരന്ന് ആഴത്തിലേക്കിറങ്ങിച്ചെല്ലുമ്പോഴും ഭൂമി മാതാവ് ക്ഷമിക്കുന്നു; മക്കൾക്കായ് നന്മകൾ മാത്രം ബാക്കിവയ്ക്കുന്നു. ഇവിടെ തന്റെ സുഖവും സന്തോഷവും മാറ്റിവച്ച് കുടുംബത്തിനും മക്കൾക്കുമായി ജീവിതം ത്യജിക്കാൻ ഈ അമ്മ തയ്യാറാകുന്നു. ഒടുവിൽ ഭർത്താവുൾപ്പെടെയുള്ള ആണധികാരത്തിന്റെ മാനം കാക്കാൻ അവളെ ബലി നൽകുന്നു. കല്ലുകൾക്കിടയിൽവച്ച് പടുക്കപ്പെട്ട അവൾ മണ്ണോടുചേരുകയാണ് ചെയ്യുന്നത്. ഇവിടെ മണ്ണും പെണ്ണുടലും ഒന്നായ്ത്തീരുന്നു. 'വെളിപാടു'കൊണ്ട് ആരോ ചൊല്ലിയതിനെ അധികാരമുള്ള പുരുഷവർഗ്ഗംതന്നെയാണ് ഏറ്റുചൊല്ലിയത്. അവരുടെ താല്പ

ര്യവും അഭിമാനവും തകരരുത് എന്ന സ്വാർത്ഥതയും പെണ്ണിൻെറ ബലി നൽകലി ലേക്കെത്തിച്ചു. ഭൂമി അതിലെ അവസാനതുള്ളി ജലംവരെ മക്കൾക്കുവേണ്ടി ബാക്കി വക്കും. ഏതിരുട്ടിലും സന്താനങ്ങൾക്കായി ഒരു തുള്ളിവെളിച്ചം കരുതിവ യ്ക്കും. ഇവിടെ ഈ അമ്മ മണ്ണിൽ ലയിക്കുമ്പോഴും തന്റെ മാതാവിലേക്ക് ചേരു കയാണ് ചെയ്യുന്നത്. അതേസമയം സ്വന്തം മക്കൾക്കായി തന്റെ നെഞ്ചിൽ നിന്നൂ റിവരുന്ന പാൽത്തുള്ളികളെ സ്നേഹത്തോടെ കരുതുകയും ചെയ്യുന്നു. ഈ അവസ്ഥ പ്രകൃതിയുടെയും സ്ത്രീയുടെയും താദാത്മ്യം പ്രാപിച്ച ഒരു അവതരണ മാണ്. ഒരു വെൺശിലാശില്പം പോലെ ഈ ചിത്രം നമ്മുടെയുള്ളിൽ പതിപ്പി ക്കാൻ കവിക്ക് കഴിഞ്ഞു എന്നുള്ളതും വാസ്തവമാണ്.

മേലേ കിഴക്കൻ മാമലയിറങ്ങി ഗ്രാമവീഥിയിലെത്തി പടികടന്ന് ഓരോ തൊടിയിലുമെത്തി പതിഞ്ഞതും ദ്രുതതരം പിരിമുറുകുന്നതുമായ താളങ്ങളിലൂടെ പാടിക്കളിക്കുന്ന മലങ്കുറത്തിയെക്കുറിച്ചുള്ളതാണ് 'മലങ്കുറത്തി'[22] എന്ന കവിത. *ഭൂമിക്ക് ഒരു ചരമഗീതം* എന്ന കവിതാസമാഹാരത്തിൽ നിന്നുള്ളതാണ് ഈ രചന. കഴുത്തിലും കൈകളിലും പളുങ്കുപാശികൾ കൊരുത്തുചാർത്തിയും ചിലമ്പുതു ള്ളിയും ചിരിച്ചും ഇടയ്ക്ക് കരഞ്ഞും ഗ്രാമീണരുടെ കൈഭാഗ്യം നോക്കിയും നട ക്കുന്ന കുറത്തിയാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത്. ആ കുറത്തിയുടെ പാട്ടിന്റെ താളവും ഈണവും ഓരോ കറുകനാമ്പിലും കരിമ്പനയുടെ നെറുകിലും മൺതരിയിലും അലയടിച്ചിരുന്നു. ചെറിയ കുട്ടികളുടെ ചുണ്ടുകളിൽ അവളുടെ മുളംകുഴലിലെ തേനെടുത്തുപകരുമായിരുന്നു. വള്ളിപ്പടർപ്പിൽ ആടിത്തിമർത്തും മണൽപരപ്പിൽ വീണുരുണ്ടും പരിഭവിച്ചൊഴുകുന്ന പുഴയെ കെട്ടിപ്പുണർന്ന് ചുംബിച്ച് തഴുകി ഉന്മത്തത്തിലാഴ്ത്തി സ്വയം മറന്നുപാടുമായിരുന്നു. അപ്പോൾ ചുമലിലെ ഭാണ്ഡമഴിഞ്ഞ് ചുറ്റുമുള്ള തരുലതകൾക്ക് കടുത്ത വർണ്ണത്തിലുള്ള ചേലകൾ നൽകുമായിരുന്നു. ഒടുവിൽ നിറകുടത്തിൽ നിന്ന് ഒരു കുടന്ന നീർ ജ പിച്ചെറിഞ്ഞ് കടന്നുപോകുകയും ചെയ്യും. ഇത് കുറത്തിയുടെ പഴയ കഥ. നമ്മുടെ മുത്തശ്ശനും മുത്തശ്ശിയും മിഴി നിറഞ്ഞുകൊണ്ട് ഓർക്കുന്ന ഒരു സത്യം.

ഇന്ന് കിഴക്കുനിന്നും മലങ്കുറവന്മാർ ഇറങ്ങിവന്ന് മലങ്കുറത്തിയെ അന്വേഷിക്കുന്നു. അവൾ മരിച്ചോ അതോ, ആരോ വകവരുത്തിയോ, അപഹരിച്ച് കടൽ കടത്തിയോ, അകലെയെങ്ങാനും ഒരു മരച്ചോട്ടിൽ കുടിയിരുത്തപ്പെട്ടോ എന്ന് സന്ദേഹപ്പെടുകയാണ് മലങ്കുറവന്മാർ, ഒപ്പം കവിയും. തുടർന്ന്

ഇനിയും നിന്നെ വീണ്ടെടുക്കാനാവുമോ?
ഇനി വരാതെ നീ സ്വയം മറഞ്ഞുവോ?
മരിച്ചുവോ? മേലേ കിഴക്കേ മാമല-
യിറങ്ങിവന്നെത്തും മലങ്കുറത്തി നീ
മരിച്ചുവോ - എങ്കിൽ, ഇവിടെ നീയൊത്തു
മരിക്കുവാൻ സ്വയം തപിക്കുന്നൂ ഞങ്ങൾ!

എന്ന ചിന്തയിൽ കവിത അവസാനിക്കുന്നു.

'മലങ്കുറത്തി' എന്ന കവിതയിലെ സ്ത്രീയവതരണത്തിലൂടെ പ്രകൃതിയുടെ മറ്റൊരു പകുതി തന്നെയാണ് നാം അനുഭവിച്ചറിയുന്നത്. അവളുടെ വാക്കുകളും താളങ്ങളും ഈണങ്ങളും പ്രകൃതിക്കനുരൂപമാണ്. പ്രകൃതിയിലെ മറ്റൊരു പ്രകൃതിയായി തരുലതാദികൾക്കിടയിലും കറുകനാമ്പിലുംവരെ അവളുടെ സാമീപ്യം ഉണ്ട്. വർണ്ണങ്ങളാലും ശബ്ദങ്ങളാലും ഈണങ്ങളാലും പ്രകൃതിയെ സുന്ദരമാക്കുന്ന സമൂഹത്തിന്റെ ഭീതി നീക്കി സന്തോഷമരുളുന്ന ആദിപ്രകൃതിയായി കുറത്തി മാറുന്നു. മണൽപ്പരപ്പിൽ വീണുരുണ്ട് പരിഭവിച്ചൊഴുകുന്ന പുഴയെ തഴുകി ഉന്മാദത്തിലാഴ്ത്തി ഒടുവിൽ ജലം ജപിച്ചെറിഞ്ഞ് സാന്ത്വനം പകർന്ന് മറയുന്ന കുറത്തി മനുഷ്യർക്കെന്നും താങ്ങും തണലും സർവ്വദായിനിയുമാകുന്ന പ്രകൃതിയിൽ അലിഞ്ഞുചേരുന്നു. പക്ഷേ ഇന്ന് പ്രകൃതിയുടെ തനിമക്ക് കോട്ടം സംഭവിച്ചിരിക്കുന്നു. അഥവാ ആധുനിക മനുഷ്യൻ അവന്റെ ഇഷ്ടത്തിനനുസരിച്ച് പ്രകൃതിയെ മാറ്റിയെടുക്കുന്നു. തന്നെ കാത്തിരുന്ന പഴയ തലമുറയുടെ ഓർമ്മകളിൽ മാത്രമാണ് മലങ്കുറത്തി യഥാർത്ഥരൂപത്തിലുള്ളത്. ഈ മലങ്കുറ

ത്തിയെ കുടിയിരുത്തപ്പെട്ടിടത്തുനിന്ന് നമ്മുടെ നിലനിൽപ്പിന്റെ പരിസരത്തേക്ക് വീണ്ടെടുക്കാനാകുമോ എന്നു ചോദിക്കുന്നുണ്ട്. ആ ചോദ്യത്തെ നമുക്ക് പ്രകൃതി ചിന്തയിലേക്കും ഇഴചേർക്കാം. മലങ്കുറത്തിയെ പ്രകൃതിയുമായി സാമ്യപ്പെടുത്തി ചിന്തിക്കുമ്പോൾ പ്രകൃതി - സ്ത്രീ അവതരണത്തിന്റെ ഇടപെടൽ ദർശിക്കാനാകും.

നമുക്കുവേണ്ടി എല്ലാം കരുതി കാത്തുസൂക്ഷിച്ചിരുന്ന പ്രകൃതിമാതാവിനെ നാം തന്നെ മൊട്ടയടിച്ച് പുള്ളികുത്തി നാടുകടത്തിയിരിക്കുന്നു. മുമ്പുണ്ടായിരുന്ന പ്രകൃതി ലാവണ്യം നമുക്കിനി തിരിച്ചെടുക്കാനാകുമോ എന്ന സന്ദേഹം മലങ്കുറവന്മാരുടെ ചോദ്യത്തിലുണ്ട്. ഒപ്പം കവി ഈ ചോദ്യം സമൂഹമദ്ധ്യത്തിലേക്കെറിയുകയും ചെയ്യുന്നു. അഥവാ തിരിച്ചെടുക്കേണ്ടതിന്റെ പ്രാധാന്യത്തെ താനുൾപ്പെടുന്ന സമൂഹത്തെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ 'മലങ്കുറത്തി' പ്രകൃതിയുടെയും സ്ത്രീയുടെയും യഥാർത്ഥസ്വത്വത്തിന്റെ തിരിച്ചെടുക്കലിനെ അവതരിപ്പിക്കുന്നു. ഇത് നമ്മുടെ സംസ്കാരത്തിന്റെ വീണ്ടെടുക്കലുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ഒ.എൻ.വിയുടെ തന്നെ *ഉപ്പ്* എന്ന സമാഹാരത്തിലെ 'കണ്ണകി' എന്ന കവിതയിൽ ഇളങ്കോവടികളുടെ 'ചിലപ്പതികാര'ത്തിലെ നായികയായ കണ്ണകിയെക്കുറിച്ച് പറയുന്നുണ്ട്. ഈ കവിതയും ദ്രാവിഡവൃത്തത്തിൽ എഴുതപ്പെട്ടതാണ്. ഇതിന്റെ ഈണവും താളവും ആവിഷ്കാരഭംഗിയും സ്ത്രീ അവതരണവും 'മലങ്കുറത്തി' എന്ന കവിതയുമായി ചേർത്തുപറയാവുന്നതാണ്. കടമ്മനിട്ടയുടെ 'കുറത്തി'യുടെ ഗാംഭീര്യവും ചൊല്ലുമ്പോഴുണ്ടാകുന്ന ആവിഷ്കാരഭംഗിയും ഈ കവിതകൾക്ക് ലഭിക്കുന്നില്ല. എഴുതിത്തുടങ്ങിയകാലംമുതൽക്കുതന്നെ പലതരത്തിലുള്ള വിമർശനങ്ങൾ ഒ.എൻ.വിക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. ചങ്ങമ്പുഴയുടെ രചനാശൈലിയുടെയും കാല്പനികതയുടെയും പിൻതുടർച്ചക്കാരൻ എന്നും കവിതയെ പാട്ടായി തരംതാഴ്ത്തി രചിക്കുന്നവനെന്നും പടപ്പാട്ടുകാരനെന്നും ജീവിതാനുഭവങ്ങളുടെ യഥാർത്ഥ സങ്കീർണ്ണതകളെ ആവിഷ്കരിക്കാൻ കെല്പില്ലാത്ത രചയിതാവെന്നും ഒക്കെയുള്ള വിമർശനങ്ങൾ അവയിൽപ്പെ

ടുന്നു. എങ്കിലും കവിയും കാലവും തമ്മിലുള്ള ബന്ധം ഒരു കവിയുടെ കാവ്യജീവിതത്തെ വിലയിരുത്തുമ്പോൾ പരിഗണിക്കേണ്ടതുണ്ട്. പദസംഗീതത്തിന്റെയും കാല്പനികചിന്താഗതി പുലർത്തുന്ന രചനകളുടെയും പേരിൽ ഒ.എൻ.വി കവിത പലപ്പോഴും വിമർശനം നേരിടുമ്പോഴും ആ കവിതകൾ കൈയാളുന്ന വൈവിധ്യവും അതുൾക്കൊള്ളുന്ന കേരളീയമായ സാംസ്കാരിക പൈതൃകവും മലയാള സാഹിത്യഭാവുകത്വത്തിന് സ്വീകാര്യമായിത്തീരുന്നു. മലങ്കുറത്തിയും കുറത്തിയും കണ്ണകിയും സന്താൾ നർത്തകരുമൊക്കെ ദ്രാവിഡവൃത്തത്തിന്റെ തനിമ പുലർത്തുന്ന കവിതകളാണ്. ഇതിൽ 'മലങ്കുറത്തി' പ്രകൃതി - സ്ത്രീ അവതരണത്തിന്റെ തലത്തിൽ മികച്ചതായി നിലകൊള്ളുന്നു.

*അക്ഷരം* (1972-74) എന്ന കവിതാസമാഹാരത്തിലേതാണ് 'മൈക്കലാഞ്ജലോ, മാപ്പ്,'[23] എന്ന കവിത. മാനുഷികമൂല്യങ്ങൾക്കും പരിസ്ഥിതിചിന്തക്കും സ്ത്രീപക്ഷചിന്തക്കും പ്രാധാന്യം കല്പിക്കുന്ന ഒരു രചനാദർശനമാണിവിടെ അനുഭവപ്പെടുന്നത്. 1972 മെയ് 21-ന് മൈക്കലാഞ്ജലോയുടെ 'പിയത്ത'[24] എന്ന ശില്പത്തിന്റെ നേർക്ക് മയക്കുമരുന്നിനടിമയായ ലാസ്ലോടോത്ത് എന്ന യുവാവ് ചുറ്റികകൊണ്ട് ആക്രമണം നടത്തി. ഇതിനെക്കുറിച്ചുള്ള പത്രവാർത്ത വായിച്ച ഒ.എൻ.വി ആധുനികതലമുറയുടെ സാമൂഹികവും സാംസ്കാരികവുമായ അധഃപതനത്തെക്കുറിച്ച് സൂചിപ്പിക്കുകയാണ് ഈ കവിതയിലൂടെ. കുരിശിൽ നിന്നിറക്കിയ യേശുവിന്റെ ജഡം മടിയിൽക്കിടത്തി അമ്മമറിയം ദുഃഖത്തോടെ ഇരിക്കുന്ന രീതിലാണ് ഈ ശില്പത്തിന്റെ നിർമ്മാണം. ഈയൊരു ചിത്രമാണ് 'മൈക്കലാഞ്ജലോ, മാപ്പ്' എന്ന കവിതയുടെ തുടക്കവും.

ഒടുവിൽ കുരിശിൽനി-
ന്നിറക്കീ ജഡം! താഴെ-
യൊരു ദുഃഖത്തിൻ സൂര്യ-
ശിലയായ്ത്തീർന്നോരമ്മ

തൻമടിത്തട്ടിൽത്താങ്ങി-
ക്കിടത്തീ വാത്സല്യാർദ്രം
തൻമകനുടെയാറി
ത്തണുത്ത തിരുഗാത്രം!

വെളുത്ത ലില്ലിപ്പൂക്കളിൽ ചുവന്ന രേഖകൾപോലെ രക്തം വാർന്ന പാടുകൾ യേശുവിന്റെ ശരീരത്തിൽ കാണപ്പെടുന്നു. ഈ ശരീരവും മടിയിൽക്കിടത്തി മറിയം ഇരിക്കുകയാണ്. പാതികൂമ്പിയടഞ്ഞ യേശുവിന്റെ കണ്ണുകൾ തന്നെ മരണത്തിലേക്ക് വലിച്ചെറിഞ്ഞവരോട് പൊറുക്കണേ എന്ന് ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

തന്നിൽ നിന്നടർന്നൊരു
മുത്തിനെ, യാരോ കുത്തി
നെഞ്ചകം പിളർന്നൊരു
മുത്തിനെ വീണ്ടും തന്റെ-
യങ്കത്തിലെതിരേല്ക്കും
പാഴ്ചിപ്പിയുടെ മൂക-
സങ്കടംപോലെയമ്മ-
യിരിപ്പൂ, കരയുവാൻ
കണ്ണുനീരില്ലാ, തുരി-
യാടുവാൻ വാക്കില്ലാതെ,

തന്റെയുള്ളിൽനിന്നും നെഞ്ചകം കുത്തിക്കീറിയെടുത്ത മുത്തിനെ തിരികെ തന്റെയുള്ളിലേക്ക് എതിരേൽക്കുന്ന ഒരു പാഴ്ചിപ്പിയുടെ സങ്കടംപോലെ ഒന്നും ഉരിയാടാനാകാതെ, വിങ്ങുന്ന ഉൾത്താപംപോലെ മറിയം ഇരിക്കുന്നു. തന്റെ യാത്രയിൽ ‘പിയത്ത’യെ വിവരിച്ചുതന്ന മാർഗ്ഗദർശിക്കും മൈക്കലഞ്ജലോയ്ക്കും കവി നന്ദി പറയുന്നു.

അറിവേനടുത്തുനി-

ന്നറിവേൻ: ഭൂമിക്കൊപ്പം

അഴലിൻ ചുമടുമാ-

യിരിക്കുമൊരമ്മയെ!

ഭൂമിക്കൊപ്പം സങ്കടങ്ങളെ ചുമലിലേറ്റുന്ന ഒരു അമ്മയെ മറിയത്തിൽ ദർശിക്കുക യാണ് ഇവിടെ. അവസാനം ചുറ്റികമുട്ടുന്ന ശബ്ദം കവി കേൾക്കുന്നു. ഞാൻ ക്രിസ്തുവാണ് എന്നു വിളിച്ചുപറഞ്ഞുകൊണ്ടായിരുന്നു അയാൾ പിയത്ത തകർ ത്തത് എന്ന് പറയപ്പെടുന്നു. ഒടുവിൽ മൈക്കലാഞ്ജലോയോട് മാപ്പപേക്ഷിച്ചു കൊണ്ട് കവിത അവസാനിക്കുന്നു.

യേശുവിന്റെ പീഡനാനുഭവയാത്രയിൽ അരിമത്യക്കാരനായ ജോസഫിനും ഗലീലിയായിലെ സ്ത്രീകൾക്കുമൊപ്പം സഞ്ചരിച്ച അനുഭവമാണ് 'പിയത്ത' കണ്ട കവി പങ്കുവയ്ക്കുന്നത്. ഈ ശില്പം കാണുന്ന ഒരാൾക്ക് എന്നെയും എന്റെ മക നെയും അങ്ങ് കൈവിട്ടോ എന്ന് ആർദ്രമായി മറിയം ദൈവത്തോട് ചോദിക്കുന്ന തായി അനുഭവപ്പെടുന്നു. 'മൈക്കലാഞ്ജലോ, മാപ്പ്' എന്ന കവിത വായിക്കു മ്പോഴും ആ ശില്പം മുന്നിൽക്കാണുന്ന അനുഭവമാണ് സഹൃദയന് ഉണ്ടാകുന്നത്. ഇവിടെ കന്യാമറിയത്തെ മുത്ത് നഷ്ടപ്പെട്ട ഒരു ചിപ്പിയോട് കവി ഉപമിക്കുന്നു. ഒന്നും പ്രതികരിക്കാനാകാതെ, മിണ്ടാതെ നിസ്സഹായയായിനിന്ന് കണ്ണീരൊഴു ക്കാൻ മാത്രം വിധിക്കപ്പെട്ട അമ്മയാണ് ഇവിടെ മറിയം. 'ഭൂമിക്കൊപ്പം അഴലിൻ ചുമടുമായിരിക്കുമൊരമ്മയെ' മറിയത്തിൽ ദർശിക്കുന്ന കവി മകനു സംഭവിച്ച ദുര ന്തത്തിൽ വ്യസനിക്കുന്ന ഒരമ്മയേയും ജീവിവർഗ്ഗത്തിന്റെ പോറ്റമ്മയായ ഭൂമിക്ക് സഹിക്കേണ്ടിവരുന്ന ദുഃഖത്തെയും സൂചിപ്പിക്കുന്നു. മറിയം എന്ന അമ്മയുടെ സന്തോഷവും പ്രതീക്ഷയുമായിരുന്നു യേശു. ഭൂമിക്കാകട്ടെ തന്നിലെ ജലവും ലവണവും ഫലമൂലാദികളും സ്വീകരിച്ച് അജയ്യരായിരിക്കുന്ന മനുഷ്യരിൽ സംതൃ

പ്തിയായിരുന്നു. എന്നാൽ മൈക്കലാഞ്ജലോ 'പിയത്ത' നിർമ്മിച്ച കാലമല്ല ഇന്ന്. നൂറ്റാണ്ടുകളുടെ വിടവ് സമൂഹത്തിൽ, ഇടപഴകലുകളിൽ, സംസ്കാരത്തിൽത്തന്നെ മൂല്യച്യുതി ഉണ്ടാക്കിയിരിക്കുന്നു. സ്വാർത്ഥതയും അതിരുകടന്ന മതഭ്രാന്തും സമ്പദ്മോഹവും സുഖലോലുപതയുംകൊണ്ട് മനുഷ്യൻ അന്ധനായിരിക്കുന്നു. പുതുസമൂഹം കൈയാളുന്ന ഈയൊരു മനോഭാവം പ്രകൃതിക്കും സ്ത്രീക്കും മേലേ അടിച്ചേല്പിക്കുകയാണ്. ജന്മം തന്ന മാതാവും വസിക്കാനിടം നൽകിയ ഭൂമിമാതാവും ദുരന്തങ്ങൾ മാത്രം ഏറ്റുവാങ്ങേണ്ടിവരുന്ന സ്ത്രീയുടെ മാതൃഭാവത്തെക്കുറിക്കുന്നു. എന്തു ദുഃഖമുണ്ടായാലും എന്താവശ്യമുണ്ടായാലും മക്കൾ അമ്മയുടെ സാമീപ്യത്താലാണ് സമാധാനം നേടുക. മരിച്ചുകഴിഞ്ഞാലും ചെല്ലേണ്ടത് മാതാവിനടുത്തേക്കാണ്; ഭൂമിയെന്ന മഹാമാതാവിനുസമീപത്തേക്ക്. സർവ്വജീവജാലങ്ങളും ഒടുവിൽ, പ്രകൃതിയിൽ, മണ്ണിൽത്തന്നെയാണ് ലയിച്ചുചേരുന്നത്. മക്കളോടുള്ള സ്നേഹവാത്സല്യങ്ങളിൽ സ്വമാതാവും പ്രകൃതിമാതാവും തുല്യത പ്രകടിപ്പിക്കുന്നു എന്ന് ഒ.എൻ.വി സൂചിപ്പിക്കുന്നു. കവിയുടെയുള്ളിൽ രൂഢമൂലമായിരിക്കുന്ന മാതൃസങ്കല്പം തന്നെയാണിത്. എന്നാൽ ആധുനിക കാലത്തിന്റെ ലഹരിയിൽ മുങ്ങിയ കാട്ടാളത്തത്തിന്റെ പ്രതിനിധിയായി ലാസ് ലോടോത്ത് എന്ന ചെറുപ്പക്കാരനേയും കാണുന്നു.

''നിഷാദ, നീ
നിറുത്തൂ!''... കണ്ണില്ലെനി,-
ക്കില്ല കൈ, - ഞാനില്ലാതായ്!...
വൃദ്ധനാ,യസ്വസ്ഥനാ-
യൊന്നുറങ്ങുവാൻപോലും
ഡ്രഗ്ഗുകൾ തേടിപ്പോകു-
മീ ശതാബ്ദത്തിൻ ഭ്രാന്ത-
ജല്പനം കേട്ടേൻ പിന്നെ-

ത്തച്ചുടയ്ക്കുവാൻ മാത്രം

ചുറ്റികയെടുത്തൊരു

പയ്യന്റെ ചുണ്ടിൽനിന്നും!

മറിയം എന്ന മാതാവിന്റെ ശില്പത്തെ തകർക്കുന്ന ഈ ചെറുപ്പക്കാരൻ പ്രകൃതിയെ വെട്ടിയൊതുക്കി മെരുക്കുന്ന പുതുതലമുറയുടെ ഭാഗം തന്നെയാണ്. ലഹരിവസ്തുക്കൾ ഏതുതരത്തിലുള്ള ആളുകളേയും നശിപ്പിക്കും. പുത്തൻതലമുറ അതിനടിമപ്പെട്ട് ചെയ്യുന്ന പ്രവൃത്തിയുടെ ദൂഷ്യഫലങ്ങളിലേക്കും കവി വിരൽചൂണ്ടുന്നു. കലാസൃഷ്ടിയുടെ, പ്രപഞ്ചസൃഷ്ടിയുടെ, സ്ത്രീയോ, പുരുഷനോ, മരമോ, മണ്ണോ ഏതുമാകട്ടെ അവയുടെ സൗന്ദര്യവും പ്രാധാന്യവും ആധുനികസമൂഹം തിരിച്ചറിയുന്നില്ല. നാല്പതുവർഷങ്ങൾക്കിപ്പുറം ഈ കവിതയെ ഒന്നുകൂടി വായിച്ചാൽ അന്ന് കവി മുന്നോട്ടുവച്ച ആശങ്കകൾക്ക് സമകാലസമൂഹത്തിൽ തീവ്രത ഏറിയിട്ടുള്ളത് നമുക്കനുഭവിക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ കവിതയുടെ പുനർവായന പ്രസക്തവുമാണ്. ആധുനിക തലമുറ ധാർമ്മികത നഷ്ടപ്പെട്ട് വിവേചനശേഷി ഇല്ലാത്തവരായിപ്പോയല്ലോ എന്ന ആശങ്കയും വിഷമവുമാണ് 'ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല ഇവർക്ക് മാപ്പു നൽകേണമേ' എന്ന യേശുവചനത്തിലൂടെ ഒ.എൻ.വി പങ്കുവയ്ക്കുന്നത്.

*സൂര്യന്റെ മരണം*(2015) എന്ന സമാഹാരത്തിൽ നിന്നെടുത്തിട്ടുള്ളതാണ് 'വ്യാകുലമാതാവ്'[25] എന്ന കവിത. ഇതിൽ വ്യാകുലമാതാവിന്റെ ചിത്രം വരയ്ക്കാൻ തുടങ്ങിയ ശ്രമത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

കുരിശിൽ മരിച്ച തൻ

പുത്രന്റെ തിരുജഡം

മടിയിൽ കിടത്തി

അതിൻ പാതികൂമ്പിയ

പൂവുപോലുള്ളൊരാ

കൺപോളകൾ നോക്കി
മേവുന്നൊരമ്മതൻ
ചിത്രം വരയ്ക്കവേ,
മാതൃകയായെൻ
മനസ്സിലൂടെത്രയോ
മാതൃദൈന്യത്തിന്റെ
മൂർത്തികൾ വന്നുപോയ്!

കുരിശിലേറിയ പുത്രന്റെ ജഡവും മടിയിൽക്കിടത്തി പാതിയടച്ച പൂവുപോലുള്ള കൺപോളകൾ നോക്കിയിരിക്കുന്ന ഒരമ്മയുടെ ചിത്രം വരക്കാൻ തുടങ്ങുമ്പോൾ കവി മനസ്സിലൂടെ മാതൃദൈന്യത്തിന്റെ മാതൃകയായി ഒട്ടേറെ ചിത്രങ്ങൾ കടന്നുവരുന്നു. അതോടെ മറ്റൊരാളായി മാറുന്നു കവി. തീഗോളമായ് കത്തിയെരിയുന്ന സൂര്യനെയും പേടിച്ചരണ്ട് കെട്ടിപ്പിടിച്ചിരിക്കും പോലെ ആകാശത്തെയും ഭൂമിയെയും കാണുന്നു. കൂടുകൾ കത്തിക്കരിയുന്നതു കണ്ട് കൂട്ടനിലവിളിയുമായ് പക്ഷികൾ ഒളിച്ചിരിക്കുന്നോ അതോ കൂട്ടിലിരിക്കവേ അഗ്നിക്കിരയായോ എന്നു സന്ദേഹിക്കുന്നു. പിന്നീട് സ്വന്തം സ്വത്വത്തിലേക്ക് മടങ്ങിയ കവി സത്യത്തിന്റെ പരിണാമഭേദങ്ങളിൽ അത്ഭുതം കൊള്ളുന്നു. ചിത്രത്തിൽ കാണുന്ന വിഹ്വലമാതാവ് എല്ലാം നഷ്ടപ്പെട്ട തന്റെ പ്രിയപ്പെട്ട ഭൂമിയല്ലേ എന്നും ആശങ്കപ്പെടുന്നു. അപ്പോൾ ആ മടിത്തട്ടിൽ ക്രൂശിതനായ ഒരാൾക്കുപകരം ഒട്ടേറെപ്പേർ ഉള്ളതായും അതിൽ ഒരു പിഞ്ചുപൈതൽ തന്റെ പാവക്കിടാവിനെ നെഞ്ചോടണച്ചു മുലയൂട്ടുന്ന മാതിരിയുള്ളതും കാണുന്നു. ഇങ്ങനെയാണ് ആ വരികൾ:

വിസ്മിത നേത്രനായ് നോക്കിനിന്നേനൊരേ
സത്യത്തിനെത്ര പരിണാമഭേദങ്ങളോ?
ചിത്രത്തിൽ വിഹ്വലമാതാവായ് കാണ്മത്
നഷ്ടസർവ്വസ്വയാമെൻ പ്രിയഭൂമിയോ?

ആ മടിത്തട്ടിൽ തിരുജഡമൊന്നല്ലൊരായിരം ക്രൂശിതർ!

കൂട്ടത്തിലുണ്ടൊരു പിഞ്ചുപൈതൽ തന്റെ

പാവക്കിടാവിനെ

നെഞ്ചോടണച്ചു മുലയൂട്ടുന്ന മാതിരി!

ഈ കവിതയിലെ അമ്മ പ്രത്യാശ തകർന്നടിഞ്ഞ് സംസ്കാരവും ജീവിതവും ആത്മാവും നഷ്ടപ്പെട്ട ഒരു അമ്മ തന്നെയായി അനുഭവപ്പെടുന്നു. മക്കൾക്കു വേണ്ടി പ്രയത്നിച്ച് ഒടുവിൽ മക്കളാൽ ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീവർഗ്ഗമാണ് ഇന്നത്തെ സമൂഹത്തിലുള്ളത്. ഈ ചിന്ത പ്രകൃതിയിലേക്കും പകർത്തിനോക്കാം. മനുഷ്യനുവേണ്ട എല്ലാ അവശ്യവസ്തുക്കളും കനിഞ്ഞുനൽകുന്ന ഭൂമിമാതാവിനെ മനുഷ്യർതന്നെ സ്വാർത്ഥതയാൽ ചൂഷണം ചെയ്ത് ഊഷരമാക്കുന്ന കാഴ്ച യാണെവിടെയും. കുരിശിൽ മരിച്ച പുത്രന്റെ ജഡവും താങ്ങിയിരിക്കുന്ന അമ്മ യുടെ ചിത്രം വരയ്ക്കാൻ ഒരുങ്ങവെ നമ്മുടെ സമൂഹത്തിൽ നടമാടുന്ന അനീതി കളിലേക്കും പീഡനങ്ങളിലേക്കും ആണവദുരന്തങ്ങളിലേക്കും, മഹായുദ്ധങ്ങളിലേ ക്കും കവിയുടെ മനസ്സ് ചെന്നെത്തുന്നു. കിളികളും പൂക്കളും ഭൂമിയും ആകാ ശവും സൂര്യനുമെല്ലാം കത്തിയമരുന്നതായി അനുഭവപ്പെടുന്നു. മനുഷ്യന്റെ അമിത മായ ഭോഗാർത്തി കാരണം പിഡനമനുഭവിക്കേണ്ടിവരുന്നത് താൻതന്നെയും ഒപ്പം തന്നെ പെറ്റുപോറ്റിയ മാതാവും ആണ് എന്ന സത്യത്തിലേക്ക് കവി വായനക്കാരെ നയിക്കുന്നു. മുമ്പ് ഒരു ക്രൂശിതന്റെ ജഡം മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ ഇന്നതായിരമായി വർദ്ധിച്ചിരിക്കുന്നു. 'വ്യാകുലമാതാവി'ൽ ഒരു പിഞ്ചുപൈതലി നെപ്പോലും വെറുതെവിടാത്ത സമൂഹത്തിന്റെ കരാളതയിലേക്കും കവി ആസ്വാദ കനെ നയിക്കുന്നു. ഈ പിഞ്ചുകുഞ്ഞിനെ മടിയിലിരുത്തുന്ന വിഹ്വലയായ അമ്മ കുട്ടിയുടെ സ്വന്തം മാതാവും ഭൂമിയെന്ന മഹാമാതാവും ആയി പരിണമിക്കുന്നു.

മനുഷ്യൻ സ്വാർത്ഥമതിയും ജീവിതം ലാഭേച്ഛയുടെ പ്രതീകമായും അധഃപ തിച്ചപ്പോൾ മനുഷ്യബന്ധവും പ്രകൃതിസ്നേഹവും വിസ്മൃതിയിലായി. സമ്പാദ്യ

ത്തിനുള്ള കുറുക്കുവഴികൾ തേടുന്ന മനുഷ്യൻ നൈതികതയുടെ എല്ലാ തലങ്ങളെയും ബലികഴിച്ചു. കൊല്ലാനും കീഴ്പ്പെടുത്താനും അധീശത്വം വഹിക്കാനും മാതൃപുത്രബന്ധങ്ങൾ വേണ്ടെന്നുവന്നു. ലോകനന്മയ്ക്കായി കുരിശിലേറിയ ക്രിസ്തുദേവന്റെ മുറിവുകളിൽ ഇന്ന് അനുതാപമല്ല മറിച്ച് ആസ്വാദ്യതയാണ് സമൂഹം ദർശിക്കുന്നത്. അതുകൊണ്ടാണ് നിരവധി കുരിശിലേറലുകൾ ദിനം പ്രതി വർധിച്ചുവരുന്നത്. ഇത്തരം നിലപാടുകളാണ് ആധുനിക കാലത്ത് സ്ത്രീക്കും പ്രകൃതിക്കും നേരെ കണ്ടുവരുന്നത്. എല്ലാ സദാചാരനിയമങ്ങളെയും ലംഘിച്ചുകൊണ്ട് ഭാവിതലമുറയെത്തന്നെ അപകടത്തിലാക്കുംവിധം പ്രകൃതിയുടെ മേൽ നടത്തുന്ന കയ്യേറ്റം വളരെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണെന്ന് ഓർമ്മപ്പെടുത്തുകയാണ് കവി. മാത്രമല്ല പുരുഷാധിപത്യം പ്രകൃതിയെക്കാളുപരി പെണ്ണിന്റെമേൽ ആക്രമണമായി മാറിയിരിക്കുന്നു. പിഞ്ചുപൈതങ്ങൾപോലും പീഡനത്തിനിരയാകുന്നു. അച്ഛനും മുത്തച്ഛനും അമ്മാവനും കൂടെപ്പിറപ്പും സുഹൃത്തും അയൽവാസിയും കാമുകനും തുടങ്ങി പല പല പേരുകളാൽ വിവിധരൂപങ്ങളാൽ സ്ത്രീജന്മം വേട്ടയാടപ്പെടുന്നു. തന്റെ ശരീരത്തിൽ എന്താണ് ചെയ്യുന്നതെന്ന് തിരിച്ചറിയാൻ കഴിയാത്ത പ്രായത്തിൽ പുരുഷാധമന്മാർ നടത്തുന്ന കുടിലവൃത്തികൾ നിഷ്കളങ്കബാല്യത്തിലേല്പിക്കുന്ന ആഘാതം ഓർത്ത് പരിതപിക്കുകയാണ് കവി. പ്രതികരണമെന്തെന്നുപോലുമറിയാത്ത ബാല്യങ്ങളെയും സ്ത്രീകളെയും പ്രകൃതിയെയും ക്രൂരഭാവത്തോടെ ആക്രമിച്ചില്ലാതാക്കുന്നവർക്കുള്ള ഒരു കരുതൽ പ്രഖ്യാപനം കൂടിയാണ് 'വ്യാകുലമാതാവ്' എന്ന കവിത.

*പുനരപി* (2012) എന്ന സമാഹാരത്തിലെ 'പുനരപി'[26] എന്ന പേരിലുള്ള കവിതയിൽ പ്രകൃതിയെയും സ്ത്രീയെയും താരതമ്യം ചെയ്തവതരിപ്പിക്കുന്ന പരിസ്ഥിതി അവബോധമാണുള്ളത്. കവിതയുടെ തുടക്കം തന്നെ മണ്ണിനെ സ്പർശിച്ചറിഞ്ഞുകൊണ്ടാണ്.

ഈ മണ്ണിലിന്നു കമിഴ്ന്നുകിടന്നു ഞാൻ
ഭൂമിതൻ സ്വേദസുഗന്ധം ശ്വസിക്കവേ,
സ്നിഗ്ധമാമിപ്പുൽത്തലപ്പിനെ ഗാഢമായ്
കെട്ടിപ്പുണർന്നുള്ളലിഞ്ഞുമ്മവയ്ക്കവേ,
ഭൂമിതൻ ചാരു പുളകമായങ്ങൊരു
പൂ വിരിഞ്ഞീടവേ, യെന്റെ കുഞ്ഞുങ്ങളെ
നൊന്തു ചുമന്നൊരീ നിന്നുദരത്തിലാ-
ണെൻ ചുണ്ടമരുന്നതെന്നറിയുന്നു ഞാൻ.

പ്രകൃതിയുടെ 'തനിമ'യും സ്ത്രീസ്വത്വവും രണ്ടല്ല എന്ന് ഓർമ്മിപ്പിക്കുകയാണ് 'പുനരപി'യിലൂടെ കവി. മണ്ണിൽ കമിഴ്ന്നുകിടന്ന് ഭൂമിയുടെ സ്വേദഗന്ധം ശ്വസിക്കുമ്പോഴും സ്നിഗ്ധമായ പുൽത്തലപ്പിനെ ഉമ്മ വയ്ക്കുമ്പോഴും കവി തന്റെ കുഞ്ഞുങ്ങളെ നൊന്തുപെറ്റ ഉദരത്തിനെയാണ് അറിയുന്നത്. കാലം മടിയിലിരുത്തി ലാളിച്ച മൺവീണകളായിരുന്നെങ്കിലും ഇന്ന് അതിന്റെ തന്ത്രികൾ തകർന്ന് സ്വരങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. എങ്കിലും അകമാകെ സംഗീതനിർഭരമാകുന്നു. കവിയും പത്നിയും വാർദ്ധക്യത്തിലെത്തിയിരിക്കുന്നതായി സൂചന.

എത്ര വസന്തങ്ങളെപ്പെറ്റു ഭൂമി!- പി-
ന്നെത്ര വർഷർത്തു വേതിട്ടു കുളിപ്പിച്ചു!
ഗ്രീഷ്മങ്ങൾ തോർത്തിത്തുടച്ചു, നിലാത്തിരി
താഴ്ത്തിയുറക്കിയില്ലെത്രയോ ശൈത്യങ്ങൾ!
ഇന്നും പുതിയ വസന്തപുഷ്പങ്ങളീ
മണ്ണിൽ വിരിയെ, കടിഞ്ഞൂൽക്കിടാവുമായ്
അന്നോളമില്ലാത്തോരോമനത്തത്തോടെ
വന്നു നില്ക്കുന്നതു നീ തന്നെയല്ലയോ?

എത്രയോ ഋതുക്കൾ മാറി വന്നു. ഇന്ന് ഒരു കുഞ്ഞു പൂവിരിയുമ്പോൾ

പോലും കടിഞ്ഞൂൽക്കിടാവുമായ് പ്രിയതമ വന്നുനിൽക്കുംപോലെ തരളയായ പ്രകൃതി ഓമനത്തത്തോടെ വന്നുനിൽക്കുന്നു. ജനലിന്റെ ചാരത്ത് വന്നിരുന്ന രാപ്പക്ഷി പാടുന്ന പാട്ട് കുഞ്ഞിനെ ഉറക്കാൻ സഖി പാടുന്ന പാട്ടായ് അനുഭവപ്പെടുന്നു കവിക്ക്. പുതുമഴയിൽ നനഞ്ഞ മണ്ണിന്റെ മണം ഉയരുമ്പോഴും കാച്ചെണ്ണ തേച്ചുകുളിച്ച പത്നിയെ ഓർക്കുന്നു. പൂവിന്റെ സുഗന്ധമായതും അസ്ഥികൾ കാർന്നുതിന്നുന്ന തണുപ്പിൽ കത്തിച്ചുവച്ച കനലടുപ്പുപോലായതും വേനലിൽ ചന്ദനത്തിന്റെ തണുപ്പായതും ഇതേ സ്ത്രീഭാവം തന്നെയല്ലേ എന്ന് കവി ഓർമ്മിപ്പിക്കുന്നു. പ്രായമേറേയായ് സ്നിഗ്ധതപോയി ചുക്കിച്ചുളിഞ്ഞ ശരീരമായി. അപ്പോഴും പ്രിയതമയുടെ കണ്ണുകൾ സ്നേഹാർദ്രങ്ങളാണ്. ഇവിടെ മെയ്യിലെ എല്ലാം അലങ്കാരങ്ങളെയും മനസ്സിലേക്കാവാഹിച്ച് ജീവിതത്തിന്റെ ചില്ലകളിൽ വസന്തം വിരിയുകയില്ലെന്നും പാടിത്തിമിർത്ത കുയിലുകൾ തേൻതളിർതേടി പഴക്കമേറിയ ഈ പാഴ്മരങ്ങളിൽ വരികയില്ലെന്നും മുത്തിയെ ചോഴി പിടിച്ചുവലിച്ചു പോകുന്ന മട്ടിൽ മൃത്യുവന്നിടാം എന്നും ഈ വൃദ്ധർ മനസ്സിലാക്കുന്നു.

എങ്കിലും മണ്ണിന്റെയാഴങ്ങളിൽ നൊന്തു
സഞ്ചരിക്കും വേരുകൾക്ക് നമ്മൾ സ്വയം
പാഥേയമായിടാം! - പിന്നെ, വെയിലിന്റെ
പാല് കുറുക്കിക്കൊടുക്കുമിലകളാം!
ഏതോ തൊടിയി,ലല്ലെങ്കിലേതോ നട-
പ്പാതയ്ക്കരികിലെ പൂമരച്ചില്ലയിൽ
നാളെ വിടരും വസന്തപുഷ്പങ്ങളായ്
നാമുയിർക്കാം! മുന്നിലെത്തേൻകനി കണ്ടു
കൊത്തിയും കൊത്താതെയുമിരിക്കും രണ്ടു
തിത്തിരിപ്പക്ഷികളായ് വീണ്ടുമെത്തിടാം!

എന്നിരുന്നാലും കുടുംബവൃക്ഷത്തിന്റെ വേരുകൾക്ക് പാഥേയമാകാം

എന്നും വെയിലിന്റെ പാല് കുറുക്കിക്കൊടുക്കുമിലകളാകാം എന്നും ഏതോ തൊടിയിലോ, ഏതോ  നടപ്പാതയ്ക്കരികിലെ പൂമരച്ചില്ലയിൽ നാളെ വിടരും വസന്തപുഷ്പങ്ങളായി വീണ്ടും നാം ഉയിർക്കാം എന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

'പുനരപി' എന്ന കവിതയിലൂടെ കടന്നുപോകുമ്പോഴും നമ്മുടെ മനസ്സിൽ അവശേഷിക്കുന്ന ഭാവം എല്ലാം അഴുക്കുകളും കറകളും ഒഴിഞ്ഞുപോയ സ്നേഹത്തിന്റെ മധുരിമ തന്നെയാണ്. ഇത് പത്നിയോടും പ്രകൃതിയോടും ഒരുപോലെ ഇഴപിരിക്കാനാകാത്തവിധം ചേർന്നതുമാണ്.  ഒരു സ്ത്രീയുടെ പെരുമാറ്റത്തെ, അവളുടെ ഓരോ ചലനത്തെയും പ്രകൃതിയിലെ ഭാവങ്ങളോട് ചേർത്തുവച്ച് വായിക്കുന്നു.  പ്രകൃതിയിലെ ഋതുഭേദങ്ങൾ പോലെ കാലം അവളിലും മാറ്റം വരുത്തുന്നു. പക്ഷെ എത്ര കഴിഞ്ഞാലും അവളുടെ സ്നേഹവും കരുതലും മറ്റുള്ളവരോടുള്ള കരുണയും ആർദ്രതയും ഒഴിഞ്ഞുപോകുന്നില്ല;  നായകന് പ്രിയതമയോടുള്ള സ്നേഹവും വാർന്നുപോകുന്നില്ല. പ്രകൃതി എന്നും നിത്യതരുണിയായി നിൽക്കുമെന്നും സ്ത്രീ ബാല്യവും കൗമാരവും വാർദ്ധക്യവും  കഴിഞ്ഞ് മൃത്യുവിനെ പൂകും എന്നും കവി പറയുന്നു.  പുരുഷനും  ഇതൊക്കെ ബാധകമാണ്. എന്നാൽപ്പോലും മറ്റുള്ളവർക്ക് ആവുംവിധം പ്രയോജനപ്രദമാകണം ജീവിതം എന്ന് കവി സൂചിപ്പിക്കുന്നു.  ചാരത്തിൽ നിന്നുയിർക്കുന്ന ഫിനിക്സ് പക്ഷി എന്നും കവിക്ക് പ്രിയപ്പെട്ട ബിംബമാണ്.  ഇവിടെയും ഏതോ തൊടിയിലോ, നടപ്പാതയ്ക്കരികിലോ വിടരുന്ന വസന്തപുഷ്പങ്ങളായ് നാം ഉയിർക്കൊള്ളാം എന്ന് കവി പ്രത്യാശിക്കുന്നു.  ഈ പ്രതീക്ഷ നമ്മുടെ എല്ലാവരുടെയും നാളെയെക്കുറിച്ചുള്ളതാണ്.  ഒപ്പം ഏത് വിഷമസന്ധിയിലൂടെ കടന്നുപോകാനുള്ള വഴിമരുന്നുമാകുന്നു.

*ഭൂമിക്ക് ഒരു ചരമഗീതം* (1981 – 84) എന്ന സമാഹാരത്തിൽ  നിന്നെടുത്തിട്ടുള്ളതാണ് 'ഭൂമിക്ക് ഒരു ചരമഗീതം'[27] എന്ന കവിത. പരിസ്ഥിതിപരിപാലനവും സംരക്ഷണവും സമൂഹത്തിന്റെ അത്യാവശ്യമായിമാറിയ ഒരു കാലഘട്ടവും കവി

യുടെ പരിസ്ഥിതിബോധപ്രധാനമായ ദർശനവും ചേർന്ന് വാർത്തെടുത്ത ഒരു രചന എന്ന നിലയിൽ ഈ കവിത ഏറെ പ്രസക്തമാണ്. എല്ലാ ജീവജാലങ്ങളുടെയും ഉറവിടവും അടിത്തറയും ഭൂമിയും പ്രകൃതിയുമാകയാൽ, ഒരേ സൂര്യന്റെ ചൂടും വെളിച്ചവും പങ്കുവയ്ക്കുന്നതിനാൽ ഭൂമിയിലെ മനുഷ്യരെല്ലാവരും സാഹോദര്യഭാവത്തിൽ കഴിയേണ്ടവരും സ്വതന്ത്രരും സമത്വമുള്ളവരുമാണെന്ന പ്രകൃതിജമാനവികതയാണ്(Natural Humanism) ഒ.എൻ.വിയുടെ ജീവിതവീക്ഷണം. പ്രകൃതിയെയും അതിലെ മനുഷ്യരെയും ചൂഷണത്തിന് വിധേയമാക്കുന്ന അധികാരശക്തികൾക്കെതിരെയുള്ള രോഷമാണ് ഒ.എൻ.വി കൈയാളുന്ന വിപ്ലവബോധം. അതുകൊണ്ടുതന്നെ മാനവികതയുടെ സാരമായ ഒ.എൻ.വി കവിതയിൽ ദൈവികമായ ആത്മീയതക്ക് ഇടം ലഭിച്ചില്ല. ഈശ്വരന്റെ സ്ഥാനത്ത് എല്ലാത്തിന്റെയും മാതൃഭാവമായ, സ്രഷ്ടാവായ ഭൂമിയെയാണ് വാഴ്ത്തുന്നത്.

'ഭൂമിക്ക് ഒരു ചരമഗീത'ത്തിന്റെ ആമുഖമായി കവി ഇങ്ങനെ എഴുതിയിരിക്കുന്നു:

> ഇനി വാഴ്ത്താം..
>
> ഈ ഭൂമിയെ, അതിലെ
>
> ജീവിതമെന്ന മഹാപ്രവാഹത്തെ, അതിന്റെ
>
> ലാവണ്യസാരമായ കവിതയേയും...!

വ്യത്യസ്തമാനങ്ങളുള്ള, ഒട്ടേറെ പഠനങ്ങൾ ഈ കവിതയ്ക്കുണ്ടായി. അതുതന്നെ ഈ കൃതിയുടെ പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു. ''വനനശീകരണത്തിനും പ്രകൃതിമലിനീകരണത്തിനുമെതിരെ ജല്പനങ്ങളായും കലിതുള്ളലുകളായും കല്പനകളായും ഒട്ടേറെ രചനകൾ പുറത്തുവന്ന കാലഘട്ടത്തിൽ ഒരു ജ്വാലയായി ഏറ്റവും അധികം മന്ത്രശക്തി പ്രസരിക്കുന്ന കവിതയായിരുന്നു 'ഭൂമിക്ക് ഒരു ചരമഗീതം'. വനനശീകരണം കൊണ്ടുള്ള പ്രാദേശികദുരന്തത്തിന്റെ

ചിത്രം മാത്രമല്ല മനുഷ്യവർഗ്ഗത്തിന്റെ പരമവിനാശത്തിന്റെ ചിത്രമാണ്. കഥാപാത്രങ്ങൾ കുന്നലനാടും കേരളീയരുമല്ല, ഭൂതധാത്രിയും നരവർഗ്ഗവുമാണ്''[28] എന്ന് ലീലാവതി അഭിപ്രായപ്പെടുന്നുണ്ട്. സമൂഹത്തിൽ അന്ന് നിലനിന്നിരുന്ന സാമൂഹിക അനീതികൾക്കും പാരിസ്ഥിതിക ദുരന്തങ്ങൾക്കും എതിരെ ശക്തമായ താക്കീതുകളായി ധാരാളം രചനകളുണ്ടായി. ഈ കവിതയിൽ ഭൂമിയെ അമ്മയായും സൂര്യനെ ഭൂമിയുടെ കാമുകനായും അല്ലെങ്കിൽ ഭർത്താവായും കല്പിക്കുന്നു. ഭൂമിക്കുനേരെ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അതിക്രമങ്ങളെ സൂക്ഷ്മതയോടെ വിശകലനം ചെയ്യുന്ന കവി അമ്മയുടെ നേരെ മക്കൾ കാണിക്കുന്ന നിഷ്ഠൂരവും നിന്ദ്യവുമായ ചെയ്തികളെ വിലയിരുത്തുന്നു. അതോടൊപ്പം ഭൂമി പെറ്റമ്മയാണെന്ന തിരിച്ചറിവില്ലാതെ അമ്മയോട് മക്കൾ കാണിക്കുന്ന ഹീന പ്രവൃത്തികളെ നിരൂപിക്കുകയും ചെയ്യുന്നു.

ഭൂമിയെ, സർവ്വജീവന്റെയും അമ്മയായ മാഹാമാതാവായും ഈ മാതാവിനെ കൊന്നുഭക്ഷണമാക്കുന്ന പൈശാചികതയാർന്ന മക്കളായി നരവർഗ്ഗത്തെയും കല്പിക്കുന്നു. ഒരു വശത്ത് ഭൂമി മനുഷ്യരോട് കാട്ടുന്ന ദിവ്യവാത്സല്യം. മറുവശത്ത് മനുഷ്യൻ സ്നേഹനിധിയായ അമ്മയോടുകാണിക്കുന്ന കൊടുംക്രൂരത. ഇത് ഇന്ന് എവിടെയും സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തമാണ്. വൈരുദ്ധ്യഭാവങ്ങളെ കവി അന്വർത്ഥമായ കാവ്യബിംബങ്ങളിലൂടെ അതീവചാരുതയോടെ അവതരിപ്പിച്ചിരിക്കുന്നു. പല ഖണ്ഡങ്ങളായി തിരിക്കാവുന്ന കവിത ഇങ്ങനെയാരംഭിക്കുന്നു:

ഇനിയും മരിക്കാത്ത ഭൂമി! - നിന്നാസന്ന -
മൃതിയിൽ നിനക്കാത്മശാന്തി!
ഇത് നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ചഗീതം.

തുടക്കത്തിൽ മനുഷ്യന്റെ ചെയ്തികളാൽ എന്നേ മരിച്ചുപോകേണ്ടിയിരുന്ന ഭൂമി

ഇനിയും മരിച്ചില്ലല്ലോ എന്ന ആശ്വാസം പ്രകടിപ്പിക്കുന്നു. ഒപ്പം ഇത്തരത്തിലുള്ള പ്രവൃത്തികൾ തുടർന്നാൽ ഭൂമി നാമാവശേഷയാവും എന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ 'ഭൂമിക്ക് ഒരു ചരമഗീതം' ഭൂമി നിലനിൽക്കെത്തന്നെ രചിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ആസന്നമരണയായ ഭൂമി മരിക്കുമ്പോൾ അന്ന് ചരമശുശ്രൂഷ ചെയ്യാനോ ഒരിറ്റ് കണ്ണീർവാർത്ത് വിലപിക്കാനോ ഇവിടെ ആരും അവശേഷിച്ചെന്നുവരില്ല. അതുകൊണ്ട് മുൻകൂട്ടി ചരമക്കുറിപ്പെഴുതുകയാണ് കവി. ഈ കുറിപ്പ് യഥാർത്ഥത്തിൽ ഭൂമിക്ക് ഉള്ളതുമാത്രമല്ല. നീചപ്രവൃത്തികൾ തുടരുന്ന, മണ്ണിനെ ആക്രമിക്കുന്ന ജനതതിക്ക് കൂടിയുള്ളതാണ്. ഈ സന്ദർഭത്തിന് മറ്റൊരു വ്യാഖ്യാനം കൂടി പ്രസക്തമാണെന്ന നിരൂപകമതം ഇവിടെ ചേർത്തുവായിക്കാവുന്നതാണ്. അതായത് 'ഇനിയും' എന്ന വാക്കിൽ ഭൂമി മരിക്കാൻ തിടുക്കമായി ഇനിയും മരിച്ചില്ലല്ലോ എന്ന ചോദ്യമാണ് നിബന്ധിച്ചിരിക്കുന്നത് എന്നുള്ളത്.[29] ഏതഭിപ്രായമായാലും ദുരാചാരികളായ ആധുനികസമൂഹം ഭൂമിമാതാവിനെ മൃതപ്രായയാക്കിയിരിക്കുന്നു എന്ന വസ്തുത നിസ്തർക്കമാണ്.

യുദ്ധവും ആക്രമണങ്ങളും തുടർസംഭവങ്ങളായ ഒരു നാട്ടിൽ ഒരൊറ്റ അണ്വായുധം കൊണ്ട് ഒരു നാടിനെയും സംസ്കാരത്തെയും സമൂഹത്തെയും നശിപ്പിക്കാം എന്നുമാത്രമല്ല വരുംതലമുറയുടെ നിലനിൽപ്പിനെയും ഹനിക്കാം.

മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ
നിഴലിൽ നീ നാളെ മരവിക്കെ,
ഉയിരറ്റ നിൻ മുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെവശേഷിക്കയില്ലാരു, മീ ഞാനും!

പരസ്പരസ്നേഹവും പരോപകാരവും വിളംബരം ചെയ്യുന്ന ഭാരതീയസംസ്കാരപ്രകാരം ഉദകക്രിയകൾ നടത്തി പരേതാത്മാവിനെ മോക്ഷപ്രാപ്തിയിലെത്തിക്കുക എന്നുള്ളത് ഒരു വിശ്വാസമാണ്. എന്നാൽ ഒരു ലോകവും അവിടത്തെ ജന

ങ്ങളും ഒരുമിച്ച് മരിക്കുമ്പോൾ അവിടെ അന്ത്യകർമ്മങ്ങൾക്ക് സന്താനങ്ങൾ ഉണ്ടാകില്ലല്ലോ. അങ്ങനെ ഭാരതത്തിൽ പൊതുവായും പ്രത്യേകിച്ച് കേരളത്തിൽ അതിവിദൂരഭാവിയിൽത്തന്നെ ഒരു പ്രകൃതിദുരന്തമോ പ്രത്യാഘാതമോ പ്രതീക്ഷിക്കാമെന്നും അതുകൊണ്ട് ശ്രദ്ധയോടെ ഭൂമാതാവിനെ പരിപാലിക്കേണ്ടതുണ്ടെന്നും കവി സൂചിപ്പിക്കുന്നു.

> ഒന്നു മറ്റൊന്നിനെ കൊന്നുതിന്നുന്നത്
> കണ്ണാലെ കണ്ടിട്ടുമൊരുവരും കാണാതെ...
> നിൻനഗ്നമേനിയിൽ നഖംതാഴ്ത്തി,  മുറിവുകളിൽ
> നിന്നുതിരും ഉതിരമവർ മോന്തി..

ഭൂമിയെ അമ്മയായും മനുഷ്യനെ അവളുടെ മക്കളായും കല്പിച്ച്, നൊന്തുപെറ്റമക്കളായതുകൊണ്ടുതന്നെ അവരുടെ എല്ലാ അപരാധങ്ങളും സഹിച്ചും ക്ഷമിച്ചും യാതൊരുവിധ വിലക്കുകളും നടത്താതെ സർവ്വംസഹയായി നിൽക്കുന്ന ഭൂമിയുടെ ചിത്രം തന്നെയാണ് നമുക്കുമുമ്പിൽ തെളിഞ്ഞുവരുന്ന്.  എന്നാൽ ഇന്ന് അമ്മയുടെ മാറിൽനിന്ന് പാൽ നുകരുന്ന മക്കൾ അമ്മയുടെ മാറിടം പിച്ചിച്ചീന്തി രക്തം വാർന്നൊഴുകുമ്പോൾ അതു'മോന്തി' അട്ടഹസിക്കുന്നു. ഇവിടെ മക്കളുടെ അഭിലാഷമാണ് അമ്മയുടെ നെഞ്ചകം പിളർന്ന് ഹൃദയരക്തം ഊറ്റിക്കുടിക്കുക എന്നത്. ചീന്തുക, മോന്തുക എന്നീ പദങ്ങളിലൂടെ മക്കളുടെ ദുഷ്ടതയും ആക്രമണസ്വഭാവവും അമ്മയോടുള്ള നിന്ദ്യമായ പെരുമാറ്റവും കവി വിശദീകരിക്കുന്നു.  അനുനിമിഷം പെരുകിവരുന്ന സ്ത്രീപീഡനങ്ങളും, വാർത്തകളിൽ ഇടംപിടിക്കാതെ പോലും നിഷ്പ്രഭമായിപ്പോകുന്ന പെൺകുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും കേരളത്തിലെ സംസ്കാരശൂന്യമായ 'പൗരുഷഗർവ്വി'ന്റെ പ്രതിസ്ഫുരണമായാണ് ഒ.എൻ.വി അവതരിപ്പിക്കുന്നത്. പുരുഷാകാരംപൂണ്ട അധമന്മാർ പെൺകുഞ്ഞിന്റെ ഇളംമേനിയിലേക്ക് നഖമുനകളാഴ്ത്തി പിച്ചിച്ചീന്തുന്നതിനുമുമ്പ് ആ ബാലികയുടെ ശരീരത്തിൽനിന്നും ജീവൻ വിട്ടുപോയിട്ടുണ്ടാകണേ എന്ന പ്രാർത്ഥന അവശേഷി

ക്കുന്ന സമകാലിക മാനവികയുടെ ചിത്രമാണ് ഇവിടെ വായനക്കാരൻ അനുഭവിക്കുന്നത്.

ലോകത്തിന്റെ വെളിച്ചമായ സൂര്യനെ 'ഭൂമിക്ക് ഒരു ചരമഗീത'ത്തിൽ പിതൃസ്ഥാനത്തും അനന്തകോടി ചരാചരങ്ങളുടെ ആവാസകേന്ദ്രമായ ഭൂമിയെ മാതൃസങ്കല്പത്തിലുമാണ് ഒ.എൻ.വി ദർശിക്കുന്നത്. ഇന്നോളം മലയാളത്തിലുണ്ടായിട്ടുള്ള സ്ത്രീ - പരിസ്ഥിതി പരികല്പനകളിൽവച്ച് ഏറ്റവും മഹത്തരമായ സ്ഥാനം അലങ്കരിക്കുന്ന കവിതയാണ് 'ഭൂമിക്ക് ഒരു ചരമഗീതം'. 'അറിയാതെ ജനനിയെ പരിണയിച്ച' ഈഡിപ്പസ് യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ സമസ്താപരാധവും പൊറുക്കണേ എന്ന പ്രാർത്ഥനക്കപ്പുറം താൻ ചെയ്തത് മനുഷ്യോചിതമായ പ്രവൃത്തിയല്ലെന്ന് ചിന്തിക്കുന്നു. ആ തിരിച്ചറിവിൽ തന്റെ രണ്ടു കണ്ണുകളും ചൂഴ്ന്നെടുത്ത് ഈ ലോകത്തിന്റെ സൗന്ദര്യംതന്നെ ഇനിമേൽ തനിക്ക് ദർശിക്കേണ്ടതില്ല എന്ന് പശ്ചാത്തപിക്കുന്നു. എന്നാൽ ആധുനിക കേരളത്തിലെ 'തരുണന്മാർ' കൂർത്തുമൂർത്ത ആയുധങ്ങൾ മാതൃദേഹത്തിലേക്ക് പതിപ്പിച്ച് ആ ശരീരം പിച്ചിച്ചീന്തി ചോര വമിക്കുന്ന, മൃതപ്രായമായ അവസ്ഥയിലേക്ക് എത്തിച്ചിരിക്കുന്നു. സ്ത്രീയും പ്രകൃതിയും എക്കാലത്തും പുരുഷ മേൽക്കോയ്മയുടെ കയ്യേറ്റത്തിന് വിധേയമാണ്. സ്വന്തം മാതാവിനെ അംഗീകരിക്കാത്തവർ, അമ്മയുടെ ശരീരത്തിൽ നൃത്തമാടി രസിക്കുന്നവർ, സുന്ദരപ്രകൃതിയുടെ മേൽ നടത്തുന്ന ആക്രമണങ്ങളെക്കുറിച്ച് ഒരിക്കലും ബോധവാനാകുന്നില്ല. അമ്മയാൽ ഉപേക്ഷിക്കപ്പെട്ട മക്കൾ അനാഥത്വം പേറി അലയുംപോലെ ആധുനികമനുഷ്യനും നിരാലംബനും നിസ്സഹായനുമായി പ്രകൃതിദുരന്തങ്ങളിൽ അടിപ്പെട്ടുപോകാൻ ഇനി അധികകാലം കാത്തിരിക്കേണ്ടിവരില്ല എന്നുള്ള മുന്നറിയിപ്പാണ് 'ഭൂമിക്ക് ഒരു ചരമഗീത'ത്തിലൂടെ ഒ.എൻ.വി അടയാളപ്പെടുത്തുന്നത്.

മണ്ണ്, പ്രകൃതി, ഈ ഭൂമി തന്റെ ജീവിതത്തിന്റെ അടിത്തറയായി വർത്തിക്കുന്നു എന്ന കാര്യത്തെ ഇങ്ങനെ അവതരിപ്പിക്കുന്നു:

നീ, യെന്റെ രസനയിൽ വയമ്പും നറും തേനു-

മായ് വന്നൊരാദ്യാനുഭൂതി!

നീ, യെന്റെ തിരികെടുംനേരത്തു തീർത്ഥകണ-

മായലിയുമന്ത്യാനുഭൂതി!

ജനിച്ചുവീഴുമ്പോൾ വയമ്പും തേനുമായും ഒടുവിൽ മരണസമയത്ത് തീർത്ഥജല മായും അനുഭവപ്പെടുന്നത് ഈ പ്രകൃതി തന്നെയാണ് എന്ന സത്യത്തെ ചാരുത യോടെ വർണ്ണിച്ചിരിക്കുന്നു.

ഒടുവിൽ ഭൂമിക്കുമേൽ മനുഷ്യർ അടിച്ചേല്പിക്കുന്ന വിധിയിൽ ആശങ്കപ്പെ ടുന്നു. മരത്തിന്റെ കമ്പുകളും വേരുകളും ഒക്കെ മുറിച്ചാൽ അതിന് നിലനിൽപ്പില്ല. തന്റെ വസ്ത്രവും കൈകാലുകളും ഒക്കെയാകുന്ന വൃക്ഷലതാദികൾ വെട്ടിമാറ്റി ഭൂമിയെ ഒരു മൊട്ടക്കുന്നാക്കി മാറ്റുകയാണ് മനുഷ്യർ. അങ്ങനെ മഹാമാതാവായ ഭൂമി മരണത്തിലേക്ക് അടുക്കുന്നു.

'ഭൂമിക്ക് ഒരു ചരമഗീത'ത്തെ കുറിച്ച് വന്നിട്ടുള്ള പഠനങ്ങളിൽ കവിതയെ വിമർശനാത്മകമായി സമീപിച്ച ഒരു രചനയാണ് *ചൂലും ചുംബനവും* എന്ന കൃതി യിലെ 'സാമൂഹ്യപ്രതിബദ്ധതയോടെ ഒ.എൻ.വി കുറുപ്പും മലബാർ ഗോൾഡും' എന്ന ലേഖനം. ഇതിലെ ആശയങ്ങളോടുള്ള ഒരു മറുപക്ഷം ഇങ്ങനെ രേഖപ്പെടു ത്താം. പ്രകൃതിയെ വിശുദ്ധനിർജ്ജീവവസ്തുവാക്കി മാറ്റുക, മനുഷ്യനെ വെറും കുഞ്ഞായി സങ്കല്പിക്കുക തുടങ്ങിയ പ്രവൃത്തികൾ ഒ.എൻ.വി 'ഭൂമിക്ക് ഒരു ചരമ ഗീത'ത്തിൽ ചെയ്തു എന്ന വിമർശനം ഷൂബ കെ.എസ്. നടത്തിയിട്ടുണ്ട്.[30] ഒ.എൻ.വി മനുഷ്യനെ ഒരു ചെറിയ കുഞ്ഞു മാത്രമാക്കിയിട്ടല്ല അവതരിപ്പിക്കുന്ന ത്. ചെറിയ കുട്ടിക്ക് അമ്മയെ പീഡിപ്പിക്കാൻ കഴിയുകയില്ല. സ്ത്രീ തീർത്തും പ്രതികരണശേഷി ഇല്ലാത്തവളും അല്ല. രക്ഷകരെ പ്രതിഷ്ഠിക്കുക എന്നതിലൂടെ കവി ഉദ്ദേശിക്കുന്നത് മനുഷ്യസമൂഹം സ്വയം തിരിച്ചറിവിന് വിധേയരായി അധമപ്ര വൃത്തികൾ ചെയ്യാതിരിക്കണം എന്നതാണ്. ''ജനങ്ങൾ ഭൂമിയിൽ അധ്വാനിച്ചതിന്

ഭൂമിക്ക് മാനഭംഗക്കുറ്റം ചുമത്തി, സ്മാർത്തവിചാരം നടത്തി, തലമുണ്ഡനം ചെയ്ത് പെരുവഴിയിലേക്ക് തള്ളിവിടുകയാണ് പ്രസ്തുത കവിതയിലൂടെ ഒ.എൻ. വി''[31] എന്നും ഒരഭിപ്രായം ഷൂബ കെ.എസ്. അവതരിപ്പിക്കുന്നുണ്ട്. അമ്മയുടെ അമ്മിഞ്ഞപ്പാൽ ഒരു പ്രത്യേക കാലഘട്ടത്തിൽ കുഞ്ഞിനുവേണ്ടി ലഭിക്കുന്നതാണ്. ഇതുപോലെ മനുഷ്യവർഗ്ഗത്തിന്റെ ഓരോ കാലഘട്ടത്തിലും ഋതുവിലും വ്യത്യസ്തങ്ങളായ ഫലങ്ങൾ പ്രകൃതി നൽകുന്നു. കൃഷ്ണഗാഥയിൽ സമൂഹത്തിന്റെ നിലനിൽപിന് കൃഷ്ണൻ പൂതനയുടെ പാലിനൊപ്പം അവളുടെ ചോര കുടിക്കുന്നു. ഇവിടെ അത്യാർത്തിമൂലം പ്രകൃതിയുടെ ഉറവുകളെ, പച്ചപ്പിനെ മനുഷ്യൻ വെട്ടിയൊരുക്കുകയാണ് ചെയ്യുന്നത്. ആദ്യകാലത്ത് മനുഷ്യാധ്വാനത്തെ വാനോളമുയർത്തിയ കവിയാണ് ഒ.എൻ.വി. എന്നത് മറക്കുന്ന ഒരു വിമർശനം ഉചിതമല്ല. സൂര്യനാണ് 'ചിത്രപടകഞ്ചുകം' നൽകിയത് എന്ന് പറയുന്നതിലൂടെ കവി പ്രകൃതിക്കുമേലുള്ള മനുഷ്യാധ്വാനത്തെ തമസ്ക്കരിക്കുകയല്ല, ലോകം ഒരു കുടുംബമായിക്കണ്ട് അതിലെ മാതാവായി ഭൂമിയെയും പിതാവായി സൂര്യനെയും മക്കളായ് മനുഷ്യരെയും സങ്കല്പിക്കുകയാണ്. പരസ്പരബഹുമാനമുള്ള ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ സ്നേഹത്തോടൊപ്പം അവശ്യവസ്തുക്കളും കൈമാറുന്നു. ഭൂമിയെ സ്ത്രീ എന്ന ബിംബത്തിലേക്ക് അന്വയിക്കുമ്പോൾ ഭാര്യയാക്കുക എന്നതിന് പുടവകൊടുക്കുക എന്നൊരു പേരുകൂടി മലയാളികൾക്കിടയിൽ പ്രചാരമുണ്ട് എന്ന കാര്യം ഓർക്കാം. മുലപ്പാൽ കുട്ടി തനിയെ അങ്ങു കുടിക്കുകയില്ല. അമ്മ അനുവദിച്ച് മുലക്കച്ച മാറ്റി നൽകുന്നതാണ്. അതിന് ശരീരം മുഴുവൻ വസ്ത്രമില്ലാതാക്കേണ്ടതില്ല. എന്നാൽ ആധുനിക മനുഷ്യൻ പ്രകൃതി അവനു നൽകുന്നതിൽ സന്തോഷം കാണാതെ സ്വന്തം താല്പര്യത്തിനനുസരിച്ച് അതിനുമേൽ മേയുകയാണ്. ഒരമ്മ കുട്ടിക്ക് പാൽ കൊടുക്കുന്ന രംഗം എത്ര മനോഹരവും മഹത്വമുള്ളതുമാണ്. എന്നാൽ തെരുവിൽവീണ് മരിച്ചുകിടക്കുന്ന ഭ്രാന്തിയായ, നഗ്നയായ അമ്മയുടെ മുല ചപ്പിവലിക്കുന്ന കാഴ്ച അതി ദയനീയവുമാണ്. ഇവിടെ ഭൂമിമാതാവ് മക്കളുടെ ചെയ്തികളാൽ വിവസ്ത്രയാക്കപ്പെടുന്നു, അനാഥ

യാക്കപ്പെടുന്നു. അവസാനം ആശ്രയമില്ലാതെ അശരണയായി മരണത്തിലേക്ക് നടന്നടുക്കുകയാണ്. പ്രകൃതിയിലേക്ക് കണ്ണും മനസ്സും തുറന്നുനോക്കിയാൽ കാണാം. കാലം തെറ്റിയ മഴയും അമിതമായ ചൂടും ചുഴലിക്കാറ്റും എല്ലാം തകർത്തെറിയുന്ന സുനാമിത്തിരകളും. സർവ്വംസഹയായ ഭൂമി സഹനത്തിന്റെ അങ്ങേയറ്റത്തെത്തിയിരിക്കുന്നു. ഈ അമ്മ മനുഷ്യവർഗ്ഗത്തിന് ഇടയ്ക്കിടയ്ക്ക് നൽകുന്ന അപകടസൂചനകളാവാം ഇത്തരത്തിൽ അനുഭവപ്പെടുന്നതും.

ഭാര്യ എന്ന അസ്തിത്വം പാപമായി 'ഭൂമിക്ക് ഒരു ചരമഗീത'ത്തിൽ ചിത്രീക രിക്കപ്പെട്ടിരിക്കുന്നു''[32] എന്ന ഷൂബ കെ.എസിന്റെ അഭിപ്രായത്തോട് യോജിക്കാൻ സാധിക്കില്ല മാതൃത്വത്തിന്റെ മഹത്വത്തെ എടുത്തുകാണിക്കുകയും പ്രകൃതിയെ മാതാവായി ദർശിക്കുകയും ചെയ്യുന്ന ഒരു കവിതയാണ് 'ഭൂമിക്ക് ഒരു ചരമഗീതം'. അതുകൊണ്ടുതന്നെ ഭാര്യ, പെങ്ങൾ, മുത്തശ്ശി തുടങ്ങിയ ബിംബങ്ങൾക്ക് ഇവിടെ പ്രാധാന്യം കല്പിക്കുന്നില്ല. എന്നാൽ ഭാര്യ എന്ന സ്ത്രീഭാവം പാപമായി ഒരി ടത്തും ചിത്രീകരിക്കപ്പെടുന്നുമില്ല. സ്ത്രീക്കുനേരെയുള്ള അക്രമങ്ങൾക്കെതിരെ സ്ത്രീതന്നെയാണ് പ്രതികരിക്കേണ്ടത് എന്നത് സത്യമാണ്. എന്നാൽ ഇവിടെ സൂര്യനെ, പ്രകൃതിയെ സ്നേഹിക്കുന്ന സമൂഹത്തിന്റെ പ്രതിരൂപമായി കല്പി ക്കാം. ഒരു സ്ത്രീയെ തലയ്ക്കടിച്ച് അബോധാവസ്ഥയിലാക്കി അവളെ മാനഭംഗം ചെയ്താൽ അവൾ എങ്ങനെ പ്രതികരിക്കാനാണ്. അതിന് അവളോട് കരുണയും കരുതലും സ്നേഹവുമുള്ള മറ്റുള്ളവർ തന്നെ വേണം. ഭൂമിയെ, സ്ത്രീയെ അടിമ യായിമാത്രം കരുതുന്ന പുരുഷമേധാവിത്തമല്ല മറിച്ച് അവളോട് സമഭാവം പുലർത്തുന്ന സമൂഹമാണ് വേണ്ടത് എന്ന സൂചന നൽകുന്നുണ്ട് കവി. എങ്കിലേ ഭൂമിക്ക്, സ്ത്രീക്ക് നിലനിൽപ്പുള്ളൂ. ഭൂമി സമൃദ്ധമായാലേ മനുഷ്യവർഗ്ഗവുമുള്ളൂ.

കവിക്കിഷ്ടം പഴയ മറക്കുടയും സ്ത്രീവിശുദ്ധിയുമാണ്[33]എന്ന് പറയുന്നി ടത്ത് അല്പം ചിന്തിക്കേണ്ടതുണ്ട്. കാരണം 1952-ൽ ഇറങ്ങിയ നിങ്ങളെന്നെ കമ്മ്യൂ ണിസ്റ്റാക്കി എന്ന നാടകത്തിൽ മൂളിപ്പാട്ടുമായ് 'തമ്പ്രാൻ വരുമ്പോൾ ചൂളാതങ്ങനെ

നില്ലെടി മാലേ' എന്ന് പറയുന്നതിലൂടെ മേലാള വർഗ്ഗത്തിനോട്, അധികാരിവർഗ്ഗ ത്തിനോട് അവശ്യസമയം ശക്തമായി പ്രതികരിക്കണമെന്നും അഭിമാനം കാത്തു സൂക്ഷിക്കണമെന്നും പറഞ്ഞതും ഇതേ കവിയാണ്. മറക്കുടയല്ല ഇവിടെ സ്ത്രീയുടെ വിശുദ്ധിയുടെ മാനദണ്ഡമായി കവി കരുതുന്നത്. പ്രതികരിക്കാനുള്ള ചങ്കുറപ്പിനെയാണ്, അധ്വാനിക്കാനുള്ള കഴിവിനെയാണ്. അതുകൊണ്ടുതന്നെ ഈ കവി ഭൂമിയുടെമേൽ മനുഷ്യൻ അധ്വാനിക്കുന്നതിന്റെ വിലയെ തമസ്ക്കരിക്കുക യല്ല ബഹുമാനിക്കുകയാണ്. അവസാനകാലം വരെ അധ്വാനത്തിന്റെ മഹത്വമറി ഞ്ഞവനും തന്റെ പ്രവൃത്തിയിൽ മുഴുകിയവനുമാണ് കവി എന്ന കാര്യവും വിസ്മ രിച്ചുകൂടാ.

'ഭൂമിക്ക് ഒരു ചരമഗീതം' എന്ന കവിതയോട് ചേർത്തുവായിക്കാവുന്ന മറ്റൊരു കവിതയാണ് 'സൂര്യഗീതം.'[34] മറ്റുള്ളവർക്കായി സ്വയം എരിഞ്ഞമരുന്ന സുസ്നേഹമൂർത്തിയാണ് ഈ കവിതയിലെ സൂര്യൻ. ഇതിൽ ഭൂമിയും സൂര്യനും തമ്മിൽ ഭാര്യാഭർത്തൃബന്ധമാണ്. സ്നേഹം, ത്യാഗം, ദീപ്തി എന്നീ ഭാവങ്ങളിലൂടെ സഞ്ചരിക്കുന്ന സൂര്യബിംബത്തിന്റെ അടയാളപ്പെടുത്തലിൽ ആത്മാർപ്പണത്തിന്റെ രശ്മികൾ ദർശിക്കാനാവും. ഭൂമിയുടെയും മക്കളുടെയും ഉൽക്കർഷത്തിനുവേണ്ടി നിലകൊള്ളുന്ന സൂര്യനെന്ന പിതാവ് മക്കൾ കാട്ടുന്ന അനീതി കണ്ട് പൊറുക്കാനാവാതെ കടലിൽ അണയുകയാണ്; എന്തുകൊണ്ടെ ന്നാൽ ഭൂമിയിലെ ഒരു കുഞ്ഞിലച്ചാർത്തിനെപ്പോലും നോവിക്കാൻ സൂര്യനാകില്ല. ആചന്ദ്രതാരം നിലനിൽക്കുന്ന ഉദാത്തമായ സ്നേഹസങ്കൽപ്പങ്ങളാണ് ഒ.എൻ.വി കവിതയിലെ സൂര്യനും ഭൂമിയും തമ്മിലുള്ളത്.

ഗതകാലസംസ്കാരത്തിന്റെ മഹത്വവും ചൈതന്യവും പുത്തൻതലമുറക്ക് പകർന്നുനൽകുന്ന മുത്തശ്ശിമാർ എന്നും കവിയുടെയുള്ളിൽ തന്റെ ഭൂതകാ ലത്തെക്കുറിച്ച്, പഴമയെക്കുറിച്ച് ഓർമ്മയുണർത്തിയിരുന്ന വ്യക്തിത്വങ്ങളായി രുന്നു. ആചാരങ്ങളും വിശ്വാസങ്ങളും എന്തെന്ന് പഠിപ്പിച്ച അവർ തങ്ങളുടെ ജീവി

തത്തെത്തന്നെ മറ്റുള്ളവരുടെ ജീവിതത്തിൽ ലവണമായിത്തീരാൻ സമർപ്പിക്കുകയായിരുന്നു. സാഹോദര്യത്തെക്കുറിച്ചാണെങ്കിൽ, ധാരാളം അംഗങ്ങളുള്ള കുടുംബങ്ങളിൽ മൂത്തവളായി പിറന്നതുകൊണ്ട് താഴെയുള്ള കുട്ടികളുടെ മുഴുവൻ സംരക്ഷണച്ചുമതല വഹിക്കേണ്ടിവരുന്ന 'കുഞ്ഞേട്ത്തിമാർ' എന്നും കവിക്ക് പ്രിയപ്പെട്ടവരായിരുന്നു. അവരുടെ ജീവിതത്തിലെ സങ്കടങ്ങളെയും കഷ്ടപ്പാടുകളെയും മനസ്സിലാക്കാനും അവരോട് സ്നേഹാർദ്രമായി പെരുമാറാനും കവി ഓർമ്മിപ്പിച്ചു. വേദനിപ്പിക്കപ്പെടുന്ന ഇത്തരം സഹോദരീബിംബങ്ങൾ ദേശകാലഭേദമില്ലാതെ എക്കാലവും കവിയിൽ അസ്വസ്ഥത ഉണർത്തിയിരുന്നു. അവരുടെ കണ്ണീർതുടക്കാൻ, അവർക്കു കാവലാളാകാൻ കൊതിക്കുന്ന ഒരു ഉണ്ണിയുണ്ടായിരുന്നു എന്നും ആ മനസ്സിൽ. സ്ത്രീത്വം അതിന്റെ പൂർണ്ണതയിലെത്തുന്നത് മാതൃത്വത്തിലാണ്. എന്നാൽ ആധുനികയുഗത്തിൽ ഈ മാതൃഭാവം വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല. സമൂഹത്തിൽനിന്നും കുടുംബത്തിൽനിന്നും അവൾക്ക് പീഡനങ്ങളേൽക്കേണ്ടിവരുന്നു. കുടുംബബന്ധങ്ങളോട് അഗാധമായ ഹൃദയൈക്യം പുലർത്തുന്നതുകൊണ്ടുതന്നെ അവൾക്ക് ഈ വേദനകളെ മുഴുവൻ സഹിക്കേണ്ടിയുംവരുന്നു. മണ്ണോളം ക്ഷമിച്ചും സഹിച്ചും സ്നേഹംകൊണ്ട് മനുഷ്യനെ മാറ്റിയെടുത്തും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ജീവിതം താളാത്മകമായി ചിട്ടപ്പെടുത്താൻ അമ്മയ്ക്കുള്ള കഴിവും ശക്തിയും എന്നും ഒ.എൻ.വി കവിതയിൽ വാഴ്ത്തപ്പെട്ടു. സ്ത്രീയുടെ ഈ മൂന്നുഭാവങ്ങളേയും പരിസ്ഥിതി ചിന്തയുമായി ചേർത്തവതരിപ്പിക്കുകയാണ് ഈ കവിതകളിലൂടെ.

## കുറിപ്പുകൾ


1. അജി കുഴിക്കാട്ട്, *സമൂഹപഠനങ്ങൾ: സ്ത്രീ പരിസ്ഥിതി,* കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2015 മെയ്, പുറം: 40.
2. ഒ.എൻ.വി. *ഒ.എൻ.വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 1428.
3. ടി.പു. പുറം: 37.
4. ടി.പു. പുറം: 107
5. ഒ.എൻ.വി. *സുവർണ്ണപുസ്തകം - ഒ.എൻ.വി.യുടെ തെരഞ്ഞെടുത്ത കവിതകൾ,* കോട്ടയം: ഡി.സി. ബുക്സ്, 2012 ആഗസ്റ്റ്, പുറം: 32.
6. വൈലോപ്പിള്ളി, *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ,* വോള്യം 1, വിഷുക്കണി, തൃശ്ശൂർ: കറന്റ് ബുക്സ്, 2001, പുറം: 530.
7. ഒ.എൻ.വി. *ഒ.എൻ.വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 291.
8. ടി.പു. പുറം: 51-53.
9. ടി.പു. പുറം: 680-682.
10. ടി.പു. പുറം: 392-395.
11. ടി.പു. പുറം: 380-382.
12. രാജശേഖരൻ, എസ്. *ഒ.എൻ.വി. കവിത,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1986 മാർച്ച്, പുറം: 183.
13. ഒ.എൻ.വി. *ഒ.എൻ.വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 703.
14. ടി.പു. പുറം: 301-302.

15. ഒ.എൻ.വി. *പുനരപി,* കോട്ടയം: ഡി.സി.ബുക്സ്, 2012 ഫെബ്രുവരി, പുറം: 36-37.

16. ടി.പു. പുറം:8.

17. ഒ.എൻ.വി. *ഒ.എൻ.വി.യുടെ കവിതകൾ ഒരു ബൃഹത്സമാഹാരം*, കോട്ടയം: ഡി.സി.ബുക്സ്, 2011 ജനുവരി, പുറം: 678-679.

18. ടി.പു. പുറം: 121-123.

19. ടി.പു. പുറം: 442 - 443.

20. ടി.പു. പുറം: 594.

21. വയലാർ, *വയലാർ കൃതികൾ*, കോട്ടയം: ഡി.സി. ബുക്സ്, 2013, പുറം: 198-203.

22. ഒ.എൻ.വി. *ഒ.എൻ.വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 423.

23. ടി.പു. പുറം: 192-195.

24. ഇറ്റാലിയൻ ശില്പിയും ചിത്രകാരനും കവിയും നിർമ്മാണവിദഗ്ദനുമായിരുന്ന മൈക്കലാഞ്ജലോയുടെ പ്രശസ്തമായ ഒരു സൃഷ്ടിയാണ് പിയത്ത. ദയ എന്നാണ് ഈ വാക്കിനർത്ഥം. 1499-ൽ പണി പൂർത്തിയായ ഈ ശില്പം ഒറ്റ മാർബിൾ ശിലയിൽ പണിതതാണ്. രണ്ടുവർഷം കൊണ്ട് പൂർത്തിയാക്കിയ ഇത് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിലാണ് ഇന്നുള്ളത്. കുരിശിൽ നിന്നിറക്കിയ യേശുവിന്റെ മൃതശരീരത്തെ മടിയിൽക്കിടത്തി മകനെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന അമ്മമറിയത്തിന്റെ ഭാവത്തെ ആവിഷ്കരിച്ചിരിക്കുന്നു.

25. ഒ.എൻ.വി. കുറുപ്പ്, *സൂര്യന്റെ മരണം*, കോട്ടയം: ഡി.സി ബുക്സ്, 2015 ഫെബ്രുവരി, പുറം: 66 - 68.

26. ഒ.എൻ.വി. *പുനരപി,* കോട്ടയം: ഡി.സി. ബുക്സ്, 2012 ഫെബ്രുവരി, പുറം: 15 –17.

27. ഒ.എൻ.വി. *ഒ.എൻ.വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം*, കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 377.

28. ബഷീർ, എം.എം. (എഡി.), *ഫിനിക്സിന്റെ സംഗീതം,* ലീലാവതി, എം. പിക്കാസോവിന്റെയും ലിയണാർഡോ ഡാവിഞ്ചിയുടേയും മേളനം ഭൂമിക്കൊരു ചരമഗീതത്തിൽ, കോട്ടയം: ഡി.സി. ബുക്സ്, 1985, പുറം: 65–66.

29. ജയകൃഷ്ണൻ, എൻ. *ഭൂമിക്ക് ഒരു അമരഗീതം,* ശങ്കരൻ, കെ.പി. വിനാശത്തിന്റെ വിലാപം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2019, പുറം: 10.

30. ഷൂബ, കെ.എസ്. *ചൂലും ചുംബനവും – ഉത്തരാധുനിക കവിതാവിമർശനം,* പാലക്കാട്: എം.എൻ. വിജയൻ സാംസ്കാരികവേദി, ലോഗോസ് ബുക്സ്, 2015, പുറം: 66.

31. ടി.പു. പുറം: 67.

32. ടി.പി. പുറം: 66.

33. ടി.പു. പുറം: 67.

34. ഒ.എൻ.വി. *ഒ.എൻ.വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം*, കോട്ടയം: ഡി.സി. ബുക്സ്, 2011 ജനുവരി, പുറം: 371.

# ഉപസംഹാരം

സാഹിത്യത്തിലും സമൂഹത്തിലെ പൊതു ഇടങ്ങളിലും ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിലും രണ്ടാംതരം പൗരത്വമാണ് ആണധികാരവ്യവസ്ഥ സ്ത്രീക്ക് കല്പിച്ചിരിക്കുന്നത്. സർഗ്ഗാത്മക ആവിഷ്കാരത്തിലും ആസ്വാദനത്തിലും ഈ ഭേദചിന്ത പ്രകടമാണ്. ജീവിതസുഖങ്ങൾക്കായുള്ള ഒരുപകരണമായി സ്ത്രീയെ കാണുന്നു. അതുപോലെ മനുഷ്യന്റെ സ്വാർത്ഥതയിൽ പ്രകൃതിയും ചൂഷണം ചെയ്യപ്പെടുന്നു. സംസ്കാരം, കുടുംബം, ഭാഷാചരിത്രം, സാമൂഹികഘടന എന്നിവയിലെ ആൺപക്ഷപാതപരമായ സമീപനങ്ങളെയാണ് സ്ത്രീവാദം ചോദ്യം ചെയ്യുന്നത്. വ്യവസായവൽക്കരണവും ആധുനിക ജീവിതരീതിയും താൽക്കാലിക ലാഭങ്ങൾക്കായി പ്രകൃതിയെ നശിപ്പിക്കുന്നു. അതുവഴി ഭൂമിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള അടിച്ചമർത്തലിനും ചൂഷണത്തിനും എതിരെ വിപ്ലവകരമായ മുന്നേറ്റം ആവശ്യമാണ്. ഇവിടെയാണ് സ്ത്രീവാദവും പരിസ്ഥിതിവാദവും പ്രസക്തമാവുന്നത്. സമകാലികസമൂഹത്തിലെ പുരുഷമേധാവിത്വം മുന്നോട്ടുവയ്ക്കുന്ന ചിന്തകൾക്കപ്പുറം അന്യവൽകൃതമാക്കപ്പെട്ട, പാർശ്വവൽകരിക്കപ്പെട്ട പ്രകൃതി-സ്ത്രീ സ്വത്വങ്ങളെ പൊതുധാരയിലേക്ക് തിരിച്ചുകൊണ്ടുവരിക എന്ന ശക്തമായ നിലപാടാണ് ആധുനിക പരിസ്ഥിതി-സ്ത്രീവാദ ചിന്തകൾ മുന്നോട്ടു വയ്ക്കുന്നത്. ആണിന്റെ മേൽ അധികാരം കൈയ്യാളമെന്നല്ല മറിച്ച് സ്ത്രീക്ക് തന്റെ മേലും സമൂഹത്തിന്മേലും അധികാരവും അഭിപ്രായസ്വാതന്ത്ര്യവും ഉണ്ടാവണമെന്നാണ് ലക്ഷ്യമാക്കുന്നത്.

കവി മനസ്സിന്റെ ഊർജ്ജവും അനുഭൂതിയും പദങ്ങളിലൂടെ, ബിംബങ്ങളിലൂടെ ആസ്വാദകഹൃദയത്തിൽ പ്രതിഫലിക്കുമ്പോൾ, കവി ബോധപൂർവ്വമോ അല്ലാതെയോ രചനയിൽ ഉൾക്കൊള്ളിക്കുന്ന സൗന്ദര്യാംശം സഹൃദയനിലെത്തു

മ്പോഴാണ് കവിയുടെ കർമ്മം സാഫല്യത്തിലെത്തുന്നത്. സാമൂഹ്യജീവിതത്തിലെ അനീതിക്കെതിരായി സമത്വസുന്ദരലോകസൃഷ്ടിക്കായി ഒ.എൻ.വി പാടിയിട്ടുണ്ട്. വിഷയസ്വീകരണത്തിലും ഭാഷയുടെ തനിമയിലും രൂപഭാവശില്പങ്ങളുടെ ഇണക്കത്തിലും ബിംബങ്ങളുടെ സ്വീകരണത്തിലും ജീവിതവീക്ഷണത്തിലും തനതായ വ്യക്തിത്വം പ്രകടമാക്കിയ ഒ.എൻ.വിയുടെ രചനയിൽ പ്രകൃതിയോട് അസാധാരണമായ ഇഴയടുപ്പമാണ് ഉണ്ടായിരുന്നത്.

എഴുപതുവർഷം നീണ്ട കാവ്യജീവിതത്തിൽ കവി പിന്നിടുന്ന ജീവിത അനുഭവങ്ങളുടെ വൈപുല്യവും വൈചിത്ര്യവുമാർന്ന അവസ്ഥകളിൽ കവിയെ മഥിക്കുന്നത് സ്ത്രീകളുടെ ദൈന്യചിത്രങ്ങളാണ്. അത്തരം ചിന്തകൾ പ്രകൃതിയുടെ നേർക്കുള്ള അതിക്രമങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ അത് സ്ത്രീയേയും പരിസ്ഥിതിയേയും ചേർത്തു കൊണ്ടുള്ള അവതരണത്തിന് സാധ്യതവർദ്ധിപ്പിക്കുന്നു. ഒപ്പം പ്രാധാന്യമുള്ള ഒരു പഠനമേഖലയായി സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. ഏത് വിത്തിനും മുളപൊട്ടാൻ മണ്ണ് വേണം. ഏതൊരു ജീവിയും ജന്മമെടുക്കാൻ ഒരു മാതൃസാന്നിധ്യം ഉണ്ടായേ തീരൂ. ഒ.എൻ.വിക്ക് പ്രകൃതി മാതാവാണ്, മുലയൂട്ടുന്ന മാതൃസ്വത്വം തന്നെയാണ്. തലമുറകളിലേക്ക് ജീവന്റെ അംശത്തെ സംവഹിപ്പിക്കുന്നതും അതിനെ സംരക്ഷിക്കുന്നതും മാതാവാണ്. ഇവിടെ സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനശിലയാകുകയാണ് മണ്ണും പെണ്ണും. ജീവന്റെ യഥാർത്ഥ സംവാഹകയെ, അവളുടെ സ്വത്വത്തെ, പാലകഭാവത്തെ, പ്രകൃതിയെ പശ്ചാത്തലമാക്കി രചിച്ച കവിതകളുടെ പഠനത്തിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളെ ഇങ്ങനെ ക്രോഡീകരിക്കുന്നു.

- ജന്മിമുതലാളിത്തത്തിൽ നിന്ന് ജനകീയതയിലേക്ക് സമൂഹം പരിണമിക്കുമ്പോൾ ഉപഭോഗവസ്തുവായ സ്ത്രീ തുല്യസ്ഥാനത്തേക്ക് അവരോധിക്കപ്പെടേണ്ടവളാണെന്ന പൊതുധാരണ സൃഷ്ടിക്കപ്പെടുന്നു. എന്നാൽ വികസനത്തിന്റെ പേരിൽ പ്രകൃതിയെ ആക്രമിക്കുന്നതുപോലെ സ്ത്രീയെ

കൈമാറ്റം ചെയ്യപ്പെടുന്ന ഒരു വിഭവമെന്നോണം ചരക്കുവൽക്കരിക്കുന്നു. ഇത്തരം മനോഭാവത്തെ ചെറുത്ത് തോൽപ്പിക്കുകയാണ് പാരിസ്ഥിതികസ്ത്രീവാദദർശനത്തിന്റെ അടിസ്ഥാനം. ആത്മാഭിമാനമുള്ള ഒരു പൗരയായി സ്ത്രീജീവിതത്തെ ഉയർത്തിക്കാണിക്കാനുള്ള ആക്റ്റിവിസത്തിന്റെ ഭാഗം കൂടിയാണ് ഈ പഠനമേഖല.

- മലയാള കഥ, നോവൽ തുടങ്ങിയ സാഹിത്യമേഖലകളിൽ പാരിസ്ഥിതിക സ്ത്രീവാദദർശനങ്ങൾ രചനയിൽ കൊണ്ടുവന്ന എഴുത്തുകാരാണ് പി. വത്സല, സാറാജോസഫ്, സാറാതോമസ്, അംബികാസുതൻ മാങ്ങാട് തുടങ്ങിയവർ. സ്ത്രീമനസ്സിന്റെ സങ്കീർണ്ണഭാവങ്ങളെ പ്രകൃതിയുമായി താദാത്മ്യപ്പെടുത്തി ഇവരുടെ രചനകളിൽ അടയാളപ്പെടുത്തുന്നുണ്ട്.

- ആധുനിക കവിതകളിലേക്കെത്തുമ്പോൾ ആദ്യകാലകവിതകളിൽ നിന്നും ഭിന്നമായി പ്രതിരോധിക്കാൻ കഴിവുള്ളവളായി പ്രകൃതി പ്രതിഭാസങ്ങളോട് താരതമ്യമർഹിക്കുന്ന സ്ത്രീസ്വത്വത്തെ പരിസ്ഥിതി-സ്ത്രീപക്ഷചിന്തയെ അടിസ്ഥാനമാക്കി അവതരിപ്പിക്കുന്നുണ്ട്. പൊതു ഇടങ്ങളിലും സമൂഹത്തിലും അരികുവൽകരിക്കപ്പെടുന്ന, അന്യയാക്കപ്പെടുന്ന പെണ്മയും പ്രകൃതിയുടെ തനിമയും സമകാലിക ചരിത്രത്തിൽ സ്ഥാനമുറപ്പിക്കുന്നതിന്റെ ചിത്രമാണ് ഇവയിൽ കാണാൻ കഴിയുന്നത്. പ്രകൃതിയിൽ നിന്നും പാടെ അകലുന്ന സമൂഹത്തിന് കൈമോശം വരുന്ന വിവേകവും മൂല്യബോധവും പ്രതീകാത്മകമായി പലകവിതകളിലും അവതരിപ്പിക്കപ്പെടുന്നുണ്ട്.

- സംസ്കാരത്തിന്റെ വക്താവെന്ന നിലയിൽ അതതുകാലത്തെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലെ പ്രതിഭാസങ്ങളുടെ ഭാഗമായി പ്രവർത്തിക്കുക എന്ന ഉത്തരവാദിത്ത ബോധമാണ് പാരിസ്ഥിതികസ്ത്രീദർശനങ്ങൾ ഇതിവൃത്തമാകുന്ന രചനകൾ നടത്താൻ ഒ.എൻ.വിക്ക് പ്രേരകമായത്.

- ഒ.എൻ.വിയുടെ ആദ്യകാല രചനകളിൽ കേരളത്തിന്റെ രാഷ്ട്രീയ പരിതോവസ്ഥകളോട് ബന്ധപ്പെട്ടുള്ള രചനകളാണ് കൂടുതലായും ഉള്ളത്. ലാളിത്യവും ഗാനാത്മകതയും വിപ്ലവാത്മകതയും ആ കാലഘട്ടത്തിലെ രചനയുടെ സവിശേഷതകളാണ്. അധഃസ്ഥിതവർഗ്ഗത്തെ സമൂഹത്തിന്റെ പൊതുധാരയിലെത്തിക്കാൻ പ്രചോദനമേകിയ ആദ്യകാല കവിതകളിൽ മണ്ണ് പ്രധാനബിംബമായി വരുന്നു. മണ്ണിലെ ജീവിതത്തിന്റെ നിറഭേദങ്ങളെയും സ്വാതന്ത്ര്യബോധത്തെയും ഇവ വിഷയമാക്കുന്നുണ്ട്. 'അരിവാളും രാക്കുയിലും', 'കേരളത്തിന്റെ പാരീസ്കമ്മ്യൂൺ', 'മാറിയ കൂത്തുകൾ' തുടങ്ങി സോഷ്യലിസ്റ്റ് റിയലിസത്തിൽ അടിസ്ഥാനമാക്കിയ രചനകളായിരുന്നു ഈ ഘട്ടത്തിൽ ഉണ്ടായത്.
- 1960 കളോടെ ഒ.എൻ.വിയുടെ രചനകളിൽ ഒരു വിഷാദഛായ വന്നുതുടങ്ങി. സാഹിത്യസാംസ്കാരിക ലോകത്ത് ഉല്പതിഷ്ണുത്വത്തിന്റെ പുത്തൻ ആശയങ്ങളുടെ പ്രണേതാക്കളായിരുന്ന പുരോഗമന പ്രസ്ഥാനത്തിന് മങ്ങലേറ്റതോടെ സമൂഹത്തിന് ആകമാനമുണ്ടായ നിഷ്ക്രിയത്വം സാഹിത്യരചനയിലും പ്രകടമാകുന്നുണ്ട്. ആദർശം ബലികഴിക്കപ്പെടേണ്ടി വരുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന നിരാശാഭാവമാണ് പുരോഗമനകാഴ്ചപ്പാടിൽ നിന്ന് വ്യക്തിബദ്ധമായ രചനാപശ്ചാത്തലം സ്വീകരിക്കാൻ കവിയെ പ്രേരിപ്പിക്കുന്നത്. പ്രകൃതി ഭാവിയിലേക്ക് കരുതിവെയ്ക്കുന്നതുപോലെ മാതാവ് കുഞ്ഞിന്റെ ഭാവിയെ കരുപ്പിടിപ്പിക്കാൻ താൻ ആർജ്ജിച്ച അറിവും സംസ്കാരവും സമ്പത്തും സൂക്ഷിക്കുന്ന കലവറയാകുന്നു. ഇവിടെ ദാമ്പത്യത്തിന്റെ സൗഭാഗ്യത്തോടൊപ്പം വിശുദ്ധപ്രണയവും കവി ദർശിക്കുന്നു. 'ചോറൂണ്', 'മുത്തശ്ശിമുല്ല', 'താമരവിത്ത്' തുടങ്ങി കുടുംബബന്ധങ്ങൾ ചിത്രീകരിക്കുന്ന കവിതകൾ രചിക്കപ്പെടുന്നത് ഈ കാലഘട്ടത്തിലാണ്. അതായത് സാമൂഹികവക്താവാകേണ്ടുന്ന എഴുത്തുകാരൻ കുടുംബപശ്ചാത്തലം ഇതിവൃത്തമായി സ്വീകരിച്ചുകൊണ്ട് വ്യത്യസ്തമായ വീക്ഷണഗതി

യിലേക്ക് കൂടുമാറ്റപ്പെടുന്നതായി വായനക്കാരന് അനുഭവപ്പെടുന്നു. ഒ.എൻ.വി കവിതയുടെ ദിശാമാറ്റത്തെയാണ് ഈ കാലഘട്ടം പ്രതിനിധാനം ചെയ്യുന്നത്. മണ്ണ് എന്നതിനുപകരം ഭൂമികന്യക എന്ന പ്രയോഗത്തിലൂടെ കവി ഭൂമിക്ക് സ്ത്രീത്വം കല്പിക്കുന്നു. 'അഗ്നിശലഭങ്ങളിൽ' അഭിമാനഭംഗം നേരിട്ട അമ്മയായും മകളായും ഭൂമിയെ കല്പിക്കുന്നു.

- ഒ.എൻ.വി കവിതയിൽ അടയാളപ്പെടുത്തുന്ന വ്യക്തിദുഃഖം തുടർന്ന് സാമൂഹ്യവ്യഥയായി പരിണമിക്കുന്നു. 'വാഗ്ദത്തഭൂമി', 'അഗ്നിശലഭങ്ങൾ' തുടങ്ങിയ കവിതകളിൽ ഇതിന്റെ അനുരണങ്ങൾ കാണാം.
- കേരളീയ പ്രകൃതിയുടെ തനതു ജൈവസമൃദ്ധിയും അതു കരുപ്പിടിപ്പിച്ച സാമൂഹികവും കാർഷികവും സാംസ്കാരികവുമായ പരിസ്ഥിതികളെയും ആത്മഹർഷത്തോടെയാണ് കവി കാണുന്നത്. കാല്പനികതയുടെ സൗന്ദര്യം സൂക്ഷിക്കവേ തന്നെ ഗഹനവും പ്രൗഢവുമായ രീതിയിൽ പ്രകൃത്യവബോധം രചനകളിൽ കടന്നുവന്നു. വെറും ബാഹ്യസൗന്ദര്യവർണ്ണനകൾ എന്നതിനപ്പുറം ആസ്വാദകന് അനുഭവവേദ്യമാക്കിത്തീർക്കുന്ന, പാരിസ്ഥിതികാവബോധം നൽകുന്ന വ്യക്തമായ ആവിഷ്കരണമാകുന്നുണ്ട് അവ.
- പ്രകൃതിയുടെ ഏറ്റവും സൂക്ഷ്മമായ ഭാവങ്ങളെപ്പോലും ഗാഢമായി നിരീക്ഷിക്കുന്നതുകൊണ്ടുതന്നെ ഒ.എൻ.വി കവിതകളിൽ ജൈവബിംബങ്ങളുടെ ശക്തമായ സാന്നിധ്യം കാണാം. സൂര്യൻ, കാറ്റ്, പുഴ, മഴ, പൂക്കൾ, അഗ്നി തുടങ്ങിയവ കേവലം വർണ്ണനാഭംഗിക്കുവേണ്ടി മാത്രമല്ല, ശക്തിയുടെയും പരിപാലനത്തിന്റെയും മാനവികതയുടെയും സ്വാതന്ത്ര്യത്തിന്റെയും മാതൃത്വത്തിന്റെയും പ്രതീകങ്ങളായിട്ടുകൂടിയാണ് അവതരിപ്പിക്കപ്പെടുന്നത്.
- സ്ത്രീക്കും പ്രകൃതിക്കും നേരെ നടക്കുന്ന നിന്ദ്യവും നീചവുമായ പരാക്രമങ്ങളിൽ അപലപിക്കാനും പ്രതിഷേധിക്കാനും ആഹ്വാനം ചെയ്യുന്ന ഒരു

സോഷ്യൽ ആക്റ്റിവിസത്തിന്റെ സമീപനരീതിയാണ് 'ഭൂമിക്ക് ഒരു ചരമ ഗീതം' പോലുള്ള കവിതകളിൽ പ്രകടമാകുന്നത്.

- നവോത്ഥാനമൂല്യങ്ങൾക്ക് സമകാലസമൂഹത്തിൽ സംഭവിക്കുന്ന അപച യത്തെ മുൻകൂട്ടി കാണുകയാണ് 'ബലിക്കുന്നുകൾ' എന്ന കവിതയിലൂടെ. ഒ.എൻ.വി കവിതയുടെ ആനുകാലികതയാണ് 'ബലിക്കുന്നുകൾ', 'വിശുദ്ധി' തുടങ്ങിയ കവിതകളിൽ പ്രകടമാകുന്നത്.
- ആദ്യകാല രചനകളിൽ നിന്നും എഴുപതുകളുടെ ഉത്തരാർദ്ധത്തിലേക്കെ ത്തുമ്പോൾ രചന ഭാഷാപരമായും ദർശനപരമായും ഒട്ടേറെ വ്യത്യാസ ങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. വിപ്ലവാത്മകമായി രചന നടത്തിയ കവി സമൂഹ ത്തിന്റെ പൊതുധാരയിൽ നിന്നും മാറ്റിനിർത്തപ്പെടുന്ന പെണ്ണിനേയും പ്രകൃതിയേയും കവിതക്ക് വിഷയമാക്കുന്നതു കാണാം. അധഃസ്ഥിതരുടെ നാവായിരുന്ന ആ വരികൾ സ്ത്രീസ്വത്വത്തിന്റെ ശക്തമായ ശബ്ദമായി പരിണമിക്കുന്നു.
- സ്ത്രീപക്ഷത്തു നിന്നുള്ള വ്യവഹാരലോകം പുലർത്തുന്ന ആ കവിതകൾ ഈ ഘട്ടത്തിൽ പ്രകൃതിയിൽ നിന്ന് അന്യനായിത്തീരുന്ന മനുഷ്യന്റെ ഉപ ഭോഗപ്രവണതകൾ തിരിച്ചറിയുന്നു. *ഉപ്പ്, അപരാഹ്നം, ഭൂമിക്ക് ഒരു ചരമ ഗീതം* തുടങ്ങിയ സമാഹാരങ്ങളിലെ കവിതകൾ ഇതിന് നിദർശനമാകുന്നു ണ്ട്.
- സ്ത്രീ സ്വത്വാവിഷ്കാരങ്ങളും പ്രകൃത്യാവിഷ്കാരങ്ങളും സമത്വചിന്തയും ഒ.എൻ.വി കവിതകളുടെ ജൈവികതയെ ഊട്ടിയുറപ്പിക്കുന്നു. പലപ്പോഴും ബഹുമാനത്തിന്റെയും ആദരവിന്റെയും പ്രകടനങ്ങൾ അർഹിക്കുന്ന മാതൃത്വം അടയാളപ്പെടുത്തുന്നുണ്ട് കവി. 'ഉപ്പ്' എന്ന കവിതയിലെ മുത്ത ശ്ശിയും പ്രപഞ്ചമാതാവും ഒരേ മാതൃസങ്കല്പത്തിന്റെ വ്യത്യസ്തതലങ്ങളാ കുന്നത് അതുകൊണ്ടാണ്.

- അമ്മയെ ദേവതുല്യം സങ്കല്പിക്കുക, ഭൂമിക്ക് മാതൃസ്ഥാനം നൽകുക എന്നത് സാംസ്കാരികപാരിസ്ഥിതികസ്ത്രീവാദം മുന്നോട്ടു വയ്ക്കുന്ന ആശയങ്ങളാണ്. പ്രത്യുല്പാദനപരതയിലും പരിപാലനത്തിലും പ്രകൃതിക്കും സ്ത്രീക്കും തമ്മിലുള്ള സാമ്യതയുള്ള കർതൃത്ത്വവും ഇവർ ഉയർത്തിപ്പിടിക്കുന്നു. സ്ത്രീയെ ദേവത എന്ന നിലയിലേക്കുയർത്തുകയല്ല മറിച്ച് ചൂഷണത്തിനും ആധിപത്യചിന്തയ്ക്കും വിധേയായ സ്ത്രീയെയും ഭൂമിയെയും അധീശത്വത്തിൽ നിന്ന് മോചിപ്പിച്ചെടുക്കലാണ് കൾച്ചറൽ ഇക്കോഫെമിനിസ്റ്റുകൾ ലക്ഷ്യമിടുന്നത്. 'വ്യാകുലമാതാവ്', 'ഭൂമിക്ക് ഒരു ചരമഗീതം', 'ഭൂമി', 'മൈക്കലാഞ്ജലോ, മാപ്പ്', 'വ്യാകുലമാതാവ്', 'പുനരപി' തുടങ്ങിയ കവിതകളിൽ സാംസ്കാരിക പാരിസ്ഥിതികസ്ത്രീവാദ ദർശന സമീപനമാണ് ഒ.എൻ.വി സ്വീകരിച്ചിരിക്കുന്നത്.
- പ്രകൃതിക്കും സ്ത്രീക്കും നേരെയുണ്ടാകുന്ന ചൂഷണത്തിന് കാലികമായ പ്രതിരോധം ഉണ്ടാകും എന്ന് ശക്തമായി വിശ്വസിക്കുന്ന കവിയാണ് ഒ.എൻ.വി എന്നുള്ളത് പ്രകൃതി-സ്ത്രീ-ഋതുക്കൾ എന്നീ ബിംബങ്ങളെ ചേർത്തുവച്ചുള്ള വിശകലനത്തിൽ നിന്നും മനസ്സിലാക്കാം.
- പെണ്ണുടലിനെ സ്വാർത്ഥതാല്പര്യത്തിനുവേണ്ടി ഉപയോഗിക്കുന്നതുപോലെ ഉർവ്വരമായ ഭൂമിയെ ലാഭേച്ഛയ്ക്കുവേണ്ടി വിനിയോഗിക്കുന്നു. പുരുഷാധിപത്യമനോഭാവത്തിന്റെ പൊള്ളത്തരം തുറന്നുകാണിക്കുകയാണ് പ്രകൃതി സ്ത്രീ അവതരണത്തിലൂടെ ഒ.എൻ.വി.
- പുരുഷാധിപത്യത്തിന്റെ കഠിന ആജ്ഞയ്ക്ക് വിധേയയാകുന്ന സ്ത്രീ എക്കാലത്തും നിസഹായയാണ്. സ്ത്രീവിരുദ്ധമായ ആണധികാരത്തിന് അടിമപ്പെടുന്നവൾ ഭാര്യയായാൽ വാടകഗർഭപാത്രത്തിനുടമയും അമ്മയായാൽ പരിപാലനത്തിനായ് നിയോഗിക്കപ്പെടുന്നവളും ആണ്. അവൾക്ക് ജീവിതത്തിൽ പ്രത്യാശകൾ ഒന്നും ഇല്ല. പ്രകൃതിയിലേക്ക്/ഭൂമിയിലേക്ക്

മടങ്ങുകയാണ് അവളുടെ ഏകപ്രതീക്ഷ എന്തുകൊണ്ടെന്നാൽ അമ്മയായ ഭൂമിക്ക് തന്റെ പുത്രിയെ കൈവെടിയാനാവില്ലല്ലോ. ഇപ്രകാരം പീഡന ത്തിന് വിധേയമാകുന്ന രണ്ട് അനിഷേധ്യ ശക്തികളായി സ്ത്രീയെയും ഭൂമി യെയും പരികല്പന ചെയ്യുന്ന ഒ.എൻ.വി സ്ത്രീവിമോചനത്തിന്റെ ആശയ ങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതാകട്ടെ പരിസ്ഥിതിചിന്തയുമായി ബന്ധപ്പെട്ടതുമാണ്.

- ഒ.എൻ.വിയുടെ പരിസ്ഥിതിചിന്ത കവിതകളിൽ മാത്രമല്ല സിനിമ-നാടകഗാ നങ്ങളിലും ദൃശ്യമാണ്. അടിസ്ഥാനവർഗ്ഗം ഉടമവർഗ്ഗമായി പരിണമിക്കേണ്ട തിന്റെ ആവശ്യകതയെ കവി ഗാനങ്ങളിലൂടെ ഉദ്ഘോഷിക്കുന്നു. തൊഴി ലാളി വർഗ്ഗവും സ്ത്രീകളും കുട്ടികളും ജന്മിയുടെയും മേലാളന്റെയും പല തരത്തിലുള്ള ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യമാണ് സമൂഹത്തി ലുണ്ടായിരുന്നത്. എല്ലാ കാലത്തും ചൂഷണത്തിന് ഇരയാക്കപ്പെടുന്നത് അധഃകൃതനും പെണ്ണും കുട്ടികളുമാണ്. നിരന്തരപ്രതിഭാസമെന്നോണം തുടർന്നുകൊണ്ടിരിക്കുന്ന അതിനെതിരെയുള്ള പ്രതിരോധത്തിന്റെ അനി വാര്യതയാണ് 'നമ്മള് കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ', 'പുലരുകയായ് പുലരുകയായ് പുലരിത്തിരിവെട്ടം കൂരിരുൾ ചങ്ങലകൾ പൊട്ടിച്ചെറിയാൻ' (നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി) തുടങ്ങിയ വരികളി ലൂടെ എടുത്തു പറയുന്നത്. പുരോഗമന പ്രസ്ഥാനത്തിന്റെ വക്താവെന്ന നിലയിൽ തന്റെ ചുറ്റുപാടിൽ പലതരം ചൂഷണങ്ങൾക്ക് വിധേയമാക്കപ്പെ ടുന്ന പാർശ്വവൽകരിക്കപ്പെട്ടവന്റെ, ഒപ്പം പരിഗണിക്കപ്പെടേണ്ടുന്ന സ്ത്രീയുടെ ദൈന്യവും ഒ.എൻ.വി എന്ന എഴുത്തുകാരനെ ചിന്താധീനനാ ക്കുന്നുണ്ട്.
- അമ്മ, സഹോദരി, പ്രേയസി തുടങ്ങിയ സ്ത്രീബിംബങ്ങൾ ഒ.എൻ.വിയുടെ നിരവധി കവിതകളിൽ കടന്നുവരുന്നുണ്ട്. ഭൗതികജീവിതത്തിന്റെ തീക്ഷ്ണത ആവിഷ്കരിച്ചിരിക്കുന്ന അവയിൽ സ്ത്രീത്വത്തെ തടവിലിടുന്ന

എല്ലാ അധികാരഘടനകളെയും നിഷേധിച്ച് തുറന്നലോകത്തിലേക്ക്, പ്രകൃതിയിലേക്ക് സ്വയമിറങ്ങിപ്പോകുന്ന സ്വത്വങ്ങളെ അവതരിപ്പിച്ചിട്ടുണ്ട് കവി. ആണധികാരത്തിനെതിരെ നിശ്ശബ്ദമെങ്കിലും അതിശക്തമായി നടത്തുന്ന പ്രതിരോധത്തെ 'സ്വയംവരം', 'ലോർക്ക', 'കുഞ്ഞേട്ത്തി', 'കണ്ണകി' തുടങ്ങിയ കവിതകളിലൂടെ വിശദമാക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ഭൂമികയിലേക്കാണ് അവർ ഇറങ്ങുന്നത്. ഭൂമി, ജലം, വായു, പരിസ്ഥിതി തുടങ്ങിയ പ്രകൃതിജന്യവസ്തുക്കൾ സുരക്ഷിതമായി വരും തലമുറക്ക് കൈമാറേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്വവും കടമയുമാണ്. എന്നാൽ സ്വയം വിസ്മൃതിയിലാണ്ട മനുഷ്യൻ ഇവയ്ക്കുമേൽ കടന്നാക്രമണം നടത്തി ദുരുപയോഗം ചെയ്യുന്നു. ഇതിനെ പ്രതിരോധിക്കേണ്ടത് ഓരോ സാംസ്കാരിക പ്രവർത്തകന്റെയും ചുമതലയാണ്. ഇത്തരം ആശയങ്ങളുടെ കാവ്യാവിഷ്കാരത്തിലൂടെ ഒ.എൻ.വി എന്ന കവി സമൂഹത്തോടുള്ള തന്റെ പ്രതിബദ്ധതയെ പ്രകടമാക്കുന്നു. 'ഭൂമിക്ക് ഒരു ചരമഗീതം', 'മലങ്കുറത്തി', 'അമ്മ', 'ബലിക്കുന്നുകൾ' തുടങ്ങിയ കവിതകൾ ഇവിടെ ഓർക്കാവുന്നതാണ്. ഇങ്ങനെ സങ്കീർണ്ണതയാർന്ന സ്ത്രീ-പ്രകൃതിസ്വത്വങ്ങളെ അടയാളപ്പെടുത്തുമ്പോൾ ഒ.എൻ.വി കൈക്കൊള്ളുന്ന സാമൂഹിക നീതിസംബന്ധമായ ഭയാശങ്കകൾതന്നെയാണ് കവി പങ്കുവയ്ക്കുന്നത്.

പുരുഷാധിപത്യവ്യവസ്ഥയിൽ സ്ത്രീയെ വെറും പ്രത്യുല്പാദനത്തിനുള്ള-ലൈംഗിക സംതൃപ്തിക്കുവേണ്ടിയുള്ള ഉപകരണമായി കാണുന്നു; നീതി നിഷേധിക്കുന്നതിനോടൊപ്പം അവളുടെ അവകാശങ്ങൾക്കും വിലങ്ങിടുന്നു. മുതലാളിത്ത വ്യവസ്ഥയിലാകട്ടെ പ്രകൃതിയെ ചൂഷണ-ഭോഗവസ്തുവായി കാണുകയും തങ്ങൾ വരുത്തിവയ്ക്കുന്ന വിനാശത്തെക്കുറിച്ച് തെല്ലും ചിന്തിക്കാതെ പ്രകൃതിനീതിയെ നിഷേധിച്ച് സ്വാർത്ഥമായി ലാഭം കൊയ്യുകയും ചെയ്യുന്നു. സാമൂഹിക രംഗത്ത് പൊതുഇടങ്ങളിൽ എന്നപോലെ സ്വശരീരത്തിന്മേൽ ഒരു അധികാരവും ഇല്ലാതാക്കിത്തീർക്കപ്പെട്ട സ്ത്രീയും അതേ നിലയിലേക്ക് ചവിട്ടി താഴ്ത്തപ്പെട്ട

പ്രകൃതിയും നീതി നിഷേധിക്കപ്പെടുന്നിടത്ത് സമാനത പുലർത്തുന്നു. അതുകൊണ്ടുതന്നെ സ്ത്രീയുടെ സ്ത്രീത്വത്തെയും പ്രകൃതിയുടെ ജൈവാവസ്ഥയെയും തകർക്കുന്ന അധികാരശക്തികൾക്കും കേന്ദ്രങ്ങൾക്കുമെതിരായ കലാപം തന്നെയാണ് പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ആത്യന്തിക ലക്ഷ്യം. പുരുഷൻ സ്ത്രീക്കുമേൽ ആധിപത്യം സ്ഥാപിക്കുകയല്ല ഒന്ന് മറ്റൊന്നിനെ സമ്പുഷ്ടമാക്കുകയാണ് വേണ്ടത്. പ്രകൃതിയോടും സ്ത്രീയോടും മാന്യമായി പെരുമാറണമെന്ന ബോധം ബാഹ്യമായതല്ല, അവനവന്റെ ഉള്ളിൽ നിന്നുതന്നെയാണ് വരേണ്ടത്. പാരിസ്ഥിതികസ്ത്രീവാദചിന്തയുടെ അടിസ്ഥാനത്തിൽ അറിവും അധികാരവും ഉറവെടുക്കുന്നത് പ്രകൃതിക്കുമേൽ ആധിപത്യം ചെലുത്തിക്കൊണ്ടല്ല, മറിച്ച് പാരസ്പര്യത്തിലൂടെയാണ്. പാരിസ്ഥിതികമായ സന്തുലനത്തെ തകിടം മറിക്കുന്ന മനുഷ്യപ്രവൃത്തികളെക്കുറിച്ചുള്ള ആശങ്കകളും വിഹ്വലതകളും തന്നെയാണ് പരിസ്ഥിതി-സ്ത്രീ അവതരണത്തിലൂടെ ഒ.എൻ.വിയും മുന്നോട്ടു വയ്ക്കുന്നത്. ജന്മം നൽകിയ മാതാവും ഭൂമി മാതാവ് എന്ന ശാശ്വത മാതൃസങ്കൽപവും ഒ.എൻ.വി കവിതയിൽ മൂല്യവത്തായ ബിംബങ്ങളാകുന്നുണ്ട്. ഒരേ അനുഭവത്തിന്റെ രണ്ടു തലങ്ങളായി പെണ്ണിനെയും പ്രകൃതിയെയും അടയാളപ്പെടുത്തുന്ന രചനാരീതിയിൽ പാരിസ്ഥിതികസ്ത്രീവാദചിന്ത അന്തർധാരയായി വർത്തിക്കുന്നു. ഇതുതന്നെയാണ് ഒ.എൻ.വിയുടെ പരിസ്ഥിതിചിന്തയുടെ കാതൽ.

# ഗ്രന്ഥസൂചി


അച്യുതനുണ്ണി, ചാത്തനാത്ത്, *ഗവേഷണം പ്രബന്ധരചനയുടെ തത്വങ്ങൾ,* കോട്ടയം : കറന്റ് ബുക്സ്, 2006.

അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ ഏഴു കവിതകൾ : പഠനങ്ങളും,* കോട്ടയം : ഡി. സി. ബുക്സ്, 1983.

– – – . *അയ്യപ്പപ്പണിക്കരുടെ കൃതികൾ,* ഒഴിവുകാലസംവാദം : രാഹുദശ-ഒരു പിടി ച്ചാരമായ്, 1990 – 1999, കോട്ടയം : ഡി.സി. ബുക്സ്, 2000 ജനുവരി.

അജി, കുഴിക്കാട്ട്, *സമൂഹപഠനങ്ങൾ, സ്ത്രീ-പരിസ്ഥിതി,* കോഴിക്കോട് : പ്രോഗ്രസ്സ് പബ്ലിക്കേഷൻ, 2015 മെയ്.

അജയഘോഷ്, എസ്. (എഡി.), *പെണ്ണും പ്രകൃതിയും ഒ. എൻ. വി. കവിതയിൽ,* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്, 2016 നവംബർ.

അർജുൻ വെള്ളായണി (ഡയറക്ടർ.), *സർവ്വവിജ്ഞാനകോശം,* തിരുവനന്തപുരം: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്, 1979 മാർച്ച്.

അംബികാസുതൻ, മാങ്ങാട്, *മലയാളത്തിലെ പരിസ്ഥിതി കഥകളുടെ പ്രഥമ സമാഹാരം*, കോഴിക്കോട് : ഗ്രീൻ ബുക്സ്, 2009.

– – –. *എന്റെ ഗ്രാമകഥകൾ*, കോഴിക്കോട് : ഒലീവ്, 2018 ഏപ്രിൽ.

– – –. മരക്കാപ്പിലെ തെയ്യങ്ങൾ, കോട്ടയം: ഡി.സി. ബുക്സ്, 2006 ആഗസ്റ്റ്.

ആണ്ടലാട്ട്, *സ്ത്രീ : തൊഴിൽ അധികാരം, സാഹിത്യം, കായംകുളം* : സിതാര ബുക്സ്, 2014 ആഗസ്റ്റ്.

– – – . *രേഖയില്ലാത്ത ചരിത്രം*, തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 1990.

ആൻഡ്രൂസ്, ജനി, *ഏഴാം നാൾ*, കുറേക്കാലത്തേക്ക്, കോട്ടയം: ഡി.സി. ബുക്സ്, 2014 ഒക്ടോബർ.

ഉഷ, പി.ഇ. *സ്ത്രീവാദവും പരിസ്ഥിതിയും,* സാഹിത്യലോകം, തൃശ്ശൂർ: സാഹിത്യ അക്കാദമി, 1995 നവംബർ - ഡിസംബർ.

ഉള്ളൂർ, *ഉമാകേരളം,* തിരുവനന്തപുരം: ഉള്ളൂർ പബ്ലിക്കേഷൻസ്, 2004 ഫെബ്രുവരി.

ഐറിസ് കൊയ്‌ലിയോ, *ആശാന്റെ സീതായനത്തിന് ഒരു പാരിസ്ഥിതികസ്ത്രീ വാദവിശകലനം,* സാഹിത്യലോകം, തൃശ്ശൂർ: സാഹിത്യ അക്കാദമി, 2006 മാർച്ച്-ഏപ്രിൽ.

ഒരു സംഘം ലേഖകർ, *പെണ്ണെഴുത്ത്*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2002.

ഒ. എൻ. വി. *ഒ. എൻ. വിയുടെ കവിതകൾ ഒരു ബൃഹത്സമാഹാരം,* കോട്ടയം: ഡി. സി.ബുക്സ്, 2011 ജനുവരി.

- - -. *പുഷ്കിൻ സ്വാതന്ത്ര്യബോധത്തിന്റെ ദുരന്തഗാഥ*, കോട്ടയം : ഡി. സി. ബുക്സ്, 2013 ആഗസ്റ്റ്.

- - - . *കൊച്ചു കൊച്ചു വർത്തമാനങ്ങൾ,* കൊല്ലം : സങ്കീർത്തനം പബ്ലിക്കേ ഷൻസ്, 2008 ആഗസ്റ്റ്.

- - - . *ജീവിതയാത്രയിൽ എനിക്കൊപ്പം*, കൊല്ലം : സങ്കീർത്തനം പബ്ലിക്കേ ഷൻസ്, 2012 സെപ്തംബർ.

- - - . *കാല്പനികം*, കോഴിക്കോട് : ഒലീവ് പബ്ലിക്കേഷൻസ്, 2000 മാർച്ച്.

- - -. *വാമൊഴികൾ വരമൊഴികൾ*, തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2011 ജനുവരി.

- - - . *കവിതയിലെ സമാന്തരരേഖകൾ*, തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 2010 നവംബർ.

- - -. ബേബി, എം. എ. ഒ. എൻ. വി സ്നേഹാക്ഷരങ്ങളിലെ ഉപ്പ്, തിരുവനന്ത പുരം: ചിന്ത പബ്ലിഷേഴ്സ്, 2013 മാർച്ച്.

- - -. *പുനരപി*, കോട്ടയം : ഡി. സി. ബുക്സ്, 2012 ഫെബ്രുവരി.

- - -. *കടൽ ശംഖുകൾ*, കോട്ടയം : ഡി. സി. ബുക്സ്, 2013 ആഗസ്റ്റ്.

- - -. *ആത്മഗതങ്ങൾ*, കോട്ടയം : ഡി. സി. ബുക്സ്, 2012 ഫെബ്രുവരി.

- - - . *പോക്കുവെയിൽ മണ്ണിലെഴുതിയത്*, തിരുവനന്തപുരം: ചിന്ത പബ്ലിഷേസ്, 2015 ഏപ്രിൽ.

- - - . സൂര്യന്റെ മരണം, കോട്ടയം: ഡി. സി. ബുക്സ്, 2015 ഫെബ്രുവരി.

- - -. *അരികിൽ നീയുണ്ടായിരുന്നെങ്കിൽ,* കോട്ടയം : ഡി. സി. ബുക്സ്, 2015 മെയ്.

- - - . *അനശ്വരതയിലേക്ക്*, കോട്ടയം : ഡി. സി. ബുക്സ്, 2016 മെയ്.

- - -. *ഓണാട്ടുകര മണ്ണിന്റെ ഉപ്പ്,* തിരുവനന്തപുരം: കെ. പി. എ. സി. പബ്ലിക്കേ ഷൻസ്, 2016 മാർച്ച്.

- - - . *താമരപ്പൊയ്ക*, കൊല്ലം: മോഡേൺ ബുക്സ്, 1968.

- - - . *കവിതയിലെ പ്രതിസന്ധി*, തിരുവനന്തപുരം : കേരള സർവ്വകലാശാല, 1991 ഏപ്രിൽ.

- - -. *എഴുത്തച്ഛൻ ജീവചരിത്രവും പഠനവും*, തിരുവനന്തപുരം: കേരള സർവ്വക ലാശാല, 1997.

- - -. *പാഥേയം*, കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1999 ഏപ്രിൽ.

- - -. *ഓർമ്മയിലെ നിലാക്കീറുകൾ*, കൊല്ലം : സങ്കീർത്തനം പബ്ലിക്കേഷൻസ്, 2004 ഏപ്രിൽ.

- - -. *നടക്കാവുകളിലൂടെ*, കൊല്ലം : സങ്കീർത്തനം പബ്ലിക്കേഷൻസ്, 2007 മാർച്ച്.

- - -. (വിവ.), കാൾമാർക്സിന്റെ കവിതകൾ കേരള ഗ്രന്ഥശാലാ സഹകരണ സംഘം, 1984 ആഗസ്റ്റ്.

- - -. (വിവ.), *റോമൻ ചിത്ര ഫലകത്രയം*, തിരുവനന്തപുരം : കാർമ്മൽ പബ്ലിഷിങ്ങ് സെന്റർ, 2006 ഡിസംബർ.

- - -. (എഡി.), *ഒരു ഗന്ധർവൻ ഈ വഴി വന്നു*, തിരുവനന്തപുരം : ചിന്താ പബ്ലിഷേഴ്സ്, 1994.

- - -. *നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി* (ഗാനങ്ങൾ), കായംകുളം : കെ. പി. എസി, 1953.

- - -. *ഓണപ്പൂക്കൾ* (ഗാനങ്ങൾ), 1958.

- - -. *ഗാനമാല* (ഗാനസമാഹാരം), കൊല്ലം : മോഡേൺ ബുക്സ്, 1960 ആഗസ്റ്റ്.

- - -. *ഗാനമേള* (ഗാനസമാഹാരം), കൊല്ലം : മോഡേൺ ബുക്സ്, 1963 നവംബർ.

- - -. *ഒ. എൻ. വിയുടെ നാടകഗാനങ്ങൾ*, തൃശ്ശൂർ : കറന്റ് ബുക്സ്, 1968 മെയ്.

- - -. *ഗാനോത്സവം*, തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 1969 നവംബർ.

- - -. *ഗാനകേളി,* തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 1978 നവംബർ.

- - -. *രാഗം ശ്രീരാഗം* (ചലച്ചിത്രഗാനങ്ങൾ), തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 1983 ജനുവരി.

- - -. *ഒ. എൻ. വിയുടെ ഗാനങ്ങൾ,* പുലിയന്നൂർ : സഹൃദയ ബുക്സ് ലിമിറ്റഡ്, 1999 ആഗസ്റ്റ്.

- - -. *ഒ. എൻ. വിയുടെ 151 പ്രണയഗീതങ്ങൾ*, റയിൻബോ ബുക്ക് പബ്ലിഷേഴ്സ്, 2004 ജനുവരി.

- - -. *മാണിക്യവീണ,* കോട്ടയം : ഡി. സി. ബുക്സ്, 2006 ആഗസ്റ്റ്.

- - -. *വയൽപ്പൂക്കൾ,* കോട്ടയം : സാഹിത്യപ്രവർത്തകസഹകരണസംഘം, 2010 ജൂൺ.

- - -. *സുവർണ്ണപുസ്തകം- ഒ.എൻ.വിയുടെ തെരഞ്ഞെടുത്ത കവിതകൾ,* കോട്ടയം: ഡി.സി.ബുക്സ്, 2012 ആഗസ്റ്റ്.

---. *ആദ്യകാലകവിതകൾ,* കോഴിക്കോട്: ചിന്ത പബ്ലിഷേഴ്സ്, 1991.

---. *അരിവാളും രാക്കുയിലും,* തൃശ്ശൂർ: എച്ച്&സി ബുക്സ്, 2006 മെയ്.

കടമ്മനിട്ട, *കടമ്മനിട്ടയുടെ കവിതകൾ*, കോട്ടയം : ഡി. സി. ബുക്സ്, 1996.

കണിമോൾ, *കാവ്യപൂർവ്വം,* ഉന്മാദികൾക്ക് ഒരു പൂവ്, കോട്ടയം: ഡി.സി. ബുക്സ്, 2013 നവംബർ.

കാപ്പൻ, എസ്. വടമറ്റം, *പരിസ്ഥിതി സംസ്കൃതി,* ചങ്ങനാശ്ശേരി : മാനുഷം പബ്ലി ക്കേഷൻസ്, 1988.

കൃഷ്ണപിള്ള, എൻ. *കൈരളിയുടെ കഥ,* കോട്ടയം : ഡി. സി. ബുക്സ്, 2010 ജൂലൈ.

- - -. *കാളിദാസൻ മുതൽ ഒ. എൻ. വി വരെ*, കോട്ടയം : ഡി. സി. ബുക്സ്, 1992.

കുഞ്ഞിരാമൻ നായർ, *പി. തിരഞ്ഞെടുത്ത കവിതകൾ,* കോട്ടയം : ഡി.സി.ബുക്സ്, 2011 ഒക്ടോബർ.

കുമാരനാശാൻ, *ചിന്താവിഷ്ടയായ സീത,* കോഴിക്കോട് : കാലിക്കറ്റ് യൂണിവേ ഴ്സിറ്റി സെന്റൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ്.

ഗോപാലകൃഷ്ണൻ, നടുവട്ടം, *ഗവേഷണ രീതിശാസ്ത്രം,* തിരുവനന്തപുരം : കേര ളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002 ആഗസ്റ്റ്.

ഗീത, പി. *ആധുനിക മലയാളകവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ,* കോഴി ക്കോട്: ലിപി പബ്ലിക്കേഷൻസ്, 2002 സെപ്തംബർ.

ഗംഗാധരൻ, എം. *സ്ത്രീയവസ്ഥ കേരളത്തിൽ*, തിരുവനന്തപുരം : സൈൻ ബുക്സ്, 2007.

ഗോപാലകൃഷ്ണൻ, പെരുമ്പുഴ, *ഒ. എൻ. വി ഓർമ്മകളിൽ സുഗന്ധം*, തിരുവനന്ത പുരം : പ്രഭാത് ബുക്ക് ഹൗസ്, 2016 ജൂൺ.

ഗോപാലകൃഷ്ണൻ, പി. കെ. *പുരോഗമന സാഹിത്യപ്രസ്ഥാനം നിഴലും വെളിച്ച വും,* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2000 ഡിസംബർ.

– – –. *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം*, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008 ഏപ്രിൽ.

ഗോവിന്ദൻ നായർ, ഇടശ്ശേരി, *ഇടശ്ശേരിക്കവിതകൾ,* കൈതപ്പൂ, കോഴിക്കോട്: മാതൃ ഭൂമി ബുക്സ്, 2007.

– – –. ഭാരതപ്പുഴ, *ഇടശ്ശേരിക്കവിതകൾ സമ്പൂർണ്ണം*, കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2012.

ഗിരിജ, വി.എം. *ജീവജലം,* മരമായിരുന്നു ഞാൻ, തൃശൂർ: കറന്റ് ബുക്സ്, 2003.

– – –. *പ്രണയം ഒരു ആൽബം,* നിശ്ശബ്ദഹരിതവനം, ചിത്തിര പബ്ലിഷേഴ്സ്, 1997.

ചന്ദ്രിക, സി. എസ്. *കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം,* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 1998.

ചന്ദ്രശേഖരൻ, എം. ആർ. *കേരളത്തിലെ പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ ചരിത്രം*, കോട്ടയം : ഡി. സി. ബുക്സ്, 2010 നവംബർ.

- - -. *കമ്മ്യൂണിസ്റ്റ് കവിത്രയം*, കോട്ടയം : കറന്റ് ബുക്സ്, 1998.

ജോർജ്ജ്, കെ. അലക്സ്, *ഹരിത രാഷ്ട്രീയം ചരിത്രം സിദ്ധാന്തം സമീപനം,* തിരുവനന്തപുരം: ഡി. സി. ബുക്സ്, 2003.

ജയകൃഷ്ണൻ, എൻ. (എഡി.), *ഭൂമിക്ക് ഒരു അമരഗീതം*, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016 ഫെബ്രുവരി.

– – –. ജയകൃഷ്ണൻ, എൻ. (എഡി.), *ഫെമിനിസം,* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011 ജൂൺ.

– – –. *മലയാളത്തിന്റെ സൂര്യഗീതങ്ങൾ* (പഠന സമാഹരണം.), തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 നവംബർ.

ജോൺസൺ, *കൊച്ചുതുണ്ടിൽ, ഒലിവിലയുടെ പച്ചഞരമ്പുകൾ*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012 മെയ്.

ജോളി സക്കറിയ, *ഒ. എൻ. വി കവിത മൊഴിയും പൊരുളും,* കോട്ടയം : കറന്റ് ബുക്സ്, 1999 ഒക്ടോബർ.

ജിസാജോസ്, *സ്ത്രീവാദസാഹിത്യം മലയാളത്തിൽ,* കണ്ണൂർ : സമയം ക്ലാസിക്സ്, 2016 നവംബർ.

ജോസഫ്, സാറാ, *ആത്മരോഷങ്ങളും ആകുലതകളും,* തൃശ്ശൂർ : ഗ്രീൻ ബുക്സ്, 2009.

———. *നിലാവറിയുന്നു,* തൃശൂർ: കറന്റ് ബുക്സ്, 1994.

———. *പാപത്തറ*, തൃശൂർ: കറന്റ് ബുക്സ്, 1999.

———. *ആലാഹയുടെ പെൺമക്കൾ*, തൃശ്ശൂർ: കറന്റ് ബുക്സ്

———. *ആതി*, തൃശ്ശൂർ: കറന്റ് ബുക്സ്, 2011.

ജോസഫ്, പി.റ്റി. *പ്രകൃതി മനോഹരി,* കോട്ടയം: കറന്റ് ബുക്സ്, 1989 ജൂൺ.

ടോണി മാത്യു (എഡി.), *കാട്ടു കിളിയുടെ പാട്ട്*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

തിലക്, പി. കെ. *കവിതാപഠനങ്ങൾ,* കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2013 ഏപ്രിൽ.

തങ്കപ്പൻ തുമ്പമൺ (സമ്പാദനം*.), ജ്ഞാനപീഠത്തിൽ സൂര്യതേജസ്സോടെ ഒ. എൻ. വി,* പരിധി പബ്ലിക്കേഷൻസ്.

തോമസ് തുമ്പമൺ (ഡയറക്ടർ.), *പരിസ്ഥിതിവിജ്ഞാനകോശം*, തിരുവനന്തപുരം: കേരളസംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, 2000 ഒക്ടോബർ.

ദേവേശൻ, പേരൂർ, *പുതുകാലം പുതുകവിത,* കോഴിക്കോട് : ഇൻസൈറ്റ് ബുക്സ്, 2010 ഡിസംബർ.

ദയാൽ, കെ. പി. *ഉർവരതയുടെ സംഗീതം*, ഒരേ ഭൂമി ഒരേ ജീവൻ, കാസർഗോഡ് : 1998.

- - - *പച്ചമനസ്സിന്റെ മണം*, കോട്ടയം : ഡി. സി. ബുക്സ്, 2010.

ദേവയാനി, കെ. *ചോരയും കണ്ണീരും നനഞ്ഞ വഴികൾ,* തൃശ്ശൂർ: സമത സെലക്ടീവ് ഫോർ ജന്റർ ജസ്റ്റിസ്, 2011.

ദേവിക, ജെ. *സ്ത്രീവാദം,* കോട്ടയം : ഡി. സി. ബുക്സ്, 2000.

ദാമോദരൻ, പി. പി. *കാളിദാസനെതേടി - ഉജ്ജയിനിയിലൂടെ,* പി. പി. അനിരുദ്ധൻ, (പ്രസാ.), 2001 ഫെബ്രുവരി.

നുജും, എ. *പെണ്ണും അധികാരവും*, കോഴിക്കോട് : ഒലീവ് പബ്ലിക്കേഷൻസ്, 2006.

നീലകണ്ഠൻ, സി. ആർ. *മലയാളിയുടെ പാരിസ്ഥിതിക രാഷ്ട്രീയം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012 മെയ്.

നമ്പൂതിരിപ്പാട്, ഇ.എം.എസ്. *മാർക്സിസം ഒരു പഠനം,* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 1990.

– – –. *നവോത്ഥാനവും മലയാള സാഹിത്യവും*, തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 1990.

പ്രഭാകരവാരിയർ, കെ.എം. *കവിതയും ഭാഷയും,* ശുകപുരം : വള്ളത്തോൾ വിദ്യാപീഠം, 2009 ഡിസംബർ.

പോൾ, എം. എസ്. *ഉത്തരാധുനിക കവിതാപഠനങ്ങൾ,* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2014 സെപ്തംബർ.

പ്രസാദ്, സി. ആർ. *മലയാളകവിത, ആധുനികാനന്തരം*, ചെങ്ങന്നൂർ : റയിൻബോ ബുക്ക് പബ്ലിഷേഴ്സ്, 2005 ഡിസംബർ.

പിയേഴ്സൺ, എം.എൻ. *ഇക്കോഫെമിനിസം, ഇക്കോടൂറിസം, ഇക്കോമാർക്സിസം,* തൃശ്ശൂർ : കറന്റ് ബുക്സ്, 2003.

– – –. *പരിസ്ഥിതി പ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും,* കോട്ടയം : കറന്റ് ബുക്സ്, 2010.

പ്രകൃതി സംരക്ഷണ സമതി (സമ്പാ.), *വനപർവ്വം,* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 1996.

പ്രസന്നരാജൻ, *കേരളകവിതയിലെ കലിയും ചിരിയും,* കോട്ടയം : നാഷണൽ ബുക്സ്റ്റാൾ, 1992.

– – –. *തിരിച്ചറിവുകൾ*, കോട്ടയം : നാഷണൽ ബുക്സ്റ്റാൾ, 2006.

പ്രസാദ്, സി. ആർ. *ഹരിതദർശനം ആധുനികാനന്തരകവിതയിൽ,* തിരുവനന്തപുരം : സെഡ് ലൈബ്രറി, 2007.

പൊതുവാൾ, പി.പി.കെ. *പരിസ്ഥിതി കവിതയ്ക്ക് ഒരാമുഖം,* കോട്ടയം : കറന്റ് ബുക്സ്, 2010.

പ്രശാന്ത് കൃഷ്ണൻ, (എഡി.), *ഒ.എൻ.വി ഉപ്പിന്റെ മാധുര്യം,* കണ്ണൂർ : സമയം പബ്ലിക്കേഷൻസ്, 2016 മാർച്ച്.

പ്രതാപൻ തായാട്ട്, (എഡി.), *ഒ.എൻ.വി. ജ്ഞാനപീഠം കയറിയ കവിതയുടെ ഉപ്പ്,* കോഴിക്കോട് : ഹരിതം ബുക്സ്, 2011 ജനുവരി.

പിള്ള ചവറ, കെ.എസ്. *ഓ.എൻ.വിയിലൂടെ,* കൊല്ലം : കീർത്തി ബുക്സ്, 2011 ഫെബ്രുവരി.

പരമേശ്വരൻ നായർ, *മലയാളസാഹിത്യ ചരിത്രം,* ന്യൂഡൽഹി : സാഹിത്യ അക്കാദമി, 1985.

പരമേശ്വരൻ പിള്ള, എരുമേലി, *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ,* കോട്ടയം: കറന്റ് ബുക്സ്, 2010 ഡിസംബർ.

ഫുക്കുവോക്ക, മസനോബു, *പ്രകൃതിയിലേക്കു മടങ്ങാൻ*, കോട്ടയം : ഡി. സി. ബുക്സ്, 1999.

ബിനു, സചിവോത്തമപുരം (എഡി.), *കവിതാജാലകം,* കോട്ടയം : ടേൺ ബുക്സ്, 2017 ജനുവരി.

ബിനു, സചിവോത്തമപുരം (എഡി.), *കവിതാരാമം,* കോട്ടയം : ടേൺ ബുക്ക്, 2017 മെയ്.

ബാലകൃഷ്ണൻ, വി. ലീലാദേവി, ആർ, *അഥർവ്വവേദം*, malayalamebooks, word press.com, കാണ്ഡം-12, സൂക്തം-1, ശ്ലോകം-35, പുറം-489.

ബഞ്ചമിൻ, ഡി. *സാഹിത്യ പഠനങ്ങൾ,* കോട്ടയം : നാഷണൽ ബുക്ക്സ്റ്റാൾ, 1984.

– – –. *സാഹിത്യ ഗവേഷണത്തിന്റെ രീതിശാസ്ത്രം,* തിരുവനന്തപുരം : മാളുബെൻ പബ്ലിക്കേഷൻസ്, 2012.

- - - *കാല്പനികത മലയാളകവിതയിൽ*, തിരുവനന്തപുരം : അയന ബുക്സ്, 2008.

ബഷീർ, എം. എം. *ഫിനിക്സിന്റെ സംഗീതം,* കോട്ടയം : ഡി. സി. ബുക്സ്, 1985.

ബൈജു, ചന്ദ്രൻ, ഒ. എൻ. വി. കുറുപ്പ്, തിരുവനന്തപുരം : കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ബഷീർ, എം.എം. *കവിത തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015 ഒക്ടോബർ.

ബേബി, എം. എ. ഒ.എൻ.വി *സ്നേഹാക്ഷരങ്ങളിലെ ഉപ്പ്,* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 2013 മാർച്ച്.

ഭാസി, തോപ്പിൽ, *നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി,* കോട്ടയം : ഡി. സി. ബുക്സ്, 1998 ജൂൺ.

മനോജ്, എം. ബി. ബിനു സചിവോത്തമപുരം, *സിലബിൾ,* മാവേലിക്കര : ഫേബിയൻ ബുക്സ്, 2011 ഡിസംബർ.

മധുസൂദനൻ, ജി. *കഥയും പരിസ്ഥിതിയും*, തൃശ്ശൂർ : കറന്റ് ബുക്സ്, 2000 സെപ്തംബർ.

– – –. *ഹരിതനിരൂപണം മലയാളത്തിൽ*, കോട്ടയം : കറന്റ് ബുക്സ്, 2015 മാർച്ച്.

– – –. *ഭാവുകത്വം 21–ാം നൂറ്റാണ്ടിൽ,* കോട്ടയം : കറന്റ് ബുക്സ്, 2009 ഒക്ടോബർ.

മുരളീധരൻ, നെല്ലിക്കൽ, *വിശ്വസാഹിത്യദർശനങ്ങൾ,* കോട്ടയം : ഡി.സി. ബുക്സ്, 2011.

മിനി പ്രസാദ്, *നാളെയുടെ പരിസ്ഥിതി ദർശനങ്ങൾ*, തിരുവല്ല : ക്രൈസ്തവ സാഹിത്യ സമിതി.

മനോജ്, എം. ബി. കവിത : *ഉടലും ഭാഷയും,* കാലിക്കറ്റ് യൂണിവേഴ്സിറ്റി (പി. ഒ.): ബ്ലാക്ക്ലൈൻ ബുക്സ്, 2016 ഏപ്രിൽ.

മോഹൻ തെക്കുംഭാഗം, *തോന്ന്യാക്ഷരങ്ങളിലെ ഉപ്പ്*, കോഴിക്കോട്: മനോലോകം, 1997.

മോഹൻദാസ്, വള്ളിക്കാവ്, *കെ.പി.എ.സിയുടെ ചരിത്രം*, കായംകുളം : കേരള പീപ്പിൾസ് ആർട്സ് ക്ലബ്ബ്, 2002.

മുരളി, പിരപ്പൻകോട് (പഠനം, സമ്പാദനം.), *ഒ. എൻ. വി. കാവ്യസംസ്കൃതി,* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017 ഒക്ടോബർ.

യാക്കോബ് തോമസ്, *ആധുനികതയുടെ പാഠങ്ങൾ : മലയാളകവിതയിലെ സ്ത്രീപക്ഷരാഷ്ട്രീയം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

രാജു, വള്ളിക്കുന്നം, *പോസ്റ്റ് കൊളോണിയൽ മലയാളകവിത,* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക്സ്റ്റാൾ, 2010 മാർച്ച്.

രാജശേഖരൻ, എസ്. *കവിതയുടെ ജാതകം,* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക്സ്റ്റാൾ, 2009 നവംബർ.

– – –. *പരിസ്ഥിതിദർശനം മലയാളകവിതയിൽ,* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 ജൂൺ.

– – –. (എഡി.), *ഇനി ഞാനുണർന്നിരിക്കാം,* കോട്ടയം : നാഷണൽ ബുക്ക്സ്റ്റാൾ, 2009.

– – –. (എഡി.), *ഒയെൻവി കവിത*, കോട്ടയം : നാഷണൽ ബുക്ക്സ്റ്റാൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1986 മാർച്ച്.

– – –. (ജന. എഡി.), *പരിസ്ഥിതികവിതകൾ*, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, 2008.

– – –. *സ്ത്രീവാദം ഉടലും പരിസരങ്ങളും*, തിരുവനന്തപുരം : പ്രഭാത് ബുക്ക് ഹൗസ്, 2016 നവംബർ.

– – –. *ഒ.എൻ.വികവിത*, മുരളി, പിരപ്പൻകോട്, അമൃതാക്ഷരങ്ങൾ, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1986 മാർച്ച്.

രതിമേനോൻ, *റേച്ചൽ കാഴ്സൺ പ്രകൃതിയുടെ പരിവ്രാജിക,* തൃശ്ശൂർ : കേരള ശാസ്ത്രസാഹിത്യപരിഷത്ത്, 2008.

രവീന്ദ്രൻ, എൻ. കെ. *പെണ്ണെഴുതുന്ന ജീവിതം*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.

രശ്മി, ബിനോയ്, *ചരിത്രത്തിലെ പെണ്ണിടങ്ങൾ*, തൃശ്ശൂർ : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

രാമകൃഷ്ണൻ, എം. കെ. വേണുഗോപാൽ, കെ. എം. *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം*, പയ്യന്നൂർ : നയന ബുക്സ്, 1989.

രാജരാജവർമ്മ, എഴുമറ്റൂർ, *അക്ഷരമുദ്ര,* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2011 ഫെബ്രുവരി.

–––. *കേരളവർമ്മ മുതൽ ചെമ്മനംവരെ,* കോട്ടയം : കറന്റ് ബുക്സ്, 2007 ജൂൺ.

രാമചന്ദ്രൻ നായർ, പന്മന, *സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം*, കോട്ടയം : കറന്റ് ബുക്സ്, 2008.

– – –. (എഡി.), *പരിസ്ഥിതി പഠനങ്ങൾ*, പി.കെ. പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലി, കോട്ടയം: കറന്റ് ബുക്സ്, 2013 ജൂലായ്.

–––. (എഡി.), *കവിതാപഠനങ്ങൾ*, കോട്ടയം : കറന്റ് ബുക്സ്, 2005.

രാജ, കെ.കെ. *ഭാഷാമുക്തകങ്ങൾ,* തൃശ്ശൂർ: മംഗളോദയം, 1955 ഡിസംബർ.

രാജഗോപാൽ, എൻ.കെ. *ഹൈന്ദവ മീമാംസ,* കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ, 1983 ഒക്ടോബർ.

ലീലാവതി, എം. *ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം*, തിരുവനന്തപുരം : പ്രഭാത് ബുക്ക്ഹൗസ്, 2000.

– – –. *സ്ത്രീ സ്വത്വാവിഷ്ക്കാരം ആധുനിക മലയാള സാഹിത്യത്തിൽ,* തൃശ്ശൂർ : കേരളസാഹിത്യ അക്കാദമി, 2008.

– – –. *മലയാള കവിതാ സാഹിത്യചരിത്രം*, തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2011.

ലേഖ, നരേന്ദ്രൻ, *പെണ്ണെഴുത്ത്* (ഒരു സംഘം ലേഖകർ), മലയാള നോവലും പെണ്ണെഴുത്തും, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

വിഷ്ണു നമ്പൂതിരി, എം. വി. *ഗവേഷണ പ്രവേശിക*, തിരുവനന്തപുരം : കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2001 മെയ്.

വേണുഗോപാലൻ, പി. (എഡി.), *ഒ.എൻ.വി.എന്റെ ഗുരുനാഥൻ,* കോട്ടയം : ഡി. സി. ബുക്സ്, 2011 ഫെബ്രുവരി.

വാഗ്ഭവ പബ്ലിക്കേഷൻസ്, *ഉജ്ജയിനിയിലെ കാളിദാസൻ,* കോഴിക്കോട് : വാഗ്ഭവ പബ്ലിക്കേഷൻസ്, 1995.

വന്ദനശിവ, *ആഗോളവൽക്കരണം സ്ത്രീ പ്രകൃതി,* ജോർജ്ജ് കെ. അലക്സ് (വി വ.), ആലപ്പുഴ : ഫേബിയൻ ബുക്സ്, 2007 നവംബർ.

– – –. *സ്റ്റേയിങ്ങ് എലൈവ്,* ലണ്ടൻ: സെഡ് ബുക്സ്, 1989.

വള്ളത്തോൾ, *സാഹിത്യമഞ്ജരി – മൂന്നാം ഭാഗം*, ചെറുതുരുത്തി: വള്ളത്തോൾ ഗ്രന്ഥാലയം, 1964 സെപ്റ്റംബർ.

വീരാൻകുട്ടി, *മൺവീറ്,* ബാലവേലക്കാരി, കോട്ടയം : ഡി.സി. ബുക്സ്, 2011 ഡിസംബർ.

വയലാർ, *വയലാർ കൃതികൾ*, കോട്ടയം: ഡി.സി. ബുക്സ്, 2013.

വത്സല, പി. *നെല്ല്,* കോട്ടയം: ഡി.സി. ബുക്സ്, 1972.

– – –. *മേല്പാലം*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007.

– – –.*പോക്കുവെയിൽ പൊൻവെയിൽ,* കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻ, 1969.

– – –.*അനുപമയുടെ കാവൽക്കാരൻ*, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം.

– – –. *പേമ്പി,* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1969.

– – –. *അരക്കില്ലം*, കോഴിക്കോട് : പൂർണ്ണ പബ്ളിക്ഷേഷൻസ്, 2007 സെപ്തംബർ.

വൈലോപ്പിള്ളി, *വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ,* ജലസേചനം, തൃശ്ശൂർ: കറന്റ് ബുക്സ്, 2001.

ശെൽവമണി, കെ. ബി. *ഒ.എൻ.വി പഠനം സംഭാഷണം ഓർമ്മ*, കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2012 ജൂൺ.

ശ്രീകുമാർ, കെ. *മലയാള സംഗീത നാടകചരിത്രം*, തൃശ്ശൂർ : കറന്റ് ബുക്സ്, 2002 ഒക്ടോബർ.

ശ്രീധരമേനോൻ, വൈലോപ്പിള്ളി, *വൈലോപ്പിള്ളിക്കവിതകൾ,* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1984.

ശ്രീലതാവർമ്മ, *പ്രതിബിംബങ്ങൾ പറയാതിരിക്കുന്നത്,* തിരുവനന്തപുരം : പരിധി പബ്ലിക്കേഷൻ, 2010 ഡിസംബർ.

ഷൂബ, കെ. എസ്. *ചൂലും ചുംബനവും ഉത്തരാധുനിക കവിതാ വിമർശനം,* പാലക്കാട് : എം.എൻ.വിജയൻ സാംസ്കാരികവേദി (കൊല്ലം), ലോഗോസ് ബുക്സ്, 2015.

ഷാജികുമാർ, കെ.എൻ. *ഒ.എൻ.വി. ജീവിതം രാഷ്ട്രീയം കവിത*, തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 2016 മാർച്ച്.

സുരേന്ദ്രൻ, വി. യു. *ചെറിയ മരത്തിൽ പിടിച്ച കാറ്റുകൾ*, തിരുവനന്തപുരം: ഹരിതം ബുക്സ്, 2015 മെയ്.

സച്ചിദാനന്ദൻ (എഡി.), *സ്ത്രീ പഠനങ്ങൾ*, കോഴിക്കോട് : ബോധി ബുക്സ്, 1990.

– – –. *തെരഞ്ഞെടുത്ത കവിതകൾ*, 1965–1998, നെല്ല്, തൃശൂർ: കറന്റ് ബുക്സ്, 1999 ഒക്ടോബർ.

സജിത, മഠത്തിൽ, *മലയാള നാടകസ്ത്രീചരിത്രം*, കോഴിക്കോട് : മാതൃഭൂമി ബുക്സ്, 1990.

സുകുമാരൻ, ടി. പി. *പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര*, കോഴിക്കോട് : ഹരിതം ബുക്സ്, 2008.

സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, കോട്ടയം : ഡി. സി. ബുക്സ്, 2006.

സാജൻ എവുജിൻ (എഡി.), *സംഭാഷണങ്ങൾ, ഒ. എൻ. വി.* തിരുവനന്തപുരം : മെലിൻഡ ബുക്സ്, 2012 മാർച്ച്.

സെബാസ്റ്റ്യൻ, കാപ്പൻ & സെബാസ്റ്റ്യൻ, വട്ടമറ്റം, *പരിസ്ഥിതി സംസ്കൃതി,* കോട്ടയം : അസെൻഡ് പബ്ലിക്കേഷൻസ്, 2014 ഡിസംബർ.

സോമൻ, പി. *ഒരു ഭൂമി ഒരു ആകാശം ഒരു സൂര്യൻ*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001 മെയ്.

– – –. *ഒ. എൻ. വിയുടെ കവിജൻമങ്ങൾ*, കോട്ടയം : ഡി. സി. ബുക്സ്, 2011 ഫെബ്രുവരി.

– – –. *അപാരതയിലെ അഗ്നിച്ചിറകുകൾ,* തിരുവനന്തപുരം : ദർപ്പൺ ബുക്സ്, 1993.

സുവർണ്ണ, നാലപ്പാട്ട്, *മുദ്ര,* പുന്നയൂർകുളം : നാലപ്പാട്ട് ബുക്സ്, 1997.

സുഷമ ബിന്ദു, *ഒരുമ്പെട്ടോൾ,* തെച്ചിപ്പൂക്കൾ, കോഴിക്കോട്: ഐ ബുക്സ്, 2017 ജനുവരി.

ഹേമമാലിനി, എം. *അപരഭാഷ്യങ്ങൾ,* തൃശ്ശൂർ : കറന്റ് ബുക്സ്, 2005.

റേച്ചൽ, കാഴ്സൺ, *നിശ്ശബ്ദവസന്തം*, രതി മേനോൻ, കെ. (വിവ.), കോട്ടയം : ഡി. സി. ബുക്സ്, 2013 മാർച്ച്.

**ആനുകാലികങ്ങൾ**

ആഷാമേനോൻ, *പ്രകൃതിയുടെ പവിത്രക്കെട്ട്,* ഭാഷാപോഷിണി, പുസ്തകം 21, ലക്കം 1, 1997 ജൂൺ, പുറം: 5-9.

കുര്യാക്കോസ്, *അക്ഷരങ്ങളിൽ വിരിയുന്ന മനുഷ്യഗാഥ,* ഭാഷാപോഷിണി, പുസ്തകം 14, ലക്കം 2, 1990 ആഗസ്റ്റ് - സെപ്തംബർ, പുറം: 20-29.

കൃഷ്ണൻ നായർ, എം. *സൂര്യഗീതവും ചരമഗീതവും,* ഭഷാപോഷിണി, 1984, ഡിസംബർ 9-15, പുറം: 12-13.

ഗായത്രി, കെ. പി. *സാറാജോസഫിന്റെ കഥകൾ - ഒരു ഇക്കോഫെമിനിസ്റ്റ് പാരായണം,* വിജ്ഞാനകൈരളി, വാല്യം 40, ലക്കം:9. പുറം: 40-51, 2009 സെപ്തംബർ.

– – –. *സാറാജോസഫിന്റെ കഥകൾ ഒരു ഇക്കോ ഫെമിനിസ്റ്റ് പാരായണം*, വാല്യം 40, ലക്കം 10, 2009 ഒക്ടോബർ, പുറം: 59-67.

ജ്യോതിക, *കായിൻ പേരിൽ പൂമതിക്കുമ്പോൾ*, ദേശാഭിമാനി, പുസ്തകം 44, ലക്കം 9, 2012 ജൂലൈ 22, പുറം: 32-36.

തങ്കപ്പൻ തുമ്പമൺ, *ജ്ഞാനപീഠത്തിൽ സൂര്യതേജസ്സോടെ ഒ. എൻ. വി*, ജനപഥം, പുസ്തകം 42, ലക്കം 10, 2010 ഒക്ടോബർ, പുറം: 37-38.

ദേവിക, ജെ. ഗീത, *സ്ത്രീപക്ഷ സാഹിത്യം മലയാളത്തിൽ,* ഭാഷാപോഷിണി, പുസ്തകം 34, ലക്കം 4, 2010 സെപ്തംബർ, പുറം: 33-48.

നാരായണപിള്ള, കെ. എസ്. *ഭാവുകത്വപരിണാമം ഒ.എൻ.വി കവിതയിൽ,* പുസ്തകം 9, ലക്കം 3, 1985 ഒക്ടോബർ, പുറം: 59-63.

നമ്പ്യാർ, എ. കെ. *നാടോടി പാരമ്പര്യവും ഒ.എൻ.വി കവിതയും,* സാഹിത്യ ലോകം, പുസ്തകം 32, ലക്കം 5, 2006 സെപ്തംബർ - ഒക്ടോബർ, പുറം: 26-36, 58-64.

നമ്പ്യാർ, എ. കെ. *നാടൻ പുരാവൃത്തങ്ങളും ഒ. എൻ.വി കവിതയും*, ദേശാഭിമാനി, പുസ്തകം 40, ലക്കം 18, 2008, സെപ്തംബർ 28, പുറം: 26-30.

പ്രസീത, പി. *മലയാളത്തിലെ പരിസ്ഥിതിസ്ത്രീവാദ സാഹിത്യവായന,* സാഹിത്യ ലോകം, പുസ്തകം 33, ലക്കം 5-6, 2007 സെപ്തംബർ - ഡിസംബർ.

പിയേഴ്സണൻ, എം. എൻ. *പാരിസ്ഥിതികസ്ത്രീവാദത്തിന്റെ രാഷ്ട്രീയ രേഖ*, മല യാളം, പുസ്തകം 2, ലക്കം 24, 1998 ഒക്ടോബർ 23, പുറം: 56-58.

പോൾ, എം. ഡി. *ഒ.എൻ.വി മാനവീയതയുടെ കവി,* സാഹിത്യലോകം, പുസ്തകം 33, ലക്കം 5-6, 2007 സെപ്തംബർ - ഒക്ടോബർ, പുറം: 170-174.

ബഷീർ, എം. എം. *ഒ.എൻ.വിയുടെ കവിത ചെയ്തതെന്ത്,* ചന്ദ്രിക, പുസ്തകം 48, ലക്കം 3, 2001 സെപ്തംബർ 1, പുറം: 14-17.

മ്യൂസ്, മേരി ജോർജ്ജ്, *സ്ത്രീസമത്വചിന്തകളിലെ പ്രകൃതി പാഠങ്ങൾ,* വിജ്ഞാന കൈരളി, 2010 ആഗസ്റ്റ്, പുറം: 26-33.

– – –. *പാരിസ്ഥിതികസ്ത്രീവാദവും സാധ്യതകളും,* കാരുണികൻ, ഫെബ്രുവരി 2012, പുറം: 23.

മധുസുദനൻ, ജി. *ഇക്കോഫെമിനിസം ആണെഴുതുമ്പോൾ*, മാതൃഭൂമി, പുസ്തകം 78, ലക്കം 24, 2000 ആഗസ്റ്റ്, പുറം: 43-49, 52.

മിനി, പ്രസാദ്, *പരിസ്ഥിതിസ്ത്രീവാദ നിരൂപണം,* സാഹിത്യലോകം, തൃശ്ശൂർ: സാഹിത്യ അക്കാദമി, പുസ്തകം 38, 39, ലക്കം 4-6, 1, 2012, ഫെബ്രുവരി, പുറം: 79-82.

– – –. *പാരിസ്ഥിതികസ്ത്രീവാദം,* സംഘടിത, വാല്യം 3, ലക്കം 1, 2012 ജനുവരി, പുറം: 16-17.

*മാർക്കണ്ഡേയപുരാണം*, ജവഹർനഗർ ന്യൂഡൽഹി - 11007: നാഗ് പബ്ളിഷേഴ്സ്, ശ്ലോകം: 34, 2004, പുറം: 260.

മുനിനാരായണ പ്രസാദ്, *മുണ്ഡകോപനിഷത്ത്* (വ്യാഖ്യാനം.), കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2007, പുറം: 80.

മധുസൂദനൻ, ജി. *ഇക്കോഫെമിനിസം ഉത്ഭവവും വികാസവും*, അകം, 2018 നവംബർ, പുറം: 6-13.

രാജശേഖരൻ, എസ്. *പരിസ്ഥിതി ദർശനം പ്രാചീന കവിതയിൽ,* സാഹിത്യലോകം, പുസ്തകം 33, ലക്കം 384, 2007 മെയ് - ആഗസ്റ്റ്, പുറം: 158-170.

– – –. *പരിസ്ഥിതി ദർശനവും മലയാളക്കവിതയും* (1) ദേശാഭിമാനി, പുസ്തം 40, ലക്കം 45, 2009 ഏപ്രിൽ 5, പുറം: 20-23.

– – –. *പരിസ്ഥിതി ദർശനവും മലയാളക്കവിതയും* (2) ദേശാഭിമാനി, പുസ്തകം 40, ലക്കം 46, 2009 ഏപ്രിൽ 12, പുറം: 50-54.

– – –. *പരിസ്ഥിതി ദർശനവും മലയാളക്കവിതയും* (3) ദേശാഭിമാനി, പുസ്തകം 40, ലക്കം 47, 2009 ഏപ്രിൽ 19, പുറം: 56-60.

രമേശൻ നായർ, എസ്. *ആത്മഗതങ്ങളും പുനരപിയും,* കലാകൗമുദി, 2012 ഫെബ്രുവരി 19, പുറം: 28-29.

രാധാകൃഷ്ണൻ, വി. എസ്. *ശൈലീമാനഭേദങ്ങൾ ഒ.എൻ.വി കവിതകളിൽ* (3) സാഹിത്യപോഷിണി, പുസ്തകം 10, ലക്കം 4, 2010 ഏപ്രിൽ, പുറം: 33-35.

- - -. ശൈലീമാനഭേദങ്ങൾ, *ഒ.എൻ.വി കവിതകളിൽ* (2) സാഹിത്യപോഷിണി പുസ്തകം 10, ലക്കം 3, 2010 മാർച്ച്, പുറം: 32-33.

– – –. ശൈലീമാനഭേദങ്ങൾ *ഒ.എൻ.വി കവിതകളിൽ* (1) സാഹിത്യപോഷിണി, പുസ്തകം 10, ലക്കം 2, 2012 ഫെബ്രുവരി, പുറം: 34-35.

ശ്യാമ, ആർ. *പരിസ്ഥിതി സ്ത്രീവാദപരമായ അശോകയും തായ്കുലവും,* വിജ്ഞാനകൈരളി, വാല്യം 40, ലക്കം 12, 2009 ഡിസംബർ, പുറം: 81-84.

സജിത, കിഴിനിപ്പുറത്ത്, *പരിസ്ഥിതി രാഷ്ട്രീയത്തിലെ പെണ്ണിടങ്ങൾ*, സംഘടിത, വാല്യം 2, ലക്കം 3, 2011 സെപ്തംബർ, പുറം: 60-61.

സുലോചനാദേവി, എൽ. *ഭൂമിസൂക്തത്തിലെ പാരിസ്ഥിതികദർശനം,* വിജ്ഞാന കൈരളി, വാല്യം 44, ലക്കം 9, 2013 സെപ്തംബർ, പുറം: 39-42.

ഹരിദാസൻ, *സ്വന്തമീണം രചിക്കുന്ന ശരവേഗം,* വിജ്ഞാനകൈരളി, 2012 ജൂൺ, പുറം: 44-53.

**ഒ. എൻ. വി പതിപ്പുകൾ**

കലാകൗമുദി, 1835, 2010 ഒക്ടോബർ 10.

ജനശക്തി, ഒ. എൻ. വി പതിപ്പ്, പുസ്തകം 1, ലക്കം 6, 2016 മാർച്ച്, പുറം 1-15.

ദേശാഭിമാനി, ഒ. എൻ. വി പതിപ്പ്, പുസ്തകം 47, ലക്കം 41, 2016 ഫെബ്രുവരി 28.

ദേശാഭിമാനി, ഒ. എൻ. വിക്ക് സ്തുതിഗീതങ്ങൾ, പുസ്തകം 42, ലക്കം 20, 2010, ഒക്ടോബർ 10.

ബാലരമ ഡൈജസ്റ്റ്, പുസ്തകം 17, ലക്കം 12, 2016, മാർച്ച് 19.

ഭാഷാപോഷിണി, ഒ. എൻ. വി പതിപ്പ്, ഒ. എൻ. വിയുടെ കാവ്യജീവിതം, 2010 ഒക്ടോബർ, പു. 6-47.

മലയാളം, ഒ. എൻ. വി പതിപ്പ്, പുസ്തകം 19, ലക്കം 40, 2016 ഫെബ്രുവരി 22.

മലയാളം, ഒ. എൻ. വിയുടെ കാവ്യപ്രപഞ്ചത്തിലൂടെ, പുസ്തകം 14, ലക്കം 9, 2010 ഒക്ടോബർ 8.

മാധ്യമം, പുസ്തകം 19, 2016, ഫെബ്രുവരി 29, പുറം 12-19.

മാതൃഭൂമി, ഒ. എൻ. വി പതിപ്പ്, പുസ്തകം 93, ലക്കം 50, 2016 ഫെബ്രുവരി 28, മാർച്ച് 5.

മാതൃഭൂമി, ഒ. എൻ. വി പതിപ്പ്, 2010 ഒക്ടോബർ 17.

ഹരിശ്രീ മാതൃഭൂമി തൊഴിൽ വാർത്ത, കാവ്യഗന്ധർവ്വൻ, പുസ്തകം 24, ലക്കം 19, 2016 മാർച്ച് 5.

Beauvior, de Simone, *The Second Sex*, Penguin: Harmondsworth, 1972.

Carson, Rachel, *Silent Spring*, Goa: The other India Press, 1962.

Datar, Chhaya, *Eco Feminism Revistied,* Jaipur: Rawat Publications, 2011.

Firestone, Shulamith, *The Dialetctic of sex: The cause of Feminist Revolution,* New York: Morrow, 1970.

Friedan, Betty, *The Feminine Mystique*, Penguin: Harmondworth, 1988.

Fukuoka, Masanobu, *The one-straw Revolution*, Goa: The other India Press, 1998.

Hornby A.S., *Oxford Advanced Learners Dictionary of Current English,* New York: Oxford University Press 12th impression, 2010.

King, Ynestra, *Healing the wounds: Feminism Ecology and Nature/ Culture dualism, Rewearing the world*, Diamond and G.F. orenstein (ed.), Sanfranciso: Sierra club books, 1990.

Kurup, O.N.V, *Poetry and Culture*, Trissur: Kerala Sahitya Akademi, 2011 February.

Meller, Mary, *Feminism and Ecology,* New York: New York University Press, 1997.

Merchant, Carolyn, *The death of Nature: Woman Ecology and the Scientific Revolution*, New York: Harper and Row, 1980.

Mies, Maria and Vandana Siva (ed.), *Ecofeminism,* New Delhi: Cali for Women, 1993.

Salleh, Arriel, *Ecofeminism as politics: Nature Marx and the Postmodern,* London: Zed Books, 1997.

Siva, Vadana, *Staying Alive*, London: Led Press, 1989.

Woolf, Virginia, *A room of one's own*, Cambridge: Cambridge University Press, 1998.

## അനുബന്ധം 1

# ഒ. എൻ. വിയുടെ കൃതികൾ

**കവിതാസമാഹാരങ്ങൾ**

1. *കലയും കശാപ്പും,* വിദ്യാർത്ഥി ജീവിതകാലത്തെ സമരങ്ങളുമായി ബന്ധപ്പെട്ടെഴുതിയ ഗാനങ്ങളുടെ കാമ്പസ് പ്രസിദ്ധീകരണങ്ങൾ.

2. *പൊരുതുന്ന സൗന്ദര്യം,* 1950, അലൈഡ് എജൻസീസ്, കൊല്ലം.

3. *സമരത്തിന്റെ സന്തതികൾ,* 1951, അലൈഡ് ഏജൻസീസ്, കൊല്ലം.

4. *ഞാൻ നിന്നെ സ്നേഹിക്കുന്നു,* 1953, അലൈഡ് എജൻസീസ്, കൊല്ലം.

5. *ന്റെ പുന്നാര അരിവാള്, 1954 ജൂൺ,* അരുണ ബുക്സ്റ്റാൾ, ആലപ്പുഴ.

6. *മാറ്റു*വിൻ ചട്ടങ്ങളെ (അവതാരിക: ജോസഫ് മുണ്ടശ്ശേരി), 1955 ഏപ്രിൽ, പ്രഭാത് ബുക്ക് ഹൗസ്, കൊല്ലം.

7. *ദാഹി*ക്കുന്ന *പാനപാത്രം* (അവതാരിക: മുണ്ടശ്ശേരി), 1956, പ്രഭാത് ബുക്ക്ഹൗസ്, കൊല്ലം.

8. *ഒരു ദേവ*തയും *രണ്ടു ചക്രവർത്തിമാരും*, 1958 ഒക്ടോബർ, സാഹിത്യ പരിഷത്ത്, എറണാകുളം.

9. *കടി*ഞ്ഞൂൽ *കനികൾ* (ആദ്യകാലത്തെഴുതിയ ചില കവിതകൾ പിൽക്കാലത്തു സമാഹരിച്ചത്), 1960 ഡിസംബർ, കറന്റ് ബുക്സ്, തൃശ്ശൂർ.

10. *മയിൽപ്പീലി* (അവതാരിക: എൻ.വി കൃഷ്ണവാര്യർ), 1964 ഏപ്രിൽ, എം. എസ്. ബുക്ഡിപ്പോ, കൊല്ലം.

11. *ഒരു തുള്ളി വെളിച്ചം* (അവതാരിക: കെ. പി. ശങ്കരൻ), 1966 ഡിസംബർ, മംഗളോദയം, തൃശ്ശൂർ.

12. *അഗ്നിശലഭങ്ങൾ* (അവതാരിക: പ്രൊഫ. എൻ കൃഷ്ണപിള്ള), 1971 ഡിസംബർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം.

13. *അക്ഷരം* (അവതാരിക: വൈലോപ്പിള്ളി ശ്രീധരമേനോൻ), 1974 ഏപ്രിൽ, സാഹിത്യ പ്രവർത്തക സഹകരണ സംഘം.

14. *കറുത്ത പക്ഷി*യുടെ പാട്ട് (അവതാരിക : ഉറൂബ്), 1977 ഡിസംബർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം.

15. *ഉപ്പ്* (അവതാരിക: സുകുമാർ അഴീക്കോട്), 1980 ഡിസംബർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം.

16. *ഭൂമിക്ക് ഒരു ചരമഗീതം* (എന്റെ കവിത: ഒ. എൻ. വി. കുറുപ്പ്), 1984 സെപ്തംബർ, ഡി. സി. ബുക്സ്, കോട്ടയം.

17. *ശാർങ്ഗകപക്ഷികൾ* (അവതാരിക : പ്രൊഫ. എൻ. കൃഷ്ണപിള്ള), 1987 ഡിസംബർ, ഡി. സി. ബുക്സ്, കോട്ടയം.

18. *തോന്ന്യാക്ഷരങ്ങൾ* (ഗദ്യകവിത), 1989 ജൂലൈ, ഡി. സി. ബുക്സ്, കോട്ടയം.

19. *മൃഗയ,* 1989, സെപ്തംബർ, ഡി. സി. ബുക്സ്, കോട്ടയം.

20. *വെറുതേ,* 1994, ഡി.സി.ബുക്സ്, കോട്ടയം.

21. *ഭൈരവന്റെ തുടി, 1998,* ഡി. സി. ബുക്സ്, കോട്ടയം.

22. *ഈ പുരാതന കിന്നരം* (അനുബന്ധം: കവിയുടെ സത്യവാങ്മൂലം), 2000 നവംബർ, ഡി. സി. ബുക്സ്, കോട്ടയം.

23. *ക്ഷണികം, പക്ഷേ,* 2002 ഒക്ടോബർ, ഡി. സി. ബുക്സ്, കോട്ടയം.

24. *ഞാനഗ്നി* (എന്റെ കവിത എന്റെ ജീവിതം - ഒ. എൻ. വി), 2005 നവംബർ, ഡി. സി. ബുക്സ്, കോട്ടയം.

25. *അർദ്ധവിരാമങ്ങൾ,* 2009 ഏപ്രിൽ, ഡി. സി. ബുക്സ്, കോട്ടയം.

26. *സുവർണ്ണ പുസ്തകം*, 2012 ആഗസ്റ്റ്, ഡി. സി. ബുക്സ്, കോട്ടയം.

27. *പുനരപി*, 2012 ഫെബ്രുവരി, ഡി. സി. ബുക്സ്, കോട്ടയം.

28. *കടൽ ശംഖുകൾ,* 2013 ആഗസ്റ്റ്, ഡി. സി. ബുക്സ്, കോട്ടയം.

29. *സൂര്യന്റെ മരണം,* 2015 ഫെബ്രുവരി, ഡി. സി. ബുക്സ്, കോട്ടയം.

30. *അനശ്വരതയിലേക്ക്*, 2016 മെയ്, ഡി. സി. ബുക്സ്, കോട്ടയം.

**ഖണ്ഡകാവ്യങ്ങൾ/ കാവ്യാഖ്യായികകൾ**

1. *മരുഭൂമി* (ഒരു ദുരന്തകാവ്യം), 1959 ഡിസംബർ, എം. എസ്. ബുക്ക് ഡിപ്പോ, കൊല്ലം.

2. *നീലക്കണ്ണുകൾ* (ആമുഖം : കെ. എസ്. ചന്ദ്രൻ), 1961 ജനുവരി, എം. എസ്. ബുക്ക് ഡിപ്പോ, കൊല്ലം.

3. *ഉജ്ജയിനി* (കാളിദാസന്റെ സത്യം-ഒ.എൻ.വി, അനുബന്ധം- ഉജ്ജയിനിയെ പ്പറ്റി ഒരു സുഹൃദ് സംവാദം. എം. ടി, എൻ. പി. മുഹമ്മദ്, എം. എം. ബഷീർ, ഒ. എൻ. വി.), ഡി. സി. ബുക്സ്, കോട്ടയം.

4. *സ്വയംവരം* (അവതാരിക: ഡോ. എം. ലീലാവതി), 1995 ഡിസംബർ, കറന്റ് ബുക്സ്, തൃശ്ശൂർ.

5. *സ്നേഹിച്ചു തീരാത്തവർ* (സ്നേഹിച്ചു തീരാത്ത കവിക്ക് - സുഗതകുമാരി, അനശ്വര സ്നേഹത്തിന്റെ അഷ്ടപദി -ഡോ. എസ്. ശ്രീദേവി), 2007 ആഗസ്റ്റ്, ഡി. സി. ബുക്സ്, കോട്ടയം.

6. *ദിനാന്തം* (അവതാരിക : ഡോ. എം. ലീലാവതി), 2010 ആഗസ്റ്റ്, ഡി. സി. ബുക്സ്, കോട്ടയം.

**ബൃഹത്സമാഹാരങ്ങൾ**

1. ഒ.എൻ.വിയുടെ നാലുകാവ്യ സമാഹാരങ്ങൾ, 1986 ഡിസംബർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം.
2. ഒ.എൻ.വിയുടെ രണ്ടുകാവ്യസമാഹാരങ്ങൾ, 1988 മാർച്ച്, സാഹിത്യ പ്രവർത്തക സഹകരണ സംഘം.
3. ആദ്യകാല കവിതകൾ (അവതാരിക: പി. ഗോവിന്ദപ്പിള്ള), 1991 മാർച്ച്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. ഒ.എൻ.വിയുടെ കവിതകൾ - ഒരു ബൃഹത്സമാഹാരം, 2001 ഫെബ്രുവരി, ഡി. സി. ബുക്സ്, കോട്ടയം.
5. അരിവാളും രാക്കുയിലും (ആദ്യകാല കവിതകളുടെ പുതിയ പതിപ്പ്), 2006 മെയ്, എച്ച്. ആന്റ്. സി. ബുക്സ്, തൃശ്ശൂർ.

**ബാലസാഹിത്യം**

1. *വളപ്പൊട്ടുകൾ,* 1980, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.
2. *നറുമൊഴി*, 2000, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

**കഥ**

1. ബലി, 2004 മെയ്, ഹരിതം ബുക്സ്

**ഗാനസമാഹാരങ്ങൾ**

1. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി (ഗാനങ്ങൾ), 1953, കെ. പി. എ. സി. കായംകുളം.
2. ഓണപ്പൂക്കൾ (ഗാനങ്ങൾ), 1958.
3. ഗാനമാല (ഗാനസമാഹാരം), 1960 ആഗസ്റ്റ്, മോഡേൺ ബുക്സ്, കൊല്ലം.

4. ഗാനമേള (ഗാനസമാഹാരം), 1963 നവംബർ, മോഡേൺ ബുക്സ്, കൊല്ലം.

5. ഒ.എൻ.വിയുടെ നാടകഗാനങ്ങൾ, 1968 മെയ്, കറന്റ് ബുക്സ്, തൃശ്ശൂർ.

6. ഗാനോത്സവം, 1969 നവംബർ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

7. ഗാനകേളി, 1978 നവംബർ, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

8. രാഗം ശ്രീരാഗം (ചലച്ചിത്രഗാനങ്ങൾ), 1983 ജനുവരി, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

9. ഒ.എൻ.വിയുടെ തെരഞ്ഞെടുത്ത ഗാനങ്ങൾ (ആമുഖം : ഒ. എൻ. വി.), 1991 ഡിസംബർ, പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

10. ഒ.എൻ.വിയുടെ ഗാനങ്ങൾ (ആമുഖം : ഒ. എൻ. വി.), 1999 ആഗസ്റ്റ്, സഹൃദയ ബുക്സ്, പുലിയന്നൂർ.

11. ഒ.എൻ.വിയുടെ 151 പ്രണയ ഗീതങ്ങൾ (മനസ്സിലുണരുന്ന വർണ്ണരേണുക്കൾ, പ്രഭാവർമ്മ), 2004 ജനുവരി, റയിൻബോ ബുക്ക് പബ്ലിഷേഴ്സ്.

12. മാണിക്യവീണ (ഒ.എൻ.വിയുടെ തെരഞ്ഞെടുത്ത 1001 ഗാനങ്ങൾ അവതാരിക : പ്രഭാവർമ്മ), 2006 ആഗസ്റ്റ്, ഡി. സി. ബുക്സ്, കോട്ടയം.

13. ഗസലുകൾ പൂക്കുന്നരാത്രി, 2007 മാർച്ച്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

14. മഞ്ഞൾപ്രസാദം (ഒ.എൻ.വിയുടെ 55 ഗാനങ്ങൾ), 2008.

15. വയൽപ്പൂക്കൾ (തെരഞ്ഞെടുത്ത ചലച്ചിത്ര ഗാനങ്ങളും നാടക ഗാനങ്ങളും), 2010 ജൂൺ, സാഹിത്യപ്രവർത്തക സഹകരണ സംഘം.

**പഠനം/ഓർമ്മ/അനുഭവം**

1. താമരപ്പൊയ്ക (പ്രബന്ധങ്ങളും പഠനങ്ങളും), 1968, മോഡേൺ ബുക്സ്, കൊല്ലം.

2. കവിതയിലെ പ്രതിസന്ധി (കേരളസർവ്വകലാശാലയിൽ ചെയ്ത ആശാൻ സ്മാരക പ്രഭാഷണം), 1991 ഏപ്രിൽ, കേരള സർവ്വകലാശാല.

3. കവിതയിലെ സമാന്തരരേഖകൾ (ചങ്ങമ്പുഴ, വൈലോപ്പിള്ളി എന്നീ കവികളെക്കുറിച്ചുള്ള പഠനം), 1992 ആഗസ്റ്റ്, ഡി. സി. ബുക്സ്, കോട്ടയം.

4. എഴുത്തച്ഛൻ (ജീവചരിത്രവും പഠനവും), 1993, കേരള സർവ്വകലാശാല.

5. കവിതയിലെ വഴിത്തിരിവുകൾ (ആശാൻ സ്മാരക പ്രഭാഷണങ്ങൾ), 1997, കേരള സർവ്വകലാശാല.

6. പാഥേയം (ലേഖനങ്ങൾ), 1999 ഏപ്രിൽ, സാഹിത്യ പ്രവർത്തക സഹകരണ സംഘം.

7. കാല്പനികം (ലേഖനങ്ങൾ), 2000, ഒലീവ്, കോഴിക്കോട്.

8. കൊച്ചുകൊച്ചുവർത്തമാനങ്ങൾ, 2000, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

9. ഓർമ്മയിലെ നിലാക്കീറുകൾ, 2004 ഏപ്രിൽ, സങ്കീർത്തനം പബ്ലിക്കേഷൻസ്, കൊല്ലം.

10. ഓർമ്മയുടെ പുസ്തകം- ജീവിതയാത്രയിൽ എനിക്കൊപ്പം, 2006 ഏപ്രിൽ, സങ്കീർത്തനം പബ്ലിക്കേഷൻസ്, കൊല്ലം.

11. നടക്കാവുകളിലൂടെ (സ്മൃതി രേഖകൾ), 2007 മാർച്ച്, സങ്കീർത്തനം പബ്ലിക്കേഷൻസ്, കൊല്ലം.

12. തോപ്പിൽ ഭാസി - ഓണാട്ടുകര മണ്ണിന്റെ ഉപ്പ്, 2009 ഡിസംബർ, കെ. പി. എ. സി. പബ്ലിക്കേഷൻസ്.

13. വാമൊഴികൾ വരമൊഴികൾ (പ്രഭാഷണങ്ങളും ലേഖനങ്ങളും), 2010 ഡിസംബർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

14. Poetry and Culture (speeches), 2010 ഡിസംബർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

15. കാവ്യകണികകൾ

16. പോക്കുവെയിൽ മണ്ണിലെഴുതിയത് (ആത്മകഥ), 2015 മാർച്ച്, ചിന്താപബ്ലിഷേഴ്സ്, തിരുവനന്തപുരം.

17. അരികിൽ നീയുണ്ടായിരുന്നെങ്കിൽ (ഓർമ്മകൾ), 2015 മെയ്, ഡി. സി. ബുക്സ്, കോട്ടയം.

**വിവർത്തനം**

1. കാൾമാർക്സിന്റെ കവിതകൾ (മാർക്സിനൊരു ഗീതം - ഒ. എൻ. വി, അവതാരിക: പി. ഗോവിന്ദപ്പിള്ള), 1984 ആഗസ്റ്റ്, കേരള ഗ്രന്ഥശാലാ സഹകരണ സംഘം.

2. പുഷ്കിൻ : സ്വാതന്ത്ര്യബോധത്തിന്റെ ദുരന്ത ഗാഥ (പഠനവും കവിതാപരിഭാഷകളും, അവതാരിക : പി. ഗോവിന്ദപിള്ള), 1999 നവംബർ, സാഹിത്യപ്രവർത്തക സഹകരണ സംഘം.

3. റോമൻ ചിത്രഫലകത്രയം (ധ്യാനങ്ങൾ), (ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ കൃതി), 2006 ഡിസംബർ, കാർമൽ പബ്ലിഷിങ്ങ് സെന്റർ, തിരുവനന്തപുരം.

**സംശോധിത സംസ്കരണം/എഡിറ്റിംങ്ങ്**

1. ഒരു ഗന്ധർവൻ ഈവഴി വന്നു (വയലാർ രാമവർമ്മയെക്കുറിച്ച്), 1994, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

2. ഭാഷാഷ്ടപദി, 1997 ആഗസ്റ്റ്, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

**ഒ. എൻ. വി കവിതയുടെ വിവർത്തനങ്ങൾ**

1. ദർശൻ (തെരഞ്ഞെടുത്ത കവിതകളുടെ ഹിന്ദി വിവർത്തനം), ഡോ. എൻ. കുട്ടൻപിള്ള, 1991, ഭാരതീയജ്ഞാനപീഠ് പ്രകാശൻ.

2. ഉജ്ജയിനി (സംസ്കൃത വിവർത്തനം), ഡോ. എൻ. വി. പി. ഉണിത്തിരി, 1996,ഗവൺമെന്റ് സംസ്കൃത കോളേജ് കമ്മിറ്റി, തൃപ്പൂണിത്തുറ.

3. സ്വയംവരം (ഹിന്ദി വിവർത്തനം), ഡോ. എസ്. തങ്കമണി അമ്മ, 1997, വാണി പ്രകാശൻ, ന്യൂഡൽഹി.

4. ഒ.എൻ.വി. ക്കി മലയാളം കവിതായേം, (തെരഞ്ഞെടുത്ത കവിതകളുടെ ഹിന്ദി വിവർത്തനം), എൻ. ഇ. വിശ്വനാഥയ്യർ, 1997, മദ്ധ്യപ്രദേശ് പ്രഗതി ശീൽലേഖക് സംഘ്, അംബികാപുരം.

5. ഉജ്ജയിനി (ഇംഗ്ലീഷ് വിവർത്തനം), എ. ജെ. തോമസ്, 1997, സഞ്ചാർ പബ്ലിഷേഴ്സ്, ന്യൂഡൽഹി, രൂപ ആന്റ് കോ, ന്യൂഡൽഹി (രണ്ടാം പതിപ്പ്, 2002).

6. ഉജ്ജയിനി (തമിഴ് വിവർത്തനം), പി. ബാലസുബ്രഹ്മണ്യം, 2000 ഡിസംബർ, കവിത, പബ്ലിക്കേഷൻസ്, ചെന്നൈ.

7. കറുത്ത പറവൈയിൻ പാടൽ (കറുത്ത പക്ഷിയുടെ പാട്ടിന്റെ തമിഴ് വിവർത്തനം), നല്ലൈ മുത്തു, 2002, പ്രകാശകൻ: പി. ഉദയണ്ണൻ.

8. ഉജ്ജയിനി (സംസ്കൃത വിവർത്തനം), ഡോ. മാവേലിക്കര അച്യുതൻ, 2004 ജനുവരി, സ്വന്തം ബുക്സ്, തിരുവനന്തപുരം.

9. This Ancient Lyre (തെരഞ്ഞെടുത്ത കവിതകളുടെ ഇംഗ്ലീഷ് വിവർത്തനം), എ. ജെ. തോമസ്, (എഡി.), 2005, സാഹിത്യ അക്കാദമി, ന്യൂഡൽഹി.

അനുബന്ധം 2

## ഒ. എൻ. വിയും പുരസ്കാരങ്ങളും

1949 : പുരോഗമന സാഹിത്യ സമ്മേളനത്തിൽ അവതരിപ്പിച്ച അരിവാളും രാക്കുയിലും എന്ന കവിതയ്ക്ക് മികച്ചകവിതയ്ക്കുള്ള ചങ്ങമ്പുഴ മെഡൽ ലഭിച്ചു.

1972: കേരള സാഹിത്യ അക്കാദമി അവാർഡ് - അഗ്നിശലഭങ്ങൾ.

1975 : കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് - അക്ഷരം.

1979 : പന്തളം കേരളവർമ്മ ജന്മശതാബ്ദി പുരസ്കാരം - കറുത്ത പക്ഷിയുടെ പാട്ട്.

1980 : വയലാർ അവാർഡ് - ഉപ്പ്.

1981 : സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് - ഉപ്പ്.

1989 : കൽക്കത്തയിലെ ഭാരതീയ ഭാഷാപരിഷത്തിന്റെ 'ഭിൽവാരാ' അവാർഡ് - മൃഗയ.

1990 : പ്രഥമ ഉള്ളൂർ പുരസ്കാരം, ഓടക്കുഴൽ അവാർഡ് - മൃഗയ.

1991 : ആശാൻ പുരസ്കാരം - ശാർങ്ഗക പക്ഷികൾ.

1992 : ഏറ്റവും നല്ല സാഹിത്യ സാംസ്ക്കാരിക പ്രവർത്തക എം. കെ. കെ. നായർ അവാർഡ്.

1995 : തെലുങ്കുകവി ഖുറം ജോഷ്വാ സ്മാരക ദേശീയ കവിതാ പുരസ്കാരം - ഉജ്ജയിനി, പാട്യം ഗോപാലൻ അവാർഡ്, നാലപ്പാടൻ സാഹിത്യ പുരസ്കാരം.

1998 : അബുദാബി സാഹിത്യ പുരസ്കാരം.

1999 : കേരളസാഹിത്യ അക്കാദമി ഫെലോഷിപ്പ്.

2001 : മഹാകവി ജി. സ്മാരക അവാർഡ്.

2002 : പി. കുഞ്ഞിരാമൻ നായർ പുരസ്കാരം- ഈ പുരാതന കിന്നരം.

2003 : ബഹറിൻ കേരളീയ സമാജം സാഹിത്യ പുരസ്കാരം.

2004 : സമസ്ത കേരള സാഹിത്യ പരിഷത്ത് പ്ലാറ്റിനം ജൂബിലി പുരസ്കാരം, ദല സാഹിത്യ പുരസ്കാരം.

2005 : സമഗ്ര സംഭാവനയ്ക്കുള്ള പദ്മപ്രഭാപുരസ്കാരം, പുഷ്പശ്രീ അവാർഡ് (കോഴിക്കോട്), സഞ്ജയൻ സാഹിത്യ പുരസ്കാരം.

2007 : കേരള സംസ്ഥാന സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം.

2009 : റഷ്യൻ കവി യസ്നിൻ പുരസ്കാരം, രാമാശ്രമം ട്രസ്റ്റ് പുരസ്കാരം.

2010 : ഭാരതത്തിലെ പരമോന്നത സാഹിത്യ പുരസ്കാരമായ ജ്ഞാപീഠം (2007) പ്രഖ്യാപിച്ചു.

2011 : ഫെബ്രുവരി 11 ന് ജ്ഞാനപീഠം നൽകി ആദരിച്ചു.

2011 : തോപ്പിൽ ഭാസി പുരസ്കാരം.

2011 : കമല സുരയ്യ പുരസ്കാരം- ദിനാന്തം.

2015 : റഷ്യയുടെ പുഷ്കിൻ മെഡൽ.

**സിവിലിയൻ ബഹുമതികൾ**

1998 : പത്മശ്രീ

2007 : കേരള യൂണിവേഴ്സിറ്റിയുടെ ഓണററി ഡോക്ടറേറ്റ്.

2011 : പത്മവിഭൂഷൺ.

**ചലച്ചിത്ര പുരസ്കാരം**

1989 ഏറ്റവും നല്ല ചലച്ചിത്രഗാനത്തിനുള്ള രാഷ്ട്രപതിയുടെ രജതകമലം - മികച്ച ഗാനരചയിതാവിനുള്ള ദേശീയചലച്ചിത്രപുരസ്കാരം - വൈശാലി.

**സംസ്ഥാന ചലച്ചിത്ര പുരസ്കാരം**

| **വർഷം** | | **സിനിമ** |
|---|---|---|
| 1971 | മികച്ച ഗാനരചയിതാവ് | സ്വപ്നം |
| 1976 | ,, | സർവ്വേക്കല്ല് |
| 1977 | ,, | മദനോത്സവം |
| 1979 | ,, | ഉൾക്കടൽ |
| 1980 | ,, | യാഗം, അമ്മയും മകളും |
| 1983 | ,, | ആദാമിന്റെ വാരിയെല്ല്, പരസ്പരം |
| 1984 | ,, | ഇത്തിരിപ്പൂവേ ചുവന്ന പൂവേ, അക്ഷരങ്ങൾ |
| 1986 | ,, | നഖക്ഷതങ്ങൾ |
| 1987 | ,, | മണിവത്തൂരിലെ ആയിരം ശിവരാത്രികൾ. |
| 1988 | ,, | വൈശാലി |
| 1989 | ,, | ഒരു സായാഹ്നത്തിന്റെ സ്വപ്നം, പുറപ്പാട് |
| 1990 | ,, | രാധാമാധവം |
| 2008 | ,, | ഗുൽമോഹർ |
| 2017(2016) | ,, | കാംബോജി |

# അനുബന്ധം 3

## പൂർവ്വ പഠനങ്ങൾ


- ബഷീർ, എം. എം. ഫിനിക്സിന്റെ സംഗീതം, കോട്ടയം : ഡി. സി. ബുക്സ്, 1985.
- രാജശേഖരൻ, എസ്. ഒ.എൻ.വി കവിത, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1986 മാർച്ച്.
- പ്രസന്നരാജൻ, കേരളകവിതയിലെ കലിയും ചിരിയും, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1992, ആഗസ്റ്റ്.
- സോമൻ, പി. അപാരതയില അഗ്നിച്ചിറകുകൾ, തിരുവനന്തപുരം: ദർപ്പൺ ബുക്സ്, 1993.
- വാഗ്ഭവ, ഉജ്ജയനിയിലെ കാളിദാസൻ, കോഴിക്കോട് : വാഗ്ഭവ പബ്ലിഷേഴ്സ്, 1995 മാർച്ച്.
- തെക്കുംഭാഗം മോഹൻ, തോന്ന്യാക്ഷരങ്ങളിലെ ഉപ്പ്, കോഴിക്കോട് : മനോലോകം, 1997.
- ജോളി സക്കറിയ, ഒ.എൻ.വി കവിത മൊഴിയും പൊരുളും, കോട്ടയം : കറന്റ് ബുക്സ്, 1999.
- സുവർണ്ണ നാലപ്പാട്ട്, 'മുദ്ര - 'ഉജ്ജയിനി'യ്ക്കൊരു ആസ്വാദനം', പുന്നയൂർകുളം : നാലപ്പാട്ട് ബുക്സ്, 1997.
- ദാമോദരൻ, പി. പി. കാളിദാസനെ തേടി - ഉജ്ജയിനിയിലൂടെ, പ്രസാധകൻ, അനിരുദ്ധൻ, പി.പി. 2001 ഫെബ്രുവരി.
- സോമൻ, പി. ഒരു ഭൂമി ഒരു ആകാശം ഒരു സൂര്യൻ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001 മെയ്.
- രാജശേഖരൻ, എസ്. (എഡി.), ഇനി ഞാൻ ഉണർന്നിരിക്കാം, സാഹിത്യപ്രവർത്തകസഹകരണസംഘം, 2008 മെയ്
- പിള്ള ചവറ, കെ. എസ്. ഒ.എൻ.വിയിലൂടെ, കൊല്ലം : കീർത്തി ബുക്സ്, 2009 ഡിസംബർ.

- സുരേഷ്, വെള്ളി മംഗലം, ഒ.എൻ.വി.കവിത: ഈണവും പൊരുളും, കോട്ടയം : ഡി. സി. ബുക്സ്, 2009.
- ജയകൃഷ്ണൻ, എൻ. മലയാളത്തിന്റെ സൂര്യഗീതങ്ങൾ, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010 നവംബർ.
- പ്രതാപൻ, തായാട്ട് (എഡി.), ഒ.എൻ.വി ജ്ഞാനപീഠം കയറിയ കവിത യുടെ ഉപ്പ്, കോഴിക്കോട് : ഹരിതം ബുക്സ്, 2011 ജനുവരി.
- സോമൻ, പി. ഒ.എൻ.വിയുടെ കവി ജന്മങ്ങൾ, കോട്ടയം : ഡി. സി. ബുക്സ്, 2011 ഫെബ്രുവരി.
- ബൈജു, ചന്ദ്രൻ, ഒ.എൻ.വി കുറുപ്പ്, തിരുവനന്തപുരം : കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 2011.
- രാജരാജവർമ്മ, എഴുമറ്റൂർ(എഡി.), അക്ഷരമുദ്ര, തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി, 2011 ഫെബ്രുവരി.
- വേണു ഗോപാലൻ, പി (എഡി.), ഒ.എൻ.വി എന്റെ ഗുരുനാഥൻ, കോട്ടയം : ഡി. സി. ബുക്സ്, 2011 ഫെബ്രുവരി.
- തങ്കപ്പൻ തുമ്പമൺ (സമ്പാദനം.), ജ്ഞാനപീഠത്തിൽ സൂര്യ തേജസ്സോടെ ഒ.എൻ.വി, പരിധി പബ്ലിക്കേഷൻസ്, 2011 മാർച്ച്.
- സാജൻ, എവുജിൻ (എഡി.), (സംഭാഷണങ്ങൾ), ഒ.എൻ.വി, തിരുവനന്ത പുരം: മെലിൻഡ ബുക്സ്, 2012 മാർച്ച്.
- ശെൽവമണി, കെ. ബി. (എഡി.), ഒ.എൻ.വി പഠനം സംഭാഷണം ഓർമ്മ, കോഴിക്കോട് : 2012 ജൂൺ.
- ബേബി, എം. എ. ഒ.എൻ.വി സ്നേഹാക്ഷരങ്ങളിലെ ഉപ്പ്, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2013 മാർച്ച്.
- ജോൺസൺ, കൊച്ചുതുണ്ടിൽ, ഫാ. ഒലിവിലയുടെ പച്ച ഞരമ്പുകൾ, തിരു വനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015 മെയ്.
- ജയകൃഷ്ണൻ, എൻ. (എഡി.), ഭൂമിക്ക് ഒരു അമരഗീതം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016 ഫെബ്രുവരി.

- പ്രശാന്ത്, കൃഷ്ണൻ (എഡി.), ഒ. എൻ. വി. ഉപ്പിന്റെ മാധുര്യം, കണ്ണൂർ : സമയം പബ്ലിക്കേഷൻസ്, 2016 മാർച്ച്.
- ഷാജി കുമാർ, കെ. എൻ. ഒ.എൻ.വി ജീവിതം, രാഷ്ട്രീയം, കവിത, തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 2016 മാർച്ച്.
- ഗോപാലകൃഷ്ണൻ, പെരുമ്പുഴ, ഒ.എൻ.വി ഓർമ്മകളിൽ സുഗന്ധം, തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 2016 ജൂൺ.
- അജയഘോഷ്, എസ്. പെണ്ണും പ്രകൃതിയും ഒ.എൻ.വി കവിതയിൽ, കണ്ണൂർ : സമയം പബ്ലിക്കേഷൻസ്, 2016 നവംബർ.
- മുരളി പിരപ്പൻകോട് (പഠനം, സമ്പാദനം), ഒ.എൻ.വി കാവ്യസംസ്കൃതി, തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017 ഒക്ടോബർ.


**ഒ.എൻ.വി കവിതയെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധങ്ങൾ**


- വിഷാദം, നിഷേധം, കലാപം കാല്പനികതയുടെ മൂന്ന് അവസ്ഥകൾ. ആധുനിക മലയാളകവിതയെ അടിസ്ഥാനമാക്കി ഒരു പഠനം, 1982, രാജൻ, എൻ.
- കാല്പനിക കവിതയുടെ പരിണാമം മലയാളത്തിൽ – ആശാൻ, ചങ്ങമ്പുഴ, ഒ. എൻ. വി. ഇവരെ മുഖ്യാവലംബമാക്കി ഒരു പഠനം, 1996, ബാബു ജോസഫ്.
- കേരളത്തനിമയും പാരമ്പര്യങ്ങളും : വയലാർ രാമവർമ്മ, ഒ. എൻ. വി. കുറുപ്പ്, പി. ഭാസ്കരൻ ഇവരുടെ കവിതകളിൽ ഒരു പഠനം, 2004, അഷറഫ്, എ.
- ഒ. എൻ. വിയുടെ കവിത: ഒരു പഠനം, 2005, രാജഗോപാൽ, ആർ. കാലിക്കറ്റ് സർവ്വകലാശാല.
- ഒ. എൻ. വി കവിതയിലെ ഗൃഹാതുരത്വം, 2007, അമൃതകുമാരി, സി.
- പ്രതിജ്ഞാബദ്ധത ഒ. എൻ. വി കവിതയിൽ, 2013, സൂസന്ന പി. ദാസ്, കേരളയൂണിവേഴ്സിറ്റി.

- പ്രത്യയശാസ്ത്രാഭിമുഖ്യങ്ങളും വ്യതിയാനങ്ങളും, വയലാർ, ഒ. എൻ. വി എന്നിവരുടെ കവിതകളിൽ ഒരു പഠനം, രാജൻ, ആർ. മഹാത്മാഗാന്ധി യൂണി വേഴ്സിറ്റി.
- മതാത്മക ബിംബങ്ങളും പദാവലിയും ജി. ശങ്കരക്കുറുപ്പ്, ഒ. എൻ. വി കുറുപ്പ്. എന്നിവരുടെ കവിതകളിൽ ഒരു പഠനം, ബാബുജി. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി.
- മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ സ്വാധീനം ഒ. എൻ. വി, പി. ഭാസ്കരൻ, വയലാർ എന്നിവരുടെ 1960 വരെയുള്ള കവിതകളിൽ ഒരു പഠനം, മുരളീധ രൻ, കെ. കെ. മഹാത്മഗാന്ധി യൂണിവേഴ്സിറ്റി.

### അനുബന്ധം 4

## പദസൂചി

| | | |
|---|---|---|
| പാരിസ്ഥിതികസ്ത്രീവാദം | - | Ecofeminism |
| ഭൂമാതാവ് | - | Earth mother |
| ഭൗമസദാചാരം | - | Earth Ethics |
| മനുഷ്യകേന്ദ്രിതവാദം | - | Anthropocentrism |
| മാനവികതാവാദം | - | Humanism |
| ലിംഗം | - | Gender |
| സാകല്യത | - | Holism |
| ആൺകോയ്മ | - | Partriarchy |
| പെണ്മ | - | Femaleness |
| ആത്മീയ പാരിസ്ഥിതികസ്ത്രീവാദം | - | Spritual Ecofeminism |
| നവീകരണ പാരിസ്ഥിതികസ്ത്രീവാദം | - | Transformational Ecofeminism |
| സാംസ്കാരിക പാരിസ്ഥിതികസ്ത്രീവാദം | - | Cultural Ecofeminism |
| സാമൂഹ്യ പാരിസ്ഥിതികസ്ത്രീവാദം | - | Social Ecofeminism |
| സോഷ്യലിസ്റ്റ് പാരിസ്ഥിതികസ്ത്രീവാദം | - | Socialist Ecofeminism |
| പ്രകൃതി | - | Nature |
| പരിസ്ഥിതിദർശനം | - | Eco Philosophy |
| ഹരിതരാഷ്ട്രീയം | - | Green Politics |
| പരിസ്ഥിതിവാദം | - | Ecology |
| സാമൂഹ്യപരിസ്ഥിതിവാദം | - | Social Ecology |
| സാംസ്കാരിക പരിസ്ഥിതിവാദം | - | Cultural Ecology |
| ഗഹന പരിസ്ഥിതിവാദം | - | Deep Ecology |
| പുനർനിർമ്മിതി | - | Re-consruction |
| പാരിസ്ഥിതിക മാർക്സിസം | - | Ecomarxism |

| | | |
|---|---|---|
| ജ്ഞാനശാസ്ത്ര പദ്ധതി | - | Epistemology |
| ജൈവകേന്ദ്രിതവാദം | - | Biocentrism |
| പരിസ്ഥിതി സൗന്ദര്യശാസ്ത്രം | - | EcologicalAestheticor or Environmental Aesthetics |
| പാരിസ്ഥിതിക നിരൂപണം | - | Eco Critcism |
| സഹഭാവം | - | Immanence |
| ആവാസവ്യവസ്ഥ | - | Ecosphere |
| പാരിസ്ഥിതികവിമർശനം | - | Eco-Criticism |